# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**2016 ഒക്ടോബർ 19, ബുധൻ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 – നമ്പർ 11

**വില : ₹ 50**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2016 ഒക്ടോബർ 19, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

853/2019

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...25

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...61

**II അടിയന്തരപ്രമേയം**

കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ കൊലപാതകങ്ങൾ
(അവതരണാനുമതി നിഷേധിച്ചു) ...320

**III റൂളിംഗ്**

- മി.സ്പീക്കർ ....326

**IV ശ്രദ്ധ ക്ഷണിക്കൽ**

1. വന്യജീവികളുടെ ആക്രമണം

- ശ്രീമതി ഇ. എസ്. ബിജിമോൾ ...343

2. സുരക്ഷിത റെയിൽയാത്ര ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത

- ശ്രീ. എ. പി. അനിൽ കുമാർ ...351

**V സബ്മിഷൻ**

1. റേഷൻ വിതരണം

- പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...359

2. തീരദേശ പോലീസ് സ്റ്റേഷൻ

- ശ്രീ. കെ. വി. അബ്ദുൾ ഖാദർ ...366

പേജ്

3. വിമാന കമ്പനികളുടെ ചാർജ്ജ് വർദ്ധന

- ശ്രീ. പി. സി. ജോർജ് ...367

4. കിഴക്കേക്കോട്ടയിലെ ഗതാഗതക്കുരുക്കും വാഹനാപകടങ്ങളും

- ശ്രീ. വി.എസ്. ശിവകുമാർ ...369

5. വയനാട്ടിലെ വരൾച്ച

- ശ്രീ. സി.കെ. ശശീന്ദ്രൻ ...371

6. 'അമ്മയും കുഞ്ഞും ' ആശുപത്രി

- ശ്രീ. എ. എൻ. ഷംസീർ ...374

7. കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണം

- ശ്രീ. എ. എം. ആരിഫ് ...376

8. കൊടുങ്ങല്ലൂർ ബൈപ്പാസിലെ റോഡപകടങ്ങൾ

- ശ്രീ. വി. ആർ. സുനിൽ കുമാർ ...378

9. സാമ്പത്തിക സഹായം വർദ്ധിപ്പിക്കൽ

- ശ്രീ. കെ. കുഞ്ഞിരാമൻ ...379

10. മഞ്ചേരി അൺ-എയ്ഡഡ് സ്കൂളുകളിലെ പ്ലസ് വൺ സീറ്റ് വർദ്ധനവ്

- ശ്രീ. എം. ഉമ്മർ ...381

**VI വ്യക്തിപരമായ വിശദീകരണം**

തെറ്റായ പരാമർശം സംബന്ധിച്ച്

- ശ്രീ. പി. ടി. തോമസ് ...382

**VII ക്രമപ്രശ്നം**

ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്

ശ്രീ. എം. വിൻസെന്റ് ...383

പേജ്

**റൂളിംഗ്**

- മി.സ്പീക്കർ ...385

**VIII മേശപ്പുറത്തുവച്ച കടലാസുകൾ**

ചട്ടം 236(6) അനുസരിച്ചുള്ള കടലാസുകൾ ...385

**IX റിപ്പോർട്ട് സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

(2) സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ട് ...390

**X റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ...390

**XI ധനകാര്യം**

2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ...391

**XII അറിയിപ്പ്**

സമയക്ലിപ്തത പാലിക്കുന്നത് സംബന്ധിച്ച്

- മി. സ്പീക്കർ ...496

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 ഒക്ടോബർ 19, ബുധൻ*


| വാല്യം 163] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 11 |
|---|---|---|


നിയമസഭ 2016 ഒക്ടോബർ മാസം 19-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ *361

### സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം

1 (*361) ശ്രീ. സി. ദിവാകരൻ:

ശ്രീമതി ഗീതാ ഗോപി:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്ഥിരം നഴ്സുമാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നല്കുന്നത് ഒഴിവാക്കാനായി സ്വകാര്യ ആശുപത്രികൾ ട്രെയിനി നഴ്സുമാരെ കൂടുതൽ നിയോഗിക്കുന്നതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം പേരെയാണ് ട്രെയിനി നഴ്സുമാരായി നിയോഗിക്കാൻ കഴിയുന്നതെന്ന് അറിയിക്കുമോ;

(സി) നഴ്സുമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധനയ്ക്കായി സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് കൂലി വർദ്ധിപ്പിക്കുന്നതിനായി സർക്കാർ തീരുമാനമെടുക്കുകയും ആയതിനായി 11-2-2016-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 223/2016/തൊഴിൽ പ്രകാരം 13 വീതം തൊഴിലാളി തൊഴിലുടമ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ലേബർ കമ്മീഷണർ അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി സമിതി പലതവണ യോഗം ചേർന്ന് ചോദ്യാവലിയും തെളിവെടുപ്പ് ഷെഡ്യൂളും അംഗീകരിക്കുകയും ഒൻപത് ജില്ലകളിലെ തെളിവെടുപ്പ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) 893/13/തൊഴിൽ തീയതി 23-5-2013 പ്രകാരം പ്രാക്ടിക്കൽ ട്രെയിനിംഗ് കാലയളവ് പരമാവധി ഒരു വർഷം എന്ന് നിജപ്പെടുത്തുകയും പ്രാക്ടിക്കൽ ട്രെയിനിംഗ് നടത്തുന്ന സ്വകാര്യ ആശുപത്രിയിലെ നഴ്സിംഗ് ജീവനക്കാരുടെ ആകെ എണ്ണത്തിന്റെ 25 ശതമാനത്തിലധികം ട്രെയിനികൾ പാടില്ലാത്തതാകുന്നുവെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) സ്വകാര്യ ആശുപത്രി മേഖലയിൽ കൂലി പുതുക്കി നിശ്ചയിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 10-8-2016-ന് കമ്മിറ്റിയുടെ കാലാവധി അവസാനിച്ചതിനാൽ 5 ജില്ലകളിലെ തെളിവെടുപ്പ് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. സമിതിയുടെ കാലാവധി ആറുമാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്. അവശേഷിക്കുന്ന ജില്ലകളിലെ തെളിവെടുപ്പ് കൂടി പൂർത്തിയാക്കിയാൽ മാത്രമേ റിപ്പോർട്ടിന് അന്തിമ രൂപമാവുകയുള്ളൂ.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ മറുപടിയിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് പറയുന്നുണ്ടെങ്കിലും കേരളത്തിലെ നഴ്സിംഗ് വിഭാഗത്തിൽപ്പെടുന്ന പാവപ്പെട്ട കുട്ടികൾ അനുഭവിക്കുന്ന ദുരിതങ്ങൾക്ക് പരിഹാരം കാണാൻ ഈ നടപടികൾ അപര്യാപ്തമാണ്. കഴിഞ്ഞ കാലങ്ങളിൽ ഇന്ത്യയെ പിടിച്ചുകുലുക്കിയ നിരവധി സമരങ്ങളുടെ ഫലമായി കേരളത്തിലും അന്നത്തെ ഗവൺമെന്റ് ചില നടപടികൾ സ്വീകരിക്കുകയുണ്ടായി. നമ്മുടെ രാജ്യത്തെ 16 ലക്ഷത്തോളം മലയാളി നഴ്സുമാർ വിദേശങ്ങളിൽ പണിയെടുക്കുന്നുണ്ടെങ്കിലും ഇവരുടെ റിക്രൂട്ടിംഗിനെ സംബന്ധിച്ച് സുതാര്യമായ നടപടിയും നിയന്ത്രണവും ഇല്ല. സ്വകാര്യ ഏജൻസികൾ കേരളത്തിൽനിന്ന്

നഴ്സുമാരെ റിക്രൂട്ട് ചെയ്ത് വിദേശത്തു കൊണ്ടുപോയി ചൂഷണം ചെയ്യുന്നതായി ഒട്ടേറെ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഈ വിഭാഗത്തിന്റെ സംരക്ഷണത്തിനുവേണ്ടി സ്റ്റേറ്റ് ഗവൺമെന്റ് നോർക്കയും ലേബർ ഡിപ്പാർട്ട്മെന്റുമായി ചേർന്ന് സംയുക്തമായി നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ:</u> സർ, കേരളത്തിലെ നഴ്സുമാരുടെ ശമ്പളം അവരുടെ ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമല്ലെന്ന് ഗവൺമെന്റിന് ബോദ്ധ്യമായ സാഹചര്യത്തിൽ നഴ്സുമാരുടെ ശമ്പളത്തിൽ, അവരുടെ മിനിമം വേജസിൽ മാറ്റം വരുത്താനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ഈ ആവശ്യത്തിനുവേണ്ടി നിലവിലുള്ള കമ്മിറ്റി പുനഃസംഘടിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അപ്രകാരമുള്ള നടപടി സ്വീകരിച്ച് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ തുടങ്ങിയ 5 ജില്ലകളിലെ തെളിവെടുപ്പുകൂടി പൂർത്തീകരിച്ചു കഴിഞ്ഞാൽ കഴിയുന്നത്ര വേഗത്തിൽ അവരുടെ മിനിമം വേജസ് ഉയർത്തിക്കൊണ്ടുള്ള തീരുമാനത്തിൽ എത്താൻ സാധിക്കും. അത് അവർക്ക് സഹായകരമാകും. നഴ്സുമാർ അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ച് ഗവൺമെന്റിന് വ്യക്തമായ ബോധ്യമുണ്ട്. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ കാര്യത്തിൽ റിക്രൂട്ട്മെന്റ് വിശ്വസ്തതയുള്ളതും സുതാര്യവുമാകണം. നഴ്സുമാർ വിദേശത്ത് പോയിക്കഴിഞ്ഞാൽ അവർ ഏതെങ്കിലും തരത്തിലുള്ള പ്രയാസങ്ങൾ അനുഭവിക്കുന്ന സ്ഥിതി ഉണ്ടാകാൻ പാടില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് സാധ്യമായ കാര്യങ്ങളെല്ലാം ചെയ്യും, നോർക്കയുമായി ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്. വിദേശരാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ പരിശോധിച്ച് നഴ്സുമാർക്ക് ട്രെയിനിംഗ് നൽകി അവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടി തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഒഡെപെക്കിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് സ്വാഗതാർഹമാണ്. 8 മണിക്കൂർ ജോലി, യൂണിഫോം, തൊഴിൽ സ്ഥിരത തുടങ്ങിയ നഴ്സുമാരുടെ സർവ്വീസ് കണ്ടീഷൻസിൽ ഒരെണ്ണം മാത്രമാണ് വേജ് റിവിഷൻ എന്നുപറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി വേജ് റിവിഷൻ മാത്രമാണ് പറഞ്ഞത്. പക്ഷേ ഈ വേജ് റിവിഷന്റെ ദാരുണമായ അവസ്ഥ നഴ്സിംഗ് പഠിക്കുന്ന കുട്ടികൾ 4,50,000 രൂപ വായ്പ എടുത്താൽ 12,000 രൂപ വീതം മാസംതോറും തിരിച്ചടയ്ക്കണം. ഇവർ ജോലിയിൽ പ്രവേശിച്ചാൽ കിട്ടുന്നത് 4,000 രൂപ മുതൽ 10,000 രൂപ വരെയാണ്. ചിലയിടത്ത് ഒന്നും കൊടുക്കുകയില്ല. ഒരു കാലത്തും വായ്പ അടച്ചു തീർക്കാൻ കഴിയില്ല. ജപ്തിക്ക് വിധേയമാകും. കേരളത്തിൽ സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ മാനേജ്മെന്റ് ഒരു നടപടിയുമില്ലാതെ ഇവരെ പുറത്താക്കുകയാണ്. അവർക്ക് ഒരു ജോബ് പ്രൊട്ടക്ഷനുമില്ല. അവരുടെ സർവ്വീസ് കണ്ടീഷൻ പ്രൊട്ടക്ട് ചെയ്യുന്നില്ല.

ചോദിക്കാൻ ആളില്ല. സെൻസിറ്റീവായുള്ള ഏരിയയാണ്. കേരളത്തിലെ ആരോഗ്യരംഗത്ത് ഡോക്ടർമാരെക്കാളും വലിയ സേവനമനുഷ്ഠിക്കുന്ന നഴ്സുമാരെ സംരക്ഷിക്കാൻ സർവ്വീസ് കണ്ടീഷനിൽ മാറ്റം വരുത്തണം. അതിന് ഗ്യാരണ്ടിയും ജോബ് സെക്യൂരിറ്റിയുമുണ്ടാകണം. നഴ്സുമാരുടെ ആനുകൂല്യങ്ങൾ മിനിമം വേജസ് ഉൾപ്പെടെ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച വിഷയം ഗൗരവമേറിയതാണ്. നഴ്സുമാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങളെക്കുറിച്ച് ഗവൺമെന്റിന് നല്ല ബോദ്ധ്യമുണ്ട്. അത് ലഘൂകരിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും. ഈ കാര്യത്തിൽ ഗവൺമെന്റ് നഴ്സുമാരുടെ പക്ഷത്തുതന്നെയാണെന്ന കാര്യത്തിൽ ഒരു ആശങ്കയും വേണ്ട. അവരുടെ വേജ് ഘടനയിലുള്ള മാറ്റം, സർവ്വീസ് ആനുകൂല്യങ്ങൾ, ജോലി സ്ഥിരത, തൊഴിൽ കേന്ദ്രങ്ങളിൽ അനുഭവിച്ചു കൊണ്ടിരിക്കുന്ന പ്രയാസങ്ങൾ തുടങ്ങിയവ ഗവൺമെന്റ് ആശുപത്രികളുമായി ബന്ധപ്പെടുത്തി പരിശോധിക്കേണ്ടതുണ്ട്. ഈ ഉത്തരവാദിത്തം ഗവൺമെന്റ് നിർവ്വഹിക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തിന് ഉറപ്പിക്കാവുന്നതാണ്.

<u>ശ്രീമതി ഗീതാ ഗോപി:</u> സർ, കേരളത്തിലെ നഴ്സിംഗ് സമൂഹം വലിയൊരു തൊഴിൽ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ വായ്പയെടുത്ത് നഴ്സിംഗ് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 100 കോടി രൂപ ബജറ്റിൽ വകകൊള്ളിച്ചതും കേരളത്തിലെ പുതിയ ജില്ലാ ആശുപത്രികൾക്കും താലൂക്ക് ആശുപത്രികൾക്കുമായി 1000 കോടി രൂപയുടെ ബജറ്റ് പ്രൊപ്പോസൽ കൊണ്ടുവന്നതും സ്വാഗതാർഹമാണ്. യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. ജാസ്മിൻഷായുടെ അഭിപ്രായത്തിൽ കേരളത്തിൽ അഭ്യസ്തവിദ്യരും നഴ്സിംഗ് കോഴ്സ് പഠിച്ചവരുമായ 7 ലക്ഷത്തിൽപ്പരം വിദ്യാർത്ഥികൾ ഏകദേശം 18 വിദേശരാജ്യങ്ങളിൽ ജോലി തേടി പോകുന്നുണ്ട് എന്നാൽ അവിടത്തെ ആഭ്യന്തര പ്രശ്നങ്ങളും സാമ്പത്തിക മാന്ദ്യവുംമൂലം തൊഴിൽ സാധ്യത വളരെ കുറഞ്ഞു വരികയാണ്. നഴ്സിംഗ് വിഭാഗത്തിൽപ്പെടുന്നവർ കേരളത്തിലെ സ്വകാര്യ സ്ഥാപനങ്ങളിൽ 10-ഉം 12-ഉം മണിക്കൂറാണ് ജോലിയെടുക്കുന്നത്. അവർക്കുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ച് പല നിയമങ്ങളും നിലനിൽക്കെ ജോലി സാധ്യത നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഗവൺമെന്റ് ഇടപെട്ട് മുഴുവൻ ആനുകൂല്യങ്ങളും ലഭ്യമാകുന്ന ഒരു നിയമനിർമ്മാണ സംവിധാനം ഈ മേഖലയിൽ സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ:</u> സർ, സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ജോലി സ്ഥിരതയ്ക്കും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സഹായകമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കും. ഇപ്പോൾ സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നഴ്സിംഗ് സ്ഥാപനങ്ങളും ആശുപത്രികളുമെല്ലാം നിലവിലുള്ള ഷോപ്പ്സ് ആന്റ് എസ്റ്റാബ്ളിഷ്മെന്റ് ആക്ടിന്റെ പരിധിയിൽപ്പെടുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എൻഫോഴ്സ്മെന്റ് സംവിധാനം

ശക്തിപ്പെടുത്തി നിയമം കർശനമായി നടപ്പിലാക്കുന്നതിന് സഹായകരമായ നിലപാട് സ്വകാര്യ ആശുപത്രികൾ നടത്തുന്ന മാനേജ്മെന്റും സ്വീകരിക്കേണ്ടതുണ്ട്. അവരുമായി ഒരു ഏറ്റുമുട്ടലിനല്ല, നിയമം നടപ്പിലാക്കുന്നതിന് അവരെ നിർബന്ധിക്കുകയും സജ്ജമാക്കുകയും ചെയ്യുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. കെ. രാജൻ: സർ, കേരളത്തിൽ നടന്നിട്ടുള്ള നഴ്സുമാരുടെ എല്ലാ സമരങ്ങളിലും പങ്കെടുത്തിട്ടുള്ള യുവജന സംഘടനാ പ്രവർത്തകനാണ് ഞാൻ. കേരളത്തിൽ നഴ്സുമാരോട് മാനേജ്മെന്റുകൾ ശമ്പളത്തിന്റെ കാര്യത്തിൽ മാത്രമല്ല, തൊഴിലിടങ്ങളിൽ സുരക്ഷിതത്വം നൽകുന്നതിലും അവരുടെ സമയം തീരുമാനിക്കുന്ന കാര്യത്തിലും, ആളുകളെ ഒഴിവാക്കുന്നതിനായി രാത്രി ഷിഫ്റ്റെല്ലാം അനാവശ്യമായി കൊടുത്തുകൊണ്ട് എങ്ങനെയെങ്കിലും ഒഴിഞ്ഞുപോകട്ടേയെന്ന ഒരു സ്ഥിതിവിശേഷമാണ് കാണിക്കുന്നത്. 13,500 മുതൽ 18,000 രൂപ വരെ മിനിമം ശമ്പളം കൊടുക്കണമെന്ന ഗവൺമെന്റിന്റെ മുന്നിലുള്ള ശ്രീ. എസ്. ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ വ്യവസ്ഥകളും കേരളത്തിൽ നടപ്പിലാക്കിയിട്ടില്ല. സുപ്രീംകോടതി നിർദ്ദേശപ്രകാരം നഴ്സിംഗ് മേഖലയിലെ ശമ്പളം പരിഷ്കരിക്കാൻ കേന്ദ്രസർക്കാർ നിയമിച്ച കമ്മിറ്റി 24-2-2016-ന് സമർപ്പിച്ച റിപ്പോർട്ടിൽ 200 ബെഡ്ഡിന് മുകളിൽ വരുന്ന സ്വകാര്യ ആശുപത്രികളിൽ സർക്കാർ കൊടുക്കുന്ന അതേ ശമ്പളം നൽകണമെന്നും 100-നും 200-നും ഇടയിൽ ബെഡ്ഡുള്ള ആശുപത്രികളിൽ 10 ശതമാനം കുറച്ച് ബാക്കിയെങ്കിലും ശമ്പളം നൽകണമെന്നും 50 കിടക്കയ്ക്ക് മുകളിലുള്ള ആശുപത്രികളിൽ നഴ്സുമാരുടെ മിനിമം ശമ്പളം 20,000 രൂപയെങ്കിലും ആക്കണമെന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതനുസരിച്ച് ഒക്ടോബർ 20-നകം ഈ തീരുമാനം നടപ്പിലാക്കാൻ എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്ര ആരോഗ്യ സെക്രട്ടറി നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും കേരളത്തിലെ ഗവൺമെന്റ് ഏറ്റവും പോസിറ്റീവായിട്ടാണ് അതിനെ കണ്ടതെന്നുമാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. തൊഴിൽ വകുപ്പുമന്ത്രി കേരളത്തിലെ നഴ്സുമാരുടെ കാര്യത്തിൽ ഗൗരവപൂർവ്വമായി ഇടപെടാൻ തീരുമാനിച്ചതിനെ ഞാൻ നന്ദിയോടെ സ്വാഗതം ചെയ്യുന്നു. ഈ സാഹചര്യത്തിൽ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്താനും ശമ്പളം കൊടുക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, നഴ്സുമാരുടെ പ്രശ്നത്തിലുള്ള നിലപാട് ഞാൻ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കാനുള്ള നടപടികളിൽ ഗവൺമെന്റ് മാത്രമല്ല, സമൂഹം മൊത്തത്തിൽ ഇടപെടേണ്ടതുണ്ട്. സ്വകാര്യ ആശുപത്രികളുടെ ഇന്നത്തെ നില യാഥാർത്ഥ്യ ബോധത്തോടെ കണ്ട് ഈ സ്ഥിതിയിൽ മാറ്റം വരുത്തുന്നതിന് ബഹുമാനപ്പെട്ട ജനപ്രതിനിധികളെല്ലാം ഓരോ പ്രദേശത്തും ഇടപെട്ട് സഹായിക്കേണ്ടതുണ്ട്. ഈ വിഷയത്തിൽ ട്രേഡ് യൂണിയൻ സംഘടനകൾ ഉന്നയിക്കുന്ന വസ്തുതകളും ന്യായമാണ്. ഈ പ്രശ്നത്തിന്

പരിഹാരം കാണത്തക്ക നിലയിലുള്ള നിലപാട് എടുക്കണം. ബഹുമാനപ്പെട്ട അംഗം ഒരു കമ്മിറ്റി റിപ്പോർട്ടിന്റെ കാര്യം പറഞ്ഞു. 2016 ജനുവരി 29-ന് ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ആ കമ്മിറ്റി ഫോം ചെയ്തത്. 2016 ഫെബ്രുവരി 24-ന് കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റിയുടെ നിർദ്ദേശമാണ് വന്നിരിക്കുന്നത്. ആ നിർദ്ദേശം സെപ്റ്റംബർ അവസാനം കേരള ഗവൺമെന്റിനും ഹെൽത്ത് ഡിപ്പാർട്ട്മെന്റിനും ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നുള്ളത് പരിശോധിക്കുന്നതാണ്. ഇവിടെ ബി.എസ്.സി. നഴ്സിംഗ് കഴിഞ്ഞ ഒരു നഴ്സിന്റെ മിനിമം വേതനം 11,747 രൂപയാണ്. ഈ വേതനം ഒരുതരത്തിലും പര്യാപ്തമല്ല. ഇക്കാര്യങ്ങളെല്ലാം ഗൗരവമായി പരിശോധിച്ച് കമ്മിറ്റി പുനഃസംഘടിപ്പിച്ച് സമയബന്ധിതമായി തീരുമാനം കൈകൊള്ളുന്നതോടുകൂടി നഴ്സുമാരുടെ വേതനത്തിലും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളിലും സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ കഴിയുന്നതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരുതരത്തിലും പുറകോട്ട് പോകുന്ന പ്രശ്നമില്ല.

മി. സ്പീക്കർ: ഇക്കാര്യത്തിൽ ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ട് പര്യാപ്തമാണോയെന്നാണ് ചോദ്യം.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഞാൻ നിലവിലുള്ള ആക്ടിന്റെ കാര്യം പറഞ്ഞതാണ്. ഇപ്പോൾ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ ശിപാർശകളുണ്ട്. ആ ശിപാർശകളുടെ അടിസ്ഥാനത്തിൽ 50 ബെഡ്ഡിന് താഴെയുള്ള ആശുപത്രികളിൽ നഴ്സുമാരുടെ കുറഞ്ഞ കൂലി 20,000 രൂപ ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അത് ഒരു കമ്മിറ്റി നിർദ്ദേശമാണ്. ഇതെല്ലാം പരിശോധിച്ച് എന്ത് മാറ്റം വരുത്തണമെന്നുള്ളത് ഗവൺമെന്റ് ആലോചിച്ച് ആവശ്യമായ നിലപാട് സ്വീകരിക്കാം.

ശ്രീ. അടൂർ പ്രകാശ്: സർ, 2011-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ അന്ന് ആരോഗ്യ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന അവസരത്തിൽ നഴ്സുമാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഡോ. എസ്. ബലരാമൻ കമ്മിറ്റി രൂപീകരിക്കുകയും അദ്ദേഹം എല്ലാ ജില്ലകളിലും തെളിവെടുപ്പ് നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആ കാലഘട്ടത്തിൽ ചില നടപടികളൊക്കെ എടുക്കാൻ കഴിഞ്ഞു. വേതനം പണ്ട് ഉണ്ടായിരുന്നതിനേക്കാൾ കുറേക്കൂടി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. എന്നാൽ

ഇന്നത്തെ നിലവാരമനുസരിച്ച് ഈ പാവപ്പെട്ട നഴ്സുമാരുടെ അവസ്ഥ വളരെ മോശമാണ്. അവർക്ക് കൂടുതൽ വേതനം ലഭ്യമാക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയും ഡോ. എസ്. ബലരാമൻ കമ്മിറ്റി റിപ്പോർട്ടും പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട സ്പീക്കർ ഇടപെട്ട് ചോദിച്ച ഒരു കാര്യത്തിന് ഞാൻ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ള സാഹചര്യങ്ങളെല്ലാം പരിശോധിച്ച് നഴ്സുമാരുടെ ജീവിത സ്ഥിതിയിൽ മാറ്റമുണ്ടാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കും എന്നതുസംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗം ശ്രീ. അടൂർ പ്രകാശ് ചൂണ്ടിക്കാണിച്ചതുപോലെ ഇവിടെ വന്ന ശിപാർശകളെല്ലാം പരിശോധനയ്ക്ക് വിധേയമാക്കി അതിന്റെയെല്ലാം അടിസ്ഥാനത്തിലുള്ള സമീപനമായിരിക്കും ഇക്കാര്യത്തിൽ സ്വീകരിക്കുക.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, നഴ്സിംഗുമായി ബന്ധപ്പെട്ട് വായ്പയെടുത്ത ആളുകൾക്ക് ജോലി കിട്ടുന്നതിന് മുമ്പുതന്നെ റിക്കവറി നോട്ടീസുകൾ വരുന്ന സാഹചര്യത്തിൽ ഈ നടപടികൾ നിർത്തി വയ്ക്കുന്നതിനും മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനും ഗവൺമെന്റ് തയ്യാറാകുമോ; ഇതിനായി 100 കോടി രൂപ ഇപ്പോൾ വകയിരുത്തിയിട്ടുണ്ടെങ്കിൽപ്പോലും നോട്ടീസുകൾ മുറയ്ക്ക് വരുന്നുണ്ട്. അത് ഒഴിവാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, തൊഴിൽ വകുപ്പിന്റെ പരിധിയിൽ മാത്രം വരുന്നൊരു വിഷയമല്ല ഇത്. ബഹുമാനപ്പെട്ട അംഗം നിർദ്ദേശിച്ച കാര്യങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കി ഗവൺമെന്റ് സാധ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നഴ്സിംഗ് രംഗത്ത് ഏറ്റവും പ്രധാനപ്പെട്ടൊരു പ്രശ്നം gender discrimination ആണ്. സ്ത്രീകളായ നഴ്സുമാർക്ക് ജോലി കിട്ടുന്നുണ്ടെങ്കിലും അവർക്ക് കിട്ടേണ്ട വേതനം കിട്ടുന്നില്ല. വേതനത്തെക്കുറിച്ച് ഇവിടെ സംസാരിച്ചു, ബഹുമാനപ്പെട്ട മന്ത്രി മറുപടിയും പറഞ്ഞു. ഇവിടെയിപ്പോൾ വന്നിരിക്കുന്ന പ്രത്യേക പ്രശ്നം, പുരുഷൻമാരായ നഴ്സുമാരെ അവിടെ പ്രവേശിപ്പിക്കുന്നില്ല എന്നുള്ളതാണ്. തീർത്തും gender discrimination നടന്നുകൊണ്ടിരിക്കുന്ന ഒരു രംഗമാണിത്. അതിന്റെ കാരണം, ഇവിടെ നേരത്തെ ഒരു സമരം നടന്നു എന്നുള്ള പശ്ചാത്തലമാണ്. നഴ്സിംഗ് പാസ്സായതിനുശേഷം ജോലി കിട്ടാത്തതുകൊണ്ട് ബാങ്ക് വായ്പ അടയ്ക്കാൻ കഴിയാതെ വസ്തു ജപ്തി ചെയ്ത് വഴിയാധാരമാകുന്ന ഒരു നിലയിലാണ് ഈ കുട്ടികളിപ്പോൾ നിൽക്കുന്നത്. ഇവരെ

സഹായിക്കുന്നതിനായി എന്തെങ്കിലും നടപടികൾ വേണം. കേരളത്തിൽ ഒരിടത്തും ഇതുപോലുള്ള കുട്ടികൾക്ക് ജോലികിട്ടാനുള്ള സാധ്യതയില്ല. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഇടപെടൽ വേണം. ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഗവൺമെന്റ് ആശുപത്രികളായാലും സ്വകാര്യ ആശുപത്രികളായാലും ഏറ്റവും കൂടുതൽ സേവനം നടത്തുന്ന നഴ്സുമാർക്ക് അതിനനുസൃതമായ പരിഗണന ലഭിക്കുന്നതിനുള്ള നടപടികൾക്കാണ് ഗവൺമെന്റ് മുൻകയ്യെടുക്കുന്നത്. നഴ്സിംഗ് പഠനത്തിനുവേണ്ടി പണം കടം വാങ്ങിക്കഴിഞ്ഞാൽ ജോലി കിട്ടിയതിന് ശേഷം മാത്രമേ അവർക്കത് തിരിച്ചടയ്ക്കാൻ കഴിയുകയുള്ളൂ. ബാങ്കുകൾ അതിൽ നിന്ന് വ്യത്യസ്ത നിലപാട് സ്വീകരിക്കുന്നുണ്ടെങ്കിൽ ഇവർക്ക് തൊഴിൽ ലഭിച്ചതിനുശേഷം മാത്രമേ പണം ഈടാക്കാൻ പാടുള്ളൂ എന്ന സമീപനം ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചുകൂട്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ജപ്തി നടപടികൾ നിർത്തി വയ്പ്പിക്കുന്നതിന് മുൻകയ്യെടുക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, അക്കാര്യം പരിശോധിക്കാം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, 200-ൽ അധികം സ്വകാര്യ ആശുപത്രികൾ അനുബന്ധമായി നടത്തിവരുന്ന സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെ ജീവനക്കാരുടെ സ്ഥിതി അതീവ ദയനീയമാണ്. M.Sc. നഴ്സിംഗ് പാസ്സായി ഇത്തരം സ്ഥാപനങ്ങളിൽ ട്യൂട്ടർമാരായി ജോലി ചെയ്തു വരുന്ന ആളുകൾക്ക് 7,000 മുതൽ 8,000 രൂപ വരെ മാത്രമാണ് പ്രതിമാസ വേതനം നൽകിവരുന്നത്. മറ്റു ജീവനക്കാരുടെ സ്ഥിതിയും ഇതിലേറെ കഷ്ടമാണ്. പൊതുവേ സ്വകാര്യ ആശുപത്രികളിലെ ഓഫീസ് ജീവനക്കാരുടെയും നഴ്സിംഗ് ട്യൂട്ടർമാരുടെയും സേവന വേതന വ്യവസ്ഥകൾ വളരെ ദയനീയമാണ്. അക്കാര്യത്തിൽ ഇടപെടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കേരളത്തിൽ രജിസ്റ്റർ ചെയ്ത സ്വകാര്യ ആശുപത്രികൾ 4100 ആണ്. ഇതിൽ നഴ്സുമാരുൾപ്പെടെ ഒരുലക്ഷത്തി പതിനായിരം ജീവനക്കാരുണ്ട് എന്നതാണ് ഇപ്പോഴത്തെ കണക്ക്. എല്ലാ വിഭാഗം ജീവനക്കാർക്കും സംരക്ഷണം കൊടുക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുക.

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട മന്ത്രി നഷ്ടമാരുടെ വിവരം പറഞ്ഞപ്പോൾ വിദ്യാഭ്യാസ ലോണിന്റെ കാര്യം മുഴുവൻ ചർച്ച ചെയ്തതാണ്. ഈ സഭയിൽ ആ വിഷയം ഞാൻ സബ്മിഷനായി ഉന്നയിച്ചതാണ്. എങ്കിലും ഇപ്പോഴും വിദ്യാഭ്യാസ ലോൺ എടുത്ത കുടുംബങ്ങളെ പീഡിപ്പിക്കുന്നതിൽ ബാങ്ക് ഉദ്യോഗസ്ഥൻമാർക്ക് ഒരു മടിയുമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബാങ്കിംഗ് അസോസിയേഷന്റെ ഭാരവാഹികളെ വിളിച്ച് ഇനി മേലിൽ മാന്യമായ പെരുമാറ്റം ഈ മേഖലയിൽ ഉണ്ടാകാൻ നിർദ്ദേശം നൽകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ചില ബാങ്ക് മാനേജർമാർ ഇത്തരത്തിലുള്ള നിലപാടുകൾ സ്വീകരിക്കുന്നുണ്ട്. ഗവൺമെന്റിന്റെ സമീപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ സഭയ്ക്ക് ഉറപ്പ് നൽകിയതാണ്. ഈ കാര്യത്തിൽ ബാങ്ക് മാനേജ്മെന്റ് ആവശ്യമായ നിലപാട് സ്വീകരിക്കുന്നില്ലെങ്കിൽ അത് പരിശോധിച്ച് ബാങ്ക് മാനേജ്മെന്റിനെ വിളിച്ച് ഗവൺമെന്റിന്റെ ഈ നിലപാടിനനുസരിച്ച് സഹകരിക്കണമെന്ന് അവരോട് ആവശ്യപ്പെടുന്നതാണ്.

ശ്രീ. ബി. സത്യൻ: സർ, പരിഷ്കൃത സമൂഹത്തിൽ ഒരു സ്ഥാപനങ്ങളിലും നിലനിൽക്കാത്ത അവസ്ഥയാണ് ആശുപത്രികളിലുള്ളത്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ ആശുപത്രി മേഖല കച്ചവട സ്ഥാപനങ്ങളായി മാറുകയാണ്. നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തി തൊഴിൽ വകുപ്പ് ശരിയാംവണ്ണം ഇടപെടൽ നടത്തി ഈ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, നിയമം നടപ്പിൽ വരുത്തുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

**ജനനീ ജന്മരക്ഷാ പദ്ധതി**

2 (*362) ശ്രീ. കെ. വി. വിജയദാസ്:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. കെ. ആൻസലൻ:

ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി ജനനീ ജന്മരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) മുൻസർക്കാരിന്റെ കാലത്ത് ആദിവാസികളുടെ ഇടയിൽ പോഷകാഹാരക്കുറവുമൂലം നിരവധി ശിശുമരണങ്ങൾ ഉണ്ടായ സാഹചര്യത്തിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) ഉണ്ട്.

(ബി) ഗർഭാവസ്ഥയുടെ മൂന്നാം മാസം കഴിഞ്ഞ് കുഞ്ഞിന് ഒരു വയസ്സ് തികയും വരെ പ്രതിമാസം 1000 രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നു. ഗർഭാവസ്ഥയിൽ ഉള്ളവരുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(സി) ആദിവാസികളുടെ ഇടയിൽ പോഷകാഹാരക്കുറവുമൂലമുള്ള ശിശുമരണങ്ങൾ പരിഹരിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ഭക്ഷ്യസഹായ പദ്ധതി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി ജനനീ ജന്മരക്ഷാ പദ്ധതി, സാമൂഹ്യനീതി വകുപ്പിനുകീഴിൽ അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകുന്ന പദ്ധതി, പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവ വിതരണം ചെയ്യുന്ന പദ്ധതി, ശിശുക്കൾക്കായി അമൃതം ന്യൂട്രീമിക്സ് വിതരണം ചെയ്യുന്ന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ പെൺകുട്ടികൾക്ക് പൂരക പോഷകാഹാരം വിതരണം ചെയ്യുന്ന സഫലം പദ്ധതിയും, പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷ്യൻ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. ആദിവാസി ശിശു മരണങ്ങൾ കൂടുതലായി കണ്ടെത്തിയിട്ടുള്ള അട്ടപ്പാടി മേഖലയിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ മൂന്ന് ന്യൂട്രീഷ്യൻ റീഹാബിറ്റിലേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. പ്രസ്തുത സെന്ററുകൾ വഴി പോഷകാഹാരക്കുറവുള്ളവരെ കണ്ടെത്തി ആവശ്യമായ പരിചരണവും ചികിത്സയും നൽകുന്നു. സാമൂഹ്യനീതി വകുപ്പിനുകീഴിൽ അട്ടപ്പാടി മേഖലയിൽ മൊത്തം 192 ഊരുകളിൽ 93 കമ്മ്യൂണിറ്റി കിച്ചണുകൾ പ്രവർത്തിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 52 കമ്മ്യൂണിറ്റി കിച്ചണുകളാണ് പ്രവർത്തിച്ചിരുന്നത്. ഇവിടെ നിന്നും പാചകം ചെയ്ത ഭക്ഷണം

വിതരണം ചെയ്യുന്നു. ബാക്കി ഊരുകളിൽ ഒരു മാസത്തിനുള്ളിൽ കമ്മ്യൂണിറ്റി കിച്ചണുകൾ പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് ഇതിനുവേണ്ടി 3 കോടി 48 ലക്ഷം രൂപ കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ട്. പോഷകാഹാരക്കുറവുമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുടെ സഹായത്തോടെ കൗൺസിലിംഗും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

ശ്രീ. കെ. വി. വിജയദാസ്: സർ, സർക്കാർ ഉത്തരവിന് വിരുദ്ധമായി ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ജനനീ ജന്മരക്ഷാ പദ്ധതി നടപ്പിലാക്കുകയും തപാൽ വകുപ്പുവഴി നിർദ്ദേശത്തിന് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് പണം മണി ഓർഡറായി അയച്ചുകൊടുക്കുകയും ചെയ്തതിലൂടെ ഒരു കൂട്ടം ഉദ്യോഗസ്ഥർ ലക്ഷക്കണക്കിന് രൂപയാണ് കഴിഞ്ഞ കാലഘട്ടത്തിൽ തട്ടിയെടുത്തത്. ഇത്തരം അഴിമതി നടത്തിയ ഉദ്യോഗസ്ഥരെ ഏത് രീതിയിലാണ് ഗവൺമെന്റ് സമീപിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, 2013-14, 2014-15 വർഷങ്ങളിൽ ഫണ്ട് ചെലവഴിച്ചതുമായി ബന്ധപ്പെട്ടുകൊണ്ട് ഫിനാൻസ് വകുപ്പ് ക്രമക്കേട് കണ്ടെത്തുകയും അന്നത്തെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. വി. പ്രേമദാസിനെ സസ്പെൻഡ് ചെയ്യുകയും ചെയ്തു. ഇതുസംബന്ധിച്ച് വകുപ്പു തലത്തിൽ അന്വേഷണം നടക്കുന്നുണ്ട്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ വിജിലൻസ് അന്വേഷണം ഉൾപ്പെടെ നടത്താൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കെ. വി. വിജയദാസ്: സർ, പട്ടികവർഗ്ഗക്കാർ ധാരാളമായി താമസിക്കുന്ന കേന്ദ്രമാണ് അട്ടപ്പാടി. ഗ്രാമവികസന വകുപ്പിന്റെ കീഴിലാണ് അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസ് പ്രവർത്തിക്കുന്നത്. അങ്ങ് നേരത്തേ മന്ത്രിയായിരുന്നപ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഐ.റ്റി.ഡി.പി. ഓഫീസ് കൊണ്ടുവരുന്നതിനുള്ള ശ്രമം നടത്തുകയുണ്ടായി. ഈ സർക്കാരിന്റെ കാലത്തെങ്കിലും അട്ടപ്പാടി കേന്ദ്രീകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഐ.റ്റി.ഡി.പി. ഓഫീസ് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഐ.റ്റി.ഡി.പി.-യുമായി ബന്ധപ്പെട്ട ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ പട്ടികവർഗ്ഗവിഭാഗങ്ങളിൽപ്പെടുന്ന പാവപ്പെട്ടവരാണ്. ഇതിന്റെ മേൽനോട്ടം വഹിക്കുന്നത് ഗ്രാമവികസന വകുപ്പാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ അട്ടപ്പാടി കേന്ദ്രീകരിച്ച് ഐ.റ്റി.ഡി.പി. ഓഫീസ് കൊണ്ടുവരണമെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ ആവശ്യം കഴിഞ്ഞ കാലഘട്ടത്തിൽ ഉന്നയിച്ചതാണ്. ഇപ്പോൾ അതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. ഒ. ആർ. കേളു: സർ, ആദിവാസി സഹോദരിമാരുടെ സംരക്ഷണത്തിന് വേണ്ടിയുള്ള ജനനീ ജന്മരക്ഷാ പദ്ധതിയെക്കുറിച്ച് ചിന്തിക്കുമ്പോൾ വളരെ ലജ്ജ തോന്നുകയാണ്. ആദിവാസി സഹോദരിയുടെ വയറ്റിൽ കിടക്കുന്ന കുഞ്ഞിന്റെ പേരിൽ പോലും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ നടത്തുന്ന അഴിമതി വളരെ ലജ്ജാകരമാണ്, അത് പരിശോധിക്കപ്പെടേണ്ടതാണ്. ഈ പദ്ധതിയുടെ ഇപ്പോഴുള്ള അവസ്ഥയെന്താണ്; മുൻസർക്കാരിന്റെ കാലത്ത് ഇതിന്റെ കുടിശ്ശിക ഉണ്ടായിരുന്നോ; ഉണ്ടെങ്കിൽ എത്രയാണ്?

ശ്രീ. എ. കെ. ബാലൻ: സർ, ജനനീ ജന്മരക്ഷാ പദ്ധതി യഥാർത്ഥത്തിൽ നല്ല ഒരു പദ്ധതിയാണ്. 3 മാസം ഗർഭിണിയായിരിക്കുന്ന കാലഘട്ടം മുതൽ പ്രസവിച്ച് ഒരു വർഷം കഴിയുന്നതുവരെയുള്ള 18 മാസം 18,000 രൂപ കൊടുക്കുന്ന പദ്ധതിയാണ്. യഥാർത്ഥത്തിൽ ഇതിന്റെ കുടിശ്ശിക കൊടുക്കാത്തതിനാൽ പോഷകാഹാരം യഥാസമയം ലഭിക്കാതിരിക്കുകയും അതിന്റെ ഫലമായി ശിശുമരണനിരക്ക് കൂടുകയും ചെയ്തു. ഈ ഗവൺമെന്റ് വരുമ്പോൾ നാല് കോടി അൻപത്തിയേഴ് ലക്ഷം രൂപ കുടിശ്ശികയായിരുന്നു. 5 കോടി രൂപ ഇതിനുവേണ്ടി കൊടുത്തു കഴിഞ്ഞു, ഇപ്പോൾ യാതൊരു കുടിശ്ശികയുമില്ല. ഈ പദ്ധതി വളരെ ഫലപ്രദമായി -നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി പട്ടികവർഗ്ഗ ഡയറക്ടേറ്റിലെ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, സമൂഹത്തിൽ ഏറ്റവും പ്രധാനപ്പെട്ട വിഭാഗമാണ് ആദിവാസികൾ. അവർക്കുവേണ്ടി കാലാകാലങ്ങളിൽ കോടിക്കണക്കിന് രൂപ ഗവൺമെന്റ് ചെലവഴിക്കാറുണ്ട് അതുമായി ബന്ധപ്പെട്ട് സിവിൽ വർക്ക് അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ വലിയ തോതിലുള്ള കൊള്ളയടി ഉദ്യോഗസ്ഥ മേധാവികളുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നു. അതിനെതിരായി ശക്തമായ ഇടപെടലുകളുണ്ടായിട്ടുണ്ടോ; മറ്റൊന്ന് കമ്മ്യൂണിറ്റി കിച്ചണും, ന്യൂട്രീഷ്യൻ റീഹാബിറ്റിലേഷൻ സെന്ററുകളും ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; അട്ടപ്പാടിക്കുപുറമേ മറ്റു ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ : സർ, ശിശുമരണം നടക്കുന്നതിന്റെ പ്രധാന കാരണം പോഷകാഹാരക്കുറവാണ്. അതിന്റെ ഭാഗമായി 192 ഊരുകളിലും 192 കമ്മ്യൂണിറ്റി കിച്ചൻ യാഥാർത്ഥ്യമാകാൻ പോകുകയാണ്. ഇപ്പോൾ 92 കമ്മ്യൂണിറ്റി കിച്ചൻ പൂർത്തീകരിച്ചു. ഈ മാസംതന്നെ ബാക്കിയുള്ള എല്ലാ ഊരുകളിലും കമ്മ്യൂണിറ്റി കിച്ചൻ നടപ്പിലാകും. പോഷകഗുണമുള്ള ഭക്ഷണങ്ങൾ അവിടെ നിന്ന് പാകം ചെയ്ത് വീടുകളിൽ എത്തിക്കുന്ന ഒരു പദ്ധതിയാണിത്. അതുപോലെതന്നെ ഐ.സി.ഡി.എസ്.-ന്റെ ഭാഗമായി വിതരണം ചെയ്യുന്ന അമൃതം പൊടി, ആറ്

മാസം മുതൽ മൂന്ന് വയസ്സുവരെയുള്ള കുട്ടികൾക്കാണ് കൊടുക്കുന്നത്. ഏറ്റവും നല്ല പോഷകാഹാരങ്ങൾ അടങ്ങുന്ന നാല് കിലോയുടെ ഒരു കിറ്റാണിത്. അതിൽ ഗോതമ്പ്, സോയാബീൻ, കടല, പഞ്ചസാര തുടങ്ങിയവ അടങ്ങിയിട്ടുണ്ട്. അതുപോലെതന്നെ മറ്റൊരു പദ്ധതിയാണ് സഫലം പദ്ധതി. അത് പന്ത്രണ്ട് മുതൽ പതിനെട്ട് വയസ്സുവരെ പ്രായമുള്ള പെൺകുട്ടികൾക്കുള്ള പദ്ധതിയാണ്. അതിൽ ഒന്നര കിലോ റാഗിപ്പൊടി, ഒരു കിലോ ഗോതമ്പ് പൊടി (ഗോതമ്പ് പൊടിയില്ലെങ്കിൽ നാല് കിലോ ഗോതമ്പ്) കടല, ശർക്കര എന്നിവ അടങ്ങുന്ന ഒരു പോഷകാഹാര കിറ്റാണത്. ഇതിനെല്ലാം പുറമേ ജൂൺ, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ പോഷകാഹാര കിറ്റ് ഈ വർഷം എല്ലാ വീടുകളിലുമെത്തിച്ചു. ഓണത്തിന് 1,52,000 ആദിവാസി കുടുംബങ്ങൾക്ക് ഇഷ്ടം പോലെ ഭക്ഷണസാധനങ്ങളും പലവ്യഞ്ജനങ്ങളും എത്തിക്കുകയും അവർക്കെല്ലാം ഓണപ്പുടവ വിതരണം ചെയ്യുകയും ചെയ്തു. അതുകൊണ്ട് ആദിവാസി മേഖലയിൽ പോഷകാഹാരക്കുറവുകൊണ്ടുള്ള ഒരു ബുദ്ധിമുട്ടുമില്ല. അതിന് മേൽനോട്ടം വഹിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായാൽ ആ സ്ഥാനത്ത് പിന്നെ അവരുണ്ടാകില്ലെന്ന് അവർക്കുതന്നെ അറിയാം. വീണ്ടും അവർക്ക് മുന്നറിയിപ്പ് കൊടുത്തിട്ടുണ്ട്.

<u>ശ്രീ. പി. വി. അൻവർ</u> : സർ, ആദിവാസി സമൂഹത്തിനുവേണ്ടി ഏത് ഗവൺമെന്റ് വന്നാലും ധാരാളം പണം ചെലവഴിക്കുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പക്ഷേ കോളനികളിൽ പോയി നോക്കുമ്പോഴാണ് ഇതിന്റെ ചെറിയൊരു ശതമാനം മാത്രമേ ഉപകാരപ്രദമായ രീതിയിൽ ഈ ഉപഭോക്താക്കൾക്ക് എത്തുന്നുള്ളൂവെന്ന് മനസ്സിലാകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചികിത്സാ രംഗത്ത് ധാരാളം സഹായങ്ങൾ ചെയ്യുന്നുണ്ട്. ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പണമാണ് ആദിവാസി സമൂഹത്തിന്റെ ചികിത്സയ്ക്കുവേണ്ടി ചെലവഴിച്ചത്?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഏത് സർക്കാർ വന്നാലും ഒരുപോലെ ചെലവഴിച്ചുവെന്നുള്ള സന്ദേശം കൊടുക്കുന്നത് ശരിയല്ല. ഗവൺമെന്റുകൾ വരുമ്പോൾ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകും അത് നമുക്ക് കാണാൻ കഴിയണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുപ്പതുകോടി അൻപത്തിയൊന്ന് ലക്ഷം രൂപയാണ് ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി അനുവദിച്ചത്. ഇതിൽ ഭൂരിഭാഗവും മുൻ ഗവൺമെന്റ് വരുത്തിയ കുടിശ്ശികയാണ്. എസ്.സി. വിഭാഗത്തിൽ ആറായിരത്തിത്തൊള്ളായിരത്തിയഞ്ച് ഗുണഭോക്താക്കൾക്കായി പതിനാറ് കോടി അൻപത്തിയൊൻപത് ലക്ഷം രൂപ അനുവദിച്ചു. എസ്.ടി. വിഭാഗങ്ങൾക്കുള്ള ഫണ്ട് സ്ഥാപനങ്ങളുടെ പേരിലാണ്

അനുവദിക്കുന്നത്. അവർക്ക് ഒൻപത് കോടി മുപ്പത്തിയെട്ട് ലക്ഷം രൂപ കൊടുത്തു. എസ്.സി. ഗുണഭോക്താക്കൾക്ക് എന്റെ ഓഫീസ് മുഖേന രണ്ടായിരത്തി എഴുനൂറ്റി അൻപത്തിരണ്ട് പേർക്ക്, മൂന്ന് കോടി അറുപത്തിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി അഞ്ഞൂറ് രൂപ അനുവദിച്ചു. എസ്.ടി. വിഭാഗത്തിൽനിന്നും പതിനഞ്ച് അപേക്ഷകളായിരുന്നു ഉണ്ടായിരുന്നത്, അത് വ്യക്തിഗതമായിരുന്നു. അതിനായി ഒരു ലക്ഷത്തി അറുപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ അനുവദിച്ചു. ആദിവാസി മേഖലയിലെ ആശുപത്രികളിൽ കാശില്ലാത്തതിന്റെ പേരിൽ ഒരു തരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ആദിവാസി മേഖലയിലെ ശിശുമരണം തടയുന്നതിനുവേണ്ടി നടപ്പാക്കിയ പദ്ധതികളിൽ വളരെ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് 'ജനനി ജന്മരക്ഷാ' പദ്ധതി. ഇത് വളരെ ഭാവനാസമ്പന്നമായി കൊണ്ടുവന്നുവെങ്കിലും ഇവിടെ സൂചിപ്പിച്ചതുപോലെ ഉദ്യോഗസ്ഥന്മാരുടെ അലംഭാവംമൂലം വേണ്ടവിധം നടപ്പിലാക്കാൻ കഴിഞ്ഞില്ല. അങ്ങ് പറഞ്ഞു ഗർഭാവസ്ഥയുടെ മൂന്ന് മാസം തൊട്ട് കുട്ടിക്ക് ആറ് മാസം തികയുന്നതുവരെയുള്ള പതിനെട്ട് മാസം വരെയാണ് ആയിരം രൂപ വീതം കൊടുക്കുന്നതെന്ന്. ഈ പദ്ധതിയിൽ പോരായ്മകളുള്ളതിനാൽ ഇതൊന്ന് പുനഃസംവിധാനം ചെയ്യുമോ? കുട്ടിക്ക് ഒരു വയസ്സാകുന്നതുവരെ എന്ന രീതിയിൽ ഇരുപത്തിനാല് മാസത്തേയ്ക്ക് രണ്ടായിരത്തിയഞ്ഞൂറ് രൂപ പ്രകാരം കുട്ടിയുടെ അമ്മയുടെ കയ്യിൽ ഈ പണം കിട്ടുന്ന രീതിയിലാക്കി മാറ്റുമോ? അമ്മയുടെ കയ്യിൽത്തന്നെ ഈ പണം കിട്ടുന്നുണ്ടെന്ന് ഉറപ്പാക്കണം. എങ്കിൽമാത്രമേ അമ്മയും കുഞ്ഞും ഈ പണം ഉപയോഗപ്പെടുത്തുകയുള്ളൂ. ആ രീതിയിൽ പദ്ധതി കാലോചിതമായി പുനഃസംവിധാനം ചെയ്യുമോ? വേറൊരു സംഗതിയെന്ന് പറയുന്നത് ഇതുമായി ബന്ധപ്പെട്ട് ക്രമക്കേടുണ്ടെന്ന് അങ്ങ് തന്നെ ഇവിടെ മറുപടി നൽകിയിട്ടുണ്ട്. ഇതിൽ ഒരു ഉദ്യോഗസ്ഥനെതിരെ നടപടിയെടുത്തുവെന്നും പറയുന്നുണ്ട്. ആധാർ വേണം, ബാങ്ക് അക്കൗണ്ട് വേണമെന്നൊക്കെ പറഞ്ഞ് താഴെത്തട്ടിൽതന്നെ അവരെ ബുദ്ധിമുട്ടിക്കുന്ന ആളുകളുണ്ട്. എന്റെ അഭിപ്രായത്തിൽ ഈ പണം നേരിട്ട് അവരുടെ കയ്യിൽ കിട്ടണം. അങ്ങനെ ബുദ്ധിമുട്ടിക്കുന്നവർക്കെതിരെ നടപടിയുണ്ടാകുമെന്ന് 5-10-2016-ൽ അങ്ങ് തന്നെ നൽകിയ മറുപടിയിൽ ഉറപ്പ് പറഞ്ഞിരുന്നു. സമയ പരിമിതിമൂലം ഞാനത് വായിക്കുന്നില്ല. ഇതിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്നും വീഴ്ചയുണ്ടായെന്നും പറയുന്നു. അതോടൊപ്പംതന്നെ ഗവൺമെന്റുകളുടെ കാലാവധി വച്ച് ഞാൻ അങ്ങോട്ടുമിങ്ങോട്ടും പഴി ചാരുന്നില്ല. ഈ അടുത്ത കാലത്ത് മൂന്ന് മാസത്തിനുള്ളിൽ നാല് ശിശുമരണങ്ങളാണ് അട്ടപ്പാടിയിൽ ഉണ്ടായിട്ടുള്ളത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത്തരം വീഴ്ചകൾ തുടരാതിരിക്കാനുള്ള മുൻകരുതലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഇതൊരു ദീർഘമായിട്ടുള്ള ചോദ്യമാണ്. എല്ലാത്തിനും മറുപടി ഡിമാന്റ് ചർച്ചയിൽ പറയാം. ബഹുമാനപ്പെട്ട മെമ്പർക്ക് തന്നെ അറിയാം ആദിവാസി വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന മേഖലയാണല്ലോ മണ്ണാർക്കാട്. ഒരു തരത്തിലും ആദിവാസി മേഖലയിൽ ശിശു മരണം ഉണ്ടാകാൻ പാടില്ലെന്നുള്ളതുകൊണ്ട് ആരോഗ്യ വകുപ്പ് വളരെ ഫലപ്രദമായിട്ടാണ് കാര്യങ്ങളിൽ ഇടപെടുന്നത്. ഇപ്പോൾ അഞ്ച് ദിവസത്തിനുള്ളിൽ 2847-പേരിൽ സ്ക്രീനിംഗ് നടത്തി. സ്ക്രീനിംഗ് നടത്തിയത് ഹെൽത്ത് ഇൻസ്പെക്ടർമാർ, ജെ.പി.എച്ച്.എൻ., ഡോക്ടർമാർ ഇവരെല്ലാം അടങ്ങുന്ന ഒരു ടീമാണ്. ഉയരം, ഭാരം, ബോഡി മാസ് ഇൻഡക്സ്, ഹീമോഗ്ലോബിന്റെ അളവ്, സിക്കിൾ ടെസ്റ്റ്, അയൺ സ്റ്റഡീസ് ഇതൊക്കെ നടത്തി. 2847-പേരിൽ 1331 പേരുടെ റിസൾട്ട് വന്നതിൽ ആർക്കും ഒരപകടവും കാണുന്നില്ല. കാരണം ആകെ പതിനഞ്ച് പേരിൽ മാത്രമെ 10 എം.ജി.-ൽ താഴെ ഹീമോഗ്ലോബിന്റെ കുറവുള്ളൂ. അതിൽ ആശങ്കയ്ക്ക് വകയില്ല. നേരത്തെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പോഷകാഹാരത്തിന്റെ കുറവകൊണ്ട് മരണപ്പെട്ടതല്ല. അതിൽ ഒന്ന് അബോർഷൻ ഡെത്താണ്. രണ്ടാമത്തേത് വാൽവിന്റെ തകരാർകൊണ്ട് സംഭവിച്ചതാണ്. ഈ രണ്ട് സംഭവങ്ങൾക്കും ഗവൺമെന്റ് ഉത്തരവാദിയല്ല.

<u>ശ്രീ. പി. ടി.തോമസ്</u> : സർ, അദ്ദേഹത്തെപ്പോലെ സഭയിലെ ഒരു മുതിർന്ന അംഗം ഇങ്ങനെ സംസാരിക്കാൻ പാടില്ല.

<u>മി. സ്പീക്കർ</u> : അബോർഷൻ ഡെത്ത് ആണെന്നല്ലേ പറഞ്ഞുള്ളൂ. ദയവായി നിങ്ങൾ ഇരിക്കൂ.

<u>ശ്രീ. എ. കെ. ബാലൻ</u> : നാല് മരണമുണ്ടായെന്നാണ് പറഞ്ഞത്. ഉണ്ടായില്ലെന്ന് ഞാൻ പറയുന്നില്ല. അത് പോഷകാഹാരക്കുറവുകൊണ്ടല്ല. നാല് മാസംകൊണ്ട് ഗർഭം ധരിച്ച് പ്രസവിക്കില്ലല്ലോ? മെമ്പർക്ക് തന്നെ അറിയാം. ആദിവാസി മേഖല സന്ദർശിക്കാനായി എന്റെ കൂടെ അദ്ദേഹവും ഉണ്ടായിരുന്നു, ഞങ്ങൾ രണ്ടുപേരുംകൂടിയാണ് ആദിവാസി ഊരുകളായ, മൂലഗംഗ, വെച്ചപതി, വെള്ളകുളം എന്നിവിടങ്ങളിലെല്ലാം സന്ദർശനം നടത്തിയത്. ഒരാൾക്കും പരാതിയില്ല. ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കേണ്ടത് നമ്മുടെ രാജ്യത്ത് ആയിരം പ്രസവം നടക്കുമ്പോൾ നാൽപ്പത്തിനാല് ശിശുമരണമാണ് റിപ്പോർട്ട് ചെയ്യുന്നത്. കേരളത്തിന്റെ ശരാശരി ശിശുമരണനിരക്ക് എന്ന് പറയുന്നത് പന്ത്രണ്ടാണ്. അത് ആരുടേയും നേട്ടമായി ഞാൻ പറയുന്നില്ല. ഞാൻ അതിന്റെ ഒരു സ്ഥിതി വിവരക്കണക്ക് പറഞ്ഞതാണ്. ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാം ആദിവാസി മേഖലയിലെ ശിശുമരണ നിരക്ക് പതിമൂന്ന് മുതൽ മുപ്പത്തിയൊന്ന് വരെ ആയിരുന്നു. ഇപ്പോൾ അഞ്ഞൂറ്റി അറുപത് പ്രസവം നടന്നതിൽ

ശിശുമരണമെന്ന് പറയുന്നത് രണ്ടാണ്. അപ്പോൾ ഇതിൽനിന്നും മനസ്സിലാക്കേണ്ടത് കേരളത്തിന്റെ ശരാശരി ശിശുമരണ നിരക്ക് കുറച്ചുകൊണ്ട് വരാൻ കഴിഞ്ഞുവെന്നതാണ്. അത് മുൻ ഗവൺമെന്റിന്റെ പാക്കേജിന്റെ ഭാഗമല്ലെന്ന് ഞാൻ പറയുന്നില്ല. ഈ ഗവൺമെന്റ് വന്ന് മൂന്നുമാസംകൊണ്ട് എല്ലാം ചെയ്തുവെന്ന് ഞാൻ പറയുന്നില്ല. ഇതൊരു തുടർച്ചയാണ്. ബഹുമാനപ്പെട്ട മെമ്പർ തന്നെ നേതൃത്വം കൊടുക്കുന്ന ജനകീയ സമിതി അവിടെയുണ്ട്. അവിടെ കോ-ഓർഡിനേഷന്റെ കുറവുണ്ട്, സാമ്പത്തികമായ കുറവുണ്ട്. ഇതെല്ലാം പരിഹരിച്ചുകൊണ്ട് സ്റ്റേറ്റ് ശരാശരിയേക്കാൾ കുറഞ്ഞ മരണനിരക്കായിരിക്കും അട്ടപ്പാടി മേഖലയിലുണ്ടാകുന്നത്.

ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>) : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനു വേണ്ടി ആരോഗ്യ വകുപ്പ് വളരെ സാർത്ഥകമായ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന്. ഐക്യരാഷ്ട്ര സഭയുടെ എസ്.ഡി.ജി.-യുടെ ഭാഗമായി ചൈൽഡ് മോർട്ടാലിറ്റി നിരക്ക് കുറയ്ക്കാൻ തീരുമാനിച്ചപ്പോൾ, 2020 ആകുമ്പോഴേയ്ക്കും ആദിവാസി മേഖലയിലെ ശിശുമരണ നിരക്ക് പന്ത്രണ്ടിൽ നിന്നും എട്ടായി കുറയ്ക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് ആദ്യം ഇടപെട്ടത് അട്ടപ്പാടി മേഖലയിലാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞിട്ടുണ്ട് പരിശോധനയല്ല വേണ്ടത് വളരെ ഏർളി ഡിറ്റക്ഷൻ നടത്തുന്നതിനുള്ള എല്ലാ പരിശോധനകളും നടന്നിട്ടുണ്ടെന്ന്, അതിനുള്ള നല്ല പരിശ്രമങ്ങൾ നടത്തുന്നുണ്ടെന്നറിയിക്കുന്നു.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : സർ, വയനാട്ടിൽ 'ജനനീ ജന്മരക്ഷ' പദ്ധതിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വൻതോതിലുള്ള തട്ടിപ്പുകൾ നടന്നതായി ദൃശ്യമാധ്യമങ്ങൾ ഇന്നലെയും ഇന്നുമായി തുടർച്ചയായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ടുണ്ടോ, ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്; സ്കൂളിൽ പോയി കുട്ടികളെ പരിശോധിക്കുന്നുണ്ടോ; അനീമിയ ബാധിച്ച എത്ര ആദിവാസി കുട്ടികളുണ്ട്?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇക്കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. അനീമിയ ബാധിച്ച കുട്ടികളെ ഐഡന്റിഫൈ ചെയ്യുക എന്നതാണ് ആരോഗ്യ വകുപ്പും പട്ടികവർഗ്ഗ വകുപ്പും സംയുക്തമായി ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ടീം എല്ലാ ദിവസവും സ്കൂളുകളിൽപ്പോയി പരിശോധന നടത്തുന്നുണ്ട്. ആകെയുള്ള 85 സ്കൂളുകളിൽ 36 സ്കൂളുകളിലെ പരിശോധന പൂർത്തീകരിച്ചു. റാൻഡം ചെക്കപ്പിലൂടെ ഏകദേശം എണ്ണായിരത്തി ചില്വാനം കുട്ടികളിലാണ് ഹീമോഗ്ലോബിന്റെ കുറവ് കണ്ടെത്തിയത്. എന്നാൽ

പരിശോധിച്ചപ്പോൾ യഥാർത്ഥത്തിൽ 2847 പേരിലാണ് കുറവ് കണ്ടത്. അത് അക്യൂട്ടായിട്ടുള്ള ഒരു കുറവല്ല. ഹീമോഗ്ലോബിന്റെ നോർമൽ റേറ്റ് 12mg/100ml ആണ്. ഇപ്പോൾ അവിടെ യാതൊരു ആശങ്കയും നിലനിൽക്കുന്നില്ല. ഹീമോഗ്ലോബിന്റെ കുറവ് പോഷകാഹാരത്തിന്റെ കുറവ് കൊണ്ടുമാത്രമല്ല ഉണ്ടാകുന്നത്. ഇവിടെ എം.എൽ.എ.-മാർക്കും ഹീമോഗ്ലോബിന്റെ കുറവ് ഉണ്ടാകാറുണ്ട്. അത് പോഷകാഹാരത്തിന്റെ കുറവുമൂലമാണെന്ന് പറയാൻ സാധിക്കില്ല. പോഷകാഹാരത്തിന്റെ കുറവ് ഹീമോഗ്ലോബിൻ കുറയുന്നതിന് ഒരു കാരണമാണ്. സിക്കിൾസെൽ അനീമിയ ബാധിച്ച ഒരു വ്യക്തിയിൽ സ്വാഭാവികമായും ഹീമോഗ്ലോബിന്റെ അളവ് കുറയും. പ്രസ്തുത രോഗം പോഷകാഹാരക്കുറവിന്റെ ഭാഗമായി വരുന്നതല്ല. ഇതൊരു പാരമ്പര്യ രോഗമാണ്. ശിശുമരണ നിരക്കിലുള്ള കുറവ് സർവ്വകാല റിക്കാർഡാണ്. ഇത് സ്റ്റേറ്റ് ആവറേജിനെക്കാളും കുറയും. ശിശുമരണ നിരക്ക് എറ്റവും കുറഞ്ഞ പ്രദേശമായി ആദിവാസി മേഖല മാറുമെന്ന കാര്യത്തിൽ ഞാൻ ഉറപ്പ് നൽകുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മന്ത്രി അട്ടപ്പാടി മേഖല സന്ദർശിച്ച എന്നത് ശരിയാണ്. ഞാനും നിരവധി തവണ അട്ടപ്പാടി ഊരുകൾ സന്ദർശിച്ചിട്ടുണ്ട്. അവിടെയുള്ള പല പ്രശ്നങ്ങളും സങ്കീർണ്ണമാണ്, പ്രസ്തുത വിഷയം ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം പരിഗണിക്കണം. ബഹുമാനപ്പെട്ട അങ്ങും ആരോഗ്യ വകുപ്പുമന്ത്രിയും അവിടെ സന്ദർശിച്ചതിനുശേഷം എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് വിതരണം ചെയ്ത അരിയിൽ പുഴു ഉണ്ടായിരുന്നുവെന്നും ഗുണനിലവാരം കുറഞ്ഞ അരിയാണ് അവിടെ വിതരണം ചെയ്തതെന്നുമുള്ള പരാതി വ്യാപകമായി ഉയർന്നുവന്നു. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ പോഷകാഹാരക്കുറവ് മാത്രമല്ല, സാധാരണ ഗതിയിൽ നൽകുന്ന അരിയിലും ഗോതമ്പിലും ഉണ്ടാകുന്ന ഇത്തരം വീഴ്ചകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ഇതിനെക്കുറിച്ച് അന്വേഷിക്കാൻ വിജിലൻസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, അട്ടപ്പാടിയിൽ അമൃതം ന്യൂട്രിമിക്സ് നിർമ്മിക്കാൻ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽനിന്നാണ് ഭക്ഷണ സാധനങ്ങളെടുത്തത്. ഇതിന് പട്ടികവർഗ്ഗ വകുപ്പുമായി യാതൊരു ബന്ധവുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇതുസംബന്ധിച്ച് എനിക്ക് രണ്ട് കത്തുകൾ നൽകുകയുണ്ടായി. ഉടൻതന്നെ ഞാൻ അതിനുള്ള മറുപടിയും നൽകി. ഇത് വളരെ സീരിയസായ വിഷയമാണ്. ഇക്കാര്യം പ്രതിപക്ഷ നേതാവ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾത്തന്നെ ഗുണനിലവാരം കുറഞ്ഞ അരി

പിടിച്ചെടുക്കുകയും വിതരണം നിരോധിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ വളരെ ശക്തമായ ഇടപെടലാണ് ഗവൺമെന്റ് സ്വീകരിച്ചത്. യഥാർത്ഥത്തിൽ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് വിതരണം ചെയ്ത അരിയിൽ പുഴു ഉണ്ടായിരുന്നു. ഇത്തരം പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇനി അങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ടാകില്ല.

ശ്രീ. പി. കെ. ശശി: സർ, അട്ടപ്പാടി ആദിവാസി മേഖലയിൽ ഈ ഗവൺമെന്റ് നടത്തിയ ഇടപെടൽ വളരെ മാതൃകാപരമാണ്. മരണ നിരക്ക് ഗണ്യമായി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആദിവാസി മേഖലയിൽ ഈ പ്രശ്നം മാത്രമല്ല, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വളരെ അപകടകരമായ അവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. മദ്യത്തിനും മയക്കുമരുന്നിനും ഇരയാകുന്ന വ്യക്തികളെയാണ് പലപ്പോഴും മതതീവ്രവാദ സംഘടനകൾ ആയുധമായി ഉപയോഗപ്പെടുത്തുന്നത്. ആദിവാസി വിഭാഗങ്ങൾക്കിടയിൽ ഇതിനെതിരെയുള്ള ബോധവൽക്കരണം നടത്തുന്നതിനായി സാംസ്കാരിക വകുപ്പിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് സിനിമ എന്ന മാധ്യമം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കില്ലേ? അട്ടപ്പാടി മേഖലയിലെ ആദിവാസികൾക്ക് സിനിമ കാണാനുള്ള സംവിധാനമൊരുക്കുന്നതിനായി ഗ്രാമീണ മേഖലകളിൽ ഒരു പഞ്ചായത്തിൽ ഒരു സിനിമ തിയേറ്റർ എന്ന പ്രഖ്യാപനം ബഹുമാനപ്പെട്ട മന്ത്രി നടത്തുകയുണ്ടായി. ആദിവാസി മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട് സാംസ്കാരിക വകുപ്പ് ഇത് നടപ്പാക്കുമോ; അത് മാത്രമല്ല, മദ്യത്തിനും മയക്കുമരുന്നിനും എതിരായ ബോധവൽക്കരണത്തിനായി ചെറിയ സിനിമകൾ പ്രദർശിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, മദ്യത്തിനും മയക്കുമരുന്നിനും എതിരെ അതിശക്തമായ ഇടപെടൽ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് യോഗം വിളിക്കുകയും ചില പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. പുതുതായി വന്ന ഈ നിർദ്ദേശം വളരെ കറക്ടാണ്. ഒരു കാലഘട്ടത്തിൽ നമ്മുടെ ഗ്രാമത്തിന്റെ കൂട്ടായ്മയായിരുന്ന ഇത്തരം ചെറിയ തിയേറ്ററുകളെല്ലാം ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുകയാണ്. ഇന്ന് ഒരു പടം റിലീസ് ചെയ്തു മൂന്ന് മാസം കഴിഞ്ഞാൽ അത് കാണാൻ ആരും ഉണ്ടാകാറില്ല. 1200-ഓളം വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുത്താൽ ഏകദേശം 500-ഓളം സിനിമാ തിയേറ്ററുകൾ മാത്രമേയുള്ളൂ. അതിൽ മിക്കതും ടൗണുകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഗ്രാമങ്ങളിലേക്ക് ഇത് കൊണ്ടുവരുന്നതിലൂടെ മുൻകാലങ്ങളിൽ നിലനിന്നിരുന്ന ഒരു ഗ്രാമീണ കൂട്ടായ്മ കൊണ്ടുവരാൻ സാധിക്കും. അവിടെയാണ് ഇതിന്റെ പ്രസക്തി. മദ്യത്തിനും മയക്കുമരുന്നിനും തീവ്രവാദത്തിനും മറ്റ് രൂപത്തിലുള്ള

ചിന്താഗതിക്കുമെതിരായ ബോധവൽക്കരണത്തിന്റെ ഭാഗമായി ഇത്തരം സംരംഭങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയുമെങ്കിൽ അത് ഏറ്റവും നല്ല കാര്യമാണ്. അതുസംബന്ധിച്ച് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനും ചലച്ചിത്ര അക്കാദമിയും സാംസ്കാരിക വകുപ്പും വളരെ ഗൗരവത്തിൽ പരിശോധിക്കുന്നതായിരിക്കും.

ശ്രീ. വി. ഡി. സതീശൻ: സർ, ശിശുമരണങ്ങൾ ഉണ്ടാകുന്നത് അമ്മമാരുടെ പോഷകാഹാരക്കുറവുമൂലമാണെന്ന് നമുക്കറിയാം.നമ്മുടെ രാജ്യത്തെവിടെയെങ്കിലും പട്ടിണി മരണമുണ്ടായാൽ അത് പട്ടിണി മരണമാണോയെന്ന് സ്ഥിരീകരിക്കുന്നത് ആ ബോഡി പോസ്റ്റ്മാർട്ടം ചെയ്ത് ആമാശയത്തിൽ എന്തെങ്കിലും ഭക്ഷണ അവശിഷ്ടങ്ങൾ ഉണ്ടോയെന്ന് പരിശോധിച്ചതിനുശേഷമായിരിക്കും. ഇന്നോ ഇന്നലയോ ഭക്ഷണം കഴിച്ചാൽ ചിലപ്പോൾ മരണപ്പെട്ട വ്യക്തിയുടെ ആമാശയത്തിൽ അത് കാണാൻ സാധിക്കും. അതല്ല പോഷകാരഹാരക്കുറവ്. വർഷങ്ങളോളം കൃത്യമായ ആഹാരം ലഭ്യമാകാത്തതാണ് പോഷകാഹാരക്കുറവ്. ഇത് ഏതെങ്കിലുമൊരു ഗവൺമെന്റിന്റെ കാലത്ത് മാത്രം ഉണ്ടാകുന്ന സംഭവമല്ല. റേഷൻ കട, ആശുപത്രി, അങ്കണവാടി എന്നിവയ്ക്കൊന്നും ഇവിടെ യാതൊരു കുറവുമില്ല. കൂടാതെ ജനനീ ജന്മരക്ഷാ പദ്ധതിപോലുള്ള നിരവധി പദ്ധതികളുമുണ്ട്. ഇതിന്റെയെല്ലാം ഏകോപനമില്ലായ്മയും അത് കൃത്യമായി ഫംഗ്ഷൻ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള സംവിധാമില്ലായ്മയുമാണ് ഇവിടത്തെ പ്രശ്നം. ഇവയുടെയെല്ലാം ഗുണഫലങ്ങൾ സാധാരണക്കാരായ സ്ത്രീകളിൽ എത്തുന്നില്ല എന്നതാണ് അടിസ്ഥാനപരമായ കാരണം. അത് ഇവരിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സോഷ്യൽ ഓഡിറ്റിംഗ് സംവിധാനമോ മറ്റെന്തെങ്കിലും പുതിയ മെക്കാനിസമോ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ ആലോചിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച വിഷയം വളരെ ശരിയാണ്. വർഷങ്ങളോളം കൃത്യമായ ആഹാരം ലഭ്യമാകാത്തവർക്കാണ് പോഷകാഹാരക്കുറവുമൂലമുള്ള മരണമുണ്ടാകുന്നത്. അതിന്റെ ഭാഗമായി അട്ടപ്പാടി മേഖലയിൽ ഒരു ഏകോപനം വേണമെന്നുള്ളതു കൊണ്ടാണ് സ്റ്റ്യാറ്റ്യൂട്ടറിയായ ഒരു ജനകീയ സമിതിക്ക് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് രൂപം നൽകിയത്. ഞാൻ തന്നെ കൊണ്ടുവന്ന ഒരു അടിയന്തരപ്രമേയത്തിന്റെ ഭാഗമായിട്ടാണ് ഇത്തരം നടപടി സ്വീകരിച്ചത്. ബഹുമാനപ്പെട്ട എം.എൽ.എ.-യും എം.പി.-യും മെമ്പർമാരായിട്ടുള്ള ജനകീയ സമിതി ഇക്കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ വകുപ്പുകളുടെ ഏകീകരണത്തിലും മേൽനോട്ടത്തിലും സ്റ്റാറ്റ്യൂട്ടറിയായ സംവിധാനം ഉണ്ടാകണം. യഥാർത്ഥത്തിൽ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ ഇതിന് മേൽനോട്ടം വഹിക്കേണ്ടതാണ്. ആ രൂപത്തിലുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ആരോഗ്യ മേഖലയിൽ ഗവൺമെന്റ് ശക്തമായ ഇടപെടൽ നടത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്കുതന്നെ ഇതിന് മേൽനോട്ടം വഹിക്കുന്ന സമിതികൾ ഉണ്ടാക്കാം. അട്ടപ്പാടി അതിനൊരു മാതൃകയാണ്. ഇതിന്റെ ഭാഗമായി കുറച്ച് നേട്ടങ്ങൾ നമുക്ക് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ആദിവാസി മേഖലയിൽ മരണ നിരക്ക് കൂടാനുള്ള പ്രധാന കാരണം പോഷകാഹാരക്കുറവാണെന്ന് ഇവിടെ പറയുകയുണ്ടായി. കാലങ്ങളായി നമ്മൾ രോഗത്തിനാണ് ചികിത്സിക്കുന്നത്. രോഗ കാരണത്തിനുള്ള ചികിത്സയല്ല കൊടുക്കുന്നത്. അട്ടപ്പാടി മേഖലയിൽ കുറുംബ, മുട്ടുക, ഇരുള തുടങ്ങിയ വിഭാഗത്തിൽപ്പെട്ട ആദിവാസികൾ താമസിക്കുന്നുണ്ട്. അവരുടെ പരമ്പരാഗത ഭക്ഷണമായ റാഗി, ചാമ, ചോളം തുടങ്ങിയ ഭക്ഷ്യവസ്തുക്കളാണ് അവർ കഴിക്കുന്നത്. അവർ അത് പരമ്പരാഗതമായി ഷിഫ്റ്റിംഗ് കൾട്ടിവേഷനിലൂടെ കൃഷി ചെയ്ത് വന്നതാണ്. ആ കൃഷി അവസാനിച്ചിരിക്കുകയാണ്. അവർക്ക് അത് കൃഷി ചെയ്യുന്നതിനും അവരുടെ പരമ്പരാഗത ഭക്ഷണം ലഭ്യമാക്കുന്നതിനുമുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, കൃഷി വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഗൗരവമായിട്ടെടുത്ത ഒരു വിഷയമാണിത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ സാധാരണയായി അരിയോ ഗോതമ്പോ കൊടുത്താൽ ഈ പാവങ്ങൾ കഴിക്കില്ല. എത്ര പോഷകഗുണമുള്ള സാധനങ്ങൾ കൊടുത്താലും മുത്താറി, ചോളം, റാഗി ഇതൊക്കെയാണ് അവരുടെ പോഷകാഹാരമെന്ന് പറയുന്നത്. അവരെ സംബന്ധിച്ചിടത്തോളം ടേസ്റ്റുള്ള ഭക്ഷണം അതാണ്. നിർഭാഗ്യവശാലുള്ള ഒരു പ്രശ്നം, ഭൂമി കൊടുത്താലും അവർക്ക് ആ ഭൂമിയിൽ സ്വതന്ത്രമായി കൃഷി ചെയ്യാൻ സാധിക്കില്ല. പല കാരണങ്ങളുണ്ട്. ഞാൻ ഏതെങ്കിലും ഒരു വകുപ്പിനെ കുറ്റപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. ഇപ്പോൾ തന്നെ വനാവകാശ നിയമപ്രകാരം കൊടുത്തിട്ടുള്ള ഭൂമിയിൽ ആ പാവങ്ങൾ പാരമ്പര്യമായി കൃഷി ചെയ്യുന്ന സാധനങ്ങൾ കൃഷി ഇറക്കാൻ വന്നാൽ ഫോറസ്റ്റുകാർ വന്ന് ജണ്ട കെട്ടും. അവർക്ക് ആകെ പേടിയാണ്. ഇതിന്റെ ഭാഗമായി അവർ പാരമ്പര്യ കൃഷി രീതിയിൽ നിന്ന് മാറാൻ നിർബന്ധിതരാവുകയാണ്. കോഴിയും ആടുമൊക്കെ കൊടുത്താൽ അവർ രക്ഷപെടില്ല. ഏറ്റവും പ്രധാനപ്പെട്ടത് ഉൽപ്പാദനക്ഷമതയുള്ളതും ഉൽപ്പാദനപരമായിട്ടുള്ളതുമായ മേഖലയിലേയ്ക്ക് ഇവരുടെ കായികശേഷിയും കഴിവും മാറ്റിയെടുക്കുക എന്നുള്ളതാണ്. അതിന് സഹകരണ മേഖലയും വളരെ പ്രധാനപ്പെട്ടതാണ്. ഇത് മനസ്സിലാക്കി കൃഷി വകുപ്പും ഫോറസ്റ്റ് വകുപ്പും യോജിച്ചുകൊണ്ട് പരമാവധി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പാരമ്പര്യമായിട്ടുള്ള അവരുടെ കൃഷി രീതികൾ തിരിച്ചുകൊണ്ടുവരുന്നതിനും അതിന് മാർക്കറ്റുണ്ടാക്കുന്നതിനുമുള്ള ശ്രമമാണ് നടത്താൻ പോകുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ജനനീ ജന്മരക്ഷാ പദ്ധതി എന്നത് ആദിവാസി മേഖലയിൽ അനാരോഗ്യം തടഞ്ഞ് അവർക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിന് സർക്കാർ കൊണ്ടുവന്ന പദ്ധതിയാണ്. ഇത്തരം പദ്ധതികൾ പട്ടികവർഗ്ഗ മേഖലയിലുള്ളവരുടെ ആരോഗ്യ നിലവാരം ശക്തിപ്പെടുത്തുന്നതിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഉപയോഗപ്രദമാകുന്നുണ്ടെന്നും അതോടൊപ്പം തന്നെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയ്ക്കുവേണ്ടി കോടികൾ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഇതൊക്കെ അനുവദിക്കുമ്പോഴും സമയബന്ധിതമായി പട്ടികവർഗ്ഗക്കാർക്ക് അത് ഉപയോഗപ്പെടുന്നില്ല എന്ന ആരോപണമാണ് ഉയർന്നുവരുന്നത്. ഇത്തരം പദ്ധതികൾ സമയബന്ധിതമായി പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നുണ്ടോ എന്ന് ജില്ലാ തലത്തിൽ ജനപ്രതിനിധികൾ അടങ്ങുന്ന ഒരു മോണിറ്ററിംഗ് സിസ്റ്റം രൂപീകരിച്ച് പരിശോധിക്കാനുള്ള സാഹചര്യമുണ്ടാക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ചോദ്യം വളരെ ക്ലിയറായില്ല. എന്താണ് ആക്ഷേപം വന്നത് എന്നത് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചുകഴിഞ്ഞാൽ അന്വേഷിക്കാം.

മി. സ്പീക്കർ: ആക്ഷേപം ഉണ്ടെങ്കിൽ ഉന്നയിച്ചാൽ പരിശോധിക്കാം എന്നാണ് പറഞ്ഞത്.

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട മെമ്പറും ഞാനും പങ്കെടുത്ത ഒരു യോഗം വയനാട്ടിൽ ചേർന്നിരുന്നു. അതിലും ഈ വിഷയം വന്നതാണ്. അതിന്റെ ഭാഗമായി ഒരു ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുത്തിട്ടുണ്ട്. പ്രിൻസിപ്പൽ സെക്രട്ടറി ഇപ്പോൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഏത് കാലഘട്ടത്തിലായാലും ബോധപൂർവ്വം തെറ്റ് വരുത്തുന്നതിൽ മാത്രമേ ഗവൺമെന്റിന് ഇടപെടാൻ സാധിക്കുകയുള്ളൂ. ഇത് ഇപ്പോൾ മാത്രമുള്ളതല്ല മുൻ കാലഘട്ടത്തിലുമുള്ളതാണ്. നല്ല വിശ്വാസത്തിൽ ചെയ്യുന്ന കാര്യങ്ങൾക്ക് ഗവൺമെന്റിന് പ്രൊട്ടക്ഷൻ നൽകിയേ മതിയാകൂ. ഏതെങ്കിലും രൂപത്തിലുള്ള ചെറിയ ഇറെഗുലാരിറ്റി വരുന്നതിൽ, നശിപ്പിക്കുന്ന രൂപത്തിൽ സമീപനമെടുത്തുകഴിഞ്ഞാൽ പിന്നെ ഉദ്യോഗസ്ഥരെ വിശ്വാസത്തിലെടുക്കാനും സാധിക്കില്ല. അത് അന്വേഷിക്കുന്നതാണ്. അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ജില്ലാതലത്തിൽ ഒരു സംവിധാനം രൂപീകരിക്കുന്നതുസംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

## തൊഴിൽ നൈപുണ്യ രംഗത്ത് സമഗ്രവികസനം

3(*363) ശ്രീ. അൻവർ സാദത്ത്:

ശ്രീ. കെ. സി. ജോസഫ്:

ശ്രീ. പി. ടി. തോമസ്:

ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നൈപുണ്യ രംഗത്ത് സമഗ്രവികസനത്തിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി 'കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്.'-ന്റെ കോഴ്സുകൾക്ക് അഫിലിയേഷൻ നൽകാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ രംഗത്തെ വികസനത്തിന് കേന്ദ്ര സഹായം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (Kerala Academy for Skills Excellence) സ്ഥാപിതമായി. പ്രസ്തുത സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ താഴെപ്പറയുന്ന നൈപുണ്യവികസന കേന്ദ്രങ്ങളും തുടങ്ങിയിട്ടുണ്ട്.

I. സെന്റർ ഓഫ് എക്സലൻസ്

1. NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)
2. CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)
3. ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)
4. CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)
5. CEED (സെന്റർ ഫോർ എക്സലൻസ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ്)

II. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)

കൺസ്ട്രക്ഷൻ മേഖലയിൽ അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ Indian Institute of Infrastructure and Construction (IIIC)-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. IIIC-ൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആൻഡ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളും ലഭ്യമാക്കാൻ ആലോചിക്കുന്നു.

III. കൗശൽ കേന്ദ്രങ്ങൾ

നൈപുണ്യവികസനത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള സ്ഥാപനമാണ് കൗശൽ കേന്ദ്ര. സ്കൂൾ-കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി അവർക്ക് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അസസ്സ്മെന്റ് ആൻഡ് കരിയർ ഗൈഡൻസ് സെല്ലായി കൗശൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

IV. എംപ്ലോയബിലിറ്റി സെന്ററുകൾ

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുന്ന നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. ഇതുപ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും, കഴിവും, അഭിരുചിയും മനസ്സിലാക്കി കുറവുകൾ പരിഹരിക്കുന്നതിന് ആവശ്യമായ തരത്തിലുള്ള പരിശീലനങ്ങൾ നൽകി തൊഴിലിന് പ്രാപ്തരാക്കുകയും, എംപ്ലോയബിലിറ്റി സെന്ററിനകത്തും, പുറത്തുമായി ചെറുതും, വലുതുമായ തൊഴിൽ മേളകൾ സംഘടിപ്പിച്ച് സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

V. <u>കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)</u>

ഡിസൈൻ രംഗത്ത് ഊർജ്ജസ്വലരായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിന് വേണ്ടിയാണ് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ സ്ഥാപിച്ചത്. കരകൗശല വിഭാഗങ്ങൾ, പ്രൊഫഷണൽ ഡിസൈനർമാർ, പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് ഇത് രൂപകൽപ്പന ചെയ്തത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID, AHMEDABAD)-ന്റെ സഹായത്തോടെയാണ് ഇത് ആരംഭിച്ചത്. ഡിസൈൻ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കലാണ് KSID-യുടെ പ്രാഥമിക ലക്ഷ്യം. ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ ആന്റ് അപ്പാരൽ ഡിസൈൻ, ഐ.ടി. ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ, ഇന്റഗ്രേറ്റഡ് ലൈഫ്സ്റ്റൈൽ പ്രോഡക്ട് ഡിസൈൻ തുടങ്ങിയ പി.ജി. ഡിപ്ലോമ കോഴ്സുകൾ നിലവിൽ നടന്നു വരുന്നു.

(ബി) നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (NSDC)-ന്റെ അഫിലിയേറ്റഡ് പാർട്ട്ണർ ആയ KASE (കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്) സ്വകാര്യ പങ്കാളികളുമായി ചേർന്നു നടത്തുന്ന കോഴ്സുകൾക്ക് NSQF അലൈൻമെന്റ് (നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്) ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) ഉണ്ട്. KASE നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾക്കായി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോട് അനുബന്ധിച്ച് സ്ഥാപിച്ചിരിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകളോട് സഹകരിച്ച് പ്രവർത്തിക്കുന്ന സ്വകാര്യ ഏജൻസികളുണ്ട്. ഇവർ ചെയ്യുന്നത് സ്വകാര്യ മേഖലയിലെ ആകർഷകമായ തസ്തിക എംപ്ലോയ്മെന്റ് സെന്ററുകളെ അറിയിക്കാതെ ഒഴിവാക്കി ഉദ്യോഗദായകരിൽ നിന്നും പ്രതിഫലം പറ്റിക്കൊണ്ട് ഉദ്യോഗാർത്ഥികളെ നേരിട്ട് നിയമിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: ഈ പരാതി തന്നുകഴിഞ്ഞാൽ ബഹുമാനപ്പെട്ട അംഗം പ്രത്യേകമായി ആവശ്യമായ പരിശോധനകൾ നടത്തുന്നതാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഉദ്ദേശിക്കുന്നത് തൊഴിൽ സാധ്യത പരമാവധി വികസിപ്പിച്ചെടുത്ത് തൊഴിൽ നൽകുന്നതിനുള്ള സൗകര്യങ്ങളുണ്ടാക്കുക എന്നുള്ളതാണ്. അതിന് ഗവൺമെന്റിന്റെ നിയന്ത്രണത്തിലും സ്വകാര്യ മേഖലയിലും സ്കിൽഡായിട്ടുള്ള തൊഴിലാളികളെ ലഭിക്കുന്നതിന് സഹായകരമായ സ്കിൽ ഡെവലപ്മെന്റാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഡീ-അഡിക്ഷൻ സെന്റർ

4 (*364) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഏതെങ്കിലും ഡീ-അഡിക്ഷൻ സെന്ററുകൾ എക്സൈസ് വകുപ്പിന്റെ ധനസഹായത്താൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ്;

(സി) മദ്യവിമുക്തി നേടുന്ന നിർദ്ധനരെ സഹായിക്കാൻ എന്തെങ്കിലും ധനസഹായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) മദ്യവിരുദ്ധ/മദ്യവിമുക്ത പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന് നിർദ്ദേശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) പരിഗണനയിലില്ല.

(ബി) എക്സൈസ് വകുപ്പിന്റെ ധനസഹായത്താൽ ഡീ-അഡിക്ഷൻ സെന്ററുകളൊന്നുംതന്നെ പ്രവർത്തിക്കുന്നില്ല.

(സി) പദ്ധതികളൊന്നും നിലവിലില്ല.

(ഡി) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലൂടെ ലഭ്യമാകുന്ന 5% സെസ്സ് ഇനത്തിൽ ശേഖരിക്കുന്ന ഫണ്ടിൽ നിന്നും സർക്കാർ നിർദ്ദേശപ്രകാരം ഇത്തരം പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിച്ചുവരുന്നുണ്ട്. ഈ ഫണ്ടിലെ തുക വിനിയോഗിച്ച് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ, "വിമുക്തി" മുഖേന വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾക്ക് സർക്കാർ രൂപംനൽകിയിട്ടുണ്ട്.

## വനഭൂമിയോട് ചേർന്നുകിടക്കുന്ന സ്വകാര്യ ഭൂമി കൈമാറുന്നതിന് നിയന്ത്രണം

5 (*365) ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. കെ. ശശി :
ശ്രീ. കെ. ബാബു :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ ഭൂമി കൈമാറുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) വിവിധ ജില്ലകളിലെ പതിനായിരക്കണക്കിന് കർഷകർക്ക് ഭൂമി ക്രയവിക്രയം അസാധ്യമാക്കുന്ന ഈ സ്ഥിതി പരിഹരിക്കാനായി സത്വര നടപടിയുണ്ടാകുമോ;

(സി) വനാതിർത്തി വേർതിരിക്കൽ പ്രക്രിയ നടക്കുന്നുണ്ടോ; അതിന്റെ പുരോഗതി അറിയിക്കാമോ; ഈ പ്രവൃത്തി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനഭൂമിയോട് ചേർന്നുകിടക്കുന്ന ഭൂമി കൈമാറുന്നതിന് നിയന്ത്രണമുണ്ട്. രജിസ്ട്രേഷൻ (കേരള അമെന്റ്മെന്റ്) ആക്ട് 2012-ൽ വരുത്തിയ ഭേദഗതിയിൽ, സെക്ഷൻ 71(3) പ്രകാരം സർക്കാർ ഭൂമി രജിസ്റ്റർ ചെയ്യുമ്പോൾ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുടെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട് കർഷകർക്ക് ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാക്കരുതെന്നും ആയതിനാവശ്യമായ മുൻകരുതലുകൾ എടുക്കണമെന്നും ഇതുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചാൽ അവയ്ക്ക് അതീവ പ്രാധാന്യം നൽകേണ്ടതാണെന്നും കർഷകരുടെ പരാതി പരിഹരിക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ കൈക്കൊള്ളേണ്ടതുമാണെന്ന നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.

(സി) വനാതിർത്തി വേർതിരിക്കൽ പ്രഥമ പരിഗണന നൽകിക്കൊണ്ട് നടത്തിവരുന്നു. കേരളത്തിൽ ആകെ 16585 കി.മീ. വനാതിർത്തിയുള്ളതിൽ ഏകദേശം 3002 കി.മീ. വേർതിരിക്കാനുള്ളതായി കണക്കാക്കിയിട്ടുണ്ട്. ഈ അതിർത്തി എത്രയുംവേഗം അളന്നുതിരിച്ച് സ്ഥിരം ജണ്ടയിട്ട് വേർതിരിക്കാൻ വേണ്ട നടപടികൾ ദ്രുതഗതിയിൽ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. കർഷകരുടെ സഹകരണത്തോടെ അടുത്ത മൂന്ന് വർഷംകൊണ്ട് ഈ പ്രവൃത്തി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട്**

6 (*366) ശ്രീ. മുല്ലക്കര രത്നാകരൻ:

ശ്രീ. ജി.എസ്. ജയലാൽ:

ശ്രീ. മുഹമ്മദ് മുഹസിൻ പി.:

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ കൃഷിയിടങ്ങളിലേയ്ക്ക് വെള്ളമെത്തിക്കുന്നതിനായി നിർമ്മിക്കാനുദ്ദേശിക്കുന്ന അണക്കെട്ടിന്റെ (അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട്) പ്രാരംഭ പണികൾ എന്ന് തുടങ്ങുമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത അണക്കെട്ടിന്റെ നിർമ്മാണത്തിന് കേന്ദ്രസർക്കാരിന്റെ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഏതെങ്കിലും അയൽ സംസ്ഥാനം പ്രസ്തുത അണക്കെട്ടിന്റെ നിർമ്മാണത്തിൽ തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) കാവേരി നദീജല തർക്കപരിഹാര ട്രിബ്യൂണലിന്റെ അന്തിമ വിധി 2007-ൽ വരികയും 2013-ൽ നിയമം പ്രാബല്യത്തിൽ വരികയും ചെയ്തു. പ്രസ്തുത വിധിയിൽ അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടിന് 2.87 ടി.എം.സി. ജലം അനുവദിച്ചിട്ടുണ്ട്. നിലവിലെ നിയമങ്ങളനുസരിച്ച് പദ്ധതിക്ക് പാരിസ്ഥിതിക അനുമതിയും വനം വകുപ്പിന്റെ അനുമതിയും ആവശ്യമാണ്. 2013-ൽ കാവേരി വിധി പ്രാബല്യത്തിൽ വന്നതിനുശേഷം പദ്ധതിക്കായുള്ള അനുമതികൾ നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ ജലസേചന വകുപ്പ് നടത്തിവരികയാണ്.

(ബി) 11-08-2016-ൽ നടന്ന കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ 96-ാമത് Expert Appraisal Committee (EAC)-യുടെ യോഗത്തിൽ എ.വി.ഐ.പി.-ക്ക് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനായി പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിനുള്ള പഠന വിഷയങ്ങൾ (Terms of References) അംഗീകരിക്കുകയും അതിനെത്തുടർന്ന് എ.വി.ഐ.പി.-യുടെ പരിസ്ഥിതി ആഘാത പഠനം സെപ്റ്റംബർ 16-ന് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം 10-10-2016-ലെ കത്ത് പ്രകാരം ToR നൽകുന്ന കാര്യം നിർത്തിവയ്ക്കാൻ തീരുമാനിച്ചതായി Ministry of Environment കേരളത്തെ അറിയിച്ചിട്ടുണ്ട്.

(സി) അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതി വന്നില്ലെങ്കിൽ കേരളത്തിന് അവകാശപ്പെട്ട ജലംകൂടി ഉപയോഗിക്കാമെന്നതിനാൽ തമിഴ്നാട് സർക്കാർ അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതി നടപ്പിലാക്കരുതെന്ന് കാണിച്ച് പ്രധാനമന്ത്രിക്ക് കത്ത് അയയ്ക്കുകയും പദ്ധതിക്കെതിരായി തമിഴ്നാട് നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

**മഴവെള്ള സംഭരണം**

7 (*367) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴവെള്ള സംഭരണം ജനകീയമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ആരുടെയെല്ലാം പങ്കാളിത്തമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ജനങ്ങളെ ബോധവൽക്കരിക്കാനും കർശനമായി ഇത് പാലിക്കപ്പെടാനും എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ ഭാഗമായി പ്രവർത്തിക്കുന്ന "മഴകേന്ദ്രം" മഴവെള്ളം സംഭരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ ലഭ്യമാക്കുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തുകളിലും സർക്കാർ/എയ്ഡഡ് സ്കൂളുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമ പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്ന പദ്ധതി മുഖാന്തരം വ്യക്തിഗത കുടുംബങ്ങൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നതും താരതമ്യേന ഇതര കുടിവെള്ള പദ്ധതികൾ കുറവായതുമായ ഗ്രാമപഞ്ചായത്തുകൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് പദ്ധതിക്കായി ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത്. ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചുനൽകുന്ന ഗുണഭോക്താക്കളുടെ പട്ടികപ്രകാരമാണ് ആനുകൂല്യം ലഭ്യമാക്കുന്നത്. പദ്ധതിയുടെ അടങ്കൽ തുകയുടെ 5% തുക ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരും 10% തുക എ.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരും ഗുണഭോക്തൃ വിഹിതമായി നൽകേണ്ടതുണ്ട്. ഫെറോസിമന്റ് സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന 10000 ലിറ്റർ ശേഷിയുള്ള സംഭരണികളാണ് ലഭ്യമാക്കുന്നത്. പ്രസ്തുത പദ്ധതി കഴിഞ്ഞ വർഷം മുതൽ വിദ്യാലയങ്ങളിലേക്കും വ്യാപിപ്പിച്ചു. "ജലസൗഹൃദ വിദ്യാലയം" എന്ന് നാമകരണം ചെയ്ത് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 14 ജില്ലകളിൽ

നിന്നും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന 840 സർക്കാർ സ്കൂളുകൾക്കാണ് മഴവെള്ള സംഭരണി നിർമ്മിച്ചുനൽകുന്നത്. വ്യക്തിഗത കുടുംബങ്ങൾക്കുള്ള മഴവെള്ള സംഭരണ പദ്ധതിയുടെ ഭാഗമായി അഞ്ച് ജില്ലകളിലെ 15 ഗ്രാമപഞ്ചായത്തുകളിലായി 4000-ത്തോളം കുടുംബങ്ങൾക്ക് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ആനുകൂല്യം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. മഴവെള്ള സംഭരണം ജനകീയമാക്കുന്നതിനും വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതിനുമായി കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന മഴവെള്ള സംഭരണ പദ്ധതിയാണ് 'വർഷ' പദ്ധതി. കേരള വാട്ടർ അതോറിറ്റി 2002 മുതൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലായി 5748 യൂണിറ്റുകളുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. വർഷകാലത്ത് വീടിന്റെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ടാങ്കിൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിച്ച് വേനൽക്കാലത്ത് ഉപയോഗിക്കുന്നതിനാണ് മഴവെള്ള സംഭരണ പദ്ധതിയായ 'വർഷ' പദ്ധതികൊണ്ട് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു ഭവനത്തിന് 5000 ലിറ്റർ എന്ന നിലയിൽ രണ്ട് ഭവനത്തിലേക്ക് 10000 ലിറ്റർ ശേഷിയുള്ള സംഭരണിയാണ് നിലവിൽ കേരള വാട്ടർ അതോറിറ്റി നിർമ്മിച്ചുവരുന്നത്.

(ബി) തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകളുടെ പരിപൂർണ്ണ പങ്കാളിത്തത്തോടെയാണ് "മഴകേന്ദ്രം" പദ്ധതി നടപ്പിലാക്കുന്നത്. പരിചയ സമ്പന്നരായ സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തിയാണ് പദ്ധതി ഓരോ പഞ്ചായത്തിലും നടപ്പിലാക്കുന്നത്. പ്രസ്തുത സംഘടനയുടെ സേവനം പദ്ധതി നിർവ്വഹണത്തിനുശേഷവും ലഭ്യമാക്കുന്നുണ്ട്.

സ്കൂളുകളിൽ നടപ്പിലാക്കുന്ന മഴവെള്ള സംഭരണ പദ്ധതി സ്കൂൾ അധികാരികളെയും രക്ഷാകർതൃ സമിതികളെയും സ്കൂൾ ക്ലബ്ബുകളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് നടപ്പിലാക്കിവരുന്നത്. 2002-ൽ 'വർഷ' പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതിയുടെ ചെലവിന്റെ 90% കേന്ദ്ര സഹായവും 10% ഉപഭോക്തൃ വിഹിതവുമായിരുന്നു. എന്നാൽ 1-4-2015 മുതൽ കേന്ദ്ര വിഹിതം 60% ആയി കുറച്ചിട്ടുണ്ട്. എൻ.ജി.ഒ. മുഖേനയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

(സി) മഴവെള്ള സംഭരണ പദ്ധതി ഗ്രാമപഞ്ചായത്തുകളിലും വിദ്യാലയങ്ങളിലും നടപ്പിലാക്കുന്നതോടൊപ്പം അവിടത്തെ ജനങ്ങളെയും വിദ്യാർത്ഥി സമൂഹത്തെയും ബോധവൽക്കരിക്കുന്നതിനുള്ള ക്ലാസ്സുകളും ലഘുലേഖകളും മഴ കേന്ദ്രത്തിന്റെ ഭാഗമായി ചെയ്തുവരുന്നുണ്ട്. സർക്കാർ വക പൊതുസ്ഥാപനങ്ങളിൽ മാതൃകാ മഴവെള്ള സംഭരണികൾ നിർമ്മിച്ച് പൊതുജനങ്ങൾക്ക് മഴവെള്ള സംഭരണത്തിന്റെ സന്ദേശം നൽകുവാൻ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. മഴവെള്ളം സംഭരിച്ച്

കിണറുകൾ വ്യാപകമായി റീചാർജ് ചെയ്യുന്നതിനുള്ള പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. മഴകേന്ദ്രത്തിന് പുറമേ മഴവെള്ള സംഭരണ പരിപാടിയെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ഇടപെടലുകൾ ജലനിധി പദ്ധതിയുടെ ഇൻഫർമേഷൻ, എഡ്യൂക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ (IEC) വിഭാഗത്തിൽ ഉൾപ്പെടുത്തി ദൃശ്യ, ശ്രവണ, അച്ചടി എന്നീ മാധ്യമങ്ങളിലൂടെയും കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ് (CCDU)-ന്റെ IEC പരിപാടികളിൽ ഉൾപ്പെടുത്തിയും ചെയ്തുവരുന്നുണ്ട്.

## ആദിവാസി ജനവിഭാഗത്തിന് ശുചിത്വമുള്ള ജീവിത സാഹചര്യം ഒരുക്കാൻ നടപടി

8 (*368) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ജനവിഭാഗത്തിന്റെ ജീവിത മാർഗ്ഗത്തിനായി സർക്കാരിൽ നിന്ന് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) സർക്കാരിൽ നിന്ന് ഉപജീവനത്തിനായി നൽകുന്ന കന്നുകാലികളെയും മറ്റ് വളർത്തുമൃഗങ്ങളെയും ഇവർ എപ്രകാരമാണ് പാർപ്പിക്കുന്നതെന്ന് നിരീക്ഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇവയെ പ്രത്യേകം പാർപ്പിക്കാൻ സൗകര്യമില്ലാത്തതുമൂലം തങ്ങൾ താമസിക്കുന്ന കൂരയ്ക്ക് കീഴിൽ തന്നെ അവയെ വളർത്തുന്നതുകൊണ്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കാൻ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താൻ സത്വര നടപടികൾ സ്വീകരിക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികവർഗ്ഗക്കാർക്ക് ജീവിതമാർഗ്ഗത്തിനായി വിവിധ സ്വയംതൊഴിൽ പദ്ധതികളും മറ്റിതര വരുമാനദായക പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ നൈപുണ്യ വികസന പദ്ധതികളിലൂടെ വിവിധ തൊഴിൽ മേഖലകളിൽ ജോലി നേടുന്നതിനുള്ള പ്രത്യേക പരിശീലന പരിപാടികൾ നടത്തിവരുന്നു.

കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, ആയുഷ്, ടൂറിസം, കുടുംബശ്രീ വകുപ്പുകൾ വഴി വരുമാനദായക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

ആധുനിക തൊഴിൽ മേഖലകളിലുണ്ടാകുന്ന തൊഴിലവസരങ്ങൾ സ്വായത്തമാക്കുന്നതിനായി സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളായ കെൽട്രോൺ, മിൽമ, സെന്റർ ഫോർ ബയോപോളിമർ സയൻസ് ആന്റ് ടെക്നോളജി, ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ്, പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങൾ വഴി പരിശീലനം നൽകി ജോലി ഉറപ്പാക്കുന്ന പദ്ധതിയും (placement) നടപ്പിലാക്കിവരുന്നു. വിവിധ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കോർപ്പസ് ഫണ്ട്, എസ്.സി.എ. ടു ടി.എസ്.പി., ആർട്ടിക്കിൾ 275(1), എ.ടി.എസ്.പി. എന്നീ പദ്ധതികൾ വഴി ഓരോ കോളനികളുടെയും പ്രത്യേകതകൾക്കനുസരിച്ച് അനുയോജ്യമായ തൊഴിൽദായക പദ്ധതികൾ നടപ്പിലാക്കിവരുന്നു.

2016-17 സാമ്പത്തിക വർഷം പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വ്യക്തിഗത ധനസഹായം നൽകുന്നതിന്റെ വിശാദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ്, മിൽമ പോലുള്ള ഏജൻസികൾ വഴിയും ക്ഷീരവികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നീ വകുപ്പുകൾ മുഖേനയും കന്നുകാലികളെ വിതരണം ചെയ്യുന്നതോടൊപ്പം കാലിത്തൊഴുത്തും നിർമ്മിച്ച് നൽകിവരുന്നു.

ഗുണഭോക്താക്കളുടെ സഹകരണത്തോടെയുള്ള പദ്ധതിയാകയാൽ പരമ്പരാഗത രീതിയിലുള്ള തൊഴുത്ത് നിർമ്മിച്ച് അവർ മൃഗങ്ങളെ പരിപാലിച്ചുവരുന്നുണ്ട്.

(സി) വളർത്തുമൃഗങ്ങളെ താമസിക്കുന്ന കൂരയ്ക്ക് കീഴിൽത്തന്നെ വളർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മുന്നറിയിപ്പില്ലാതെ വെള്ളം തുറന്നുവിടുന്നതുമൂലമുള്ള പ്രശ്നങ്ങൾ**

9 (*369) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ .എ. നെല്ലിക്കുന്ന്:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസേചന കനാലുകളിൽ നിന്നും മുന്നറിയിപ്പില്ലാതെ വെള്ളം തുറന്നുവിടുന്നതുമൂലം ജീവഹാനിയും കനാലുകളുടെ ഇരുകരകളിലുമുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വീടുകളിലും മറ്റും വെള്ളം കയറുകയും ചെയ്യുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ നാശനഷ്ടങ്ങൾ സംഭവിക്കുന്നവർക്ക് മതിയായ ധനസഹായം നൽകാറുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് ധനസഹായം നൽകിവരുന്നത്;

(സി) മതിയായ സുരക്ഷാ മുന്നൊരുക്കങ്ങൾ ഇല്ലാതെ ഇത്തരത്തിൽ വെള്ളം തുറന്നുവിടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ജലസേചന പദ്ധതികളുടെ കനാലുകളിൽനിന്നും മുന്നറിയിപ്പില്ലാതെ വെള്ളം തുറന്നുവിടാറില്ല. മുന്നറിയിപ്പുകൾ നൽകുന്നതിനാൽ കനാലുകളിൽക്കൂടി വെള്ളം തുറന്നുവിടുന്നതുമൂലം ജീവഹാനിയോ കനാലുകളുടെ ഇരു കരകളിലുമുള്ള വീടുകളിൽ വെള്ളം കയറുന്ന സ്ഥിതിവിശേഷമോ ഇന്നേവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നാശനഷ്ടങ്ങൾ സംഭവിക്കാത്തതുകൊണ്ട് ധനസഹായം നൽകേണ്ടി വന്നിട്ടില്ല.

(സി) സുരക്ഷാ മുൻകരുതലുകൾ എടുക്കാതെ കനാലുകളിൽകൂടി വെള്ളം തുറന്നുവിട്ടിട്ടില്ല.

**മിനിമം വേതനം**

10 (*370) ശ്രീ. കെ. ദാസൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിലെ മിനിമം വേതനം പുതുക്കാനായി നിശ്ചയിച്ചിട്ടുള്ള കാലാവധി എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ ഏതൊക്കെ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിരുന്നുവെന്ന് അറിയിക്കാമോ;

(സി) മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ട് ആറ് മുതൽ എട്ട് വരെ വർഷം കഴിഞ്ഞ 33 മേഖലകളിൽ മുൻ സർക്കാർ മിനിമം വേതനം പുതുക്കിയിരുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പുതുക്കാനായി അടിയന്തര നടപടിയുണ്ടാകുമോ; വിശദമാക്കുമോ;

(ഡി) മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള വിവിധ മേഖലകൾക്ക് പുറത്തുള്ള അസംഘടിത മേഖലയിലെ തൊഴിലാളികളുടെ വേതന പരിഷ്കരണത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) അഞ്ച് വർഷം കൂടുമ്പോഴാണ് സാധാരണയായി മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 37 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മിനിമം വേതനം പുതുക്കി നിശ്ചയിച്ച മേഖലകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. മിനിമം വേതനം പുതുക്കി നിശ്ചയിക്കേണ്ട തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും അതനുസരിച്ച് ലേബർ കമ്മീഷണറേയും മിനിമം വേതന ഉപദേശക സമിതിയേയും ചുമതലപ്പെടുത്തുകയും മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സബ് കമ്മിറ്റികൾ രൂപീകരിച്ച് മിനിമം വേതന ഉപദേശക സമിതി കർമ്മ പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇനിയും മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## സ്കൂളുകളിൽനിന്നും ആദിവാസി/പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

11 (*371) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽനിന്നും ആദിവാസി /പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്കിന്റെ പ്രധാനകാരണങ്ങൾ എന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ അധ്യയനവർഷം പ്രസ്തുത വിഭാഗത്തിൽപെട്ട എത്ര കുട്ടികൾ 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ വിദ്യാഭ്യാസം ഉപേക്ഷിച്ചു എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പുതിയതായി ആരംഭിക്കാൻ പദ്ധതിയുണ്ടോ ;

(ഡി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഈ വർഷം ബജറ്റിൽ ഇതിനായി ഉൾക്കൊള്ളിച്ച തുക എത്രയാണെന്ന് അറിയിക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പരിശോധിച്ചിട്ടുണ്ട്. കുടുംബപ്രശ്നങ്ങൾ, രക്ഷിതാക്കളുടെ താല്പര്യമില്ലായ്മ, കോളനികളിലെ പ്രത്യേക സാമൂഹ്യ അന്തരീക്ഷം, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭാഷാപരവും സാമൂഹ്യപരവുമായ ഒറ്റപ്പെടൽ എന്നിവയാണ് പ്രധാന കാരണങ്ങൾ. പ്രധാനമായും ഇടുക്കി, വയനാട് ജില്ലകളിലാണ് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കൂടുതലായും കണ്ടുവരുന്നത്. കാപ്പിക്കുരു, കുരുമുളക് തുടങ്ങിയ കാർഷിക വിളകളുടെ വിളവെടുപ്പ് സമയത്ത് വിദ്യാർത്ഥികൾ രക്ഷിതാക്കളോടൊപ്പം വിളവെടുപ്പ് ജോലികളിൽ ഏർപ്പെടുന്നതിനാൽ ക്ലാസുകളിൽ ഹാജരാകാത്ത സ്ഥിതിയാണുള്ളത്.

(ബി) ഈ അധ്യയന വർഷത്തെ കണക്കുകൾ ലഭ്യമായിട്ടില്ല. ലഭ്യമായ കണക്കുകൾ വച്ച് 2014-15 അധ്യയന വർഷം പട്ടികജാതി വിഭാഗത്തിൽ 1590 കുട്ടികളും പട്ടികവർഗ്ഗ വിഭാഗത്തിൽ 2385 കുട്ടികളും ഡ്രോപ്പ് ഔട്ട് ആയിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നിലവിലുണ്ട്. തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചലിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സിലബസിലുള്ള ജി. കാർത്തികേയൻ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന് പുതിയതായി കെട്ടിടം നിർമ്മിക്കുന്നതിനും കണ്ണൂർ ജില്ലയിലെ ആറളത്ത് ഒന്നാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് പഠനം നടത്തുന്നതിനായി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളും പുതിയതായി ആരംഭിക്കാൻ പദ്ധതിയുണ്ട്. ടി പദ്ധതിക്കാവശ്യമായ 50 കോടി രൂപ കിഫ്ബി വഴി സ്വരൂപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിനായി വിദ്യോദയം പദ്ധതി പ്രകാരം സ്കൂളുകളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ, സയൻസ് ലാബുകൾ, മൾട്ടിപർപ്പസ് സിന്തറ്റിക് കോർട്ടുകൾ, സ്മാർട്ട് ക്ലാസ് റൂമുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ടി സ്കൂളുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും കലാ, കായിക ഇനങ്ങളിലുള്ള കഴിവുകളുടെ വികസനത്തിനും വ്യക്തിത്വ വികസനം, പെൺകുട്ടികൾക്ക് സ്വയം രക്ഷാ പരിശീലനം, ഗ്രൂപ്പ് പ്രവൃത്തികളായ എസ്.പി.സി., എൻ.എസ്.എസ്. എന്നിവയ്ക്കും വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണത്തിനും പഠന യാത്രയ്ക്കുമുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം 34,81,00,000 രൂപ (മുപ്പത്തി നാല് കോടി എൺപത്തിയൊന്ന് ലക്ഷം രൂപ മാത്രം) ഇതിനായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുണ്ട്.

**വനത്തിനുള്ളിലെ നദികളിൽനിന്ന് മണൽ ശേഖരിക്കൽ**

12 (*372) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിലെ മണൽ ശേഖരമുള്ള നദികളിൽനിന്ന് മണൽ എടുക്കുന്നതിനായി വനംവകുപ്പ് ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മണൽ ഭവന നിർമ്മാണ ആവശ്യത്തിനായി നല്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഏതൊക്കെ നദികളിൽ നിന്നുള്ള മണലാണ് ആദ്യഘട്ടത്തിൽ ഇതിനായി ശേഖരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മണൽ വിപണന കേന്ദ്രങ്ങൾ എവിടെയൊക്കെ തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനത്തിനുള്ളിലെ നദികളിൽനിന്ന് ലഭ്യതയ്ക്കനുസൃതമായി മണലെടുക്കുന്നതിനെപ്പറ്റി വനം വകുപ്പ് ആലോചിക്കുന്നുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) തിരുവനന്തപുരം, തെന്മല, റാന്നി ഡിവിഷനുകളുടെ പരിധിയിൽ വരുന്ന 22 കടവുകൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നു. വാമനപുരം, കരമന, ശങ്കിലി, ചിറ്റാർ, കുളത്തുപ്പുഴ തുടങ്ങിയ നദികളിൽ നിന്നുള്ള മണലാണ് ആദ്യഘട്ടത്തിൽ ഇതിനായി ശേഖരിക്കാനുദ്ദേശിക്കുന്നത്.

(ഡി) മണൽ ആഡിറ്റിംഗ് പൂർത്തിയാകാത്തതിനാൽ പ്രസ്തുത മണൽ വിപണന കേന്ദ്രങ്ങൾ ഏതൊക്കെയെന്ന് നിശ്ചയിച്ചിട്ടില്ല.

## ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകൾ

13 (*373) ശ്രീ. എം. നൗഷാദ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകളിൽ സൗകര്യവും ശുചിത്വവും ഉറപ്പുവരുത്താനായി ഈ സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തുനിന്ന് നിർമ്മാർജ്ജനം ചെയ്തവയുൾപ്പെടെയുള്ള പകർച്ചവ്യാധികൾ ഇത്തരം തൊഴിലാളികളിൽ നിന്നും പകരുന്നത് തടയാനായി അവർക്ക് ശുചിത്വമുള്ള വാസസൗകര്യം ഉറപ്പാക്കാൻ ശ്രദ്ധിക്കുമോ;

(സി) ഇത്തരം തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കാനായി പ്രധാന നഗരങ്ങളിൽ ലിവിംഗ് ഷെൽട്ടറുകൾ സ്ഥാപിക്കുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം നടപ്പിലായിരുന്നോ എന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തൊഴിലാളികളുടെ സൗകര്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ.ഉ.(സാധാ)960/16/തൊഴിൽ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇവരുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 17-12-2015-ലെ ജി.ഒ.(ആർ.ടി.)1717/15/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)

കൺവീനറും ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നുവരുന്നു.

(ബി) ശ്രദ്ധിക്കുന്നതാണ്.

(സി) പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. ആദ്യഘട്ടമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് 'അപ്നാ ഘർ' എന്ന പേരിൽ ഹോസ്റ്റൽ സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

**കന്നുകാലി വളർത്തൽ**

14 (*374) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
ശ്രീ. പി. ഉബൈദുള്ള:

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലി വളർത്തൽ ലാഭകരമല്ലാത്തതുകൊണ്ട് കർഷകർ ഈ തൊഴിലിൽ നിന്നും പിൻമാറിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറുകിട കർഷകരുടെ ഈ മനോഭാവം മാറ്റിയെടുക്കാനും കൂടുതൽ പേരെ കന്നുകാലിവളർത്തലിലേക്ക് ആകർഷിക്കാനുമായി എന്തൊക്കെ പരിഷ്കാരങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ ചെറുകിട കന്നുകാലി കർഷകരുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) നെൽകൃഷിയുടെയും മറ്റ് കൃഷിയുടെയും ഗണ്യമായ കുറവ്, നഗരവൽക്കരണംമൂലം കന്നുകാലികൾക്ക് മേച്ചിൽ സ്ഥലങ്ങൾ ഇല്ലാത്ത അവസ്ഥ, കാലിത്തീറ്റയുടെ അടിക്കടിയുള്ള വില വർദ്ധനവ്, പുല്ല്, വൈക്കോൽ മുതലായ തീറ്റ സാധനങ്ങളുടെ ലഭ്യതക്കുറവ്, കാലിത്തീറ്റയുടെ വിലവർദ്ധനയ്ക്ക് ആനുപാതികമായി പാലിന്റെ വില വർദ്ധിക്കാത്തത് തുടങ്ങിയ കാരണങ്ങളാൽ കർഷകർ കന്നുകാലി വളർത്തൽ തൊഴിലിൽ നിന്നും പിന്മാറിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചെറുകിട കർഷകരുടെ ഈ മനോഭാവം മാറ്റിയെടുക്കാനും കൂടുതൽ പേരെ കന്നുകാലി വളർത്തലിലേയ്ക്ക് ആകർഷിക്കാനുമായി വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

കന്നുക്കുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി, കാഫ് അഡോപ്ഷൻ പ്രോഗ്രാം, ക്ഷീരകർഷകർക്ക് കറവ യന്ത്രങ്ങൾ നൽകുന്ന പദ്ധതി, മൃഗാശുപത്രികൾ വഴി മിനറൽ മിക്സ്ചർ വിതരണം ചെയ്യുന്ന പദ്ധതി, 24 മണിക്കൂർ മൃഗചികിത്സാ സേവനം എന്നിവ.

കൂടുതൽപേരെ കന്നുകാലി വളർത്തലിലേയ്ക്ക് ആകർഷിക്കാനായി സമഗ്രമായ ഒരു കന്നുകാലി ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു.

സംസ്ഥാനത്തെ 95% കന്നുകാലി സമ്പത്തും സങ്കരയിനത്തിലുള്ളവയാണ്. ഇവയ്ക്ക് ഉല്പാദനക്ഷമത കൂടുതലാണെങ്കിലും രോഗപ്രതിരോധ ശേഷി കുറവാണ്. അതിനാൽത്തന്നെ കർഷകർക്ക് കന്നുകാലികളുടെ മരണം, രോഗം എന്നിവമൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടസാധ്യതയും കൂടുതലാണ്. ഈ സാഹചര്യത്തിൽ സമഗ്രമായ ഒരു കന്നുകാലി ഇൻഷ്വറൻസ് സംസ്ഥാനത്ത് നടപ്പിലാക്കേണ്ടത് അനിവാര്യമാണ്.

ദേശീയ കന്നുകാലി മിഷന്റെ കീഴിൽ (എൻ.എൽ.എം.) കേന്ദ്ര സർക്കാരിന്റെ കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 4.5 ലക്ഷം കറവപ്പശുക്കളെ സമഗ്ര കന്നുകാലി ഇൻഷ്വറൻസിന്റെ കീഴിൽ കൊണ്ടുവരുന്നതിനായി കേന്ദ്രത്തിൽ നിന്നും 1.03 കോടി രൂപ ലഭിച്ചിരുന്നു. ഈ തുക വളരെ പരിമിതമാണ്. അധിക തുകയ്ക്കായി കേന്ദ്ര സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ മുഴുവൻ ക്ഷീര-പൗൾട്രി കർഷകരുടെ എണ്ണം ശേഖരിക്കുന്നതിനായി രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. രജിസ്ട്രേഷൻ പൂർത്തിയായിട്ടില്ല.

**വനമേഖലയിൽ ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ**

15 (*375) ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീ. എസ്.രാജേന്ദ്രൻ:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖലയിൽ ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വനമേഖലയിലെ ഇക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട്, സന്ദർശകരുടെ സുരക്ഷയ്ക്കായി വനാശ്രിത സമൂഹത്തിൽ നിന്നുള്ള യുവാക്കളെ ഇക്കോ ടൂറിസം ഗൈഡുകളായി നിയോഗിക്കുന്നതിന് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് 32 വനം ഡിവിഷനുകളുടെ കീഴിലായി 60 ഇക്കോ ടൂറിസം പദ്ധതികൾ നിലവിൽ നടപ്പിലാക്കിവരുന്നു. പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായാണ് കേരളത്തിൽ ഇക്കോ ടൂറിസം നടപ്പാക്കി വരുന്നത്. വനാശ്രിത സമൂഹങ്ങളുടെ നേതൃത്വത്തിൽ പങ്കാളിത്ത വന പരിപാലന സംവിധാനത്തിൻകീഴിൽ പരിസ്ഥിതി സൗഹൃദമായി ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതാണ്.

(ബി) സന്ദർശകർ കാലാകാലങ്ങളായി സന്ദർശിക്കുന്ന വനമേഖലകൾ കേന്ദ്രീകരിച്ച് ആ പ്രദേശത്തെ വനാശ്രിത സമൂഹങ്ങളുടെ കൂട്ടായ്മയായ വന സംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ നേതൃത്വത്തിൽ സൂക്ഷ്മാസൂത്രണ രേഖകൾ തയ്യാറാക്കി ഇക്കോ ടൂറിസം നടപ്പാക്കാനുള്ള നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ളത്.

(സി) ഉണ്ട്. ആദ്യഘട്ടമായി 100 ആദിവാസി യുവാക്കളെ സംസ്ഥാന സർക്കാർ സ്ഥാപനമായ കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ & ടൂറിസം സ്റ്റഡീസ് എന്ന സ്ഥാപനംവഴി പരിശീലനം നൽകിയിട്ടുണ്ട്.

**'നമുക്ക് ജാതിയില്ലാ വിളംബര' ത്തിന്റെ നൂറാം വാർഷികം**

16 (*376) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. പി. ഉണ്ണി:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണ ഗുരുവിന്റെ 'നമുക്ക് ജാതിയില്ലാ വിളംബര' ത്തിന്റെ നൂറാം വാർഷികം എങ്ങനെയെല്ലാമാണ് ആഘോഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ ആളുകളെ ആഘോഷത്തിൽ പങ്കാളികളാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) ജാതിയില്ലാ വിളംബരത്തിന്റെ ലഘുലേഖകൾ അച്ചടിച്ച് സ്കൂളുകളിൽ വിതരണം ചെയ്യുമോ;

(ഡി) സംസ്ഥാനത്തെ വിവിധ ലൈബ്രറികൾ മുഖേന ഇതിന് പ്രചരണം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>):

(എ) ശ്രീനാരായണ ഗുരുവിന്റെ 'നമുക്ക് ജാതിയില്ലാ വിളംബര'ത്തിന്റെ നൂറാം വാർഷികാഘോഷങ്ങൾ സാംസ്കാരികകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ വകുപ്പ്, വിവര പൊതുജന സമ്പർക്ക വകുപ്പ്, സംസ്ഥാന ലൈബ്രറി കൗൺസിൽ എന്നിവയുടെ സഹകരണത്തോടെയാണ് സംഘടിപ്പിക്കുന്നത്. 'നമുക്ക് ജാതിയില്ലാ വിളംബരം' നൂറാം വാർഷികാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം 2016 സെപ്റ്റംബർ 21-ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ജില്ലാ ലൈബ്രറി കൗൺസിൽ എന്നിവ മുഖേന നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷികാഘോഷ പരിപാടികൾ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സംഘടിപ്പിച്ചുവരുന്നു.

(ബി) ശ്രീനാരായണ ഗുരുവിന്റെ 'നമുക്ക് ജാതിയില്ലാ വിളംബര'ത്തിന്റെ നൂറാം വാർഷികാഘോഷ പരിപാടിക്ക് പ്രമുഖ പത്രങ്ങളിലൂടെ വിപുലമായ പ്രചരണം നൽകിയിട്ടുണ്ട്. സാംസ്കാരിക കാര്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവര പൊതുജന സമ്പർക്ക വകുപ്പ്, സംസ്ഥാന ലൈബ്രറി കൗൺസിൽ എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്ത് ചുരുങ്ങിയത് 6000 സ്ഥലങ്ങളിലെങ്കിലും ആഘോഷ പരിപാടികൾ സംഘടിപ്പിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) ശ്രീനാരായണ ഗുരുവിന്റെ കയ്യൊപ്പ് പതിച്ച 25000 കലണ്ടറുകൾ വിവര പൊതുജന സമ്പർക്ക വകുപ്പ് തയ്യാറാക്കി സംസ്ഥാന ലൈബ്രറി കൗൺസിൽ മുഖേന വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 'നമുക്ക് ജാതിയില്ലാ വിളംബര'ത്തിന്റെ ലഘുലേഖകൾ സ്കൂളുകളിൽ വിതരണം ചെയ്യുന്ന കാര്യം വിദ്യാഭ്യാസ വകുപ്പുമായും വിവര പൊതുജന സമ്പർക്ക വകുപ്പുമായും ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്.

(ഡി) സംസ്ഥാന ലൈബ്രറി കൗൺസിലിനെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടാണ് 'നമുക്ക് ജാതിയില്ലാ വിളംബര'ത്തിന്റെ ശതാബ്ദി ആഘോഷ പരിപാടികൾ സംഘടിപ്പിച്ചുവരുന്നത്. ശ്രീനാരായണ ഗുരുവിന്റെ കയ്യൊപ്പ് പതിച്ച കലണ്ടറുകൾ വിവര പൊതുജന സമ്പർക്ക വകുപ്പ് തയ്യാറാക്കി സംസ്ഥാന ലൈബ്രറി കൗൺസിൽ മുഖേന വിതരണം ചെയ്യുകയും 6000-ത്തോളം വരുന്ന ലൈബ്രറികളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നതാണ്.

## ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ബ്രാന്റ് അംബാസിഡർ

17 (*377) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ബ്രാന്റ് അമ്പാസിഡറായി ആരെയെങ്കിലും നിയോഗിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ ആരെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ക്യാമ്പയിനിന്റെ ഭാഗമായി അബ്കാരി നിയമത്തിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ടെലികോം നിയമത്തിൽ എക്സൈസ് വകുപ്പിനെ നോട്ടിഫൈഡ് ഏജൻസിയായി ഉൾപ്പെടുത്തി കൂടുതൽ അധികാരം നല്കാൻ പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്. 6-10-2016-ലെ ജി.ഒ.(എം.എസ്.)94/2016/നി.വ. നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. വിമുക്തിയുടെ ബ്രാന്റ് അംബാസിഡറായി ശ്രീ. സച്ചിൻ ടെണ്ടുൽക്കറെ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ ആലോചനയിലില്ല.

(സി) ടെലികോം നിയമം കേന്ദ്ര സർക്കാരിന്റെ നിയമമാണ്. ആയത് ഭേദഗതി ചെയ്യുന്നതിന് സംസ്ഥാന സർക്കാരിന് സാധ്യമല്ല. ടെലികോം നിയമത്തിൽ എക്സൈസ് വകുപ്പിനെക്കൂടി നോട്ടിഫൈഡ് ഏജൻസിയായി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിന് കർമ്മ പദ്ധതി

18 (*378) ശ്രീ. റോജി എം. ജോൺ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷത്തിന് സാധ്യതയുള്ള മേഖലകൾ എവിടെയൊക്കെ ആണെന്ന് കണ്ടെത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കുമോ;

(സി) ഈ മേഖലകളിൽ സംഘർഷം ലഘൂകരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജ കമ്പിവേലി നിർമ്മാണം, ആന പ്രതിരോധ കിടങ്ങുകളുടേയും മതിലുകളുടേയും നിർമ്മാണം, വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചുവിടുന്നതിനായുള്ള റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ പ്രവർത്തനം, പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം, പ്രശ്നക്കാരായ ആനകളെ പിടിച്ചുമാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം, Early Warning SMS Alert System എന്നിവയാണ് ആവിഷ്കരിച്ചിട്ടുള്ള പ്രധാന കർമ്മ പദ്ധതികൾ.

(ബി) മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷത്തിന് സാധ്യതയുള്ള മേഖലകൾ കണ്ടെത്തുന്നതിന്, ഇത്തരം പ്രദേശങ്ങൾ കണ്ടെത്തി മാപ്പിൽ രേഖപ്പെടുത്താൻവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥിരമായി ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുന്ന മേഖലകൾ കേന്ദ്രീകരിച്ച് നിരന്തര പട്രോളിംഗ് നടത്തുകയും പൊതുജനങ്ങളിൽ നിന്നും വിവരശേഖരണം നടത്താനുമാണ് ഉദ്ദേശിക്കുന്നത്. വന്യജീവി നിരീക്ഷണത്തിനായി ഉപയോഗിക്കുന്ന ക്യാമറാ ട്രാപ്പിലെ ദൃശ്യങ്ങളും ഇതിനായി ഉപയോഗിക്കും.

(സി) ഉത്തരം (എ)-യിൽ പറഞ്ഞ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ടിൽ (KIIFB) ഉൾപ്പെടുത്തി 220 കി.മീ. സൗരോർജ്ജ കമ്പിവേലി, 11.5 കി.മീ. ആന പ്രതിരോധ മതിൽ, 26 കി.മീ. റെയിൽ ഫെൻസിംഗ്, 7 കി.മീ. കല്ലുപതിച്ച കിടങ്ങ്, 26 കി.മീ. സ്റ്റീൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കാനുള്ള പദ്ധതിയും സർക്കാർ പരിശോധിച്ചുവരികയാണ്.

## പട്ടികജാതി പെൺകുട്ടികൾക്ക് ആരോഗ്യ സുരക്ഷയും ഉന്നത വിദ്യാഭ്യാസവും ഇൻഷ്വറൻസും ഉറപ്പാക്കുന്നതിന് പദ്ധതി

19 (*379) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട പട്ടികജാതി പെൺകുട്ടികൾക്ക് ആരോഗ്യ സുരക്ഷയും ഉന്നത വിദ്യാഭ്യാസവും ഇൻഷ്വറൻസും ഉറപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആദ്യഘട്ടത്തിൽ എത്ര ഗുണഭോക്താക്കളെയാണ് ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്നാണോ പദ്ധതി നടപ്പാക്കുന്നത്; എങ്കിൽ സർക്കാർ വിഹിതം എത്രയാണ്; വിശദമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പാവപ്പെട്ട പട്ടികജാതി പെൺകുട്ടികൾക്കുവേണ്ടി 'വാത്സല്യനിധി' എന്ന ഇൻഷ്വറൻസ് അധിഷ്ഠിത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. ആസൂത്രണ, ധനകാര്യ വകുപ്പുകളുടെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും പദ്ധതി നടത്തിപ്പ്. ഈ പദ്ധതിയിൽ 1,00,000 രൂപ വരെ വാർഷിക വരുമാനമുള്ള മാതാപിതാക്കൾക്ക് 2016-17 വർഷം മുതൽ ജനിച്ച പെൺകുട്ടികളെ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന ഓരോ കുട്ടിയുടേയും പേരിൽ 1,38,000 രൂപ നാല് ഘട്ടങ്ങളിലായി നിക്ഷേപിക്കാനും കുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000 രൂപ ലഭ്യമാക്കാനുമാണ് ഉദ്ദേശിക്കുന്നത്.

(ബി) ആദ്യഘട്ടത്തിൽ 5000 ഗുണഭോക്താക്കളെ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(സി)എൽ.ഐ.സി. ഓഫ് ഇന്ത്യയുമായി ചേർന്ന് പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ആറുമാസം പൂർത്തിയായിട്ടുള്ളതും ജനന രജിസ്ട്രേഷൻ നടത്തിയതും ജനിച്ച് ആദ്യ 90 ദിവസത്തിനുള്ളിൽ നിർബന്ധിത പ്രതിരോധ

കുത്തിവയ്പ് എടുത്തിട്ടുള്ളതും നിശ്ചിത അപേക്ഷാ ഫോമിൽ ടി പദ്ധതിക്കായി അപേക്ഷ നൽകിയിട്ടുള്ളതുമായ പെൺകുട്ടിക്ക് പദ്ധതിയുടെ ആദ്യ ഗഡുവായി 30,000 രൂപയും കുട്ടിക്ക് 6 വയസ്സ് പൂർത്തിയാക്കി സ്കൂൾ പ്രവേശനം നേടി മറ്റ് നിർബന്ധിത പ്രതിരോധ കുത്തിവയ്പുകളും മെഡിക്കൽ ചെക്കപ്പുകളും പൂർത്തിയാക്കിയതായുള്ള സാക്ഷ്യപത്രം സമർപ്പിക്കുമ്പോൾ രണ്ടാം ഗഡുവായ 33,000 രൂപയും കുട്ടി 5-ാം ക്ലാസ് പൂർത്തിയാക്കുമ്പോൾ 3-ാം ഗഡുവായ 36,000 രൂപയും 10-ാം ക്ലാസ് പൂർത്തിയാക്കിയതിനുശേഷം അവസാന ഗഡുവായ 39,000 രൂപയും നിക്ഷേപിക്കാനും കുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ ഉപരിപഠനത്തിനോ മറ്റ് നിർമ്മാണ വികസന പ്രക്രിയകൾക്കോ ഉപയോഗിക്കാവുന്ന തരത്തിൽ 3,00,000 രൂപ നൽകാനുമാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

**ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിലിം സിറ്റി**

20 (*380) ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. എം. സ്വരാജ് :

ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള ഫിലിം സിറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മലയാള സിനിമാ മേഖലയ്ക്ക് ഇത് എങ്ങനെ പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കീഴിൽ തിരുവനന്തപുരം, തിരുവല്ലത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിനെ Kerala Infrastructure and Investment Fund Board (KIIFB) ഫണ്ടുപയോഗിച്ച് 25 കോടി രൂപ ചെലവിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഫിലിം സിറ്റിയായി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) മലയാള സിനിമാ പ്രവർത്തകർക്ക് പ്രയോജനകരമായ ഒട്ടേറെ പദ്ധതികൾ ഫിലിം സിറ്റി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സിനിമാ നിർമ്മാണത്തിന് ആവശ്യമായ ആധുനിക ഡിജിറ്റൽ ക്യാമറകൾ, ഔട്ട് ഡോർ യൂണിറ്റുകൾ, അറ്റമോസ് സൗണ്ട് മിക്സിംഗ് മൾട്ടി പർപ്പസ് സെറ്റുകൾ, ഫിലിം മ്യൂസിയം, തിയേറ്ററുകൾ, ഹോട്ടൽ തുടങ്ങിയവയെല്ലാം ഫിലിം സിറ്റിയുടെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. നാനാതരം സെറ്റുകൾ ഒരു ലൊക്കേഷനിൽ സ്ഥാപിക്കുന്നത് എല്ലാ സിനിമാ നിർമ്മാണങ്ങളെയും ആകർഷിക്കും. നിർമ്മാണച്ചെലവ് കുറയ്ക്കാനും സഹായിക്കും. വലിയ ബജറ്റിലുള്ള സിനിമകളെയും കുറഞ്ഞ ബജറ്റിലുള്ള സിനിമകളെയും ഒരേപോലെ സഹായിക്കാൻ ഫിലിംസിറ്റിക്ക് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഫിലിം സിറ്റി യാഥാർത്ഥ്യമാകുമ്പോൾ മലയാള സിനിമകളുടെ നിർമ്മാണത്തിന്റെ 70 ശതമാനവും ചിത്രാഞ്ജലി ഫിലിം സിറ്റിയിലൂടെ പൂർത്തീകരിക്കാൻ കഴിയും.

**എ.ടി.എസ്.പി. ഭവന നിർമ്മാണ പദ്ധതി**

21 (*381) ശ്രീ. പി. വി. അൻവർ:

ശ്രീ. സി. കെ. ശശീന്ദ്രൻ:

ശ്രീ. കെ. ആൻസലൻ:

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ടി.എസ്.പി. ഭവന നിർമ്മാണ പദ്ധതിയിൽ അനുമതി ലഭിച്ചതും സ്പിൽ ഓവറായി തുടർന്നുവരുന്നതുമായ വീടുകളുടെ ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വാസയോഗ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഇങ്ങനെയുള്ള എത്ര വീടുകൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിവരുന്ന സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് എ.ടി.എസ്.പി. ഭവന നിർമ്മാണം നടപ്പിലാക്കിവരുന്നത്. ആയതുപ്രകാരം 2015-16 വർഷത്തിൽ സംസ്ഥാനത്തൊട്ടാകെ 9448 വീടുകൾ അനുവദിച്ചതിൽ 201 വീടുകൾ പണിപൂർത്തിയാക്കിയിട്ടുണ്ട്. 9247 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന വീടുകളുടെ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്ന മുറയ്ക്ക് തുടർ ഗഡുക്കൾ അനുവദിച്ചുവരുന്നുണ്ട്. ഒരു വീടിന് 3.5 ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

(ബി) എ.ടി.എസ്.പി. പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷം 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുകയിൽ നിന്ന് എ.ടി.എസ്.പി. ഭവന നിർമ്മാണത്തിന് ജില്ലാ ഓഫീസുകൾക്ക് 103 കോടി രൂപ അനുവദിച്ചു.

(സി) എ.ടി.എസ്.പി. ഭവന നിർമ്മാണ പദ്ധതി പ്രകാരം ഇനിയും പൂർത്തിയാക്കാനുള്ള 9247 വീടുകളുടെ സ്റ്റേജ് സർട്ടിഫിക്കറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് അത്തരം മുഴുവൻ വീടുകൾക്കും തുടർ ഗഡുക്കൾ അനുവദിച്ച് നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**പിന്നാക്ക വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം**

22 (*382) ശ്രീ. കെ. രാജൻ:

ശ്രീമതി ഇ. എസ്. ബിജിമോൾ:

ശ്രീ. ആർ. രാമചന്ദ്രൻ:

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) പ്രസ്തുത വിഭാഗക്കാരുടെ വിദ്യാഭ്യാസ സൗകര്യങ്ങൾക്കായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പിന്നാക്ക വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം പ്രത്യേകമായി വിലയിരുത്തുന്നതിനുവേണ്ട പഠനങ്ങളൊന്നും ഈ വകുപ്പ് നിലവിൽ നടത്തിയിട്ടില്ല.

(ബി) പിന്നാക്ക വിഭാഗക്കാരുടെ പൊതുവായ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഒ.ബി.സി. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ, ഒ.ഇ.സി. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ, എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം, ഓവർസീസ് സ്കോളർഷിപ്പ്, അഡ്വക്കേറ്റ് ഗ്രാന്റ്സ് തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

23 (*383) ഡോ. എൻ. ജയരാജ്:
ശ്രീ.റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് കുപ്പികളിലും കാനുകളിലും വില്ക്കപ്പെടുന്ന കുടിവെള്ളത്തിന്റെ ശരാശരി ഉപഭോഗം എത്ര ശതമാനമാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്ലാസ്റ്റിക് ബോട്ടിലുകളിലും മറ്റുമായി വിപണനം ചെയ്യപ്പെടുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിൽ അവലംബിച്ചുവരുന്ന മാർഗ്ഗങ്ങൾ ഫലപ്രദമാണോ; വ്യക്തമാക്കുമോ;

(സി) വില്പനയ്ക്കുവേണ്ടി പ്ലാസ്റ്റിക് കുപ്പികളിലും കാനുകളിലും നിറച്ച കുടിവെള്ളം നേരിട്ട് ചൂട് ഏൽക്കുന്ന വിധത്തിൽ തുറന്ന വാഹനങ്ങളിൽ വിതരണത്തിനായി കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒരു തവണ മാത്രം ഉപയോഗിക്കാൻ കഴിയുന്ന പ്ലാസ്റ്റിക് കുപ്പികളിൽ നിറയ്ക്കപ്പെട്ട കുടിവെള്ളം ചൂടേറിയ അന്തരീക്ഷത്തിൽ പ്രതിപ്രവർത്തിക്കുന്നതിനുള്ള സാധ്യത എത്രത്തോളമുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഇപ്രകാരം ശക്തമായ സൂര്യതാപം ഏൽക്കുന്ന വിധത്തിൽ തുറന്ന വാഹനങ്ങളിൽ വിപണനത്തിനായി കുടിവെള്ളം കൊണ്ടുപോകുന്നത് തടയാൻ കർശന നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) കണക്കാക്കിയിട്ടില്ല.

(ബി) പ്ലാസ്റ്റിക് ബോട്ടിലുകളിലും കാനുകളിലുമായി കേരളത്തിൽ വില്പന നടത്തുന്ന കുപ്പിവെള്ളത്തിന്റെ സാമ്പിളുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഫുഡ് സേഫ്റ്റി ഓഫീസർമാർ സ്റ്റാറ്റ്യൂട്ടറിയായും അല്ലാതെയും ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള അനലറ്റിക്കൽ ലാബിൽ പരിശോധന നടത്താറുണ്ട്. ഇതുകൂടാതെ കുടിവെള്ള പരിശോധനയ്ക്കുവേണ്ടി സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് കുടിവെള്ളം പാക്ക് ചെയ്യുന്ന യൂണിറ്റുകൾ പരിശോധിച്ച് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. ഇത്തരം മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലെങ്കിൽ യൂണിറ്റുകൾ അടച്ചുപൂട്ടുകയും അത്തരം മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയശേഷം ഭക്ഷ്യസുരക്ഷാ വകുപ്പിനെ രേഖാമൂലം അറിയിച്ച് ഒരു പിഴയും ഈടാക്കിയതിനുശേഷം മാത്രമേ വീണ്ടും തുറന്നുകൊടുക്കാറുള്ളൂ. കുടിവെള്ളം പരിശോധിക്കുമ്പോൾ ഭക്ഷ്യഗുണനിലവാര നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതിരിക്കുകയോ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ കണ്ടെത്തുകയോ ചെയ്താൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്ലാസ്റ്റിക് കുപ്പികളിൽ നിറയ്ക്കപ്പെട്ട കുടിവെള്ളം ചൂടേറിയ അന്തരീക്ഷത്തിൽ പ്ലാസ്റ്റിക്കുമായി പ്രതിപ്രവർത്തിക്കുന്നതിനുള്ള സാധ്യതകളെപ്പറ്റി പഠനങ്ങളൊന്നുംതന്നെ നടത്തിയിട്ടില്ല.

(ഇ) പരിശോധിച്ച് ആവശ്യമെങ്കിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

**ജലനിധി രണ്ടാംഘട്ട പദ്ധതി**

24 (*384) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. വി. ജോയി:
പ്രൊഫ. കെ.യു. അരുണൻ:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കാലവർഷത്തിന്റെ ഭീമമായ കുറവുകൊണ്ടുണ്ടാകുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കാനായി ഈ പദ്ധതികൾ എത്രമാത്രം ഫലവത്താണെന്ന് അറിയിക്കാമോ; വേനൽക്കാലത്തുൾപ്പെടെ സുസ്ഥിര ജലവിതരണത്തിന് ഈ പദ്ധതികൾ പ്രാപ്തമാണോ;

(സി) ഈ പദ്ധതി പുനഃസംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതുവഴി ലക്ഷ്യമാക്കുന്നതെന്തെന്ന് അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ, കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്നതിന് ലോകബാങ്ക് ധനസഹായത്തോടെ 1022 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന രണ്ടാംഘട്ട ജലനിധി പദ്ധതി (2012-17) സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഗ്രാമീണ ജനതയ്ക്ക് കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. മൂന്ന് ബാച്ചുകളിലായി 11.5 ലക്ഷത്തോളം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും, 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. വിവിധ ബാച്ചുകളിലായി നടപ്പാക്കുന്ന പദ്ധതിയുടെ ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെ മറ്റ് ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലും തുടർന്നുള്ള ബാച്ചുകളിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ, പാലക്കാട്, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ, കേരള വാട്ടർ അതോറിറ്റിയുടെ ഏതാനും മൾട്ടി ജി.പി. പദ്ധതികൾ പുനരുദ്ധാരണ, നവീകരണ പ്രവർത്തനങ്ങൾ നടത്തി, സമീപ പഞ്ചായത്തുകൾക്ക് ജലനിധി ബൾക്ക് വാട്ടർ മാതൃകയിൽ ജലവിതരണം നടത്തുന്നതിനുള്ള പദ്ധതികളും നടപ്പാക്കിവരുന്നു. ടി പഞ്ചായത്തുകളിലെല്ലാംതന്നെ ശുചിത്വസൗകര്യങ്ങളും ഗ്രൗണ്ട് വാട്ടർ റീചാർജ്ജ് സംവിധാനങ്ങളും നടപ്പാക്കുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു. ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ പ്രവർത്തനങ്ങൾ യഥാസമയം അവലോകനം ചെയ്യാറുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ ഇതുവരെ കൈവരിച്ച പുരോഗതി താഴെ കൊടുക്കുന്നു:

ബാച്ച് 1: 465 കുടിവെള്ള പദ്ധതികൾ നടപ്പാക്കാനായി ഏറ്റെടുത്തതിൽ 448 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികൾ

പൂർത്തീകരിക്കുന്നതിനും പദ്ധതികൾ പൂർത്തിയായ പഞ്ചായത്തുകളിൽ നിന്നും പദ്ധതി വിട്ടുതൽ ചെയ്ത് ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

ബാച്ച് 2: 1182 പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിൽ 784 പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ 2017 ജൂൺ മാസത്തോടെ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ബാച്ച് 3: 513 കുടിവെള്ള പദ്ധതികളാണ് ഈ ബാച്ചിലെ വിവിധ പഞ്ചായത്തുകളിലായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതികളുടെ സ്രോതസ്സുകളുടെ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു.

മൾട്ടി ജി.പി. പദ്ധതികൾ: 12 ഗ്രാമപഞ്ചായത്തുകൾക്ക് കുടിവെള്ള വിതരണം നടത്തുന്നതിനായി, മൂന്ന് കേരള വാട്ടർ അതോറിറ്റി പദ്ധതികൾ തെരഞ്ഞെടുത്തിരുന്നു. ഇതിൽ മാളയും, സമീപ 5 പഞ്ചായത്തുകൾക്കുമുള്ള പദ്ധതിയിൽ കേരള വാട്ടർ അതോറിറ്റിയുടെ പൊതുഘടകങ്ങളുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ജലനിധി വിതരണ ശൃംഖലയുടെ 90 ശതമാനം പണിയും പൂർത്തിയായിട്ടുണ്ട്. ഊരകം, വേങ്ങര, പറപ്പൂർ പദ്ധതിയുടേയും തെന്നല, ഒഴൂർ, പെരുമണ്ണക്ലാരി പദ്ധതിയുടേയും, കേരള വാട്ടർ അതോറിറ്റി, ജലനിധി ഘടകങ്ങളുടെയും പ്രവൃത്തികൾ ഒരേ സമയം പുരോഗമിച്ചുവരുന്നു.

1232 ചെറുകിട ജലവിതരണ പദ്ധതികൾ ഇതുവരെ (സെപ്റ്റംബർ 2016) കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇവയിൽ നിന്നും 370802 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

(ബി) ജലനിധി പദ്ധതികളുടെ ജലസ്രോതസ്സുകളിൽ ജല ലഭ്യത സുസ്ഥിരമായി ഉറപ്പാക്കുന്നതിന് ജലസംരക്ഷണം, ഭൂജല പരിപോഷണം എന്നീ കർമ്മ പദ്ധതികളും ജലനിധി ആവിഷ്കരിച്ചിട്ടുണ്ട്. സുസ്ഥിര കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിന് സാധ്യമായ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ ബൃഹത് പദ്ധതികളിൽ നിന്നും കുടിവെള്ളം ബൾക്കായി വാങ്ങി ജലനിധി മാതൃകയിൽ വിതരണം നടത്തുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കർമ്മ പരിപാടികൾ നടപ്പാക്കിവരുന്നു. മേൽപ്പറഞ്ഞ ജലസംരക്ഷണ-ഭൂജല പരിപോഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനാൽ വേനൽക്കാലത്തും ജലവിതരണത്തിന് ടി പദ്ധതികൾക്ക് സാധിക്കുന്നതാണ്.

(സി) ഉണ്ട്. ലോകബാങ്ക് ധനസഹായം അമേരിക്കൻ ഡോളറിലാണ് കേന്ദ്ര സർക്കാരിന് ലഭ്യമാക്കുന്നത്. അതിനാൽ, ഡോളർ-രൂപ വിനിമയ നിരക്കിലുണ്ടായ വ്യതിയാനംമൂലം പദ്ധതിക്ക് തുക അധികമായി ലഭ്യമാകുന്നു. ഈ അധിക തുക വിനിയോഗിക്കുന്നതിനായി പദ്ധതിയുടെ കാലയളവ് ഡിസംബർ 2018 വരെ നീട്ടിക്കൊണ്ട് പുതിയ പദ്ധതികൾ ഉൾപ്പെടുത്തി റീസ്ട്രക്ചറിംഗ് (restructuring) പൂർത്തിയായിട്ടുണ്ട്. ഇതിൽ രണ്ട് പുതിയ മൾട്ടി ജി.പി. പദ്ധതികൾ - നെടുമ്പാശ്ശേരിയും സമീപ പഞ്ചായത്തുകൾക്കുമായുള്ള പദ്ധതി, ചീക്കോടും സമീപ പഞ്ചായത്തുകൾക്കുമായുള്ള പദ്ധതി എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

**പമ്പാ ആക്ഷൻ പ്ലാൻ**

25 (*385) ശ്രീമതി വീണാ ജോർജ്ജ്:

ശ്രീ. രാജു എബ്രഹാം:

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ:

ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാനദിയുടെ സംരക്ഷണത്തിനായി ആവിഷ്കരിച്ച പമ്പാ ആക്ഷൻ പ്ലാനിൽ എന്തൊക്കെ പദ്ധതികളാണ് വിഭാവന ചെയ്തിരിക്കുന്നത്; ഇത് എത്ര ഘട്ടങ്ങളിലായാണ് നടപ്പാക്കാനുദ്ദേശിച്ചിരുന്നത്;

(ബി) പ്രസ്തുത പദ്ധതിക്കായി ആകെ എത്ര തുകയാണ് നീക്കി വച്ചിരിക്കുന്നത്; ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര വീതമായിരുന്നു;

(സി) ലഭ്യമായ തുക വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഏത് വകുപ്പ് മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ; പദ്ധതികൾ നടപ്പാക്കിയശേഷമുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) ആദ്യഘട്ടത്തിൽ അനുവദിച്ച തുകയിൽ ചെലവഴിക്കപ്പെടാതെയുള്ള ഫണ്ട് ഉണ്ടോ; എങ്കിൽ ചെലവഴിക്കപ്പെടാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) മഴക്കാലത്ത് ഒഴികെ പമ്പാനദിയിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്ന സാഹചര്യത്തിൽ ഈ നദിയിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും പമ്പാ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ നടപ്പാക്കാനും ആവശ്യമെങ്കിൽ പുതിയ പദ്ധതികൾ നടപ്പാക്കാനും തയ്യാറാകുമോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) പമ്പാനദിയുടെ സംരക്ഷണത്തിനായി ആവിഷ്കരിച്ച പമ്പാ ആക്ഷൻ പ്ലാനിന്റെ ഒന്നാം ഘട്ടത്തിൽ 12 പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. രണ്ടാം ഘട്ടത്തിൽ പദ്ധതിയുടെ നടത്തിപ്പിനായി 950 കോടി രൂപയുടെ എസ്റ്റിമേറ്റ് ആഗസ്റ്റ് 2011-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ പമ്പ മുതൽ വേമ്പനാട് കായൽ വരെയുള്ള പമ്പാ നദിയുടെ മാലിന്യ നിർമ്മാർജ്ജനത്തിലും ഇരുകരകളിലെയും പഞ്ചായത്തുകളിലെ മാലിന്യ നിർമ്മാർജ്ജനത്തിനുമുതകുന്ന പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) പമ്പാ ആക്ഷൻ പ്ലാനിൽ കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം 18.45 കോടി രൂപയ്ക്കാണ് ആദ്യഘട്ടത്തിൽ അംഗീകാരം നൽകിയത്. ടി തുകയിൽ കേന്ദ്ര വിഹിതമായ 12.886 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 70:30 അനുപാതത്തിൽ ചെലവ് പങ്കിടുന്ന വ്യവസ്ഥയിലാണ് തുക അനുവദിച്ചിട്ടുള്ളത്. നിലവിൽ ഈ അനുപാതം 50:50 ആണ്. സംസ്ഥാന വിഹിതമായി നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും നീക്കിവച്ചിട്ടില്ല.

(സി) 1 ഇറിഗേഷൻ വകുപ്പ് മുഖേന പൂർണ്ണമായും നടപ്പിലാക്കിയ പ്രവൃത്തികൾ:

(1) പമ്പാ നദിയിലെയും കക്കി നദിയിലെയും മാലിന്യങ്ങൾ തള്ളിവിടുന്നതിന് സംഗമ സ്ഥലത്തിന് മുകളിലായി സ്റ്റോറേജ് വിയറും അനുബന്ധ പണികളും മാലിന്യ നിക്ഷേപ സ്ഥലങ്ങളിൽ വേലി നിർമ്മാണവും വിയറിനടുത്ത് ജനറേറ്ററിനുവേണ്ടിയുള്ള സ്റ്റോറേജ് ഷെഡ് നിർമ്മാണവും.

(2) പമ്പയിലെ കുളിക്കടവിലേക്ക് ഞുണങ്ങാർ നദിയിൽ നിന്ന് മാലിന്യങ്ങൾ കടത്തുന്നത് തടയാനായി ആറാട്ടുകടവ് കുളിക്കടവിന്റെ താഴ്ഭാഗത്ത് വിയറിന്റെ നിർമ്മാണം.

(3) പമ്പാ നദിയുടെ ഇടതുകരയിൽ നിലവിലുള്ള കുളിക്കടവിന് എതിർവശത്ത് പുതിയതായി കുളിക്കടവ് നിർമ്മാണവും അനുബന്ധ പ്രവൃത്തികളും

2. വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ

പൊതുജന ബോധവൽക്കരണം.

3. ദേവസ്വം ബോർഡ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളും അവയുടെ പുരോഗതിയും:

(1) സന്നിധാനത്തിൽ 5 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (ടെണ്ടർ നടപടി പൂർത്തിയായി)

(2) പമ്പയിലെ 1.5 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (ടെണ്ടർ നടപടി പൂർത്തിയായി)

(3) ശബരിമലയിലും പമ്പയിലും മാലിന്യ വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള ടാങ്കുകളും പമ്പുചെയ്ത് മാറ്റുന്നതിനുള്ള അഴുക്കുചാൽ നിർമ്മാണവും ഉദ്ദേശിച്ചിരുന്നുവെങ്കിലും ശബരിമലയിലെ പണികൾ മാത്രമേ പൂർത്തിയായിട്ടുള്ളൂ.

(4) ശബരിമലയിൽ മുന്നൂറ് കക്കൂസുകളും പമ്പയിൽ നാനൂറ് കക്കൂസുകളും നൂറ് കുളിമുറികളും നിർമ്മിക്കാൻ പദ്ധതിയിട്ടിരുന്നുവെങ്കിലും ശബരിമലയിലെ പണികൾ മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ.

(5) ശബരിമലയിലെയും പമ്പയിലെയും ഖരമാലിന്യ ശേഖരണത്തിനും സംസ്കരണത്തിനുമുള്ള സംവിധാനം പൂർത്തിയാക്കി.

(6) ശബരിമലയിലെയും പമ്പയിലെയും നിലവിലുള്ള അഴുക്കുചാലുകൾ മാറ്റുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കി.

(ഡി) ഇല്ല. ബാധകമല്ല.

(ഇ) ഇതുസംബന്ധിച്ച് പമ്പാ റിവർ ബേസിൻ അതോറിറ്റിയുടെ കമ്മിറ്റി യോഗം കൂടി തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്.

**ഗ്രാമീണ മേഖലയിൽ തിയേറ്ററുകൾ**

26 (*386) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര മേഖല പരിപോഷിപ്പിക്കുന്നതിനായി ചലച്ചിത്ര വികസന കോർപ്പറേഷൻ, ചലച്ചിത്ര അക്കാദമി എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന ഗ്രാമീണ മേഖലയിൽ കൂടുതൽ തിയേറ്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ചലച്ചിത്ര മേളകൾ നടത്തുന്നതിനായി തിരുവനന്തപുരത്ത് ഒരു സ്ഥിരം വേദി നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ&ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഉണ്ട്. തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ ക്യാമ്പസിൽ തിയേറ്ററുകൾ, മീഡിയ റൂം, സെമിനാർ ഹാൾ എന്നിവ ഉൾപ്പെടുന്ന ഫിലിം ഫെസ്റ്റിവൽ സ്ഥിരം വേദി നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. നടപ്പ് വർഷത്തെ പുതുക്കിയ ബജറ്റിൽ ഇതിനായി 50 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. മലയാള സിനിമയുടെ നിർമ്മാണത്തിനുള്ള സൗകര്യങ്ങളിൽ വൻ കുതിച്ചുചാട്ടം ലക്ഷ്യമിട്ടുകൊണ്ട് തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റിയായി മാറ്റുവാനുള്ള പദ്ധതിക്കും ആരംഭം കുറിച്ചിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

27 (*387) ശ്രീ. എം. സ്വരാജ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിച്ചു വരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഈ ആനുകൂല്യങ്ങളിൽ വരുത്തിയ വർദ്ധനവ് എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയായിരുന്നത് എത്രയെന്നും അത് നൽകാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അനുവദിച്ചുവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. പ്രീമെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)
5. 9, 10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS)
6. ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ് (2.5 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ളവർക്ക്)
7. സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് 5,500 രൂപ
8. ലാപ്ടോപ്പ് വാങ്ങുന്നതിന് 25,000 രൂപ
9. പ്രാരംഭച്ചെലവുകൾ
10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കായുള്ള ധനസഹായം
11. അയ്യങ്കാളി ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കീം
12. വിഷൻ 2013 - മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി
13. പ്രത്യേക പ്രോത്സാഹന സമ്മാനം (എസ്.എസ്.എൽ.സി., പ്ലസ് ടു, ടി.ടി.സി., ഡിപ്ലോമ, ഡിഗ്രി, പി.ജി. പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക്)
14. ബുക്ക് ബാങ്ക് സ്കീം (50% CSS)

പട്ടികവർഗ്ഗ നഴ്സറി സ്കൂൾ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് മാത്രം നൽകിവരുന്നു. പട്ടികവർഗ്ഗ പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകിവരുന്നു. വാർഷിക കുടുംബ വരുമാനം രണ്ടര ലക്ഷം രൂപവരെയുള്ള 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രതിവർഷം 1500 രൂപ സ്കോളർഷിപ്പും ബുക്സ് തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് 750 രൂപ ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ചുപഠിക്കുന്ന വിദ്യാർത്ഥികൾക്ക് 1000 രൂപയും നൽകുന്നുണ്ട്.

പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട

വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും വാർഷിക ലംപ്സം ഗ്രാന്റും, പ്രതിമാസ സ്റ്റൈപ്പന്റും നൽകിവരുന്നു. സർക്കാർ/സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ എല്ലാ കോഴ്സുകൾക്കും പ്രസ്തുത ആനുകൂല്യം നൽകുന്നുണ്ട്. കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ചുപഠിക്കുന്നവർക്ക് യഥാർത്ഥ താമസ-ഭക്ഷണച്ചെലവും പോക്കറ്റ് മണിയും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ചുപഠിക്കുന്ന വിദ്യാർത്ഥികൾക്ക് 3500 രൂപ വീതം നൽകുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പെരിപ്പതറ്റിക് സെന്റർ, ഏകാദ്ധ്യാപക വിദ്യാലയം എന്നിവിടങ്ങളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും നൽകുന്നു.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പ്രീമെട്രിക്, പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും 25 ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. (സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

(സി) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രീമെട്രിക് വിദ്യാർത്ഥികൾക്കും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങളിൽ കുടിശ്ശികയുണ്ടായിരുന്നില്ല.

പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിലുണ്ടായിരുന്ന കുടിശ്ശിക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| എസ്.സി. | - | 26.30 കോടി |
| ഒ.ഇ.സി. | - | 116.60 കോടി |
| എസ്.ഇ.ബി.സി. | - | 30.38 കോടി |
| ഒ.ബി.സി. | - | 16.06 കോടി |

കുടിശ്ശിക നൽകുന്നതിന് എസ്.സി. വിഭാഗത്തിന് 100 കോടി രൂപയും ഒ.ഇ.സി./ഒ.ബി.സി./എസ്.ഇ.ബി.സി. വിഭാഗങ്ങൾക്കായി 120 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

**ധന്വന്തരി സ്ഥാപനങ്ങളുടെ പ്രവർത്തനം**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

28 (*388) ശ്രീ. ബി. സത്യൻ:

ശ്രീ. പി. ഉണ്ണി:

ശ്രീ. ജോർജ് എം. തോമസ്:

ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ടവർക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്ന 'ധന്വന്തരി' സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ഈ സ്ഥാപനങ്ങൾക്കായി സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(സി) ഇവയുടെ പ്രവർത്തനത്തിൽ സർക്കാരിനുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണ്;

(ഡി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പാക്കാനായി സർക്കാരിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനും കാലാകാലങ്ങളിൽ ജില്ലാ കളക്ടർ തീരുമാനിക്കുന്ന ഒരു ഉദ്യോഗസ്ഥൻ സെക്രട്ടറിയും ആരോഗ്യം, പട്ടികജാതി വികസനം, ആസൂത്രണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങുന്ന ഭരണ സമിതിയുമാണ് ധന്വന്തരി കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നത്. നിലവിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ ധന്വന്തരി കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രങ്ങളിൽ ഭൂരിഭാഗം പട്ടികജാതിക്കാരും നിർദ്ധനരായ മറ്റ് വിഭാഗക്കാരുമാണ് ജോലി ചെയ്തുവരുന്നത്.

(ബി) ധന്വന്തരി കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി ഫണ്ട് അനുവദിക്കുന്നതിന് വകുപ്പുതലത്തിൽ പ്രത്യേക പദ്ധതി നിലവിലില്ല. ധന്വന്തരി കേന്ദ്രങ്ങളുടെ പ്രവർത്തനംമൂലമുണ്ടാകുന്ന ഫണ്ട് വിനിയോഗിച്ചാണ് കേന്ദ്രത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തപ്പെടുന്നത്. എന്നാൽ ചില ജില്ലകളിൽ ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനുമായ

ജില്ലാതല കമ്മിറ്റി പ്രത്യേക ഘടക പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ധന്വന്തരി കേന്ദ്രങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഫണ്ട് അനുവദിക്കുന്നുണ്ട്.

(സി) ജില്ലാ കളക്ടർ അദ്ധ്യക്ഷനും പട്ടികജാതി വികസനം ഉൾപ്പെടെയുള്ള വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ അംഗങ്ങളുമായ ജില്ലാതല കമ്മിറ്റിയാണ് ധന്വന്തരി കേന്ദ്രങ്ങൾ നിലവിലുള്ള ജില്ലകളിൽ പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്.

(ഡി) കളക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റിക്ക് ഇത് സംബന്ധിച്ച് നിർദ്ദേശം നൽകുന്നതാണ്.

**ക്ഷീരകർഷക സഹായ പദ്ധതികൾ**

29 (*389) <u>ശ്രീ. എസ്. രാജേന്ദ്രൻ:</u>

<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u>

<u>ശ്രീ. ഡി. കെ. മുരളി:</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്കുവേണ്ടി ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പാക്കുന്നതിനും തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനുമായി എന്തൊക്കെ പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ;

(ബി) മറ്റു സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നവയുൾപ്പെടെയുള്ള പാലിന്റെയും മറ്റ് ക്ഷീരോല്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ക്ഷീര സഹകരണ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനും പദ്ധതികൾ ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>):

(എ) സംസ്ഥാനത്ത് ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള കേരളാ ഫീഡ്സ് എന്ന സ്ഥാപനവും കൂടാതെ സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും കാലിത്തീറ്റ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. കാലിത്തീറ്റയുടെ ഗുണമേന്മ പരിശോധിക്കുന്നതിന് ക്ഷീര വികസന വകുപ്പിന്റെ കീഴിൽ NABL (National Accreditation Board for Testing and Calibration Laboratories) അക്രെഡിറ്റേഷനോടുകൂടിയ ലാബും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്.

2016-17 വർഷം 2045 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് 20,000 രൂപ സബ്സിഡി നൽകുന്നു. കൂടാതെ പുൽകൃഷിയ്ക്ക് ആവശ്യമായ ജലസേചനം ഒരുക്കുന്നതിനും യന്ത്രവൽക്കരണത്തിനും ധനസഹായം നൽകുന്നു. കൂടാതെ അഞ്ച് വനിതകൾ അടങ്ങിയ സ്വാശ്രയ ഗ്രൂപ്പുകൾക്ക് ചുരുങ്ങിയത് ഒരേക്കർ സ്ഥലത്ത് പുൽകൃഷി നടത്തുന്നതിന് 'ഗോപാലിക' പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നുണ്ട്. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ കീഴിലുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികളിൽ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം കർശനമായ പരിശോധനകൾക്ക് വിധേയമാക്കിയതിനുശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. കാലിത്തീറ്റ ഫാക്ടറികളുടെ പഴക്കംചെന്ന യന്ത്രസാമഗ്രികൾ മിക്കവയും അത്യാധുനിക യന്ത്രസാമഗ്രികളാൽ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇത് ഫാക്ടറികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. മിൽമയുടെ കീഴിലുള്ള 3 മേഖലാ യൂണിയനുകൾ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാൽ, പാലുല്പന്നങ്ങൾ എന്നിവയുടെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബിൽ പരിശോധന നടത്താറുണ്ട്. കൂടാതെ സ്ഥിരമായി മാർക്കറ്റ് സാമ്പിളുകൾ ശേഖരിച്ച് ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന പരിശോധിച്ച് പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്താറുണ്ട്. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പുതിയതായി തുടങ്ങിയ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സേവനവും പരിശോധനയ്ക്കായി ഉപയോഗപ്പെടുത്തുന്നതാണ്. പ്രത്യേകമായി ഓണക്കാലത്ത് ഇതര സംസ്ഥാന പാൽ പരിശോധനയ്ക്കായി ചെക്ക്പോസ്റ്റിൽ സംവിധാനം ഏർപ്പെടുത്താറുണ്ട്.

(സി) ക്ഷീരസഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി 2016-17-ൽ 1950 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശുചിത്വമുള്ള പാൽ സംഭരണ മുറി, ഗോഡൗൺ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ നിർമ്മിക്കുന്നതിനും AMCU (Automatic Milk Collection Unit) സ്ഥാപിക്കുന്നതിനും ഇതര ആവശ്യങ്ങൾക്കുമായി ധനസഹായം നൽകുന്നു. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരോല്പാദക സംഘങ്ങൾക്ക് കമ്പ്യൂട്ടർവൽക്കരണം, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, കെട്ടിട നിർമ്മാണം, ബി.എം.സി. (ബൾക്ക് മിൽക്ക് കൂളർ യൂണിറ്റ്) സ്ഥാപിക്കൽ, പ്രവർത്തന ഫണ്ടിനായി ധനസഹായം എന്നിവ നൽകിവരുന്നുണ്ട്.

**വനംകൊള്ള**

30 (*390) ശ്രീ. കെ. എം. ഷാജി :

ശ്രീ. പാറക്കൽ അബ്ദുല്ല :

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംകൊള്ള വീണ്ടും സജീവമായെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) മറയൂരിൽ വീണ്ടും ചന്ദനക്കടത്ത് വ്യാപകമായതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കമോ;

(സി) ചന്ദനത്തോടൊപ്പം, വനം വകുപ്പ് വെട്ടിസൂക്ഷിച്ചിട്ടുള്ള മരങ്ങൾ കടത്താനും വനം മാഫിയ ശ്രമം നടത്തുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ശ്രദ്ധയിൽ വന്നിട്ടില്ല.

(ബി) മറയൂരിൽ ചന്ദനക്കടത്ത് വ്യാപകമായിട്ടില്ല. 2015-ന് അപേക്ഷിച്ച് 2016 വർഷം മറയൂരിൽ ചന്ദനം കേസ്സുകളിൽ കുറവ് വന്നിട്ടുണ്ട്. ചന്ദന മേഖല ബ്ലോക്കായി തിരിച്ച് ഓരോ ബ്ലോക്കിലും സംരക്ഷണ ഉദ്യോഗസ്ഥരെ നിയമിച്ച് രാത്രിയും പകലും നിരന്തരം പട്രോളിംഗ് നടത്തി ചന്ദന മരങ്ങളെ സംരക്ഷിച്ചുവരുന്നു. കൂടാതെ മോഷണ സാധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ വേലികെട്ടി സംരക്ഷണം ഉറപ്പാക്കുന്നു. രാത്രികാലങ്ങളിൽ റോഡ് പട്രോളിംഗും വാഹന പരിശോധനയും നടത്തിവരുന്നു. പരിശീലനം സിദ്ധിച്ച ഡോഗ് സ്ക്വാഡിന്റെ പ്രവർത്തനവും ഇതിനായി ഉപയോഗിച്ചുവരുന്നു.

(സി) ചന്ദനമരമോ മറ്റ് മരങ്ങളോ വെട്ടി കടത്തുന്നത് തടയുന്നതിന് യഥാസമയം വനമേഖലകളിൽ പട്രോളിംഗ് നടത്തുകയും കുറ്റകൃത്യങ്ങൾ തടയുന്നതിന് സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വനം വകുപ്പ് വെട്ടി സൂക്ഷിക്കുന്ന ചന്ദനമരങ്ങളും ചന്ദന തൊണ്ടിയും സൂക്ഷിക്കുന്ന മറയൂർ ചന്ദന ഡിപ്പോയിൽ ആവശ്യമായ സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനത്തിൽ വേണ്ട ശക്തിപ്പെടുത്തലുകളും നടത്തിവരുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**ജോലി ലഭിക്കുന്നതിന് പരിശീലനം**

1 (3270) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിലെയും മറ്റ് പിന്നാക്ക വിഭാഗങ്ങളിലെയും വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ്, ബാങ്കിംഗ്, സർക്കാർ സർവ്വീസ് ഉടങ്ങിയ വിവിധ മേഖലകളിൽ ജോലി ലഭിക്കുന്നതിന് സഹായകരമാകുന്ന തരത്തിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിലേയ്ക്കായി സമയബന്ധിത നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി നടപടി സ്വീകരിക്കുന്നതാണ്.

**ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി വിഭാഗക്കാർ**

2 (3271) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം വ്യക്തമാക്കുമോ; ഭൂമി സ്വന്തമായുള്ള ഭവനരഹിതരായ ആളുകളുടെ വിശദാംശങ്ങൾ (എണ്ണം) ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) പട്ടികജാതി വകുപ്പിൽനിന്നും പ്രസ്തുത വിഭാഗത്തിന് കൊടുക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ ഇനം തിരിച്ചുള്ള വിശദമായ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭൂരഹിതരായി 26198 പേരും ഭൂമി ഉണ്ടായിട്ടും വീടില്ലാത്തവരായി 18710 പേരും ഉള്ളതായി കണക്കാക്കിയിരിക്കുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിൽ പ്രസ്തുത വിഭാഗത്തിന് കൊടുക്കുന്ന ആനുകൂല്യങ്ങളുടെ കണക്ക് (വിദ്യാർത്ഥികളുടെ എണ്ണമനുസരിച്ച്) ഓരോ വർഷവും വ്യത്യസ്തമാണ്. എങ്കിലും 2015-16 സാമ്പത്തിക വർഷം നൽകിയ ആനുകൂല്യങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| ട്യൂഷൻ ഫീസ് | 70,44,70,541 രൂപ |
| പരീക്ഷാ ഫീസ് | 8,28,66,357 രൂപ |
| സ്പെഷ്യൽ ഫീസ് | 13,32,86,794 രൂപ |
| എ.ബി.എൽ.സി. | 28,91,18,294 രൂപ |
| ഇംപ്രൂവ്മെന്റ് ഫീസ് | 38,24,420 രൂപ |
| ലംപ്സം ഗ്രാന്റ് | 13,44,77,446 രൂപ |
| സ്റ്റൈപ്പന്റ് | 59,31,59,701 രൂപ |
| പോക്കറ്റ് മണി | 1,62,84,295 രൂപ |
| പേയിംഗ് ഗസ്റ്റ് ഫീ | 2,52,46,487 രൂപ |
| കണ്ടിൻജൻസി ഗ്രാന്റ് + പ്രോജക്ട് | 11,72,65,665 രൂപ |
| ആകെ | 2,10,00,00,000 രൂപ |

**എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട തെയ്യം കലാകാരന്മാർക്ക് സാമ്പത്തിക സഹായം**

3 (3272) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ട തെയ്യം കലാകാരൻമാർക്ക് തെയ്യം കലയുമായി ബന്ധപ്പെട്ട അണിയറ സാധനങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത കലാകാരന്മാരെ സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഇത്തരം പ്രത്യേക പദ്ധതി നിലവിലില്ല.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കലാകാരന്മാരും ഗ്രൂപ്പുകളും വാദ്യോപകരണങ്ങൾ, തെയ്യച്ചമയങ്ങൾ എന്നിവ വാങ്ങുന്നതിന് ജില്ലാതല സമിതിക്ക് സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ എസ്.സി.എ. ടു എസ്.സി.എസ്.പി. പദ്ധതിയിൽ ഉൾപ്പെടുത്തി പരിഗണിച്ചുവരുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന തെയ്യം കലാകാരന്മാർ ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ / ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന അപേക്ഷ സമർപ്പിക്കുന്നപക്ഷം സഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**എസ്.സി. ഭവന നിർമ്മാണം - മുഴുവൻ തുകയും ലഭിക്കുന്നതിന് നടപടി**

4 (3273) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ഭവന നിർമ്മാണത്തിന് നിലവിൽ എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിൽ മുഴുവൻ തുകയും അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) ബാക്കി തുക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3,00,000 രൂപയും ദുർബല വിഭാഗ ഭവനപുനരധിവാസ പദ്ധതി പ്രകാരം 3,50,000 രൂപയുമാണ് അനുവദിക്കുന്നത്.

(ബി) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം മുഴുവൻ തുകയും ഒരുമിച്ച് അനുവദിക്കാൻ നിർവ്വാഹമില്ല. ഭവന നിർമ്മാണത്തിനായി അനുവദിക്കുന്ന തുക 4 ഗഡുക്കളായിട്ടാണ് അനുവദിക്കുന്നത്. നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് അടുത്ത ഘട്ടത്തിനുള്ള തുക മുൻകൂറായി അനുവദിച്ച് നൽകുന്നുണ്ട്.

(സി) ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് അടുത്ത ഘട്ടം പണിക്കുള്ള തുക മുൻകൂറായി അനുവദിച്ചുനൽകുന്നുണ്ട്.

## അൽ-നൂർ ഐ.ടി.ഐ.-യിൽ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

5 (3274) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളിയിൽ പ്രവർത്തിക്കുന്ന അൽ-നൂർ-ഐ.ടി.ഐ.-യിൽ പഠിക്കുന്ന 9 എസ്.സി. വിദ്യാർത്ഥികൾ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി തൃശ്ശൂർ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ നൽകിയിട്ടും നാളിതുവരെ സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. സ്വകാര്യ സ്വാശ്രയ/അൺ എയ്ഡഡ് സ്ഥാപനങ്ങൾ

നടത്തിവരുന്ന കെ.ജി.സി.ഇ. കോഴ്സകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകാൻ നിലവിലുള്ള ഉത്തരവുകൾ പ്രകാരം സാധ്യമല്ലാത്തതിനാൽ ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

**ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി പട്ടികജാതി കോളനികളുടെ വികസനം**

6 (3275) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും ജില്ലയിൽ ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി പട്ടികജാതി കോളനികളുടെ വികസനത്തിനായുള്ള പ്രവൃത്തികൾക്ക് എ.എസ്. ലഭിച്ചിട്ടുണ്ടോ; പ്രവൃത്തികൾ നടന്നുവരുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളുടെ ഡി.പി.ആർ. പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) പട്ടികജാതി കോളനികളുടെ വികസനത്തിനായി സംസ്ഥാനത്ത് നടന്നുവരുന്ന വ്യത്യസ്തവും നൂതനവുമായ പദ്ധതികളുടെ വിശദാംശം, പദ്ധതികൾ തയ്യാറാക്കിയത് ആര് എന്നിവ വിശദമാക്കുമോ?

ഉത്തരം

(എ) ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി പട്ടികജാതി കോളനികളുടെ വികസനത്തിനായുള്ള പ്രവൃത്തികൾ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്നില്ല.

(ബി) പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം അമ്പതോ അതിലധികമോ പട്ടികജാതിക്കാർ താമസിക്കുന്ന കോളനികളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിൽ പരമാവധി ഒരു കോടി രൂപ വരെ ചെലവഴിച്ച് സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ വഴി വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പട്ടികജാതി വികസന വകുപ്പാണ് പദ്ധതികൾ തയ്യാറാക്കിയത്.

**സ്വയം പര്യാപ്ത പട്ടികജാതി-പട്ടികവർഗ്ഗ കോളനി പദ്ധതി**

7 (3276) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത പട്ടികജാതി - പട്ടികവർഗ്ഗ കോളനി എന്ന പദ്ധതി പ്രകാരം മുൻ സർക്കാരിന്റെ കാലത്ത് കാസർഗോഡ് അസംബ്ലി മണ്ഡലത്തിൽ എത്ര പദ്ധതികളാണ് അനുവദിച്ചത്; എത്ര കോടി രൂപ ഇതിനായി നീക്കിവച്ചു; ഏതെല്ലാം പഞ്ചായത്തിലെ ഏതെല്ലാം കോളനികളെയാണ് ഇതിനായി

തെരഞ്ഞെടുത്തത്;

(ബി) സ്വയംപര്യാപ്ത പട്ടികജാതി - പട്ടികവർഗ്ഗ കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ കാസർഗോഡ് മണ്ഡലത്തിൽ ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചത്; ഈ ഏജൻസികൾ ഇവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് 'സ്വയംപര്യാപ്ത ഗ്രാമം' പദ്ധതി പ്രകാരം കാസർഗോഡ് അസംബ്ലി മണ്ഡലത്തിൽ ഒരു പദ്ധതി അനുവദിച്ചു. ഇതിനായി 1,00,00,000 രൂപ നീക്കിവച്ചു.

കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ 'അമോയ്' കോളനിയെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. പട്ടികവർഗ്ഗ വികസന വകുപ്പ് ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി) ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സർക്കാർ അക്രഡിറ്റഡ് ഏജൻസിയെയാണ് നിർമ്മാണ പ്രവൃത്തികൾ ഏല്പിച്ചത്. ഇവർ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

(സി) പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സ്വയം തൊഴിലിനുള്ള വായ്പ**

8 (3277) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം തൊഴിലിനുവേണ്ടി പട്ടികജാതി വികസന വകുപ്പ് നൽകുന്ന വായ്പ ലഭിക്കുന്നതിനുള്ള പ്രായപരിധി 55 വയസ്സ് ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പിന്നോക്കസമുദായക്ഷേമ വകുപ്പ് പ്രസ്തുത ലോൺ നൽകുന്നതിനുള്ള പ്രായപരിധി 55 വയസ്സായി നിജപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വയംതൊഴിലിനുവേണ്ടി പട്ടികജാതി വികസന വകുപ്പ് നിലവിൽ വായ്പാ പദ്ധതികളൊന്നും നടപ്പിലാക്കിവരുന്നില്ല. എന്നാൽ അഭ്യസ്തവിദ്യരായ പട്ടികജാതി യുവതീയുവാക്കൾ സ്വയം തൊഴിൽ പദ്ധതിക്കായി ബാങ്കുകളിൽ നിന്നും സ്വീകരിക്കുന്ന വായ്പയുടെ 1/3 തുക (പരമാവധി 1,00,000 രൂപ) ബന്ധപ്പെട്ട ഗുണഭോക്താവ് സ്വയംതൊഴിൽ സംരംഭം ആരംഭിച്ചുവെന്ന കാര്യം ഉറപ്പുവരുത്തി സബ്സിഡിയായി ബാങ്കിന് അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രായപരിധി 50 വയസ്സാണ്.

(ബി) പിന്നാക്ക സമുദായ ക്ഷേമ വകുപ്പിന് നിലവിൽ സ്വയംതൊഴിൽ പദ്ധതിയില്ല. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സ്വയം തൊഴിൽ പദ്ധതിയുടെ പ്രായപരിധി 55 വയസ്സാണ്.

**ഇന്ദിര ആവാസ് യോജന**

9 (3278) <u>ശ്രീ. കെ. ദാസൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന ഉൾപ്പെടെ വിവിധ പദ്ധതികളിൽ വീട് നിർമ്മാണത്തിന് ധനസഹായം ലഭിച്ചെങ്കിലും ജീവിത പ്രയാസങ്ങളാൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെ കഷ്ടപ്പെടുന്ന എത്ര പട്ടികജാതി കുടുംബങ്ങൾ സംസ്ഥാനത്തുണ്ട് എന്നത് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ ഇത്തരം എത്ര കുടുംബങ്ങൾ ഉണ്ട്; പഞ്ചായത്ത്, നഗരസഭ അടിസ്ഥാനത്തിൽ പേരു വിവരം ഉൾപ്പെടെ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**പട്ടിക വിഭാഗക്കാരുടെ പുരോഗതി**

10 (3279) <u>ശ്രീ. സി. ദിവാകരൻ :</u>

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവിഭാഗത്തിൽപ്പെട്ട ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി കേരളപ്പിറവി മുതൽ കാലാകാലങ്ങളിൽ വിവിധ സർക്കാരുകൾ പല പദ്ധതികളും നടപ്പിലാക്കിയെങ്കിലും ഈ ജനവിഭാഗത്തിന്റെ ജീവിത നിലവാരത്തിൽ കാര്യമായ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണങ്ങൾ വിശദമാക്കുമോ;

(ബി) പട്ടിക വിഭാഗക്കാരുടെ സർവ്വതോന്മുഖമായ പുരോഗതി നടപ്പിലാക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ അവരുടെ കടമകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമുണ്ടോ;

(സി) പട്ടിക വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികളുടെ ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികവിഭാഗത്തിൽപ്പെട്ട ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി കേരളപ്പിറവി മുതൽ കാലാകാലങ്ങളിൽ വിവിധ സർക്കാരുകൾ പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ഈ ജനവിഭാഗത്തിന്റെ ജീവിത നിലവാരത്തിൽ കാര്യമായ മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് വിലയിരുത്തിയിട്ടില്ല. എന്നാൽ പുരോഗതിയുണ്ടായിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. പട്ടിക വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി അവരുടെ ജീവിത നിലവാരത്തിൽ പുരോഗതി ഉണ്ടായതായി പട്ടിക വിഭാഗക്കാരുടെ സർവ്വേ റിപ്പോർട്ടിലും വിവിധ പഠന റിപ്പോർട്ടുകളിലും കണ്ടെത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വകുപ്പ് മുഖാന്തരം അനുവദിച്ച് നൽകുന്ന വിവിധ പദ്ധതികളുടെ

ധനസഹായം ഗുണഭോക്താക്കൾക്ക് കാലതാമസം കൂടാതെ ലഭിക്കുന്നതിനും ആയത് വിനിയോഗിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അവരുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി വിലയിരുത്തുകയും ചെയ്യുന്നു. എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാർക്കും ബാങ്ക് അക്കൗണ്ട് ഉറപ്പുവരുത്തി ആനുകൂല്യങ്ങൾ അവരുടെ അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമാവധി ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിലൂടെ പദ്ധതി നടത്തിപ്പിൽ സുതാര്യത കൈവരിക്കാൻ കഴിയും. കൂടാതെ എല്ലാവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളും മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങളുടെ വിതരണവും സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പിന്റെ മോണിറ്ററിംഗ് സംവിധാനവും ജില്ലാതല മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയും ഊരുകൂട്ടങ്ങളുടെ പ്രവർത്തനവും സോഷ്യൽ ഓഡിറ്റും ശക്തിപ്പെടുത്തിയും പദ്ധതികളുടെ ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതാണ്.

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

11 (3280) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് നൽകുമോ;

(ബി) പട്ടികജാതിക്കാരുടെ എണ്ണത്തിൽ മലപ്പുറം ജില്ല എത്രാം സ്ഥാനത്താണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിവരം ലഭ്യമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്.(മോഡൽ റസിഡൻസിഷ്യൽ സ്കൂൾ), ഐ.ടി.ഐ., പോളിടെക്നിക് എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ)പട്ടികജാതി വികസന വകുപ്പിന് കീഴിൽ 10 എം.ആർ.എസ്.-കൾ പ്രവർത്തിക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 1 (സ്പോർട്സ്) |
| ആലപ്പുഴ | 1 |
| ഇടുക്കി | 1 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 2 |
| കാസർഗോഡ് | 1 |
| കോഴിക്കോട് | 1 |
| എറണാകുളം | 1 |

(ബി) 2011 കാനേഷുമാരി കണക്കനുസരിച്ച് കേരള സംസ്ഥാനത്ത് പട്ടികജാതിക്കാരുടെ എണ്ണത്തിൽ മലപ്പുറം ജില്ല അഞ്ചാം സ്ഥാനത്താണ്.

(സി) വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ എം.ആർ.എസ്. പ്രവർത്തിക്കുന്നില്ല. ജില്ലയിൽ വകുപ്പിന് കീഴിൽ പൊന്നാനി കേരളാധീശ്വരപുരം, പാണ്ടിക്കാട് എന്നീ ഐ.റ്റി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ട്.

## സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന എസ്.സി./എസ്.ടി. കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

12 (3281) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന എസ്.സി./എസ്.ടി. കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കഴിഞ്ഞ അഞ്ച് വർഷമായി നൽകുന്നില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സംസ്ഥാന സ്വാശ്രയ മെഡിക്കൽ കോളേജിൽ പഠിക്കുന്ന എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് നിലവിൽ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകാത്തതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അംഗീകൃത സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന 2.5 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് നൽകുന്നുണ്ട്.

എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച 2-7-2009-ലെ സ.ഉ.(പി) 50/2009/പജപവവിവ ഉത്തരവിലെ സെക്ഷൻ C(iii) പ്രകാരം സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്നവർക്ക് യാതൊരുവിധ ആനുകൂല്യവും നൽകാൻ വ്യവസ്ഥയില്ല.

(ബി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സർക്കാർ മെരിറ്റ്/ റിസർവ്വേഷൻ സീറ്റുകളിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നുണ്ട്.

(സി&ഡി) എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച 02-07-2009-ലെ സ.ഉ.(പി)50/2009/പജപവവിവ ഉത്തരവിലെ സെക്ഷൻ C(iii) പ്രകാരം സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകാൻ നിർവ്വാഹമില്ല. എന്നാൽ 2.5 ലക്ഷം രൂപയിൽത്താഴെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ് ലഭിക്കുന്നതിന് തടസ്സമില്ല.

**കോതമംഗലം മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ**

13 (3282) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ കോളനിയിലും എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട് എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോതമംഗലം മണ്ഡലത്തിൽ 140 പട്ടികജാതി കോളനികളും 11 പട്ടികവർഗ്ഗ കോളനികളുമുണ്ട്.

(ബി) പട്ടികജാതി കോളനികളിലെ കുടുംബങ്ങളുടെ വിശദാംശം അനുബന്ധം I ആയും പട്ടികവർഗ്ഗ കോളനികളിലെ കുടുംബങ്ങളുടെ വിശദാംശം അനുബന്ധം II ആയും ചേർക്കുന്നു.*

## അൽ-നൂർ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് & ഐ.ടി.ഐ.

14 (3283) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളിയിൽ 15 വർഷത്തിലേറെയായി സർക്കാർ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്ന അൽ-നൂർ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് & ഐ.റ്റി.ഐ. എന്ന സ്ഥാപനത്തിലെ പട്ടികജാതി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഈ സ്ഥാപനത്തിന്റെ അംഗീകാരത്തിന് പട്ടികജാതി വികസന ഡയറക്ടർ മുൻപ് എന്നെങ്കിലും റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ?

ഉത്തരം

(എ) റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിരുന്നു.

(ബി) എഞ്ചിനീയറിംഗ്/നോൺ എഞ്ചിനീയറിംഗ് മേഖലയിലുള്ള പുതിയ സ്ഥാപനങ്ങളുടെ ശിപാർശ (കെ.ജി.സി.ഇ. കോഴ്സുകൾ) സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതിനാൽ റിപ്പോർട്ട് നിരസിച്ചിരുന്നു.

## വാഴക്കുളം പഞ്ചായത്തിൽ പട്ടികജാതിക്കാർക്ക് സ്ഥലം വാങ്ങിയതുമായി ബന്ധപ്പെട്ട അഴിമതി

15 (3284) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-2009 കാലയളവിൽ എറണാകുളം ജില്ലയിലെ വാഴക്കുളം പഞ്ചായത്തിൽ പട്ടികജാതിക്കാർക്ക് സ്ഥലം വാങ്ങിയതുമായി ബന്ധപ്പെട്ട അഴിമതി ആരോപണം സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നോ;

(ബി) പ്രസ്തുത അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരവാദികളായ വ്യക്തികൾക്കെതിരെ നടപടി സ്വീകരിക്കുമോ?

(സി) പ്രസ്തുത സ്ഥലത്ത് പട്ടികജാതിക്കാർക്കായി നിർമ്മിച്ച വീടുകൾ വഴിസൗകര്യം ഒട്ടും തന്നെ ഇല്ലാത്തതിനാൽ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥലത്ത് വഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

<u>ഉത്തരം</u>

(എ) നടത്തിയിരുന്നു.

(ബി) അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്.

**ഭൂരഹിതരായ പട്ടികവിഭാഗക്കാർക്ക് നൽകുന്ന ഭവന പദ്ധതികൾ**

16 (3285) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവിഭാഗക്കാർക്ക് നൽകുന്ന ഭവന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് ഭൂരഹിതരായ പട്ടികവിഭാഗക്കാർക്ക് സ്ഥലം കണ്ടെത്തി വിതരണം ചെയ്യുവാനുള്ള നടപടികൾ ആരംഭിച്ചതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കായി നിലവിലുള്ള ഭവന പദ്ധതികൾ ഏതെല്ലാം;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം കോട്ടക്കൽ നിയോജക മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; അതിൽ എത്ര എണ്ണം അനുവദിച്ചു ;വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനും സ്വന്തമായി ഭൂമിയുള്ളവർക്ക് അതിൽ വീട് നിർമ്മിക്കുന്നതിനുമായി 3 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിലെ ദുർബ്ബല വിഭാഗക്കാർക്ക് വീട് വയ്ക്കുന്നതിന് 3.5 ലക്ഷം രൂപയും അനുവദിക്കുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ നിലവിലുണ്ട്.

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതി പ്രകാരം ഭൂമി വാങ്ങിനൽകുന്നുണ്ട്. ഇത്തരത്തിൽ ഭൂമി ലഭ്യമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സർക്കാർ വിഭാവന ചെയ്യുന്ന വിവിധ പദ്ധതികളായ ജനറൽ ഹൗസിംഗ്, എ.ടി.എസ്.പി. ഭവനനിർമ്മാണം, ഹഡ്കോ ഭവന നിർമ്മാണം എന്നിവ വഴി ഭവനനിർമ്മാണം നടത്തിവരുന്നു.

(ബി) ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് സ്ഥലം കണ്ടെത്തി ഭൂമി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല.

2013-14 സാമ്പത്തികവർഷം ആരംഭിച്ച "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതി പ്രകാരം നാളിതുവരെയായി അർഹരായ 558 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 195.458 ഏക്കർ ഭൂമി 51,03,37,062 രൂപ ചെലവഴിച്ച് വാങ്ങി നൽകിയിട്ടുണ്ട്.

(സി) പട്ടികജാതി വിഭാഗക്കാർക്കായി ഭവന നിർമ്മാണ ധനസഹായ പദ്ധതി, ദുർബ്ബല വിഭാഗ പുനരധിവാസ പദ്ധതി എന്നീ ഭവന നിർമ്മാണ പദ്ധതികൾ നിലവിലുണ്ട്.

ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ജനറൽ ഹൗസിംഗ് സ്കീം, എ.ടി.എസ്.പി. ഭവന നിർമ്മാണ പദ്ധതി, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി എന്നീ പദ്ധതികൾ പ്രകാരം വീട് അനുവദിച്ചുവരുന്നു.

(ഡി) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | ലഭിച്ച അപേക്ഷകളുടെ എണ്ണം | അനുവദിച്ച വീടുകളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | എടയൂർ | 7 | 7 |
| 2 | ഇരിമ്പിളിയം | 9 | 9 |
| 3 | കോട്ടയ്ക്കൽ | 8 | 3 |
| 4 | കുറ്റിപ്പുറം | 9 | 9 |
| 5 | മാറാക്കര | 7 | 3 |
| 6 | പൊന്മള | 5 | 3 |
| 7 | വളാഞ്ചേരി | 8 | 8 |

കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ഭവനനിർമ്മാണത്തിനായി അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

**പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ**

17 (3286) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ ഉദ്യോഗസ്ഥതലത്തിലെ വീഴ്ചമൂലം അർഹതപ്പെട്ടവർക്ക് കിട്ടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ എന്തെങ്കിലും നിയമനിർമ്മാണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വീടില്ലാത്ത പാവപ്പെട്ട പട്ടികജാതിക്കാർക്ക് വീട് പണിത് നൽകാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ഡി) ഓരോ നിയോജക മണ്ഡലങ്ങളിലും പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി വിവിധ തരം പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പട്ടികജാതി/പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികളുടെ വിവിധ വിദ്യാഭ്യാസത്തിനായുള്ള ആനുകൂല്യം കൂട്ടുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉദ്യോഗസ്ഥതലത്തിൽ വീഴ്ചയുണ്ടാവുന്നത് ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽത്തന്നെ നടപടികളെടുക്കുന്നുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്. സംസ്ഥാനത്ത് വീടില്ലാത്ത പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3,00,000 രൂപയും ദുർബ്ബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരം 3,50,000 രൂപയും അനുവദിച്ചുവരുന്നു.

(ഡി) നിയോജക മണ്ഡലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്ന രീതി നിലവിലില്ല.

(ഇ) പട്ടികജാതി-പട്ടികവർഗ്ഗ മറ്റർഹ വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം 50% വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

**പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധി**

18 (3287) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായം അനുവദിച്ചതും എന്നാൽ ലഭിക്കാത്തതുമായ എത്ര അപേക്ഷകർ കായംകുളം മണ്ഡലത്തിലുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ള അപേക്ഷകളിൽ കായംകുളം മണ്ഡലത്തിലെ അഞ്ച് ഗുണഭോക്താക്കൾക്കൊഴികെയുള്ള എല്ലാവർക്കും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ബി) ടി ഗുണഭോക്താക്കൾ മരണപ്പെട്ടതിനാൽ തുക അനന്തരാവകാശികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പട്ടികജാതി വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

19 (3288) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പട്ടികജാതി വകുപ്പിന് കീഴിൽ ഏതെല്ലാം രീതിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ;

(ബി) ഇത്തരം സ്ഥാപനങ്ങൾ തുടങ്ങുന്നതിന് പരിഗണിക്കുന്ന ഘടകങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിവിധ മത്സരപ്പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനായി നിലവിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ഇല്ലാത്ത 9 ജില്ലകളിൽക്കൂടി പി.ഇ.റ്റി.സി. ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ എണ്ണം, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലഭ്യത, പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള സ്ഥലസൗകര്യം, ഇതിനാവശ്യമുള്ള ഫണ്ട് എന്നിവയാണ് പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് പരിഗണിക്കുന്ന ഘടകങ്ങൾ.

**പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ**

20 (3289) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടത്തി വരുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കോളനിനിവാസികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ;ഇവയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അമ്പതോ അതിലധികമോ പട്ടികജാതിക്കാർ താമസിക്കുന്ന കോളനികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ പരമാവധി ഒരു കോടി രൂപ വരെ ചെലവഴിച്ച് 'സ്വയംപര്യാപ്ത ഗ്രാമം' പദ്ധതിയും അവികസിത കോളനികളിൽ 'ഗാന്ധിഗ്രാമം' പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ജില്ലകൾക്ക് വകുപ്പിൽ നിന്നനുവദിച്ചുനൽകുന്ന കോർപ്പസ് ഫണ്ടുപയോഗിച്ചും കോളനികളിൽ അടിസ്ഥാന വികസനങ്ങൾ നടപ്പിലാക്കിവരുന്നു.

നാല്പതോ അതിലധികമോ പട്ടികജാതിക്കാർ താമസിക്കുന്ന കോളനികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിൽ 'അംബേദ്കർ സ്വാശ്രയ ഗ്രാമം' പദ്ധതി നടപ്പിലാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിവരുന്നു.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ**

21 (3290) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് സമയബന്ധിതമായി വീട് നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിൽ ഭവനരഹിതരായ 99 പട്ടികജാതി കുടുംബങ്ങളും 592 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്.

(ബി) സ്വന്തമായി ഭൂമിയുള്ളവരാണോയെന്ന് പരിശോധിച്ച് ഭൂരഹിതരാണെങ്കിൽ അപേക്ഷ ലഭ്യമാക്കുന്ന മുറയ്ക്ക് ഇവർക്ക് ഭൂമി വാങ്ങാനും സ്വന്തമായി ഭൂമിയുണ്ടെങ്കിൽ വീട് നിർമ്മിക്കാനും ധനസഹായം അനുവദിക്കുന്നതാണ്.

**പട്ടികജാതി കോളനികളുടെ സമഗ്ര വികസനം**

22 (3291) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിന് കോളനിയിൽ നടപ്പാക്കേണ്ട മുഴുവൻ ജോലിയും ഏറ്റെടുക്കാൻ പ്രാപ്തമായ സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജോലികൾ പൂർണ്ണമായി ഏറ്റെടുക്കുന്ന ഏതെങ്കിലും സർക്കാർ അംഗീകൃത ഏജൻസി നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഏതെങ്കിലും അർദ്ധ സർക്കാർ സ്ഥാപനത്തിന് ടി ജോലികൾ ഏറ്റെടുക്കുന്നതിന് അനുമതിയുണ്ടോ; ഉണ്ടെങ്കിൽ സ്ഥാപനത്തിന്റെ പേര് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിന് കോളനിയിൽ നടപ്പാക്കേണ്ട മുഴുവൻ ജോലിയും ഏറ്റെടുക്കാൻ പ്രാപ്തമായ സംവിധാനം നിലവിലില്ല.

(ബി) പ്രസ്തുത ജോലികൾ പൂർണ്ണമായും ഏറ്റെടുക്കുന്നത് സർക്കാർ അക്രഡിറ്റഡ് ഏജൻസികളാണ്.

(സി) ടി ജോലികൾ ഏറ്റെടുക്കുന്നതിന് അർദ്ധ സർക്കാർ സ്ഥാപനത്തിന് അനുമതി നൽകിയിട്ടില്ല.

**പട്ടികജാതി വിഭാഗത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

23 (3292) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; ഇതിന്റെ വിശദമായ കണക്ക് ലഭ്യമാക്കുമോ;

(ബി) എങ്കിൽ പട്ടികജാതി വിഭാഗത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മിനിമം 1000 രൂപയാക്കി മാറ്റണം എന്ന ആവശ്യം പരിഗണിക്കുമോ; ഈ തുകയിലേക്ക് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ വിദ്യാഭ്യാസാനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*) ഇപ്പോൾ 25% വർദ്ധിപ്പിച്ച് ഉത്തരവായി.

(ബി) നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യത്തിന്റെ 50% വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

**അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

24 (3293) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ആവിഷ്കരിച്ചുവരുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ**

25 (3294) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ആയതിൽ സ്വന്തമായി സ്ഥലം, വീട് എന്നിവ ഇല്ലാത്തവർ എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കായംകുളം നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ/പട്ടികജാതി കുടുംബങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പഞ്ചായത്ത് | പട്ടികവർഗ്ഗ കുടുംബങ്ങൾ | പട്ടികജാതി കുടുംബങ്ങൾ |
|---|---|---|---|
| 1 | കായംകുളം മുനിസിപ്പാലിറ്റി | 15 | 1009 |
| 2 | പത്തിയൂർ പഞ്ചായത്ത് | 52 | 714 |
| 3 | കൃഷ്ണപുരം പഞ്ചായത്ത് | 30 | 648 |
| 4 | ചെട്ടികുളങ്ങര പഞ്ചായത്ത് | 30 | 1169 |
| 5 | ഭരണിക്കാവ് പഞ്ചായത്ത് | ഇല്ല | 1063 |
| 6 | കണ്ടല്ലൂർ പഞ്ചായത്ത് | ഇല്ല | 344 |
| 7 | ദേവികുളങ്ങര പഞ്ചായത്ത് | ഇല്ല | 398 |

(ബി) കായംകുളം നിയോജക മണ്ഡലത്തിൽ 1198 ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങളും 1033 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുമുണ്ട്.

കായംകുളം നിയോജക മണ്ഡലത്തിൽ ഭവന രഹിതരായ 14 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ഭൂരഹിതരുടെ എണ്ണം ശേഖരിച്ചുനൽകുന്നതാണ്.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വായ്പാ തിരിച്ചടവ്**

26 (3295) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ വായ്പാ തിരിച്ചടവിന് കഴിയാതെ കഷ്ടതയനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളാനുള്ള പദ്ധതി നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര തുക വരെയുള്ള വായ്പകളാണ് എഴുതിത്തള്ളുന്നത്; നിബന്ധനകൾ വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) പട്ടികജാതി വിഭാഗക്കാർക്ക് കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയുമുൾപ്പെടെ ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ട്. 30-3-2015-ലെ സ.ഉ.(അച്ചടി)24/2015/ പജപവവിവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപേക്ഷകരുടെ വരുമാന

പരിധി 1,50,000 രൂപയ്ക്ക് താഴെയായിരിക്കണം. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ കുടിശ്ശികയുള്ള തുക അപേക്ഷകൻ നേരിട്ട് ഒടുക്കേണ്ടതാണ്.

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 1-4-2014-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും പലിശയും പിഴപ്പലിശയും മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ട്. പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 71/15/പജപവവിവ. തീയതി 1-10-2015 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

**പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് വിതരണം ചെയ്ത തുക**

27 (3296) <u>ശ്രീ. ആർ. രാമചന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ എത്ര തുക വിതരണം ചെയ്തുവെന്നും എത്ര പേർക്ക് ആനുകൂല്യം ലഭിച്ചുവെന്നും വിശദമാക്കുമോ;

(ബി) പട്ടികജാതി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന് എത്ര തുക വിതരണം ചെയ്തു; എത്ര പേർക്ക് വീട് വയ്ക്കുന്നതിനും സ്ഥലം വാങ്ങുന്നതിനുമായി തുക വിതരണം ചെയ്തുവെന്നും വിശദമാക്കുമോ;

(സി) പട്ടികജാതി വിഭാഗങ്ങൾക്ക് 2015-16 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത മറ്റ് ആനുകൂല്യങ്ങളുടെ തുകയും ലഭിച്ചവരുടെ ലിസ്റ്റും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി 2015-16 വർഷം 77,55,000 രൂപ വിതരണം ചെയ്തു. 46 പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന് 1,47,00,000 രൂപ വിതരണം ചെയ്തു. വീട് വയ്ക്കുന്നതിനും സ്ഥലം വാങ്ങുന്നതിനുമായി ഒരുമിച്ച് ധനസഹായം അനുവദിച്ചിട്ടില്ല.

(സി) പട്ടികജാതി വിഭാഗങ്ങൾക്ക് 2015-16 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത മറ്റ് ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ആനുകൂല്യം ലഭിച്ചവരുടെ ലിസ്റ്റ് ക്രോഡീകരിച്ച് നൽകുന്നതാണ്.

**പട്ടികജാതി സങ്കേതങ്ങളുടെയും കോളനികളുടെയും അടിസ്ഥാന**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സൗകര്യം വികസിപ്പിക്കുന്നതിന് പദ്ധതി**

28 (3297) ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി സങ്കേതങ്ങളുടെയും, കോളനികളുടെയും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് നടപ്പാക്കുന്നതിന് കോർപ്പസ് ഫണ്ടിൽ നിന്ന് തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര ഗുണഭോക്താക്കളെയാണ് ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നത്; വിവരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി സങ്കേതങ്ങളുടെയും കോളനികളുടെയും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് നടപ്പാക്കിയ 'സ്വയം പര്യാപ്ത ഗ്രാമം', 'ഗാന്ധിഗ്രാമം' എന്നീ പദ്ധതികൾ പ്രകാരം താഴെപ്പറയുന്ന പ്രവൃത്തികൾ നടത്തിവരുന്നു:

1. ഇന്റേണൽ റോഡ് / ഫുഡ്പാത്ത്
2. ആശയവിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. സാനിറ്റേഷൻ
6. മാലിന്യ നിർമ്മാർജ്ജനം
7. വൈദ്യുതീകരണം / വീടുകളിലെ സോളാർ വൈദ്യുതീകരണം
8. സോളാർ തെരുവ് വിളക്ക്
9. ഭവന പുനരുദ്ധാരണം

10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (കളിസ്ഥലം, കമ്മ്യൂണിറ്റി ഹാൾ, ഓഡിറ്റോറിയം മുതലായവ)

11. സംരക്ഷണഭിത്തി നിർമ്മാണം

12. ജലസേചനം

13. അടുക്കളത്തോട്ടം

14. വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതികൾ (മൃഗസംരക്ഷണം, ഹോർട്ടികൾച്ചർ, വീവിംഗ്, കരകൗശലം മുതലായവ)

15. കോളനികൾക്കാവശ്യമായ മറ്റ് വികസന പ്രവർത്തനങ്ങൾ

16. ബയോഗ്യാസ് പ്ലാന്റ്

(ബി) ഇത് നടപ്പാക്കുന്നതിന് കോർപ്പസ് ഫണ്ടിൽ നിന്നും ഒരു കോളനിക്ക് പരമാവധി ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(സി) 'സ്വയംപര്യാപ്ത ഗ്രാമം' പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 216 കോളനികളിലെയും 'ഗാന്ധിഗ്രാമം' പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 12 കോളനികളിലെയും എല്ലാ പട്ടികജാതി കുടുംബങ്ങളും ഇതിന്റെ ഗുണഭോക്താക്കളാണ്.

## പട്ടികജാതി വിദ്യാർത്ഥികളുടെ ഫീസ് ആനുകൂല്യം ലഭ്യമാക്കാൻ നടപടി

29 (3298) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഫീസും മറ്റ് ആനുകൂല്യങ്ങളും സമയത്തിന് ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ ഇനത്തിൽ എത്ര രൂപ എത്ര പേർക്ക് നൽകിയിട്ടുണ്ട്;

(സി) പട്ടികജാതി വിദ്യാർത്ഥികളുടെ ബി.എഡ്. /എം.എഡ്. പഠനത്തിന് സർക്കാർ തീരുമാനിച്ചിട്ടുള്ള ഫീസ് പൂർണ്ണമായി യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിദ്യാർത്ഥികൾക്കുനൽകിയ ഫീസ് ആനുകൂല്യത്തെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| തലം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക (രൂപ) |
|---|---|---|
| പ്രീമെട്രിക് | 355828 | 20,55,37,060 രൂപ (ഇരുപതുകോടി അമ്പത്തഞ്ച് ലക്ഷത്തി മുപ്പത്തേഴായിരത്തി അറുപത് രൂപ മാത്രം) |
| പോസ്റ്റ് മെട്രിക് | 96420 | 80,00,00,000 രൂപ (എൺപതുകോടി രൂപ മാത്രം) |

(സി) മെരിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് അപേക്ഷ സമർപ്പിച്ച് അനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു.

**കാസർഗോഡ് നിയോജകമണ്ഡലത്തിൽ അനുവദിച്ച കോർപ്പസ് ഫണ്ട്**

30 (3299) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2011-2015 വരെ കാസർകോട് നിയോജകമണ്ഡലത്തിൽ അനുവദിച്ച കോർപ്പസ് ഫണ്ട് എത്രയാണെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഈ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് ഉപയോഗിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം അപേക്ഷകളിന്മേലാണ് ഈ ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; കോർപ്പസ് ഫണ്ടിൽ നിന്ന് അനുവദിക്കാവുന്ന പരമാവധി തുക എത്രയാണ്;

(ഇ) ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി കോർപ്പസ് ഫണ്ട് ഉപയോഗിക്കാം എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തിയ തുകയുടെ 1/3 ഭാഗം 2014-15 സാമ്പത്തിക വർഷം മുതലാണ് പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി ജില്ലകൾക്ക് അനുവദിക്കാൻ തുടങ്ങിയത്. 2014-15 വർഷം കാസർഗോഡ് ജില്ലയ്ക്ക് ഇപ്രകാരം 70 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിക്കുന്നതിനായി കാസർഗോഡ് മണ്ഡലത്തിലെ മധൂർ, ചെങ്കള എന്നീ ഗ്രാമപഞ്ചായത്തുകളിലെ 7 വിവിധ പ്രവൃത്തികൾ ഏറ്റെടുത്തിരുന്നുവെങ്കിലും ടി വർഷം പ്രസ്തുത തുക വിനിയോഗിക്കാൻ കഴിഞ്ഞിരുന്നില്ല.

പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| വർഷം | അനുവദിച്ച തുക | ഗ്രാമപഞ്ചായത്ത് | ആവശ്യം |
|---|---|---|---|
| 2011-12 | 2,00,000 | ബദിയടുക്ക | കാര്യാട് കൊറഗ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം |
| 2012-13 | 5,00,000 | ബദിയടുക്ക | പെർഡാല പട്ടികവർഗ്ഗ കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം |
| 2013-14<br>2014-15 | 2013-14, 2014-15 എന്നീ വർഷങ്ങളിൽ കാസർഗോഡ് നിയോജക മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. | | |

(ബി) ഫുട്പാത്ത് ആന്റ് ഡ്രെയിനേജ്, റോഡ് ടാറിംഗ്, കുടിവെള്ള പദ്ധതി, കുളം റിപ്പയർ എന്നിവയ്ക്കാണ് പട്ടികജാതി വികസന വകുപ്പ് തുക വകയിരുത്തിയത്. പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ 'എ' പിരിവിൽ ചേർത്തിരിക്കുന്നു.

(സി) പട്ടികജാതി വികസന വകുപ്പിനെ സംബന്ധിച്ച് ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറും ജനപ്രതിനിധികളും കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്താൻ ലഭ്യമാക്കിയ എസ്റ്റിമേറ്റുകൾ ജില്ലാ പ്ലാനിംഗ് ഓഫീസറും ജില്ലാ പട്ടികജാതി വികസന ഓഫീസറും സംയുക്ത പരിശോധന നടത്തി മുൻഗണനാക്രമത്തിൽ കണ്ടെത്തിയ പ്രോജക്ടുകൾക്കാണ് ഫണ്ട് അനുവദിച്ചത്. പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച് കാര്യാട് കൊറഗ കോളനി നിവാസികളുടെ ഊരുകൂട്ട തീരുമാനത്തിന്മേലും പെർഡാല പട്ടികവർഗ്ഗ കോളനി നിവാസികളുടെ അപേക്ഷയിന്മേലുമാണ് പദ്ധതി അനുവദിച്ചത്.

(ഡി) പട്ടികജാതി വികസന വകുപ്പിനെ സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ അനുബന്ധം 1-ലും പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ അനുബന്ധം 2-ലും ചേർത്തിരിക്കുന്നു.*

പട്ടികജാതി വികസന വകുപ്പിനെ സംബന്ധിച്ച് 25 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകാൻ ബന്ധപ്പെട്ട ജില്ലാതല സമിതിക്ക് അധികാരമുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച് ബജറ്റിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി കോർപ്പസ് ഫണ്ടിന് വകയിരുത്തിയ തുകയുടെ മൂന്നിലൊരു ഭാഗം ആദ്യഘട്ടമായി പട്ടികവർഗ്ഗ ജനസംഖ്യാടിസ്ഥാനത്തിൽ ജില്ലകൾക്ക് അനുവദിക്കുകയും ആയത് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടുകൂടി 25 ലക്ഷം രൂപയിൽ താഴെയുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. 25 ലക്ഷത്തിന് മുകളിലുള്ളതും റോഡ്, പാലങ്ങൾ മുതലായ പദ്ധതികളും ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കിവരുന്നു.

(ഇ) പട്ടികജാതി വികസന വകുപ്പിനെ സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ അനുബന്ധം 1-ലും പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ അനുബന്ധം 2-ലും ആയി ചേർത്തിരിക്കുന്നു.*

## പട്ടികജാതി/പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട്

31 (3300) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പസ് ഫണ്ടിൽ നിന്ന് 2011-2016 കാലയളവിൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും എങ്ങനെയെല്ലാം നടപ്പിലാക്കിയെന്നും വിശദമാക്കുമോ;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ 2011-2016 കാലയളവിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ;

(സി) 2016-2017 വർഷം കോർപ്പസ് ഫണ്ടിൽ കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകളും പരിഗണിക്കുന്ന പ്രോജക്ടുകളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കോർപ്പസ് ഫണ്ടിൽനിന്ന് പട്ടികജാതി വികസന വകുപ്പിൽ 2011-2016 കാലയളവിൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു.* ബന്ധപ്പെട്ട ബ്ലോക്കിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നഗരസഭയിലെ എഞ്ചിനീയർ മുഖേനയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്.

2011-2016 കാലയളവിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധം II ആയി ചേർക്കുന്നു. *

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(സി) 2016-2017 വർഷം കൊയിലാണ്ടി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിൽ മൂടാടി ഗ്രാമപഞ്ചായത്തിലെ ഗോപാലപുരം കോളനിയിൽ കുടിവെള്ള പദ്ധതിക്ക് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

2016-2017 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി കൊയിലാണ്ടി മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടുകൂടി നടപ്പിലാക്കുന്നതാണ്.

## പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതുവരെയുള്ള പഠനസഹായം

32 (3301) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് വിദേശ സർവ്വകലാശാലകളിലേക്ക് സ്കോളർഷിപ്പോടെ പ്രവേശനം നേടിയ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതുവരെയുള്ള പഠനം നടത്താൻ കഴിയാത്ത സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സാഹചര്യമുള്ള വിദ്യാർത്ഥികളെ സഹായിക്കുന്നതിന് പൊതുവിൽ ഏത് രീതിയിലുള്ള സഹായമാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ;

(സി) ഇത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് സഹായം യഥാസമയം ലഭ്യമാക്കുന്നതിൽ പട്ടികജാതി വികസന വകുപ്പ് വീഴ്ച വരുത്തുന്നതായി ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വിദേശ സർവ്വകലാശാലകളിൽ പ്രവേശനം നേടിയ പട്ടികജാതി വിദ്യാർത്ഥികൾ സ്ഥാപന മേധാവിയുടെ ശിപാർശയോടെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുന്ന വിദ്യാഭ്യാസാനുകൂല്യത്തിനുള്ള അപേക്ഷ ഡയറക്ടർ പരിശോധിച്ചശേഷം സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുന്ന അപേക്ഷകളിൽ അർഹമായ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്.

**കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾ**

33 (3302) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ട്;

(ബി)പ്രസ്തുത കുടുംബങ്ങളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആൾക്കാരിൽ എത്രപേർക്ക് നിലവിൽ ഭവന നിർമ്മാണത്തിനുള്ള സഹായം അനുവദിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഭവനരഹിതരായ 307 പട്ടികജാതി കുടുംബങ്ങൾ ഉണ്ട്.

(ബി)

| പഞ്ചായത്ത് | എണ്ണം |
|---|---|
| വെളിയം | 80 |
| നെടുവത്തൂർ | 45 |
| ഏഴുകോൺ | 78 |
| പൂയപ്പള്ളി | 28 |
| കരീപ്ര | 30 |
| കൊട്ടാരക്കര മുനിസിപ്പാലിറ്റി | 46 |

(സി) പ്രസ്തുത ആൾക്കാരിൽ 56 പേർക്ക് നടപ്പു വർഷം ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലയിലെ പട്ടികജാതി കോളനികൾ

34 (3303) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എവിടെയൊക്കെയാണ് പട്ടികജാതി കോളനികൾ ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പട്ടികജാതി വികസന വകുപ്പിൻെറ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാം എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ പട്ടികജാതി കോളനികളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധം - 2 ആയി ചേർക്കുന്നു. *

## സ്വയംപര്യാപ്ത പട്ടികജാതി കോളനികൾ

35 (3304) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലഘട്ടത്തിൽ പട്ടികജാതി കോളനികളുടെ നവീകരണത്തിനായുള്ള സ്വയംപര്യാപ്ത കോളനി പദ്ധതിയിലേക്ക് നിർദ്ദേശിക്കപ്പെട്ട കോളനികൾ ഏതെല്ലാമെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കോളനികളിൽ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, എവിടെയെല്ലാം പൂർത്തികരിക്കേണ്ടതായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഈ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളതെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ഡി) കരാർ ഏറ്റെടുത്തിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്ത കോളനികൾ ഏതെല്ലാമെന്നും, കാരണമെന്തെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&സി) 2012-2014 കാലഘട്ടത്തിൽ സ്വയംപര്യാപ്ത കോളനി പദ്ധതിയിലേയ്ക്ക് നിർദ്ദേശിക്കപ്പെട്ട കോളനികളുടെയും പ്രവൃത്തികളുടെ കരാർ ഏറ്റെടുത്തിട്ടുള്ള ഏജൻസികളുടെയും (നിയോജകമണ്ഡലാടിസ്ഥാനത്തിൽ) ലിസ്റ്റ് അനുബന്ധം - I ആയി ചേർക്കുന്നു.* 2014-2015, 2015-2016 വർഷങ്ങളിൽ ' സ്വയംപര്യാപ്ത ഗ്രാമം' പദ്ധതി പ്രകാരം കോളനികളെ തെരഞ്ഞെടുത്തിട്ടില്ല.

(ബി) ആകെയുള്ള 216 കോളനികളിൽ 37 കോളനികളിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം (2) ആയി ചേർക്കുന്നു*. ശേഷിക്കുന്ന 179 കോളനികളിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതായുണ്ട്.

(ഡി) കരാർ ഏറ്റെടുത്തിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്ത കോളനികളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

## കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്

36 (3305) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ വിദ്യാഭ്യാസകാലം മുതൽ ഓരോ ആവശ്യത്തിനും കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നത് ഒഴിവാക്കുന്നതിനായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് നിലവിൽ നൽകി വരുന്ന 6 മാസത്തെ ഉപയോഗസാധുത മാത്രമുള്ള കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് വീണ്ടും വാങ്ങേണ്ടി വരുന്നത് ഇവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെങ്കിലും അനർഹർ ടി വിഭാഗങ്ങളിലേയ്ക്ക് കടന്നുകൂടുന്നതു തടയാൻ കഴിയും. നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്തവർക്ക് മുമ്പ് എപ്പോഴെങ്കിലും അനർഹമായി ലഭിച്ച കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റുകൾ സംവരണാവകാശങ്ങൾ നേടുന്നതിനായി ഉപയോഗിക്കുന്ന വിവരം അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ടി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് സ്ഥിരം സംവിധാനമേർപ്പെടുത്തിയാൽ അനർഹമായി സർട്ടിഫിക്കറ്റ് നേടിയവരെ സംരക്ഷിക്കുന്നതിനിടവരുത്തും. എങ്കിലും ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി ഒരു വർഷമായി നിജപ്പെടുത്തുന്നതിന് 1996-ലെ കേരള (പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ ക്രമപ്പെടുത്തൽ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതിക്കാരുടെ ആധാരങ്ങൾ

37 (3306) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളും പട്ടികജാതി വകുപ്പും പട്ടികജാതിക്കാർക്ക് അനുവദിച്ചിട്ടുള്ള വീട് പണിത സ്ഥലത്തിൻെറ ആധാരം ഉടമസ്ഥർക്ക് നൽകാതെ അതാത് ഓഫീസുകളിൽ സൂക്ഷിച്ച് വയ്ക്കുന്നതിന് ഓഫീസർമാർക്ക് അധികാരമുണ്ടോ;

(ബി) പട്ടികജാതിക്കാരുടെ ആധാരങ്ങൾ മേൽപ്പറഞ്ഞ ഓഫീസുകൾ തടഞ്ഞുവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആധാരങ്ങൾ തിരിക നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) ഇത്തരത്തിൽ ആധാരങ്ങൾ തടഞ്ഞുവച്ചിരിക്കുന്ന ഓഫീസർമാർക്കെതിരെ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ആധാരങ്ങൾ തടഞ്ഞുവച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിയിരിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കപ്പെടുന്ന ഉപഭോക്താവ് വീട് നിർമ്മിക്കുന്നുണ്ടെന്ന കാര്യം ഉറപ്പു വരുത്തുന്നതിനായി ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് വീട് നിർമ്മാണം പൂർത്തിയാക്കുന്നതുവരെ (കുറഞ്ഞത് 3 വർഷം) വസ്തുവിന്റെ ആധാരം പട്ടികജാതി വികസന വകുപ്പിൽ സൂക്ഷിക്കുമായിരുന്നു. ഭൂരഹിത പുനരധിവാസ പദ്ധതിയും ഭവനനിർമ്മാണ ധനസഹായ പദ്ധതിയും വെവ്വേറെ നടപ്പിലാക്കുന്നതിനാൽ പട്ടികജാതി വികസന ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള വസ്തുവിന്റെ ആധാരങ്ങളുടെ പകർപ്പുകൾ സൂക്ഷിച്ചതിനുശേഷം ആധാരങ്ങൾ തിരികെ നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മേൽ നിർദ്ദേശം ഓഫീസർമാർ പാലിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

## ചേലക്കര മണ്ഡലത്തിലെ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി

38 (3307) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ചേലക്കര മണ്ഡലത്തിൽ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് വികസന പ്രവൃത്തികൾ ചെയ്തുവരുന്നത്; ഇവയുടെ പ്രവൃത്തി നിർവ്വഹണ ഏജൻസി ഏതാണ്;

(ബി) കോളനികളിലെ വികസന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെവന്നത് എന്തുകൊണ്ടാണ്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) കഴിവതും വേഗത്തിൽ പ്രവൃത്തി പൂർത്തീകരിച്ച് സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമമായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ചേലക്കര മണ്ഡലത്തിൽ തെരഞ്ഞെടുത്ത കോളനികളുടെയും പ്രവൃത്തി നിർവ്വഹണ ഏജൻസികളുടെയും വിവരം ചുവടെ ചേർക്കുന്നു:

| കോളനിയുടെ പേര് | നിർവ്വഹണ ഏജൻസി |
|---|---|
| നെല്ലിക്കുന്ന് കോളനി | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, ആലുവ |
| ഏഴരക്കുന്ന് അംബേദ്കർ കോളനി | ജില്ലാ നിർമ്മിതി കേന്ദ്രം, തൃശ്ശൂർ |

(ബി) കോളനികളിലെ വികസന പ്രവൃത്തികളുടെ ഘട്ടം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*

(സി) നിർവ്വഹണ ഏജൻസിയായ എഫ്.ഐ.റ്റി. നെല്ലിക്കുന്ന് കോളനിയിൽ ചെയ്ത വിവിധ പ്രവൃത്തികളിൽ ഗുണഭോക്താക്കൾക്കുണ്ടായ അതൃപ്തി പ്രവൃത്തി യഥാസമയം പൂർത്തീകരിക്കുന്നതിന് തടസ്സമായി. പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എഫ്.ഐ.റ്റി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏഴരക്കുന്ന് കോളനിയിലെ വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.

(ഡി) വികസന പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പട്ടികജാതിക്കാരിയായ പഞ്ചായത്ത് പ്രസിഡന്റിനെ അധിക്ഷേപിച്ച നടപടി**

39 (3308) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വളരെയധികം വിദ്യാർത്ഥികൾ പഠിക്കുന്ന ഉമ്മന്നൂർ ഗവൺമെന്റ് എൽ.പി.എസ്-ൽ, ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതിക്കാരിയായ ഗീതാ കേശവൻകുട്ടി എന്ന വനിതാ പഞ്ചായത്ത് പ്രസിഡന്റിനെ ക്ഷണിച്ച് വരുത്തിയശേഷം ദേശീയ പതാക ഉയർത്താൻ അനുവദിക്കാതെ ദേശീയ പതാക ടി സ്കൂളിലെ ഹെഡ് മാസ്റ്റർ വിക്ടർ ജയിംസ് തട്ടിയെടുത്ത് പട്ടികജാതിക്കാരി പതാക ഉയർത്തേണ്ട എന്ന് പറഞ്ഞ് വേദിയിൽ നിന്നും പുറത്താക്കിയ ഹീനമായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനെതിരെ പ്രസ്തുത പ്രസിഡന്റ് വിദ്യാഭ്യാസ വകുപ്പിന് പരാതി നൽകിയിട്ട് യാതൊരു നടപടിയും സ്വീകരിക്കാതെ, പതാക തട്ടിയെടുത്ത ഹെഡ് മാസ്റ്റർക്ക് അനുകൂലമായ നടപടി സ്വീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പട്ടികജാതിക്കാരിയായ പഞ്ചായത്ത് പ്രസിഡന്റിനോട് കാണിച്ച അനീതിക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യം വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. പരിശോധിക്കുന്നതാണ്.

(സി) പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**മത്സരപ്പരീക്ഷകൾക്ക് കോച്ചിംഗ് ക്യാമ്പ്**

40 (3309) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ എന്നിവ നടത്തുന്ന മത്സര പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്നതിനായി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടുകൂടി കോച്ചിങ്ങ് ക്യാമ്പുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പബ്ലിക് സർവീസ് കമ്മീഷൻ, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ എന്നിവ നടത്തുന്ന മത്സര പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടുകൂടി കോച്ചിംഗ് ക്യാമ്പുകൾ നടത്തുന്നതിന് ഉദ്ദേശമുണ്ട്.

(ബി) വയനാട് ജില്ലയിൽ അമ്യദ് (അംബേദ്കർ മെമ്മോറിയൽ റൂറൽ ഇൻഡസ്ട്രീസ് ഫോർ ഡെവലപ്മെന്റ്), പാലക്കാട് ജില്ലയിൽ നെഹ്റു യുവകേന്ദ്രം, എംപ്ലോയ്മെന്റ് വകുപ്പ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എന്നിവ മുഖാന്തരം പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് മത്സര പരീക്ഷകളിൽ ഉന്നതവിജയം കൈവരിക്കുന്നതിന് പരിശീലനം നൽകിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട്, ഭരണഘടനയുടെ ആർട്ടിക്കിൾ 275(1), എസ്.സി.എ. ടു ടി.എസ്.പി. എന്നീ സ്കീമുകളിൽപ്പെടുത്തി കോച്ചിംഗ് ക്യാമ്പുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിവിധ പദ്ധതികളിലായി പ്രവൃത്തി ആരംഭിച്ച പട്ടികവർഗ്ഗക്കാരുടെ വീടുകൾ**

41 (3310) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ മുൻവർഷങ്ങളിൽ വിവിധ പദ്ധതികളിലായി പ്രവൃത്തി ആരംഭിച്ച് പൂർത്തിയാകാത്തതും, ഉപയോഗയോഗ്യമല്ലാതെയുമുള്ള പട്ടികവർഗ്ഗക്കാരുടെ എത്ര വീടുകളുണ്ട്;

(ബി) ആദിവാസി ഭവന നിർമ്മാണത്തിൽ അനധികൃത കരാറുകാരുടെ ഇടപെടൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആദിവാസി ഭവന നിർമ്മാണത്തിൽ കരാറുകാരുടെ ചൂഷണം അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ലഭ്യമായ വിവരങ്ങൾ പ്രകാരം വയനാട് ജില്ലയിൽ 2011-2012 സാമ്പത്തിക വർഷം മുതൽ അനുവദിച്ചതിൽ നാളിതുവരെ പണി പൂർത്തീകരിക്കാത്ത 3836 വീടുകൾ (ഹഡ്കോ ഭവനനിർമ്മാണം, എ.ടി.എസ്.പി. ഭവനനിർമ്മാണം, ജനറൽ ഹൗസിംഗ് എന്നിവ ഉൾപ്പെടെ) നിലവിലുണ്ട്. ടി വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ സ്റ്റേജുകളിലായി പുരോഗമിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന നിർമ്മാണ ധനസഹായം ഗുണഭോക്താക്കൾക്ക് ബാങ്ക് മുഖേനയാണ് നിലവിൽ നൽകിവരുന്നത്. ഗുണഭോക്താക്കൾ നേരിട്ട് തന്നെ ഭവന നിർമ്മാണം നടത്തണമെന്നാണ് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്. എന്നിരുന്നാലും ചില ഗുണഭോക്താക്കൾ കരാറുകാരെ നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിക്കാറുണ്ട്. ആയതിൽ കരാറുകാരുടെ ചൂഷണം ശ്രദ്ധയിൽപ്പെടുന്നത് ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാർ പോലീസിൽ റിപ്പോർട്ട് ചെയ്യാറുണ്ട്.

കൂടാതെ ബിനാമി കരാറുകാരുടെ ചൂഷണം അവസാനിപ്പിക്കാൻ വയനാട് ജില്ലയിൽ എല്ലാ പഞ്ചായത്തുകളിലും ട്രൈബൽ സൊസൈറ്റികൾ രൂപീകരിച്ച് പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതികളുടെ നിർവ്വഹണം ടി സൊസൈറ്റികൾ മുഖേന നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയ്ക്ക് തീവ്ര പരിശീലനം നൽകുന്ന പദ്ധതി

42 (3311) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ എസ്.എസ്.എൽ.സി./ പ്ലസ് ടു പരീക്ഷയ്ക്ക് മുമ്പായി ഒരു മാസത്തെ തീവ്ര പരിശീലനം നൽകുന്ന പദ്ധതി ഏത് വർഷം മുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; ടി പദ്ധതി നടത്തിപ്പിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ച് വരുന്നതെന്നും അറിയിക്കുമോ;

(ബി) മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് എന്തെല്ലാം മെച്ചപ്പെട്ട സൗകര്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ;

(സി) 2010-11 മുതൽ 2015-16 വരെ ഏക മാസ തീവ്ര പരിശീലന പദ്ധതിപ്രകാരം വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിൽ എത്ര ക്യാമ്പുകൾ നടത്തിയിട്ടുണ്ടെന്നും ഓരോ ക്യാമ്പിനും ചെലവഴിച്ച തുക, പങ്കെടുത്ത വിദ്യാർത്ഥികളുടെ എണ്ണം, ക്യാമ്പ് നടത്തിയ സ്കൂളുകളുടെ പേരു വിവരം സഹിതം വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ എസ്.എസ്.എൽ.സി./ +2 പരീക്ഷയ്ക്ക് മുമ്പായി ഒരു മാസത്തെ തീവ്ര പരിശീലനം നൽകുന്ന പദ്ധതി 2003-2004 അധ്യയന വർഷം മുതലാണ് ആരംഭിച്ചത്. ടി പരിശീലന പരിപാടിക്കായി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന വിദ്യാലയങ്ങൾ തെരഞ്ഞെടുത്ത് മാർച്ച് മാസത്തിൽ നടക്കുന്ന എസ്.എസ്.എൽ.സി./+2 പൊതുപരീക്ഷയെ നേരിടുന്നതിന് വേണ്ടുന്ന പ്രവർത്തനങ്ങൾ ജനവരി മാസം ആദ്യവാരത്തിൽ തന്നെ ആരംഭിക്കുന്നു. ഡിസംബർ മാസത്തോടെ പാഠഭാഗങ്ങൾ പൂർത്തീകരിച്ച് പഠന ഭാഗത്തെ ആവർത്തിക്കുകയും ചോദ്യബാങ്ക് തയ്യാറാക്കി ചെയ്യിക്കുകയും ചെയ്യുന്നു. കൂടാതെ മുൻവർഷങ്ങളിലെ ചോദ്യപേപ്പറുകൾ കൃത്യമായി വിദ്യാർത്ഥികൾക്ക് നൽകി പഠിപ്പിച്ച് പരീക്ഷകൾ നടത്തി പൊതുപരീക്ഷയ്ക്ക് സജ്ജമാക്കുന്നു. ഇതിനായി പതിവ് അദ്ധ്യയന സമയത്തിന് ശേഷവും ഒഴിവ് ദിവസങ്ങളിലുമായി ക്ലാസ്സുകൾ ക്രമീകരിക്കുന്നു. അദ്ധ്യാപകർ പരിശീലന സമയങ്ങളിൽ കുട്ടികളോടൊപ്പം ഹോസ്റ്റലിൽ താമസിച്ച് അവരുടെ പഠന കാര്യങ്ങൾ ശ്രദ്ധിക്കുന്നു. വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണവും മറ്റു പഠന സഹായികളും വിതരണം ചെയ്യുന്നു. കൂടാതെ വിദ്യാർത്ഥികൾക്ക് വിരസത ഇല്ലാതാക്കാൻ മോട്ടിവേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്.

(ബി) ഓരോ വിഷയത്തിനും റഗുലർ ക്ലാസ്സുകൾക്ക് പുറമേ പ്രത്യേക കോച്ചിംഗും, പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് റെമഡിയൽ കോച്ചിംഗും നൽകിവരുന്നുണ്ട്. രാത്രികാലങ്ങളിൽ പ്രത്യേക പരിശീലനം നൽകി മുൻവർഷങ്ങളിലെ ചോദ്യപേപ്പറുകൾ വിദ്യാർത്ഥികൾക്ക് നൽകി പരീക്ഷകൾ നടത്തി വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് സജ്ജമാക്കുന്നു. പരീക്ഷാ സമയങ്ങളിൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാനസിക സമ്മർദ്ദം പരിഹരിക്കുന്നതിനായി വിദഗ്ദ്ധരെക്കൊണ്ട് പ്രത്യേക പരിശീലനവും മനഃശാസ്ത്ര വിദഗ്ദ്ധരെക്കൊണ്ട് കൗൺസിലിംഗും മറ്റു സാദ്ധ്യമായ എല്ലാ പരിശീലന ഉപാധികളും അവലംബിച്ചു പോരുന്നു. കൂടാതെ കുട്ടികൾക്കാവശ്യമായ പഠന സാമഗ്രികളും നൽകിവരുന്നുണ്ട്. ക്യാമ്പ് സമയങ്ങളിൽ വിദ്യാർത്ഥികൾക്ക് പോഷകാഹാരങ്ങൾ, പാൽ, പഴങ്ങൾ, ഹോർലിക്സ് എന്നിവ ഇടസമയങ്ങളിൽ നൽകാറുണ്ട്.

(സി) മലപ്പുറം ജില്ലയിലെ മറ്റ് സ്കൂളുകളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തിൽ ക്യാമ്പ് നടത്തിയിട്ടില്ല.

പാലക്കാട്, വയനാട് ജില്ലകളിലെ മറ്റ് സ്കൂളുകളിലെ ക്യാമ്പിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണവും ചെലവായ തുകയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജാതി സർട്ടിഫിക്കറ്റ്

43 (3312) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കിലെ ഒറ്റപ്പാലം I വില്ലേജിലെ വരോട് നാലാം മൈൽ നിവാസികളായ ശ്രീ. മാധവനും കുടുംബവും ഉൾപ്പെടുന്ന 4 കുടുംബങ്ങളിലെ പതിനഞ്ചോളം പേർ പട്ടികവർഗ്ഗ ജാതി സർട്ടിഫിക്കറ്റ് അനുവദിച്ചു കിട്ടുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നോ; എങ്കിൽ ആ അപേക്ഷയിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) ഒറ്റപ്പാലം വരോട് നാലാം മൈൽ ചേരി കോളനിവാസികൾ പട്ടികവർഗ്ഗത്തിൽപ്പെടുന്നവരാണെന്ന കിർത്താഡ്സിന്റെ 10-7-2012-ലെ ഡി1 2593/11 നമ്പർ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച് ഒറ്റപ്പാലം വരോട് നാലാം മൈൽ ചേരികോളനി നിവാസികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് നിയമപരമായ തടസ്സം എന്തെങ്കിലും ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ. മാധവനും കുടുംബവും ഉൾപ്പെടുന്ന 4 കുടുംബങ്ങളിൽപ്പെട്ടവർ പട്ടികവർഗ്ഗ ജാതി സർട്ടിഫിക്കറ്റ് കിട്ടുന്നതിനായി ഒറ്റപ്പാലം തഹസിൽദാർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ഇവരുടെ ജാതി നിർണ്ണയം സംബന്ധിച്ച് കിർത്താഡ്സ് നടത്തിയ നരവംശശാസ്ത്ര അന്വേഷണത്തിൽ, മേൽ പ്രദേശത്ത് താമസിക്കുന്ന ശ്രീ. മാധവൻ ഉൾപ്പെടുന്ന കുടുംബാംഗങ്ങൾ പട്ടികവർഗ്ഗ 'മലയൻ' വിഭാഗത്തിന്റെ സ്വഭാവ സവിശേഷതകളുമായി സാമ്യം പുലർത്തുന്ന 'ആളർ' വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ഇവർക്ക് പട്ടികവർഗ്ഗ 'മലയൻ' സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിൽ അപാകതയില്ലെന്ന് തഹസിൽദാരെ അറിയിച്ചിരുന്നു. എന്നാൽ 'ആളർ' സമുദായത്തിന്റെ പേര് ഭരണഘടനാ പട്ടികയിൽ ഇല്ലാത്തതിനാൽ മലയ വിഭാഗത്തിൽ ഉൾപ്പെടുന്ന ഈ വിഭാഗക്കാരെ പ്രത്യേക അന്വേഷണം നടത്തി മലയ സർട്ടിഫിക്കറ്റാണ് നൽകി വരുന്നത്.

(ബി) ഉണ്ട്.

(സി) കിർത്താഡ്സ് അന്വേഷണത്തിൽ 'ആളർ' സമുദായത്തിൽപ്പെട്ടവരാണെന്ന് കണ്ടെത്തിയ ഇവർക്ക് പട്ടികവർഗ്ഗ സമുദായ സർട്ടിഫിക്കറ്റ് ലഭ്യമാകണമെങ്കിൽ ടി സമുദായത്തെ ആർട്ടിക്കിൾ 342(2) പ്രകാരം സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിലുൾപ്പെടുത്തി ഭരണഘടനാ ഭേദഗതി വരുത്തേണ്ടതുണ്ട്. എന്നാൽ കിർത്താഡ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് തടസ്സമില്ല.

## മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക എൻട്രൻസ് കോച്ചിംഗ്

44 (3313) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസനവകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം നേടുന്നതിന് പ്രത്യേക എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഏത് വർഷം മുതലാണ് ആരംഭിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) 2016-17 വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എം.ആർ.എസ്.-കളിൽ പ്രത്യേക എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കോച്ചിംഗ് ക്ലാസ്സുകൾ തുടങ്ങിയ തീയതി, മാസം, കോച്ചിംഗ് ക്ലാസ്സുകൾ നൽകുന്ന സ്ഥാപനം എന്നിവയുടെ വിശദവിവരം സ്കൂൾ തിരിച്ച് വിശദമാക്കുമോ;

(സി) 2015-16 വർഷം എം.ആർ.എസ്.-കളിൽ പ്ലസ് ടു പഠനം പൂർത്തിയാക്കി എൻട്രൻസ് പരീക്ഷ മുഖേന മെഡിസിൻ/എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം നാളിതുവരെ ലഭിച്ചിട്ടുണ്ടെന്നവിവരം പേരു സഹിതം അറിയിക്കുമോ?

### ഉത്തരം

(എ) 2007-2008 അധ്യയന വർഷം മുതൽ നടപ്പിലാക്കിവരുന്നു.

(ബി) 2016-17 വർഷം കോച്ചിംഗ് ക്ലാസ്സുകൾ ആരംഭിക്കുന്നതിന് ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ് അധ്യയന വർഷം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) 2015-16 വർഷം വിവിധ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ 9 വിദ്യാർത്ഥികൾക്ക് എൻട്രൻസ് മുഖാന്തരം എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനം ലഭിച്ചിട്ടുണ്ട്. പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ജെറോം
2. രഘു രവി
3. ഫെബമോൾ
4. വിജിത ബി. എസ്.
5. അഞ്ജന ചന്ദ്രൻ
6. ആനന്ദ് കെ. ജി.
7. അമേഘ് കെ. ജി.
8. ജിഷ്ണു
9. അംബിക കെ. ജി.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീ-മെട്രിക് ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനം**

45 (3314) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീ-മെട്രിക് ഹോസ്റ്റൽ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) 'വിദ്യോദയം' പദ്ധതി പ്രകാരം ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുള്ളതെന്നും ഓരോ മോഡൽ റസിഡൻഷ്യൽ സ്കൂളിനും പ്രീ-മെട്രിക് ഹോസ്റ്റലിനും ടി പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ വിവരവും ബന്ധപ്പെട്ട പദ്ധതിയുടെ വിവരവും സ്കൂൾ/ഹോസ്റ്റൽ തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യമുൾപ്പെടെയുള്ള വികസനത്തിനായി 'വിദ്യോദയം പദ്ധതി' നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ എം.ആർ.എസ്.കൾ, ഹോസ്റ്റലുകൾ എന്നിവ നവീകരിക്കുന്നതിനുള്ള പ്രത്യേക പദ്ധതി ഈ വർഷം ആരംഭിക്കുന്നതാണ്.

(ബി) പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

**വനാവകാശ നിയമം അംഗീകരിക്കൽ**

46 (3315) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗകാരുടെയും, മറ്റു പരമ്പരാഗതമായി വനത്തിൽ താമസിക്കുന്നവരുടെയും നിയമം (വനാവകാശ നിയമം അംഗീകരിക്കൽ) നടപ്പിലാക്കുന്നതിനായി ആദിവാസി പുനരധിവാസ വികസന മിഷൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, പുനരധിവാസ പ്രദേശങ്ങളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് പദ്ധതി ലക്ഷ്യം പൂർത്തിയാക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പുനരധിവാസ പ്രവർത്തനങ്ങൾക്കായി ആദിവാസി പുനരധിവാസ വികസന മിഷൻ 2005-06 മുതൽ 2015-16 വരെ വിവിധ ജില്ലാ ട്രൈബൽ മിഷനുകൾക്ക് അനുവദിച്ചു നൽകിയ ഫണ്ടിന്റെ വിശദ വിവരം വർഷം, ജില്ല എന്നിവ തിരിച്ച് അറിയിക്കുമോ?

ഉത്തരം

(എ) വിശദമായ മറുപടി അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി " ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം " എന്ന പദ്ധതി പ്രകാരം 25 സെന്റിൽ കുറയാതെ ഒരേക്കർ വരെ ഭൂമി വാങ്ങുന്നതിന് പരമാവധി 10 ലക്ഷം രൂപ അനുവദിച്ചുവരുന്നു. കൂടാതെ, സിക്കിൾസെൽ അനീമിയ രോഗികൾക്ക് മുൻഗണന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകി ഒരേക്കർ ഭൂമി വീതം നൽകുന്ന പദ്ധതി, നിക്ഷിപ്ത വനഭൂമി, മിച്ചഭൂമി മുതലായവ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുന്ന പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം എന്ന പദ്ധതി പ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം നടപ്പാക്കാൻ സാധിക്കും. ഭൂരഹിതരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്രകാരം ഭൂമി ലഭിക്കുന്ന എല്ലാപേർക്കും വീട് വയ്ക്കുന്നതിനുള്ള ധനസഹായം നൽകുന്നതാണ്. കൂടാതെ, 25 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമി ലഭ്യമാകുന്നതിനാൽ കൃഷി ചെയ്യുന്നതിനും മറ്റും സാധിക്കും. ഇപ്രകാരം ചെയ്യുന്നതിലൂടെ ഈ വിഭാഗങ്ങളെ സാമ്പത്തികമായും സാമൂഹികമായും ഉന്നതിയിലെത്തിക്കാൻ സാധിക്കുന്നു. 2012-2013 വർഷം ആരംഭിച്ച പദ്ധതിക്ക് ദൃശ്യമാധ്യമങ്ങളിലൂടെയും ടി.ഇ.ഒ., പ്രൊമോട്ടർമാർ മുഖേനയും വ്യാപക പ്രചാരണം നൽകിയിട്ടുണ്ട്. " ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതി, ആദിവാസി പുനരധിവാസ വികസന മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവയും മറ്റു വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായുള്ള ജില്ലാതല ഉന്നതാധികാര സമിതി നിലവിലുണ്ട്. ഈ സമിതി പ്രത്യേക കാലയളവിൽ യോഗം ചേരുകയും പുനരധിവാസ പ്രദേശങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട വിവിധ പദ്ധതികളെ സംബന്ധിച്ച് ചർച്ച ചെയ്യുകയും പ്രസ്തുത പദ്ധതികൾക്കായുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഉന്നതാധികാര സമിതി മുൻപാകെ അനുമതിക്കായി സമർപ്പിക്കുകയും ഇപ്രകാരം അനുമതി ലഭിക്കുന്ന പദ്ധതികൾക്ക് ഫണ്ട് അനുവദിച്ച് നൽകുകയും ചെയ്തുവരുന്നു. ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരണം മുതൽ ഈ കാലയളവുവരെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി ഈ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

**ചേലക്കര മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ വിവരം**

47 (3316) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കോളനികൾ ഉണ്ട്;

(ബി) ഈ കോളനികളിൽ ഏതെല്ലാം പട്ടികവർഗ്ഗ വിഭാഗങ്ങളാണ് ഉൾപ്പെടുന്നത് പ്രത്യേകം വ്യക്തമാക്കുമോ;

(സി) ഓരോ കോളനികളിലും എത്ര കുടുംബങ്ങൾ ഉണ്ട്:

(ഡി) സുരക്ഷിതമായ വീടില്ലാത്ത എത്ര കുടുംബങ്ങളുണ്ട്; അവരുടെ പേരുവിവരങ്ങൾ വ്യക്തമാക്കുമോ;

(ഇ) റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾ എത്ര എണ്ണമുണ്ട്; അവരുടെ പേരുവിവരങ്ങൾ വ്യക്തമാക്കുമോ;

(എഫ്) വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത എത്ര വീടുകൾ ഉണ്ട്; അവരുടെ പേരുവിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ചേലക്കര മണ്ഡലത്തിൽ കളപ്പാറ, മാട്ടിൻമുകൾ, മാൻകുളമ്പ്, തിരുമണി എന്നീ 4 പട്ടികവർഗ്ഗ കോളനികളാണുള്ളത്. ഇവയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മലയൻ സമുദായക്കാരാണ് താമസിച്ചു വരുന്നത്.

(സി)

| ക്രമ നമ്പർ | കോളനി | കുടുംബങ്ങൾ |
|---|---|---|
| 1 | കളപ്പാറ | 22 |
| 2 | മാട്ടിൻമുകൾ | 20 |
| 3 | മാൻകുളമ്പ് | 14 |
| 4 | തിരുമണി | 40 |

(ഡി) 35 കുടുംബങ്ങളുണ്ട്. പേര് വിവരം അനുബന്ധം - I ആയി ചേർക്കുന്നു. *

(ഇ) റേഷൻ കാർഡില്ലാത്ത 5 കുടുംബങ്ങളുണ്ട്. പേര് വിവരം അനുബന്ധം - II ആയി ചേർക്കുന്നു.*

(എഫ്) വൈദ്യുതി കണക്ഷൻ ഇല്ലാത്ത 6 വീടുകളുണ്ട്. വിശദാംശം അനുബന്ധം - III ആയി ചേർക്കുന്നു.*

**ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം**

48 (3317) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ മലക്കപ്പാറ കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം (R 332) ഭരണ സമിതിയുടെ നിലവിലുള്ള ഭരണ ഘടന മാറ്റുന്നതിനും ഭരണ സമിതിയിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സഹകരണ സംഘത്തിലെ 5 ട്രൈബൽ അംഗങ്ങളെയെങ്കിലും സ്ത്രീ പുരുഷ ഭേദമന്യേ ഉൾപ്പെടുത്തുന്നതിനുമായി തൃശ്ശൂർ സബ് കളക്ടർ മുഖേന സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) ഈ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിയമാവലി ഭേദഗതി വരുത്തുന്നതിന് സംഘം സമർപ്പിച്ച അപേക്ഷ സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ നിരസിച്ച് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ, പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വയംതൊഴിൽ പദ്ധതിക്ക് (എസ്.എച്ച്.ജി. ഗ്രൂപ്പിന്) സാമ്പത്തിക സഹായം അനുവദിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് ഷോളയാർ പട്ടികവർഗ്ഗ സൊസൈറ്റിക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് സംഘം, തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ ഓഫീസിലെ അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി.എസ്.ടി.)-മായി ബന്ധപ്പെട്ട് പ്രോജക്ട് സമർപ്പിക്കുന്ന മുറയ്ക്ക് അർഹത പരിഗണിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ നടപടി സ്വീകരിക്കുന്നതാണ്.

## ഹാംലെറ്റ് വികസന പദ്ധതി

49 (3318) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാംലെറ്റ് വികസന പദ്ധതിയിലൂടെ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

(ബി) പ്രസ്തുത പദ്ധതിയിൽ ഈ നിയോജകമണ്ഡലത്തിലെ കൂടുതൽ പ്രവൃത്തികൾ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹാംലെറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ വടക്കേ കടമ്പാറ കോളനിയിൽ നടപ്പിലാക്കുന്ന

പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. കോൺക്രീറ്റ് റോഡ്
2. കോളനിക്ക് ചുറ്റും കോമ്പൗണ്ട് വാൾ
3. സെമിത്തേരി കോമ്പൗണ്ട് വാൾ
4. ഐറിഷ് ഡ്രെയിൻ കൺസ്ട്രക്ഷൻ
5. വീട് പുനരുദ്ധാരണം
6. 8 കക്കൂസുകളുടെ നിർമ്മാണം
7. 100 മീ. ഡ്രെയിനേജ് നിർമ്മാണം
8. ജല വിതരണം

ആയതിൽ 8 കക്കൂസുകളുടെ നിർമ്മാണവും 100 മീറ്റർ ഡ്രെയിനേജ് നിർമ്മാണവും നടപ്പാക്കിയിട്ടുണ്ട്.

(ബി) നിലവിൽ ഹാംലെറ്റ് വികസന പദ്ധതിയിൽ കൂടുതൽ പ്രവൃത്തികൾ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല.

## ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ പട്ടികവർഗ്ഗ കോളനികളുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ

50 (3319) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ പട്ടികവർഗ്ഗ കോളനികളുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളായ മുക്കംപുഴ, പിള്ളപ്പാറ, മാരാങ്കോട് കോളനികളിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, മുക്കംപുഴ കോളനിക്ക്ചുറ്റും ട്രഞ്ച് നിർമ്മാണം, പൊരിങ്ങൽ കാടർ കോളനിയിൽ റോഡും നടപ്പാതയും നിർമ്മാണം, പെരിങ്ങൽകുത്തിൽ റസിഡൻഷ്യൽ ഗേൾസ് ഹോസ്റ്റൽ നിർമ്മാണം, വെട്ടിവിട്ടകാട്, അരിക്കാപ്പ് എന്നീ കോളനികളിൽ വൈദ്യുതി എത്തിക്കൽ, അടിച്ചിൽ തൊട്ടി, മുക്കംപുഴ, തവളക്കുഴിപ്പാറ, വാച്ചുമരം എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഭൂഗർഭ കേബിളാക്കി മാറ്റൽ തുടങ്ങിയ വികസന പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മണ്ഡലത്തിൽ ഉൾപ്പെട്ട മുക്കുംപുഴ കോളനികൾക്ക് ചുറ്റും ട്രഞ്ച് നിർമ്മിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പെരിങ്ങൽകുത്ത് കാടർ കോളനിയിൽ പെൺകുട്ടികൾക്കായി റസിഡൻഷ്യൽ ഹോസ്റ്റൽ തുടങ്ങുന്നതിന് ആവശ്യമായ കുട്ടികളുടെ എണ്ണം നിലവിൽ ടി കോളനിയിൽ കുറവാണ്.

വെട്ടിവിട്ടകാട്, അരിക്കാപ്പ് കോളനികളിൽ ഭൂഗർഭ കേബിൾ ആക്കി വൈദ്യുതി എത്തിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

അടിച്ചിൽതൊട്ടി, മുക്കുംപുഴ, തവളക്കുഴിപ്പാറ, വാച്ചുമരം എന്നീ പട്ടികവർഗ്ഗ കോളനികളിൽ നിലവിൽ വൈദ്യുതി ലഭ്യമാണ്.

അടിയ-പണിയ പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷം മുക്കുംപുഴ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി 8,69,650 രൂപയും, കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷം, പള്ളിപ്പാറ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി 18,37,500 രൂപയും അതിരപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിരുന്നുവെങ്കിലും പദ്ധതി ഇതുവരെ ആരംഭിച്ചിട്ടില്ല. കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി മാരാങ്കോട് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി 13,50,000 രൂപ 2015-16 സാമ്പത്തിക വർഷം കോടശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിരുന്നുവെങ്കിലും പദ്ധതി ഇതുവരെ ആരംഭിച്ചിട്ടില്ല.

**ശുദ്ധജലവിതരണ സംവിധാനമില്ലാത്ത ആദിവാസി ഊരുകൾ**

51 (3320) <u>ശ്രീ. റോഷി അഗസ്റ്റിൻ:</u>

<u>ശ്രീ. മോൻസ് ജോസഫ്:</u>

<u>ശ്രീ. സി. എഫ്. തോമസ്:</u>

<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ആദിവാസി ഊരുകളാണ് ഉള്ളത്; പ്രസ്തുത ഊരുകളിൽ ശുദ്ധജലവിതരണ സംവിധാനം ഉള്ളത് എത്ര ഊരുകളിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ആദിവാസി ഊരുകളിൽ ശുദ്ധജലവിതരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(സി) ശുദ്ധജലവിതരണ സംവിധാനം ഏർപ്പെടുത്താൻ അവശേഷിക്കുന്ന ആദിവാസി ഊരുകളിൽ സമയബന്ധിതമായി അവ ഏർപ്പെടുത്തുന്നതിന് നടപ്പുസാമ്പത്തിക വർഷം തന്നെ നടപടി സ്വീകരിക്കുമോ; ഈ ഇനത്തിൽ നീക്കിവച്ചിട്ടുള്ള തുകയെത്രയാണ് ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ കോളനികളെ സംബന്ധിച്ച് 2008-ലെ സോഷ്യോ ഇക്കണോമിക് സർവ്വേ പ്രകാരം സംസ്ഥാനത്ത് 4762 പട്ടികവർഗ്ഗ കോളനികൾ ഉണ്ട്. ഇതിൽ 473 കോളനികൾക്കുള്ളിലും 2390 കോളനികൾക്ക് അരകിലോമീറ്റർ ചുറ്റളവിലും ശുദ്ധജലം ലഭ്യമാണ്. 1899 കോളനികളിൽ അകലെ നിന്നും ശുദ്ധജലം എത്തിക്കുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പ്, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകൾ മുഖേന നിരവധി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ആദിവാസി ഊരുകളിൽ കുടിവെള്ളം എത്തിക്കുക എന്നത് വകുപ്പിന്റെ പ്രഥമ പരിഗണനകളിൽ ഒന്നാണ്. ഇതിനായി കോർപ്പസ് ഫണ്ട്, ഭരണഘടനയുടെ ആർട്ടിക്കിൾ 275(1) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പരമാവധി കോളനികളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ജലനിധി ആവിഷ്കരിക്കുന്ന പദ്ധതികൾക്കുള്ള ഗുണഭോക്തൃ വിഹിതം പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്നുണ്ട്. വാട്ടർ അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സമർപ്പിക്കുന്ന പദ്ധതിക്ക് സാമ്പത്തിക സഹായം അനുവദിച്ചുവരുന്നു. കൂടാതെ സമഗ്ര വികസന പദ്ധതിയായ ഹാംലെറ്റ് വികസന പദ്ധതി, എ.ടി.എസ്.പി. എന്നീ പദ്ധതികളിലൂടെയും കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു. കോളനികളിൽ ശുദ്ധജലം എത്തിക്കുന്നതിന് പദ്ധതികളിൽ പ്രഥമ പരിഗണന നൽകണമെന്ന് എല്ലാ ജില്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. കോർപ്പസ് ഫണ്ട്, എ.ടി.എസ്.പി., ഹാംലെറ്റ് വികസന പദ്ധതി, ആർട്ടിക്കിൾ 275(1) എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽനിന്ന് ആവശ്യാനുസരണം വിനിയോഗിച്ച് കുടിവെള്ള പദ്ധതികൾ നടപ്പാക്കിവരുന്നു.

## പട്ടികവർഗ്ഗ ആശ്വാസനിധി

52 (3321) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര പട്ടിക വർഗ്ഗ ആരോഗ്യ സംരക്ഷണ പദ്ധതിയിലുൾപ്പെട്ട പട്ടികവർഗ്ഗ ആശ്വാസനിധിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം എന്തൊക്കെ കാര്യങ്ങൾക്കാണ് സാമ്പത്തിക സഹായം നല്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം എത്ര ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അത്യാവശ്യ സന്ദർഭങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ളതാണ് പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധി. പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി അപകടമരണത്തിന് ഇരയാകുക, ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയവയ്ക്കുള്ള ചികിത്സ വേണ്ടിവരിക, തീപിടുത്തം മൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക തുടങ്ങിയ സാഹചര്യങ്ങളിൽ സമാശ്വാസ ധനസഹായം അനുവദിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(ബി) വരുമാന ദായകനായ വ്യക്തിയുടെ അപകടമരണത്തിന് 50,000 രൂപ വരെയും, മാരക രോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപ വരെയും, തീപിടുത്തം, പ്രകൃതിക്ഷോഭം തുടങ്ങിയ സന്ദർഭങ്ങളിൽ 50,000 രൂപ വരെയും ഈ ഇനത്തിൽ ധനസഹായം നൽകിവരുന്നു.

(സി) ചികിത്സ ആവശ്യമായ എല്ലാ പട്ടികവർഗ്ഗക്കാരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം

53 (3322) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ട്യൂട്ടോറിയൽ പദ്ധതി

54 (3323) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ട്യൂട്ടോറിയൽ പദ്ധതി ഏത് വർഷം മുതലാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കോഴ്സുകളിൽ പഠനം നടത്തിവരുന്നവർക്ക് വേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നതെന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി വരുന്നതെന്നും വ്യക്തമാക്കുമോ;

(സി) പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഹാംലെറ്റ് കേന്ദ്രീകരിച്ച് ട്യൂഷൻ സിസ്റ്റം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ട്യൂട്ടോറിയൽ പദ്ധതി 2003 മുതലാണ് നടപ്പിലാക്കി വരുന്നത്.

(ബി) എസ്.എസ്.എൽ.സി., +2, ഡിഗ്രി പരാജിതരായവർക്ക് ട്യൂട്ടോറിയലുകളിൽ ചേർന്നു പഠിക്കുന്നതിനുള്ള ധനസഹായം, 8 മുതൽ +2 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ നൽകുന്നതിനുള്ള ഫീസ് എന്നിവ ഈ പദ്ധതി പ്രകാരം നൽകിവരുന്നു. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ എന്നിവരുടെ മേൽനോട്ടത്തിൽ എസ്.എസ്.എൽ.സി., +2 പരീക്ഷയ്ക്ക് മുമ്പായി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു മാസത്തെ തീവ്ര പരിശീലനവും ഈ പദ്ധതി പ്രകാരം നടത്തി വരുന്നുണ്ട്. ആഹാരം, താമസ സൗകര്യം, പഠനസഹായികൾ, അദ്ധ്യാപകരുടെ ഓണറേറിയം തുടങ്ങിയ ഇനത്തിൽ പരമാവധി 3,500 രൂപ ഓരോ വിദ്യാർത്ഥിക്കും അനുവദിച്ചു നൽകുന്നു. ഈ പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 200 രൂപയും 10-ാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 250 രൂപയും +1, +2 ഹ്യൂമാനിറ്റീസ്& കൊമേഴ്സ് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 350 രൂപയും സയൻസ് കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 400 രൂപയും ട്യൂഷൻ ഫീസായി അനുവദിച്ചു വരുന്നു.

എസ്.എസ്.എൽ.സി., പ്ലസ് ടു, ഡിഗ്രി പരീക്ഷകളിൽ പരാജയപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന നിരക്കിൽ ആനുകൂല്യം നൽകി വരുന്നു.

എസ്.എസ്.എൽ.സി.

| | | |
|---|---|---|
| ട്യൂഷൻ ഫീസ് | : | ഒരു വിഷയത്തിന് 100 രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് 1000 രൂപ |
| സ്റ്റേഷനറി | : | 250 രൂപ |
| യാത്രാച്ചെലവ് | : | 500 രൂപ |

പ്ലസ് ടു

| | | |
|---|---|---|
| ട്യൂഷൻ ഫീസ് | : | ഒരു വിഷയത്തിന് 500 രൂപ നിരക്കിൽ പരമാവധി 3000 രൂപ |
| സ്റ്റേഷനറി | : | 250 രൂപ |
| യാത്രാച്ചെലവ് | : | 500 രൂപ |

ഡിഗ്രി (ബി.എ., ബി. കോം)

| | | |
|---|---|---|
| മെയിൻ പരീക്ഷ | : | 1250 രൂപ |
| സബ് പരീക്ഷ | : | 500 രൂപ |
| സ്റ്റേഷനറി | : | 250 രൂപ |
| യാത്രാച്ചെലവ് | : | 500 രൂപ |

ബി. എസ്. സി.

| | | |
|---|---|---|
| മെയിൻ പരീക്ഷ | : | 1650 രൂപ |
| സബ് പരീക്ഷ | : | 500 രൂപ |
| പ്രാക്ടിക്കൽ പരീക്ഷ | : | 1150 രൂപ |
| സ്റ്റേഷനറി | : | 250 രൂപ |
| യാത്രാച്ചെലവ് | : | 500 രൂപ |

(സി) ഹാംലെറ്റ് കേന്ദ്രീകരിച്ച് ട്യൂഷൻ സിസ്റ്റം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും, കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിലേയ്ക്കുമായി ഹാംലെറ്റിലേയും പുറത്തുനിന്നുമുള്ള അഭ്യസ്ത വിദ്യരായ ആളുകളുടെ സേവനം പ്രയോജനപ്പെടുത്തി ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മുഖാന്തരം ടി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി

55 (3324) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഈ സർക്കാർ എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട്;

(ബി) പദ്ധതി പ്രകാരം ഈ വർഷം എത്ര തുക മാറ്റി വച്ചിട്ടുണ്ട്; ഇതുപ്രകാരം എത്ര പേർക്ക് ഭൂമി വാങ്ങി നൽകാൻ കഴിയുമെന്നാണ് കരുതുന്നത്;

(സി) ഈ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച അർഹരായ എത്ര പേരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുണ്ട്; കണക്ക് ലഭ്യമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഈ സർക്കാർ 62 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി, പാർപ്പിടം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയുള്ള പുനരധിവാസത്തിനായി നടപ്പ് സാമ്പത്തിക വർഷം 42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽനിന്നും ഭൂരഹിതരായ അർഹതയുള്ള പട്ടികവർഗ്ഗക്കാരുടെ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് 200 പേർക്ക് ധനസഹായം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഭൂമി വാങ്ങുന്നതിന് ലഭ്യമായ അർഹതയുള്ള അപേക്ഷകൾ ഒന്നുംതന്നെ നിരസിച്ചിട്ടില്ല.

## ധീവര (ഒ.ഇ.സി.) വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സംവരണാനുകൂല്യം നിഷേധിച്ച നടപടി

56 (3325) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധീവര (ഒ.ഇ.സി.) വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലസ് ടു, ഡിഗ്രി, പ്രൊഫഷണൽ ഡിഗ്രി എന്നീ വിഭാഗങ്ങളിൽ ലഭിക്കുന്ന വിദ്യാഭ്യാസ സംവരണ ആനുകൂല്യങ്ങൾ വ്യക്തമാക്കുമോ; ഇക്കാര്യത്തിലുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) 2016 അധ്യയന വർഷത്തിൽ കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ഓൺലൈനായി ഡിഗ്രി അഡ്മിഷൻ നടത്തിയപ്പോൾ ധീവര (ഒ.ഇ.സി) വിഭാഗത്തിനെ ജനറൽ കാറ്റഗറിയിലാണ് അഡ്മിഷന് പരിഗണിച്ചിരുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ധീവര (ഒ.ഇ.സി.) വിഭാഗം വിദ്യാർത്ഥികൾക്ക് ഡിഗ്രി പ്രവേശനത്തിന് പ്രത്യേകമായി വിദ്യാഭ്യാസ സംവരണം ഏർപ്പെടുത്തിയിരുന്നില്ലെങ്കിൽ അവർ ഉൾപ്പെടുന്നതും അർഹതപ്പെട്ടതുമായ ഒ.ബി.എച്ച്. കാറ്റഗറിയിൽ ഉൾപ്പെടുത്തി അഡ്മിഷന് പരിഗണിക്കാതെയിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ധീവര (ഒ.ഇ.സി.) വിഭാഗം വിദ്യാർത്ഥികൾക്ക് കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ ഡിഗ്രി പ്രവേശനത്തിനുള്ള അഡ്മിഷന് ജനറൽ കാറ്റഗറിയിൽ പരിഗണിച്ചതു പ്രകാരം ഒരു തരത്തിലുമുള്ള വിദ്യാഭ്യാസ സംവരണാനുകൂല്യവും ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതു പ്രകാരം മേൽ വിഭാഗത്തിൽപ്പെട്ടിട്ടുള്ള നിരവധി വിദ്യാർത്ഥികൾക്ക് ഡിഗ്രി അഡ്മിഷൻ ലഭിച്ചിട്ടില്ലെന്ന വസ്തുത സർക്കാർ പരിശോധിക്കുമോ;

(ഇ) യൂണിവേഴ്സിറ്റികൾ നടപ്പിലാക്കിയ ഓൺലൈൻ അഡ്മിഷൻ മൂലം വർഷങ്ങളായി ധീവര (ഒ.ഇ.സി.) വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിച്ചു വന്നിരുന്ന വിദ്യാഭ്യാസ സംവരണാനുകൂല്യം നഷ്ടപ്പെട്ട നടപടിയെക്കുറിച്ചുള്ള നിലപാട് വ്യക്തമാക്കുമോ;

(എഫ്) ധീവര (ഒ.ഇ.സി.) കാറ്റഗറിക്ക് ഡിഗ്രി അഡ്മിഷൻ പ്രത്യേകമായി വിദ്യാഭ്യാസ സംവരണം നടപ്പിലാക്കുന്നതുവരെ ഒ.ബി.എച്ച് കാറ്റഗറിയിൽ ഉൾപ്പെടുത്തി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) പ്ലസ് ടു, പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് ധീവര (ഒ.ഇ.സി) വിഭാഗത്തിന് പ്രത്യേക വിദ്യാഭ്യാസ സംവരണം നല്കിയതുപോലെ ഡിഗ്രി കോഴ്സുകൾക്കും അഡ്മിഷന് പ്രത്യേക ശതമാനം സംവരണം നല്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുമോ?

ഉത്തരം

(എ) പ്ലസ് ടു, പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് ധീവര സമുദായത്തിന് നിലവിൽ 2% സംവരണം അനുവദിച്ചിട്ടുണ്ട്. (ഉത്തരവ് അനുബന്ധം -1 ആയി ഉൾപ്പെടുത്തുന്നു*). ഡിഗ്രി, പി.ജി. തലത്തിൽ ഒ.ബി.എച്ച്.-നുള്ള 3% സംവരണത്തിൽ ഉൾപ്പെടുത്തി ഗവൺമെന്റ് കോളേജുകളിൽ ധീവരർക്ക് സംവരണം അനുവദിച്ചിട്ടുണ്ട്. (ഉത്തരവ് അനുബന്ധം-2 ആയി ഉൾപ്പെടുത്തുന്നു.)*

(ബി) ഇതുസംബന്ധിച്ച് കേരള, മഹാത്മാഗാന്ധി എന്നീ യൂണിവേഴ്സിറ്റികളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ പരാതികൾ ലഭിച്ചിരുന്നു. എന്നാൽ യൂണിവേഴ്സികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചതിൽ ധീവരയ്ക്ക് ഒ.ബി.എച്ച്.-ന്റെ 3%-ത്തിൽ ഉൾപ്പെടുത്തി സംവരണം അനുവദിച്ചിട്ടുണ്ട്. (കേരള യൂണിവേഴ്സിറ്റിയുടെയും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെയും കണ്ണൂർ യൂണിവേഴ്സിറ്റിയുടെയും പ്രോസ്പെക്ടസിന്റെ ബന്ധപ്പെട്ട ഭാഗം അനുബന്ധം - 3 ആയി ചേർക്കുന്നു.)*

(സി) യൂണിവേഴ്സിറ്റി പ്രോസ്പെക്ടസിൽ ധീവരരെ ഒ.ബി.എച്ച്.-ൽ തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) ഇത്തരത്തിൽ ലഭിച്ച പരാതിയിൽ യൂണിവേഴ്സിറ്റികളിൽ അന്വേഷണം നടത്തിയതിൽ ധീവര സമുദായത്തെ ഒ.ബി.എച്ച്.-ൽ തന്നെയുൾപ്പെടുത്തിയാണ് സംവരണം അനുവദിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കുന്നു. ഒ.ഇ.സി. എന്ന പേരിൽ പ്രത്യേകം സംവരണം സംസ്ഥാനത്ത് നിലവിലില്ല. പട്ടികജാതി വിഭാഗത്തിന് അനുവദിച്ച സീറ്റുകളിൽ അർഹരായ അപേക്ഷകർ ഇല്ലാതെ വരുമ്പോൾ മാത്രമാണ് പ്രസ്തുത സീറ്റുകൾ ഒ.ഇ.സി. വിഭാഗത്തിന് അനുവദിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ഓൺലൈൻ സംവിധാനം നടപ്പിലാക്കിയതോടെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സീറ്റുകൾ പൂർണ്ണതോതിൽ ആ വിഭാഗത്തിന് നൽകേണ്ടിവരുന്ന സാഹചര്യത്തിലാണ് ഒ.ഇ.സി. വിഭാഗത്തിന് സീറ്റ് നൽകാനാവാത്തത്.

(എഫ്) ഒ.ബി.എച്ച്. കാറ്റഗറിയിൽ ഉൾപ്പെടുത്തി തന്നെയാണ് നിലവിൽ ധീവര സമുദായത്തിന് സംവരണം അനുവദിക്കുന്നത്.

(ജി) നിലവിൽ ഡിഗ്രി, പി.ജി. കോഴ്സുകൾക്ക് വിവിധതലത്തിൽ സംവരണം അനുവദിച്ചിരിക്കുന്നത് 50% ആണ്. ടി സാഹചര്യത്തിൽ ധീവര സമുദായത്തിന് മാത്രമായി പ്രത്യേക സംവരണം നൽകുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ശ്രീ. എം. കെ. ഭാഗ്യരാജിന് പ്രത്യേക വിദ്യാഭ്യാസ ആനുകൂല്യവും ജാതി സർട്ടിഫിക്കറ്റും

57 (3326) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ വിദ്യാർത്ഥിയായ ശ്രീ. എം. കെ. ഭാഗ്യരാജിന് പ്രത്യേക വിദ്യാഭ്യാസ ആനുകൂല്യവും ജാതി സർട്ടിഫിക്കറ്റും അനുവദിച്ച് നൽകുന്നത് സംബന്ധിച്ച അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) കിർത്താഡ്സ് വഴി ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിൽ വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിലെ ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ മൂന്നാം വർഷ ബിരുദ വിദ്യാർത്ഥിയായിരുന്ന ശ്രീ. എം. കെ.

ഭാഗ്യരാജ് 2014-2015 വർഷം ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസാനുകൂല്യത്തിന് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ അപേക്ഷ തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ പെന്റിംഗിലാണ്.

(ബി) അപേക്ഷകന് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച അപേക്ഷ ഗവൺമെന്റിൽ ലഭിച്ചിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗത്തിൽപ്പെടുന്നതാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ആനുകൂല്യം അനുവദിക്കുന്നതാണ്.

(സി) കിർത്താഡ്സ് വഴി ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നില്ല. ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് ബന്ധപ്പെട്ട തഹസീൽദാരാണ്. തഹസീൽദാർ അപേക്ഷ നിരാകരിച്ചാൽ ബന്ധപ്പെട്ട കളക്ടർക്കും കളക്ടർ അപേക്ഷ നിരസിക്കുന്നപക്ഷം സർക്കാരിൽ അപേക്ഷ സമർപ്പിക്കാം. നരവംശശാസ്ത്ര പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ KIRTADS-ന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**ഗോത്ര സാരഥി പദ്ധതി**

58 (3327) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ഗോത്ര സാരഥി പദ്ധതി പ്രകാരം വയനാട് ജില്ലയിൽ എത്ര തുക കുടിശ്ശിക നൽകുവാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഗോത്ര സാരഥി പദ്ധതി തുടരുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-16 സാമ്പത്തിക വർഷം വയനാട് ജില്ലയിൽ ഗോത്രസാരഥി പദ്ധതിയിൽ കുടിശ്ശികയായി 1,44,27,918 രൂപ ഉണ്ടായിരുന്നു. ടി തുക 2016-17 സാമ്പത്തിക വർഷം ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്നതിനായി വയനാട് ജില്ലയ്ക്ക് അനുവദിച്ച 1,75,00,000 രൂപയിൽനിന്നും മാറി നൽകിയിട്ടുണ്ട്.

(ബി) ഗോത്രസാരഥി പദ്ധതി തുടരുന്നതാണ്.

## നായാടി സമുദായ കുടുംബങ്ങൾ

59 (3328) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ നായാടി സമുദായ വിഭാഗത്തിലുള്ള എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ;

(ബി) ഈ സമുദായ വിഭാഗത്തിലുള്ളവരുടെ സാമൂഹ്യ പുരോഗതിക്കായി എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ നായാടി സമുദായ വിഭാഗത്തിലുള്ള 66 കുടുംബങ്ങൾ താമസിക്കുന്നുണ്ട്.

(ബി) നായാടി സമുദായ വിഭാഗത്തിന് ദുർബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും ഭവനം നിർമ്മിക്കുന്നതിന് 3.50 ലക്ഷം രൂപയും ചേർത്ത് ഒരൊറ്റ യൂണിറ്റായി ആകെ 7.25 ലക്ഷം രൂപ നൽകിവരുന്നു. കൂടാതെ ഇവരുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി (വൈദ്യുതി, കിണർ/കുഴൽക്കിണർ, ടോയ്‌ലെറ്റ്, മെയിന്റനൻസ്, ചുറ്റുമതിൽ നിർമ്മാണം) എന്നിവയ്ക്ക് ധനസഹായം അനുവദിച്ചു വരുന്നു.

ഈ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റും, ലംപ്സം ഗ്രാന്റും താഴെപ്പറയും പ്രകാരം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്:

| തലം | നിലവിലുണ്ടായിരുന്ന തുക | | വർദ്ധിപ്പിച്ച തുക | |
|---|---|---|---|---|
| | സ്റ്റൈപ്പന്റ് | ലംപ്സം ഗ്രാന്റ് | സ്റ്റൈപ്പന്റ് | ലംപ്സം ഗ്രാന്റ് |
| എൽ.പി. വിഭാഗം | 100 | 250 | 130 | 320 |
| യു.പി. വിഭാഗം | 125 | 500 | 160 | 630 |
| ഹൈസ്കൂൾ വിഭാഗം | 150 | 750 | 190 | 940 |

വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും നൽകുന്നുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ധനസഹായം

60 (3329) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന ധനസഹായം കൃത്യമായി യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം മാർഗ്ഗങ്ങൾ നിലവിലുണ്ട്; വ്യക്തമാക്കുമോ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് വീട് വയ്ക്കുന്നതിന് നിലവിൽ നൽകുന്ന ധനസഹായം എത്രയാണ്;

(സി) ഏറനാട് മണ്ഡലത്തിൽ നടപ്പ് വർഷം എത്ര പേർക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന ധനസഹായം നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിനാൽ ധനസഹായം യഥാർത്ഥ ഗുണഭോക്താവിന് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയുന്നുണ്ട്.

ബാങ്ക് അക്കൗണ്ട് എടുക്കാത്ത പട്ടികവർഗ്ഗക്കാരെക്കൂടി കണ്ടെത്തി അക്കൗണ്ട് എടുക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിന് 3,00,000 രൂപയും ഇവരിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ദുർബ്ബല വിഭാഗങ്ങൾക്ക് 3,50,000 രൂപയും പട്ടികവർഗ്ഗക്കാർക്ക് വീട് വയ്ക്കുന്നതിന് 3,50,000 രൂപയും അനുവദിക്കുന്നുണ്ട്.

(സി) ഏറനാട് മണ്ഡലത്തിൽ നടപ്പു വർഷം 56 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ബ്ലോക്ക് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ഊർങ്ങാട്ടിരി | 8 |
| കീഴുപറമ്പ് | 4 |
| ചീക്കോട് | 6 |
| അരീക്കോട് | 6 |
| കാവനൂർ | 9 |
| കുഴിമണ്ണ | 8 |
| എടവണ്ണ | 11 |
| ചാലിയാർ | 4 |
| ആകെ | 56 |

ഈ മണ്ഡലത്തിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട ആർക്കും നടപ്പുവർഷം ധനസഹായം അനുവദിച്ചിട്ടില്ല.

### അട്ടപ്പാടിയിൽ ആദിവാസികൾക്കായി വീടുകൾ

61 (3330) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിൽ ആദിവാസികൾക്കായി എത്ര വീടുകളാണ് അനുവദിച്ചിട്ടുണ്ടായിരുന്നത്; ഊരു തിരിച്ചുള്ള വിവരം വർഷാടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) ആയതിനായി എത്ര തുക എന്തെല്ലാം പദ്ധതി പ്രകാരം ചെലവിട്ടുവെന്നുള്ള വിവരം ഊരു തിരിച്ച് ലഭ്യമാക്കുമോ;

(സി) അതിൽ ഇപ്പോഴും പൂർത്തീകരിക്കാത്ത എത്ര വീടുകളുണ്ടെന്ന് ഊരുതിരിച്ചുള്ള കണക്ക് അറിയിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു. ആയത് ലഭ്യമാക്കി ഉടൻതന്നെ അന്തിമ മറുപടി നൽകുന്നതാണ്.

### നോട്ടറി നിയമനങ്ങൾ

62 (3331) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽനിന്നും നോട്ടറി നിയമനത്തിനായി ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) അതിൽ ആർക്കൊക്കെ നോട്ടറിയായി നിയമനം നൽകിയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1. ശ്രീ. പി. കെ. മനോഹരൻ, കോഴിക്കോട്

(ഫയൽ നമ്പർ 13382/എച്ച് 2/2016/നിയമം)

2. ശ്രീമതി ഷബിത കെ., കോഴിക്കോട്

(ഫയൽ നമ്പർ 15526/എച്ച് 2/2016/നിയമം)

3. ശ്രീമതി സുസ്മിത വി., കോഴിക്കോട്

(ഫയൽ നമ്പർ 15527/എച്ച് 2/2016/നിയമം)

4. ശ്രീ. സക്കറിയ പുൽക്കുഴിയിൽ, കോഴിക്കോട്

(ഫയൽ നമ്പർ 16506/എച്ച് 2/2016/നിയമം)

5. ശ്രീമതി ഉഷ എസ്., കോഴിക്കോട്

(ഫയൽ നമ്പർ 16507/എച്ച് 2/2016/നിയമം)

6. ശ്രീമതി ചാന്ദിനി കെ. പി., കോഴിക്കോട്

(ഫയൽ നമ്പർ 20595/എച്ച് 2/2016/നിയമം)

കോഴിക്കോട് ജില്ലയിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭിച്ച ആറ് അപേക്ഷകരിൽ ആർക്കും നോട്ടറിയായി നിയമനം നൽകിയിട്ടില്ല.

## അഡ്വക്കേറ്റ് ക്ലാർക്കായിരുന്ന ഗംഗാധരൻപിള്ളയുടെ ക്ഷേമനിധി പെൻഷൻ

63 (3332) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ മുടങ്ങിപ്പോയ ക്ഷേമനിധി പുനഃസ്ഥാപിച്ച് അവർക്ക് പെൻഷൻ നൽകുവാൻ ആവശ്യമായ നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ചെങ്ങന്നൂർ താലൂക്കിൽ അഡ്വക്കേറ്റ് ക്ലാർക്കായിരുന്ന ബുധനൂർ കാരയ്ക്കാട്ട് വീട്ടിൽ ഗംഗാധരൻപിള്ളയുടെ ക്ഷേമനിധി പുനഃസ്ഥാപിക്കാൻ നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിക്കാവുന്ന പരിഹാര മാർഗ്ഗങ്ങൾ എന്തെന്ന് അപേക്ഷകനെ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത അപേക്ഷകന്റെ ക്ഷേമനിധി പുനഃസ്ഥാപിച്ച് പെൻഷൻ ലഭിക്കാൻ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കുമോ;

(ഇ) ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിൽ നിന്നും 758875/2016/M&Fin. എന്ന നമ്പരിൽ നിയമ വകുപ്പിന് കൈമാറിയ പ്രസ്തുത അപേക്ഷയിൽ നടപടി സ്വീകരിക്കാൻ കാലതാമസം ഉണ്ടായതിന്റെ കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്ടിലെ 17(6) വകുപ്പു പ്രകാരം ക്ഷേമനിധിയിലെ ഒരു അംഗം ഒരു വർഷത്തെ വാർഷിക വരിസംഖ്യ ആ വർഷം ജൂൺ 30 നകം ഒടുക്കിയില്ലെങ്കിൽ പ്രസ്തുത അംഗത്തിന്റെ അംഗത്വം റദ്ദാക്കപ്പെടുന്നതാണ്. പ്രസ്തുത ആക്ടിലെ 17(7) വകുപ്പും 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങളിലെ ചട്ടം 10(4) -ഉം പ്രകാരം വാർഷിക വരിസംഖ്യ ഒടുക്കാൻ വീഴ്ച വരുത്തിയതുമൂലം ക്ഷേമനിധിയിലെ അംഗത്വത്തിൽനിന്നും നീക്കം ചെയ്യപ്പെട്ട ഒരു അംഗത്തിന് ക്ഷേമനിധിയിലേയ്ക്ക് വീണ്ടും അംഗത്വം ലഭിക്കുന്നതിന് കുടിശ്ശിക വരിസംഖ്യ തുകയും അതിന്റെ 12 ശതമാനം പലിശയും ടിയാന്റെ പേര് നീക്കം ചെയ്ത തീയതി മുതൽ 6 മാസത്തിനകം അടയ്ക്കുന്നപക്ഷം അംഗത്വം പുനഃസ്ഥാപിച്ച് കിട്ടാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

(ബി) ചെങ്ങന്നൂർ താലൂക്കിൽ അഡ്വക്കേറ്റ് ക്ലാർക്കായിരുന്ന ബുധനൂർ കാരയ്ക്കാട്ട് വീട്ടിൽ ഗംഗാധരൻപിള്ളയുടെ ക്ഷേമനിധി അംഗത്വം പുനഃസ്ഥാപിക്കാനുള്ള അപേക്ഷ 14-10-2016-ൽ കൂടിയ കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി കമ്മിറ്റി യോഗത്തിൽ പരിഗണിക്കുകയും കുടിശ്ശിക പിഴയോടുകൂടി ഒടുക്കാൻ അനുവദിച്ചുകൊണ്ട് ടിയാന്റെ മുടങ്ങിപ്പോയ ക്ഷേമനിധി അംഗത്വം പുനഃസ്ഥാപിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അപേക്ഷകന്റെ ക്ഷേമനിധി അംഗത്വം പുനഃസ്ഥാപിക്കുവാനെടുത്ത ക്ഷേമനിധി കമ്മിറ്റിയുടെ 14-10-2016-ലെ തീരുമാനം അപേക്ഷകനെ ഉടനെ അറിയിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) 14-10-2016-ൽ കൂടിയ കമ്മിറ്റി തീരുമാനം അനുസരിച്ച് അപേക്ഷകൻ വരുത്തിയ കുടിശ്ശിക പലിശയോടുകൂടി ഒടുക്കുന്ന മുറയ്ക്ക് ക്ഷേമനിധി അംഗത്വം പുനഃസ്ഥാപിക്കുന്നതാണ്. തുടർന്ന് പെൻഷനുവേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ കാര്യാലയത്തിൽനിന്നും 758875/2016/M&Fin. എന്ന നമ്പരിൽ നിയമ വകുപ്പിന് കൈമാറിയ ശ്രീ. ഗംഗാധരൻ പിള്ളയുടെ പ്രസ്തുത അപേക്ഷ തീരുമാനമെടുക്കുന്നതിനായി കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി കമ്മിറ്റിക്ക് അയച്ചുകൊടുത്തിരുന്നതാണ്.

അപേക്ഷകന്റെ അംഗത്വം പുനഃസ്ഥാപിക്കുന്ന വിഷയം 21-7-2016-ൽ കൂടിയ ക്ഷേമനിധി കമ്മിറ്റിയുടെ യോഗത്തിൽ 13-ാം നമ്പർ വിഷയമായി അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്നതും ടി വിഷയം അടുത്ത കമ്മിറ്റിയിൽ പരിഗണിക്കാനായി മാറ്റി വയ്ക്കുകയും ചെയ്തിരുന്നതാണ്. ടി വിഷയം വീണ്ടും 28-9-2016-ലെ ക്ഷേമനിധി കമ്മിറ്റി യോഗ അജണ്ടയിൽ 7-ാം നമ്പർ വിഷയമായി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത കമ്മിറ്റി യോഗത്തിൽ കോറം തികയാത്തതുകൊണ്ട് ടി അപേക്ഷയിൽ അന്ന് നടപടി സ്വീകരിക്കാനായില്ല. ആയതിനാലാണ് കാലതാമസം നേരിട്ടത്.

**അഭിഭാഷകർക്ക് സ്റ്റൈപ്പന്റ്**

64 (3333) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭിഭാഷകർക്ക് സ്റ്റൈപ്പന്റ് നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപ വീതമാണ് സ്റ്റൈപ്പന്റ് നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ സ്റ്റൈപ്പന്റ് വിതരണത്തിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ഇതിനായുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

**നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ**

65 (3334) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ;

(സി) ഇവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന രീതി വിശദമാക്കുമോ; ഇതിനായി സ്വകാര്യ സ്ഥാപനങ്ങളുടേയും സന്നദ്ധ സംഘടനകളുടേയും, ക്ലബ്ബുകളുടേയും സഹകരണം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ എല്ലാ ജില്ലയിലും 40 കോടി രൂപ വീതം ചെലവിൽ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ജില്ലാ കേന്ദ്രങ്ങളിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെ നിശ്ചയിക്കുകയും അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം Kerala Infrastructure Investment Fund Board (KIIFB)-ൽ നിന്നുമുള്ള പ്രത്യേക ധനസഹായം മുഖേന പൂർത്തിയാക്കുവാനാണ് പദ്ധതിയിടുന്നത്.

**അവശകലാകാരന്മാരുടെ സംരക്ഷണം**

66 (3335) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അവശ കലാകാരന്മാരുടെ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

അവശ കലാകാരന്മാരുടെ സംരക്ഷണത്തിന്റെ ഭാഗമായി പ്രതിമാസം 750 രൂപ വീതം അവശകലാകാര പെൻഷനും അവശ കലാകാരന്മാർക്ക് ചികിത്സാ ധനസഹായവും സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖാന്തരം അനുവദിച്ച് വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെൻഷൻ 1500 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ അക്കാദമി മുഖാന്തരം കലാകാരന്മാർക്ക് പെൻഷൻ/ചികിത്സാ ധനസഹായവും മറ്റ് ക്ഷേമപദ്ധതികളും ആവിഷ്കരിച്ചുവരുന്നു. ചികിത്സാ സഹായമായി ഫോക് ലോർ അക്കാദമി 25,000 രൂപ നല്കി വരുന്നു. ലളിതകലാ അക്കാദമി 10,000 രൂപ ചികിത്സാ ധനസഹായം നൽകുന്നുണ്ട്.

മേൽ സഹായങ്ങൾക്കു പുറമേ, ഫോക് ലോർ അക്കാദമി മുഖാന്തരം കലാകാരന്മാരുടെ കുട്ടികൾക്ക് കലാപഠനത്തിന് സ്റ്റൈപ്പന്റ് നൽകുന്നുണ്ട്. നിശ്ചിത വരുമാനത്തിൽ താഴെയുള്ള സാഹിത്യകാരന്മാരുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസത്തിന് സാഹിത്യ അക്കാദമിയിൽനിന്നും ധനസഹായം നൽകുന്നുണ്ട്. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് മുഖാന്തരം അവശരായ കലാകാരന്മാർക്ക് ക്ഷേമനിധി പെൻഷൻ ഉൾപ്പെടെയുള്ള പദ്ധതി വ്യവസ്ഥകൾക്കനുസൃതമായിട്ടുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നു.

## ഭരത് പി. ജെ. ആന്റണിക്ക് സ്മാരകം നിർമ്മിക്കുന്ന നടപടി

67 (3336) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരത് പി. ജെ. ആന്റണിക്ക് സ്മാരകം നിർമ്മിക്കുന്ന നടപടി വിശദമാക്കാമോ;

(ബി) ഭരത് പി. ജെ. ആന്റണിയുടെ ഭാര്യ മേരിക്ക് സംസ്ഥാന സർക്കാർ പെൻഷൻ നൽകുന്നുണ്ടെങ്കിൽ എത്ര എന്നും എന്നാണ് ഈ തുക അനുവദിച്ചതെന്നും വിശദമാക്കുമോ;

(സി) ഈ തുക വർദ്ധിപ്പിച്ച് നൽകണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭരത് പി. ജെ. ആന്റണിക്ക് സ്മാരകം നിർമ്മിക്കുന്നതിനായി സാംസ്കാരിക വകുപ്പിൽ അപേക്ഷ ലഭിച്ചിട്ടില്ല.

(ബി) ശ്രീമതി മേരി ആന്റണിക്ക് 17-9-2007-ലെ സ.ഉ. (സാധാ.)നമ്പർ 480/07/സി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം പ്രതിമാസം 2000 രൂപ വീതം പെൻഷൻ അനുവദിച്ചിരുന്നു.

(സി) 21-12-2015-ലെ സ.ഉ.(കൈ.)നമ്പർ 49/2015/സാം.ക.വ. നമ്പർ ഉത്തരവ് പ്രകാരം 4,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

## ഭരത് മുരളി നാടക പരിശീലന കേന്ദ്രം

68 (3337) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരത് മുരളി നാടക പരിശീലന കേന്ദ്രത്തിന്റെ നവീകരണത്തിനായി 2016-17 ബജറ്റിൽ എത്ര തുക അനുവദിച്ചിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) നവീകരണ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) നവീകരണത്തിനുള്ള വിശദമായ പദ്ധതി രൂപീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭരത് മുരളി ഡ്രാമ അക്കാദമി, കുടവട്ടൂരിന് 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ 50 ലക്ഷം രൂപ പ്രത്യേക ധനസഹായമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഭരത് മുരളി ഡ്രാമ അക്കാദമിയുടെ നവീകരണ പ്രവൃത്തിക്ക് നിർവ്വഹണ ഏജൻസിയെ നിയോഗിച്ചിട്ടില്ല.

(സി) നവീകരണ പദ്ധതി, പദ്ധതി നിർവ്വഹണം എന്നിവ ശിപാർശകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**കേരള കലാമണ്ഡലം**

69 (3338) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്പിത സർവകലാശാലയായ കേരള കലാമണ്ഡലത്തെ ബജറ്റിൽ പ്രസ്താവിച്ച പ്രകാരം സാംസ്കാരിക സർവ്വകലാശാലയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) കല്പിത സർവ്വകലാശാലയായ കേരള കലാമണ്ഡലത്തെ സാംസ്കാരിക സർവ്വകലാശാലയായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് മുൻ വൈസ് ചാൻസലറിനെ സ്പെഷ്യൽ ഓഫീസർ ആയി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയമിച്ചിരുന്നു. എന്നാൽ തുടർനടപടികൾ ഒന്നും എടുത്തിരുന്നില്ല. പുതിയ വൈസ്ചാൻസലറിനെ നിശ്ചയിച്ചശേഷം ഇക്കാര്യത്തിൽ നടപടികൾ ആരംഭിക്കുന്നതാണ്.

**കേരള സ്റ്റേറ്റ് കൾച്ചറൽ ആക്ടിവിസ്റ്റ് വെൽഫയർ ഫണ്ട് ബോർഡ്**

70 (3339) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സ്റ്റേറ്റ് കൾച്ചറൽ ആക്ടിവിറ്റീസ് വെൽഫയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

കേരള സംസ്ഥാനത്ത്, കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരോ ഏർപ്പെട്ടിരിക്കുന്നവരോ ആയവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകി, അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനാണ് സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് പ്രവർത്തിച്ചുവരുന്നത്. പ്രവർത്തനത്തിന്റെ ഭാഗമായി കലാ സാംസ്കാരിക പ്രവർത്തകർ അംഗത്വത്തിനായി നൽകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായ അംഗങ്ങൾക്ക് ഉടനടി അംഗത്വ കാർഡ് നൽകിവരുന്നുണ്ട്. അതോടൊപ്പം തന്നെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കായി ലഭിക്കുന്ന അപേക്ഷ പരിഗണിച്ച് പദ്ധതി വ്യവസ്ഥകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി കൈക്കൊണ്ടുവരുന്നു. ബോർഡിന്റെ മറ്റൊരു പ്രധാന പ്രവർത്തനം ഫണ്ട് സമാഹരണമാണ്. അംഗങ്ങളിൽനിന്ന് ലഭിക്കുന്ന അംശദായത്തിനുപുറമേ ക്ഷേമനിധിയിലേയ്ക്കുള്ള പ്രധാന വരവ് സിനിമാ പ്രേക്ഷകരിൽനിന്നും പിരിച്ചെടുക്കുന്ന സെസ്സ് തുകയാണ്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിയമവ്യവസ്ഥകൾ പ്രകാരം, സെസ്സ് ഇനത്തിൽ സിനിമാ പ്രേക്ഷകരിൽനിന്നും ശേഖരിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ക്ഷേമനിധി അക്കൗണ്ടിൽ അടയ്ക്കുന്ന കാര്യം ഉറപ്പാക്കുന്നതിന് ബോർഡ് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കലാ സാംസ്കാരിക പ്രവർത്തകരുടെ ക്ഷേമം മുൻനിർത്തി അവർക്ക് ഉപകാരപ്രദമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും ബോർഡിന്റെ പ്രവർത്തനത്തിൽ വരുന്നു.

**മഹാകവി ജി. ശങ്കരക്കുറുപ്പ് സ്മാരക നിർമ്മാണം**

71 (3340) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി ജി. ശങ്കരക്കുറുപ്പ് സ്മാരക നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്മാരക നിർമ്മാണത്തിനായി കൊച്ചി നഗരസഭ എന്തെങ്കിലും നീക്കം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ പ്രസ്തുത സ്മാരക നിർമ്മാണത്തിനുള്ള ഭൂമി കൈമാറിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആർക്കാണ് കൈമാറിയതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) മഹാകവി ജി. ശങ്കരക്കുറുപ്പിന് സ്മാരകം നിർമ്മിക്കുന്നതിന് കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ സർവ്വേ നമ്പർ 2681-ൽ ഉൾപ്പെട്ട ഒരേക്കർ ഭൂമി കൊച്ചി നഗരസഭയ്ക്ക് കൈമാറുന്നതിന് 20-5-2005-ലെ സ.ഉ. (എം.എസ്.)നമ്പർ 149/2005/റവ. പ്രകാരം ഉത്തരാവായിട്ടുണ്ട്. പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തി നഗരസഭയ്ക്ക് കൈമാറുന്നതിന് ബന്ധപ്പെട്ട തഹസിൽദാർക്കും താലൂക്ക് സർവ്വേയർക്കും കൊച്ചി നഗരസഭ അറിയിപ്പ് നൽകിയിട്ടുണ്ട്. ഭൂമി കൈമാറ്റം പൂർത്തിയാകാത്തതിനാൽ മഹാകവി ജി. ശങ്കരക്കുറുപ്പിനുള്ള സ്മാരക നിർമ്മാണം ആരംഭിച്ചിട്ടില്ല.

**പൂക്കാട് കലാലയത്തിന് ആവർത്തന ഗ്രാന്റ്**

72 (3341) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആവർത്തന ഗ്രാന്റ് നൽകുന്നതിനായി പരിഗണിക്കപ്പെട്ട സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) മലബാറിലെ പൂക്കാട് കലാലയത്തിന് ആവർത്തന ഗ്രാന്റ് ലഭിക്കുന്നതിനായി നിരവധി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൂക്കാട് കലാലയത്തിന് ആവർത്തന ഗ്രാന്റ് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പൂക്കാട് കലാലയം ഉൾപ്പെടെയുള്ള സാംസ്കാരിക സംഘടനകൾക്ക് ആവർത്തന/അനാവർത്തന ഗ്രാന്റ് അനുവദിക്കുന്നതിനുള്ള ശിപാർശകൾ സർക്കാർ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കായംകുളം കൃഷ്ണപുരത്തെ സാംസ്കാരിക വിനോദകേന്ദ്രം**

73 (3342) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കൃഷ്ണപുരത്ത് ഉയർന്നുവരുന്ന സാംസ്കാരിക വിനോദകേന്ദ്രം, കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ മ്യൂസിയം എന്നിവയ്ക്ക് ചുറ്റുമതിൽ, പ്രവേശന കവാടം എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

കായംകുളം കൃഷ്ണപുരത്ത് ഉയർന്നുവരുന്ന സാംസ്കാരിക വിനോദകേന്ദ്രം, കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ മ്യൂസിയം എന്നിവയ്ക്ക് ചുറ്റുമതിൽ, പ്രവേശന കവാടം എന്നിവ സ്ഥാപിക്കുന്നതിന് കേരള ലളിതകലാ അക്കാദമി മുഖേന നടപടി സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് സപ്തഭാഷാ സ്വരകേന്ദ്രം**

74 (3343) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അവതരിപ്പിച്ച ബഡ്ജറ്റുകളിൽ കാസർഗോഡ് സപ്തഭാഷാ സ്വരകേന്ദ്രം സ്ഥാപിക്കുന്നതിന് ടോക്കൺ തുക വകയിരുത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) സപ്ത ഭാഷാസ്വരകേന്ദ്രംകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്നും ഈ പദ്ധതിക്ക് എന്ത് ചെലവുവരും എന്നും വ്യക്തമാക്കാമോ;

(സി) ബജറ്റിൽ ടോക്കൺ തുക വകയിരുത്തിയതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഈ കേന്ദ്രം യാഥാർത്ഥ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) 2012-ലെ ബഹു. കേരള ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ കാസർഗോഡ് സപ്തസ്വര കേന്ദ്രം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ബജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. ആയതിനാൽ തുടർനടപടികൾ എടുത്തിട്ടില്ല.

## സാംസ്കാരിക പെൻഷൻ കുടിശ്ശിക

75 (3344) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിൽനിന്നും അനുവദിച്ചിട്ടുള്ള കലാകാര പെൻഷൻ 2015 ഡിസംബർ മാസത്തിനുശേഷം കുടിശ്ശിക ആയിരിക്കുന്നുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാർദ്ധക്യ സഹജമായ രോഗങ്ങളാൽ പീഢയനുഭവിക്കുന്ന അവശകലാകാരന്മാർക്ക് പെൻഷൻ മുടക്കം കൂടാതെ ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) ഒറ്റപ്പാലം താലൂക്കിൽ എത്ര പേർക്ക് സാംസ്കാരിക പെൻഷൻ ലഭിക്കുന്നുണ്ട് എന്നും ഓരോരുത്തർക്കും കിട്ടാനുള്ള കുടിശ്ശിക എത്രയെന്നും കുടിശ്ശിക തീർത്ത് കൊടുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നും വിശദമാക്കാമോ?

### ഉത്തരം

(എ) 2014 നവംബർ മാസം മുതൽ ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ടിലേയ്ക്ക് കലാകാര പെൻഷൻ അയയ്ക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയ എല്ലാ കലാകാരന്മാർക്കും, ബാങ്കിലോ, പോസ്റ്റ് ഓഫീസിലോ പോയി അക്കൗണ്ട് തുടങ്ങാൻ കഴിയാത്ത കലാകാരൻമാർക്ക് EMO മുഖേനയും 2016 ഒക്ടോബർ മാസം വരെയുള്ള കലാകാര പെൻഷൻ അയച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തവർക്ക് പെൻഷൻ അയയ്ക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) രോഗപീഡിതരായുള്ള പെൻഷൻകാർക്ക് മണി ഓർഡർ മുഖാന്തരം അയയ്ക്കുന്നുണ്ട്.

(സി) പാലക്കാട് ജില്ലയിൽ 267 കലാകാരന്മാർക്ക് പെൻഷൻ നൽകി വരുന്നുണ്ട്. കലാകാര പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക്/പോസ്റ്റോഫീസ് അക്കൗണ്ടുകളിലേയ്ക്കാണ് അയയ്ക്കുന്നത്. അതിൽ 25-ഓളം പേർ ഒറ്റപ്പാലം താലൂക്കിൽ ഉൾപ്പെടുന്നവരാണ്. ഇവർക്ക് കലാകാര പെൻഷൻ കുടിശ്ശികയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ടിലേയ്ക്ക് കലാകാര പെൻഷൻ അയയ്ക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയ ആർക്കും കലാകാര പെൻഷൻ കുടിശ്ശിക നൽകാനില്ല.

## സാംസ്കാരിക വകുപ്പിന്റെ പ്രസിദ്ധീകരണ വിഭാഗം

76 (3345) ശ്രീ. വി. ടി. ബൽറാം:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ നിലവിൽ പ്രസിദ്ധീകരണ വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) യുവ സാഹിത്യകാരുടെ സാഹിത്യ സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിന് സാംസ്കാരിക വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) യുവസാഹിത്യകാരെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാഹിത്യ അക്കാദമി, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾക്ക് നിലവിൽ പ്രസിദ്ധീകരണ വിഭാഗമുണ്ട്. കേരള സാഹിത്യ അക്കാദമി വിപണിയിൽ ലഭ്യമല്ലാത്ത പഠന ഗവേഷണ ഗ്രന്ഥങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. ഗ്രന്ഥസൂചി, സാഹിത്യചരിത്രം, സാഹിത്യകാര ഡയറക്ടറി തുടങ്ങിയവയും കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിക്കുന്നുണ്ട്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണ വിഭാഗം തെരഞ്ഞെടുക്കുന്ന വൈജ്ഞാനിക കൃതികളും 'വിജ്ഞാനകൈരളി' എന്ന വൈജ്ഞാനിക മാസികയും ഇൻസ്റ്റിറ്റ്യൂട്ടിനോടനുബന്ധിച്ചുള്ള വിജ്ഞാന മുദ്രണം പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച് വരുന്നു. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിസ്റ്റ്യൂട്ട്, സർവ്വവിജ്ഞാനകോശം 16 വാല്യങ്ങളും, വിശ്വ സാഹിത്യ വിജ്ഞാനകോശം മുഴുവൻ വാല്യങ്ങളും (10 വാല്യങ്ങൾ), പരിസ്ഥിതി വിജ്ഞാനകോശം, പരിണാമ വിജ്ഞാനകോശം, ജ്യോതിശാസ്ത്ര വിജ്ഞാനകോശം, വാർഷിക വിജ്ഞാനകോശം 2011, സാംസ്കാരികം എന്നിവ പ്രസിദ്ധീകരിക്കുകയും, സർവ്വവിജ്ഞാനകോശം 1 മുതൽ 10 വരെ വാല്യങ്ങൾ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ബാലസാഹിത്യ കൃതികൾക്ക് പുറമേ കുട്ടികൾക്കായി 'തളിര്' എന്ന മാസികയും പ്രസിദ്ധീകരിക്കുന്നുണ്ട്.

(ബി) യുവ സാഹിത്യകാരന്മാരുടെ ഗവേഷണ പ്രാധാന്യമുള്ള സൃഷ്ടികൾ കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. പുതുതലമുറയിലെ എഴുത്തുകാരുടെ പ്രശ്നങ്ങൾ/പ്രതികരണ ശൈലികൾ തിരിച്ചറിഞ്ഞ് സാഹിത്യത്തിലെ പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാൻ ശ്രമം നടത്തും.

(സി) കേരള സാഹിത്യ അക്കാദമി യുവ സാഹിത്യകാരെ പ്രോത്സാഹിപ്പിക്കുന്നതിന് കഥ-കവിത-നാടകരചന ക്യാമ്പുകൾ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും നടത്തി വരുന്നുണ്ട്. കൂടാതെ വിദ്യാരംഗം പോലുള്ള വിദ്യാഭ്യാസതല സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കാനും ശ്രമം നടക്കുന്നുണ്ട്. കൂടാതെ യുവസാഹിത്യകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിവിധ വിഷയങ്ങളിലുള്ള സെമിനാറുകൾ, സാഹിത്യ ശില്പശാലകൾ, സാഹിത്യ മത്സരങ്ങൾ, കവിയരങ്ങുകൾ എന്നിവ സംഘടിപ്പിക്കുകയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖപത്രമായ വിജ്ഞാനകൈരളിയിൽ പ്രസിദ്ധീകരണ യോഗ്യമായ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു വരികയും ചെയ്യുന്നു.

**പൈതൃകോത്സവം**

77 (3346) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഴിഞ്ഞ 5 വർഷക്കാലം സർക്കാർ സംഘടിപ്പിച്ച പൈതൃകോത്സവം പരിപാടി ഏതൊക്കെ മണ്ഡലങ്ങളിലാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും ഈ പരിപാടിക്ക് സംസ്ഥാന സർക്കാർ നൽകിയ ഗ്രാന്റിന്റെ വിശദാംശങ്ങളും ചെലവായ തുകയും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)

| | |
|---|---|
| 2011-12 | കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയോജകമണ്ഡലം, തൃശ്ശൂർ ജില്ലയിലെ മുൻ മാള നിയോജകമണ്ഡലം (ഇപ്പോൾ കൊടുങ്ങല്ലൂർ നിയോജകമണ്ഡലം) |
| 2012-13 | പാലക്കാട് ജില്ലയിലെ തൃത്താല നിയോജകമണ്ഡലം, എറണാകുളം ജില്ലയിലെ പറവൂർ നിയോജകമണ്ഡലം |
| 2013-14 | ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയോജകമണ്ഡലം, വയനാട് ജില്ലയിലെ മാനന്തവാടി നിയോജകമണ്ഡലം |
| 2014-15 | പത്തനംതിട്ട ജില്ലയിലെ ആറന്മുള നിയോജകമണ്ഡലം, തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവ് നിയോജകമണ്ഡലം |
| 2015-16 | പാലക്കാട് ജില്ലയിലെ തൃത്താല നിയോജകമണ്ഡലം, മലപ്പുറം ജില്ലയിലെ വണ്ടൂർ നിയോജകമണ്ഡലം |

(ബി) പൈതൃകോത്സവം പരിപാടിക്ക് സർക്കാർ നൽകിയ ഗ്രാന്റിന്റെയും ചെലവായ തുകയെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഗുരുവായൂർ സത്യാഗ്രഹ സ്മാരകമന്ദിരം

78 (3347) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട്, ഗുരുവായൂർ സത്യാഗ്രഹ സ്മാരക മന്ദിരം നിർമ്മാണത്തിനായി, ഗുരുവായൂർ സത്യാഗ്രഹ സ്മാരക ട്രസ്റ്റിന് 25 ലക്ഷം രൂപ 2016-17 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ തുക ബന്ധപ്പെട്ട ട്രസ്റ്റിന് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2016-17 സാമ്പത്തിക വർഷത്തെ ആദ്യ ബജറ്റ് പ്രസംഗത്തിൽ ഗുരുവായൂർ സത്യാഗ്രഹ സ്മാരക നിർമ്മാണത്തിന് 25 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. എന്നാൽ 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രസ്തുത പദ്ധതിക്ക് തുക വകയിരുത്തിയിട്ടില്ല.

## രാജാരവിവർമ്മ സ്മാരക സമുച്ചയം

79 (3348) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ രാജാരവിവർമ്മ സ്മാരക സമുച്ചയം കാടുകയറി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സമുച്ചയം സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സ്മാരക സമുച്ചയത്തിൽ അടുത്ത ഘട്ടത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള ലളിതകലാ അക്കാദമി കിളിമാനൂർ രാജാ രവിവർമ്മ സ്മരാക സമുച്ചയവും പരിസരവും വൃത്തിയായി പരിപാലിച്ച് വരുന്നുണ്ട്.

(ബി&സി) സമുച്ചയം പരിപാലിക്കുന്നതിനായി അറ്റന്റർ, ഗാർഡ്നർ, സ്വീപ്പർ എന്നിങ്ങനെ ദിവസ വേതനത്തിൽ മൂന്ന് പേരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. സമുച്ചയം സംരക്ഷിക്കുന്നതിനുള്ള പുതിയ പദ്ധതികൾ കേരള ലളിതകലാ അക്കാദമി മുഖേന ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്.

## ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകൾ

80 (3349) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര വികസന കോർപ്പറേഷന് പുതിയ തിയേറ്ററുകൾ ആരംഭിക്കാൻ . പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) തിയേറ്ററുകൾ ആരംഭിക്കുന്നുണ്ടെങ്കിൽ അത് എവിടെയൊക്കെയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി എന്തെങ്കിലും മാനദണ്ഡങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ടോ; കെ.എസ്.എഫ്.ഡി.സി. വക തിയേറ്ററുകൾ ഇല്ലാത്ത ജില്ലകൾക്ക് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്രീകൃത ഒപ്റ്റിക്കൽ കേബിൾ വഴി തിയേറ്ററുകളിൽ സിനിമ പ്രദർശിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് തിയേറ്റർ നിർമ്മാണത്തിന് സ്ഥലം ലഭ്യമാകുന്ന എല്ലാ നിയോജകമണ്ഡലങ്ങളിലും തിയേറ്റർ നിർമ്മിക്കുന്ന പദ്ധതി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പരിഗണിച്ചുവരുന്നു.

(ബി&സി) മാനദണ്ഡങ്ങളും മറ്റ് വിശദാംശങ്ങളും പരിശോധിച്ചുവരുന്നു.

## പാലക്കാട് നഗരത്തിൽ മൾട്ടി പ്ലക്സ് തിയേറ്റർ

81 (3350) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിൽ പാലക്കാട് നഗരത്തിൽ മൾട്ടി പ്ലക്സ് തിയേറ്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

പാലക്കാട് നഗരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിയേറ്റർ നിർമ്മിക്കാനുള്ള സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ തിയേറ്റർ കോംപ്ലക്സ് നിർമ്മിക്കുന്ന വിഷയം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## തിയേറ്റർ സമുച്ചയങ്ങൾ

82 (3351) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സാങ്കേതികവിദ്യയും നവീനമായ ആശയങ്ങളും സംയോജിപ്പിച്ച് ചലച്ചിത്ര മേഖലയുടെ വികസനത്തിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ:

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്ത് ചെറിയ തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ചലച്ചിത്ര മേഖലയുടെ വികസനത്തിന്റെ ഭാഗമായി പുതിയ സാങ്കേതിക വിദ്യയും നവീന ആശയങ്ങളും സംയോജിപ്പിച്ച് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിംസിറ്റിയായി ഉയർത്തുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 25 കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം പരിഗണിച്ചുവരുന്നു.

## അക്കാദമികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

83 (3352) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള അക്കാദമികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അക്കാദമികളുടെ പ്രവർത്തനത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിവരിക്കുമോ;

(സി) അക്കാദമികളുടെ അടങ്കൽ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ&ബി) സാംസ്കാരിക വകുപ്പിന് കീഴിലുള്ള കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ, കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ, കൊങ്കിണി സാഹിത്യ അക്കാദമി, എറണാകുളം, മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, തുളു അക്കാദമി, കാസർകോഡ് എന്നിവ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസരിച്ച് രൂപീകരിക്കപ്പെടുന്ന കമ്മിറ്റികൾ മുഖാന്തരമാണ് പ്രവർത്തിക്കുന്നത്. ടി അക്കാദമികളുടെ സുഗമമായ പ്രവർത്തനത്തിനായി പദ്ധതി/പദ്ധതിയേതര ഇനത്തിൽ ബജറ്റിൽ തുക വകയിരുത്തി അനുവദിച്ചുവരുന്നു. അതത് സ്ഥാപനങ്ങളുടെ ഭരണസമിതികൾ കർമ്മപരിപാടികൾ ആവിഷ്കരിച്ച് വരുന്നു.

(സി) ഓരോ അക്കാദമികളുടെയും പ്രവർത്തന പുരോഗതി വിലയിരുത്തി ഓരോ വർഷത്തെ ബജറ്റിലും അക്കാദമികളുടെ പദ്ധതി/പദ്ധതിയേതര വിഹിതം കാലികമായി വർദ്ധിപ്പിച്ച് നൽകിവരുന്നുണ്ട്. സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക് ലോർ അക്കാദമി എന്നിവയ്ക്ക് വകയിരുത്തിയിരുന്ന തുക 50% വർദ്ധനവ് നടപ്പ് സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**വനം വകുപ്പിൽ കരാർ/താൽകാലിക നിയമനങ്ങൾ**

84 (3353) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങളോ, മാർഗ്ഗ നിർദ്ദേശങ്ങളോ ഉത്തരവുകളോ നിലവിലുണ്ടോ; ഇവ വനം-വന്യജീവി വകുപ്പിന് ബാധകമാണോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) 2013-14 മുതൽ നാളിതുവരെ വനം വകുപ്പിൽ കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള പട്ടിക തസ്തിക, ഓഫീസ്, നിയമനാധികാരികളുടെ പേര് വിവരം എന്നിവ ഉൾപ്പെടെ ലഭ്യമാക്കുമോ;

(സി) 26-6-2016 ലെ ജി.ഒ. (പി)നമ്പർ 28/2016/ധനം ഉത്തരവ് പ്രകാരം കരാർ/ദിവസക്കൂലി/താൽക്കാലിക നിയമനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മുൻകൂർ അനുമതി വാങ്ങാതെ വനം വകുപ്പിൽ നടത്തിയിട്ടുള്ള നിയമനങ്ങളുടെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവ് ലംഘിച്ച് നിയമനം നേടിയവർക്കെതിരെയും ഇവർക്ക് നിയമനം നൽകിയ ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക നിയമനങ്ങൾ നടത്തുന്നത് സംബന്ധിച്ച് ഉത്തരവ് നിലവിലുണ്ട്. ധനകാര്യ വകുപ്പിൽനിന്നും 26-2-2016-ൽ പുറപ്പെടുവിച്ച സ.ഉ.(പി)നമ്പർ 28/2016/ധന നമ്പർ ഉത്തരവ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.* ടി ഉത്തരവ് വനം വകുപ്പിനും ബാധകമാണ്.

(ബി) പട്ടിക അനുബന്ധം I ആയി ചേർത്തിരിക്കുന്നു *.

(സി&ഡി) 26-2-2016-ലെ ധനകാര്യ വകുപ്പിന്റെ ജി.ഒ.(പി.) നമ്പർ 28/16/ധനം ഉത്തരവ് പ്രകാരം കരാർ/ദിവസക്കൂലി/താത്കാലിക നിയമനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ കാസർഗോഡ് ജില്ലയിൽ സോഷ്യൽ ഫോറസ്ട്രി ഡിവിഷന് കീഴിൽ ഒരു ഡ്രൈവറുടെ സേവനം അനിവാര്യമായിവന്ന സാഹചര്യത്തിൽ പി.എസ്.സി.-യിൽ നിന്നും ഡ്രൈവർ തസ്തികയിൽ നിയമനം നടത്തുന്നത് സംബന്ധിച്ച് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു ഡ്രൈവറെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

**വനം വകുപ്പിന്റെ കൈവശമുള്ള ആനക്കൊമ്പുകൾ**

85 (3354) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കൈവശം ഇപ്പോൾ എത്ര ടൺ ആനക്കൊമ്പുകൾ സൂക്ഷിക്കുന്നുണ്ട്;

(ബി) ഇവയുടെ മൂല്യം വനം വകുപ്പ് ഇതിനകം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇവ സൂക്ഷിക്കാൻ വനം വകുപ്പിന്റെ കീഴിൽ സ്ഥിരമായ സംവിധാനമുണ്ടോ; എങ്കിൽ എവിടെയാണ് ഇവ സൂക്ഷിച്ചിട്ടുള്ളത്;

(ഡി) ഇവ ലേലം ചെയ്ത് വിൽക്കാൻ നിലവിൽ നിയമമുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഈ ആനക്കൊമ്പുകളും ആനക്കൊമ്പിലുള്ള അമൂല്യ ശില്പങ്ങളും പൊതുജനങ്ങൾക്ക് കാണാനും അതുവഴി സർക്കാരിന് വരുമാനം കണ്ടെത്താനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) വനം വകുപ്പിന്റെ കൈവശം ഇപ്പോൾ ഏകദേശം 9 ടൺ ആനക്കൊമ്പുകൾ സൂക്ഷിക്കുന്നുണ്ട്.

(ബി) ഇവയുടെ മൂല്യം കണക്കാക്കിയിട്ടില്ല.

(സി) ഇവ സൂക്ഷിക്കാൻ വനം വകുപ്പിന്റെ കീഴിൽ സ്ഥിരമായ സംവിധാനമുണ്ട്. വനം വകുപ്പാസ്ഥാനത്തുള്ള സ്റ്റോംഗ്റൂമിലും, ജില്ലാ ട്രഷറികളിലും വനം റെയിഞ്ചാഫീസുകളിലെ സ്റ്റോംഗ്റൂമുകളിലുമാണ് ആനക്കൊമ്പുകൾ സൂക്ഷിക്കുന്നത്.

(ഡി) ഇവ ലേലം ചെയ്ത് വിൽക്കാൻ നിലവിൽ നിയമം ഇല്ല.

(ഇ) ഇത്തരം തീരുമാനങ്ങൾ എടുത്തിട്ടില്ല.

**ഇക്കോ ടൂറിസത്തിന് പ്രോത്സാഹനം**

86 (3355) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസത്തിന് പ്രാധാന്യം നൽകുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കോ ടൂറിസം മാതൃകകൾ പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നിബന്ധനകളാണ് കരട് ദേശീയ വനനയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കോ ടൂറിസത്തിനായി ഒരു നയം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വനാശ്രിത ജനസമൂഹത്തിന്റെ പങ്കാളിത്തത്തോടെയാണ് അതാത് വനം ഡിവിഷനുകളിൽ ഇക്കോ ടൂറിസം നടപ്പിലാക്കിവരുന്നത്. പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനും ഊന്നൽ നൽകിയും നിലവിലെ നിയമങ്ങൾക്ക് അനുസൃതമായുമാണ് കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്.

(ബി) പ്രകൃതി സംരക്ഷണത്തിന് ഊന്നൽ നൽകുന്നതും വന്യജീവികളുടെ ആവാസ വ്യവസ്ഥയെ ദോഷകരമായി ബാധിക്കാത്തതും പ്രാദേശിക സമൂഹങ്ങൾക്ക് വരുമാന വർദ്ധനവിന് ഉതകുന്നതുമായിരിക്കണം ഇക്കോ ടൂറിസം. ഇതോടൊപ്പം സന്ദർശകർക്ക് പ്രകൃതി പാഠങ്ങൾ പകർന്ന് നൽകുന്നതും പ്രാദേശിക ജനസമൂഹത്തിന് ഉപജീവന ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതുമായിരിക്കണം ഇക്കോ ടൂറിസം എന്നതാണ് കരട് ദേശീയ വന നയം നിർദ്ദേശിക്കുന്നത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ആസ്സാം മോഡൽ ഫെൻസിംഗ്**

87 (3356) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ മണ്ഡലത്തിൽ കൃഷി നശിപ്പിക്കുന്ന ആനകളെ പ്രതിരോധിക്കുന്നതിനായി ആസ്സാം മോഡൽ ഫെൻസിംഗ് മാതൃകയിൽ വേലി കെട്ടുമെന്ന് പ്രഖ്യാപിച്ചതിന് ശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

നിലമ്പൂർ മേഖലയിൽ കൃഷി നശിപ്പിക്കുന്ന ആനകളെ പ്രതിരോധിക്കാനായി സൗരോർജ്ജ കമ്പിവേലി, ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. പഴയ റെയിൽപ്പാളം ഉപയോഗിച്ച് നിർമ്മിക്കുന്ന റെയിൽ ഫെൻസിംഗ് (ആസ്സാം മോഡൽ) കേരളത്തിൽ മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിച്ച് വരുന്നു. ഇതുകൂടാതെ പ്രത്യേക നിക്ഷേപ പദ്ധതിയായ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ടിൽ (KIIFB) ഉൾപ്പെടുത്തി നിലമ്പൂർ സൗത്ത് ഡിവിഷനിൽ 142 ലക്ഷം രൂപ ചെലവിൽ 1.5 കി. മീറ്റർ കല്ല് പതിച്ച ആന പ്രതിരോധ കിടങ്ങും കൂടാതെ സുഹറാമുക്ക്-കൽക്കുളം മേഖലയിൽ 630 ലക്ഷം രൂപ ചെലവിൽ 4.5 കി. മീറ്റർ ആന പ്രതിരോധ മതിലും നിർമ്മിക്കുവാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

## താഴ്ന്ന തസ്തികയുടെ ചുമതല വഹിക്കുന്ന എ.പി.സി.സി.എഫ്.-മാർ

88 (3357) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ നിലവിൽ എത്ര എ.പി.സി.സി.എഫ്.-മാർ സർക്കിൾ സി.സി.എഫ്.-ന്റെ ചുമതല വഹിക്കുന്നുണ്ട്; ഇത്തരത്തിൽ താഴ്ന്ന തസ്തികയുടെ ചുമതല വഹിക്കുന്നത് ചട്ടപ്രകാരമാണോ; ഇതിന്റെ സാഹചര്യം വിശദമാക്കുമോ;

(ബി) കേന്ദ്ര/സംസ്ഥാന ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്ന പി.സി.സി.എഫ്.-മാർ, എ.പി.സി.സി.എഫ്.-മാർ, സി.സി.എഫ്.-മാർ എന്നിവരുടെ പേരും വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) പി.സി.സി.എഫ്.-മാരുടെ എത്ര കേഡർ തസ്തികകളും എക്സ് കേഡർ തസ്തികകളുമാണ് കേരള വനം വകുപ്പിൽ നിലവിലുള്ളത്; ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് നല്കാമോ?

ഉത്തരം

(എ) വനം വകുപ്പിൽ നിലവിൽ 3 എ.പി.സി.സി.എഫ്.-മാരാണ് സർക്കിൾ സി.സി.എഫ്.-ന്റെ ചുമതല വഹിക്കുന്നത്. ഐ.എഫ്.എസ്. (കേഡർ) റൂൾസ്, 1966 ചട്ടം 11(1) പ്രകാരം, ഏതെങ്കിലും രണ്ടു കേഡർ പോസ്റ്റുകളുടെയോ അല്ലെങ്കിൽ ഒരു കേഡർ പോസ്റ്റിന്റേയും ഒരു തത്തുല്യമായ പോസ്റ്റിന്റേയും ചുമതല ഒരു കേഡർ ഉദ്യോഗസ്ഥന് ഒരേ സമയത്തുവഹിക്കാവുന്നതിന് വ്യവസ്ഥയുണ്ട്. ഇത്തരത്തിലുള്ള ചുമതല വഹിക്കാനുള്ള നിർദ്ദേശം അവധിയുമായി ബന്ധപ്പെട്ട സംവിധാനം/സജ്ജീകരണത്തിന്റേയോ അല്ലെങ്കിൽ താൽക്കാലികമായി മറ്റേതെങ്കിലും ആവശ്യങ്ങളുടെയോ ഭാഗമായി സംസ്ഥാന സർക്കാരിന് ചെയ്യുവാൻ കഴിയും.

നിലവിൽ വനം വകുപ്പിൽ സി.സി.എഫ്. തലത്തിലുള്ള ഉദ്യോഗസ്ഥരുടെ അഭാവംമൂലവും ഭരണപരമായ സൗകര്യം/അത്യാവശ്യം കണക്കിലെടുത്തുമാണ് എ.പി.സി.സി.എഫ്.-മാർക്ക് ചുമതല നൽകിയിട്ടുള്ളത്.

(ബി) വിശദാംശങ്ങൾ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു.*

(സി) വനം വകുപ്പിൽ നിലവിൽ ഐ.എഫ്.എസ്. കേരള കേഡറിൽ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ഒഴികെ പി.സി.സി.എഫ്.-ന്റെ 2 കേഡർ തസ്തികകളും 3 എക്സ് കേഡർ തസ്തികകളുമാണുള്ളത്. ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സാമൂഹ്യ വനവൽക്കരണത്തിന് ചെലവഴിച്ച തുക**

89 (3358) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷം സാമൂഹ്യ വനവൽക്കരണത്തിനായി ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ; വർഷം തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) ഓരോ വർഷവും വിതരണം ചെയ്ത വൃക്ഷത്തൈകൾ എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയുടെ ഭാഗമായി വച്ചുപിടിപ്പിച്ച വൃക്ഷത്തൈകൾ സംരക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഇങ്ങനെയൊരു സംവിധാനമുണ്ടെങ്കിൽ സംരക്ഷിച്ച വൃക്ഷത്തൈകളുടെ എണ്ണമെത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് വർഷം സാമൂഹ്യ വനവൽക്കരണത്തിനായി ആകെ 52,96,35,319 രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | തുക |
|---|---|---|
| 1 | 2011-12 | 9,45,91,018 |
| 2 | 2012-13 | 10,95,12,917 |
| 3 | 2013-14 | 11,85,45,931 |
| 4 | 2014-15 | 12,45,71,019 |
| 5 | 2015-16 | 8,24,14,434 |

(ബി) വിതരണം ചെയ്ത വൃക്ഷത്തൈകളുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | വിതരണം ചെയ്ത തൈകളുടെ എണ്ണം (ലക്ഷത്തിൽ) |
|---|---|---|
| 1 | 2011-12 | 70.72 |
| 2 | 2012-13 | 88.16 |
| 3 | 2013-14 | 83.83 |
| 4 | 2014-15 | 73.14 |
| 5 | 2015-16 | 72.76 |
| 6 | 2016-17 | 64.00 |

(സി) വിദ്യാഭ്യാസ വകുപ്പും വനം വകുപ്പും ചേർന്ന് നടത്തുന്ന 'എന്റെ മരം', 'നമ്മുടെ മരം' പദ്ധതികൾ പ്രകാരം വിതരണം ചെയ്ത തൈകൾ നടുന്നതിനും പരിപാലിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും എല്ലാ സ്കൂൾ/കോളേജ് തലത്തിലും ഒരു പ്രധാന അദ്ധ്യാപകൻ/തെരഞ്ഞെടുത്ത അദ്ധ്യാപകൻ, വാർഡ് മെമ്പർ, തെരഞ്ഞെടുത്ത വിദ്യാർത്ഥി പ്രതിനിധി, വനം വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഒരു പി.ടി.എ. മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ തൈകളുടെ വളർച്ച, സംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്നു. തുടർ പരിപാലനം ബന്ധപ്പെട്ട വിദ്യാർത്ഥികൾ തന്നെ നടത്തണം എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുന്ന തൈകളെ സംബന്ധിച്ച്, പഞ്ചായത്ത് സെക്രട്ടറി ചെയർമാനും കൃഷി ഓഫീസർ, ഫോറസ്റ്റർ, പഞ്ചായത്ത് മെമ്പർ, എൻ.ജി.ഒ. പ്രതിനിധികൾ എന്നിവർ മെമ്പർമാരുമായുള്ള കമ്മിറ്റിയാണ് മേൽപ്പറഞ്ഞ രീതിയിലുള്ള നട്ടു പിടിപ്പിച്ച തൈകളുടെ സംരക്ഷണ പ്രവൃത്തികൾ നടത്തി വരുന്നത്. സാമൂഹ്യ വനവൽക്കരണ വിഭാഗം റാൻഡം സാംപ്ലിംഗ് മുഖേന തൈകളുടെ അതിജീവന ശതമാനം കണക്കാക്കി വരുന്നു. വൃക്ഷത്തൈനടീൽ വനം വകുപ്പ് വിജിലൻസ് ഉദ്യോഗസ്ഥർ വിലയിരുത്തി വരുന്നു.

വഴിയോരത്തണൽ പദ്ധതി പ്രകാരം വനം വകുപ്പ് നട്ട തൈകൾ ട്രീ ഗാർഡ് വച്ച് സംരക്ഷിക്കുകയും വേനൽക്കാലത്ത് വെള്ളം നനച്ച് പരിചരിക്കുകയും ചെയ്യുന്നു. സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്നതിനായി 17-2-2012-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 99/12/വനം, 29-9-2012-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 486/12/വനം എന്നീ ഉത്തരവുകൾ പ്രകാരം കർഷകർക്കായുള്ള ധനസഹായ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കർഷകർ അവരുടെ കൈവശമുള്ള സ്ഥലങ്ങളിൽ വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനും അതുവഴി തടി ലഭ്യത വർദ്ധിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കുമായാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് വൃക്ഷത്തൈ ഒന്നിന് 50 രൂപ വരെ പ്രോത്സാഹന ധനസഹായം നൽകി വരുന്നു. ടി പ്രോത്സാഹന ധനസഹായത്തിന്റെ 50% ഒന്നാം വർഷവും ബാക്കിയുള്ള 50% മൂന്നാം വർഷാന്ത്യത്തിലുമാണ് നൽകുന്നത്.

വൃക്ഷവൽക്കരണത്തിന്റെ ആവശ്യകതയെപ്പറ്റി കുട്ടികളിലും മുതിർന്നവരിലും ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി സാമൂഹ്യവനവൽക്കരണ വിഭാഗം വിവിധ ബോധവൽക്കരണ ക്ലാസ്സുകൾ, ക്യാമ്പുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, റാലികൾ തുടങ്ങിയവ സംഘടിപ്പിക്കാറുണ്ട്. ഇതുവഴി കുട്ടികളിലും പൊതുജനങ്ങളിലും വനത്തെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും അവബോധം സൃഷ്ടിക്കാനും നട്ട തൈകൾ സംരക്ഷിക്കാനും സഹായകമാവുന്നു.

(ഡി) കൃത്യമായ എണ്ണം ലഭ്യമല്ല. കഴിഞ്ഞ വർഷത്തെ വകുപ്പുതല റാന്റം സാമ്പ്ലിംഗ് സർവ്വെ പ്രകാരം 63% തൈകൾ വളർന്നുവരുന്നതായി കണക്കാക്കിയിട്ടുണ്ട്.

**അങ്കമാലി നിയോജകമണ്ഡലത്തിലെ വനം വകുപ്പ് ഓഫീസുകൾ**

90 (3359) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡല പരിധിയിൽ വനം വകുപ്പിന്റെ ഏതൊക്കെ ഓഫീസുകളാണ് നിലവിലുള്ളത്; ഡിവിഷൻ, റെയിഞ്ച്, സ്റ്റേഷൻ എന്ന ക്രമത്തിൽ വിവരം ലഭ്യമാക്കുമോ;

(ബി) അങ്കമാലി നിയോജക മണ്ഡലം ഉൾപ്പെടുന്ന വനം ഡിവിഷൻ, റെയിഞ്ച്, ഫോറസ്റ്റ് സ്റ്റേഷൻ തുടങ്ങിയ ഓഫീസുകളുടെ വിലാസം, ഫോൺ നമ്പർ എന്നിവ ലഭ്യമാക്കാമോ;

(സി) അങ്കമാലി നിയോജക മണ്ഡലത്തിൽ പൊതുജനങ്ങൾ സഞ്ചരിക്കുന്നതും വനംവകുപ്പിന്റെ നിയന്ത്രണത്തിലുമുള്ള റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ) അങ്കമാലി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വനം വകുപ്പ് ഓഫീസുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ഡിവിഷൻ ഓഫീസ് -കാലടി പ്രകൃതിപഠന കേന്ദ്രം

2. റെയിഞ്ച് ഓഫീസുകൾ :

i) റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, കാലടി

ii) റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, അതിരപ്പിള്ളി

3. ഫോറസ്റ്റ് സ്റ്റേഷനുകൾ:

i) അതിരപ്പിള്ളി

ii) ഏഴാറ്റുമുഖം

iii) കാരക്കാട്

iv) കണ്ണിമംഗലം

v) എവർ ഗ്രീൻ

vi) ഏറ്റുമുഖം

vii) കുരിശുമുടി

(ബി) അങ്കമാലി നിയോജകമണ്ഡലം ഉൾപ്പെടുന്ന വനം ഡിവിഷൻ, റെയിഞ്ച്, ഫോറസ്റ്റ് സ്റ്റേഷൻ തുടങ്ങിയ ഓഫീസുകളുടെ വിലാസം, ഫോൺ നമ്പർ എന്നിവ ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1. ഡിവിഷൻ | പ്രകൃതി പഠന കേന്ദ്രം, കാലടി<br>പിൻ - 683 587<br>ഫോൺ നമ്പർ 0484-2468680 |
| 2. റെയിഞ്ച് | 1. റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്,<br>കാലടി, നീലീശ്വരം, പി.ഒ.<br>എറണാകുളം, പിൻ - 683 574<br>ഫോൺ നമ്പർ 0484-2462367<br>2. റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്,<br>അതിരപ്പിള്ളി, ഏഴാറ്റുമുഖം പി.ഒ.,<br>പിൻ - 683 577<br>ഫോൺ നമ്പർ 0484-2451171 |
| 3. ഫോറസ്റ്റ് സ്റ്റേഷൻ | 1) ഫോറസ്റ്റ് സ്റ്റേഷൻ,<br>അതിരപ്പിള്ളി, 9th ബ്ലോക്ക്, PCK<br>കാലടി പ്ലാന്റേഷൻ പി.ഒ.<br>പിൻ - 683 581<br>ഫോൺ നമ്പർ 0484-2696141<br>2) ഫോറസ്റ്റ് സ്റ്റേഷൻ, ഏഴാറ്റുമുഖം,<br>അയ്യമ്പുഴ പി.ഒ., പിൻ - 683 581<br>ഫോൺ നമ്പർ 0484-2696140 |

3) ഫോറസ്റ്റ് സ്റ്റേഷൻ, കാരക്കാട്, നടുവട്ടം പി.ഒ., പാണ്ടുപാറ
4) കണ്ണിമംഗലം ഫോറസ്റ്റ് സ്റ്റേഷൻ, കാരക്കാട് നടുവട്ടം പി.ഒ., പാണ്ടുപാറ
5) ഫോറസ്റ്റ് സ്റ്റേഷൻ, എവർഗ്രീൻ, മലയാറ്റൂർ പി. ഒ., മുളംകുഴി
6) ഫോറസ്റ്റ് സ്റ്റേഷൻ, ഏറുമുഖം 15th ബ്ലോക്ക്, കാലടി പ്ലാന്റേഷൻ പി.ഒ.
7) ഫോറസ്റ്റ് സ്റ്റേഷൻ, കുരിശുമുടി, മലയാറ്റൂർ പി.ഒ., പിൻ - 683 587

(സി) കാലടി പ്രകൃതി പഠന കേന്ദ്രം ഓഫീസിനുകീഴിൽ ഷൺമുഖപുരം-ആറാട്ടുകടവ് റോഡ് പൊതുജനങ്ങൾ സഞ്ചരിക്കുന്നതും വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതുമാണ്.

**മാങ്കുളം ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ വരുന്ന വനവിസ്തൃതി**

91 (3360) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാങ്കുളം ഫോറസ്റ്റ് ഡിവിഷന്റെ അധികാര പരിധിയിൽവരുന്ന വനവിസ്തൃതി എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കെ. ഡി. എച്ച്. നിയമപ്രകാരം ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് പതിച്ചുനൽകുന്നതിനായി മാങ്കുളം വില്ലേജിൽ മാറ്റിവച്ച 5189 ഏക്കർ സ്ഥലത്ത് ഉൾപ്പെട്ടുവരുന്നതും 1996 വരെ അളന്നുതിരിച്ച 1342 പ്ലോട്ടുകളുടെയും (1336 ഹെക്ടർ) 1998-ൽ അളന്നുതിരിച്ച 1200 പ്ലോട്ടുകളുടെയും (600 ഹെക്ടർ) സംരക്ഷണ ചുമതല വനം വകുപ്പിലെ ഏത് ഉദ്യോഗസ്ഥനെയാണ് ഏല്പിച്ചിട്ടുള്ളത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മാങ്കുളം ഫോറസ്റ്റ് സ്പെഷ്യൽ അസിസ്റ്റന്റ് കൺസർവേറ്റർ തസ്തിക മാങ്കുളം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തസ്തികയായി ഉയർത്തിയതിന്റെ സാഹചര്യം വ്യക്തമാക്കുമോ?

ഉത്തരം

(എ) മാങ്കുളം ഫോറസ്റ്റ് ഡിവിഷനിലെ ആകെ വനവിസ്തൃതി 9005.72 ഹെക്ടറാണ് (90.05 ചതുരശ്ര കി. മീ.)

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) മാങ്കുളം ഡിവിഷന്റെ അധീനതയിലുള്ള വനഭൂമിയുടെ സംരക്ഷണവും ഭരണനിർവ്വഹണവും കാര്യക്ഷമമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് 27-2-2009-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്.) നമ്പർ 15/2009/എഫ് & ഡബ്ല്യൂ.എൽ.ഡി. പ്രകാരം മാങ്കുളം ഫോറസ്റ്റ് സ്പെഷ്യൽ അസിസ്റ്റന്റ് കൺസർവേറ്റർ തസ്തിക മാങ്കുളം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തസ്തികയായി ഉയർത്തിയത്.

**കോങ്ങാട് മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിലെ കാട്ടാന ശല്യം**

92 (3361) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ പാമ്പൻതോട്, പാലക്കയം, കല്ലടിക്കോട്, മൂന്നേക്കർ തുടങ്ങിയ സ്ഥലങ്ങളിലെ കാട്ടാന ശല്യം രൂക്ഷമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇവിടെ സോളാർ ഫെൻസിംഗ്, റാപിഡ് ആക്ഷൻ ഫോഴ്സ് എന്നിവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇവിടങ്ങളിലെ ജീവനക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പൊതുവിൽ ഇത്തരം കാട്ടാന ശല്യത്തിൽ നിന്ന് സാമാന്യജനത്തെ സുരക്ഷിതമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത്; വനം വകുപ്പ് ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) പ്രസ്തുത ഭാഗങ്ങളിൽ 6 ആനകൾ ഉൾപ്പെടുന്ന ഒരു കൂട്ടം കൃഷിയിടങ്ങളിൽ ഇറങ്ങാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയെ കാട്ടിലേയ്ക്ക് കയറ്റി വിടുന്നതിന് മണ്ണാർക്കാട് റാപ്പിഡ് റെസ്പോൺസ് ടീമും, മണ്ണാർക്കാട്, പാലക്കയം ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫുകളും യഥാസമയം ശ്രദ്ധിച്ചു വരുന്നുണ്ട്. 9-10-2016-നുശേഷം ഈ ആനക്കൂട്ടത്തെ ഈ ഭാഗങ്ങളിൽ കണ്ടതായി റിപ്പോർട്ടുകളില്ല.

(ബി) ആനമൂളി മുതൽ പാമ്പൻതോട് കോളനി വരെ 6 കി. മീറ്റർ ദൂരത്തിൽ സോളാർ ഫെൻസിംഗ് നിർമ്മാണ ജോലികൾ നടന്നുവരുന്നു. ഘട്ടംഘട്ടമായി ബാക്കി ഭാഗങ്ങളിലും സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്, റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ഈ ഭാഗത്ത് ലഭ്യമാണ്.

(സി) നാട്ടിലിറങ്ങുന്ന ആനകളെ കാട്ടിലേയ്ക്ക് കയറ്റി വിടുന്നതിന് ആവശ്യമുള്ള സാധന സാമഗ്രികളും ഉപകരണങ്ങളും റാപ്പിഡ് റെസ്പോൺസ് ടീമിന് നൽകുന്നുണ്ട്.

(ഡി) ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസ മേഖലയിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനുള്ള പ്രതിരോധ നടപടികളാണ് സാമാന്യ ജനത്തെ സുരക്ഷിതമാക്കുന്നതിന് സ്വീകരിക്കാവുന്ന നടപടി. ആന നിരന്തരം ഇറങ്ങുന്ന ജനവാസ മേഖലകളിൽ സൗരോർജ്ജ കമ്പിവേലി, ആന പ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിച്ച് പരിപാലിച്ച് വരുന്നു. കൃഷിയിടത്തിലേയ്ക്ക് ഇറങ്ങുന്ന ആനകളെ കാട്ടിലേയ്ക്ക് തുരത്തുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ഉപയോഗപ്പെടുത്തുന്നു. കൂടാതെ വന്യമൃഗശല്യം സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്.

## ഫോറസ്റ്റ് ഓഫീസറായിരിക്കെ മരണമടഞ്ഞ ജി. മോഹൻദാസിന്റെ ആനുകൂല്യങ്ങൾ

93 (3362) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിൽ ഡിവിഷനിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സർവ്വീസിലിരിക്കെ 19-10-2013-ൽ മരണമടഞ്ഞ ജി. മോഹൻദാസിന്റെ എസ്. എൽ.ഐ, ജി.ഐ.എസ്. മുതലായ ആനുകൂല്യങ്ങൾ നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അവ നാളിതുവരെ നല്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) മരണമടഞ്ഞ ജീവനക്കാരന്റെ ആനുകൂല്യങ്ങൾ യഥാസമയം നല്കാതെ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അച്ചൻകോവിൽ ഡിവിഷനിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായിരിക്കെ മരണപ്പെട്ട ജി. മോഹൻദാസിന്റെ പോളിസി സർട്ടിഫിക്കറ്റ്, റിക്കവറി പാസ്

ബുക്ക് എന്നിവ ലഭ്യമായിരുന്നില്ല. ടിയാൻ ജോലി ചെയ്ത വിവിധ ഓഫീസുകളിൽ നിന്നും വിശദാംശങ്ങൾ ശേഖരിച്ച് 30-9-2016-ൽ ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ അനിവാര്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിലുണ്ടായ കാലദൈർഘ്യമാണ് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിൽ താമസമുണ്ടാകാൻ കാരണം.

(ബി) ഇക്കാര്യത്തിൽ അനിവാര്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിലുണ്ടായ കാലദൈർഘ്യമാണ് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിൽ താമസമുണ്ടാകാൻ കാരണം. ആയത് ഉദ്യോഗസ്ഥരുടെ ഭാഗത്തുണ്ടായ വീഴ്ചയായി കരുതാനാകില്ല.

**വനമേഖലകൾ സംരക്ഷിക്കാൻ നടപടികൾ**

94 (3363) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനമേഖലകൾ സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാമെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിലെ വനാതിർത്തി വേർതിരിക്കുന്ന ഉദ്യമം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരളത്തിന്റെ വനാതിർത്തി എത്ര കിലോമീറ്റർ ഉണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിലവിൽ വനമേഖലകളിൽ എവിടെയൊക്കെ വനസംരക്ഷണത്തിനും വന്യജീവികളുടെ സംരക്ഷണത്തിനുമായി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഇ) എല്ലാ വനമേഖലകളിലും കൂടുതൽ ക്യാമറകൾ വച്ച് വനത്തേയും വന്യജീവികളേയും സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും വനസംരക്ഷണം ഉറപ്പാക്കുന്നുണ്ട്. വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴി വനം കയ്യേറ്റശ്രമങ്ങൾ/കുറ്റകൃത്യങ്ങൾ തടയുന്നു. വനസംരക്ഷണം കൂടുതൽ

കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ആവശ്യമായ ആധുനികമായ ആയുധങ്ങൾ, വാഹനങ്ങൾ, വാർത്താ വിനിമയ ഉപകരണങ്ങൾ എന്നിവ നൽകി അവരെ സജ്ജരാക്കിയിട്ടുണ്ട്.

(ബി) കേരളത്തിലെ വനാതിർത്തി നിർണ്ണയിച്ച് സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം, റെയിഞ്ച്, ഡിവിഷൻ തലങ്ങളിൽ കണ്ടെത്തി ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനാതിർത്തി കണ്ടെത്തുന്നതിനുള്ള സർവ്വേ ജോലികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ഉദ്യോഗസ്ഥർക്ക് സർവ്വേ പരിശീലനം നൽകിയിട്ടുണ്ട്.

(സി) കേരളത്തിന്റെ വനാതിർത്തി ഏകദേശം 16585 കി. മീ. ആണ്.

(ഡി) വന്യജീവി സങ്കേതങ്ങളിലും സമീപ പ്രദേശങ്ങളിലും അത്യാവശ്യ ഘട്ടങ്ങളിൽ ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിവരുന്നു. കൂടാതെ ടൈഗർ മോണിറ്ററിംഗിനായും ക്യാമറ ട്രാപ് ഉപയോഗിച്ചുവരുന്നു.

(ഇ) വന്യജീവി നിരീക്ഷണത്തിനായി ഈ സാമ്പത്തിക വർഷം 850 ക്യാമറ ട്രാപ്പുകൾ വാങ്ങാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

## പാലക്കാട്ട് സ്വകാര്യവ്യക്തികൾക്ക് അനുവദിച്ച വനഭൂമി

95 (3364) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പാലക്കാട് ജില്ലയിൽ കോടതിയുടേയോ മറ്റ് അധികാരസ്ഥാപനങ്ങളുടേയോ ഉത്തരവ് മുഖേന സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ വനഭൂമി വിട്ടുനൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ വിട്ടുനൽകിയ വനഭൂമിയുടെ വിസ്തീർണ്ണം എത്രയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഭൂമി വിട്ടുകൊടുത്തിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ ബഹു. ഫോറസ്റ്റ് ട്രൈബ്യൂണൽ, ബഹു. സുപ്രീം കോടതി ഉൾപ്പെടെയുള്ള കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സർക്കാർ

ഉത്തരവനുസരിച്ച് വിട്ടുനൽകിയിട്ടുള്ള ഭൂമിയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പാലക്കാട് ഡിവിഷൻ | - 57.6706 ഹെക്ടർ |
| നെന്മാറ ഡിവിഷൻ | - 72.5313 ഹെക്ടർ |
| മണ്ണാർക്കാട് ഡിവിഷൻ | - 3.4195 ഹെക്ടർ |
| സൈലന്റ് വാലി ഡിവിഷൻ | - 2.877 ഹെക്ടർ |
| ആകെ | - 136.4984 ഹെക്ടർ |

## അതിരപ്പിള്ളി ടൂറിസ്റ്റ് മേഖലയെ പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമാക്കുന്ന നടപടികൾ

96 (3365) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അതിരപ്പിള്ളി ടൂറിസ്റ്റ് മേഖലയെ പ്ലാസ്റ്റിക് വിമുക്തമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പരിയാരം മുതൽ അതിരപ്പിള്ളി വരെയുള്ള റോഡുകളിൽ ടൂറിസ്റ്റുകൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുന്നതിനും, ഇവ വനസംരക്ഷണ സമിതികൾ വഴി ശേഖരിക്കുന്നതിനും അതിരപ്പിള്ളി ടൂറിസ്റ്റ് മേഖലയെ പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

വാഴച്ചാൽ വനം ഡിവിഷന്റെ പരിധിയിൽ വരുന്ന അതിരപ്പിള്ളി മുതൽ മലക്കപ്പാറ വരെയുള്ള സ്ഥലങ്ങളിൽ വിനോദ സഞ്ചാരികൾ വലിച്ചെറിയുന്ന പ്ലാസ്റ്റിക് മുതലായ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും, ആയവ അതിരപ്പിള്ളിയിലുള്ള സെഗ്രഗേഷൻ യൂണിറ്റിൽ എത്തിച്ച് തരം തിരിക്കുന്നതിനും വാച്ചർമാരെ നിയോഗിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ വേർതിരിച്ച് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് നീക്കം ചെയ്യുകയും ചെയ്തുവരുന്നുണ്ട്. പരിയാരം മുതൽ അതിരപ്പിള്ളി വരെയുള്ള ഭാഗത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പരിയാരം റെയിഞ്ചിന്റെ പരിധിയിൽ വരുന്ന വനസംരക്ഷണ സമിതികൾക്ക് നിർദ്ദേശം നൽകുകയും, പുഴ-വനം സംരക്ഷണ നിധി വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ നടപടി സ്വീകരിക്കുന്നതുമാണ്.

## വനപാലകർക്ക് വയർലെസ് സംവിധാനം

97 (3366) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ വനപാലകരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ' 'വയർലെസ്' മുഖേനയുള്ള ആശയവിനിമയ സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് ഏതൊക്കെ മേഖലകളിലാണെന്ന് വ്യക്തമാക്കാമോ;

(ബി) വയർലെസ് സംവിധാനം സാർവ്വത്രികമാക്കുന്നതിനായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പിൽ വനപാലകരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വയർലെസ് മുഖേനയുള്ള ആശയവിനിമയ സംവിധാനം നിലവിലുണ്ട്. ഇപ്രകാരമുള്ള വയർലെസ് സംവിധാനം എ.ബി.പി. സർക്കിൾ, കോട്ടയം ഫീൽഡ് ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്, ഹൈറേഞ്ച് സർക്കിൾ കോട്ടയം, വൈൽഡ് ലൈഫ് സർക്കിൾ പാലക്കാട് എന്നീ മേഖലകളിൽ നിലവിലുണ്ട്.

(ബി) ഉണ്ട്. കേരളത്തിലെ വിവിധ വനമേഖലകളിൽ പതിനേഴ് വയർലെസ് റിപ്പീറ്റർ സ്റ്റേഷനുകൾ പുതുതായി സ്ഥാപിച്ച് വയർലെസ് സംവിധാനം സാർവത്രികമാക്കാൻ പദ്ധതിയുണ്ട്.

## പി.റ്റി.പി. നഗറിലുള്ള ഫോറസ്റ്റ് കോംപ്ലക്സിലെ ക്വാർട്ടേഴ്സുകൾ

98 (3367) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പി.റ്റി.പി. നഗറിലുള്ള ഫോറസ്റ്റ് കോംപ്ലക്സിൽ ജീവനക്കാർക്കായി താമസ യോഗ്യമായതും അല്ലാത്തതുമായ എത്ര ക്വാർട്ടേഴ്സുകളാണ് നിലവിലുള്ളത്; ഇവയുടെ ക്ലാസ് തിരിച്ചുള്ള പട്ടിക നൽകുമോ;

(ബി) പ്രസ്തുത ക്വാർട്ടേഴ്സുകൾ യഥാസമയം അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

(സി) ആസ്ഥാന ഓഫീസിന്റെ 20 കിലോമീറ്റർ പരിധിക്കുള്ളിൽ സ്വന്തമായി വീടുള്ള എത്ര ജീവനക്കാർ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നുണ്ട്; ഇവരുടെ പേരു വിവരം തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ഡി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ജീവനക്കാരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ക്വാർട്ടേഴ്സ് ലഭിക്കുന്നതിന് അപേക്ഷ നൽകി കാത്തിരിക്കുന്ന എത്ര ജീവനക്കാരുണ്ട്; നിലവിലുള്ള ക്വാർട്ടേഴ്സുകളുടെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനും പുതിയവ നിർമ്മിച്ച് ജീവനക്കാർക്ക് അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം പി.റ്റി.പി. നഗറിലുള്ള ഫോറസ്റ്റ് കോംപ്ലക്സിൽ ജീവനക്കാർക്കായി നിലവിലുള്ള ക്വാർട്ടേഴ്സുകളുടെ ക്ലാസ് തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ടൈപ്പ് I | - | 8 എണ്ണം |
| ടൈപ്പ് II | - | 28 എണ്ണം |
| ടൈപ്പ് III | - | 11 എണ്ണം |
| ടൈപ്പ് IV | - | 11 എണ്ണം |
| ടൈപ്പ് VI | - | 7 എണ്ണം |

(ബി) പ്രസ്തുത ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികൾ ബജറ്റ് വിഹിതമനുസരിച്ച് യഥാസമയം ചെയ്തു വരുന്നു.

(സി) ആസ്ഥാന ഓഫീസിന്റെ 20 കിലോമീറ്റർ പരിധിക്കുള്ളിൽ സ്വന്തമായി വീടുള്ള ജീവനക്കാർ ക്വാർട്ടേഴ്സുകളിൽ നിയമവിരുദ്ധമായി താമസിക്കുന്നില്ല.

(ഡി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ക്വാർട്ടേഴ്സുകളിൽ ജീവനക്കാർ താമസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ക്വാർട്ടേഴ്സ് ലഭിക്കുന്നതിന് അപേക്ഷ നൽകി കാത്തിരിക്കുന്നത് ടൈപ്പ് - I-ൽ 11, ടൈപ്പ് - II-ൽ 30, ടൈപ്പ് - III-ൽ 11, ടൈപ്പ് - IV-ൽ 1 ജീവക്കാരാണ്. നിലവിലുള്ള ക്വാർട്ടേഴ്സുകളുടെ അപര്യാപ്തതകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി അവ പരിഹരിക്കുന്നതിന് നടപടികൾ തുടർച്ചയായി സ്വീകരിച്ചു വരുന്നു. പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിച്ച് ജീവനക്കാർക്ക് അനുവദിക്കുന്നതിന് തൻവർഷത്തെ ബജറ്റിൽ ഫണ്ട് ലഭ്യമല്ല.

**വനവിഭവങ്ങളുടെ ശേഖരണവും വിപണനവും**

99 (3368) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവിഭവങ്ങൾ ശേഖരിക്കുന്നവർക്ക് ക്ഷേമനിധി ഉൾപ്പെടെയുള്ള ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വനവിഭവങ്ങൾ, തേൻ, കുന്തിരിക്കം തുടങ്ങിയവയുടെ വിപണന കേന്ദ്രങ്ങൾ വിപുലീകരിച്ച് ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ വനവിഭവ ശേഖരണം നടത്തുന്ന ആദിവാസികൾ ചെറുകിട വനവിഭവങ്ങൾ നേരിട്ട് അതാതിടത്ത് പ്രവർത്തിക്കുന്ന വനശ്രീ വനവിഭവ കേന്ദ്രങ്ങളിലാണ് നൽകിവരുന്നത്. വനശ്രീ അടിസ്ഥാനത്തിൽ ശേഖരണം, മൂല്യ വർദ്ധന, വിപണനം നടത്തി ലഭിക്കുന്ന ലാഭത്തിന്റെ ഒരു വിഹിതം ആദിവാസികൾക്ക് വർഷത്തിലൊരിക്കൽ നൽകണമെന്ന വ്യവസ്ഥ നിലവിലുണ്ട്. അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

(ബി) ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ, തേൻ, കുന്തിരിക്കം തുടങ്ങിയവ വനശ്രീ ഷോപ്പുകൾ വഴി മൂല്യ വർദ്ധനവ് നടത്തി വിപണനം ചെയ്തുവരുന്നു. വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, അവരുടെ ഉല്പന്നങ്ങൾക്ക് കൂടുതൽ വിപണി ലഭ്യമാക്കുക, അതുവഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ വിഭാവനം ചെയ്തിട്ടുള്ള ഇക്കോ ഷോപ്പുകൾ വഴിയാണ് ടി വിഭവങ്ങൾ വിപണനം ചെയ്തു വരുന്നത്. ഇത്തരത്തിൽ 37 ഇക്കോ ഷോപ്പുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 2 മൊബൈൽ യൂണിറ്റുകളും ഉൾപ്പെടുന്നു. ഈ മൊബൈൽ യൂണിറ്റുകൾ മുഖേന വനവിഭവങ്ങൾ ജനങ്ങൾക്ക് നേരിട്ട് എത്തിക്കാൻ സാധിക്കുന്നു. വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി വനശ്രീ വിഭവങ്ങളുടെ ഓൺലൈൻ വിൽപ്പന ഉൾപ്പെടെയുള്ള കാര്യങ്ങൾ വനം വകുപ്പിന്റെ പരിഗണനയിലാണ്. ഇവ സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു എൻ.റ്റി.എഫ്. (നോൺ ടിംബർ ഫോറസ്റ്റ്സ് പ്രോഡക്ട്സ്) കൺസൾട്ടന്റുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

**വനത്തിനുള്ളിലെ നദികളിലുള്ള മണൽ**

100 (3369) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിലെ നദികളിലുള്ള മണൽ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത തരത്തിൽ ശേഖരിച്ച് ഭവന നിർമ്മാണത്തിനായി 'കലവറ' വഴിയുള്ള വിപണനം ആലോചനയുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി കൈക്കൊണ്ടിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) വനം വകുപ്പ് വിറ്റഴിക്കുന്ന ചന്ദനമുൾപ്പെടെയുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ വിപണനം ലാഭകരമാണോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) വനത്തിനുള്ളിലെ നദികളിലെ മണൽ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത തരത്തിൽ ശേഖരിച്ച് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാൻ വനം വകുപ്പ് ആലോചിക്കുന്നുണ്ട്. മണൽ ആഡിറ്റിംഗ് പൂർത്തിയാക്കാത്തതിനാൽ വിപണന കേന്ദ്രം നിശ്ചയിച്ചിട്ടില്ല.

(ബി) ചന്ദനം ഉൾപ്പെടെയുള്ള മൂല്യവർദ്ധന നടത്തിയ വന വിഭവങ്ങൾ വനശ്രീ ഇക്കോഷോപ്പുകൾ വഴി ലാഭകരമായി വിപണനം ചെയ്തുവരുന്നുണ്ട്.

**എസ്റ്റേറ്റുകളും വ്യക്തികളും കയ്യേറിയ വനഭൂമി**

101 (3370) ശ്രീ. എം. എം. മണി:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എസ്റ്റേറ്റുകളും വ്യക്തികളും കയ്യേറിയ വനഭൂമി എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര ഭൂമി തിരിച്ചുപിടിക്കാൻ മുൻ സർക്കാരിന് കഴിഞ്ഞുവെന്ന് അറിയിക്കാമോ;

(സി) വനഭൂമി കയ്യേറ്റം ഇല്ലാതാക്കുന്നതിനും കയ്യേറിയ ഭൂമി തിരിച്ചു പിടിക്കുന്നതിനുമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് എസ്റ്റേറ്റുകളും വ്യക്തികളും കയ്യേറിയ വനഭൂമിയുടെ സർക്കിൾ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| സർക്കിൾ | കയ്യേറിയ വനഭൂമി |
|---|---|
| സതേൺ സർക്കിൾ, കൊല്ലം | ഇല്ല |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 268.33 ഹെക്ടർ |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 1.748 ഹെക്ടർ |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 95.46 ഹെക്ടർ |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 881.181 ഹെക്ടർ |
| ആകെ | 1246.719 ഹെക്ടർ |

(ബി) മുൻ സർക്കാരിന് തിരിച്ചുപിടിക്കാൻ കഴിഞ്ഞ വനഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു:

| സർക്കിൾ | തിരിച്ചുപിടിച്ച വനഭൂമി |
|---|---|
| സതേൺ സർക്കിൾ, കൊല്ലം | ഇല്ല |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 268.295 ഹെക്ടർ |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 1.518 ഹെക്ടർ |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 91.84 ഹെക്ടർ |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 508.7587 ഹെക്ടർ |
| ആകെ | 870.4117 ഹെക്ടർ |

(സി) വനഭൂമി കയ്യേറാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ജണ്ട ഇട്ട് വേർതിരിക്കുന്ന നടപടികൾ ദ്രുതഗതിയിൽ നടപ്പിലാക്കിവരുന്നു. കയ്യേറ്റശ്രമങ്ങൾ അപ്പപ്പോൾ കണ്ടെത്താനും ഒഴിപ്പിക്കാനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വനാതിർത്തികളിൽ നിരന്തരമായ പട്രോളിംഗും, പരിശോധനകളും നടത്തുക, ആധുനിക സർവ്വേ ഉപകരണങ്ങളുടെ സഹായത്തോടെ വനാതിർത്തികൾ കൃത്യമായി അളന്നു തിട്ടപ്പെടുത്തുക തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു.

**പാമ്പുകടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം**

102 (3371) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും ശരാശരി എത്രപേർ പാമ്പുകടിയേറ്റ് മരിക്കുന്നുണ്ട് എന്നറിയിക്കാമോ ;

(ബി) പാമ്പുകടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് വനം വകുപ്പ് മുഖേന ധനസഹായം അനുവദിച്ച് നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാമ്പുകടിയേറ്റ് മരണമടഞ്ഞവരുടെ ആശ്രിതർ നഷ്ട പരിഹാരത്തിനായി വനം വകുപ്പിൽ അപേക്ഷ സമർപ്പിച്ച കണക്കുപ്രകാരം ഓരോ വർഷവും ശരാശരി 88 പേരാണ് പാമ്പുകടിയേറ്റ് മരിക്കുന്നത്.

(ബി) ഉണ്ട്. വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെട്ടാൽ, ആശ്രിതർക്ക് ഒരു ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിവരുന്നു.

(സി) വന്യജീവി ആക്രമണംമൂലം പരിക്കേൽക്കുന്നവർക്ക് സർക്കാർ 1980-ലെ കേരളാ റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ് നഷ്ടപരിഹാരം നൽകി വരുന്നത്. സർക്കാർ, കാലാകാലങ്ങളിൽ പരിഷ്കരിച്ചിട്ടുള്ള ടി ചട്ടങ്ങൾക്കനുസരിച്ച് നിലവിൽ G.O. (MS)No. 96/2014/F&WLD തീയതി 17-11-2014 പ്രകാരമാണ് നഷ്ടപരിഹാരത്തുക നൽകിവരുന്നത്. ടി സർക്കാർ ഉത്തരവ് പ്രകാരം വനത്തിനുപുറത്ത് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയാണ് നൽകിവരുന്നത്. ഇതിനായി വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷയോടൊപ്പം പാമ്പുകടിയേറ്റ് മരണപ്പെട്ട വ്യക്തിയുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, മരണ സർട്ടിഫിക്കറ്റ് എന്നിവയും അപേക്ഷകന്റെ തിരിച്ചറിയൽ കാർഡും അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവയും അപ്‌ലോഡ് ചെയ്യേണ്ടതാണ്. നിയമാനുസരണമുള്ള പരിശോധനകൾക്കുശേഷം അർഹതയുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊണ്ട് തുക കൈമാറുന്നതാണ്.

**വനസംരക്ഷണത്തിനായി വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തം**

103 (3372) <u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u>

<u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u>

<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണത്തിനായി വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തം ഏതൊക്കെ തരത്തിലാണ് നിലവിൽ ഉപയോഗിക്കുന്നതെന്നറിയിക്കുമോ;

(ബി) വനമേഖലയിലെ ഇക്കോട്ടൂറിസം പ്രവർത്തനങ്ങൾക്കായും സന്ദർശകരുടെ സുരക്ഷയ്ക്കായും വനാശ്രിത സമൂഹത്തിൽ നിന്നുള്ളവരെ നിയോഗിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(സി) വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനായി മറ്റു പദ്ധതികൾ എന്തെങ്കിലും സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വനസംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ 2002-03 മുതൽ പങ്കാളിത്ത വനപരിപാലനം നടപ്പാക്കി വരുന്നു. വനാശ്രിത സമൂഹങ്ങളെ ഉൾപ്പെടുത്തി ടെറിറ്റോറിയൽ വനം ഡിവിഷനുകളിൽ വനസംരക്ഷണ സമിതികളും വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയുൾപ്പെടുന്ന സംരക്ഷിത മേഖലകളിൽ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തൊട്ടാകെ 400 വനസംരക്ഷണ സമിതികളും 190 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. വനങ്ങളിൽ കാട്ടുതീ, കുറ്റകൃത്യങ്ങൾ എന്നിവ തടയുന്ന പ്രവർത്തനങ്ങളിലും, വനസംരക്ഷണ ജോലികളിലും വനസംരക്ഷണ സമിതികളും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും പങ്കാളിത്തം ഉണ്ടാകുന്നുണ്ട്. കൂടാതെ വനത്തിനുള്ളിലെ വിധ്വംസക പ്രവർത്തനങ്ങൾ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടുകൂടി ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ വനം, പോലീസ്, റവന്യൂ, ട്രൈബൽ ഡെവലപ്മെന്റ് എന്നീ വകുപ്പുകളും വനസംരക്ഷണ സമിതികളും പരിസ്ഥിതി സംരക്ഷണ സമിതികളും സർക്കാരിതര സംഘടനകളും ഉൾപ്പെടുന്ന വനമേഖലാ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) വന മേഖലകളിൽ നടപ്പാക്കി വരുന്ന ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശക സുരക്ഷയ്ക്കും പരിസര ശുചീകരണത്തിനും പങ്കാളിത്ത വന പരിപാലന സ്ഥാപനങ്ങളായ വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയിലെ അംഗങ്ങളെയാണ് ഗൈഡുകളായി നിയോഗിക്കാറുള്ളത്. ഇവർക്ക് സന്ദർശന, പാർക്കിംഗ് ഫീസിനത്തിൽ ലഭിക്കുന്ന തുക ഉപയോഗിച്ച് രൂപീകരിച്ചിട്ടുള്ള പുഴ-വനം സംരക്ഷണ നിധിയിൽനിന്നും വേതനം ലഭിക്കുന്നു.

(സി) ആദിവാസി ക്ഷേമത്തിനായി വകുപ്പ് വിവിധ കർമ്മ പരിപാടികൾ നടപ്പാക്കി വരുന്നുണ്ട്. ആദിവാസി ഭവന നിർമ്മാണത്തിനായി നിലവിലുള്ള സീനിയറേജ് നിരക്കിന്റെ 25% നിരക്കിൽ വനത്തിനുള്ളിൽ വീണുകിടക്കുന്ന തടിയനുവദിച്ചു നൽകി വരുന്നു. ആദിവാസി സെറ്റിൽമെന്റുകളിൽ അവർ

നട്ടുവളർത്തിയ മരങ്ങളിൽനിന്നും ഗൃഹ നിർമ്മാണത്തിന് 1 1/2 ക്യൂ. മീറ്റർ വരെ തടി ശേഖരിക്കാൻ അനുവദിച്ചിട്ടുണ്ട്. ആദിവാസികൾ ഉൾപ്പെടെയുള്ള പരമ്പരാഗത ഈറ്റത്തൊഴിലാളികൾക്ക് വനസംരക്ഷണ സമിതികൾ വഴി സൗജന്യമായി ഈറ്റയും മുളയും നൽകി വരുന്നു. കാട്ടിനുള്ളിൽ താമസിക്കുന്ന എല്ലാ ആദിവാസികൾക്കും പട്ടികജാതിക്കാർക്കും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസുമായി ചേർന്ന് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിവരുന്നു. 2006-ലെ വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന ആദിവാസി സെറ്റിൽമെന്റുകളിൽ സ്കൂൾ, അംഗൻവാടി തുടങ്ങിയ 13 ഇനം അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു ഹെക്ടർ വരെ വനഭൂമി ഓരോ ആവശ്യത്തിനായും ഊരുക്കൂട്ടങ്ങളുടെ അഭ്യർത്ഥന പ്രകാരം നൽകി വരുന്നു. ആദിവാസി സെറ്റിൽമെന്റുകളിലെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് 2014-15 സാമ്പത്തിക വർഷത്തിൽ ഇക്കോ ഡെവലപ്മെന്റ് പ്രോഗ്രാമിൽനിന്നും 60 ലക്ഷം രൂപ 'ഊരിനുണർവ് കാട്ടിനുണർവ്' പദ്ധതിക്കായി നൽകി. ദേശീയ വനവൽക്കരണ പരിപാടി, ദേശീയ ഔഷധസസ്യ ബോർഡ്, ബാംബൂ മിഷൻ എന്നിവ വഴിയുള്ള പദ്ധതികളിലെ വനവൽക്കരണ പരിപാടികൾ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിലെ അംഗങ്ങളുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്. 2016-17 വർഷം മുതൽ നടപ്പാക്കുവാനുദ്ദേശിക്കുന്ന ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി വഴിയുള്ള പ്രവർത്തനങ്ങൾ VSS/EDC വഴിയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതികൾ വഴി കൂടുതൽ തൊഴിലവസരങ്ങളും ക്ഷേമപ്രവർത്തനങ്ങളും വനാശ്രിതസമൂഹത്തിന് ലഭിക്കുന്നുണ്ട്. അതുപോലെ സംസ്ഥാന പദ്ധതി വിഹിതത്തിലൂടെയും, ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ഇക്കോ ടൂറിസം പദ്ധതികൾ വഴിയും വനാശ്രിത സമൂഹത്തിലെ യുവതീ-യുവാക്കൾക്ക് ധാരാളം തൊഴിലവസരങ്ങൾ ലഭിക്കുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെയുള്ള പദ്ധതികളിലൂടെയുള്ള വികസന പ്രവർത്തനങ്ങൾ വഴിയും കൂടുതൽ തൊഴിലവസരങ്ങളും ക്ഷേമപ്രവർത്തനങ്ങളും ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന് ലഭിക്കുന്നുണ്ട്. അതുപോലെ ആദിവാസി ജനസമൂഹത്തിന്റെ ഉന്നമനവും, ജീവനോപാധിയും ലക്ഷ്യമിട്ടുകൊണ്ട് വനം വകുപ്പ് കേരള ഹോർട്ടികൾച്ചർ മിഷനുമായി സഹകരിച്ച് കേരളത്തിലെ 8 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി ഒരു തേനീച്ച വളർത്തൽ പൈലറ്റ് പദ്ധതിയും സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡും നാഷണൽ മിഷൻ ഫോർ മെഡിസിനൽ പ്ലാന്റുമായി സഹകരിച്ച് 9 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി ഒരു ഔഷധ സസ്യകൃഷി പൈലറ്റ് പദ്ധതിയും പ്രാരംഭ ഘട്ടത്തിലാണ്. തടിയേതര വനവിഭവ ശേഖരണം, സംസ്കരണം, വനശ്രീ ശൃംഖല വഴിയുള്ള വിപണനം എന്നിവ വനവികാസ ഏജൻസി മുഖേന നടപ്പാക്കുന്നതിനാൽ ആദിവാസി സമൂഹത്തിന് ഉൽപ്പന്നങ്ങൾക്ക് ശരിയായ വിലയും, മൂല്യവർദ്ധനയിലൂടെയുള്ള അധിക വരുമാനവും വിപണിയും ഉറപ്പുവരുത്തുന്നു.

**കണ്ടൽക്കാടുകളുടെ സംരക്ഷണം**

104 (3373) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എസ്.ശർമ്മ:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നവരെയും സംരക്ഷിക്കുന്നവരെയും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നവരെയും സംരക്ഷിക്കുന്നവരെയും പ്രോൽസാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. കണ്ടൽക്കാടുകൾ സംരക്ഷിക്കുന്ന സ്ഥല ഉടമകൾക്ക് പ്രോത്സാഹനമായി ഏക്കറിന് 4,000 രൂപ എന്ന തോതിൽ ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. അനുയോജ്യമായ പ്രദേശങ്ങളിൽ കണ്ടൽ വച്ചുപിടിപ്പിക്കുന്നതിന് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടർ കണ്ടൽ വനങ്ങൾ റിസർവ് ഫോറസ്റ്റായും കോഴിക്കോട് ജില്ലയിൽ 2.82 ഹെക്ടറും മലപ്പുറം ജില്ലയിൽ 20.78 ഹെക്ടറും കണ്ടൽവനങ്ങൾ പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റായും 1961-ലെ കേരള വനസംരക്ഷണ നിയമപ്രകാരം പ്രഖ്യാപിച്ച് സംരക്ഷിച്ചുവരുന്നു.

**വനപാലകർക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങൾ**

105 (3374) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽപ്പെട്ട് ജോലിക്കിടെ ജീവഹാനി സംഭവിച്ച വനപാലകരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും ആശ്രിതർക്ക് നൽകുന്ന വാഗ്ദാനങ്ങൾ യഥാസമയം പാലിക്കപ്പെടുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്താറുണ്ടോ;

(ബി) ഇവരുടെ ആശ്രിതരിൽ എത്ര പേർക്ക് ആശ്രിത നിയമനം നൽകാൻ ബാക്കിയുണ്ട് എന്നറിയിക്കുമോ;

(സി) ഇത്തരത്തിൽ അപകടത്തിൽപ്പെട്ടതും ജീവഹാനി സംഭവിച്ചതുമായ താൽക്കാലിക ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഏതെങ്കിലും തരത്തിലുള്ള സഹായം നൽകാൻ ബാക്കിയുള്ള എത്ര കേസ്സുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) വനപാലനത്തിനിടെ അപകടങ്ങൾക്കും ജീവഹാനിക്കും ഇരയായ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും സർക്കാർ നൽകാനുള്ള എല്ലാത്തരം സഹായങ്ങളും സമയബന്ധിതമായി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽപ്പെട്ട് ജോലിക്കിടെ ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് നൽകുന്ന വാഗ്ദാനങ്ങൾ യഥാസമയം നിറവേറ്റാറുണ്ട്.

(ബി) വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ട 2 പേരുടെ ആശ്രിതർക്ക് ആശ്രിത നിയമനം നൽകാൻ ബാക്കിയുണ്ട്.

(സി) ഇത്തരത്തിലുള്ള കേസുകൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്.

**വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ശല്യം**

106 (3375) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ശല്യം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യമൃഗങ്ങളെ നിയന്ത്രണ വിധേയമാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വന്യമൃഗങ്ങളിൽ നിന്നുണ്ടാകുന്ന ശല്യത്തിനും അത്യാഹിതങ്ങൾക്കുമായി വയനാട് ജില്ലയിൽ നഷ്ടപരിഹാരമായി ഈ വർഷം നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വന്യമൃഗങ്ങളെ നിയന്ത്രണ വിധേയമാക്കാൻ താഴെപ്പറയുന്ന നടപടികൾ വനം വകുപ്പ് നടപ്പിലാക്കിവരുന്നു.

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ
5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ നടപടിയെടുത്തുവരുന്നു.
6. പ്രശ്നബാധിത മേഖലകളിൽ വന്യജീവികൾ കാടിന് പുറത്തേക്കിറങ്ങിയതായി അറിഞ്ഞാൽ ആ വിവരം പ്രദേശവാസികൾക്ക് എസ്.എം.എസ്. മുഖാന്തരം അറിയിക്കുകയും ജാഗ്രത പാലിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്ന Early Warning SMS System നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.
7. വനാതിർത്തികളിലും വനാന്തർ ഭാഗത്തും പട്രോളിംഗ് നടത്തി വരുന്നു.
8. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
9. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.
10. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

(സി) വന്യമൃഗങ്ങളിൽ നിന്നുണ്ടാകുന്ന ശല്യത്തിനും അത്യാഹിതങ്ങൾക്കുമായി വയനാട് ജില്ലയിൽ ഈ വർഷം നാളിതുവരെ നഷ്ടപരിഹാരമായി 1,06,80,712 രൂപ നൽകിയിട്ടുണ്ട്.

**മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നടപടി**

107 (3376) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലകളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ഈ മേഖലകളിൽ വിവരശേഖരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. വന്യജീവികൾ വനത്തിനുപുറത്തേയ്ക്ക് വരുന്നത് നിരീക്ഷിക്കാൻ ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ചും പ്രശ്നക്കാരായ ആനകളിൽ റേഡിയോ കോളർ ഘടിപ്പിച്ചും വിവരശേഖരണം നടത്തുന്നതിനുപുറമേ മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ വന്യജീവികൾ വനത്തിൽനിന്നും പുറത്തേയ്ക്ക് വന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് തദ്ദേശവാസികളെ SMS-ലൂടെ അറിയിക്കുന്ന Early Warning SMS Alert System നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശവാസികളുടെ മൊബൈൽ നമ്പർ ശേഖരിച്ചുവരുന്നു.

(സി) ക്യാമറാ ട്രാപ്പ് ചിത്രങ്ങളിൽനിന്നും ലഭിക്കുന്ന വിവരം ഉപയോഗിച്ച് വന്യജീവികളുടെ സഞ്ചാരത്തെക്കുറിച്ച് ലഭ്യമാകുന്ന വിവരം മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സഹായിക്കും. മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ വന്യജീവികൾ വനത്തിൽനിന്നും പുറത്തേയ്ക്ക് വന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് തദ്ദേശവാസികളെ SMS-ലൂടെ അറിയിക്കുന്നതിനായി തദ്ദേശവാസികളിൽനിന്നും മൊബൈൽ നമ്പർ ശേഖരിച്ച് ഉപയോഗപ്പെടുത്തി വരുന്നു. വന്യജീവികളെ ആകർഷിക്കുന്ന തരത്തിലുള്ള വിളകൾ വനാതിർത്തികൾക്ക് സമീപത്തുള്ള കൃഷിയിടങ്ങളിൽ കൃഷി ചെയ്യുന്നത് ഒഴിവാക്കുന്നതിന് കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനും, വനത്തിനുള്ളിൽത്തന്നെ വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണവും വെള്ളവും ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വന്യമൃഗ ശല്യത്താൽ വിളനാശം

108 (3377) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ ശല്യ പ്രതിരോധത്തിനായി ബജറ്റിൽ പ്രഖ്യാപിച്ച തുക ഉപയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്യുന്നത്;

(ബി) വന്യമൃഗ ശല്യത്താൽ വിളനാശം സംഭവിക്കുന്ന കർഷകർക്കുള്ള നഷ്ടപരിഹാര തുക വിതരണം വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) വന്യമൃഗ ആക്രമണം മൂലം ജോലിക്കിടയിൽ മരണപ്പെടുന്ന വനംവകുപ്പ് ഉദ്യോഗസ്ഥരുടെ ആശ്രിതരുടെ നിയമനം വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വന്യമൃഗശല്യ പ്രതിരോധത്തിനായി ബജറ്റിൽ പ്രഖ്യാപിച്ച തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവൃത്തികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

1. സൗരോർജ്ജ കമ്പിവേലി നിർമ്മാണം .
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ പ്രവർത്തനംവഴി വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.
5. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
6. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.
7. പ്രശ്നക്കാരായ ആനകളെ പിടിച്ചുമാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

(ബി) സ്വീകരിച്ചിട്ടുണ്ട്. വന്യമൃഗശല്യത്താൽ വിളനാശം സംഭവിക്കുന്ന കർഷകർക്കുള്ള നഷ്ടപരിഹാരത്തുക വിതരണം വേഗത്തിലാക്കുവാനായി ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(സി) വന്യമൃഗ ആക്രമണംമൂലം ജോലിക്കിടയിൽ മരണപ്പെടുന്ന വനം വകുപ്പിലെ സ്ഥിര ജീവനക്കാരുടെ ആശ്രിതരുടെ നിയമനം കാലതാമസം കൂടാതെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ഒല്ലൂരിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശം

109 (3378) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം കാർഷിക വിളകൾ നശിച്ചവർക്ക് കഴിഞ്ഞ വർഷം നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വന്യമൃഗങ്ങൾ വനത്തിന് പുറത്തേയ്ക്ക് വരുന്നത് തടയുന്നതിന് പ്രസ്തുത മേഖലയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

### ഉത്തരം

(എ) തൃശ്ശൂർ ഡിവിഷനിലെ പട്ടിക്കാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസിന്റെ പരിധിയിൽ വരുന്ന ഒല്ലൂർ നിയോജക മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിച്ചതിന് കഴിഞ്ഞ വർഷം 18 അപേക്ഷകളിലായി 2,11,681 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലയിൽ വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിനായി 19.28 കി.മീറ്റർ നീളത്തിൽ സൗരോർജ്ജ വേലി നിർമ്മിച്ചിട്ടുണ്ട്. കൂടാതെ നാട്ടിലേയ്ക്കിറങ്ങുന്ന വന്യമൃഗങ്ങളെ തിരിച്ച് കാട്ടിലേയ്ക്ക് ഓടിക്കുന്നതിന് സ്ക്വാഡുകളെയും ആവശ്യാനുസരണം നിയോഗിക്കുന്നുണ്ട്.

## കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടയാളുടെ കുടുംബത്തിന് സാമ്പത്തിക സഹായം

110 (3379) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ നെല്ലിയാമ്പതിയിൽ 2013-14 വർഷത്തിൽ കാട്ടാനയുടെ ആക്രമണത്തിൽ ഹനീഫ എന്നയാൾ മരണപ്പെട്ട കാര്യംസർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തൊഴിലാളിയുടെ മരണംമൂലം നിരാലംബരായ കുടുംബത്തിന് സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) മരണപ്പെട്ട തൊഴിലാളിയുടെ ഭാര്യയ്ക്കും മക്കൾക്കും അർഹതപ്പെട്ട സാമ്പത്തിക സഹായം നൽകാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രീ. ഹനീഫ എന്നയാൾ നെന്മാറ ഡിവിഷനിലെ നെല്ലിയാമ്പതി ഫോറസ്റ്റ് സ്റ്റേഷനിലെ ഒ.ആർ.1/13 (വൈൽഡ് ലൈഫ്) കേസ്സിലെ മൂന്നാം പ്രതിയാണ്. 1980-ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസിന്റെ സെക്ഷൻ 5(എ) പ്രകാരം, 1961-ലെ കേരള വന നിയമ പ്രകാരമോ 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരമോ ശിക്ഷിച്ചതോ അഥവാ കേസ്സിൽ ഉൾപ്പെട്ടതോ ആയ വ്യക്തിക്ക് നഷ്ടപരിഹാരം ലഭിക്കാൻ അർഹതയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ടിയാന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാൻ സാധിച്ചിട്ടില്ല.

(സി) ഉത്തരം (ബി)- യുടെ വെളിച്ചത്തിൽ ബാധകമല്ല.

## കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ വന്യമൃഗങ്ങളുടെ ഭീഷണി

111 (3380) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ കാട്ടുപോത്ത് തുടങ്ങിയ വന്യമൃഗങ്ങളെ കണ്ടെത്തിയതുകണക്കിലെടുത്ത് ഇത്തരത്തിൽ ജനവാസമുള്ള പ്രദേശങ്ങളിൽ വന്യമൃഗങ്ങളെ കാട്ടിലേക്ക് തിരിച്ചയയ്ക്കുന്നതിനും ജനങ്ങളുടെ ഭയാശങ്കകൾ ഇല്ലാതാക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് റെയിഞ്ചിന്റെ അധികാര പരിധിയിൽ വരുന്ന കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിൽ കാട്ടുപോത്തിന്റെ ശല്യമുള്ളതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തളിപ്പറമ്പ് റെയിഞ്ചാഫീസറും സംഘവും ജനങ്ങളിൽനിന്ന് വിവരങ്ങൾ ശേഖരിക്കുകയും നിരവധി തവണ പരിശോധന നടത്തുകയും ചെയ്തുവെങ്കിലും ടി കാട്ടുപോത്തിനെ കണ്ടെത്താൻ സാധിച്ചിട്ടില്ല.

കാട്ടുപോത്തിന്റെ ആക്രമണം തടയുന്നതിനുവേണ്ടിയും കണ്ടെത്തുന്നപക്ഷം തിരിച്ച് വനത്തിലേക്ക് കടത്തി വിടുന്നതിനുവേണ്ടി വനം വകുപ്പ് ഉദ്യോഗസ്ഥർ തുടർച്ചയായി ടി മേഖലയിൽ പട്രോളിംഗ് നടത്തി വരുന്നുണ്ട്. ടി കാട്ടുപോത്തിനെ കാണുന്നപക്ഷം അടിയന്തരമായി വനം ഉദ്യോഗസ്ഥർക്ക് വിവരം കൈമാറാൻ പൊതുജനങ്ങളുടെ സഹകരണം അഭ്യർത്ഥിച്ചിട്ടുണ്ട്.

**വന്യജീവികളുടെ ആക്രമണത്തിൽപ്പെടുന്നവർക്ക് ധനസഹായം**

112 (3381) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ, പാമ്പുകൾ എന്നിവയുടെ ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്ക് പറ്റുന്നവർക്കും നൽകുന്ന സാമ്പത്തിക സഹായങ്ങൾ സമയബന്ധിതമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ എത്ര രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വന്യജീവികൾ, പാമ്പുകൾ എന്നിവയുടെ ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്ക് പറ്റുന്നവർക്കും നൽകുന്ന സാമ്പത്തിക സഹായങ്ങൾ സമയബന്ധിതമായി നൽകാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് 'ഇ-ഡിസ്ട്രിക്ട്'-ൽ ഉൾപ്പെടുത്തി 1-8-2016 മുതൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 2,01,96,402 രൂപ ഈ ഇനത്തിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ

113 (T 3382) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയിൽ താമസിക്കുന്ന ജനങ്ങളെ വന്യമൃഗങ്ങൾ ആക്രമിക്കുന്നത് തടയാനായി മുൻ സർക്കാർ നടപ്പിലാക്കിയ ഏതെങ്കിലും പ്രതിരോധ മാർഗ്ഗങ്ങൾ പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ?

(ബി) മുൻ സർക്കാർ നടപ്പിലാക്കിയ ഏതെങ്കിലും പ്രതിരോധ മാർഗ്ഗങ്ങൾ പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ?

### ഉത്തരം

(എ&ബി) വനാതിർത്തിയിൽ താമസിക്കുന്ന ജനങ്ങളെ വന്യമൃഗങ്ങൾ ആക്രമിക്കുന്നത് തടയാനായി മുൻ സർക്കാർ നടപ്പിലാക്കിയ പ്രതിരോധ മാർഗ്ഗങ്ങൾ ഒന്നുംതന്നെ പിൻവലിച്ചിട്ടില്ല.

## വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് ധനസഹായം

114 (3383) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ സാരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ജനങ്ങൾക്ക് വനംവകുപ്പിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നുണ്ടോ; ആയതിന്റെ മാനദണ്ഡം വിശദമാക്കാമോ;

(ബി) ധനസഹായത്തിനുള്ള അപേക്ഷാ സൗകര്യം ഓൺലൈൻ ആയി ലഭ്യമാണോ; എങ്കിൽ പ്രസ്തുത സൗകര്യം പദ്ധതിയുടെ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കാനുള്ള എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ധനസഹായം ലഭിക്കാനുള്ള അപേക്ഷകൾ വനംവകുപ്പിൽ കെട്ടിക്കിടക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. വന്യജീവി ആക്രമണംമൂലം പരിക്കേൽക്കുന്നവർക്ക് സർക്കാർ 1980-ലെ കേരളാ റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് പ്രകാരമാണ് നഷ്ടപരിഹാരം നൽകി

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വരുന്നത്. സർക്കാർ കാലാകാലങ്ങളിൽ പരിഷ്കരിച്ചിട്ടുള്ള ടി ചട്ടങ്ങൾ പ്രകാരം നിലവിൽ നൽകിവരുന്ന നഷ്ടപരിഹാര തുകകൾ താഴെപ്പറയും പ്രകാരമാണ്:

| ക്രമ നമ്പർ | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക (രൂപ) |
|---|---|---|
| 1 | സ്ഥായിയായ അംഗഭംഗം | പരമാവധി 75,000 രൂപ |
| 2 | പരിക്ക് | പരമാവധി 75,000 രൂപ (ഇവയെല്ലാം മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിലാണ് നൽകിവരുന്നത്) പട്ടിക വർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും ചികിത്സാ ചെലവായി അനുവദിക്കും. |

(ബി) ലഭ്യമാണ്. അപേക്ഷയിന്മേലുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്ന തരത്തിലാണ് ഓൺലൈൻ സംവിധാനം ക്രമീകരിച്ചിട്ടുള്ളത്. 36 ഫോറസ്റ്റ് ഡിവിഷൻ ഓഫീസുകളിലും ഇത്തരം ഓൺലൈൻ അപേക്ഷകളിൽ കാര്യക്ഷമമായും സമയബന്ധിതമായും നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുവാനും പുരോഗതി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ/സാങ്കേതിക സഹായങ്ങൾ നൽകുന്നതിനും ഒരു കേന്ദ്രീകൃത സംവിധാനം ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഓഫിസിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ പരിശോധനയുടെ വിവിധ ഘട്ടങ്ങളിൽ ഉള്ളതല്ലാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമണം**

115 (3384) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങൾ വ്യാപകമായി കൃഷിനാശം വരുത്തുന്നതും മനുഷ്യജീവന് ഹാനി വരുത്തുന്നതും തടയാൻ ഏതെല്ലാം തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് വന്യമൃഗങ്ങൾ വ്യാപകമായി കൃഷിനാശം വരുത്തുന്നതും മനുഷ്യജീവന് ഹാനി വരുത്തുന്നതും തടയുവാൻ താഴെപ്പറയുന്ന പ്രവൃത്തികളാണ്

വനം വകുപ്പ് നടപ്പിലാക്കിവരുന്നത്.

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
3. ആന പ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനുവെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ചു വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ
5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
6. പ്രശ്നബാധിത മേഖലകളിൽ വന്യജീവികൾ കാടിന് പുറത്തേക്കിറങ്ങിയതായി അറിഞ്ഞാൽ ആ വിവരം പ്രദേശ വാസികൾക്ക് എസ്.എം.എസ്. മുഖാന്തരം അറിയിക്കുകയും ജാഗ്രത പാലിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്ന Early warning SMS System വയനാട്, മൂന്നാർ എന്നീ മേഖലകളിൽ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.
7. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
8. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.
9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
10. പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കാനുമുള്ള ഉള്ള നടപടികൾ
11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.
12. കൃഷിയെ നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വേട്ടയാടുന്നതിനുള്ള അനുമതി.

## വെറ്ററിനറി സർവ്വകലാശാലയിലെ ഫിസിക്കൽ എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക

116 (3385) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി KVASU/GA/A/1648/2014 നമ്പരായി 18-3-2015-ന് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിനെതിരെ പരാതി വന്നതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ KVASU/GA/A/1648/2014 നമ്പരായി 29-10-2015-ന് പ്രസിദ്ധീകരിച്ച അൻപത്തിമൂന്ന് പേരുടെ ഫിസിക്കൽ എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള റിവൈസ്ഡ് റാങ്ക് ലിസ്റ്റ് സംബന്ധിച്ച് നിയമപ്രശ്നങ്ങൾ ഏതെങ്കിലും കോടതിയിൽ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരമായി ആയത് തീർക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) നിലവിലുള്ള ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്;

(സി) റാങ്ക് ലിസ്റ്റ് കാലാവധി എന്ന് അവസാനിക്കും;

(ഡി) കാലാവധി അവസാനിക്കുംമുമ്പ് എത്ര പേർക്ക് നിയമനം നൽകാനാകുമെന്ന് വ്യക്തമാക്കുമോ;

(ഇ) റാങ്ക് ലിസ്റ്റിലുള്ള പരമാവധി പേർക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റിവൈസ്ഡ് റാങ്ക് ലിസ്റ്റ് സംബന്ധിച്ച് കേസ്സൊന്നും നിലവിലില്ല. എന്നാൽ റിവൈസ്ഡ് ലിസ്റ്റ് വരുന്നതിനുമുമ്പ് ശ്രീ. മഹേഷ് കെ.വി. എന്ന വ്യക്തി കൊടുത്ത WP(c) നമ്പർ 18457/2015 എന്ന കേസ് നിലവിലുണ്ട്.

(ബി) 5 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്.

(സി) 28-10-2018-ന് അവസാനിക്കും.

(ഡി&ഇ) നിലവിൽ ഒഴിവുകളില്ല. റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് ഒഴിവ് വരുന്ന തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതാണ്.

**മൃഗഡോക്ടറുടെ നിയമനം**

117 (3386) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭയിലെ മൃഗാശുപത്രിയിൽ ഡോക്ടർ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ ഡോക്ടറെ നിയമിക്കുന്നതിനുവേണ്ടി നഗരസഭാ ചെയർമാനും നിയമസഭാ സാമാജികരും ചേർന്നുനൽകിയ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

കൊയിലാണ്ടി മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിക്കുന്നതിനുവേണ്ടി നഗരസഭാ ചെയർമാനും നിയമസഭാ സാമാജികരും ചേർന്ന് നൽകിയ നിവേദനം ലഭിച്ചിട്ടുണ്ട്. കൊയിലാണ്ടി നഗരസഭയിലെ മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറിൽനിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ചോമ്പാൽ മൃഗാശുപത്രിയിലെ സീനിയർ വെറ്ററിനറി സർജൻ, ഡോ. ആർ. ബാബുരത്നത്തിന് കൊയിലാണ്ടി മൃഗാശുപത്രിയിലെ സീനിയർ വെറ്ററിനറി സർജന്റെ അധിക ചുമതല നൽകിയിട്ടുണ്ട്.

**നായ പ്രജനന നിയന്ത്രണ പദ്ധതി**

118 (3387) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തെരുവ് നായ നിയന്ത്രണത്തിനുള്ള എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നതിന് ഫണ്ട് വകയിരുത്തുന്നതിനും ഇത് ജില്ലാ പഞ്ചായത്തിന് കൈമാറുന്നതിനും എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 17/09/2015-ലെ 2840/2015/എൽ.എസ്.ജി.ഡി. നമ്പർ സർക്കാർ ഉത്തരവിന്റെയും 27/08/2016-ലെ 45151/ആർ.സി.3/2014/എൽ.എസ്.ജി.ഡി. നമ്പർ സർക്കുലറിന്റെയും പകർപ്പ് *ഉള്ളടക്കം ചെയ്യുന്നു.

(സി) മൃഗസംരക്ഷണ വകുപ്പിന്റെ തെരഞ്ഞെടുത്ത മൃഗാശുപത്രികളിലെ സൗകര്യം ഉപയോഗപ്പെടുത്തി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**ക്ഷീരകർഷകർക്ക് ചികിത്സാ സഹായം**

119 (3388) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏതൊക്കെ രോഗങ്ങൾക്കാണ് ക്ഷീരകർഷകർക്ക് ചികിത്സാ സഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് ക്ഷീര സുരക്ഷാ പദ്ധതി പ്രകാരം താഴെപ്പറയുന്ന സഹായങ്ങൾ നൽകിവരുന്നു:

- അപകട മരണം
- സ്ഥായിയായ അംഗവൈകല്യം
- മാരകരോഗങ്ങൾ
- സാംക്രമിക രോഗങ്ങൾ
- ജന്തുജന്യ രോഗങ്ങൾ
- പേവിഷബാധ
- പാമ്പുകടി
- ക്ഷീരവൃത്തിയുമായി ബന്ധപ്പെട്ട് സംഭവിച്ചിട്ടുള്ള മാരകമായ പരിക്കുകൾക്ക്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഒല്ലൂർ നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

120 (3389) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയെന്നും ഇവയിൽ എത്ര തസ്തികകൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഒഴിഞ്ഞുകിടക്കുന്നവ എത്ര; ആയത് കാറ്റഗറി തിരിച്ച് വിശദീകരിക്കാമോ?

ഉത്തരം

(എ)

| സ്ഥാപനം | തസ്തികകൾ | എണ്ണം |
|---|---|---|
| (1) | (2) | (3) |
| വെറ്ററിനറി ഹോസ്പിറ്റൽ, പാണഞ്ചേരി | സീനിയർ വെറ്ററിനറി സർജൻ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റന്റന്റ്, പാർട്ട് ടൈം സ്വീപ്പർ | 1 വീതം |
| ഐ.സി.ഡി.പി. സബ്സെന്റർ, കണ്ണാറ | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | 1 |
| വെറ്ററിനറി ഹോസ്പിറ്റൽ, വാണിയമ്പാറ | സീനിയർ വെറ്ററിനറി സർജൻ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റന്റന്റ്, പാർട്ട്ടൈം സ്വീപ്പർ | 1 വീതം |
| എ.ഐ.സെന്റർ, വിലങ്ങന്നൂർ | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റന്റന്റ് | 1 വീതം |
| വെറ്ററിനറി ഹോസ്പിറ്റൽ, മാന്ദാമംഗലം | സീനിയർ വെറ്ററിനറി സർജൻ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റന്റന്റ്, പാർട്ട് ടൈം സ്വീപ്പർ | 1 വീതം |
| ഐ.സി.ഡി.പി. സബ്സെന്റർ, മരത്താക്കര | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | 1 |
| വെറ്ററിനറി ഡിസ്പെൻസറി, പൂത്തൂർ | വെറ്ററിനറി സർജൻ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റന്റന്റ്, പാർട്ട് ടൈം സ്വീപ്പർ | 1 വീതം |
| വെറ്ററിനറി ഹോസ്പിറ്റൽ, ഒല്ലൂർ | സീനിയർ വെറ്ററിനറി സർജൻ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റന്റന്റ്, പാർട്ട് ടൈം സ്വീപ്പർ | 1 വീതം |
| ഐ.സി.ഡി.പി. സബ്സെന്റർ, തൈക്കാട്ടുശ്ശേരി | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | 1 |

| (1) | (2) | (3) |
|---|---|---|
| വെറ്ററിനറി ഡിസ്പെൻസറി, മൂർക്കനിക്കര | വെറ്ററിനറി സർജൻ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റന്റന്റ്, പാർട്ട് ടൈം സ്വീപ്പർ | 1 വീതം |
| ഐ.സി.ഡി.പി. സബ്സെന്റർ, കുട്ടാല | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | 1 |
| വെറ്ററിനറി ഡിസ്പെൻസറി, ചിറയ്ക്കാക്കോട് | വെറ്ററിനറി സർജൻ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റന്റന്റ്, പാർട്ട് ടൈം സ്വീപ്പർ | 1 വീതം |
| ഐ.സി.ഡി.പി. സബ്സെന്റർ, മാടക്കത്തറ | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | 1 |
| വെറ്ററിനറി ഡിസ്പെൻസറി, കട്ടിലപൂവ്വം | വെറ്ററിനറി സർജൻ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റന്റന്റ്, പാർട്ട് ടൈം സ്വീപ്പർ | 1 വീതം |
| വെറ്ററിനറി ഡിസ്പെൻസറി, താണിക്കുടം | വെറ്ററിനറി സർജൻ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റന്റന്റ്, പാർട്ട് ടൈം സ്വീപ്പർ | 1 വീതം |
| വെറ്ററിനറി ഡിസ്പെൻസറി, കുർക്കഞ്ചേരി | വെറ്ററിനറി സർജൻ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റന്റന്റ്, പാർട്ട് ടൈം സ്വീപ്പർ | 1 വീതം |

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ തസ്തികകൾ ഒന്നും ഒഴിഞ്ഞു കിടക്കുന്നില്ല.

**കെപ്കോ വിൽപ്പന നടത്തുന്ന കോഴിയിറച്ചിയിലെ ജലാംശതോത്**

121 (T3390) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെപ്കോ നേരിട്ടും, ഔട്ട് ലെറ്റുകൾ വഴിയും വിൽക്കുന്ന കോഴി ഇറച്ചി മറ്റ് സ്വകാര്യ കച്ചവടക്കാർ വിൽപ്പന നടത്തുന്ന ബ്രോയിലർ കോഴി ഇറച്ചിയുമായി ഏതെല്ലാം തരത്തിലും വിധത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു എന്നത് വിശദമാക്കുമോ;

(ബി) കെപ്കോയിലൂടെ വിൽക്കുന്ന ഇറച്ചിയിൽ ജലാംശം വളരെയധികമാണെന്ന ഉപഭോക്താക്കളുടെ ആവലാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കെപ്കോയുടെ കണക്ക് പ്രകാരം എത്ര ശതമാനം ജലാംശം വരെ അനുവദനീയമാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ വിൽപ്പന നടത്തുന്ന, ഫ്രീസറിൽ വയ്ക്കാത്ത കോഴിയിറച്ചിയിലെ ജലാംശ തോത് പരിശോധിച്ച് ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ സത്വര നടപടി സ്വീകരിക്കുമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇന്റഗ്രേഷൻ ഫാമുകളിൽ, കെപ്കോയുടെ ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന കുഞ്ഞുങ്ങളെ, കെപ്കോയുടെ സ്വന്തം തീറ്റ നൽകി, ശാസ്ത്രീയമായി വളർത്തിയെടുക്കുന്നു. കോഴികൾക്ക് 45 ദിവസം പ്രായമാകുമ്പോൾ തിരുവനന്തപുരത്തെ പേട്ടയിലുള്ള പ്രോസിംഗ് പ്ലാന്റിൽ കൊണ്ടുവന്ന് സംസ്കരിച്ചാണ് കെപ്കോ കോഴിയിറച്ചി ഉൽപ്പാദിപ്പിക്കുന്നത്. വെറ്ററിനറി ഡോക്ടറും സൂപ്പർവൈസർമാരും നിരന്തരം കോഴികളുടെ ആരോഗ്യ സ്ഥിതി പരിശോധിച്ച് വിലയിരുത്തുന്നു. കെപ്കോ കോഴിയിറച്ചിയിൽ മനുഷ്യർക്ക് ഹാനീകരമാകുന്ന ഹോർമോണുകളോ രാസപദാർത്ഥങ്ങളോ ഉണ്ടാവുകയില്ല. ഭക്ഷ്യ സുരക്ഷാ നിയമങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പൂർണ്ണമായും യന്ത്രവൽക്കരിച്ചതും ശുചിത്വം ഉറപ്പുവരുത്തിയിട്ടുള്ളതുമായ പ്രൊസിംഗ് പ്ലാന്റിൽ ശാസ്ത്രീയമായീ സംസ്കരിക്കുന്നതിനാൽ മനുഷ്യർക്ക് ഭീഷണി ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങളൊന്നുംതന്നെ ഉണ്ടാകുന്നില്ല. കോഴിയെ സംസ്കരിക്കുന്നതിന് മുമ്പും സംസ്കരിച്ചതിനുശേഷവും വെറ്ററിനറി ഡോക്ടർമാർ പരിശോധിച്ച് ഇറച്ചിയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നു.

സ്വകാര്യ കച്ചവടക്കാർ അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന കോഴികളെയാണ് ഇറച്ചി ഉൽപ്പാദനത്തിന് കൂടുതൽ ഉപയോഗിക്കുന്നത്. അതിനാൽ സ്വകാര്യ കച്ചവടക്കാർ നൽകുന്ന കോഴിയിറച്ചിയുടെ ഗുണനിലവാരം സംബന്ധിച്ച് ഉറപ്പുപറയാൻ കഴിയുകയില്ല. എന്നാൽ കെപ്കോ കോഴി ഇറച്ചിയുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) കെപ്കോ കോഴിയിറച്ചിയിൽ ജലാംശം അധികമാണെന്നുള്ള തരത്തിലുള്ള ആവലാതികൾ കെപ്കോയ്ക്ക് ലഭിച്ചിട്ടില്ല. എങ്കിലും സംസ്കരിച്ചതിനുശേഷം ചില്ലിംഗ് തുടങ്ങിയ പ്രക്രിയകൾക്ക് വിധേയമാക്കുന്നതിന്റെ ഫലമായി 8% മുതൽ 12% വരെ ജലാംശം കോഴിയിറച്ചിയിൽ നിലനിൽക്കാൻ സാധ്യതയുണ്ടെന്നാണ് ശാസ്ത്രീയ പഠനം തെളിയിക്കുന്നത്.

(സി) കോഴിയിറച്ചിയിൽ നിലനിൽക്കാൻ സാധ്യതയുള്ള ജലാംശതോത് സംബന്ധിച്ച വിവരംകൂടി ലേബലിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പാലക്കാട് ജില്ലയിലെ തിരുവഴാംകുന്ന് വെറ്ററിനറി സർവ്വകലാശാല

122 (3391) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ തിരുവഴാംകുന്ന് വെറ്ററിനറി സർവ്വകലാശാലയിലേക്ക് പി.എസ്.സി. വഴിയാണോ നിയമനം നടത്തുന്നത്; വ്യക്തമാക്കാമോ;

(ബി) ഇവിടെ ദിവസവേതനാടിസ്ഥാനത്തിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വെറ്ററിനറി സർവ്വകലാശാലയിലെ പാലക്കാട് ജില്ലയിലെ തിരുവഴാംകുന്ന് കേന്ദ്രത്തിൽ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. വഴിയാണ് നടത്തുന്നത്. എന്നാൽ അദ്ധ്യാപക നിയമനങ്ങൾ യൂണിവേഴ്സിറ്റി നേരിട്ടാണ് നടത്തുന്നത്.

(ബി) അനദ്ധ്യാപക തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിലവിൽ 10 പേർ ജോലി ചെയ്യുന്നുണ്ട്. പ്രസ്തുത ഒഴിവുകളെല്ലാം പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്.

## ചാത്തമംഗലം റീജിയണൽ പൗൾട്രി ഫാം ട്രെയിനിംഗ് സെന്റർ കെട്ടിട നിർമ്മാണം

123 (T3392) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തമംഗലം റീജിയണൽ പൗൾട്രി ഫാം ട്രെയിനിംഗ് സെന്റർ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇത് എന്നത്തേക്ക് തുറന്നു കൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ചാത്തമംഗലം റീജിയണൽ പൗൾട്രി ഫാം ട്രെയിനിംഗ് സെന്റർ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ ജോലികൾ പൂർത്തിയാക്കിയ ശേഷം 31-12-2016-ന് മുമ്പായി തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## മൃഗസംരക്ഷണ വകുപ്പിലേയ്ക്ക് ആവശ്യമായ മരുന്നുകളും വാക്സിനും ഉപകരണങ്ങളും വാങ്ങുന്ന നടപടി

124 (3393) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറാഫീസിൽ മൃഗസംരക്ഷണ മേഖലയിലേയ്ക്ക് ആവശ്യമായ മരുന്ന്, വാക്സിൻ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നത് സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്ന സീറ്റിൽ ഏത് തസ്തികയിലുള്ള ജീവനക്കാരനാണ് ജോലി ചെയ്യുന്നത്; നിലവിൽ പ്രസ്തുത സീറ്റിൽ ജോലി ചെയ്യുന്ന ജീവനക്കാരൻ എന്നുമുതലാണ് ടി സീറ്റിൽ ജോലി ചെയ്യുന്നത്; മൂന്ന് വർഷത്തിലധികമായി ഒരേ ജീവനക്കാരനാണോ പ്രസ്തുത സീറ്റിൽ തുടരുന്നത്; മൂന്ന് വർഷത്തിലധികമായി ഈ സീറ്റിൽ തുടരുന്ന ജീവനക്കാരനെ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ;

(ബി) മരുന്നുകളും വാക്സിനും ഉപകരണങ്ങളും വാങ്ങുന്ന വിഷയം കൈകാര്യം ചെയ്യുന്ന സീറ്റിലെ ജീവനക്കാരൻ കഴിഞ്ഞ ആറ് വർഷത്തിനിടയിൽ വിദേശയാത്രകൾ നടത്തിയിട്ടുണ്ടോ; എത്ര പ്രാവശ്യം; ഏതൊക്കെ തീയതികളിൽ; ആയതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ടി സീറ്റിലെ പ്രവർത്തനം സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള പരാതികളോ ആരോപണങ്ങളോ ഉണ്ടായിട്ടുണ്ടോ; ആയത് സംബന്ധിച്ച് അന്വേഷണം നടത്തുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിശദമാക്കാമോ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(ഡി) നിലവിലുള്ള മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഇപ്പോഴോ ഇതിനുമുമ്പോ ഡയറക്ടർ സ്ഥാനം വഹിച്ചിരുന്നപ്പോൾ പ്രസ്തുത സീറ്റിൽ കൈകാര്യം ചെയ്തിരുന്ന വിഷയങ്ങളായ മെഡിസിൻ, വാക്സിൻ, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങലുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികളോ ആരോപണങ്ങളോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച് വിശദമായ വിശദീകരണം നൽകുമോ;

(ഇ) നിലവിലുള്ള ഡയറക്ടർ കഴിഞ്ഞ ആറ് വർഷത്തിനിടെ ഡയറക്ടർ തസ്തികയിലുണ്ടായിരുന്നപ്പോഴൊക്കെ ഏതൊക്കെ മരുന്ന് കമ്പനികളിൽ നിന്നുള്ള മരുന്നുകൾ വാങ്ങുന്നതിനാണ് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറാഫീസിൽ മരുന്ന്, വാക്സിൻ എന്നിവ വാങ്ങുന്ന വിഷയം ജി3 സീറ്റിലും ഉപകരണങ്ങൾ വാങ്ങുന്ന വിഷയം ജി1 സീറ്റിലുമാണ് കൈകാര്യം ചെയ്യുന്നത്. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, സൂപ്രണ്ട്, ഫീൽഡ് ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ (സി.എസ്.ഒ.) ഡെപ്യൂട്ടി ഡയറക്ടർ(വി) അഡീഷണൽ ഡയറക്ടർ (എ.എച്ച്.) ഡയറക്ടർ തുടങ്ങിയ ഉദ്യോഗസ്ഥരടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശയിൽ സെക്രട്ടറി ചെയർമാനായുള്ള ഡിപ്പാർട്ട്മെന്റ് പർച്ചേസ് കമ്മിറ്റിയാണ് മരുന്ന് വാങ്ങൽ സംബന്ധിച്ച് തീരുമാനം എടുക്കുന്നത്. ജി3 സീറ്റിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലുള്ള ജീവനക്കാരനും (8-12-10 മുതൽ) ജി1 സീറ്റിൽ ക്ലാർക്ക് തസ്തികയിലുള്ള ജീവനക്കാരനും (29-6-16 മുതൽ) ജോലി ചെയ്തുവരുന്നു. സ്ഥലംമാറ്റം സംബന്ധിച്ച് നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

(ബി) മരുന്നുകളും വാക്സിനും വാങ്ങുന്ന വിഷയം കൈകാര്യം ചെയ്യുന്ന സീറ്റിലെ ജീവനക്കാരൻ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറായ ശ്രീ. നവീൻ കുമാറിന് വിദേശ യാത്ര നടത്തുന്നതിനായി രണ്ട് തവണ ലീവ് അനുവദിച്ചിട്ടുണ്ട്.

1. വിദേശയാത്ര നടത്തുന്നതിനായി 21-4-2014 മുതൽ 7-5-2014 വരെ പരിവർത്തിത അവധി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 11-4-14-ലെയും 31-5-14-ലെയും കെ4/ 11697/2014/എസ്റ്റാ. ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

2. 19-10-2015 മുതൽ 31-10-2015 വരെ കമ്മ്യൂട്ടഡ് ലീവ് (18-10-15, 1-11-15 അവധി ദിനങ്ങൾ ഉൾപ്പെടെ) ടിയാന് വിദേശത്ത് പോകുവാനായി 16-10-15- ലെ കെ.4.27320/15/എസ്റ്റാ. ഉത്തരവ് പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അനുവദിച്ചിട്ടുണ്ട്.

ഉപകരണങ്ങൾ വാങ്ങുന്ന വിഷയം കൈകാര്യം ചെയ്യുന്ന സീറ്റിലെ ജീവനക്കാരനായ ശ്രീ. ഹരികുമാർ പി.ജെ. കഴിഞ്ഞ ആറ് വർഷത്തിനിടയിൽ വിദേശയാത്ര നടത്തിയിട്ടില്ല.

(സി) ജി3 സെക്ഷനിലെ ഉദ്യോഗസ്ഥനായ ശ്രീ. നവീൻ കുമാർ കൈക്കൂലി ആവശ്യപ്പെടുന്നതായും കൈക്കൂലി നൽകിയില്ലെങ്കിൽ ഫയലുകൾ വച്ച് താമസിപ്പിക്കുന്നതായും ആരോപിച്ച് പേര് വെളിപ്പെടുത്താത്ത മരുന്ന് കമ്പനിയുടെ

പ്രതിനിധി എന്ന് കാണിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് നൽകിയ പരാതിയിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (എൽ.പി.) അന്വേഷണം നടത്തുകയുണ്ടായി. മരുന്ന് കമ്പനികൾക്ക് പേമെന്റ് നൽകുന്നതിൽ താമസം വരുത്തിയിട്ടില്ലെന്ന് കണ്ടതിനാലും പേമെന്റ് നൽകുന്നത് കേന്ദ്രീകൃത സ്റ്റോക്കുകളുള്ള 3 ജില്ലാ മൃഗസംരക്ഷണ ഓഫീസുകൾ മുഖാന്തരമായതിനാൽ ഡയറക്ടറേറ്റിന് പ്രത്യേകിച്ച് റോൾ ഒന്നും ഇല്ലാത്തതിനാലും ആരോപണം അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തി തുടർനടപടികൾ അവസാനിപ്പിച്ചു.

ജി1 സീറ്റിനെ സംബന്ധിച്ച് യാതൊരു പരാതികളും ഇല്ല.

(ഡി) ഇല്ല.

(ഇ) മരുന്ന് കമ്പനികളുടെ പേരുകൾ ചുവടെ ചേർക്കുന്നു:

1. M/s Unicure India, Noida
2. M/s Southern Union Pharmaceuticals (Kerala) Pvt Ltd Thrissur
3. Teecee Pharma, Thiruvananthapuram
4. Esgee Pharmaceuticals & Chemicals Thiruvananthapuram
5. The Pharmaceuticals & Chemicals Travancore
6. Arjun Pharmaceuticals, Chennai
7. M/s Pfizer Ltd, Mumbai (Dewormer)

**കന്നുകുട്ടി പരിപാലനം**

125 (3394) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കന്നുകുട്ടി പരിപാലന പദ്ധതിയനുസരിച്ച് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദമാക്കുമോ?

ഉത്തരം

കാഫ് അഡോപ്ഷൻ പ്രോഗ്രാം, ഗോവർദ്ധിനി എന്നീ പദ്ധതികളാണ് കന്നുകുട്ടി പരിപാലന പരിപാടിയിൽ നടപ്പാക്കിയിട്ടുള്ളത്. ഒരു പശുക്കുട്ടിയെ 4-30 മാസം പ്രായം വരെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് ആവശ്യമായ ചെലവിന്റെ പകുതി, പരിധിക്ക് വിധേയമായി സർക്കാരിന്റെ വികസന ഫണ്ടിൽനിന്നും ധനസഹായമായി നൽകുന്ന പദ്ധതിയാണ് ഗോവർദ്ധിനി പദ്ധതി. സമാനമായ

ഒരു പദ്ധതിയാണ് കാഫ് അഡോപ്ഷൻ പ്രോഗ്രാം. ഈ പദ്ധതിയിൽ ധനസഹായത്തിന്റെ പകുതി സംസ്ഥാന സർക്കാരും ശേഷിക്കുന്ന പകുതി ഗ്രാമപഞ്ചായത്തുകളും നൽകുന്നു. ഗോവർദ്ധിനി പദ്ധതിയിലെ എൻറോൾമെന്റ് നടപ്പുസാമ്പത്തിക വർഷം പകുതിയോളം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിച്ചവ നടന്നുവരുന്നു. ഗ്രാമപഞ്ചായത്തുകളുടെ വിഹിതം ലഭിക്കുന്ന മുറയ്ക്ക് കാഫ് അഡോപ്ഷൻ പ്രോഗ്രാമിലെ എൻറോൾമെന്റ് നടത്തുന്നതാണ്. സംസ്ഥാന തലത്തിൽ ഒരു അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തതിൽ പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയുടെ ആസ്ഥാനം പ്രവർത്തിക്കുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കോഴിക്കോട് എന്നീ എട്ട് ജില്ലകളിൽ ഈ പദ്ധതി നടത്തിപ്പിനായി പ്രത്യേകം ജില്ലാതല ഓഫീസുകളും വെറ്ററിനറി സർജൻമാരും നിലവിലുണ്ട്. പത്തനംതിട്ട, ഇടുക്കി, മലപ്പുറം, എറണാകുളം, വയനാട്, കാസർഗോഡ് എന്നീ ആറ് ജില്ലകളിൽ പ്രാദേശിക സർക്കാർ മൃഗാശുപത്രിയിലെ വെറ്ററിനറി ഡോക്ടർമാരാണ് പദ്ധതി നടപ്പാക്കുന്നത്.

ഈ പദ്ധതിയനുസരിച്ച് നൽകുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു:

1. 4-30 മാസം പ്രായം വരെ ആവശ്യമായിവരുന്ന കന്നുകുട്ടി തീറ്റയുടെ പകുതിവില, പരിധിയ്ക്ക് വിധേയമായി ധനസഹായം നൽകുന്നു.
2. പശുക്കുട്ടിയെ 4-32 മാസം പ്രായം വരെ ഇൻഷ്വർ ചെയ്യുന്ന പ്രീമിയം തുകയുടെ പകുതി ധനസഹായം നൽകുന്നു.
3. കർഷകന് ശാസ്ത്രീയ പരിശീലനം നൽകുകയും 100 രൂപ പരിശീലന ബത്ത നൽകുകയും ചെയ്യുന്നു.
4. ആവശ്യമായ വെറ്ററിനറി സഹായം നൽകുന്നു.
5. പുൽകൃഷിക്ക് പ്രോത്സാഹനം നൽകുന്നു.

**മൃഗങ്ങളോടുള്ള ക്രൂരത**

126 (3395) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>

<u>ശ്രീ. എം. ഉമ്മർ</u>

<u>ഡോ. എം. കെ. മുനീർ</u>

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളെ വാഹനങ്ങളിൽ കയറ്റികൊണ്ട് പോകുന്നത് ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ചുകൊണ്ടല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നിയമത്തെക്കുറിച്ച് ആവശ്യമായ അവബോധമില്ലാത്തതാണ് ഇതിന് കാരണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ചെക്ക്പോസ്റ്റുകളോടനുബന്ധിച്ച് ബോധവൽക്കരണ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) മൃഗങ്ങളെ ദീർഘദൂരം നടത്തിക്കൊണ്ട് പോകരുതെന്ന നിയമവ്യവസ്ഥ പാലിക്കാതെയും വേണ്ടത്ര സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും ആന ഉൾപ്പെടെയുള്ള മൃഗങ്ങളെ വാഹനങ്ങളിൽ കയറ്റിക്കൊണ്ട് പോകുന്നത് നിരവധി അപകടങ്ങൾക്ക് ഇടയാക്കിയ സാഹചര്യം പരിശോധിച്ച് ഇതിനെതിരെ നിയന്ത്രണ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാംസാവശ്യത്തിനായി കേരളത്തിലേയ്ക്ക് ഉരുക്കളെ അയൽ സംസ്ഥാനങ്ങളിൽനിന്നാണ് പ്രധാനമായും കൊണ്ടുവരുന്നത്. ആയതിനാൽ കേരളത്തിലെ അതിർത്തി ചെക്ക്പോസ്റ്റുകളിൽ മൃഗങ്ങളുടെ ട്രാൻസ്പോർട്ടേഷനുമായി ബന്ധപ്പെട്ട ചട്ടങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പരിഗണിക്കുന്നതാണ്.

(സി) വനം വകുപ്പ്, ട്രാൻസ്പോർട്ട് വകുപ്പ്, പോലീസ് വകുപ്പ് എന്നിവയുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ചെക്ക് പോസ്റ്റുകളിലെ പരിശോധന കർശനമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

127 (3396) <u>ശ്രീ. കെ.വി. വിജയദാസ്:</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u>

<u>ശ്രീ. ഒ. ആർ. കേളു:</u>

<u>ശ്രീ. മുരളി പെരുനെല്ലി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവും ഉർജ്ജിതവുമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി എത്ര രൂപയാണ് നീക്കിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന എല്ലാ ക്ഷീരകർഷകർക്കും കാലിത്തീറ്റ സബ്സിഡി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) അർഹതയുള്ള മുഴുവൻ ക്ഷീരകർഷകർക്കും ക്ഷീരകർഷക ക്ഷേമനിധിയിൽനിന്നും പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ക്ഷീര സഹകരണ സംഘങ്ങൾ സഹകരണ നിയമവും ചട്ടവും അനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു. സംഘങ്ങളിൽ AMC (Automatic Milk Collection) യൂണിറ്റുകൾ സ്ഥാപിച്ച് പാൽ സംഭരണം, വിതരണം, പാലിന്റെ ഗുണമേന്മ എന്നിവയുടെ സുതാര്യത ഉറപ്പ് വരുത്തുന്നു. ക്ഷീര സംഘങ്ങളിൽ പരിശോധന കൃത്യമായി നടത്തുകയും സംഘം പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നു. നിർജ്ജീവമായ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണത്തിനും ഓട്ടോമേഷനുമുള്ള 19.50 കോടി രൂപയുടെ പദ്ധതി 2016-17 വർഷത്തിൽ നടപ്പിലാക്കുന്നതാണ്.

(ബി) 2016-17 വർഷത്തിൽ ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനിക വൽക്കരണത്തിനായി 19.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് ലിറ്ററിന് ഒരു രൂപ നിരക്കിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കർഷകർക്ക് ഇൻസെന്റീവ് നൽകുന്നു. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ അവരുടെ പ്രവർത്തന ലാഭത്തിൽ നിന്നും കാലിത്തീറ്റ സബ്സിഡി നൽകി വരുന്നുണ്ട്. 2015-16 കാലയളവിൽ ഫെഡറേഷനും മേഖലാ യൂണിയനുകളും ചേർന്ന് അവരുടെ പ്രവർത്തന ലാഭത്തിൽ നിന്ന് സംഘത്തിനും പാൽ അളക്കുന്ന ക്ഷീരകർഷകർക്കും 84 കോടിയോളം രൂപയുടെ ആനുകൂല്യങ്ങളും കാലിത്തീറ്റ സബ്സിഡിയും ഇൻസെന്റീവും നൽകിയിട്ടുണ്ട്.

(ഡി) ക്ഷീരകർഷക ക്ഷേമനിധിയിൽ അർഹതയുള്ള എല്ലാ ക്ഷീരകർഷകരെയും ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിനും പെൻഷന് അർഹരാകുന്ന മുറയ്ക്ക് പെൻഷൻ അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ക്ഷേമനിധിയിൽ അംഗത്വം, പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്ക് ഓൺലൈൻ അപേക്ഷ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം**

128 (3397) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. വി.ഡി.സതീശൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചതെന്ന് വിശദമാക്കാമോ;

(സി) ഓരോ പദ്ധതികളുടെയും അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ക്ഷീരസഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി 2016-17-ൽ 1950 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശുചിത്വമുള്ള പാൽ സംഭരണ മുറി, ഗോഡൗൺ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ നിർമ്മിക്കുന്നതിനും AMCU (Automatic Milk Collection Unit) സ്ഥാപിക്കുന്നതിനും ഇതര ആവശ്യങ്ങൾക്കുമായി ധനസഹായം നൽകുന്നു.

(ബി) ക്ഷീര സഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി 2016-17-ൽ 1950 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശുചിത്വമുള്ള പാൽ സംഭരണ മുറി, ഗോഡൗൺ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ നിർമ്മിക്കുന്നതിനും AMCU (Automatic Milk Collection Unit) സ്ഥാപിക്കുന്നതിനും ഇതര ആവശ്യങ്ങൾക്കുമായി ധനസഹായം നൽകുന്നു. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരോൽപ്പാദക സംഘങ്ങൾക്ക് കമ്പ്യൂട്ടർവൽക്കരണം, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, കെട്ടിട നിർമ്മാണം, ബി.എം.സി. (ബൾക്ക് മിൽക്ക് കൂളർ യൂണിറ്റ്) സ്ഥാപിക്കൽ, പ്രവർത്തന ഫണ്ടിനായി ധനസഹായം എന്നിവ നൽകിവരുന്നുണ്ട്.

(സി)1. പാൽ സംഭരണ മുറി/ഗോഡൗൺ - 450 ലക്ഷം

2. ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള ധനസഹായം -162 ലക്ഷം

3. പുതിയ ക്ഷീരസംഘം രൂപീകരണം/പ്രവർത്തനരഹിതമായവ പുനരുദ്ധരിക്കൽ -33.825 ലക്ഷം
4. ആവശ്യാധിഷ്ഠിത സഹായം -582 ലക്ഷം
5. AMC യൂണിറ്റ് -47.25 ലക്ഷം
6. ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ -341.25 ലക്ഷം
7. ട്രാൻസ്പോർട്ടേഷൻ ഓഫ് മിൽക്ക് -12.15 ലക്ഷം
8. ആട്ടോമേഷൻ-ജില്ലാതല കൺസോർഷ്യം രൂപീകരണം -28.00 ലക്ഷം
9. പരിശീലനം -3.00 ലക്ഷം
10. Milk processing/chilling/packing/cattle feed plant construction of cold stores -200.00 ലക്ഷം
11. സോഫ്റ്റ്‌വെയർ -10.00 ലക്ഷം
12. ഇൻഫർമേഷൻ കിയോസ്ക് -44.00 ലക്ഷം
13. വർഗ്ഗീസ് കുര്യൻ അവാർഡ് - 3.00 ലക്ഷം.

**ക്ഷീര കർഷക സംരക്ഷണം**

129 (3398) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീര കർഷകരെക്കൂടി ഉൾപ്പെടുത്തുന്നകാര്യം തദ്ദേശഭരണ വകുപ്പിലേക്ക് ശിപാർശ ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ക്ഷീര കർഷക സംരക്ഷണത്തിനായി കാലിത്തീറ്റയുടെ ലഭ്യതയും 50% സബ്സിഡിയും നൽകുന്നകാര്യം സർക്കാർ പരിഗണിക്കുമോ;

(സി) മൃഗങ്ങളിൽ സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്നത് തടയാൻ തക്കസമയത്ത് പ്രതിരോധ പ്രവർത്തനം നടത്തുന്നതിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂല നടപടി ഉണ്ടാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(ബി) കാലിത്തീറ്റയുടെ ലഭ്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായി ലിറ്ററിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകിവരുന്നുണ്ട്. കാലിത്തീറ്റ സബ്സിഡി ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) മൃഗങ്ങളെ ബാധിക്കുന്ന പ്രധാന സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുന്നതിന് അനിമൽ ഡിസീസ് കൺട്രോൾ പദ്ധതി (ADCP) പ്രകാരം ചിട്ടയായ വാക്സിനേഷൻ കാലാകാലങ്ങളിൽ നടത്തിവരുന്നുണ്ട്. കൂടാതെ രോഗബാധ തടയുന്നതിന് ആവശ്യമായ ശുചിത്വം പാലിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അണുനശീകരണത്തിന് ആവശ്യമായ ബോധവൽക്കരണവും മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങൾ മുഖേന കർഷകർക്ക് നൽകിവരുന്നു.

**ക്ഷീര സംഘങ്ങളുടെ ആധുനികവൽക്കരണം**

130 (3399) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) ക്ഷീര സംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽ കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിത സഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീരകർഷരെ ഈ മേഖലയിൽ നിലനിർത്തിക്കൊണ്ട് ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ക്ഷീരകർഷക ക്ഷേമനിധിയുടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവ നൽകിവരുന്നു.

പ്രാഥമിക ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണമേന്മ എല്ലാ ദിവസവും പരിശോധിച്ചതിനുശേഷം ഗുണമേന്മയുടെ അടിസ്ഥാനത്തിലാണ് പാൽവില നിശ്ചയിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നത്. ഇതിനായി മിൽക്ക് അനലൈസർ ഉൾപ്പെടെയുള്ള ആധുനിക പരിശോധനാ സൗകര്യങ്ങൾ ക്ഷീര സംഘങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഗുണ നിയന്ത്രണവിഭാഗം സംഘങ്ങളിൽ നേരിട്ട് പാൽ പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ മാർക്കറ്റ് സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്.

(ബി) ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി 2016-17-ൽ 1950 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശുചിത്വമുള്ള പാൽ സംഭരണ മുറി, ഗോഡൗൺ, ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ എന്നിവ നിർമ്മിക്കുന്നതിനും പാൽ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള AMC (Automatic Milk Collection)യൂണിറ്റ് സ്ഥാപിക്കുന്നതിനും ക്ഷീര സംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായത്തിനും ധനസഹായം നൽകുന്നു.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരോൽപ്പാദക സംഘങ്ങൾക്ക് കമ്പ്യൂട്ടർവൽക്കരണം, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, കെട്ടിട നിർമ്മാണം, ബി.എം.സി. (ബൾക്ക് മിൽക്ക് കൂളർ യൂണിറ്റ്) സ്ഥാപിക്കൽ പ്രവർത്തന ഫണ്ടിനായി ധനസഹായം എന്നിവ നൽകിവരുന്നുണ്ട്. ക്ഷീരസംഘങ്ങളെയും ഡെയറികളെയും ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്കിംഗ്, പാൽ സൊസൈറ്റികളിലെ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ എന്നീ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ**

131 (3400) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മുൻ സർക്കാർ ക്ഷീരവകുപ്പിൽ നടപ്പിലാക്കിയ പദ്ധതിക്രമവും പരിപാടികളും മുന്നോട്ട് കൊണ്ടുപോകുവാൻ നടപടി സ്വീകരിക്കുമോ;

(സി) ക്ഷീര കർഷകർക്ക് സർക്കാരിൽനിന്നും ലഭിക്കാനുള്ള തുക അടിയന്തരമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ക്ഷീര കർഷകർക്ക് നൽകുവാനുള്ള കാലിത്തീറ്റ സബ്സിഡി എന്നത്തേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കാലോചിതമായ ഭേദഗതികളോടെ കർഷകർക്ക് ഗുണപ്രദമായ പദ്ധതികളും പരിപാടികളുമാണ് ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കാലിത്തീറ്റ സബ്സിഡി നൽകുന്നതിനാവശ്യമായ ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**മിഷൻ മോഡ് അമ്പ്രെല്ലാ പ്രോഗ്രാം**

132 (3401) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണവും ക്ഷീരവികസനവും അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഒരു മിഷൻ മോഡ് അമ്പ്രെല്ലാ പ്രോഗ്രാം ആരംഭിക്കുമെന്ന ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ തുടർനടപടിയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ;

(ബി) ഇതുകൊണ്ട് പ്രസ്തുത മേഖലയിലുള്ളവർക്ക് കിട്ടുന്ന പ്രയോജനം എന്തെന്ന് വിവരിക്കുമോ?

ഉത്തരം

(എ&ബി) 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ മൃഗസംരക്ഷണവും ക്ഷീരവികസനവും അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഒരു മിഷൻ മോഡ് അമ്പ്രെല്ലാ പ്രോഗ്രാം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടില്ല.

**പാലിന്റെ ഗുണമേന്മ**

133 (3402) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമങ്ങൾ പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി എന്തെങ്കിലും പദ്ധതി സർക്കാർ ആലോചനയിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) ക്ഷീര സംഘങ്ങളിലൂടെ ശേഖരിക്കപ്പെടുന്ന പാലിന്റെ ഗുണമേന്മയെക്കുറിച്ച് പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് മറികടക്കാൻ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ക്ഷീര സംഘങ്ങളുടെ ആധുനികവൽക്കരണം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ക്ഷീര കർഷകർക്ക് പെൻഷൻ ലഭിക്കുന്നതിന് എന്തെങ്കിലും നടപടിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഗ്രാമീണ മേഖലയിൽ ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ക്ഷീരസംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി 2016-17-ൽ 1950 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശുചിത്വമുള്ള പാൽ സംഭരണ മുറി, ഗോഡൗൺ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ എന്നിവ നിർമ്മിക്കുന്നതിനും AMC (Automatic Milk Collection) യൂണിറ്റ് സ്ഥാപിക്കുന്നതിനും ക്ഷീര സംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത സഹായത്തിനും ധനസഹായം നൽകുന്നു. കൂടാതെ പുതുതായി രൂപീകരിക്കുന്ന സംഘത്തിനും പ്രവർത്തനരഹിതമായവ പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകുന്നുണ്ട്. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരോൽപ്പാദക സംഘങ്ങൾക്ക് കമ്പ്യൂട്ടർവൽക്കരണം, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, കെട്ടിട നിർമ്മാണം, ബി.എം.സി. (ബൾക്ക് മിൽക്ക് കൂളർ യൂണിറ്റ്) സ്ഥാപിക്കൽ, പ്രവർത്തന ഫണ്ടിനായി ധനസഹായം എന്നിവ നൽകിവരുന്നുണ്ട്. ക്ഷീര സംഘങ്ങളെയും ഡെയറികളെയും ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്കിംഗ്, പാൽ സൊസൈറ്റികളിലെ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ എന്നീ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) ക്ഷീര കർഷക ക്ഷേമനിധിയിൽ അംഗത്വമെടുത്തതിനുശേഷം 5 വർഷം 500 ലിറ്ററിൽ കൂടുതൽ പാൽ ക്ഷീര സംഘങ്ങളിൽ അളന്ന 60 വയസ്സ് പൂർത്തിയാക്കിയ ക്ഷീര കർഷകർക്ക് പെൻഷൻ നൽകിവരുന്നുണ്ട്. അർഹരായവർക്ക് ഓൺലൈനിലൂടെ അപേക്ഷ സമർപ്പിക്കുന്നതിനായുള്ള സംവിധാനം ഏർപ്പെടുത്തുകയും പെൻഷൻ യഥാസമയം നൽകുന്നതിനുള്ള ക്രമീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്.

**പാലിന്റെ ഉൽപ്പാദനവും വിതരണവും**

134 (3403) ഡോ. എം. കെ. മുനീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലിന്റെ ഉല്പാദനം, വിതരണം എന്നിവ തമ്മിലെ അന്തരം എത്രത്തോളമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഉല്പാദനത്തിലെ കുറവ് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) വിതരണ സംവിധാനം കാര്യക്ഷമമാക്കാനും ഗുണമേന്മ ഉറപ്പ് വരുത്താനും എന്തൊക്കെ പരിഷ്കാരങ്ങളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏകദേശം 10.3 ലക്ഷം ലിറ്റർ

(ബി) സംസ്ഥാനത്ത് ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീര കർഷക ക്ഷേമനിധിയുടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവ നൽകിവരുന്നു.

(സി) ക്ഷീര കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാൽ ഗുണമേന്മ ഉറപ്പുവരുത്തി ക്ഷീര സഹകരണ സംഘങ്ങളിൽ സംഭരിക്കുന്നു. പ്രാദേശിക വിൽപ്പനക്ക് ശേഷമുള്ള പാൽ പൂർണ്ണമായും മേഖലാ യൂണിയനുകളുടെ ഡെയറി കൾക്ക് നൽകുന്നു. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പാൽ പരിശോധിക്കുന്നതിന് നിലവിൽ സ്ഥിരം സംവിധാനങ്ങൾ ഇല്ല. എന്നാൽ ഓണക്കാലത്ത് ചെക്ക് പോസ്റ്റുകളിൽ താൽക്കാലിക സംവിധാനം ഏർപ്പെടുത്തി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. മാർക്കറ്റ് സാമ്പിളുകൾ ജില്ലാതലത്തിൽ

പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ വിഭാഗം പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്. ഉപഭോക്താക്കൾക്ക് അവരുടെ പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. മിൽമയുടെ പ്ലാന്റുകളിൽ താഴ്ന്ന ഊഷ്മാവിൽ സൂക്ഷിക്കേണ്ട ഉൽപ്പന്നങ്ങൾ വിതരണത്തിന് മുമ്പായി സൂക്ഷിക്കാനവശ്യമായ കോൾഡ് സ്റ്റോറുകളും ഡീപ്പ് ഫ്രീസറുകളും സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം ഉൽപ്പന്നങ്ങളുടെ പുതുമയും ഗുണമേന്മയും നഷ്ടപ്പെടാതെ വിപണിയിൽ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ എത്തിക്കുന്നതിനുള്ള സുസജ്ജവും വിപുലവുമായ വിതരണ ശൃംഖല മിൽമയ്ക്കുണ്ട്. ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം പാൽ എത്തിക്കുന്നതിന് രണ്ട് സമയങ്ങളിൽ മിൽക്ക് ഡെയറികളും വിതരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഗുണമേന്മയിലുണ്ടാകുന്ന കുറവ് ഇല്ലാതാക്കുന്ന ഇൻസുലേറ്റഡ് വാഹനങ്ങൾ ഉപയോഗിച്ച് വിതരണം നടത്തുന്നു. ഏജന്റുമാർക്ക് പഫ് ബോക്സ്, ഫ്രീസറുകൾ മുതലായവ നൽകി കോൾഡ് ചെയിൻ ഉറപ്പുവരുത്താൻ മേഖലാ യൂണിയനുകൾ ശ്രമം നടത്തിവരുന്നുണ്ട്. ഡെയറികളിൽ നിന്നും വളരെ അകലങ്ങളിൽ സ്ഥിതിചെയ്യുന്ന വിപണികളെ ഉദ്ദേശിച്ച് മാർക്കറ്റിംഗ് ഹബ്ബുകളും കോൾഡ് സ്റ്റോർ ഡിപ്പോകളും ആരംഭിച്ച് ഊഷ്മാവ് നഷ്ടപ്പെടാതെ പാൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**മുഴുവൻ ക്ഷീര കർഷകർക്കും ആനുകൂല്യം**

135 (3404) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'മിൽമ'യ്ക്ക് പാൽ നൽകുന്ന ക്ഷീരകർഷകരെയും, മറ്റുസ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ ലോക്കൽ വിൽപ്പന നടത്തുന്ന (ഉദാ: കോട്ടയ്ക്കൽ ആര്യവൈദ്യശാലയ്ക്ക് പാൽ നൽകുന്ന താനൂർ, താനാളൂർ, നിറമരുതൂർ, നന്നമ്പ്ര പഞ്ചായത്തുകളിലെ 4000-ത്തിലധികം ലിറ്റർ പാൽ നൽകുന്ന കർഷകർ) ക്ഷീരകർഷകരെയും രണ്ട് തട്ടിൽ കാണുന്നതുമൂലം ക്ഷേമ പെൻഷൻ, സബ്സിഡികൾ ഉൾപ്പെടെയുള്ള ആനുകൂല്യം നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തുകൊണ്ടാണ് മുഴുവൻ ക്ഷീര കർഷകർക്കും ആനുകൂല്യം ലഭ്യമാക്കാൻ കഴിയാത്തത്; വ്യക്തമാക്കാമോ;

(സി) മുഴുവൻ ക്ഷീര കർഷകർക്കും ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വസ്തുതകൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീര കർഷകർക്കാണ് ക്ഷീര കർഷക ക്ഷേമനിധിയിൽനിന്നും പെൻഷനും ഇതര ആനുകൂല്യങ്ങളും നൽകിവരുന്നത്. അതോടൊപ്പംതന്നെ വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്നവർക്ക് മുൻഗണന നൽകിവരുന്നു.

(ബി) ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്കാണ് നിലവിലെ വ്യവസ്ഥകൾ പ്രകാരം ക്ഷീര കർഷക ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കോഴിക്കോട് മിൽമ വിപുലീകരണം**

136 (3405) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മിൽമ വിപുലീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള 20218/D1/2014/AD നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നത് വിശദമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കൽ നടപടി വൈകുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) ജി.ഒ. (ആർ.ടി.) നമ്പർ 1997/14/AD തീയതി 06-11-2014 സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് മിൽമയുടെ പെരിങ്ങളത്തുള്ള മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് വിപുലീകരിക്കുന്നതിനും ഇതിനായി അഞ്ച് ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഗവൺമെന്റ് ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഭൂമി ഏറ്റെടുക്കുന്നത് അക്വിസിഷൻ നടപടിയായി കണക്കാക്കുന്നതിനാൽ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് ഇല്ലാതെ സ്ഥലം ഏറ്റെടുക്കൽ പ്രക്രിയ ആരംഭിക്കാനാവില്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് ലഭിക്കാത്തതാണ് സ്ഥലം ഏറ്റെടുക്കൽ നടപടി വൈകുന്നതിന് കാരണം.

(സി) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

137 (3406) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ ലക്ഷ്യം കൈവരിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷീര സഹകരണ സംഘങ്ങൾ സഹകരണ നിയമവും ചട്ടവും അനുസരിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു. സംഘങ്ങളിൽ AMC യൂണിറ്റുകൾ സ്ഥാപിച്ച് പാൽ സംഭരണം, വിതരണം, പാലിന്റെ ഗുണമേന്മ എന്നിവയുടെ സുതാര്യത ഉറപ്പുവരുത്തുന്നു.

ക്ഷീര സംഘങ്ങളിൽ പരിശോധന കൃത്യമായി നടത്തുകയും സംഘം പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നു. നിർജ്ജീവമായ സംഘങ്ങളെ പുനരുദ്ധരിക്കുകയും പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണത്തിനും ആട്ടോമേഷനുമുള്ള 19.50 കോടി രൂപയുടെ പദ്ധതി 2016-17 വർഷത്തിൽ നടപ്പിലാക്കുന്നതാണ്.

(ബി) പ്രാഥമിക ക്ഷീര സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണമേന്മ എല്ലാ ദിവസവും പരിശോധിച്ചതിനുശേഷം ഗുണമേന്മയുടെ അടിസ്ഥാനത്തിലാണ് പാൽവില നിശ്ചയിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നത്. ഇതിനായി മിൽക്ക് അനലൈസർ ഉൾപ്പെടെയുള്ള ആധുനിക പരിശോധനാ സൗകര്യങ്ങൾ ക്ഷീരസംഘങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ക്ഷീര സംഘം ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സെക്ഷൻ 80 പ്രകാരം സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ക്ഷീര സഹകരണ സംഘങ്ങളിലും ആട്ടോമേഷൻ നടപ്പിലാക്കുന്നതിന് നടപടി ആലോചിച്ചുവരുന്നു. പ്രാഥമിക സംഘം പ്രവർത്തനം F.S.S.A (Food Safety and Standard Act) നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടിയെടുക്കുന്നതാണ്.

## പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും ഗുണമേന്മ പരിശോധന

138 (3407) ശ്രീമതി ഇ. എസ്. ബിജിമോൾ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീമതി ഗീതാ ഗോപി:

ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി ഉരുക്കളെ കർഷകർക്ക് നല്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) പാലിന്റെയും പാൽ ഉല്പന്നങ്ങളുടെയും സംസ്ഥാനത്ത് വിറ്റഴിക്കുന്ന കാലിത്തീറ്റയുടേയും ഗുണമേന്മ പരിശോധിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് സംസ്ഥാനത്തുള്ളതെന്ന് അറിയിക്കുമോ;

(സി) ഓണക്കാലത്ത് ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 14 ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന വിപണിയിൽ ലഭ്യമായ വിവിധയിനം പാൽ സാമ്പിളുകൾ സ്ഥിരമായി പരിശോധിച്ചുവരുന്നു. പ്രാഥമിക സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകരുടെ പാലിന്റെ ഗുണമേന്മ സംഘങ്ങളിൽ എത്തി ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ പാലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ സംഘങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്നു. ഉപഭോക്തൃ മുഖാമുഖം പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് അവർ ഉപയോഗിക്കുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ലാബുകളിൽ സംവിധാനം നിലവിലുണ്ട്. പ്രാഥമിക ക്ഷീര സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണമേന്മ എല്ലാ ദിവസങ്ങളിലും പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇതര സംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്ന മുഴുവൻ പാലിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ ഓണക്കാലത്ത് മാത്രമായി താത്കാലികമായ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്ത് ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള കേരള ഫീഡ്സ് എന്ന സ്ഥാപനവും കൂടാതെ സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും കാലിത്തീറ്റ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. കാലിത്തീറ്റയുടെ ഗുണമേന്മ പരിശോധിക്കുന്നതിന് ക്ഷീര വികസന വകുപ്പിന്റെ കീഴിൽ NABL (National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റേഷനോടുകൂടിയ ലാബും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്.

(സി) ചെക്ക്പോസ്റ്റുകളിൽ പാൽ ഗുണമേന്മ പരിശോധിക്കാൻ സ്ഥിരമായി സംവിധാനമില്ല. ഓണക്കാലത്ത് മാത്രം കേരളത്തിലേയ്ക്ക് എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് പാറശ്ശാല, ആര്യങ്കാവ്, കുമിളി, വാളയാർ, മീനാക്ഷിപുരം എന്നീ 5 ചെക്ക്പോസ്റ്റുകളിൽ താത്ക്കാലിക സംവിധാനം ഏർപ്പെടുത്തിയിരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലറ്റിക്കൽ ലാബിൽ പരിശോധിച്ച് നിശ്ചിത ഗുണനിലവാരം ഇല്ലാത്തതോ, മായം ചേർത്തതായോ കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**ക്ഷീരോൽപ്പാദനം**

139 (3408) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രതിദിന ക്ഷീരോല്പാദനം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ക്ഷീര സംഘങ്ങൾ മുഖേന പ്രതിദിനം മിൽമയിലേക്ക് എത്ര ലിറ്റർ പാൽ എത്തുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിദിന പാൽ ഉപഭോഗം സംബന്ധിച്ച കണക്ക് ലഭ്യമാണോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആഭ്യന്തര ഉപയോഗത്തിനായി അന്യസംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ പാലാണ് സംസ്ഥാനത്ത് എത്തുന്നത് എന്നത് സംബന്ധിച്ച് കണക്ക് ലഭ്യമാണോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരോത്പാദനത്തിൽ സ്വയംപര്യപ്തത കൈവരിക്കുന്നതിനും കഴിഞ്ഞ 5 വർഷം പദ്ധതികൾ നടപ്പാക്കിയതുവഴി ആഭ്യന്തര ക്ഷീരോൽപ്പാദനത്തിൽ എത്രമാത്രം വളർച്ച ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) തൊഴിൽരഹിതരും ഈ മേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ളവരും സ്വന്തമായി നിശ്ചിത അളവിൽ ഭൂമി ഉള്ളവർക്കുമായി സംയോജിത കൃഷി (ഇന്റഗ്രേറ്റഡ് ഫാമിംഗ്) എന്ന ആശയം നടപ്പാക്കാനും അതുവഴി പുതിയ ഒരു തൊഴിൽ സംസ്കാരവും കാർഷിക സംസ്കാരവും നടപ്പിലാക്കാൻ സർക്കാർ എന്തൊക്കെ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രതിദിനം ഏകദേശം 77.2 ലക്ഷം ലിറ്റർ പാൽ. ക്ഷീര സഹകരണ സംഘം മുഖേന പ്രതിദിനം ശരാശരി 10.4 ലക്ഷം ലിറ്റർ പാൽ മിൽമയ്ക്ക് നൽകുന്നുണ്ട്.

(ബി) പ്രതിദിനം ഏകദേശം 87.5 ലക്ഷം ലിറ്റർ പാൽ.

(സി) മിൽമ അന്യസംസ്ഥാനങ്ങളിലെ സഹകരണ ഫെഡറേഷനുകൾ മുഖേന ഏകദേശം 2.5 മുതൽ 3 ലക്ഷം ലിറ്റർ പാൽ കൊണ്ടുവരുന്നു. സ്വകാര്യ ഡെയറികൾ അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന പാലിന്റെ കണക്ക് ലഭ്യമല്ല.

(ഡി) ക്ഷീര സംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

| Year | Lakh Metric Tonne per annum | Lakh Litre per Day |
|---|---|---|
| 2011-12 | 4.52 | 12.39 |
| 2012-13 | 4.89 | 13.39 |
| 2013-14 | 5.27 | 14.43 |
| 2014-15 | 5.57 | 15.26 |
| 2015-16 | 5.92 | 16.24 |

സംസ്ഥാനത്തിന്റെ പാൽ ഉൽപ്പാദനത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

<u>Milk procurement of the State</u>

| year | LMT Per Annum |
|---|---|
| 2011-12 | 27.16 |
| 2012-13 | 27.91 |
| 2013-14 | 26.55 |
| 2014-15 | 27.11 |
| 2015-16 | 26.49 |

(അവലംബം ഇക്കണോമിക് റിവ്യൂ, കേരള സർക്കാർ)

(ഇ) സംയോജിത കൃഷി വികസന പദ്ധതി എന്ന ആശയം നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**ക്ഷീരോൽപ്പാദനത്തിലെ വർദ്ധനവ്**

140 (3409) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോൽപ്പാദനത്തിൽ 2011 -ന് ശേഷമുള്ള അഞ്ച് വർഷക്കാലം എത്ര ശതമാനം വർദ്ധനവ് ഉണ്ടായെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തിന്റെ ആവശ്യത്തിലേക്കായി 2011-ൽ എത്ര ലിറ്റർ പാലാണ് അന്യസംസ്ഥാനത്ത് നിന്ന് വാങ്ങിയിരുന്നതെന്നും ഇപ്പോൾ എത്ര ലിറ്റർ പാലാണ് വാങ്ങുന്നതെന്നും വെളിപ്പെടുത്തുമോ;

(സി) കാലിത്തീറ്റയ്ക്ക് 2011 ലെ വിലയിൽ നിന്നും 2016- ൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ പാൽവില വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷീര സംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

| Year | Lakh Metric Tonne per annum | Lakh Litre per Day |
|---|---|---|
| 2011-12 | 4.52 | 12.39 |
| 2012-13 | 4.89 | 13.39 |
| 2013-14 | 5.27 | 14.43 |
| 2014-15 | 5.57 | 15.26 |
| 2015-16 | 5.92 | 16.24 |

സംസ്ഥാനത്തിന്റെ പാൽ ഉൽപ്പാദനത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

Milk procurement of the State

| year | LMT Per Annum |
|---|---|
| 2011-12 | 27.16 |
| 2012-13 | 27.91 |
| 2013-14 | 26.55 |
| 2014-15 | 27.11 |
| 2015-16 | 26.49 |

(അവലംബം ഇക്കണോമിക് റിവ്യൂ, കേരള സർക്കാർ)

(ബി) 2011-ൽ അന്യസംസ്ഥാനത്ത് നിന്ന് കൊണ്ടുവന്ന പാലിന്റെ കണക്ക് ലഭ്യമല്ല. ഇപ്പോൾ 2.75 മുതൽ 3 ലക്ഷം ലിറ്റർ പാൽവരെ പ്രതിദിനം മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നുണ്ട്.

(സി) കൃത്യമായ കണക്ക് ലഭ്യമല്ല.

(ഡി) ബാധകമല്ല.

**പാൽ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത**

141 (3410) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ കൊണ്ടുവന്ന് വിൽക്കുന്ന പാലും പാലുല്പന്നങ്ങളും ഏതൊക്കെ കമ്പനികളുടെതാണ് വിശദമാക്കുമോ; ഇതിൽ ഏതെല്ലാം കമ്പനികളുടെ പാലും പാലുൽപ്പന്നങ്ങളുമാണ് ഭക്ഷ്യയോഗ്യമല്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നല്കുമോ;

(ബി) മായം കലർന്ന പാലും പാലുല്പന്നങ്ങളും ചെക്ക്പോസ്റ്റ് കടത്തിക്കൊണ്ട് വന്നതിന്റെ പേരിൽ ഏതെല്ലാം ചെക്ക്പോസ്റ്റുകളിൽ നടപടി എടുത്തിട്ടുണ്ട്;

ഉത്തരം

(എ) പൂർണ്ണമായ വിവരം ലഭ്യമല്ല. ഭക്ഷ്യയോഗ്യമല്ലാത്ത പാൽ കണ്ടെത്തിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ടി.വി. ശിവഷാജന്റെ കുടുംബത്തിന് ഇൻഷ്വറൻസ് ആനുകൂല്യം**

142 (3411) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃത്യനിർവ്വഹണത്തിനായുള്ള യാത്രയ്ക്കിടെ വാഹനാപകടത്തിൽ 20-11-15 ൽ മരണമടഞ്ഞ, കേരള വാട്ടർ അതോറിറ്റി ചാലക്കുടി സെക്ഷൻ ഓഫീസിന് കീഴിൽ 'ഹെഡ് ഫിറ്റർ' തസ്തികയിൽ ചുമതല വഹിച്ചിരുന്ന ടി.വി ശിവഷാജന്റെ കുടുംബത്തിന് ലഭിക്കേണ്ട ഇൻഷ്വറൻസ് ആനുകൂല്യം നാളിതുവരെ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആനുകൂല്യം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) ശിവഷാജന്റെ ഭാര്യ ശ്രീമതി രേഖമോൾക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇവർക്ക് ആശ്രിത നിയമനം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രീമിയം തുക അടയ്ക്കുന്നതിന് വീഴ്ച സംഭവിച്ചതിനാൽ ക്ലെയിം പരിഗണിക്കാൻ സാധിക്കുകയില്ലായെന്ന് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ 26-5-2016-ലെ കത്ത് മുഖേന കേരള വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത തുക ലഭിക്കുന്നതിന് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കണമെന്ന് ഇൻഷ്വറൻസ് വകുപ്പിനോട് കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട എക്സിക്യൂട്ടീവ് എഞ്ചിനീയർ 23-5-2016-ലെ കത്തുപ്രകാരം അഭ്യർത്ഥിച്ചിരിക്കുകയാണ്.

(ഡി) ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷ കൊച്ചി മധ്യമേഖലാ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

## 'ഓവർസിയർ തസ്തികയിലെ ഒഴിവുകൾ'

143 (3412) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മൈനർ ഇറിഗേഷൻ സെക്ഷൻ -ഒന്നിൽ എത്ര ഓവർസിയർ തസ്തികകളാണ് നിലവിലുള്ളത്;

(ബി) ഇതിൽ ഇപ്പോൾ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്;

(സി) തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ പദ്ധതികൾക്ക് നേതൃത്വം നൽകുന്ന ഈ ഓഫീസിന്റെ പ്രവർത്തനങ്ങൾ ഓവർസിയർമാരുടെ അഭാവം നിമിത്തം പ്രതിസന്ധിയിലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് മൈനർ ഇറിഗേഷൻ സെക്ഷൻ ഒന്നിൽ '5' ഓവർസിയർ തസ്തികകൾ നിലവിലുണ്ട്.

(ബി) ഇതിൽ ഇപ്പോൾ രണ്ട് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മൂന്നാംതരം ഓവർസിയർ തസ്തികയിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഭാരതപ്പുഴയുടെ കുറുകെയുള്ള തടയണ നിർമ്മാണം

144 (3413) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റ് പ്രസംഗം ഖണ്ഡിക 110 പ്രകാരമുള്ള പ്രത്യേക നിക്ഷേപ പരിപാടി പ്രകാരം വകയിരുത്തിയ 735 കോടി രൂപയിൽ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്ക് എത്ര തുക നീക്കിവച്ചിട്ടുണ്ട്; ഇതിൽ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്ക് മുഖ്യമായും, മറ്റ് സമീപ പഞ്ചായത്തുകൾക്ക് കൂടിയുമുള്ള "കുടിവെള്ള സംഭരണത്തിനായുള്ള ഭാരതപ്പുഴയുടെ കുറുകെയുള്ള തടയണ" നിർമ്മാണത്തിനായി നീക്കിവച്ചിട്ടുള്ള തുക എത്ര; ഇതിന്മേൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ബി) തടയണ നിർമ്മാണം 2008-ൽ തുടങ്ങിയെങ്കിലും നിലവിൽ ആയത് ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) തടയണയുടെ തുടർനിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ഭരണാനുമതി നാളിതുവരെ ലഭ്യമായോ; ഇല്ലെങ്കിൽ 2008-ൽ തുടങ്ങിയ നിർമ്മാണം മുടങ്ങുകയും പുതിയ സർക്കാർ പണം അനുവദിച്ചിട്ടും ഭരണാനുമതി ലഭ്യമാക്കാത്ത ഉദ്യോഗസ്ഥ നടപടി പരിശോധിച്ച് ഉടൻതന്നെ ഭരണാനുമതി ലഭ്യമാക്കാനും പണി പൂർത്തീകരിക്കാനും എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ബജറ്റ് പ്രസംഗം ഖണ്ഡിക 110 പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ ഉൾപ്പെടെ 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കുമായി 735 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ചേലക്കര മണ്ഡലത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ ചെറുതുരുത്തി പാലത്തിന് താഴ്ഭാഗത്തായി തടയണ നിർമ്മാണത്തിനായി റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 5 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും 41.29% അധിക നിരക്കിൽ കരാർ ഉടമ്പടി ചെയ്ത് പ്രവൃത്തി തുടങ്ങുകയും ചെയ്തു. എന്നാൽ 10-1-2012-ൽ കരാറുകാരൻ മരണപ്പെടുകയും കരാറുകാരന്റെ നോമിനി പ്രവൃത്തി തുടരാൻ വിസമ്മതിക്കുകയും ചെയ്തതിനാൽ 2-4-2012-ൽ കരാർ റദ്ദ് ചെയ്തു. 2.80 കോടി രൂപ ഈ തടയണയ്ക്കുവേണ്ടി ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ നിരക്ക് മാറിയതിനനുസരിച്ച് 2012-ന് 12.2 കോടി രൂപയ്ക്കും 2014-ൽ 14.5 കോടി രൂപയ്ക്കും ബാക്കിയുള്ള പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും റിവർമാനേജ്മെന്റ് ഫണ്ടിൽ അംഗീകാരം ലഭിക്കാത്തതിനാൽ പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. സൈറ്റ് കണ്ടീഷനിൽ വ്യതിയാനം സംഭവിച്ചിട്ടുള്ളതിനാൽ നിലവിലുള്ള രൂപകൽപന ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കാൻ കഴിയുകയില്ല. ആയതിനാൽ ടി തടയണയുടെ നിർമ്മാണത്തിന് പുതുക്കിയ പദ്ധതി സമയബന്ധിതമായി തയ്യാറാക്കുവാനായി സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

**'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി**

145 (3414) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ഒരു പഞ്ചായത്തിൽ ഒരു കുളം' എന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകളിലെ ഏതെങ്കിലും കുളങ്ങൾ ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി) കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകളിലെ കുളങ്ങൾ ഒന്നും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സാദ്ധ്യമായ എല്ലാ കുളങ്ങളും മെച്ചപ്പെടുത്തി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**കബനി നദീജലം**

146 (3415) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കബനി നദീ ജല സംരക്ഷണത്തിനായി ബജറ്റിൽ പ്രഖ്യാപിച്ച തുക ഉപയോഗിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം;

(ബി) കബനി നദിയിൽ നിന്നും അനുവദിക്കപ്പെട്ട ജലം പോലും കേരളം ഉപയോഗിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കബനി നദിയിലെ ജലം പൂർണ്ണമായും ഉപയോഗിക്കാവുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സർക്കാർ ഇടപെടുമോ?

ഉത്തരം

(എ) കാവേരി നദിയിൽ നിന്നും കബനി സബ്ബേസിനിലേക്ക് അനുവദിക്കപ്പെട്ട ജലം ഉപയോഗിക്കുന്നതിനായി കാവേരി നദീതടത്തിലെ ചെറുകിട ജലസേചന പദ്ധതികൾക്കായി 2016-17 ബജറ്റിൽ 8200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 6000 ലക്ഷം രൂപ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ സൂക്ഷ്മ ജലസേചനത്തിനും (മൈക്രോ ഇറിഗേഷൻ) ജലസ്രോതസ്സുകളുടെ വികസനത്തിനുമായി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ബാക്കി തുക ചെറുകിട ജലസേചന പദ്ധതികൾക്കായി നീക്കി വച്ചിരിക്കുന്നു. ഇതുപ്രകാരം 24 ചെക്ക് ഡാമുകൾ, 1 റെഗുലേറ്റർ, 1 ലിഫ്റ്റ് ഇറിഗേഷൻ സ്കീം എന്നിവയുടെ നിർമ്മാണത്തിനുള്ള 3526 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നബാർഡിൽ ഉൾപ്പെടുത്തി 1500 ലക്ഷം രൂപയുള്ള ആർ.സി.ബി. പ്രൊപ്പോസലുകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. വയനാട് ജില്ലയിലെ കുളങ്ങളുടെ നവീകരണത്തിനുള്ള എസ്റ്റിമേറ്റുകൾ വകുപ്പുതലത്തിൽ തയ്യാറാക്കിവരുന്നു.

(ബി) കബനി നദിയിൽനിന്നും അനുവദിക്കപ്പെട്ട ജലം ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരികയാണ്.

(സി) കബനി ബേസിനിൽ 2.8 ടി.എം.സി. ജലം സംഭരിക്കുന്നതിനായി കാരാപ്പുഴ പദ്ധതിയിൽ ഡാം നിർമ്മിച്ചിട്ടുണ്ട്. നിലവിൽ 1.2 ടി.എം.സി. ജലം കാരാപ്പുഴ ഡാമിൽ സംഭരിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്ന നടപടികൾ നടന്നുവരുന്നു. കബനി ബേസിനിലെ ബാണാസുരസാഗർ വിവിധോദ്ദേശ പദ്ധതിയുടെ ഡാമിന്റെയും ടണലിന്റെയും പണികൾ

കെ.എസ്.ഇ.ബി.എൽ പൂർത്തീകരിക്കുകയും 5 ടി.എം.സി. ജലം ഉപയോഗിക്കുന്നുമുണ്ട്. ഈ പദ്ധതിയിൽനിന്നും ജലസേചനത്തിനായി കാവേരി അവാർഡ് പ്രകാരം അനുവദിച്ച 0.84 ടി.എം.സി. ജലം ഉപയോഗിക്കുവാനുള്ള ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഭാഗീകമായി പൂർത്തീകരിച്ചു.

കബനി നദിയുടെ പോഷകനദികളായ പനമരം, മാനന്തവാടി, നൂൽപ്പുഴ, ബാവേലി എന്നീ പുഴകളിൽ റഗുലേറ്റർ നിർമ്മിക്കുന്നതിനുവേണ്ടി ടോപ്പോ ഗ്രാഫിക്കൽ സർവ്വേ പൂർത്തീകരിച്ച് അവയുടെ സ്ഥാനനിർണ്ണയം നടത്തിവരുന്നു. കൂടാതെ കാവേരി ട്രൈബ്യൂണൽ അനുവദിച്ചിരിക്കുന്ന ജലം പൂർണ്ണമായും ഉപയോഗിക്കുന്നതിനുവേണ്ടി 9 പുതിയ പദ്ധതികളുടെ (കടമാൻതോട്, നൂൽപ്പുഴ, ചൂണ്ടാലിപ്പുഴ, തിരുനെല്ലി, ചേക്കാട്ട്, മഞ്ചാട്ട്, തോടാർ, പെരിങ്ങോട്ടുപുഴ, കല്ലംപതി) സാധ്യതാ പഠനം പൂർത്തീകരിച്ചു.

കാവേരി അവാർഡ് പ്രകാരം കബനി ബേസിനിൽ അനുവദിച്ച ജലം പൂർണ്ണമായി വിനിയോഗിക്കാൻവേണ്ടി, പ്രസ്തുത ബേസിനിലെ പോഷക നദികളിലെയും കൈവഴികളുടെയും ടോപ്പോഗ്രാഫിക്കൽ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

**കേരള വാട്ടർ അതോറിറ്റിയെ സംബന്ധിച്ച ഐ.ഐ.എം. റിപ്പോർട്ട്**

147 (3416) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാമ്പത്തികനില ഭദ്രമാക്കുന്നതിനുമായി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബംഗളൂരു തയ്യാറാക്കിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പഞ്ചായത്ത്/മുനിസിപ്പൽ തലത്തിൽ പൈപ്പ് ലൈൻ ചോർച്ചകൾ തടയുന്നതിനും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുമായി പഞ്ചായത്ത് തലത്തിൽ സബ്സെക്ഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സമാഗതമായ കുടിവെള്ള ക്ഷാമത്തെ നേരിടുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) പ്ലാന്റുകളുടെയും പമ്പുഹൗസുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സബ് ഡിവിഷൻ തലത്തിലെങ്കിലും മെക്കാനിക്കൽ സൂപ്രണ്ടുമാരെ നിലവിലുള്ള ഹെഡ് ഓപ്പറേറ്റർ (സൂപ്പർ വൈസറി)- മാരുടെ സേവനം ഉപയോഗപ്പെടുത്തിത്തന്നെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതിറിറ്റിയുടെ സ്ഥാപനശാക്തീകരണത്തിന്റെ ഭാഗമായി പ്രോസസ് റീ-എഞ്ചിനീയറിംഗ് സംബന്ധിച്ചും ഫിനാൻഷ്യൽ റീ-എഞ്ചിനീയറിംഗ് സംബന്ധിച്ചും റിപ്പോർട്ടുകൾ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂർ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇത് പൂർണ്ണമായും അംഗീകരിച്ച് നടപ്പിലാക്കിയിട്ടില്ലായെങ്കിലും കേരള വാട്ടർ അതോറിറ്റി പുനരുദ്ധാരണത്തിനായി താഴെപ്പറയുന്ന കാര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി 13 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ പദ്ധതികളും ഈ 13 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.

2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചു.

3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.

4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.

5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ്ഡിവിഷനുകളിലും ഹെൽപ്പ് ഡസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികളെടുത്തു.

6. അറ്റകുറ്റപ്പണികൾ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു.

8. ജല അതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്ക് നടപ്പിലാക്കി. കേന്ദ്രീകൃത ബില്ലിംഗും (അബാക്കസ്) ഇ-പേമെന്റ് സംവിധാനവും കംപ്ലെയിന്റ് റിഡ്രസൽ സിസ്റ്റവും ഇ-ടെണ്ടറിംഗും നടപ്പിലാക്കി.

(ബി) പൈപ്പ്ലൈനുകളിലെ ചോർച്ചകളും അറ്റകുറ്റപ്പണികളും

പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനത്തിനുപുറമേ പ്രധാന സ്കീമുകളിൽ ബ്ലൂ ബ്രിഗേഡ് യൂണിറ്റുകൾ വഴി അതോറിറ്റി നേരിട്ട് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സംവിധാനവും നടപ്പിലാക്കി വരുന്നു. ആയതിനാൽ പഞ്ചായത്ത് തലത്തിൽ സബ് സെക്ഷൻ രൂപീകരണം ഇപ്പോൾ പരിഗണനയിലില്ല.

(സി) കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജല ദൗർലഭ്യത്തിനുള്ള സാദ്ധ്യത പരിഗണിച്ച് വേണ്ട കരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. സാധാരണ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സ്വീകരിക്കാറുള്ള സംരക്ഷണ പ്രവർത്തനങ്ങൾ ഈ വർഷം മുൻകൂട്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുവാൻ ഉദ്ദേശിക്കുന്നു.
2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കംചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
6. ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾ വഴി ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.
7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തി പൂർണ്ണതോതിലുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
8. കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ

ഏർപ്പെടുത്തുന്നതിനും ആവശ്യമാകുന്ന പക്ഷം വാൽവുകൾ നിയന്ത്രിക്കുന്നതിനുമുള്ള നടപടി പരിശോധിച്ചുവരുന്നു. ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവർത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പമ്പ് ഹൗസുകളുടെയും ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഹെഡ് ഓപ്പറേറ്റർമാരുടെ സേവനം നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്.

**കേരള വാട്ടർ അതോറിറ്റിയിലെ എൽ.ഡി.സി. ഒഴിവുകൾ**

148 (3417) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്.സി. യുടെ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്ന് കേരള വാട്ടർ അതോറിറ്റിയിൽ നിയമനം നടത്തുന്നതിന് തടസ്സമുണ്ടോ;

(ബി) വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള എൽ.ഡി.സി. ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) വർഷങ്ങളായി നിയമനങ്ങളൊന്നും നടത്താത്തതിന് കാരണമെന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള വാട്ടർ അതോറിറ്റിയിലെ മിനിസ്റ്റീരിയൽ സ്പെഷ്യൽ റൂൾ വ്യവസ്ഥകളനുസരിച്ച് തടസ്സമുണ്ട്.

(ബി) ഉണ്ട്.

(സി) 1-3-2011-ലെ കേരള വാട്ടർ അതോറിറ്റി മിനിസ്റ്റീരിയൽ സ്പെഷ്യൽ റൂൾസ് പ്രകാരം പി.എസ്.സി. വഴി 8 എൽ.ഡി. ക്ലാർക്കുമാരുടെ ഇൻ-സർവ്വീസ് നിയമനങ്ങൾ നടത്തിയിട്ടുണ്ട്. സ്പെഷ്യൽ റൂൾസിലെ യോഗ്യത സംബന്ധിച്ച അപാകത പരിഹരിച്ച് ഭേദഗതി വരുത്തുന്ന നടപടി അന്തിമഘട്ടത്തിലാണ്.

**ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ജലവിഭവ വകുപ്പിന് കീഴിൽ**

**നടത്തുന്ന പ്രവൃത്തികൾ**

149 (3418) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച് ജലവിഭവ വകുപ്പിന് കീഴിൽ നടന്നുവരുന്ന പ്രവൃത്തികളിൽ ഇതുവരെ പൂർത്തിയായതും ഇനി പൂർത്തിയാകാനുള്ളതുമായ പ്രവൃത്തികളുടെ വിശദവിവരം നൽകുമോ;

(ബി) പൂർത്തിയാകാത്ത പ്രവൃത്തികൾ ഓരോന്നും പൂർത്തീകരിക്കാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ;

(സി) ഈ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 1. തൃക്കാക്കര നിയോജകമണ്ഡലത്തിൽ കടമക്കുടി പഞ്ചായത്തിൽ മൂലമ്പിള്ളിയിൽ 8-ാം വാർഡിന് കിഴക്ക് പെരിയാർ നദിയുടെ വലത് കര സംരക്ഷണം.

2. കൊച്ചി കോർപ്പറേഷനിൽ (0 മുതൽ 2000 മീറ്റർ വരെ) കരിതോടിന്റെ പുനരുദ്ധാരണം റീച്ച് ഒന്ന്.

3. കൊച്ചി കോർപ്പറേഷനിൽ (2000 മീറ്റർ മുതൽ 3600 മീറ്റർ വരെ) കരിതോടിന്റെ പുനരുദ്ധാരണം റീച്ച് രണ്ട്

ഇതിൽ ഒന്നാം നമ്പർ പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2,3 എന്നിവയിലെ പ്രവൃത്തികൾക്ക് 1-8-16-ലെ പുതുക്കിയ കോസ്റ്റ് ഇൻഡക്സ് പ്രകാരം പ്രൈസ് സോഫ്റ്റ്‌വെയർ (PRICE) വഴി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ**

150 (3419) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലത്ത് എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മൈനർ/മേജർ ഇറിഗേഷൻ വകുപ്പുകൾ എത്ര പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ നൽകാമോ;

(ബി)മൈനർ/മേജർ ഇറിഗേഷൻ വകുപ്പിന്റെ ഏതൊക്കെ പ്രവൃത്തികൾക്കാണ് എം.എൽ.എ. ആസ്തി വികസന ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ പൂർത്തിയായതും പൂർത്തിയാകാത്തതും ഇനിയും

ആരംഭിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണ് എന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ നൽകാമോ;

(ഡി) പണം അനുവദിച്ചിട്ടും പ്രവൃത്തികൾ തുടങ്ങാൻ ബാക്കിയുണ്ടെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് എം.എൽ.എ. ആസ്തി വികസനഫണ്ട് ഉപയോഗിച്ച് മൈനർ/മേജർ ഇറിഗേഷൻ വകുപ്പുകൾ പ്രവൃത്തികൾ ഒന്നുംതന്നെ നടത്തിയിട്ടില്ല.

(ബി) ജലസേചന വകുപ്പിൽ കാസർഗോഡ് എം.ഐ. ഡിവിഷന്റെ കീഴിൽ മൊഗ്രാൽ പുത്തൂർ പഞ്ചായത്തിൽ ഏരിയാൽ കോരുവയൽ തോടിന് ഏരിയാലിൽ കോൺക്രീറ്റ് സ്ലാബും പാർശ്വഭിത്തിയും നിർമ്മിച്ച് ഏരിയാൽ കോളനി നിവാസികൾക്ക് അപ്രോച്ച് റോഡ് നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി&ഡി) കാസർഗോഡ് എം.ഐ. ഡിവിഷന്റെ കീഴിലുള്ള അപ്രോച്ച് റോഡ് നിർമ്മാണം എന്ന പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ല. ഈ പ്രവൃത്തിക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് 2013-ൽ തയ്യാറാക്കിയിരുന്നുവെങ്കിലും പ്രദേശവാസികൾ പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ വില്ലേജാഫിസിൽ നിന്നും ടി സ്ഥലം സ്വകാര്യ വ്യക്തികളുടേതാണെന്ന് വ്യക്തമാക്കിയതുകൊണ്ട് ടി പ്രവൃത്തി ടെണ്ടർ ചെയ്യുവാൻ സാധിച്ചില്ല. എന്നാൽ കാസർഗോഡ് ഡെപ്യൂട്ടി ഡയറക്ടറുടെ 23-2-2016-ലെ സർവ്വേ പ്രകാരം പ്രസ്തുത തോട് പുറമ്പോക്കായി. വൈ 5-10364/2016 പ്രകാരം നിലനിർത്തി റെക്കോർഡ് തയ്യാറാക്കി വില്ലേജിന്റെ റീ-സർവ്വേ പൂർത്തിയാക്കിക്കൊണ്ടുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ പ്രസ്തുത സ്ഥലത്തിന്റെ മാപ്പിന്റെ ശരിപ്പകർപ്പ് വില്ലേജാഫീസിൽ നൽകി. അതുപ്രകാരം പ്രസ്തുത സൈറ്റിൽ തോട് അടയാളപ്പെടുത്താൻ ചീഫ് എഞ്ചിനീയർ വില്ലേജാഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വില്ലേജ് ആഫീസറിൽനിന്നും വിശദാംശം ലഭിച്ചാൽ മാത്രമേ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

## ഹില്ലി അക്വാ മിനറൽ വാട്ടർ

151 (3420) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഹില്ലി അക്വാ മിനറൽ വാട്ടർ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് എന്തൊക്കെ സൗകര്യങ്ങളാണ് നൽകിയിട്ടുള്ളത്;

(ബി) പൂർണ്ണമായും സർക്കാരിന്റെ കീഴിലാണോ ഇത് പ്രവർത്തിക്കുന്നത്; ഇല്ലെങ്കിൽ സർക്കാരിന് എത്ര ശതമാനം പങ്കാളിത്തം ഉണ്ട്; ഈ പദ്ധതിയുടെ മുതൽമുടക്ക് എത്ര രൂപയാണ്;

(സി) ഒരു ദിവസം പരമാവധി എത്ര ലിറ്റർ മിനറൽ വാട്ടർ ഉത്പാദനശേഷിയുണ്ട്; ഇപ്പോൾ പ്രതിദിനം ശരാശരി എത്ര ലിറ്റർ ഉൽപാദനമാണ് നടക്കുന്നത്; സംസ്ഥാനത്തെമ്പാടും ആവശ്യക്കാർ ഏറെയുണ്ടെങ്കിലും ഉത്പാദനം കുറയാനിടയായ സാഹചര്യം വിശദീകരിക്കാമോ;

(ഡി) ഉൽപ്പന്നം എപ്രകാരമാണ് വിതരണം നടത്തുന്നത്; ഡിസ്ട്രിബ്യൂട്ടർമാർ മുഖാന്തിരമാണെങ്കിൽ ഇവരുടെ പേരു വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഒരു ലിറ്റർ ബോട്ടിലിന്റെ പരമാവധി വിപണന വില എത്ര രൂപയാണ്; ഒരു ബോട്ടിലിന് എത്ര രൂപ നിരക്കിലാണ് ഡിസ്ട്രിബ്യൂട്ടർമാർക്ക് നൽകുന്നത്; വിശദാംശം നൽകാമോ;

(എഫ്) ഔട്ട്ലെറ്റ് മുഖാന്തരം പൊതുജനങ്ങൾക്ക് നേരിട്ട് വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;എങ്കിൽ എന്ത് നിരക്കിലാണ് ഒരു ബോട്ടിൽ നൽകുന്നത്; ഒരാൾക്ക് പരമാവധി എത്ര ബോട്ടിൽ നൽകുമെന്ന് വിശദമാക്കുമോ; പരമാവധി ഉൽപ്പാദനത്തിനനുസരിച്ച് ഡിസ്ട്രിബ്യൂട്ടർമാർ ഉൽപ്പന്നം വാങ്ങുന്നില്ലാ എങ്കിൽ കൂടുതൽ ഡിസ്ട്രിബ്യൂട്ടർമാരെ ഉൾപ്പെടുത്തി ഈ സംരംഭം വിജയിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ജി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ നിയമന രീതി സംബന്ധിച്ച വിശദാംശം നൽകാമോ; കരാർ അടിസ്ഥാനത്തിലാണ് നിയമനമെങ്കിൽ കരാർ എന്നുവരെയാണ് എന്നത് സംബന്ധിച്ച വിശദാംശം നൽകാമോ; ഹില്ലി അക്വാ സംരംഭം എപ്രകാരം പൂർണ്ണമായും വിജയകരമായി കൊണ്ടുപോകാം എന്നത് സംബന്ധിച്ച് പഠനം നടത്തുമോ?

### ഉത്തരം

(എ) കുപ്പിവെള്ളം ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് ബി.ഐ.എസ്. നിഷ്കർഷിച്ചിട്ടുള്ള സൗകര്യങ്ങൾ ഹില്ലി അക്വാ ഫാക്ടറിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ പദ്ധതി പൂർണ്ണമായും സർക്കാരിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഈ സംരംഭത്തിൽ സർക്കാരിന്റെ 100% പങ്കാളിത്തമുണ്ട്. ഈ പദ്ധതിക്കുവേണ്ടി നിലവിൽ ഒൻപതുകോടി എൺപത്തിയാറ് ലക്ഷം രൂപയാണ് മുതൽമുടക്കിയിരിക്കുന്നത്.

(സി) ഈ ഫാക്ടറിയിൽ ഒരു മണിക്കൂറിൽ ഒരു ലിറ്ററിന്റെ 7500 ബോട്ടിൽ ഉൽപ്പാദിപ്പിക്കാനുള്ള ശേഷിയുണ്ട്. ഇപ്പോൾ പ്രതിദിനം ശരാശരി 30000 ലിറ്റർ ഉൽപ്പാദിപ്പിച്ചുവരുന്നു. സംസ്ഥാനത്ത് നൂറിൽപ്പരം സ്വകാര്യ ഫാക്ടറികളിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന കുപ്പിവെള്ളം ഒരു കുപ്പിക്ക് 20 രൂപ എന്ന കണക്കിനാണ് ഡീലർമാർ വഴി വിൽപ്പന നടത്തിവരുന്നത്. എന്നാൽ ഹില്ലി അക്വാ ഒരു കുപ്പിക്ക് 15 രൂപ നിരക്കിലാണ് വിൽപ്പന നടത്തുന്നത്. സ്വകാര്യ കമ്പനികൾക്കും ഡീലർമാർക്കും അധിക കമ്മീഷൻ നൽകി വരുന്നതിനാൽ ഡീലർമാർ തുടക്കത്തിൽ ഹില്ലി അക്വാ എടുത്ത് വിപണനം ചെയ്യാൻ വിമുഖത കാണിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഹില്ലി അക്വായുടെ ഗുണമേന്മ മനസ്സിലാക്കി കൂടുതൽ ഉപഭോക്താക്കൾ ഹില്ലി അക്വാ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ഡീലർമാർ ഹില്ലി അക്വാ സ്റ്റോക്ക് ചെയ്യേണ്ട സ്ഥിതി വന്നിട്ടുണ്ട്. ആയതിനാൽ വരും നാളുകളിൽ വിപണന ആവശ്യം അനുസരിച്ച് ഫാക്ടറിയിൽനിന്നും കൂടുതൽ ഉൽപ്പാദിപ്പിച്ച് നൽകുവാൻ സാധിക്കുന്നതാണ്.

(ഡി) ഹില്ലി അക്വാ ഡിസ്ട്രിബ്യൂട്ടർമാർ മുഖാന്തരം ഡീലർമാരുടെ അടുത്ത് എത്തിച്ച് വിപണനം നടത്തിവരുന്നു. ഡിസ്ട്രിബ്യൂട്ടർമാരുടെ പേര് വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഇ) ഒരു ലിറ്റർ ഹില്ലി അക്വാ ബോട്ടിലിന്റെ പരമാവധി വില 15 രൂപയാണ്. നിലവിൽ ഇടുക്കി, കോട്ടയം, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നുള്ള ഡിസ്ട്രിബ്യൂട്ടർമാർ തൊടുപുഴ ഫാക്ടറിയിൽ നിന്നും നേരിട്ട് എടുക്കുമ്പോൾ ഒരു കുപ്പിക്ക് 6 രൂപ നിരക്കിലും മറ്റ് ജില്ലകളിലെ ഡിസ്ട്രിബ്യൂട്ടർമാർക്ക് അവരുടെ ഗോഡൗണിൽ എത്തിച്ച് കൊടുക്കുന്നതിനുള്ള വാഹനക്കൂലി ഉൾപ്പെടെ ഒരു കുപ്പിക്ക് 7 രൂപ നിരക്കിലും നൽകിവരുന്നു.

(എഫ്) ഫാക്ടറി ഔട്ട്‌ലെറ്റിൽനിന്ന് പൊതുജനങ്ങൾക്ക് നേരിട്ട് വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെനിന്നും ഒരു ലിറ്ററിന്റെ ബോട്ടിൽ 10 രൂപയ്ക്കാണ് നൽകിവരുന്നത്. നിലവിൽ ഒരാൾക്ക് പരമാവധി 20 ബോട്ടിൽ വരെ മാത്രമേ നൽകുകയുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പരമാവധി ഉൽപാദനത്തിനനുസരിച്ച് ഡിസ്ട്രിബ്യൂട്ടർമാർ ഉൽപ്പന്നം വാങ്ങുന്നില്ലായെങ്കിൽ കൂടുതൽ ഡിസ്ട്രിബ്യൂട്ടർമാരെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ജി) പ്രസ്തുത ഫാക്ടറി ജീവനക്കാരുടെ ഒഴിവുകൾക്കനുസരിച്ച് പത്രങ്ങളിൽ പരസ്യം നൽകി അഭിമുഖം നടത്തി, കരാർ അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കുന്നത്. സാധാരണ കരാർ വ്യവസ്ഥയിൽ നിയമിക്കുന്ന ജീവനക്കാരുടെ കരാർ കാലാവധി ഒരു വർഷമാണ്. എന്നാൽ മെഷീനുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഇവരുടെ പരിചയം പരിഗണിച്ച് കാലാവധി നീട്ടിക്കൊടുക്കാറുണ്ട്. നിലവിൽ ഹില്ലി അക്വാ സംരംഭം പൂർണ്ണമായും വിജയകരമായി മുന്നോട്ട് പോകുന്നുണ്ട്.

**ജലനിധി പദ്ധതി**

152 (3421) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;വിശദമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതെന്നത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

ലോകബാങ്ക് ധനസഹായത്തോടുകൂടി കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ, കുടിവെള്ളവും ശുചിത്വ സംവിധാനങ്ങളും നൽകുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പാക്കി വരുന്നു. 2018-ൽ പൂർത്തിയാകുന്ന ടി പദ്ധതിക്ക് 1358.536 കോടി രൂപ (റീസ്ട്രക്ച്ചർ ചെയ്ത പദ്ധതിക്ക്) ചെലവ് പ്രതീക്ഷിക്കുന്നു. മൂന്ന് ബാച്ചുകളിലായി തെരഞ്ഞെടുത്ത 115 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതിയുടെ പ്രവർത്തനം നടന്നുവരുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ 3 ബാച്ചുകളിലായി 13 പഞ്ചായത്തുകളിൽ ജലനിധി രണ്ടാംഘട്ട പദ്ധതികൾ നടപ്പാക്കി വരുന്നു. ഒന്നാം ബാച്ചിൽ ചെറുവണ്ണൂർ, താമരശ്ശേരി എന്നീ പഞ്ചായത്തുകളിലും രണ്ടാം ബാച്ചിൽ എടച്ചേരി, കട്ടിപ്പാറ, കീഴരിയൂർ, മണിയൂർ എന്നീ പഞ്ചായത്തുകളിലും മൂന്നാം ബാച്ചിൽ ആയഞ്ചേരി, ചക്കിട്ടപ്പാറ, ചോറോട്, കോട്ടൂർ, നടുവണ്ണൂർ, പുറമേരി, വില്യാപ്പള്ളി എന്നീ പഞ്ചായത്തുകളിലും ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പാക്കിവരുന്നു.

## ജലസേചനവകുപ്പ് കെ.എസ്.ഇ.ബി.എൽ.-ന് വിട്ടുകൊടുക്കുന്ന സ്ഥലം

153 (3422) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കത്ത് കെ.എസ്.ഇ.ബി.എൽ. 2013 മുതൽ പ്രവർത്തിക്കുന്ന സ്ഥലവും കെട്ടിടവും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽനിന്നും കെ.എസ്.ഇ.ബി.എൽ- ന് ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് തണ്ണീർമുക്കം വികസന സമിതി ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകിയിരിക്കുന്ന 25-8-2016-ലെ പെറ്റീഷനിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.എൽ. പ്രസ്തുത കെട്ടിടവും ഓഫീസും പുതുക്കി പണിയാൻ തയ്യാറായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥലം ജലസേചന വകുപ്പ് കെ.എസ്.ഇ.ബി.എൽ.-ന് വിട്ടുകൊടുക്കുന്നതിലേയ്ക്കായി ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ജലസേചന വകുപ്പിന്റെ പ്രസ്തുത പ്രദേശത്തെ ഭൂമിയിൽ നിന്നും മറ്റ് വകുപ്പുകൾക്ക് ഭൂമി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നും എത്ര സെന്റ് വീതം നൽകി എന്നും വ്യക്തമാക്കാമോ; ഇതേ വ്യവസ്ഥ കെ.എസ്.ഇ.ബി.എൽ.-നും പ്രാബല്യത്തിൽ വരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം വില്ലേജിൽ കെ.എസ്.ഇ.ബി. ഓഫീസ് പ്രവർത്തിക്കുന്ന ജലസേചന വകുപ്പിന്റെ ക്വാർട്ടേഴ്സും സ്ഥലവും വിട്ടുനൽകുന്ന വിഷയത്തിൽ സർക്കാരിൽ ലഭിച്ച അപേക്ഷയിൽ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് തേടിയിരിക്കുകയാണ്. തണ്ണീർമുക്കം വികസന സമിതി ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകിയിരിക്കുന്ന നിവേദനം 5-9-2016-ൽ കോട്ടയം കുട്ടനാട് ഡെവലപ്മെന്റ് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് റിപ്പോർട്ടിനായി അയച്ചിട്ടുണ്ട്.

(ബി) ചീഫ് എഞ്ചിനീയർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കുട്ടനാട് ഡെവലപ്മെന്റ് സർക്കിളിന്റെ കാര്യാലയം നിലവിൽ വരുന്നതിനുമുമ്പ് പ്രസ്തുത ഭൂമിയിൽനിന്നും 1.268 ഹെക്ടർ വസ്തു കെ.ടി.ഡി.സി.-ക്കും 22.1 ആർ വസ്തു ആരോഗ്യ വകുപ്പിനും കൈമാറ്റം ചെയ്തിട്ടുണ്ട്. ചീഫ്എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

### മൈനർ ഇറിഗേഷൻ പദ്ധതികൾ

154 (3423) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലത്ത് ചടയമംഗലം മണ്ഡലത്തിൽ അനുവദിച്ച് നടപ്പിലാക്കിയ മൈനർ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) കാർഷിക മേഖലയായ ചടയമംഗലത്തിന് ടി കാലയളവിൽ അർഹമായ പരിഗണന ലഭിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ പദ്ധതികൾ അനുവദിക്കുന്നതിൽ ആവശ്യമായ മുൻഗണന നൽകുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി *ചേർക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ കൃഷി വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തി

155 (3424) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ജല അതോറിറ്റിയുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) വൈപ്പിൻ നിയോജക മണ്ഡലത്തിലെ കടമക്കുടി പഞ്ചായത്തിലെ പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 12 കോടി രൂപ 2016-17-ലെ ബജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**എളവള്ളി പഞ്ചായത്തിലെ 'ജലനിധി' പദ്ധതി**

156 (3425) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ 'ജലനിധി' പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര ഗുണഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി നിർവ്വഹണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അടങ്കൽ തുക 11,30,00,000 രൂപയാണ്.

(ബി) 3007 കുടുംബങ്ങളിലായി 13304 ഗുണഭോക്താക്കളുണ്ട്.

(സി) പദ്ധതി പൂർത്തീകരിച്ചു. ട്രയൽ റൺ നടന്നുകൊണ്ടിരിക്കുന്നു.

(ഡി) 2016 നവംബറിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**നഗരൂർ, കരവാരം, പുളിമാത്ത് സമഗ്ര കുടിവെള്ള പദ്ധതി**

157 (3426) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ, കരവാരം, പുളിമാത്ത് ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതി നടപ്പിൽ വരുത്തുന്നതിന് എന്തെല്ലാം നടപടികൾ അവശേഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി തയ്യാറാക്കിയിരിക്കുന്നത് എത്ര ഘട്ടത്തിലായാണെന്നും ഓരോ ഘട്ടത്തിലും എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) പുളിമാത്ത്, നഗരൂർ, കരവാരം ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കുവേണ്ടി ഒന്നാംഘട്ട ഉൽപ്പാദന ഘടകങ്ങളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

കിണർ, ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ജലസംഭരണികൾ. ഈ എസ്റ്റിമേറ്റ് ഡി.എസ്.ആർ. 2014 അനുസരിച്ച് പുതുക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. കൂടാതെ വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്തുകൾ ജല അതോറിറ്റിക്ക് കൈമാറേണ്ടതുണ്ട്. രണ്ടാം ഘട്ടമായ മൂന്ന് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ജലവിതരണ ശൃംഖലയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന്, വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്തുകൾ കൈമാറേണ്ടതായിട്ടുണ്ട്.

(ബി) രണ്ട് ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഒന്നാം ഘട്ട ഉൽപ്പാദന ഘടകങ്ങളിൽ പുളിമാത്ത് പഞ്ചായത്തിൽ ഈട്ടിമൂട് എന്ന സ്ഥലത്ത് കിണറും പമ്പ് ഹൗസും കുറ്റിമൂട് എന്ന സ്ഥലത്ത് 19.10 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയും അതിനോടനുബന്ധിച്ച് കടൽകാണിപ്പാറ, വണ്ടിത്തടം, നെല്ലിക്കുന്ന്, പാറമുക്ക് എന്നീ സ്ഥലങ്ങളിൽ ഉപരിതല ജലസംഭരണികളും അതിലേക്കുള്ള പമ്പിംഗ് മെയിനും ട്രാൻസ്മിഷൻ മെയിനും ഉൾപ്പെടുന്നു. രണ്ടാം ഘട്ടത്തിൽ പുളിമാത്ത്, നഗരൂർ, കരവാരം എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ജലവിതരണ ശൃംഖലകളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

**ഔദ്യോഗിക വാഹനങ്ങളുടെ ഇന്ധന-ഇൻഷ്വറൻസ് കുടിശ്ശികകൾ**

158 (3427) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മൈനർ ഇറിഗേഷൻ ഡിവിഷനുകീഴിലുള്ള ഔദ്യോഗിക വാഹനങ്ങളിൽ ഇന്ധനം നിറച്ച വകയിലും ഇൻഷ്വറൻസ് അടച്ച വകയിലും നൽകുവാനുള്ള തുക കുടിശ്ശികയായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഇനത്തിൽ എത്ര തുകയാണ് നിലവിൽ കുടിശ്ശികയുള്ളത്;

(സി) പ്രസ്തുത തുക നൽകുന്നതിന് കാലതാമസം വന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് എന്നത്തേയ്ക്ക് കൊടുത്തുതീർക്കാൻ സാധിക്കും;

(ഡി) തുക ലഭ്യമാക്കാത്തതിനാൽ വാഹനങ്ങൾ ഉപയോഗപ്രദമാകാത്തതുമൂലം പ്രവൃത്തികൾ നടത്തുന്നതിൽ പ്രയാസങ്ങളുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 4/2014 മുതൽ 9/2016 വരെ കോഴിക്കോട് മൈനർ ഇറിഗേഷൻ ഡിവിഷന് കീഴിലുള്ള ഔദ്യോഗിക വാഹനങ്ങളിൽ ഇന്ധനം നിറച്ച വകയിൽ 1,46,000 രൂപയും ഇൻഷ്വറൻസ് അടച്ച വകയിൽ 37,726 രൂപയും കുടിശ്ശികയുണ്ട്.

(സി) ബജറ്റ് തുകയുടെ അപര്യാപ്തതയാണ് കാലതാമസം വന്നതിന്റെ കാരണം. ഇതിനായി അധിക തുക ലഭ്യമാക്കി മാത്രമേ കൊടുത്തു തീർക്കാൻ സാധിക്കുകയുള്ളൂ. ചീഫ് എഞ്ചിനീയറിൽനിന്ന് ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**കോണോത്ത് പുഴയിലെ മാലിന്യങ്ങൾ നീക്കംചെയ്യുന്നതിനും സംരക്ഷിക്കുന്നതിനും നടപടി**

159 (3428) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ കോണോത്ത് പുഴ അത്യന്തം മാലിന്യം നിറഞ്ഞ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പുഴയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും പുഴ മാലിന്യമുക്തമായി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പുഴ മാലിന്യമുക്തമായി സംരക്ഷിക്കുന്ന കാര്യം തൃപ്പൂണിത്തുറ നഗരസഭാ കൗൺസിലിന്റെ പരിഗണനയിലുണ്ട്. 2012-13 കാലഘട്ടത്തിൽ തടയണ കെട്ടി പായൽ നീക്കം ചെയ്തിരുന്നു. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും പുഴകളുടെ തീരം കെട്ടുന്നതിനുമായി ജലസേചന വകുപ്പ് പദ്ധതി തയ്യാറാക്കിവരുന്നു.

**പമ്പയുടെ തീരങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് പദ്ധതി**

160 (3429) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട നദികളിലൊന്നായ പമ്പയുടെ തീരങ്ങൾ ഇടിയുന്നത് കെട്ടി സംരക്ഷിക്കുന്നതിന് ഇക്കഴിഞ്ഞ 2 വർഷങ്ങളിലായി അനുവദിച്ച പദ്ധതികളും അവയുടെ തുകയും എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) മേജർ ഇറിഗേഷൻ വകുപ്പുമുഖേന കഴിഞ്ഞ 2 വർഷങ്ങളിലായി പത്തനംതിട്ട ജില്ലയിൽ നടപ്പാക്കിയ വിവിധ തോടുസംരക്ഷണ പദ്ധതികളും, അനുവദിച്ച തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) നടപ്പുവർഷം ഇത്തരം പദ്ധതികൾക്ക് അനുവദിക്കുന്നതിനായി എത്ര തുക വീതമാണ് മാറ്റിവച്ചിട്ടുള്ളത്; ഇവയ്ക്കുള്ള പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) മേജർ ഇറിഗേഷൻ വകുപ്പുമുഖേന തോട് സംരക്ഷണ പദ്ധതികളൊന്നും നടത്തിയിട്ടില്ല. മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന 2014-15 വർഷത്തിൽ 110 പദ്ധതികൾക്കായി 4.36 കോടി രൂപയും 2015-16 വർഷത്തിൽ 115 പദ്ധതികൾക്കായി 6.06 കോടി രൂപയുമുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) നടപ്പുവർഷം ഇത്തരം പദ്ധതികൾക്കായി സംസ്ഥാന വ്യാപകമായി 12.00 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പത്തനംതിട്ട ജില്ലയിൽ 2 പ്രവൃത്തികൾക്കായി 5.66 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ബാക്കി പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ അംഗീകാരം നൽകുവാൻ കഴിയുകയുള്ളൂ.

**വാട്ടർ അതോറിറ്റി ഓഫീസിന് സ്വന്തം കെട്ടിടം**

161 (3430) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂരിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വാട്ടർ അതോറിറ്റിയുടെ 3 ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോയെന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പയ്യന്നൂരിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വാട്ടർ അതോറിറ്റിയുടെ 3 ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഇതുവരെ നടപടികളൊന്നും എടുത്തിട്ടില്ല. സാദ്ധ്യതകൾ പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**വാട്ടർ അതോറിറ്റിയിലെ പെൻഷൻ പരിഷ്കരണം**

162 (3431) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ പെൻഷൻ പരിഷ്കരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സർവ്വീസ് പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണ ഉത്തരവ് നടപ്പിലാക്കിയ സാഹചര്യത്തിൽ, വാട്ടർ അതോറിറ്റിയിലെ പെൻഷൻ പരിഷ്കരണത്തിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പെൻഷൻ പരിഷ്കരണം സംബന്ധിച്ച ശിപാർശ പരിശോധിച്ചു വരുന്നു. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ ശിപാർശ എം.ഡി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്റർമാരുടെ ഒഴിവുകൾ**

163 (3432) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്റർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുവാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(സി) പമ്പ് ഓപ്പറേറ്റർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ പി.എസ്.സി. പ്രസ്തുത തസ്തികയിലേക്ക് ഇതിനകം എഴുത്തുപരീക്ഷ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം, പി. എസ്. സി പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികളുടെ സാധ്യത തടസ്സപ്പെടുത്തുമെന്നതിനാൽ പി.എസ്.സി.-യുടെ പമ്പ് ഓപ്പറേറ്റർ റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിക്കാൻ ആവശ്യപ്പെടുമോ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്റർമാരുടെ 555 ഒഴിവുകൾ നിലവിലുണ്ട്.

(ബി) ഇല്ല.

(സി&ഡി) പമ്പ് ഓപ്പറേറ്റർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. പ്രസ്തുത തസ്തികയിലേയ്ക്ക് ഇതിനകം എഴുത്തുപരീക്ഷ നടത്തി ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ രണ്ട് ഘട്ടങ്ങളിലായി 401, 154 എന്നിങ്ങനെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

**പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് മഴവെള്ള സംഭരണി**

164 (3433) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് മഴവെള്ള സംഭരണി നിർബന്ധമാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അധ്യായം XVI-A, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അധ്യായം XVI എന്നിവയിൽ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളംകൊണ്ടുള്ള ഭൂജലപോഷണ സംവിധാനം, മഴവെള്ള സംഭരണ സംവിധാനം എന്നിവ വിവിധ കെട്ടിട നിർമ്മാണങ്ങളിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പുൽ/ഓലകൊണ്ട് മേഞ്ഞ കൂരയുള്ള കെട്ടിടങ്ങളെയും 150 ചതുരശ്രമീറ്റർ വരെ ഫ്ലോർ ഏരിയയും 320 ചതുരശ്ര മീറ്റർ വരെ പ്ലോട്ട് ഏരിയയും വരുന്ന ഏക കുടുംബ വാസഗൃഹങ്ങളെയും ഇതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

**വരൾച്ച നേരിടുന്നതിനുള്ള മുൻകരുതലുകൾ**

165 (3434) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം രൂക്ഷമായ വരൾച്ചയിലേക്ക് നീങ്ങുന്നതായ റിപ്പോർട്ടുകൾ വന്ന സാഹചര്യത്തിൽ ഇത് നേരിടുന്നതിന് എന്തെല്ലാം മുൻകരുതലുകൾ കൈക്കൊള്ളുന്നുണ്ട്;

(ബി) പാലക്കാട് ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം ബൃഹത് പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

വിശദീകരിക്കാമോ;

(സി) പദ്ധതി ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാലവർഷത്തിൽ കുറവുണ്ടായ പശ്ചാത്തലത്തിൽ, വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാദ്ധ്യത പരിഗണിച്ച് വേണ്ട മുൻകരുതൽ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും ഇറിഗേഷൻ, വൈദ്യുതി എന്നീ വകുപ്പുകളുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കുന്നതിനും അടിക്കടിയുള്ള ചോർച്ചമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനും ജല ലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പുലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനും വാട്ടർ അതോറിറ്റിയുടെ കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾ വഴി ആവശ്യഘട്ടങ്ങളിൽ പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിനും പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പുസെറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും ആവശ്യമാകുന്നപക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടികൾ സ്വീകരിക്കുന്നതിനും ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിത ശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിനാവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനും ഉദ്ദേശിക്കുന്നു.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ഭൂജല വകുപ്പ് മുഖേന ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കുഴൽ കിണർ/ട്യൂബുകൾ നിർമ്മിച്ച് 50 മുതൽ 100 കുടുംബങ്ങൾക്ക് ഗുണപ്രദമാകുന്ന ജലവിതരണ പദ്ധതികളാണ് നടപ്പിലാക്കുന്നത്. തുറന്ന കിണറിന്റെ സാദ്ധ്യതകളില്ലാത്ത സ്ഥലങ്ങളിലും മലയോര പ്രദേശങ്ങളിലും ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതുമൂലം വേനൽക്കാലത്ത് ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്താൻ സാധിക്കും. പുതിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുപുറമേ കേടായി കിടക്കുന്ന ഹാന്റ് പമ്പുകൾ അറ്റകുറ്റപ്പണികൾ നടത്തി ഏകദേശം 10 കുടുംബങ്ങൾക്ക് ഗുണപ്രദമായ പദ്ധതിയും

നടപ്പിലാക്കുന്നുണ്ട്. 14 ജില്ലകളിലായി 60 ചെറുകിട കുടിവെള്ള പദ്ധതികളും 32 ഹാന്റ് പമ്പ് സ്കീമും 106 കുഴൽക്കിണർ/ട്യൂബുകൾ നിർമ്മാണത്തിനും 2066 ഹാന്റ് പമ്പ് റിപ്പയറിനുമുള്ള സാങ്കേതികാനുമതിയാണ് നൽകിയത്. ഇതിൽ 10 ചെറുകിട കുടിവെള്ള പദ്ധതികളും 44 കുഴൽ കിണറുകളും 377 ഹാന്റ് പമ്പ് റിപ്പയറും 8 ഹാന്റ്പമ്പ് സ്കീമും പൂർത്തീകരിച്ചു. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

ജനകീയ പങ്കാളിത്തത്തോടെ ജലനിധി പദ്ധതികൾ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല പരിപോഷണ പ്രവർത്തനങ്ങളും ചെയ്യുന്നുണ്ട്.

നദികളിലെയും തോടുകളിലെയും നീരൊഴുക്ക് നിലനിർത്തുക, കാലവർഷ സമയത്ത് ലഭിക്കുന്ന ജലം തടഞ്ഞുനിർത്തി ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ജലം ലഭ്യമാക്കുന്നതിനും ഭൂഗർഭജലശോഷണം തടഞ്ഞ് ഭൂഗർഭ ജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി./ആർ.സി.ബി.കൾ എന്നിവയുടെ നിർമ്മാണം, കുളങ്ങളുടെ നവീകരണം എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു.

നബാർഡ് പദ്ധതി, ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ പ്ലാൻ സ്കീം, സ്റ്റേറ്റ് ഫണ്ട്, കാസർഗോഡ് പാക്കേജ് തുടങ്ങിയ പദ്ധതികളിലായി ഏകദേശം 480 തടയണ/22 ആർ.സി.ബി.കൾ നിർമ്മിക്കുന്നതിനായി അനുമതി ലഭിച്ചു. ആകെ അനുമതി ലഭിച്ച 480 തടയണകളിൽ 315 എണ്ണവും 22 ആർ.സി.ബി.-കളിൽ 6 എണ്ണവും പൂർത്തിയാക്കി 7 തടയണ പ്രവൃത്തികൾ വിവിധ സാങ്കേതിക കാരണങ്ങളാൽ ഉപേക്ഷിച്ചു. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

നടപ്പുസാമ്പത്തിക വർഷത്തിൽ കാവേരി നദീജല ട്രൈബ്യൂണൽ വയനാട് ജില്ലയിലെ കബനി സബ് ബേസിനിലെ പദ്ധതികൾക്കായി അനുവദിച്ച ജലത്തിന്റെ വിഹിതം ഉപയോഗപ്പെടുത്തുന്നതിനായി നടപ്പുസാമ്പത്തിക വർഷം പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 35 കോടി രൂപ ചെലവിൽ 24 ചെക്ക്ഡാമുകൾ ഒരു റെഗുലേറ്റർ, ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

പാലക്കാട് ജില്ലയിലെ ഭവാനി സബ്ബേസിനിൽ അനുവദിച്ച ജലം ഉപയോഗപ്പെടുത്തുന്നതിനായി 5 കോടി രൂപ ചെലവിൽ 3 ലിഫ്റ്റ് ഇറിഗേഷൻ

പദ്ധതികൾ ഉൾപ്പെടെ 4 പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

മിർപ (Mirpa) ഉൾപ്പെടുത്തി വിവിധ ജില്ലകളിലായി 817 ലക്ഷം രൂപ ചെലവിൽ 49 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

തൃശ്ശൂർ ജില്ലയിലെ തലപ്പള്ളി താലൂക്കിന്റെ കാർഷിക പുരോഗതിക്കും കോൾ നിലങ്ങളുടെ അഭിവൃദ്ധിക്കും ഉദ്ദേശിച്ചുള്ള "തലപ്പള്ളി പാക്കേജ്"നായി നടപ്പുസാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 500 ലക്ഷം രൂപ ഉപയോഗപ്പെടുത്തി പദ്ധതി ആവിഷ്കരിച്ചുവരുന്നു.

കൂടാതെ നബാർഡ് ധനസഹായത്തോടെ ഏകദേശം 100 കോടി രൂപ ചെലവിൽ തടയണകളുടെയും റെഗുലേറ്ററുകളുടെയും പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കുളങ്ങളുടെ നവീകരണത്തിനായി ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 47 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും അതനുസരിച്ച് 354 കുളങ്ങൾ നവീകരിക്കുന്നതിനായി 72.758 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഇതിൽ 220 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്. കൂടാതെ ആർ.ആർ.ആർ. പദ്ധതിയിൽ ഉൾപ്പെടുത്തി 134 കുളങ്ങൾ നവീകരിക്കുന്നതിനായി 29 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 99 കുളങ്ങളുടെ നവീകരണം പൂർത്തീകരിച്ചിട്ടുണ്ട്.

കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായുള്ള ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി ഓരോ കുളത്തിന്റെയും ജലസേചന സംബന്ധമായ പ്രാധാന്യവും ആവശ്യകതയും കണക്കിലെടുത്ത് ആദ്യ ഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 10,000 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി&സി) പാലക്കാട് ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 2016-17-ലെ ബജറ്റിൽ സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് പ്ലാൻ വിഭാഗത്തിൽപ്പെടുത്തി 98.2 കോടി രൂപയുടെ പദ്ധതികൾ KIIFB മുഖേന ഏറ്റെടുക്കാൻ കേരള വാട്ടർ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. KIIFB-യിൽനിന്നും ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ ആരംഭിക്കുന്നതാണ്. കൂടാതെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നതിനായി 79.69 കോടി രൂപയുടെ 3 പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇവ കൂടാതെ പാലക്കാട് ജില്ലയിലെ കിൻഫ്ര വ്യവസായ പാർക്കിലേയ്ക്കും വടകര പദ്ധതിയും സമീപ പഞ്ചായത്തുകളിലേയ്ക്കും കുടിവെള്ളം എത്തിക്കുന്നതിനായി 40.98 കോടി രൂപയുടെ വിശദമായ സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ കിൻഫ്ര പാർക്കിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിന് 33.45 കോടി രൂപയുടെ പദ്ധതി

കിൻഫ്രയുടെ ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കിവരുന്നു. വടകര പദ്ധതിക്കും സമീപ പഞ്ചായത്തുകളിലേയ്ക്കും കുടിവെള്ളം എത്തിക്കുന്ന പദ്ധതിയുടെ ഡി.ഇ.ആർ. പ്രത്യേകമായി തയ്യാറാക്കിവരുന്നു.

പാലക്കാട് ജില്ലയിലെ കുടിവെള്ള ക്ഷാമപരിഹരിക്കുന്നതിന്റെ ഭാഗമായി ഭൂജല വകുപ്പ് 195 കൈപ്പമ്പ് റിപ്പയർ ചെയ്യുന്നതിനും ബോർവെൽ അധിഷ്ഠിതമായ 5 മിനി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും 4 ബോർവെൽ കുഴിക്കുന്നതിനും 47.73 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി രണ്ട് വലിയ പദ്ധതികളും മങ്കര പഞ്ചായത്തിൽ ജല അതോറിറ്റിയുമായി ചേർന്ന് ഒരു വലിയ പദ്ധതിയും ജലനിധി വഴി നടപ്പിലാക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ വിവിധ പദ്ധതികളിൽ ലഭിച്ച 32 ചെക്ക് ഡാമുകളിൽ 18 എണ്ണം പൂർത്തീകരിച്ചു. കൂടാതെ ഭവാനി നദീതടത്തിൽ 3 എൽ.ഐ. സ്കീമുകൾ നിർമ്മിക്കുന്നതിനായി അനുമതി ലഭിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 3 എൽ.ഐ. സ്കീമുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഭാരതപ്പുഴയിലെ കുട്ടക്കടവ്, ചെങ്ങണാംകുന്ന് എന്നീ റെഗുലേറ്ററുകളുടെ പ്രവൃത്തികൾ പുരോഗതിയിലാണ്.

### നാറാണത്ത് ചിറ നവീകരിക്കുന്നതിന് നടപടി

166 (3435) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരവാരം ഗ്രാമപഞ്ചായത്തിലെ നാറാണത്ത് ചിറ നവീകരിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത ഫയൽ ഇപ്പോൾ എവിടെയാണുള്ളതെന്നും ഫയൽ നമ്പർ ഉൾപ്പെടെ വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭ്യമായിട്ടും നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് ശിപാർശ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ ആഫീസിൽനിന്നും 6-10-2016-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. ഫയൽ നമ്പർ 911261/എം.ഐ. 3/ 2016/WRD.

### ഡാമുകളുടെ സുരക്ഷാ പരിശോധന

167 (3436) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ബാബു :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷാ പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ പ്രദേശങ്ങളിലായി ചെക്ക് ഡാമുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ചെക്ക് ഡാമുകളുടെ പണിയാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകളിലെ ജലത്തിന്റെ അളവും മറ്റും ഓൺലൈൻ ആയി അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷാ പരിശോധന ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ നേതൃത്വത്തിൽ എല്ലാ വർഷവും മഴക്കാലത്തിനുമുമ്പും മഴക്കാലത്തിനുശേഷവും നടത്തിവരുന്നു. കൂടാതെ ജലസേചന വകുപ്പിന് കീഴിൽ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ (DRIP) ഭാഗമായി രൂപീകരിച്ച് ഡാം സേഫ്റ്റി റിവ്യൂ പാനലും ഡാമുകളുടെ സുരക്ഷാ പരിശോധന നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി സുരക്ഷ ഉറപ്പാക്കാൻ ആവശ്യമായ പദ്ധതികൾ നടത്തിവരുന്നു.

സംസ്ഥാനത്തെ അണക്കെട്ടുകളുടെ സംരക്ഷണവും സുരക്ഷയും ഉറപ്പാക്കുന്നതിലേക്കായി കേരള ഡാം സുരക്ഷാ അതോറിറ്റി ( Kerala Dam Safety Authority) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനാതിർത്തിക്കുള്ളിൽ (മുല്ലപ്പെരിയാർ ഡാം ഒഴികെ) സ്ഥിതി ചെയ്യുന്ന അണക്കെട്ടുകളുടെ സുരക്ഷ വിലയിരുത്തുക, പരിശോധനകൾ നടത്തുക, സംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, അണക്കെട്ടുകളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും ആവശ്യമായ മുൻകരുതലുകൾ എടുക്കാൻ നിർദ്ദേശങ്ങൾ നൽകുക എന്നീ ചുമതലകൾ ഡാം സുരക്ഷാ അതോറിറ്റി നിർവ്വഹിച്ചുവരുന്നു.

(ബി) ഉണ്ട്, കഴിഞ്ഞ അഞ്ചുവർഷക്കാലമായി സംസ്ഥാനത്തെ തടയണകളുടെ നിർമ്മാണത്തിന് വിവിധ പദ്ധതികളിലായി (നബാർഡ് പദ്ധതി, ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, പ്ലാൻ സ്കീം, സ്റ്റേറ്റ് ഫണ്ട്, കാസർഗോഡ് പാക്കേജ്) ഏകദേശം 480 തടയണകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചതിൽ 315 എണ്ണം പൂർത്തിയായിട്ടുണ്ട്. 7 തടയണകളുടെ പ്രവൃത്തികൾ റദ്ദാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ പ്രവൃത്തികൾ പുരോഗതയിലാണ്.

(സി) ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. www.idrb.kerala.gov.in എന്ന IDRB-യുടെ വെബ്സൈറ്റിൽ വിവരങ്ങൾ ലഭ്യമാണ്.

## പ്ലംബിംഗ് ലൈസൻസ്

168 (3437) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിലെ ലൈസൻസ്ഡ് പ്ലംബർമാർക്ക്, ലൈസൻസ് ലഭിക്കുന്നതിന് എത്ര രൂപയാണ് ഫീസായി അടയ്ക്കേണ്ടത്; ഇവർക്ക് ലൈസൻസിന് എത്ര വർഷത്തെ കാലാവധിയാണ് നൽകിവരുന്നത്;

(ബി) സംസ്ഥാനത്ത് വാട്ടർ അതോറിറ്റിയിൽ ആകെ എത്ര ലൈസൻസ്ഡ് പ്ലംബർമാരാണ് നിലവിലുള്ളത്;

(സി) ലൈസൻസ്ഡ് പ്ലംബർമാർക്ക് തങ്ങളുടെ ലൈസൻസ് പുതുക്കുന്നതിന് എത്ര രൂപയാണ് ഇപ്പോൾ ഫീസായി നിശ്ചയിച്ചിട്ടുള്ളത്; ഇത് ഓരോ വർഷവും പുതുക്കി നൽകുകയാണോ ചെയ്തുവരാറുള്ളത്; വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ഇ.ബി.-യിലും മറ്റും വയർമാൻമാർക്ക് ലൈസൻസിന് 5 വർഷക്കാലാവധി നൽകുന്നതുപോലെ, പ്ലംബിംഗ് ലൈസൻസ് 5 വർഷത്തിലൊരിക്കൽ പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയിലെ പ്ലംബിംഗ് ലൈസൻസ് ലഭിക്കുന്നതിന് ഓരോ വർഷവും നിർദ്ദിഷ്ട പരീക്ഷ നടത്തുന്നുണ്ട്. അപേക്ഷാ ഫോറത്തിന് 10 രൂപയും പരീക്ഷാ ഫീസായി 100 രൂപയും അടച്ച് പരീക്ഷ പാസ്സായി കഴിഞ്ഞാൽ അതാത് ഡിവിഷൻ ഓഫീസിൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി 500 രൂപയും ലൈസൻസ് ബുക്കിന്റെ വിലയായി 100 രൂപയും ലൈസൻസ് ഫീസിനായി 150 രൂപയും ഈടാക്കുന്നു. പ്രസ്തുത ലൈസൻസിന് ഒരു വർഷത്തെ കാലാവധി മാത്രമേ നിലവിലുള്ള നിയമപ്രകാരം നൽകുന്നുള്ളൂ.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ 1889 ലൈസൻസ്ഡ് പ്ലംബർമാരുണ്ട്.

(സി) ലൈസൻസ്ഡ് പ്ലംബർമാർക്ക് തങ്ങളുടെ ലൈസൻസ് പുതുക്കുന്നതിന് 150 രൂപയാണ് ഫീസായി നിശ്ചയിച്ചിരിക്കുന്നത്. ഇത് ഓരോ വർഷവും പുതുക്കി നൽകുകയാണ് ചെയ്യുന്നത്.

(ഡി) പ്ലംബിംഗ് ലൈസൻസ് പുതുക്കുന്നതിനുള്ള കാലാവധി രണ്ട് വർഷമായി ദീർഘിപ്പിക്കുന്നതിലേക്കുവേണ്ടിയുള്ള ശിപാർശ പരിഗണനയിലാണ്.

**പാലക്കാട് ജില്ലയിലെ കുടിവെള്ളക്ഷാമം**

169 (3438) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം പദ്ധതികൾ സ്വീകരിയ്ക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ;

(സി) ജപ്പാൻ കുടിവെള്ള പദ്ധതി മാതൃകയിൽ ബൃഹത്തായ ഒരു പദ്ധതിയ്ക്ക് രൂപം നൽകുമോ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 2016-17 ബജറ്റിൽ സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് പ്ലാനിൽ (KIIFB) ഉൾപ്പെടുത്തി ആദ്യഘട്ടമായി 98.2 കോടി രൂപയുടെ പദ്ധതികൾ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ വിവരങ്ങൾ അനുബന്ധം 1 *ആയി ചേർക്കുന്നു. ഈ പദ്ധതികൾ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. കൂടാതെ 76.69 കോടി രൂപയുടെ മൂന്ന് പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇവയുടെ വിവരങ്ങൾ അനുബന്ധം 2*ആയി ചേർക്കുന്നു. ഇതുകൂടാതെ കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വേണ്ട കരുതൽ നടപടികൾ സ്വീകരിക്കുന്നതാണ്. സാധാരണ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സ്വീകരിക്കാറുള്ള താഴെപ്പറയുന്ന സംരക്ഷണ പ്രവർത്തനങ്ങൾ ഈ വർഷം മുൻകൂട്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുവാൻ ഉദ്ദേശിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. ജലസേചനാ വൈദ്യുത വകുപ്പുകളുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

3. അടിക്കടി ലീക്ക്മൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

6. ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകൾ വഴി ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പുസെറ്റുകൾ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

8. ആവശ്യമാകുന്നപക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കുട്ടനാട് പാക്കേജിന്റെ നിലവിലെ സ്ഥിതി**

170 (3439) ശ്രീ. എ. എം. ആരിഫ്:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011-ലെ എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ച കുട്ടനാട് പാക്കേജിന്റെ നിലവിലെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) ഈ പാക്കേജ് പ്രകാരം ജലവിഭവ വകുപ്പിന് കീഴിൽ അനുമതി ലഭിച്ച സ്കീമുകൾ ഏതൊക്കെയെന്നും അവയിൽ പൂർത്തിയാക്കിയവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാക്കേജ് പ്രകാരം ഇനി ഏതൊക്കെ സ്കീമുകൾ നടപ്പിലാക്കാൻ ബാക്കിയുണ്ടെന്നും ഇവയ്ക്കായി കേന്ദ്ര സഹായം ലഭ്യമാണോയെന്നും അറിയിക്കാമോ;

(ഡി) നിശ്ചിത കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാവാത്തതു കൊണ്ട് കേന്ദ്രസർക്കാർ ഈ പാക്കേജ് തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുട്ടനാട് പാക്കേജിന്റെ നിലവിലെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം 1-ൽ* ചേർത്തിരിക്കുന്നു.

(ബി) ജലവിഭവ വകുപ്പിന് കീഴിൽ അനുമതി ലഭിച്ചവയും പൂർത്തിയാക്കിയതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഈ പാക്കേജ് പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ച 4 സ്കീമുകളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

കെ.ഇ.എൽ. 1 - ഏറ്റെടുത്ത 14 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കെ.ഇ.എൽ.2 - ഏറ്റെടുത്ത 3 പ്രവൃത്തികൾ പൂർത്തീകരിച്ചു.

കെ.ഇ.എൽ.3 - 57 പ്രവൃത്തികൾ ഏറ്റെടുത്തതിൽ 38 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.

കെ.ഇ.എൽ.4-(ഓണാട്ടുകര) 5 നീർത്തടങ്ങളിലായി ഏറ്റെടുത്ത 21 പ്രവൃത്തികളിൽ 7 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവ പുരോഗതിയിലാണ്.

(സി) കുട്ടനാട് പാക്കേജ് പ്രകാരം നടപ്പിലാക്കേണ്ട സ്കീമുകളുടെ വിശദാംശങ്ങൾ അനുബന്ധം 2-ൽ* ചേർത്തിരിക്കുന്നു.

(ഡി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്ന് അറിയിപ്പുകളൊന്നും ജലവിഭവ വകുപ്പിന് ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം

171 (3440) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനായി ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം എത്തിച്ചേരുന്നിടത്തുതന്നെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു.

ബോർഡിന്റെ അനുമതി പരിധിയിൽ വ്യവസായ സ്ഥാപനങ്ങളെയും ആശുപത്രികളെയും ഉത്തുംഗ കെട്ടിടങ്ങളെയും കൊണ്ടുവരികയും അവിടങ്ങളിൽ നിന്നുള്ള പാഴ്ജലം ശുദ്ധീകരിച്ച് മാലിന്യ ഘടകങ്ങൾ അനുവദനീയ പരിധിയിൽ എത്തിച്ചശേഷം പരമാവധി പുനരുപയോഗം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുകയും ബാക്കിയുള്ള പാഴ്ജലം നിർമ്മാർജ്ജനം ചെയ്യുന്നതിന് നിഷ്കർഷിക്കുകയും ചെയ്തുവരുന്നു. ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജും ഗാർബേജും എഞ്ചിനിൽ നിന്നുള്ള എണ്ണയും മലിനീകരണം ഉണ്ടാക്കുന്നത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുള്ള സ്ഥാപനങ്ങൾ ഇടയ്ക്കിടെ പരിശോധിക്കുകയും പാഴ്ജല സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറിയിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ പുഴകളുടെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽനിന്നും ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തിവരുന്നു. കൂടാതെ കുളങ്ങളുടെ പുനരുദ്ധാരണം, അധികമായി അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ, തടാക സംരക്ഷണ പ്രവൃത്തികൾ, നദികളിലെ നീരൊഴുക്ക് നിലനിർത്തി, ഗ്രാമീണ കുടിവെള്ള സ്രോതസ്സുകൾ സ്ഥായിയാക്കുന്നതിനായി തടയണകളുടെ നിർമ്മാണം, ഉപ്പുവെള്ളക്കയറ്റം തടയുന്നതിനായി ചെക്ക് ഡാം,

റെഗുലേറ്ററുകളുടെ നിർമ്മാണം, ആവശ്യമുള്ള ഇടങ്ങളിൽ നദീതീര സംരക്ഷണം, കമ്പിവേലി നിർമ്മാണം, ബോർഡുകൾ സ്ഥാപിക്കുക, വലകൾ സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്നു.

(ബി) താൽക്കാലിക ബണ്ടുകൾ നിർമ്മിക്കുക, പായലുകളും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുക, സ്രോതസ്സുകൾ മലിനമാക്കാതിരിക്കാൻ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുക, എന്നിവയും ചെയ്യുന്നുണ്ട്. സ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ചിറ കുളത്തിന്റെയും പാറശ്ശാല പഞ്ചായത്തിലെ വണ്ടിച്ചിറ കുളത്തിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു.

## ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പ്രദേശങ്ങളിലെ കടലാക്രമണ ഭീഷണി

172 (3441) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പ്രദേശങ്ങൾ രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ കടൽഭിത്തി/പുലിമുട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ;നിലവിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്;

(സി) നിലവിലുള്ള കടൽഭിത്തി/പുലിമുട്ട് ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരിച്ച് ബലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കടലാക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ഐ.ഐ.റ്റി., ചെന്നൈയുടെ പഠന റിപ്പോർട്ട് പ്രകാരം ആറാട്ടുപുഴയിൽ 20.36 കോടി രൂപ അടങ്കൽ തുകയിൽ 23 പുലിമുട്ടുകൾക്കും വട്ടച്ചാലിൽ 15.78 കോടി രൂപ അടങ്കലിൽ 16 പുലിമുട്ടുകൾക്കും വലിയഴീക്കലിൽ 2.96 കോടി രൂപ അടങ്കൽ തുകയിൽ 4 പുലിമുട്ടുകൾക്കും തൃക്കുന്നപ്പുഴയിൽ 15.23 കോടി രൂപ അടങ്കൽ തുകയിൽ 13 പുലിമുട്ടുകൾക്കും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ നിർദ്ദേശം പരിഗണനയിലുണ്ട്.

## റെഗുലേറ്റർ-കം-ബ്രിഡ്ജ് തടയണകൾ

173 (3442) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലം ജലസേചന വകുപ്പിൽ എത്ര റഗുലേറ്റർ-കം-ബ്രിഡ്ജ് തയടണകൾ നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ ഓരോ വർഷവും എത്ര തുകയ്ക്കുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇവയിൽ എത്രയെണ്ണം പൂർത്തിയായി എന്നും, ഇനി എത്രയെണ്ണം പൂർത്തിയാകാനുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ ജലസേചന വകുപ്പിൽ 480 ചെക്ക് ഡാം, 22 റെഗുലേറ്റർ-കം-ബ്രിഡ്ജ് എന്നിവ നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഓരോ വർഷവും ഭരണാനുമതി നൽകിയ തുക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2011-12 | - | 20467.95 ലക്ഷം രൂപ |
| 2012-13 | - | 8113.09 ലക്ഷം രൂപ |
| 2013-14 | - | 17609.7 ലക്ഷം രൂപ |
| 2014-15 | - | 32317.22 ലക്ഷം രൂപ |
| 2015-16 | - | 5747.40 ലക്ഷം രൂപ |

(സി) ഇവയിൽ 315 ചെക്ക് ഡാമുകൾ, 6 റെഗുലേറ്റർ കം ബ്രിഡ്ജുകൾ എന്നിവ പൂർത്തിയായി. 158 ചെക്ക് ഡാമുകൾ, 16 റെഗുലേറ്റർ കം ബ്രിഡ്ജുകൾ എന്നിവയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. 7 പ്രവൃത്തികൾ സാങ്കേതിക കാരണങ്ങളാൽ ഉപേക്ഷിച്ചു.

## കോട്ടക്കൽ നഗരസഭയിൽ പൊതുവായ കുളം

174 (3443) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരസഭയിൽ ഒരു പൊതുവായ കുളം നിർമ്മിക്കണമെന്ന ആവശ്യം നഗരസഭ സർക്കാരിന്റെ മുൻപിൽ വച്ചിട്ടുണ്ടോ;

(ബി) ഈ ആവശ്യത്തിനുവേണ്ട ഭൂമി ലഭ്യമാക്കുമെന്ന് നഗരസഭ പറഞ്ഞിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സർക്കാരിൽനിന്ന് നൽകിയ ഉത്തരവുകളുടെ കോപ്പിയും നിർദ്ദേശങ്ങളും ലഭ്യമാക്കുമോ;

(ഡി) പൊതുവായ കുളം എന്ന ആശയത്തിന് സർക്കാരിൽനിന്ന് സഹായവും മറ്റും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) കോട്ടക്കൽ നഗരസഭയിൽ ഒരു പൊതുവായ കുളം നിർമ്മിക്കണമെന്ന ആവശ്യം ജലസേചന വകുപ്പിൽ ലഭിച്ചിട്ടില്ല.

**കുലശേഖരപുരം, തഴവ, തൊടിയൂർ പഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതി**

175 (3444) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം, തഴവ, തൊടിയൂർ എന്നീ പഞ്ചായത്തുകൾക്ക് നിലവിൽ കുടിവെള്ള പദ്ധതികളില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പഞ്ചായത്തുകളിൽ ട്രീറ്റ്മെന്റ് ചെയ്യാതെ വിതരണം ചെയ്യുന്ന കുടിവെള്ളം കടുത്ത ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ കുടിവെള്ളം ട്രീറ്റ്മെന്റ് നടത്തി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) കൊല്ലം ജില്ലയിൽ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം, തഴവ, തൊടിയൂർ എന്നീ പഞ്ചായത്തുകളിൽ കുഴൽ കിണറുകളിൽ നിന്നുള്ള ജലം ക്ലോറിനേഷൻ നടത്തിയശേഷമാണ് വിതരണം നടത്തുന്നത്. ഈ കുടിവെള്ളത്തിൽനിന്നും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഈ പഞ്ചായത്തുകൾക്കായി ശുദ്ധീകരണശാലയോടുകൂടിയ ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു.

## താൽക്കാലിക പമ്പ് ഓപ്പറേറ്റർമാർ

176 (3445) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കുടിവെള്ള പദ്ധതികളിൽ താൽക്കാലിക പമ്പ് ഓപ്പറേറ്റർമാരായി ജോലി ചെയ്യുന്നവർക്ക് നൽകി വരുന്ന വേതനം എത്രയാണ്;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 6 മാസക്കാലത്തേയ്ക്ക് താൽക്കാലിക നിയമനം ലഭിക്കുന്നവർക്ക് എത്ര രൂപയാണ് നൽകി വരുന്നത്;

(സി) പമ്പ് ഹൗസുകളിലുള്ള പമ്പ് ഓപ്പറേറ്റിംഗ് ഉൾപ്പെടെയുള്ള ജോലികൾ ടെണ്ടർ ചെയ്ത് നൽകിയിട്ടുണ്ടോ; ടെണ്ടർ എടുക്കുന്നയാളുകൾ നിശ്ചയിച്ച നൽകുന്ന തുകയ്ക്ക് ഓപ്പറേറ്റർമാർ ഉൾപ്പെടെ ജോലി ചെയ്യേണ്ടി വരുന്ന സാഹചര്യം ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) തൊഴിലാളികൾക്ക് സർക്കാർ അംഗീകരിച്ച കൂലി ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആറ്റിങ്ങൽ ഡിവിഷൻ ഒഴികെയുള്ള മറ്റ് ഡിവിഷനുകളിൽ താൽക്കാലിക പമ്പ് ഓപ്പറേറ്റർമാർക്ക് കരാറുകാർ മുഖേന 8 മണിക്കൂർ ഷിഫ്റ്റ് ഡ്യൂട്ടിക്ക് 396 രൂപ നിരക്കിൽ വേതനം നൽകിവരുന്നു. ആറ്റിങ്ങൽ ഡിവിഷനിൽ പമ്പ് ഓപ്പറേറ്റർമാർ ഉൾപ്പെടെയുള്ള ജോലികൾ ടെണ്ടർ ചെയ്ത് നൽകിയിട്ടുണ്ട്. ഇതിന് പമ്പ് ഓപ്പറേറ്റർമാർക്ക് 377 രൂപ നിരക്കിൽ ദിവസവേതനം നൽകിവരുന്നു.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സ്ഥിരം പോസ്റ്റുകളിലേയ്ക്ക് നിയമിക്കുന്ന ഓപ്പറേറ്റർമാർക്ക് വാട്ടർ അതോറിറ്റി ഓപ്പറേറ്റർ തസ്തികയിലെ ശമ്പളസ്കെയിലായ 10470-26870 രൂപ നിരക്കിലും സ്ഥിരം പോസ്റ്റുകൾ അല്ലാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ദിവസവേതനാടിസ്ഥാനത്തിൽ 6 മാസത്തേയ്ക്ക് നിയമിക്കുന്നവർക്ക് 8 മണിക്കൂർ ഷിഫ്റ്റിന്റെ ഒരു ഡ്യൂട്ടിക്ക് 396 രൂപ നിരക്കിലും വേതനം നൽകിവരുന്നു.

(സി) പമ്പ് ഹൗസുകളിൽ നിലവിലുള്ള ഒഴിവുകളിൽ അത്യാവശ്യ ഘട്ടങ്ങളിൽ കോൺട്രാക്ടർമാർ മുഖേന ഓപ്പറേറ്റർമാർ ഉൾപ്പെടെയുള്ള ജോലികൾക്ക് ടെണ്ടർ ചെയ്യാറുണ്ട്. ഇപ്രകാരം കോൺട്രാക്ടർമാർവഴി നിയമിക്കപ്പെടുന്നവർക്ക് കരാർ പ്രകാരമുള്ള വേതന നിരക്കാണ് നൽകുന്നത്. ആയതിനാൽ കരാറുകാരൻ നൽകുന്ന തുകയ്ക്ക് ഓപ്പറേറ്റർമാർ ജോലി ചെയ്യേണ്ട സാഹചര്യമുണ്ട്.

(ഡി) വാട്ടർ അതോറിറ്റിക്ക് നിലവിലെ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ സർക്കാർ അംഗീകരിച്ച കൂലി ലഭ്യമാക്കുന്നതിന് പ്രയാസമുണ്ട്. എന്നിരുന്നാലും ഇതുസംബന്ധിച്ച കാര്യം കേരള വാട്ടർ അതോറിറ്റി വിശദമായി പരിശോധിച്ചുവരുന്നു.

**ആമയിഴഞ്ചാൻ തോടിന് ആഴം കുറഞ്ഞതുമൂലമുള്ള വെള്ളപ്പൊക്കം**

177 (3446) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ആമയിഴഞ്ചാൻ തോട്ടിൽ മണ്ണും, എക്കലും അടിഞ്ഞ് കൂടി ആഴം കുറഞ്ഞതിനാൽ മഴക്കാലത്ത് ഗൗരീശപട്ടം, കണ്ണമ്മൂല എന്നിവിടങ്ങളിൽ രൂക്ഷ വെള്ളപ്പൊക്കം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തോടിന്റെ ആഴം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നഗരത്തിൽ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് വേളിയിൽ പുലിമുട്ട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിന് എത്ര കോടി രൂപ അനുവദിച്ചു;

(ഡി) പുലിമുട്ടിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആമയിഴഞ്ചാൻ തോട്ടിൽ കണ്ണമ്മൂല പാലം മുതൽ ആക്കുളം വരെ മാലിന്യവും ചെളിയും നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കുന്നതിനും പാർശ്വഭിത്തിയും നടപ്പാതയും നിർമ്മിക്കുന്നതിനും 10 കോടി രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തി ഈ വർഷത്തെ ബജറ്റിൽ (വാല്യം-3 അനുബന്ധം-2) ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി&ഡി) പദ്ധതികൾ ഒന്നുതന്നെ ഇപ്പോൾ പരിഗണനയിലില്ല.

**ജലാശയങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം**

178 (3447) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. പി. കെ.ബഷീർ :

ശ്രീ. എൻ .എ.നെല്ലിക്കുന്ന് :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾ, തോടുകൾ, കായലുകൾ എന്നിവയിൽ മനുഷ്യ വിസർജ്ജ്യങ്ങൾ ശേഖരിച്ചു കൊണ്ടുവന്ന് ഒഴുക്കുന്ന അതീവ ഗുരുതരമായ പ്രശ്നം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കുടിവെള്ള സ്രോതസ്സുകൾ കോളിഫോം ബാക്ടീരിയ നിറഞ്ഞ് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നത് തടയുവാനുള്ള ഫലപ്രദമായ മാർഗ്ഗങ്ങളെ കുറിച്ച് ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) കുടിവെള്ള ശേഖരണം നടത്തുന്ന എല്ലാ ജലസ്രോതസ്സുകളിലെയും കോളിഫോം ബാക്ടീരിയ നിലവാരം അടിയന്തരമായി പരിശോധനാ വിധേയമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ ജലസ്രോതസ്സുകളായ നദികൾ, തോടുകൾ, കായലുകൾ എന്നിവയിൽ ജലമലിനീകരണവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിൽ വരുന്ന പ്രദേശങ്ങളിൽ ഉണ്ടാകുന്ന സ്വീവേജ് മാലിന്യം ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനായി സ്വീവറേജ് സിസ്റ്റവും സ്വീവേജ് സംസ്കരണ പ്ലാന്റും സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികൾക്കും ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ ജല അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾക്ക് സമീപം ടി വിഷയം ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ ഭരണകൂടത്തിന്റെയും ആരോഗ്യവകുപ്പിന്റെയും പോലീസിന്റെയും സഹകരണത്തോടുകൂടി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു.

(ബി&സി) കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം തടയാൻ വിവിധ ഡിപ്പാർട്ട്മെന്റുകളുടെയും പൊതുജനങ്ങളുടെയും യോജിച്ചുള്ള നടപടികൾ ആവശ്യമാണ്. കേരള ജല അതോറിറ്റി കുടിവെള്ള സ്രോതസ്സുകളിലെ ജലം നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് അണുനശീകരണം നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷമാണ് വിതരണം ചെയ്യുന്നത്.

കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിപ്രകാരം എല്ലാ മാസവും കേരളത്തിലെ 44 നദികളിലേയും കുടിവെള്ളവുമായി ബന്ധപ്പെട്ട 126 ഭാഗങ്ങളിൽ നിന്നും വെള്ളം ശേഖരിച്ച് പരിശോധന നടത്താറുണ്ട്. കൂടാതെ പൊതുജനങ്ങളുടെ സ്രോതസ്സുകളായ കിണർ, ബോർവെൽ, കുളം എന്നിവിടങ്ങളിലെ ജലം ശേഖരിച്ച് പരിശോധന നടത്തി ടി ഫലം www.indiawater.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാറുണ്ട്.

ജലസ്രോതസ്സുകളുടെ സുരക്ഷയ്ക്കായി സംസ്ഥാന സർക്കാർ ശുചിത്വം, മാലിന്യ സംസ്കരണം എന്നീ മേഖലയിൽ പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് പുതുതായി 'ഹരിതകേരളം' എന്ന പദ്ധതിക്ക് ലക്ഷ്യമിട്ടിട്ടുണ്ട്.

കുടിവെള്ള വിതരണത്തിനായുള്ള സ്രോതസ്സുകളിലെ ജല സാമ്പിൾ ക്വാളിറ്റി കൺട്രോൾ ലാബിൽ നിശ്ചയിച്ച സമയങ്ങളിൽ ശേഖരിച്ച് ഇൻഡ്യൻ സ്റ്റാൻഡേർഡ് പ്രകാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

## കരിമ്പുഴയിൽ ചെക്ക് ഡാം

179 (3448) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കരിമ്പുഴയിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നബാർഡ് - ആർ.ഐ.ഡി.എഫ് XXII-ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കരിമ്പുഴ ചെക്ക് ഡാം നിർമ്മാണത്തിന്റെ നാളിതുവരെയുള്ള പുരോഗതി വിശദീകരിക്കാമോ?

### ഉത്തരം

(എ&ബി) കരിമ്പുഴയിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നബാർഡ് - ആർ.ഐ.ഡി.എഫ്. XXII-ൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത പ്രോജക്ടിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ ഇറിഗേഷൻ/വാട്ടർ അതോറിറ്റി പ്രവൃത്തികൾ

180 (3449) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവയിലോരോന്നിലും മുൻ സർക്കാരുകളുടെ കാലത്ത് തുടങ്ങിവച്ചവയും നാളിതുവരെ പൂർത്തീകരിക്കാത്തതുമായ ഇറിഗേഷൻ/വാട്ടർ അതോറിറ്റി എന്നിവയിൻ കീഴിലെ പ്രവൃത്തികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവ ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണെന്നും, എപ്പോൾ പണി പൂർത്തീകരിക്കാൻ കഴിയുമെന്നും, അതിനാവശ്യമായ ഘടകങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നും പൂർത്തീകരിക്കാൻ കഴിയാതെ പ്രവർത്തനം നിലച്ചുനില്ക്കുന്നതിന്റെ കാരണങ്ങൾ എന്താണ് ; ഇവ പരിഹരിച്ച് പണി പൂർത്തീകരിക്കാനായി ജലവിഭവം/ജല അതോറിറ്റി എന്നീ വകുപ്പുകളുടെ പക്കലുള്ള നിർദ്ദേശങ്ങളും, തുടരാൻ വേണ്ടിയുള്ള നടപടിക്രമങ്ങളും എന്താണെന്നും വ്യക്തമാക്കുമോ?

## ഉത്തരം

(എ) കേരള ജല അതോറിറ്റി

ഷൊർണ്ണൂർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് ഉപയോഗിച്ച് കേരള ജല അതോറിറ്റിയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്.

I. ഷൊർണ്ണൂർ നഗരസഭയുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ

1. മേച്ചിലാത്ത് കുന്ന് കുടിവെള്ള പദ്ധതി -46.85 ലക്ഷം
2. പന്തലാട്ടുപറമ്പ് കുടിവെള്ള പദ്ധതി (14-15) -8 ലക്ഷം
3. പി.വി.ജെ.ബി. കോളനി പൈപ്പ് ലൈൻ (14-15)-15 ലക്ഷം
4. വിവിധ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ-3 ലക്ഷം (വാർഡ് 6, 13, 30)
5. 118 എസ്.സി. കുടുംബങ്ങൾക്കുള്ള കുടിവെള്ള പദ്ധതി (15-16)- 8.65 ലക്ഷം
6. പഴനിപറമ്പ് കുടിവെള്ള പദ്ധതി (15-16) -14 ലക്ഷം
7. മുല്ലയ്ക്കൽ കോളനി പൈപ്പ് ലൈൻ (15-16) -3.38 ലക്ഷം

II. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് പ്രവൃത്തികൾ

പോണാട് കുടിവെള്ള പദ്ധതി-വാണിയംകുളം ഗ്രാമപഞ്ചായത്ത് -10 ലക്ഷം

III. ഗ്രാമപഞ്ചായത്ത് ഡെപ്പോസിറ്റ് പ്രവൃത്തികൾ

വെള്ളിനേഴി ഗ്രാമപഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക്- 7.30 ലക്ഷം

ജലസേചന വകുപ്പ്

1. അനങ്ങനടി പഞ്ചായത്ത് കടിശീരിത്തോട് (പനമണ്ണ പാടശേഖരം) പൊട്ടിയ ഭാഗം അടിയന്തര അറ്റകുറ്റപ്പണി
2. പുനരധിവാസം 2015-16 ചെർപ്പുളശ്ശേരി പഞ്ചായത്തിലെ കാറൽമണ്ണ ലിഫ്റ്റ് ഇറിഗേഷൻ അടിയന്തര നവീകരണവും അറ്റകുറ്റപ്പണികളും
3. മിർപ 2015-16 വാണിയംകുളം ഗ്രാമപഞ്ചായത്ത് ത്രാങ്ങാലി എൽ.ഐ.സ്കീം അടിയന്തര നവീകരണവും അറ്റകുറ്റപ്പണികളും

(ബി&സി) കേരള ജല അതോറിറ്റി

I. ഷൊർണ്ണൂർ നഗരസഭയുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ

1. മേച്ചിലാത്ത് കുന്ന് കുടിവെള്ള പദ്ധതി

ഭാരതപ്പുഴയിലെ കിണർ, ഇൻഫിൽട്രേഷൻ ഗാലറി, പമ്പ് ഹൗസ്, പൈപ്പ്ലൈൻ എന്നിവ ഇതിനകം ഏകദേശം പൂർത്തിയായി. പമ്പ് സെറ്റിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 50000 ലിറ്റർ ഉന്നതതല സംഭരണിയുടെ ദർഘാസ് സ്ഥിരീകരിക്കാനുണ്ട്. സംഭരണിക്കുള്ള സ്ഥലം സംബന്ധിച്ച് ധാരണയായി. സ്ഥലം കൈമാറി കിട്ടിയിട്ടില്ല. ജലസംഭരണി പൂർത്തിയാകുന്നതിനുമുമ്പ് തന്നെ വൈദ്യുതകണക്ഷനും മോട്ടോറും സ്ഥാപിച്ചു കഴിഞ്ഞാൽ ഈ പദ്ധതി ഈ വർഷം തന്നെ ഭാഗികമായി പൂർത്തീകരിക്കാൻ സാധിക്കും.

2. പന്തലാട്ടുപറമ്പിലുള്ള കുടിവെള്ള പദ്ധതി

നിലവിലുള്ള ഷൊർണ്ണൂർ ശുദ്ധജല വിതരണ പദ്ധതിയിൽനിന്നും സംപിൽ ജലം ശേഖരിച്ച് ഉയർന്ന പ്രദേശത്തേയ്ക്ക് ജലവിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവന ചെയ്യുന്നത്. ആയതിൽ സംപ് മുതൽ ടാങ്ക് വരെയുള്ള പൈപ്പ്ലൈൻ പൂർത്തിയായി. സംപ്, പമ്പ് ഹൗസ് എന്നിവയ്ക്കുള്ള സ്ഥലം നഗരസഭ ലഭ്യമാക്കാത്തതിനാൽ ഇവയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. സ്ഥലം ലഭ്യമായാൽ രണ്ടുമാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും.

3. പി.വി.ജെ.ബി. കോളനി പൈപ്പ്ലൈൻ

പ്രസ്തുത പ്രവൃത്തിക്ക് 8-4-2016-ന് പ്രവർത്തന ഉത്തരവ് നൽകിയിട്ടുണ്ടെങ്കിലും പൊതുമരാമത്ത് വകുപ്പിൽ നിന്നും റോഡ് സംരക്ഷണ ചെലവിനത്തിലേക്കുള്ള തുക എത്രയെന്ന് അറിയിച്ച്, തുക അടച്ച് അനുമതി ലഭിച്ചു കഴിഞ്ഞാലേ പ്രവൃത്തി ആരംഭിക്കാൻ കഴിയൂ. അനുമതി ലഭിച്ച് ഒരു മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കാൻ കഴിയും.

4. വിവിധ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ

വാർഡ് 6, വാർഡ് 13 എന്നിവിടങ്ങളിലേക്കുള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി പൂർത്തിയായി. വാർഡ് 30 ഒരാഴ്ചയ്ക്കുള്ളിൽ പൂർത്തീകരിക്കും.

5. 118 എസ്.സി. കുടുംബങ്ങൾക്ക് കുടിവെള്ള പദ്ധതി

63 എണ്ണം പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. ഉടമസ്ഥാവകാശ സാക്ഷ്യപത്രം സമർപ്പിച്ചതിലുള്ള പോരായ്മകൾമൂലം പ്രവൃത്തി പൂർത്തീകരിക്കാനായില്ല.

6. പഴനിപറമ്പ് കുടിവെള്ള പദ്ധതി

കുഴൽക്കിണർ കുഴിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കുഴൽ കിണർ കുഴിച്ച് ജലലഭ്യത അനുസരിച്ച് മാത്രമേ ബാക്കി പ്രവൃത്തികൾ ഏർപ്പാടാക്കാൻ കഴിയുകയുള്ളൂ.

7. മുല്ലക്കൽ കോളനി പൈപ്പ്ലൈൻ

5-8-2016-ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. നവംബർ മാസത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

II. ജില്ലാപഞ്ചായത്ത് ഡെപ്പോസിറ്റ് പ്രവൃത്തി

പോണാട് കുടിവെള്ള പദ്ധതി

കുഴൽക്കിണർ സ്രോതസ്സ് കുഴിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കുഴൽക്കിണർ കുഴിച്ച് ജലലഭ്യത അനുസരിച്ച് മാത്രമേ ബാക്കി പ്രവൃത്തികൾ ഏർപ്പാടാക്കാൻ കഴിയുകയുള്ളൂ.

III. ഗ്രാമപഞ്ചായത്ത് ഡെപ്പോസിറ്റ് പ്രവൃത്തികൾ

വെള്ളിനേഴി പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക്

പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഇതുകൂടാതെ നെല്ലായ കുലുക്കല്ലൂർ പഞ്ചായത്തുകൾക്കായുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. ഇതിൽ നെല്ലായ പഞ്ചായത്ത് ഷൊർണ്ണൂർ മണ്ഡലത്തിലാണ്. നെല്ലായ കുലുക്കല്ലൂർ പഞ്ചായത്തുകൾക്കായുള്ള ഈ കുടിവെള്ള പദ്ധതിയിൽ ജലശുദ്ധീകരണശാല, കിണർ, രണ്ട് പഞ്ചായത്തുകളിലും ഉന്നതതല സംഭരണി, രണ്ട് പഞ്ചായത്തുകളിലെയും ജലവിതരണ ശൃംഖല, പമ്പുകൾ സ്ഥാപിക്കൽ എന്നീ ഘടകങ്ങളാണ് പ്രധാനമായിട്ടുള്ളത്. ഇതിന്റെ പ്രധാന ഘടകങ്ങളെല്ലാം പൂർത്തീകരിച്ചുകഴിഞ്ഞു. ക്ലിയർ വാട്ടർ പമ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

ജലസേചന വകുപ്പ്

കടിശീരിത്തോട് പൊട്ടിയ ഭാഗം അടിയന്തര അറ്റകുറ്റപ്പണി, കാറൽമണ്ണ ലിഫ്റ്റ് ഇറിഗേഷന്റെ അടിയന്തര നവീകരണവും അറ്റകുറ്റപ്പണികളും എന്നീ പ്രവൃത്തികൾ 2017 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്. ത്രാങ്ങാലി എൽ.ഐ. സ്കീം അടിയന്തര നവീകരണവും അറ്റകുറ്റപ്പണികളും എന്ന പ്രവൃത്തി ആദ്യ കരാറുകാരനെ ഒഴിവാക്കി മൂന്ന് തവണ ടെണ്ടർ നടത്തിയെങ്കിലും കരാറുകാരുടെ ഭാഗത്തുനിന്നും പ്രവൃത്തി ഏറ്റെടുക്കുന്നതിന് ആരും തയ്യാറായില്ല. പ്രസ്തുത പ്രവൃത്തിക്ക് പുതിയ നിരക്കും പുതിയ കോസ്റ്റ് ഇൻഡക്സ് പ്രകാരവുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി റീ-ടെണ്ടർ ചെയ്യുന്നതാണ്.

**പൊതുകുളങ്ങൾ സംരക്ഷിക്കുന്നതിന് നടപടി**

181 (3450) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായി മാറിയിട്ടുള്ള പൊതുകുളങ്ങൾ പുനരുദ്ധരിച്ച് സംരക്ഷിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം കുളങ്ങൾ കണ്ടെത്തി പുനരുദ്ധരിച്ച് സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പൊതു കുളങ്ങൾ നവീകരിച്ച് ഉപയോഗപ്രദമാക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ഓരോ കുളത്തിന്റെയും ജലസേചന സംബന്ധമായ പ്രാധാന്യവും ആവശ്യകതയും കണക്കിലെടുത്തും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും പൊതുകുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവന്നിരുന്നു. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളുടെ നവീകരണവും സംരക്ഷണവും സാധ്യമായ ഇടങ്ങളിലെല്ലാം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**തൃക്കരിപ്പൂർ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം**

182 (3451) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലക്ഷാമംമൂലം ബുദ്ധിമുട്ടുന്ന തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം മുനിസിപ്പാലിറ്റിയിലും, കയ്യൂർ-ചീമേനി, പടന്ന, വലിയപറമ്പ്, തൃക്കരിപ്പൂർ എന്നിവിടങ്ങളിലും കുടിവെള്ളം ലഭ്യമാക്കാനുള്ള ശാശ്വതമായ നടപടികൾ എന്തെങ്കിലും വിഭാവന ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കരിയംകോട് പുഴ സ്രോതസ്സാക്കി നീലേശ്വരം, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി കനാന്തൂർ, കരിന്തളം മുതലായ പഞ്ചായത്ത് ഇവ ഉൾപ്പെടുത്തി ഒരു ബൃഹത് കുടിവെള്ള പദ്ധതിക്ക് വേണ്ടിയും കയ്യൂർ-ചീമേനി, ചെറുവത്തൂർ, പീലീക്കോട്, വലിയപറമ്പ്, പടന്ന, തൃക്കരിപ്പൂർ എന്നീ പഞ്ചായത്തുകൾക്കായി മറ്റൊരു കുടിവെള്ള പദ്ധതിക്ക് വേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

**അച്ചൻകോവിലാറിന് സംരക്ഷണഭിത്തി**

183 (3452) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മവേലിക്കര മണ്ഡലത്തിൽ കൊല്ലകടവ് പാലത്തിനുസമീപം അച്ചൻകോവിലാറിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് മേജർ ഇറിഗേഷൻ വകുപ്പ് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ഏറ്റെടുത്തെങ്കിലും നാളിതുവരെയും പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ടെണ്ടർ എടുത്ത കോൺട്രാക്ടർ എസ്റ്റിമേറ്റ് നിരക്കിൽനിന്നും 25 ശതമാനം ഉയർന്ന നിരക്കാണ് ക്വാട്ട് ചെയ്തത്. ടെണ്ടർ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറിന്റെ പരിഗണനയിലുണ്ട്.

## തണ്ണീർത്തടങ്ങൾ പൊതു-സ്വകാര്യ ആവശ്യങ്ങൾക്ക് നികത്തുന്നത് തടയാൻ നടപടി

184 (3453) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ബി. അബ്ദുൾ റസാക്:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായലുകൾ, തടാകങ്ങൾ, കുളങ്ങൾ എന്നിവ പൊതു-സ്വകാര്യ ആവശ്യങ്ങൾക്ക് വേണ്ടി നികത്തുന്നതിൽ സർക്കാർ നയം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം തണ്ണീർത്തടങ്ങൾ യാതൊരു വിവേചനവുമില്ലാതെ സ്വകാര്യ വ്യക്തികളും, സ്ഥാപനങ്ങളും നിർബാധം നികത്തിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ശേഷിച്ച തണ്ണീർത്തടങ്ങളെ കയ്യേറ്റത്തിൽ നിന്നും നികത്തലിൽ നിന്നും സംരക്ഷിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) "കേരള കൺസർവേഷൻ ഓഫ് പാഡി ലാന്റ് ആന്റ് വെറ്റ് ലാന്റ് ആക്ട് 2008" അനുസരിച്ച് കായലുകൾ, തടാകങ്ങൾ, കുളങ്ങൾ എന്നിവ പൊതു-സ്വകാര്യ ആവശ്യങ്ങൾക്കുവേണ്ടി നികത്തുന്നതിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കായലുകൾ ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങളുടെ നോഡൽ ഏജൻസി പരിസ്ഥിതി കാലാവസ്ഥാ വകുപ്പാണ്. തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി പരിസ്ഥിതി വകുപ്പിന്റെ 25-05-2015-ലെ സ.ഉ.(എം.എസ്.) നമ്പർ 08/2015/പരി. പ്രകാരം കേരള സംസ്ഥാന വെറ്റ് ലാന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി&സി) ജലം സംസ്ഥാന വിഷയമായതിനാലും ജലസേചന വകുപ്പിന്റെ അധികാരപരിധിയിൽ നിക്ഷിപ്തമായതിനാലും തണ്ണീർത്തടങ്ങളും നീർച്ചാലുകളും നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ജലസേചന വകുപ്പിൽനിന്നും ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരെ അറിയിക്കാറുണ്ട്. കൂടാതെ, തണ്ണീർത്തടങ്ങളിലെ കയ്യേറ്റങ്ങൾ സംബന്ധിച്ച് റവന്യൂ വകുപ്പിന് വിവരം നൽകുന്നതിൽ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും എല്ലാ ഉദ്യോഗസ്ഥന്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പ്ലാച്ചിമട കൊക്കക്കോള കമ്പനിയുടെ ജലചൂഷണത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാരം**

185 (T* 3454) ശ്രീ. അബ്ദുൽ ഹമീദ് . പി.:
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ ജലചൂഷണത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച് ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുള്ള ബില്ലിന് പ്രസിഡണ്ടിന്റെ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ ജല ചൂഷണത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാര തുക കമ്പനിയിൽ നിന്നും ഈടാക്കി നൽകുന്നതിന് ഇതര മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ടോയെന്നും ആയത് ലഭ്യമായോ എന്നും വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട അനന്തര നടപടികൾക്കായി നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

**ഭൂജല പരിപോഷണം**

186 (3455) ശ്രീ. അനിൽ അക്കര:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂജലപരിപോഷണം ജനകീയമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി)ആരുടെയെല്ലാം പങ്കാളിത്തമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത്; വിവരിക്കുമോ;

(സി) ജനങ്ങളെ ബോധവൽക്കരിക്കാനും ഭൂജലപരിപോഷണം കർശനമായി പാലിക്കപ്പെടാനും എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ഭൂജല സംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഭൂജല സംരക്ഷണത്തിന്റെയും കൃത്രിമ ഭൂജല സംപോഷണത്തിന്റെയും ആവശ്യകത പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, ലഘുലേഖകളുടെ പ്രസിദ്ധീകരണം, പരസ്യബോർഡുകൾ സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങളും ഭൂജല വകുപ്പ് നടത്തിവരുന്നു.

(ബി) ഭൂജലവകുപ്പിന് കീഴിലുള്ള പദ്ധതികൾ ഭൂജല വകുപ്പ് നേരിട്ടാണ് നടത്തുന്നത്.

ഭൂജല വകുപ്പിനെ കൂടാതെ കൃഷിവകുപ്പ്, സോയിൽ കൺസർവേഷൻ ആന്റ് സോയിൽ സർവ്വേ, ജലസേചനം എന്നീ വകുപ്പുകളും ഇത്തരം പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) ഭൂജല സംരക്ഷണത്തെക്കുറിച്ച് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ ഭൂജല വകുപ്പ് നടത്തിവരുന്നു.

പുതുതായി ആരംഭിക്കുന്ന കുപ്പിവെള്ള കമ്പനികൾക്കും ജലം ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്കും കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ സ്ഥാപിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ അവലംബിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ഭൂജലത്തിന്റെ ക്രമാതീതമായ ഉപഭോഗം നിയന്ത്രിക്കുന്നതിന് നടപടി**

187 (3456) ശ്രീ. പി. കെ. ശശി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജലത്തിൻെറ ക്രമാതീതമായ ഉപഭോഗം നിയന്ത്രിയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂജല പര്യവേഷണത്തിനായി ഹൈഡ്രോ ജിയോളജിക്കൽ, ജിയോഫിസിക്കൽ, റിമോട്ട് സെൻസിംഗ് തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കിണറുകൾക്ക് ശാസ്ത്രീയമായി സ്ഥാന നിർണ്ണയം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കൃത്രിമ ഭൂജല പരിപോഷണ സംവിധാനങ്ങളിലൂടെ ഭൂജലത്തിൻെറ അളവ് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഭൂജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. ഇതിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ സംസ്ഥാന ഭൂജല അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) ഭൂജല വകുപ്പ് സംസ്ഥാനത്ത് ഹൈഡ്രോ ജിയോളജിക്കൽ, ജിയോഫിസിക്കൽ, റിമോർട്ട് സെൻസിംഗ് തുടങ്ങിയ പഠനങ്ങൾ നടത്തി കിണറുകൾക്ക് ശാസ്ത്രീയമായി സ്ഥാന നിർണ്ണയം നടത്തിവരുന്നു. ഒരു വർഷം ശരാശരി 8000 കിണറുകൾക്ക് ഇങ്ങനെ സ്ഥാന നിർണ്ണയം നടത്തുന്നുണ്ട്.

(സി) സംസ്ഥാനത്ത് ഭൂജലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ഭൂജലസംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും എന്ന പദ്ധതി ഭൂജല വകുപ്പ് നടപ്പാക്കിവരുന്നു. അടിയണകൾ, തടയണകൾ, തുറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണം, കുഴൽ കിണർ വഴിയുള്ള ഭൂജല സംപോഷണം എന്നിവ ഈ പദ്ധതിയിൻ കീഴിൽ നടപ്പാക്കിവരുന്നു.

**ജലനിധി പദ്ധതി**

188 (3457) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിൽ "ജലനിധി"പദ്ധതിക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഭരണാനുമതി ഉത്തരവ് (സ.ഉ(സാധാ) നമ്പർ 717/2015/ ഡബ്ല്യു . ആർ.ഡി.,തീയതി 24-8-2015) ഇറങ്ങി ഒരു വർഷം കഴിഞ്ഞിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തതിനാൽ ഈ പദ്ധതി മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട 16-7-2016 തീയതിയിലെ എഫ്.എം 3/93/2016/ത.സ്വ.ഭ.വ. നമ്പർ ഫയൽ സെക്രട്ടേറിയറ്റിൽ നടപടികൾക്കായി നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പദ്ധതി അടിയന്തരമായി നടപ്പാക്കി ജനങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിനെ ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി പ്രവർത്തനം നടന്നുവരുന്നു. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 25 ലക്ഷം രൂപ പഞ്ചായത്ത് വിഹിതത്തിലേക്ക് അനുവദിച്ചുകൊണ്ട് 24-8-2015-ലെ സ.ഉ. (സാധാ) നമ്പർ 717/15/ജ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായെങ്കിലും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രത്യേക ഉത്തരവ് ഇല്ലാത്തതിനാൽ ട്രഷറിയിൽനിന്നും തുക അനുവദിക്കുന്നതിന് വിസമ്മതിക്കുകയുണ്ടായി. തുടർന്ന് 16-07-2016-ലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്ത് പ്രകാരം ജലവിഭവ വകുപ്പിന്റെ 24-08-2015-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥയനുസരിച്ച് 25 ലക്ഷം രൂപ പഞ്ചായത്തിന് ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പിനെ അറിയിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 6-10-2016-ൽ മേൽപ്പറഞ്ഞ തുക അനുവദിക്കുന്നതിന് തടസ്സമില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ അറിയിക്കുകയും തുക ലഭ്യമാകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തുക പഞ്ചായത്തിന് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

**ജല അതോറിറ്റി വാട്ടർ മീറ്ററുകൾ**

189 (3458) <u>ശ്രീ. പി. കെ. ശശി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനമാകെ ജല അതോറിറ്റി ഏതെല്ലാം ഇനം വാട്ടർ മീറ്ററുകൾ (കമ്പനികൾ തിരിച്ച്) സ്ഥാപിച്ചുവരുന്നു എന്നും ഇവയുടെ ഗുണനിലവാര പരിശോധന ആരാണ് നടത്തുന്നത് എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാട്ടർ മീറ്ററുകൾ സർക്കാർ തലത്തിലോ പൊതുമേഖലാ സ്ഥാപനങ്ങളോ നിർമ്മാണം നടത്തുന്നുണ്ടോ എന്നും അവയിൽ എത്ര എണ്ണം വാട്ടർ അതോറിറ്റി വാങ്ങി പൊതുജനങ്ങൾക്ക് നല്കി എന്നും വ്യക്തമാക്കുമോ;

(സി) മുൻസർക്കാർ കാലയളവിൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ ഏതെല്ലാം കമ്പനികളുടെ (പൊതു/സ്വകാര്യ) വാട്ടർ മീറ്റർ സംസ്ഥാനമാകെ ഘടിപ്പിച്ച് വാട്ടർ റീഡിംഗ് നടത്തുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) വാട്ടർ അതോറിറ്റിയുടെയോ, ജലവകുപ്പിന്റെയോ അധികാര പരിധിയിൽ വാട്ടർ മീറ്റർ നിർമ്മാണം നടത്തി ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വാട്ടർ മീറ്റർ ലഭിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) കേരള കുടിവെള്ള വിതരണവും മാലിന്യ നിർമ്മാർജ്ജനവും നിയമം അനുസരിച്ച് ഐ.എസ്.ഐ. മുദ്രയുള്ള ബി ക്ലാസ്സ് മീറ്ററുകൾ സ്ഥാപിക്കേണ്ടത് ഉപഭോക്താവാണ്. ടി മീറ്ററുകൾ ജല അതോറിറ്റിയുടെ അതാത് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധന നടത്തിയാണ് ഉപഭോക്താവിന് സ്ഥാപിക്കാൻ അനുമതി നൽകുന്നത്. ജല അതോറിറ്റിയുടെ ഉപഭോക്താക്കൾ താഴെപ്പറയുന്ന കമ്പനികളുടെ മീറ്ററുകളാണ് സാധാരണയായി ഉപയോഗിച്ചുവരുന്നത്.

1. ക്രാന്തി
2. ചമ്പൽ
3. കൊണാർക്ക്
4. അരിസ്റ്റോ
5. അക്യുറ
6. ധാർവേഷ്
7. ആനന്ദ്
8. അസ്ട്രാ
9. നാഷണൽ
10. ആനന്ദ് അസാഹി
11. ഡാഷ് മേഷ്
12. ഫ്ലോവെൽ
13. നെബ്സൺ
14. സിംഗിൾ അരിസ്റ്റോ ജെറ്റ്
15. അക്വ
16. ആഷി
17. രാംകോ
18. രാഹുൽ
19. തോഷി

(ബി) വാട്ടർ മീറ്ററുകൾ സർക്കാർ തലത്തിൽ നിർമ്മാണം നടത്തുന്നില്ല. കേരള കുടിവെള്ള വിതരണവും മാലിന്യനിർമ്മാർജ്ജനവും നിയമമനുസരിച്ച് മീറ്ററുകൾ സ്ഥാപിക്കേണ്ടത് ഉപഭോക്താവായതുകൊണ്ട് ജല അതോറിറ്റി ടി മീറ്ററുകൾ വാങ്ങി ഉപഭോക്താവിന്/പൊതുജനങ്ങൾക്ക് നൽകാറില്ല.

(സി) ഐ.എസ്.ഐ. മുദ്രയുള്ള ഏത് കമ്പനിയുടേയും ബി ക്ലാസ്സ് വാട്ടർ മീറ്ററുകൾ ഉപഭോക്താവിന്റെ താൽപ്പര്യാനുസരണം വാങ്ങിവരുന്നത് ജല അതോറിറ്റിയുടെ പരിശോധനയ്ക്ക് വിധേയമായി ഉപയോഗിക്കാനുള്ള അനുമതി നൽകിവരുന്നു. ആയത് അനുവദിച്ച മീറ്ററുകളിലെ റീഡിംഗ് എടുത്തുവരുന്നു.

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**മൈലം-തലവൂർ കുടിവെള്ള പദ്ധതി**

190 (3459) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ മൈലം-തലവൂർ കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണ്; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പദ്ധതിയിൽ വിഭാവന ചെയ്തിരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ആയതിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു; അവശേഷിക്കുന്ന പണികൾ എന്തെല്ലാമാണ്;

(ഡി) പ്രാദേശികമായ തടസ്സവാദങ്ങൾമൂലം മുടങ്ങിയ പ്രവൃത്തികൾ എന്തെല്ലാമാണ്; ആയതിന് കാരണം എന്താണ്;

(ഇ) തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 25-10-2011-ലെ സ.ഉ.(സാധാ) നമ്പർ 1084/11/ജ.വി.വ. പ്രകാരം 15-12-2011-ൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുകയുണ്ടായി. അതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം *ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പദ്ധതിയിൽ വിഭാവന ചെയ്തിരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. 09 മീറ്റർ വ്യാസമുള്ള ഇൻടേക്ക് കിണർ & പമ്പ് ഹൗസ്

2. 400 എം.എം. ഡി.ഐ. കെ.9 റോ വാട്ടർ പമ്പിംഗ് മെയിൻ - 695 മീറ്റർ

3. 10.50 എം.എൽ.ഡി. ജലശുദ്ധീകരണശാല

4. ജലശുദ്ധീകരണശാലയിൽനിന്നും പൂക്കുന്നുമലയിലേയ്ക്കുള്ള 350 എം.എം. ഡി.ഐ. കെ.9 ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ - 696 മീറ്റർ

5. 16.90 എൽ.എൽ. സംഭരണശേഷിയുള്ള പൂക്കുന്നുമല ഉപരിതല സംഭരണി

6. ക്ലിയർ വാട്ടർ പമ്പ് സെറ്റ് & ട്രാൻസ്ഫോർമർ

(മൈലം, തലവൂർ കുടിവെള്ള പദ്ധതിക്കും പട്ടാഴി, പട്ടാഴി-വടക്കേക്കര പദ്ധതിക്കും പൊതുവായുള്ളതാണ് ഇൻടേക്ക് കിണർ, പമ്പിംഗ് മെയിൻ, 10.50 എം.എൽ.ഡി. ജലശുദ്ധീകരണശാല, പൂക്കുന്നുമലയിലെ 16.90 എൽ.എൽ. ഉപരിതല സംഭരണി)

7. തലവൂർ പിടവൂർ വില്ലേജിലേക്കുള്ള വിതരണശൃംഖല (സോൺ I & II)

8. മൈലം പഞ്ചായത്തിനുവേണ്ടിയുള്ള ഗാന്ധിമുക്കിലെ 6.6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി.

9. പൂക്കുന്നുമല ഉപരിതല സംഭരണിയിൽനിന്നും ഗാന്ധിമുക്കിലെ ജലസംഭരണിയിലേക്കുള്ള ഗ്രാവിറ്റി മെയിൻ (200 എം.എം. ഡി.ഐ.കെ.9)

(സി) ഇൻടേക്ക് കിണർ &പമ്പ്ഹൗസ്, പമ്പിംഗ് മെയിൻ (400 എം.എം. ഡി.ഐ. കെ.9 695 മീറ്റർ) ജലശുദ്ധീകരണശാല, പൂക്കുന്നുമലയിലേയ്ക്കുള്ള 350 എം.എം. ഡി.ഐ. കെ.9 ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, പൂക്കുന്നുമല ഉപരിതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പ് സെറ്റ് & ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ, തലവൂർ, പിടവൂർ വില്ലേജുകളിലേക്കുള്ള വിതരണ ശൃംഖല (സോൺ I & സോൺ II) എന്നിവയുടെ പണികൾ പൂർത്തീകരിച്ചു.

അവശേഷിക്കുന്ന പണികൾ

1. ഗാന്ധിമുക്കിൽ വിഭാവന ചെയ്തിരുന്ന ജലസംഭരണിക്ക് പകരമായി ആക്കാവിളയിൽ പഞ്ചായത്ത് ഏറ്റെടുത്ത് നൽകിയ സ്ഥലത്ത് നിർമ്മിച്ചുവരുന്ന 6.6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണി (95% പൂർത്തീകരിച്ചു. കോൺക്രീറ്റ് ജോലികൾ പൂർത്തീകരിച്ച് പ്ലാസ്റ്ററിംഗ് ജോലികൾ നടന്നുവരുന്നു.)

2. പൂക്കുന്നുമലയിലെ ഉപരിതല സംഭരണിയിൽനിന്നും ആക്കാവിള സംഭരണിയിലേക്കുള്ള 200 എം.എം. ഡി.ഐ. കെ.9 പൈപ്പ്ലൈൻ (79.88 എം) 35% പൂർത്തീകരിച്ചു. (തലവൂർ, പട്ടാഴി എന്നീ പഞ്ചായത്തുകളിൽ കൂടി മൈലം ജലസംഭരണിയിലേക്കുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് പട്ടാഴി, തലവൂർ പഞ്ചായത്തുകൾ തർക്കം ഉന്നയിക്കുന്നതുമൂലം പണികൾക്ക് തടസ്സം നേരിടുകയും ഈ പഞ്ചായത്തുകളിലുള്ള പണികൾ നിർത്തിവയ്ക്കേണ്ടതായും വന്നിട്ടുണ്ട്.)

3. മൈലം പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖല ഭരണാനുമതി ലഭിച്ച തുകയിൽനിന്നും ശേഷിക്കുന്ന തുകയിൽ പരിമിതപ്പെടുത്തി 3.76 കോടി രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ ഓഫീസിൽ പരിശോധിച്ചുവരുന്നു.

(ഡി) പട്ടാഴി പഞ്ചായത്തിലെ പൂക്കുന്നുമല ഉപരിതലജലസംഭരണിയിൽ നിന്നും മൈലം പഞ്ചായത്തിലെ ആക്കാവിള ഉപരിതല സംഭരണിയിലേക്കുള്ള 200 എം.എം. ഡി.ഐ. കെ.9 പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയാണ് പ്രാദേശികമായ തടസ്സവാദങ്ങൾമൂലം മുടങ്ങിയത്. പട്ടാഴി, പട്ടാഴി-വടക്കേക്കര, തലവൂർ, പിടവൂർ മൈലം വില്ലേജുകളുടെ സംയുക്ത കുടിവെള്ള പദ്ധതിയുടെ പ്രധാന ഘടകങ്ങൾക്ക് ആവശ്യമായ സ്ഥലം വിലയ്ക്കുവാങ്ങിയത് പട്ടാഴി, പട്ടാഴി-വടക്കേക്കര, തലവൂർ ഗ്രാമപഞ്ചായത്തുകളുടെ മാത്രം സംയുക്ത ഫണ്ട് ഉപയോഗിച്ചാണ് എന്നും ആയതിന് മൈലം പഞ്ചായത്ത് സഹകരിച്ചില്ലായെന്നും ആയതിനാൽ പട്ടാഴി, പട്ടാഴി-വടക്കേക്കര, തലവൂർ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലുമുള്ള മുഴുവൻ റോഡുകളിലും പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ള ലഭ്യത ഉറപ്പാക്കിയതിനുശേഷമേ മൈലം ഗ്രാമപഞ്ചായത്തിലേക്ക് പൈപ്പ് ലൈൻ കണക്ട് ചെയ്യുവാൻ അനുവദിക്കുകയുള്ളൂ എന്നുമുള്ള പട്ടാഴി, പട്ടാഴി-വടക്കേക്കര, തലവൂർ പഞ്ചായത്തുകളുടെ തടസ്സവാദങ്ങൾ മൂലമാണ് മൈലം പഞ്ചായത്തിലെ ആക്കാവിള ഉപരിതല ജല സംഭരണയിലേക്കുള്ള പണികൾ തടസ്സപ്പെട്ടിട്ടുള്ളത്.

(ഇ) പ്രശ്ന പരിഹാരത്തിനായി എല്ലാ പഞ്ചായത്തുകളുടെയും സഹകരണം കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചുവെങ്കിലും സഫലമായിട്ടില്ല. ആയതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാരേയും പഞ്ചായത്ത് അധികാരികളേയും ഉൾപ്പെടുത്തി യോഗം വിളിച്ചുചേർക്കണമെന്ന് അഭ്യർത്ഥിച്ച് ജില്ലാ കളക്ടർക്ക് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 5-9-2016-ൽ കത്ത് നൽകിയിട്ടുണ്ട്.

**രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി**

191 (3460) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) രൂക്ഷമായ വരൾച്ച ബാധിക്കുന്ന കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളമെത്തിക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം 67% കവറേജിനും (കുടിവെള്ളം എത്തിച്ചേർന്നിട്ടില്ലാത്ത പ്രദേശങ്ങളിലും ഗുണനിലവാരബാധിത പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ), 15% ഓപ്പറേഷൻ & മെയിന്റനൻസിനും (പദ്ധതികളുടെ നടത്തിപ്പിനും അറ്റകുറ്റപ്പണികൾക്കും), 10% സസ്റ്റൈനബിലിറ്റിക്കും (കുടിവെള്ളസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിനും ചെക്ക് ഡാമുകളും മറ്റും നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിനും), 5% സപ്പോർട്ട് ആക്ടിവിറ്റീസിനും (ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി സംബന്ധിച്ച് ഗ്രാമീണ ജനതയ്ക്ക് അവബോധം വളർത്തലും പരിശീലനം നൽകലും ഗ്രാമീണ ജലവിതരണത്തിന് വിവരസാങ്കേതികത ഉപയോഗപ്പെടുത്തുന്നതിനുള്ള സൗകര്യം ഒരുക്കലും), 3% വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് & സർവ്വീലിയൻസിനും (ജലഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും ഇതിനാവശ്യമായ ലാബുകൾ സ്ഥാപിക്കുന്നതിനും) ആയിട്ടാണ് തുക അനുവദിക്കുന്നത്.

ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റെയിനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം, ഇൻടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീചാർജ്ജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽനിന്നും എസ്.സി./എസ്.ടി. കോളനികളിലേയ്ക്ക് ജില്ലാ കളക്ടർ വഴി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്.

2009 മുതൽ ഈ പദ്ധതി "നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം" എന്ന പേരിലാണ് അറിയപ്പെടുന്നത്.

(ബി) പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ച് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് ഗുണനിലവാരബാധിത (ഫ്ലൂറൈഡ്, ആർസനിക് ബാധിത) പ്രദേശങ്ങളിലേക്കും സൻസദ് ആദർശ് ഗ്രാമയോജന (SAGY) പഞ്ചായത്തുകളിലേക്കുമുള്ള പുതിയ പദ്ധതികൾ മാത്രമേ നടപ്പിലാക്കാനാവൂ. ഇതിനുതന്നെ 50% തുക സംസ്ഥാനവിഹിതമായി നൽകേണ്ടതുണ്ട്. മാത്രമല്ല 2016-17 സാമ്പത്തിക വർഷത്തിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്ക് കേന്ദ്ര സർക്കാർ വിഹിതം 49.77 കോടി രൂപ മാത്രമാണ്.

## കൊല്ലം നഗരസഭയിലേയ്ക്കുള്ള കുടിവെള്ള വിതരണം

192 (3461) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലടയാറ്റിൽനിന്നും വെള്ളം ശാസ്താംകോട്ടയിലെത്തിച്ച് ശുദ്ധീകരിച്ച്, കൊല്ലം നഗരസഭയിലേക്ക് കുടിവെള്ളം വിതരണം ചെയ്യാനുദ്ദേശിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ശാസ്താംകോട്ട ശുദ്ധജല തടാകത്തിലെ ജല ലഭ്യത കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതുമൂലം ചവറ-പന്മന കുടിവെള്ള പദ്ധതി പ്രതിസന്ധിയിലാകുന്ന അവസ്ഥ വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വരൾച്ച അടുത്ത് വരുന്നതുമൂലം കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കടപുഴയിലെ കല്ലടയാർ സ്രോതസ്സാക്കിയുള്ള കൊല്ലം കുടിവെള്ള പദ്ധതിയുടെ പുരോഗതി താഴെപ്പറയുന്നു.

1. കല്ലടയാറ്റിൽ കടപുഴയിൽ ശാസ്താംകോട്ട ശുദ്ധജല പ്ലാന്റിലേയ്ക്ക് 800 mm MS പൈപ്പ് 3800 മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തിക്കുള്ള പൈപ്പുകൾ പൂർണ്ണമായും നൽകിക്കഴിഞ്ഞു. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി 9 ശതമാനം മാത്രമേ പൂർത്തിയായിട്ടുള്ളൂ.

2. ശാസ്താംകോട്ട തടാകത്തിനുകുറുകേ 800 mm HDPE പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി (930 മീറ്റർ) പൈപ്പ് വിതരണം ചെയ്തുകഴിഞ്ഞു.

3. കടപുഴയിൽ 9 മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസും നിർമ്മാണം- കിണർ നിർമ്മിക്കുന്നതിനുള്ള പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശത്തെ ചൊല്ലി ശാസ്താംകോട്ട മുൻസിഫ് കോടതിയിൽ കേസ് നിലവിലുണ്ട്. കിണർ നിർമ്മാണത്തിനുമേലുള്ള കോടതി സ്റ്റേയ്ക്ക് എതിരായ അപ്പീൽ കരുനാഗപ്പള്ളി സബ് കോടതിയുടെ പരിഗണനയിലാണ്.

(ബി) ഉണ്ട്.

(സി) ജല ദൗർലഭ്യം നേരിടുന്ന പദ്ധതികളുടെ പട്ടികയിൽ ഈ പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. ശാസ്താംകോട്ട തടാകത്തിൽ ജലനിരപ്പ് താഴുന്നതിന് അനുസരിച്ച് ചവറ-പന്മന കുടിവെള്ള പദ്ധതിയിലെ പമ്പിംഗ് സമയത്തിൽ ക്രമീകരണം നടപ്പിലാക്കാറുണ്ട്.

(ഡി) വരൾച്ചമൂലം കുടിവെള്ളം ലഭ്യമാക്കുന്നതിനായി KIP കനാലിൽനിന്നും കൂടുതൽ വെള്ളം പമ്പ് ചെയ്ത് ശാസ്താംകോട്ട ശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് രണ്ട് അഡീഷണൽ പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നതിനും കനാലിൽ നിന്നുള്ള പമ്പിംഗ് മെയിൻ ചവറ-പന്മന ജലനിധി പ്ലാന്റിലേയ്ക്ക് ഇന്റർകണക്ട് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗാർഹിക കുടിവെള്ള കണക്ഷനുകൾ**

193 (3462) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക കുടിവെള്ള കണക്ഷനുകൾ വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടിയുടെ വിശദാംശം നൽകുമോ;

(ബി) രൂക്ഷമായ കുടിവെള്ള പ്രശ്നം നിലനില്ക്കുന്ന സ്ഥലങ്ങളിൽ പുതിയ ശുദ്ധജലവിതരണ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ; ഇതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) നിലവിലുള്ള കാലപ്പഴക്കം ചെന്ന ജലച്ചോർച്ചയുള്ള പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനോ അറ്റകുറ്റപ്പണി നടത്തുന്നതിനോ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ 10 ലക്ഷം പുതിയ കണക്ഷനുകൾ നൽകാൻ ലക്ഷ്യമിടുന്നു. കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉപഭോക്താവിന് പ്രയാസം കൂടാതെ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ഇടനിലക്കാരെ ഒഴിവാക്കി അതോറിറ്റി നേരിട്ട് കണക്ഷൻ നൽകാനുള്ള പദ്ധതിയും ആവിഷ്കരിച്ചുവരുന്നു.

(ബി) രൂക്ഷമായ കുടിവെള്ള പ്രശ്നം നിലനിൽക്കുന്ന സ്ഥലങ്ങൾക്ക് മുൻഗണന നൽകി കൊണ്ടാണ് പുതിയ ശുദ്ധജല വിതരണ പദ്ധതികൾ വിഭാവന ചെയ്യുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്. കാലപ്പഴക്കംചെന്ന ജലച്ചോർച്ചയുള്ള പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റി സ്ഥാപിച്ച് വരികയാണ്. സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയാണ് സാധാരണ ഇത്തരം പ്രവൃത്തികൾ നടപ്പാക്കുന്നത്. ഇതുകൂടാതെ പഴയ എ.സി., പ്രിമോ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് KIIFB 525 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള കാലപ്പഴക്കം ചെന്ന ജലച്ചോർച്ചയുള്ള പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനായി 5593.96 ലക്ഷം രൂപയുടെ പദ്ധതികൾക്കുള്ള അനുമതി പരിഗണനയിലാണ്.

**മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

194 (3463) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട്, എം.എൽ.എ. ഫണ്ട്, ന്യൂനപക്ഷ വികസന ഫണ്ട്, പട്ടികജാതി വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് 2011-2016 കാലയളവിൽ എത്ര കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയും ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(സി) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി ഓരോ പദ്ധതിയുടെയും പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മലപ്പുറം നിയോജക മണ്ഡലത്തിൽ ശ്രീ. പി. ഉബൈദുള്ള എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 11 പദ്ധതികൾക്കും ന്യൂനപക്ഷ ക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തി 10 പദ്ധതികൾക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി&സി) അനുബന്ധം 1 -ഉം 2- ഉം ആയി ചേർത്തിരിക്കുന്നു*.

**ട്രേസർ/ഓവർസിയർ ഒഴിവുകൾ**

195 (3464) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ട്രേസർ/ഓവർസിയർ ഗ്രേഡ്-III തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ ട്രേസർ/ഓവർസിയർ ഗ്രേഡ്-III തസ്തികകളിൽ വിവിധ ജില്ലകളിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികയിലെ സൂപ്പർ ന്യൂമററി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ ട്രേസർ/ഓവർസീയർ ഗ്രേഡ് III തസ്തികയിൽ നിലവിൽ 19 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ എല്ലാംതന്നെ സംസ്ഥാനടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജില്ല തിരിച്ചുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| കൊല്ലം | -2 |
| ആലപ്പുഴ | -1 |
| പത്തനംതിട്ട | -6 |
| കോട്ടയം | -3 |
| എറണാകുളം | -6 |
| ഇടുക്കി | -1 |
| ആകെ | -19 |

(സി) ഇല്ല.

**ഹരിപ്പാട് കുടിവെള്ള പദ്ധതി**

196 (3465) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യുവാൻ കഴിയും;

(സി) ഈ പദ്ധതി പൂർത്തീകരിക്കാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് ശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹരിപ്പാട് കുടിവെള്ള പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിന് 35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയിൽ പത്ത് മീറ്റർ വ്യാസമുള്ള കിണർ, പമ്പ് ഹൗസ്, റോ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ, പള്ളിപ്പാട് സ്ഥാപിക്കുന്ന 50 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല എന്നീ ഘടകങ്ങളാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇതിൽ ജലശുദ്ധീകരണശാലയുടെ പണികൾ നടന്നുവരുന്നു. മാന്നാർ പഞ്ചായത്തിലെ മുല്ലശ്ശേരി കടവിലുള്ള ആറ്റുപുറമ്പോക്ക് കൈമാറിയിട്ടില്ലാത്തതിനാൽ മറ്റ് പണികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. രണ്ടാം ഘട്ടത്തിൽ 36 കോടി രൂപ അടങ്കൽ തുക പ്രതീക്ഷിക്കുന്ന കിണർ മുതൽ ജലശുദ്ധീകരണശാല വരെയുള്ള റോ വാട്ടർ പമ്പിംഗ് മെയിൻ, പള്ളിപ്പാടിനും ഹരിപ്പാടിനും വേണ്ടിയുള്ള ഉന്നതതല ജലസംഭരണി ഇതിനായുള്ള പമ്പ് ഹൗസ്, ട്രാൻസ്ഫോർമർ എന്നീ ഘടകങ്ങൾ ഉൾപ്പെട്ട പദ്ധതിയാണ് ഉദ്ദേശിക്കുന്നത്.

(ബി) ഈ പദ്ധതികയുടെ ഒന്നാം ഘട്ടത്തിന്റെ പ്രവൃത്തികൾ 2018 സെപ്റ്റംബർ മാസത്തോടെ പൂർത്തീകരിക്കുന്നതാണ്.

(സി) ഒന്നാം ഘട്ടത്തിൽ ഭരണാനുമതി ലഭിച്ചവയിൽ ജലശുദ്ധീകരണശാലയുടെ പണികൾ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. ആറ്റ് പുറമ്പോക്കിലുള്ള സ്ഥലത്ത് കിണർ നിർമ്മിക്കുവാനുള്ള സ്ഥലം ലഭിക്കാത്തതിനാൽ മറ്റ് പണികൾ ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ രണ്ടാംഘട്ട പണികൾ ഉൾപ്പെടെ പ്രവൃത്തികൾ നബാർഡ് സ്കീമിൽ ഉൾപ്പെടുത്താനും വിവിധ പഞ്ചായത്തുകളിൽ സ്ഥാപിക്കേണ്ട പത്ത് ഉന്നതതല ജലസംഭരണികൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ഉന്നതതല ജലസംഭരണികളിലേക്കുള്ള പൈപ്പ് ലൈനുകൾ, നിലവിലുള്ള വിതരണ ശൃംഖലയുമായി ജലസംഭരണികളിൽനിന്നുള്ള പൈപ്പ് ലൈൻ കൂട്ടിച്ചേർക്കലുകൾ, നിലവിലുള്ള വിതരണ ശൃംഖലയുടെ ശാക്തീകരണം തുടങ്ങിയ ഘടകങ്ങൾ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

## കുടിവെള്ള സ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിന് നടപടി

197 (T*3466) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വീടുകളിൽ കിണറും സെപ്റ്റിക് ടാങ്കും തമ്മിൽ അകലമില്ലാത്തത് കിണർ വെള്ളം എളുപ്പത്തിൽ മലിനമാകാൻ കാരണമാകുന്നുണ്ടോ;

(ബി) ഒഴുക്ക് നിലച്ച ഓടകളിൽനിന്നുള്ള മാലിന്യത്തിന്റെ അംശം മണ്ണിലൂടെ കിണറുകളിലും ജലസ്രോതസ്സുകളിലും കലരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ജലസ്രോതസ്സുകളും കിണറുകളും മാലിന്യ മുക്തമാക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒഴുക്കുനിലച്ച ഓടകളിൽനിന്നുള്ള മാലിന്യത്തിന്റെ അംശം മണ്ണിലൂടെ കിണറുകളിലും ജലസ്രോതസ്സുകളിലും കലരുന്ന സാഹചര്യം സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ജലസാമ്പിളുകളുടെ ഗുണനിലവാരം ഭൂജലവകുപ്പിന്റെ അധീനതയിലുള്ള മൂന്ന് ലാബുകളിൽ പരിശോധനാഫീസ് ഈടാക്കിക്കൊണ്ട് (കെമിക്കൽ& ബാക്ടീരിയോളജി) റിപ്പോർട്ടുകൾ നൽകിവരുന്നുണ്ട്. നഗരസഭാതലത്തിൽ പരാതികൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കാറുണ്ട്.

(സി) ജലസ്രോതസ്സുകളും കിണറുകളും സംരക്ഷിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണ പ്രവർത്തനങ്ങൾ ഭൂജലവകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഭൂജല സ്രോതസ്സുകൾ മലിനമാകുന്നത് തടയുന്നതിനുള്ള വ്യവസ്ഥകൾ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 പ്രകാരം നിലവിലുണ്ട്. ഭൂജല വകുപ്പിന് ലഭിക്കുന്ന പരാതികളിന്മേൽ ഈ വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

കേരള ജല അതോറിറ്റി കുടിവെള്ള സ്രോതസ്സുകളിലെ ജലം നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കേന്ദ്ര പദ്ധതി പ്രകാരം കുടിവെള്ളസ്രോതസ്സുകളായ കിണർ, ബോർവെൽ, കുളം എന്നിവിടങ്ങളിലെ ജലം പരിശോധിച്ച് അതിന്റെ ഫലം www.indiawater.gov.in എന്ന വെബ്സൈറ്റിൽ ചേർക്കുന്നുണ്ട്.

ജലനിധി പദ്ധതിയുടെ പരിധിയിൽ ജലസ്രോതസ്സുകളും കിണറുകളും മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഓടകൾ ഡൈവേർട്ട് ചെയ്യും അതീവ ഗുരുതരാവസ്ഥയിലുള്ള മലീമസമായ ഓടകൾ ഡീ സെൻട്രലൈസ്ഡ് ട്രീറ്റ്മെന്റ് സംവിധാനത്തിലൂടെ സംസ്കരിക്കുന്നതിനും ജലസ്രോതസ്സുകളുടെയും കിണറുകളുടെയും ദൂരപരിധിക്കുള്ളിൽ വരുന്ന സെപ്റ്റിക് ടാങ്കുകളും കക്കൂസ് കുഴികളും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതിചെയ്യുന്ന പൊതു കിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണം, സംരക്ഷണം എന്നിവയ്ക്കുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. കുളങ്ങൾ വൃത്തിയാക്കൽ, ചെളിയെടുക്കൽ, ആഴം കൂട്ടൽ തുടങ്ങിയ പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നുണ്ട്. കൂടാതെ ഗ്രാമപഞ്ചാത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും കുളങ്ങളും കിണറുകളും പുനരുദ്ധരിക്കുന്നതിന് തനത് ഫണ്ട്, റോഡിതര മെയിന്റനൻസ് ഫണ്ട്, വരൾച്ചാദുരിതാശ്വാസ ഫണ്ട് എന്നിവ ഉപയോഗിക്കുന്നുണ്ട്.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 340(എ) പ്രകാരം ചവറോ മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ ജലാശയങ്ങളിലും

ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നത് നിരോധിച്ചിട്ടുണ്ട്. ജലാശയങ്ങൾ മലിനമാക്കുന്നത് തടയുന്നതിനും അത്തരം പ്രവൃത്തി ചെയ്യുന്നവരെ കണ്ടെത്തുന്നതിനുമായി നഗരസഭ ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് ആയതിനെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**കാളിക്കടവ് തടയണ നിർമ്മാണം**

198 (3467) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി നഗരസഭ, തൃക്കടീരി, അനങ്ങനടി, ചളവറ പഞ്ചായത്തുകളിലെ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കാൻ ജലവിഭവ വകുപ്പ് നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനായിട്ടുള്ള കാളിക്കടവിലെ സ്ഥിരം തടയണ നിർമ്മാണത്തിന്റെ പ്രവൃത്തി എന്ന് തുടങ്ങി; എത്ര തുക നാളിതുവരെ ചെലവാക്കി; ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എന്നത്തേയ്ക്ക് പണി പൂർത്തീകരിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത തടയണ നിർമ്മാണത്തിൽ നാളിതുവരെ ഭാഗഭാക്കായ ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥർ ആരെല്ലാമെന്നും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്ന പ്രസ്തുത പ്രവൃത്തിയിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി)പ്രസ്തുത തടയണ പണികൾ പൂർത്തീകരിക്കാൻ ഇനിയും എത്ര തുക വേണ്ടിവരുമെന്നും ഇത് അനുവദിച്ചുകിട്ടാനായി ഇറിഗേഷൻ വകുപ്പ് എന്ത് നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ചെർപ്പുളശ്ശേരി നഗരസഭ, അനങ്ങനടി പഞ്ചായത്ത് എന്നിവിടങ്ങളിലാണ് കേരള വാട്ടർ അതോറിറ്റി ജലവിതരണം നടത്തുന്നത്. ഇവ രണ്ടും ജലശുദ്ധീകരണശാലയില്ലാത്ത ചെറിയ ജലവിതരണ പദ്ധതികളാണ്. ഇതിൽ ചെർപ്പുളശ്ശേരി നഗരസഭയിൽ നിലവിലെ ഊറ്റുകിണറിൽനിന്നും വേണ്ടത്ര വെള്ളം ലഭ്യമല്ലാത്തതിനാൽ പഴയ കിണർ കൂടി ഉപയോഗപ്പെടുത്തി ജലവിതരണം മെച്ചപ്പെടുത്താനുള്ള പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ട്.

അനങ്ങനടി പഞ്ചായത്തിൽ നിലവിൽ 3 കുഴൽക്കിണറുകളിൽ നിന്നുമാണ് ജലവിതരണം നടത്തുന്നത്. ആവശ്യമായ ഘട്ടങ്ങളിൽ അധിക ഷിഫ്റ്റ് ഏർപ്പെടുത്താൻ മാത്രമാണ് സാധിക്കുന്നത്. തൃക്കടീരി, ചളവറ പഞ്ചായത്തുകളിൽ നിലവിൽ ജലവിതരണം നടത്തുന്നത് ഗുണഭോക്താക്കളുടെ സമിതികളാണ്. ചെർപ്പുളശ്ശേരി നഗരസഭ, തൃക്കടീരി, അനങ്ങനടി, ചളവറ പഞ്ചായത്തുകൾക്കായി ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് 6520 ലക്ഷം രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും 4604 ലക്ഷം രൂപയ്ക്ക് അനുമതി നൽകുകയുമുണ്ടായി. തുടർന്ന് 4604 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ജലശുദ്ധീകരണശാല 4 പഞ്ചായത്തുകളിലും ഉന്നതതല ജലസംഭരണി, ഇവയിലേക്കുള്ള പമ്പിംഗ് മെയിൻ എന്നിവയാണ് ഈ പ്രോജക്ടിന്റെ ഘടകങ്ങൾ. ഇവയ്ക്കുള്ള സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളു.

(ബി) മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് പഞ്ചായത്തിൽ തൂതപ്പുഴയ്ക്ക് കുറുകെ കാളിക്കടവിൽ ഒരു തടയണയുടെ നിർമ്മാണത്തിനുവേണ്ടി വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തുകയും തടയണയുടെ ഡിസൈൻ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(സി) തടയണ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ഡി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ ഏകദേശം 400 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

**അമ്പലപ്പാറ, തച്ചനാട്ടുകര കുടിവെള്ള പദ്ധതികൾ**

199 (3468) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ അമ്പലപ്പാറ, തച്ചനാട്ടുകര കുടിവെള്ള പദ്ധതികൾക്കായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദീകരണം നൽകാമോ;

(സി) പ്രസ്തുത കുടിവെള്ള പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ നടത്തി റിപ്പോർട്ട് സമർപ്പിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ അമ്പലപ്പാറ പഞ്ചായത്തിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതിക്ക് വേണ്ടി 10 കോടി രൂപയും മണ്ണാർക്കാട് താലൂക്കിലെ തച്ചനാട്ടുകര, ആലനല്ലൂർ, കൊട്ടോപ്പടം എന്നീ പഞ്ചായത്തിലേക്കുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതിക്കായി 22 കോടി രൂപയും 2016-17-ലെ ബജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) പ്രസ്തുത പദ്ധതികൾക്കായുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജലഗുണനിലവാര പരിശോധനയ്ക്കായി സംവിധാനങ്ങൾ**

200 (3469) <u>ശ്രീ.അൻവർ സാദത്ത്:</u>

<u>ശ്രീ. അടൂർ പ്രകാശ്:</u>

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>

<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗുണനിലവാര പരിശോധനയ്ക്കായി വാട്ടർ അതോറിറ്റിക്ക് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ലാബുകൾ പ്രവർത്തിക്കുന്നുണ്ടോ; വിവരിക്കുമോ;

(സി)ജലഗുണനിലവാര പരിശോധനയ്ക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്, വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പരിശോധനാ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിവരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ശുദ്ധജല ഗുണനിലവാര പരിശോധനയ്ക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 14 ജില്ലാതല ലാബുകളും 33 സബ്ഡിവിഷണൽ ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും ഇപ്പോൾ പ്രവർത്തിച്ച് വരുന്നുണ്ട്.

മേൽപ്പറഞ്ഞ ലാബുകളിലെ ഉദ്യോഗസ്ഥർ നിശ്ചിത സമയങ്ങളിൽ വാട്ടർ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനാ ലാബുകളിൽ ഇൻഡ്യൻ

സ്റ്റാൻഡേർഡ് അനുശാസിക്കുന്ന രീതിയിൽ ഗുണനിലവാര പരിശോധന നടത്തി ഫലം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിച്ച് വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലെ കിണറുകൾ, ട്യൂബ് വെല്ലുകൾ, നദികൾ എന്നിവയിൽനിന്നും മറ്റും സാമ്പിളുകൾ ശേഖരിച്ച് അവയുടെ ഗുണനിലവാരം പരിശോധിച്ച് പരിശോധനാഫലം IMIS വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി വരുന്നുണ്ട്.

(ബി) ശുദ്ധജല ഗുണനിലവാര പരിശോധനയ്ക്കുവേണ്ടി 14 ജില്ലാതല ലാബുകളും 33 സബ്ഡിവിഷണൽ ലാബുകളും പ്രവർത്തിച്ചുവരുന്നു.

<u>ആലപ്പുഴ</u>

ജില്ലാതല ലാബ് -1

സബ്ഡിവിഷണൽ ലാബ് -1

<u>എറണാകുളം</u>

സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് -1

ജില്ലാതല ലാബ് -1

സബ്ഡിവിഷണൽ ലാബ് -3

(മൂവാറ്റുപുഴ, ആലുവ, നെട്ടൂർ)

<u>ഇടുക്കി</u>

ജില്ലാതല ലാബ് -1

സബ്ഡിവിഷണൽ ലാബ് -2

(പൈനാവ്, തൊടുപുഴ)

<u>കണ്ണൂർ</u>

ജില്ലാതല ലാബ് -1

സബ്ഡിവിഷണൽ ലാബ് -1

<u>കാസർഗോഡ്</u>

ജില്ലാതല ലാബ് -1

സബ്ഡിവിഷണൽ ലാബ് -2

(കാസർഗോഡ്, കാഞ്ഞങ്ങാട്)

<u>കൊല്ലം</u>

ജില്ലാതല ലാബ് -1

സബ്ഡിവിഷണൽ ലാബ് -4

(കോട്ടയം, വൈക്കം, പെരുന്ന, ഏറ്റുമാനൂർ)

<u>കോഴിക്കോട്</u>

ജില്ലാതല ലാബ് -1

സബ്ഡിവിഷണൽ ലാബ് -2

(കോഴിക്കോട്, വടകര)

<u>മലപ്പുറം</u>

ജില്ലാതല ലാബ് -1

സബ്ഡിവിഷണൽ ലാബ് -5

(നിലമ്പൂർ, മലപ്പുറം, മഞ്ചേരി, പരപ്പനങ്ങാടി, പെരിന്തൽമണ്ണ)

<u>പാലക്കാട്</u>

ജില്ലാതല ലാബ് -1

സബ്ഡിവിഷണൽ ലാബ് -3

(ചിറ്റൂർ, ഷൊർണ്ണൂർ, പാലക്കാട്)

<u>പത്തനംതിട്ട</u>

ജില്ലാതല ലാബ് -1

സബ്ഡിവിഷണൽ ലാബ് -1

(തിരുവല്ല)

<u>തിരുവനന്തപുരം</u>

ജില്ലാതല ലാബ് -1

സബ്ഡിവിഷണൽ ലാബ് -1

തൃശ്ശൂർ

ജില്ലാതല ലാബ് -1

സബ്ഡിവിഷണൽ ലാബ് -3

(തൃശ്ശൂർ, നാട്ടിക, ഇരിങ്ങാലക്കുട)

വയനാട്

ജില്ലാതല ലാബ് -1

സബ്ഡിവിഷണൽ ലാബ് -4

(മാനന്തവാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി-2)

(സി) വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ജില്ലാ ലാബുകൾ വഴി കുടിവെള്ളവിതരണ പദ്ധതിയുടെ വിതരണ ശൃംഖലയിൽനിന്നും ശുദ്ധീകരണശാലയിൽനിന്നും കുടിവെള്ള സാമ്പിളുകൾ എടുത്ത് ഫിസിക്കൽ, കെമിക്കൽ, ബാക്ടീരിയോളജിക്കൽ പരിശോധനകൾ നടത്തിവരുന്നു. ഇതുകൂടാതെ ഈ ലാബുകളിൽ പൊതുജനങ്ങൾക്കും ശുദ്ധജലഗുണനിലവാര പരിശോധനക്ക് ജലസാമ്പിളുകൾ കൊണ്ടുവരാവുന്നതാണ്. നിശ്ചിത ഫീസ് അടച്ചാൽ ജലഗുണനിലവാരം പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. ഗ്രാമീണമേഖലയിലെ കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സാമ്പിളുകൾ ശേഖരിക്കുകയും വാട്ടർ അതോറിറ്റിയുടെ സബ് ഡിവിഷണൽ ലാബുകളിൽനിന്നും പരിശോധനാഫലം www.indiawater.gov.in എന്ന വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തു വരുന്നു.

(ഡി) പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ വേണ്ട പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു.

**കുഞ്ഞിമംഗലം, ചെറുതാഴം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി**

201 (3470) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന കുഞ്ഞിമംഗലം, ചെറുതാഴം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മുഖേന സമർപ്പിച്ച വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദമാക്കാമോ?

<u>ഉത്തരം</u>

കുഞ്ഞിമംഗലം, ചെറുതാഴം എന്നീ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും ഏഴിമല നാവിക അക്കാദമിയിലേക്കും കുടിവെള്ളം എത്തിക്കുന്നതിനായി, കേരള വാട്ടർ അതോറിറ്റി 4400 ലക്ഷം രൂപയുടെ സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കി, ഫണ്ടിന്റെ ലഭ്യത പരിശോധിച്ചുവരുന്നു.

**പൈപ്പുകളുടെ പൊട്ടലുകൾ പരിഹരിക്കാൻ കാലതാമസം**

202 (3471) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിർഗ്ഗമനക്കുഴലുകൾക്കുണ്ടാകുന്ന തകരാറുകൾ പരിഹരിക്കാൻ നിലവിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഇവരുടെ പ്രവർത്തനം തൃപ്തികരമാണോ;വിശദമാക്കാമോ;

(ബി) പൈപ്പുകളുടെ പൊട്ടലുകൾ പരിഹരിക്കാൻ കാലതാമസം നേരിടുകയോ ചിലപ്പോൾ പരിഹരിക്കാതിരിക്കുകയോ ചെയ്യുന്ന അവസ്ഥ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) തകരാറുകൾ യഥാസമയം പരിഹരിക്കാൻ കുറ്റമറ്റ പുതിയ സംവിധാനത്തിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് അടിയന്തരമായി നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വാട്ടർ അതോറിറ്റിയിലെ ജലവിതരണ കുഴലുകളിലുണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനുവേണ്ടി കരാർ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടപ്പിലാക്കിവരുന്നു. എന്നാൽ ചില മേഖലകളിൽ പണികൾ ഏറ്റെടുത്തിരിക്കുന്ന കരാറുകാർ കൃത്യസമയങ്ങളിൽ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ബി.എം.ബി.സി./കെ.ആർ.എഫ്.ബി./നാഷണൽ ഹൈവേ/ കെ.എസ്.റ്റി.പി. തുടങ്ങിയ ഉയർന്ന നിലവാരത്തിലുള്ള റോഡുകൾ അറ്റകുറ്റപ്പണികൾക്കായി പൊളിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് ചില ഘട്ടങ്ങളിൽ കാലതാമസം വരുന്നതിന്റെ ഭാഗമായി ഈ റോഡുകളിലെ പൈപ്പുകളുടെ പൊട്ടലുകൾ പരിഹരിക്കാൻ കാലതാമസം വരാറുണ്ട്. എന്നാൽ ഇത്തരം ഡിപ്പാർട്ട്മെന്റുകളുമായി സഹകരിച്ചുകൊണ്ട് റോഡ് കട്ടിംഗ് സാങ്ഷനുകൾ ദ്രുതഗതിയിൽ ലഭ്യമാക്കി പൊട്ടലുകൾ പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം പുനഃസ്ഥാപിക്കുന്നുണ്ട്.

(സി) കരാർ വ്യവസ്ഥയിൽ നടപ്പാക്കുന്ന അറ്റകുറ്റപ്പണികളുടെ കാലതാമസം ഒഴിവാക്കി അതോറിറ്റി നേരിട്ട് തന്നെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി ബ്ലൂ ബ്രിഗേഡ് സംവിധാനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുടിവെള്ളക്ഷാമം**

203 (3472) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴ വളരെ കുറഞ്ഞ സാഹചര്യത്തിൽ വേനൽ രൂക്ഷമാകുമെന്നും കടുത്ത കുടിവെള്ള ക്ഷാമം ഉണ്ടാകുമെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിവെള്ളക്ഷാമവും വരൾച്ചയും നേരിടുന്നതിന് എന്തെല്ലാം പദ്ധതികളാണ് മുൻകൂർ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജലസ്രോതസ്സുകൾ, കിണറുകൾ എന്നിവ റീ -ചാർജ്ജ് ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(സി) സംസ്ഥാനത്ത് മഴയുടെ ലഭ്യത കുറവുമൂലം ഉണ്ടാകുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ദീർഘ കാലാടിസ്ഥാനത്തിൽ എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ)ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കാലവർഷത്തിൽ കുറവുണ്ടായ പശ്ചാത്തലത്തിൽ വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാധ്യത പരിഗണിച്ച് വേണ്ട മുൻകരുതൽ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും ഇറിഗേഷൻ, വൈദ്യുതി എന്നീ വകുപ്പുകളുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കുന്നതിനും അടിക്കടിയുള്ള ചോർച്ചമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനും ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനും വാട്ടർ അതോറിറ്റിയുടെ കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾ വഴി

ആവശ്യഘട്ടങ്ങളിൽ പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിനും പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പുസെറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും ആവശ്യമാകുന്നപക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടികൾ സ്വീകരിക്കുന്നതിനും ജല ശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജലലഭ്യത ഉറപ്പ് വരുത്തുന്നതിനും ഉദ്ദേശിക്കുന്നു.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ഭൂജല വകുപ്പ് മുഖേന ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കുഴൽക്കിണർ/ട്യൂബുകൾ നിർമ്മിച്ച് 50 മുതൽ 100 കുടുംബങ്ങൾക്ക് ഗുണപ്രദമാക്കുന്ന ജലവിതരണ പദ്ധതികളാണ് നടപ്പിലാക്കുന്നത്. തുറന്ന കിണറിന്റെ സാധ്യതകളില്ലാത്ത സ്ഥലങ്ങളിലും മലയോര പ്രദേശങ്ങളിലും ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതുമൂലം വേനൽക്കാലത്ത് ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുവാൻ സാധിക്കും. പുതിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുപുറമേ കേടായി കിടക്കുന്ന ഹാന്റ് പമ്പുകൾ അറ്റകുറ്റപ്പണികൾ നടത്തി ഏകദേശം 10 കുടുംബങ്ങൾക്ക് ഗുണപ്രദമായ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. 14 ജില്ലകളിലായി 60 ചെറുകിട കുടിവെള്ള പദ്ധതികളും 32 ഹാന്റ്പമ്പ് സ്കീമും 106 കുഴൽക്കിണർ/ട്യൂബുകൾ നിർമ്മാണത്തിനും 2066 ഹാന്റ്പമ്പ് റിപ്പയറിനുള്ള സാങ്കേതിക അനുമതിയാണ് നൽകിയത്. ഇതിൽ 10 ചെറുകിട കുടിവെള്ള പദ്ധതികളും 44 കുഴൽക്കിണറുകളും 377 ഹാന്റ്പമ്പ് റിപ്പയറും 8 ഹാന്റ്പമ്പ് സ്കീമും പൂർത്തീകരിച്ചു. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ജലനിധി രണ്ടാം ഘട്ടപദ്ധതി KRWSA മുഖേന 115 പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. റീസ്ട്രക്ചർ (restructure) ചെയ്ത പദ്ധതിയനുസരിച്ച് 1358.53 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി 2018 ഡിസംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. ജലനിധി പദ്ധതികളുടെ ജലസ്രോതസ്സുകളിൽ കുടിവെള്ളലഭ്യത ഉറപ്പുവരുത്തുന്നതിന് ജലസംരക്ഷണം, ഭൂജല പരിപോഷണം എന്നീ കർമ്മ പദ്ധതികളും ജലനിധി ആവിഷ്കരിച്ചിട്ടുണ്ട്. കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കർമ്മ പരിപാടികൾ നടപ്പാക്കിവരുന്നു.

ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി കുളങ്ങളുടെ നവീകരണം, നീർച്ചാലുകളുടെ പുനരുദ്ധാരണം എന്നിവ ആദ്യ ഘട്ടത്തിൽ നിർവ്വഹിക്കുന്നതിന് ജലസേചന വകുപ്പ് ലക്ഷ്യമിടുന്നു.

(ബി) ജലസ്രോതസ്സുകൾ, കിണറുകൾ എന്നിവ റീ-ചാർജ്ജ് ചെയ്യുന്ന പദ്ധതികൾ ജല അതോറിറ്റി നടപ്പാക്കുന്നില്ല. എന്നാൽ നദികളിലെ ജലലഭ്യത ഉറപ്പാക്കാൻ ആവശ്യമായ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കുന്നുണ്ട്.

സംസ്ഥാനത്ത് ഭൂജലത്തിന്റെ സംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി ഭൂജലവകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനായി തടയണകൾ, അടിയണകൾ, കിണർ വഴിയുള്ള ഭൂജല സംപോഷണം എന്നിവ നടപ്പാക്കി വരുന്നു. ഇത്തരം കാര്യങ്ങളിൽ പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി ബോധവൽക്കരണപരിപാടികളും വകുപ്പ് സംഘടിപ്പിച്ചുവരുന്നു.

ജലസ്രോതസ്സുകൾ, കിണറുകൾ എന്നിവ റീ-ചാർജ്ജ് ചെയ്യുന്നതിന് പദ്ധതി ജലനിധി മുഖേന രൂപീകരിച്ചിട്ടുണ്ട്. ജലനിധി രണ്ടാംഘട്ടത്തിൽ ബാച്ച് ഒന്നിലും രണ്ടിലും 1465 സ്രോതസ്സുകളിൽ കിണറുകൾ റീ-ചാർജ്ജ് ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിൽ 1089 എണ്ണം 15-10-2016-നുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

നദികളിലും മറ്റുപ്രധാന ജല നിർഗ്ഗമന ചാലുകളിലും നിർമ്മിക്കുന്ന തടയണകളുടെ സഹായത്തോടെ ഭൂഗർഭ ജലവിതാനം നിലനിർത്തുന്നത് ജലസ്രോതസ്സുകളിലെ ജലവിതാനം നിലനിർത്തുന്നതിന് സഹായിക്കുന്നു. കിണറുകൾ റീ-ചാർജ്ജ് ചെയ്യുന്ന പ്രവർത്തനം സർക്കാർ/സർക്കാരിതര സംഘടനകൾ വഴിയും കിണറിന്റെ ഉടമസ്ഥർ നേരിട്ടും നിർവ്വഹിച്ചുവരുന്നു.

(സി) കുടിവെള്ള വിതരണത്തിനായി സ്ഥിരമായി ജലലഭ്യതയുള്ള നദികളും റിസർവോയറുകളും സ്രോതസ്സാക്കി സമഗ്ര കുടിവെള്ള പദ്ധതികളാണ് ജല അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. ഇതുവഴി വേനൽക്കാലത്ത് കിണറുകളും മറ്റ് ഭൂഗർഭ സ്രോതസ്സുകളിലെ ജലവിതാനം താഴുന്നതുമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കാനാവും.

ഭൂജല വകുപ്പ് സംസ്ഥാനത്ത് നിലവിലുള്ള ജലലഭ്യത കൂടുതലുള്ള കുഴൽക്കിണറുകൾ കണ്ടെത്തി വിവരശേഖരണം നടത്തിവരുന്നു. വരൾച്ചാകാലത്ത് ഇത്തരം കിണറുകളിൽനിന്നും ജലം ലഭ്യമാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.

ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പഞ്ചായത്തിനും ജലസുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. ജലനിധി പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളിൽ കുടിവെള്ളലഭ്യത ഉറപ്പുവരുത്തുന്നതിനായി ഭൂജല പരിപോഷണപദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സുസ്ഥിര കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിന് സാധ്യമായ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ ബൃഹദ് പദ്ധതികളിൽനിന്നും കുടിവെള്ളം ബൾക്കായി വാങ്ങി ജലനിധി മാതൃകയിൽ വിതരണം നടത്തുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ മൾട്ടി ജി.പി. ബൃഹദ് പദ്ധതികൾ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടത്തി സമീപ പഞ്ചായത്തുകൾക്ക് ജലനിധി മാതൃകയിൽ ജലവിതരണം നടത്തുന്ന ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പാക്കിവരുന്നു.

**കുടിവെള്ളത്തിന് ഗാർഹിക കണക്ഷൻ**

204 (3473) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അനിൽ അക്കര:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി.ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമയബന്ധിതമായി കുടിവെള്ളത്തിന് ഗാർഹിക കണക്ഷൻ നൽകുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഒരു വർഷം നല്കുന്ന ഗാർഹിക കണക്ഷനുകൾ എത്രയാണെന്ന് വിശദമാക്കുമോ;

(സി) നൽകുന്ന ഗാർഹിക കണക്ഷനുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിവരിക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്, വിശദമാക്കുമോ?

ഉത്തരം

(എ) ഗാർഹിക കണക്ഷൻ നൽകാനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് സമയബന്ധിതമായി കണക്ഷൻ നൽകുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ച KWA/HO/RMC/R1/1088/2013

dated 16-7-2013-ലെ ഉത്തരവ് പ്രകാരം കണക്ഷൻ നൽകിവരുന്നു. കണക്ഷൻ നടപടികൾ ലഘൂകരിക്കുന്നതിലൂടെയും ജല അതോറിറ്റി തന്നെ കണക്ഷൻ നേരിട്ട് നൽകുന്നതിലൂടെയും കണക്ഷനുകൾ വേഗത്തിൽ നൽകാനും പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരമാവധി കുറയ്ക്കുവാനും സാധിക്കും. കൂടാതെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ്/റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് എന്നിവയുടെ അഭാവത്തിൽ ഇ.പി.ഐ.സി./ആധാർ/എൻ.പി.ആർ./റേഷൻകാർഡ് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ കോപ്പി നൽകിയാൽ അപേക്ഷാഫാം ലഭ്യമാകും. കൂടാതെ അതാതുമാസങ്ങളിൽ ലഭ്യമാകുന്ന അപേക്ഷകളിൽ മുൻഗണനാക്രമത്തിൽ കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ നൽകാൻ കമ്പ്യൂട്ടർ സേവനം ഉപയോഗിച്ചുവരുന്നു. എല്ലാ മാസവും കൊടുക്കുന്ന കണക്ഷനുകളുടെ എണ്ണം കൃത്യമായി വിലയിരുത്തുകയും ഓഫീസുകൾക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകുകയും ചെയ്യുന്നു.

(ബി) സംസ്ഥാനത്ത് 2015-16 കാഘട്ടത്തിൽ 108969 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(സി&ഡി)ഉണ്ട്. പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെയും നിലവിലുള്ള പദ്ധതികളുടെ വിപുലീകരണത്തിലൂടെയും കൂടുതൽ സ്ഥലങ്ങളിൽ കുടിവെള്ളം എത്തുകയും അതുവഴി ഗാർഹിക കണക്ഷനുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിക്കും. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ 10 ലക്ഷം കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്.

### ജലസ്രോതസ്സുകളിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ പദ്ധതി

205 (3474) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമ നഗര വ്യത്യാസമില്ലാതെ ധാരാളം ജലസംഭരണികളും ജലസ്രോതസ്സുകളും മാലിന്യകൂമ്പാരങ്ങളായി മാറിയിരിക്കുന്ന ദുരവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ടി ജലസ്രോതസ്സുകളിൽനിന്നും ഖര, ദ്രവ്യ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി എന്തെങ്കിലും സമഗ്ര പദ്ധതി ആലോചനയിലുണ്ടോ; ഉണ്ടങ്കിൽ വിശദാംശം നൽകുമോ;

(സി) ഇത്തരം പ്രവർത്തനങ്ങളിൽ പഞ്ചായത്ത് തലത്തിൽ തദ്ദേശസ്വയംഭരണം, ജലസേചനം, കൃഷി, ആരോഗ്യ വകുപ്പുകളുടെ ഏകോപനത്തിനായി സർക്കാർ നിർദ്ദേശമുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ-സി) ഉണ്ട്. ജലമലിനീകരണവുമായി ബന്ധപ്പെട്ട നടപടികൾ കൈക്കൊള്ളേണ്ടത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ്.

ജലസ്രോതസ്സുകളുടെ സുരക്ഷയ്ക്കായി സംസ്ഥാന സർക്കാർ ശുചിത്വം- മാലിന്യ സംസ്കരണം എന്നീ മേഖലയിൽ പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് പുതുതായി 'ഹരിതകേരളം' എന്ന പദ്ധതിക്ക് ലക്ഷ്യമിട്ടിട്ടുണ്ട്.

**റബ്ബർ പ്ലാന്റേഷൻ മേഖലയിലെ തൊഴിൽരാഹിത്യം**

206 (3475) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവുമൂലം സംസ്ഥാനത്തെ റബ്ബർ പ്ലാന്റേഷൻ മേഖലയിൽ ഉണ്ടായിട്ടുള്ള തൊഴിൽ രാഹിത്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടാപ്പിംഗ് കാലാവധി കഴിഞ്ഞതിനാൽ ടാപ്പ് ചെയ്യാത്തതുമൂലം റബ്ബർ മരങ്ങൾ ഉണങ്ങിപ്പോകുന്നതിനാൽ ടാപ്പിംഗ് തൊഴിലാളികൾക്കും മരം മുറിക്കൽ രംഗത്തെ തൊഴിലാളികൾക്കും മരം മുറിച്ചു മാറ്റി പുതിയ തൈകൾ വയ്ക്കാത്തതിനാൽ മറ്റ് തൊഴിലാളികൾക്കും ഒരേ പോലെ തൊഴിൽ നഷ്ടമാകുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതുസംബന്ധിച്ച് സംസ്ഥാനത്ത് ഈ മേഖലയിൽ നിൽക്കുന്ന തൊഴിലാളി യൂണിയനുകൾ നൽകിയ പരാതികളിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ മിക്ക പ്ലാന്റേഷനുകളും സർക്കാർ ഭൂമി പാട്ടത്തിനെടുത്തതും കാലാവധി കഴിഞ്ഞുനിൽക്കുന്നതുമാകയാൽ സർക്കാർ മുൻകൈ എടുത്ത് ഈ പ്രശ്നം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്നതാണ്.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## തൊഴിൽ അന്വേഷകർക്ക് നൂതന സാങ്കേതിക മേഖലകളിൽ പ്രത്യേക പരിശീലനം

207 (3476) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലെ തൊഴിൽ വിപണി ലക്ഷ്യം വച്ച് നൂതന സാങ്കേതിക മേഖലകളിൽ തൊഴിൽകാംക്ഷികൾക്ക് പ്രത്യേക പരിശീലനം നൽകുവാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ;

(ബി) തൊഴിൽ അന്വേഷകരുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്താൻ പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നുണ്ടോ;

(സി) പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) വിദേശരാജ്യങ്ങളിലെ തൊഴിൽ വിപണി ലക്ഷ്യം വച്ചുകൊണ്ട് വ്യാവസായിക മേഖലയ്ക്കനുസൃതമായ രീതിയിൽ തൊഴിൽ ശക്തി പ്രദാനം ചെയ്യുന്നതിനായി വിവിധ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന നടപ്പിലാക്കിവരുന്ന വിവിധ മികവിന്റെ കേന്ദ്രങ്ങൾ (സെന്റർ ഫോർ എക്സലൻസ്) ചുവടെ ചേർക്കുന്നു:

1. NICE (Nursing Institute for Career Enhancement)

നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ 2-7-2015 മുതൽ പ്രവർത്തിച്ചുവരുന്നു.

2. CATS (Centre for Advanced Training in Security)

സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിൽ കിൻഫ്രയിൽ 29-9-2015 മുതൽ പ്രവർത്തിച്ചുവരുന്നു.

3. ESPOIR (Enlighten Skills Program for Oil & Rig)

ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ ESPOIR (Enlighten Skills Program for Oil & Rig) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 6-12-2015 മുതൽ പ്രവർത്തിച്ചുവരുന്നു.

4. CRETT (Centre for Research in Education & Teacher Training)

ടീച്ചിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT (Centre for Research in Education & Teacher Training) കോഴിക്കോട് ജില്ലയിലെ വെള്ളിപറമ്പിലെ സദ്ഭാവന ക്യാമ്പസിൽ 2-2-2016-ന് പ്രവർത്തനം ആരംഭിച്ചു.

5. CEED (Centre for Excellence in Enterpreneurship Development)

തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്ക് വേണ്ടി Enterpreneurship Development India, Ahmadabad എന്ന സ്ഥാപനവുമായി ചേർന്ന് CEED (Centre for Excellence in Enterpreneurship Development) എന്ന മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു.

6. IIIC (Indian Institute of Infrastructure & Construction)

കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ IIIC (Indian Institute of Infrastructure & Construction) നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. IIIC-ൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് & മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യവികസനത്തിനുതകുന്ന കോഴ്സുകളും ലഭ്യമാക്കുന്നുണ്ട്. ഐ.ടി.ഐ. സർട്ടിഫിക്കറ്റ്/ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പുവരുത്താൻ IIIC-യിലൂടെ സാധിക്കും. ബിൽഡിംഗ് കൺസ്ട്രക്ഷൻ അക്കാദമി ഓഫ് സിംഗപ്പൂർ, നാഷണൽ കൺസ്ട്രക്ഷൻ കോളേജ് ഓഫ് യുണൈറ്റഡ് കിംഗ്ഡം തുടങ്ങിയ അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ അതേ നിലവാരത്തിലുള്ള പഠന സൗകര്യങ്ങളാണ് IIIC-ൽ ഒരുക്കുന്നത്. ഇതിനായി ഓപ്പറേറ്ററെ കണ്ടെത്തി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പുതുതായി ആർക്കിടെക്ചർ ആന്റ് ഇന്റീരിയർ ഡിസൈൻ, ആട്ടോമോട്ടീവ്, ആയുർവ്വേദ, ബ്യൂട്ടി ആന്റ് വെൽനെസ്, ഡേറ്റാ അനാലിറ്റിക്സ്, ജെംസ് ആന്റ് ജ്വല്ലറി, ഹൈടെക് ഓട്ടോമേഷൻ ആന്റ് മെക്കാട്രോണിക്സ്, മീഡിയ ആന്റ് എന്റർടെയിൻമെന്റ്, ഫിസിയോതെറാപ്പി, റീട്ടെയിൽ, റോബോട്ടിക്സ്, സ്പോർട്സ്, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, വെയിസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് എന്നിവയിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്. പ്രസ്തുത പദ്ധതികളുടെ ഉദ്ദേശലക്ഷ്യം അതാത് മേഖലകളിൽ തൊഴിൽ അന്വേഷകരുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുകയും അതുവഴി തൊഴിൽ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ്.

**നിർത്തലാക്കിയ ട്രേഡുകൾ തുടരുന്നതിന് നിർദ്ദേശം**

208 (3477) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് & ട്രെയിനിംഗിന്റെ നിർദ്ദേശ പ്രകാരം ഏതെല്ലാം ട്രേഡുകൾ നിർത്തലാക്കിയതായി തൊഴിൽ പരിശീലന വകുപ്പിന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്;

(ബി) ഡ്രൈവർ -കം- മെക്കാനിക് ട്രേഡ് 2016 ആഗസ്റ്റ് മുതൽ തുടരുന്നതിന് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിൽ നിന്ന് തുടർന്ന് നിർദ്ദേശം ലഭിച്ചിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ചുവടെ ചേർത്തിട്ടുള്ള 20 ട്രേഡുകൾ നിർത്തലാക്കുന്നതിന് ഡി.ജി.ഇ.റ്റി.-യുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

1. മെക്കാനിക് റിപ്പയർ & മെയിന്റനൻസ് ഓഫ് ത്രീവിലേഴ്സ്
2. മെക്കാനിക് റിപ്പയർ & മെയിന്റനൻസ് ഓഫ് ഹെവി വെഹിക്കിൾസ്
3. മെക്കാനിക് റിപ്പയർ & മെയിന്റനൻസ് ഓഫ് ലൈറ്റ് വെഹിക്കിൾസ്
4. മറൈൻ ഡീസൽ
5. ഡ്രൈവർ കം മെക്കാനിക്
6. സാനിട്ടറി ഹാർഡ് വെയർ ഫിറ്റർ
7. മെക്കാനിക് റേഡിയോ & ടി.വി.

8. മെക്കാനിക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ്

9. മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ്

10. മെക്കാനിക് കമ്മ്യൂണിക്കേഷൻ എക്യുപ്മെന്റ് മെയിന്റനൻസ്

11. മെക്കാനിക് കം ഓപ്പറേറ്റർ ഇലക്ട്രോണിക്സ് കമ്മ്യൂണിക്കേഷൻ സിസ്റ്റം

12. കെയ്ൻവില്ലോ & ബാംബൂ വർക്ക്സ്

13. ഡാറ്റാ എൻട്രി ഓപ്പറേറ്റർ

14. ഓഫീസ് അസിസ്റ്റന്റ് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ

15. മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ് വെയർ

16. നെറ്റ് വർക്കിംഗ് ടെക്നീഷ്യൻ

17. പ്ലേറ്റ് മേക്കർ ഇംപോസിറ്റർ (നോൺ എഞ്ചിനീയറിംഗ്)

18. ലിത്തോ ഓഫ് സെറ്റ് മെഷീൻ മിന്റർ (നോൺ എഞ്ചിനീയറിംഗ്)

19. വീവിംഗ് ഓഫ് വൂളൻ ഫാബ്രിക്സ്

20. ക്രാഫ്റ്റ് സ്മാൻ ഫുഡ് പ്രൊഡക്ഷൻ (വെജിറ്റേറിയൻ)

(ബി) ലഭിച്ചിരുന്നു. 21-06-2016 തീയതിയിലെ എം.എസ്.ഡി.ഇ. 19/10(03) 2016-(1) നമ്പരായ ഡി.ജി.റ്റി.-യിൽനിന്നുള്ള കത്ത് പ്രകാരം സർക്കാർ/സ്വകാര്യ ഐ.ടി.ഐ.-കളിൽ (എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭ്യമായ) 2016 ആഗസ്റ്റ് മുതൽ 6 മാസക്കാല ട്രേഡായ 'ഡ്രൈവർ കം മെക്കാനിക്'-ൽ പ്രവേശനം നടത്തുന്നതിനുള്ള നിർദ്ദേശം ലഭ്യമായിട്ടുണ്ട്.

**ഇ.എസ്.ഐ. ആശുപത്രികളിൽ ഇൻസുലിൻ ക്ഷാമം**

209 (3478) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ആശുപത്രികളിൽ രോഗികൾക്ക് നൽകുന്ന ഇൻസുലിൻ ലഭ്യമായിട്ട് മാസങ്ങളായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച്എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) രോഗികൾ നേരിട്ട് ഇൻസുലിൻ വാങ്ങി ബിൽ ഹാജരാക്കിയാൽ പണം കിട്ടാൻ മാസങ്ങളും വർഷങ്ങളുമാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സാഹചര്യത്തിൽ അവശ്യ മരുന്നായ ഇൻസുലിൻ എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും മുടക്കം കൂടാതെ ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

**ഇതരസംസ്ഥാന തൊഴിലാളികൾ**

210 (3479) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികൾക്ക് എന്തെല്ലാം ക്ഷേമ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ കേരള' നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളിലൊന്നാണ് 'അപ്നാഘർ' പദ്ധതി. ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആകെ ചെലവ് പ്രതീക്ഷിക്കുന്നത് 8 കോടി രൂപയാണ്. ഈ പദ്ധതിയുടെ നിർമ്മാണം 2016 ഒക്ടോബർ മാസത്തോടുകൂടി പൂർത്തിയാക്കാൻ കഴിയും. 768 പേർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണ് ഇതിൽ ഉദ്ദേശിക്കുന്നത്. ഈ മാതൃകയിൽ തിരുവനന്തപുരം/എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഒരു ക്ഷേമപദ്ധതി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ

കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി എന്ന പേരിൽ നടപ്പാക്കിവരുന്നു. 53136 തൊഴിലാളികൾ ഈ പദ്ധതിയിൽ അംഗമായിട്ടുണ്ട്. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് അപകടമരണ ധനസഹായം, അത്യാഹിതങ്ങൾക്ക് സഹായം, മാരക രോഗങ്ങൾക്ക് ധനസഹായം, ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, മൃതശരീരം നാട്ടിൽ എത്തിക്കുന്നതിനുള്ള ധനസഹായം, ചികിത്സാ ധനസഹായം, പ്രസവ ധനസഹായം എന്നിവ ലഭിക്കുന്നു.

(ബി&സി) ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. പദ്ധതിയുടെ പ്രാരംഭനടപടികളുടെ ഭാഗമായി ഐ.ടി. മിഷൻ, ചിയാക്ക്, അക്ഷയ, യു.ഐ.ഡി. എന്നീ ഏജൻസികളുമായും ആരോഗ്യം, ആഭ്യന്തരം, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടും അവലോകന യോഗങ്ങൾ നടന്നുവരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യാനും കഴിയും.

**ഇതരസംസ്ഥാന തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക്**

211 (3480) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ തൊഴിൽ ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് സർക്കാർ ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

<u>ഉത്തരം</u>

ഇതരസംസ്ഥാന തൊഴിലാളികളുടെ വിശദമായ കണക്കെടുപ്പ് തൊഴിൽ വകുപ്പ് നടത്തിയിട്ടില്ല. ആയതിനാൽ സംസ്ഥാനം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

**അപ്നാഘർ പദ്ധതി**

212 (3481) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. വി. ടി. ബൽറാം:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾക്കായി 'അപ്നാഘർ' പദ്ധതി

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര സഹായം തേടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിൽ ഒന്നാണ് അപ്നാഘർ പദ്ധതി. ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. പാലക്കാട് ജില്ലയിലെ കിൻഫ്ര പാർക്കിലാണ് ഇതിന്റെ ആദ്യ സ്കീമായ ഹോസ്റ്റലിന്റെ പണി നടന്നുവരുന്നത്. പാലക്കാട് ജില്ലയിലും പരിസരത്തും ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഡിസന്റ് ഹോസ്റ്റൽ അക്കോമഡേഷൻ ആണിത്. ഈ സ്കീമിന്റെ നിർമ്മാണം തൃശ്ശൂർ ഹെഡ് ഓഫീസിലുള്ള സർക്കാർ അംഗീകാരമുള്ള കോസ്റ്റ് ഫോർഡ് എന്ന സ്ഥാപനമാണ് നടത്തിവരുന്നത്. 2016 ഡിസംബർ 31-നകം പണി പൂർത്തിയായി ഇതരസംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കാൻ കഴിയുന്നതുമാണ് അപ്നാഘർ പദ്ധതി പാലക്കാട് സ്കീം. മൊത്തം 64 റൂമിൽ 768 പേർക്കുള്ള താമസസൗകര്യമാണ് ഒരുക്കുന്നത്. കൂടാതെ കെട്ടിടത്തിൽ 4 നിലയിലുമായി മൊത്തം 32 അടുക്കള, 96 ടോയ്‌ലെറ്റ്, 8 ഊണ് മുറി എന്നിവയും പ്രത്യേകം യൂറിനൽസും വിശാലമായി കുളിക്കാനുള്ള സൗകര്യവും ബാത്ത് ഷവറും വസ്ത്രം അലക്കുന്നതിനും ഉണക്കുന്നതിനുള്ള സൗകര്യവും ഉണ്ട്. വിശ്രമിക്കാനായി ഇരിക്കാനുള്ള ഇരിപ്പിടവും ഓരോ ഫ്ലോറിലും നൽകിയിട്ടുണ്ട്. കെട്ടിടവും പരിസരവും വൃത്തിയാക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പ്രത്യേക ഏജൻസിയെ ഏർപ്പെടുത്തും. ഇതരസംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് (മാസം/ആഴ്ച) നൽകുന്ന ഡീസന്റ് ഹോസ്റ്റൽ അക്കോമഡേഷൻ ആണ് തയ്യാറാക്കുന്നത്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലും ഇതരസംസ്ഥാന തൊഴിലാളികൾക്ക് അപ്നാഘർ പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചുവരുന്നു.

(ബി&സി) ഉദ്ദേശിക്കുന്നുണ്ട്.

**ഫറോക്ക് ഇ.എസ്.ഐ. റഫറൽ ആശുപത്രി**

213 (3482) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് ഇ.എസ്.ഐ. റഫറൽ ആശുപത്രിയിൽ ജീവനക്കാരുടെ കുറവ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി)) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവനക്കാരുടെ നിലവിലുള്ള ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ പുതുതായി സ്ഥാപിച്ച സി.റ്റി. സ്കാനിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിനായി വകുപ്പിലെ രണ്ട് ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം ടി ആശുപത്രിയിൽ നിയമിച്ചിരുന്നു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ടി ജീവനക്കാർ രണ്ട് OA ഫയൽ ചെയ്തിരുന്നു. ടി OA-കളിന്മേലുള്ള പൊതു വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 8-10-2016-ൽ ഒരു ഡോക്ടർ ജോലിക്ക് ഹാജരായിട്ടുണ്ട്. കോഴിക്കോട് ഫറോക്ക് ആശുപത്രി സംസ്ഥാന സർക്കാരിന് കീഴിലുള്ള മാതൃകാ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ പുരോഗമിച്ചുവരുന്നു. ആയതിന്റെ ഭാഗമായി സുസജ്ജമായ ഒരു ലേബർ റൂം ടി സ്ഥാപനത്തിൽ പ്രവർത്തിച്ചുവരുന്നു. ഇതിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി ഫറോക്ക് ആശുപത്രിയുടെ സമീപ പ്രദേശത്തെ ഡിസ്പെൻസറികളിൽ പ്രവർത്തിച്ചുവരുന്ന ആക്സിലറി നഴ്സ് മിഡ് വൈഫ്മാരെ റൊട്ടേഷൻ വ്യവസ്ഥയിൽ താൽക്കാലികമായി ഫറോക്ക് ആശുപത്രിയിലേക്ക് നിയമിച്ചിട്ടുണ്ട്. ആശുപത്രി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി കോഴിക്കോട് നിർമ്മിതി കേന്ദ്രം എസ്റ്റിമേറ്റ് തയ്യാറാക്കി ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആശുപത്രിയിലെ മലിനജലം ട്രീറ്റ് ചെയ്യുന്നതിനുള്ള വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് കോഴിക്കോട് നിർമ്മിതി കേന്ദ്രത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഫറോക്ക് മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സേവന-വേതന**

**വ്യവസ്ഥകൾ**

214 (3483) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സേവന - വേതന വ്യവസ്ഥകൾ ഉറപ്പ് വരുത്തുന്നതിനും ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പോലെ ഏതെങ്കിലും ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ വിശദമാക്കാമോ?

ഉത്തരം

(എ) തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമവേളയിൽ ഇരിക്കാനുമുള്ള സൗകര്യംകൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും ക്രെഷ്, ടോയ്‌ലെറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ചട്ടങ്ങളിൽ) ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/അഡ്ജ്യൂഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. 2014 മുതൽ നാളിതുവരെ 14 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മറ്റ് തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ, റിന്യൂവൽ, ഭേദഗതി എന്നിവയ്ക്ക് ഓൺലൈൻ സംവിധാനം മുഖേന അപേക്ഷിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (LCAS) നടപ്പിലാക്കിയിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കുകയും മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക്

വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈൻ ആയി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാനും കഴിയും. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണിമുതൽ വൈകുന്നേരം 7 മണി വരെ വിളിച്ച് പരിഹരിക്കാവുന്നതാണ്. എല്ലാ ഇൻസ്പെക്ടർമാർക്കും ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് (CUG) സിം കാർഡ് നൽകിയിട്ടുണ്ട്. ഹെൽപ്പ്ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് യഥാസമയം പരാതികൾ പരിഹരിക്കുന്നതിനും കഴിയുന്നു.

ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 17-12-15-ലെ ജി.ഒ. (ആർ.ടി.) 1717/15/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അവരുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകളും നടത്തുന്നു. ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ കേരള' നടപ്പിലാക്കിവരുന്ന ഭവനപദ്ധതികളിലൊന്നാണ് 'അപ്നാഘർ' പദ്ധതി. ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യസ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യാനും കഴിയും.

(ബി) ഇപ്പോൾ നിലവിലില്ല. ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

**അസംഘടിത മേഖലയിലെ തൊഴിലാളികളുടെ പരിശീലനം**

215 (3484) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിന് ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ സേവനം കൂടുതൽ മികവോടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി വിവിധ വിഭാഗം തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിനും സേവനം നൽകുന്നതിനായി സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

**അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹര്യവും വേതനവും**

216 (3485) ശ്രീ. കെ. ദാസൻ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ:
ശ്രീ. ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടകളിലും, വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും വേതനവും മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി)ഇതിനായി തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) അസംഘടിത തൊഴിലാളികൾക്ക് വിശ്രമവേളകളിൽ ഇരിക്കാനുള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം എന്നിവയുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ടി സ്ഥാപനങ്ങളിൽ പരിശോധനയും, ബോധവത്കരണവും നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമവേളകളിൽ ഇരിക്കാനുമുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും ക്രെഷ്, ടോയ്‌ലെറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961-ലെ

കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ചട്ടങ്ങളിൽ) ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാപദ്ധതിയും (ഇ-പെയ്മെന്റ്) വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/അഡ്ജുഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താറുണ്ട്. നിർമ്മാണ മേഖലയിൽ ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വിവിധ നിയമപ്രകാരമുള്ള സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥാപനപരിശോധനകൾ, സ്ക്വാഡ് ഇൻസ്പെക്ഷൻ, സ്പെഷ്യൽ ഡ്രൈവ് എന്നിവ നടത്തുന്നുണ്ട്. ഈ വർഷം നാളിതുവരെ 32118 സ്ഥാപന പരിശോധനകൾ നടത്തുകയും 11424 കാരണം കാണിക്കൽ നോട്ടീസ്, 4506 പ്രോസിക്യൂഷൻ, 614 ക്ലെയിം പെറ്റീഷൻ എന്നീ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ, റിന്യൂവൽ ഭേദഗതി എന്നിവയ്ക്ക് ഓൺലൈൻ സംവിധാനം മുഖേന അപേക്ഷിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (LCAS) നടപ്പിലാക്കിയിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കുകയും മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈൻ

ആയി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാനും കഴിയും. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണിമുതൽ വൈകുന്നേരം 7 മണി വരെ വിളിച്ച് പരിഹരിക്കാവുന്നതാണ്. എല്ലാ ഇൻസ്പെക്ടർമാർക്കും ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് (CUG) സിം കാർഡ് നൽകിയിട്ടുണ്ട്. ഹെൽപ്പ്ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് യഥാസമയം പരാതികൾ പരിഹരിക്കുന്നതിനും കഴിയുന്നു.

(സി) തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമവേളകളിൽ ഇരിക്കാനുമുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും ക്രെഷ്, ടോയ്ലെറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ചട്ടങ്ങളിൽ) ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താറുണ്ട്. ആയത് സംബന്ധിച്ചുള്ള പരസ്യപ്രചരണം എഫ്.എം. റേഡിയോ മുഖാന്തരം നൽകുന്നു.

**വർക്കല സിവിൽ സ്റ്റേഷനിൽ പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

217 (3486) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്കിലെ തൊഴിൽരഹിതരും, വിദ്യാർത്ഥികളും ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് ഏകദേശം 22 കിലോമീറ്റർ ദൂരെയുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പോകേണ്ടതായിട്ടുണ്ട് എന്നതും മത്സ്യത്തൊഴിലാളികളുടെയും കശുവണ്ടി തൊഴിലാളികളുടെയും കുട്ടികൾക്ക് ദീർഘദൂരം സഞ്ചരിച്ച് യഥാസമയം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാൻ സാധിക്കാതെ വരുന്നുണ്ട്എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മേൽ സാഹചര്യത്തിൽ വർക്കല സിവിൽ സ്റ്റേഷനിൽ ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ കുടിശ്ശിക**

218 (3487) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ കുടിശ്ശിക മൊത്തം കൊടുത്തുതീർത്തതുപ്രകാരം ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾ അടക്കം എത്ര ലക്ഷം പേർക്ക് ഇതിന്റെ ഗുണം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുപ്രകാരം എത്ര കോടി രൂപ വിതരണം ചെയ്തു ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ സർക്കാർ ധനസഹായത്തോടെ പെൻഷൻ വിതരണം നടത്തിയ ബോർഡുകളിൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് സ്കാറ്റേർഡ് വിഭാഗത്തിന് ഉൾപ്പെടെ ആകെ 152857 പേർക്ക് പെൻഷൻ കുടിശ്ശിക കൊടുത്ത് തീർത്തതിന്റെ ഗുണം ലഭിച്ചിട്ടുണ്ട്.

(ബി) ഇതുപ്രകാരം ആകെ 12557,04,000 (നൂറ്റി ഇരുപത്തിയഞ്ചുകോടി അൻപത്തിയേഴ് ലക്ഷത്തി നാലായിരം) രൂപ വിതരണം ചെയ്തിട്ടുണ്ട്.

**ചവറയിൽ കൺസ്ട്രക്ഷൻ &ഇൻഫ്രാസ്ട്രക്ചർ അക്കാദമി**

219 (3488) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറയിൽ നിർമ്മാണം പൂർത്തിയാക്കിവരുന്ന കൺസ്ട്രക്ഷൻ & ഇൻഫ്രാസ്ട്രക്ചർ അക്കാദമി KASE (Kerala Academy For Skill and Employment) മുഖാന്തരം 13.8.16 ൽ നൽകിയ പത്രപ്പരസ്യം ശ്രദ്ധയിൽപ്പെട്ടോ;

(ബി) എങ്കിൽ ഏത് തരം സ്ഥാപനത്തിനെയാണ് പരിശീലനം നല്കാനായി തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) ഇവിടെ നിലവിലുള്ള സൗകര്യം പരിഗണിച്ച്, മറ്റ് തൊഴിൽ സ്ഥാപനങ്ങൾകൂടി ആരംഭിക്കുന്നതിന് സൗകര്യം നല്കുമോ?

ഉത്തരം

(എ) KASE (കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്) മുഖാന്തരം നൽകിയ പത്രപ്പരസ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശീലനം നൽകാനായിട്ടുള്ള സ്ഥാപനത്തിനെ തെരഞ്ഞെടുക്കുന്നതിനായി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ 13-8-2016-ന് ക്ഷണിച്ചിരുന്നു. അതിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത അക്കാദമിയിൽ മറ്റ് സ്ഥാപനങ്ങൾ ആരംഭിക്കുന്നത് പരിഗണനയിൽ വന്നിട്ടില്ല.

**ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന ഐ.ടി.ഐ.-കൾ**

220 (3489) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.കൾ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(ബി) അടിസ്ഥാന സൗകര്യം ലഭ്യമായിട്ടുള്ള മാടായി ഐ. ടി. ഐ. ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2016-17 വർഷത്തെ സംസ്ഥാന ബജറ്റിൽ ഐ.ടി.ഐ.-കളുടെ നവീകരണം, പദവി ഉയർത്തൽ പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഇതിൽ ചാക്ക, കോഴിക്കോട് എന്നീ ഐ.ടി.ഐ.-കൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിനുള്ള ചെലവ് വ്യാവസായിക പരിശീലന വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്ന് ചെലവാക്കാനുള്ള ശിപാർശ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

കൂടാതെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ 10 ഐ.ടി.ഐ.കൾ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടി 50 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം വകയിരുത്തിയിട്ടുണ്ട്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) മുഖേന ധനസഹായം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള പ്രസ്തുത പദ്ധതി സംബന്ധിച്ച കൺസെപ്റ്റ് നോട്ട്/പ്രോജക്ട് അസെസ്സ്മെന്റ് എന്നിവ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ വെബ്പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

(ബി) ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തെരഞ്ഞെടുത്ത 10 ഐ.ടി.ഐ.-കളിൽ മാടായി ഐ.ടി.ഐ. ഉൾപ്പെട്ടിട്ടില്ല.

**പരമ്പരാഗത തൊഴിൽ മേഖലകൾ**

221 (3490) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരപ്പണി, കൽപ്പണി, ഇരുമ്പ് പണി, സ്വർണ്ണപ്പണി, ആശാരിപ്പണി എന്നീ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) തകർച്ച നേരിടുന്ന പ്രസ്തുത തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവരെ പരമ്പരാഗത തൊഴിലാളികളായി അംഗീകരിക്കുന്നതിനും, അവർക്ക് അർഹമായ ക്ഷേമ പദ്ധതികൾ തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരമ്പരാഗത തൊഴിലാളികളായ ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യബന്ധനവും സംസ്കരണവും, കയർ, കൈത്തറി എന്നീ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവരെ പരമ്പരാഗത തൊഴിലാളികളായി അംഗീകരിച്ച് ഇവർക്ക് ഇൻകം സപ്പോർട്ട് സ്കീം മുഖേന തൊഴിൽവകുപ്പ് ധനസഹായം നൽകിവരുന്നു. മരപ്പണി, കൽപ്പണി, ഇരുമ്പ് പണി, സ്വർണ്ണപ്പണി, ആശാരിപ്പണി എന്നീ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. മരപ്പണി, കൽപ്പണി, ഇരുമ്പ് പണി തുടങ്ങിയ തൊഴിൽ ചെയ്യുന്നവർക്ക് കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളിക്ഷേമ പദ്ധതിയിൽ അംഗങ്ങളായി ചേരാവുന്നതും ആശാരിപ്പണി ചെയ്യുന്നവർക്ക് കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിരിക്കാവുന്നതും സ്വർണ്ണപ്പണി ചെയ്യുന്നവർക്ക് ആഭരണ തൊഴിലാളി ക്ഷേമനിധിയിൽ ചേരാവുന്നതും അർഹമായ ആനുകൂല്യങ്ങൾ സ്വീകരിക്കാവുന്നതുമാണ്.

**പാലക്കാട് ആർ.ഐ. സെന്റർ നിർമ്മാണം**

222 (3491) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ആർ.ഐ. സെന്ററിന്റെ കെട്ടിട നിർമ്മാണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പാലക്കാട് ആർ.ഐ. സെന്ററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി ജില്ലാകളക്ടറിൽനിന്നും അനുമതി ലഭ്യമായ താലൂക്ക് ഓഫീസിനടുത്തുള്ള ഇലക്ഷൻ ഡിപ്പോയ്ക്ക് മുകളിൽ കെട്ടിടം പണിയുന്നതിനുവേണ്ടി പി.ഡബ്ല്യൂ.ഡി.-യുടെ ഫണ്ടിൽനിന്നും തുക വകയിരുത്തി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. ഇതുവരെയും നിർമ്മാണ

പ്രവൃത്തികൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല.

### മോട്ടോർ തൊഴിലാളി ക്ഷേമനിധി പെൻഷൻ

223 (3492) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 60 വയസ്സ് കഴിഞ്ഞവർക്ക് മോട്ടോർ തൊഴിലാളി ക്ഷേമനിധി പെൻഷൻ ലഭ്യമാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ക്ഷേമനിധി പെൻഷൻ സമയബന്ധിതമായി പാസ്സാക്കി നൽകാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ&ബി) 60 വയസ്സ് കഴിഞ്ഞ യോഗ്യരായ അപേക്ഷകർ 6 മാസത്തിനുള്ളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 6 മാസം കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ മാപ്പപേക്ഷയുൾപ്പെടെ ബോർഡിന്റെ അനുമതിയോടുകൂടി മാത്രമേ പാസ്സാക്കാൻ സാധിക്കുകയുള്ളൂ. സംസ്ഥാനമൊട്ടാകെ 338 അപേക്ഷകൾ നിലവിൽ തീർപ്പ് കൽപ്പിക്കുവാനുണ്ട്. ഇതിൽ 198 അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള 140 അപേക്ഷകൾ ബോർഡിൽവച്ച് തീരുമാനമെടുക്കേണ്ടതുണ്ട്. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പുനഃസംഘടനയ്ക്ക് അന്തിമരൂപമായി വരുന്നതേയുള്ളൂ. ആയതിനാൽ മേയ് മാസം മുതലുള്ള അപേക്ഷകൾ തീർപ്പ് കൽപ്പിക്കാൻ സാധിച്ചിട്ടില്ല. ക്ഷേമനിധി പെൻഷൻ സമയബന്ധിതമായി നൽകുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

### കൊടുവള്ളി ഗവൺമെന്റ് ഐ.ടി.ഐ.

224 (3493) ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി ഗവൺമെന്റ് ഐ.ടി.ഐ. അനുവദിച്ചതിന്റെ സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ;

(ബി) ഐ.ടി.ഐ. പ്രവർത്തിക്കാനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി)നിലവിൽ ഐ.ടി.ഐ. വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഐ.ടി.ഐ. നിർമ്മിക്കാൻ അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ; കെട്ടിടം നിർമ്മിക്കാൻ ഭൂമി അനുയോജ്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയത് വിശദമാക്കാമോ?

ഉത്തരം

(എ) കൊടുവള്ളി ഗവൺമെന്റ് ഐ.ടി.ഐ. അനുവദിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഐ.ടി.ഐ. പ്രവർത്തിക്കാനാവശ്യമായ തസ്തികകൾ അനുവദിക്കുന്ന കാര്യം സർക്കാർ സജീവമായി പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) കൊടുവള്ളി ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി കൊടുവള്ളി ഗ്രാമപഞ്ചായത്തിൽ സർവ്വേ നമ്പർ 67-ൽപ്പെട്ട 2 ഏക്കറോളം സ്ഥലം ലഭ്യമാക്കാമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ സ്ഥലം വകുപ്പിന് ഇതുവരെയും പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. ടി സ്ഥലം ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് പി.ഡബ്ല്യൂ.ഡി.-യും അറിയിച്ചിട്ടുണ്ട്. സ്ഥലം വകുപ്പിന് കൈമാറി ലഭ്യമാകാത്തതിനാൽ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

**ഇതരസംസ്ഥാന തൊഴിലാളികൾ**

225 (3494) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണക്കിൽപ്പെട്ടിട്ടുള്ളവരും അല്ലാത്തവരുമായി എത്ര ഇതരസംസ്ഥാനത്തൊഴിലാളികൾ കേരളത്തിൽ ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവർ ഇവിടെ എപ്രകാരം ജീവിതം നയിക്കുന്നുവെന്നും ഇവർ സംസ്ഥാന ജനതയ്ക്ക് എപ്രകാരം ഉപകാരപ്രദമാകുന്നുവെന്നും ഇവരുടെ സാന്നിദ്ധ്യം അടിയന്തിര ശ്രദ്ധ നൽകേണ്ട ഒരു സാമൂഹ്യപ്രശ്നമാകുന്നുണ്ടോ എന്നതും സംബന്ധിച്ച് തൊഴിൽ വകുപ്പിൻെറ നിഗമനങ്ങൾ എന്തൊക്കെയാണ്; ഇക്കാര്യങ്ങൾ പരിശോധിച്ചിട്ടില്ലെങ്കിൽ അതിനുവേണ്ട എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ;

(സി) ഇതരസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് എല്ലാ തൊഴിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മേഖലകളിലും സാന്നിദ്ധ്യം ഉറപ്പിച്ച് പ്രവർത്തിക്കുമ്പോൾ അവരുടെ കൃത്യമായ കണക്ക് സൂക്ഷിയ്ക്കുക, ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുക, ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുക എന്നിവക്കായി തൊഴിൽ വകുപ്പും മറ്റു വകുപ്പുകളും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇവയ്ക്കായി എന്തൊക്കെ തുടർനടപടികൾ സ്വീകരിക്കുന്നുദ്ദേശിക്കുന്നു;

(ഡി) ഇവരിൽ മാനഭംഗം, കൊലപാതകം, ലഹരി കടത്ത്, മോഷണം തുടങ്ങി കുറ്റകൃത്യങ്ങളിൽ പങ്കാളികളായവരുടെ കണക്ക് തൊഴിൽ വകുപ്പിന്റെ പക്കലോ മറ്റു വകുപ്പുകളുടെ പക്കലോ ഉണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇതരസംസ്ഥാന തൊഴിലാളികളുടെ വിശദമായ കണക്കെടുപ്പ് തൊഴിൽ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ കേരള സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷന്റെ 2013-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ഏകദേശം 25 ലക്ഷത്തിലധികം ഇതരസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതോടൊപ്പം കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ 53136 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കണക്കുണ്ട്.

(ബി) നിർമ്മാണ മേഖലയിലാണ് കൂടുതലായും ഇതരസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നത്. ഇവരുടെ സാന്നിദ്ധ്യം ടി മേഖലയ്ക്ക് വളരെ സഹായകരമെന്നാണ് കാണാൻ സാധിക്കുന്നത്. ഇവർ ഉണ്ടാക്കുന്ന സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് വകുപ്പിന് ബോദ്ധ്യമുണ്ട്. എന്നാൽ ഇവ സമഗ്രമായി വിലയിരുത്തിവരുന്നതേയുള്ളൂ. ഇവർക്കുവേണ്ട പാർപ്പിട സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ ഉറപ്പാക്കൽ, തിരിച്ചറിയൽ കാർഡ് നൽകി രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കുക എന്നിവ നടപടിക്രമങ്ങളുടെ വിവിധ ഘട്ടത്തിലാണ്.

(സി) ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യാനും കഴിയും. കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികൾക്കായി ഒരു ക്ഷേമപദ്ധതി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച്

മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി എന്ന പേരിൽ നടപ്പാക്കിവരുന്നു. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് അപകട മരണധനസഹായം, അത്യാഹിതങ്ങൾക്ക് സഹായം, മാരകരോഗങ്ങൾക്ക് ധനസഹായം, ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, മൃതശരീരം നാട്ടിൽ എത്തിക്കുന്നതിനുള്ള ധനസഹായം, ചികിത്സാ ധനസഹായം, പ്രസവ ധനസഹായം എന്നിവ ലഭിക്കുന്നു. ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 17-12-15-ലെ ജി.ഒ. (ആർ.ടി.) 1717/15/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അവരുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകളും നടത്തുന്നു.

(ഡി) കുറ്റകൃത്യങ്ങളിൽ പങ്കാളികളായവരുടെ കണക്ക് തൊഴിൽ വകുപ്പിന്റെ പക്കലില്ല. ആഭ്യന്തര വകുപ്പിന്റെ കണക്ക് പ്രകാരം 18-5-2011 മുതൽ 24-5-15 വരെ ഇതരസംസ്ഥാന തൊഴിലാളികൾ പ്രതികളായി 1839 ക്രിമിനൽ കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ**

226 (3495) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ പൂർണ്ണമായ രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇത്തരം തൊഴിലാളികളുടെ ആകെ കണക്ക് തിട്ടപ്പെടുത്തുന്നതിന് സംവിധാനമുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) പൂർണ്ണമായ രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടില്ല.

(ബി) കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികൾക്കായി ഒരു ക്ഷേമപദ്ധതി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി എന്ന പേരിൽ നടപ്പാക്കിവരുന്നു. ടി പദ്ധതി പ്രകാരം 53136 തൊഴിലാളികൾ അംഗമായിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. പദ്ധതി പ്രാബല്യത്തിൽ

വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യാനും കഴിയുമെന്നാണ് പ്രതീക്ഷ.

**ഇതരസംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളുടെ പരിമിതികൾ**

227 (3496) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതരസംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളുടെ പരിമിതികൾ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം തൊഴിലാളികളുടെ വാസസ്ഥലങ്ങൾ ആരോഗ്യകരമായി ക്രമീകരിക്കുന്നതിന് തൊഴിലുടമകളോട് നിയമപരമായി നിഷ്കർഷിക്കുമോ?

ഉത്തരം

ഉണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് തൊഴിലാളികളുടെ സൗകര്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ.ഉ.(സാധാ) 960/16/തൊഴിൽ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇവരുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 17-12-15-ലെ ജി.ഒ. (ആർ.ടി.) 1717/15/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറും ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നുവരുന്നു. സംസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാരുടെ നേതൃത്വത്തിൽ 1979-ലെ കുടിയേറ്റ തൊഴിലാളി നിയമം, 1970-ലെ കരാർ തൊഴിലാളി നിയമം, 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ ആക്ട് എന്നീ നിയമങ്ങൾ പ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പ് വരുത്തുന്നു.

## ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ

228 (3497) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരിയ കേന്ദ്ര സർവ്വകലാശാലയിൽ നിർമ്മാണ ജോലിയിൽ ഏർപ്പെട്ടിരുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് മലമ്പനി ബാധിച്ച എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര തൊഴിലാളികൾക്കാണ് മലമ്പനി ബാധിച്ചത്; ഏത് തൊഴിലിനാണ് ഇവർ നിയോഗിക്കപ്പെട്ടത്; ആരാണ് ഇവരെ അപ്രകാരം നിയോഗിച്ചത് ;

(സി) അംഗീകൃത ഏജൻസികൾ മുഖേനയാണോ ഇവർ വന്നതും കേന്ദ്ര സർവ്വകലാശാലയിൽ നിർമ്മാണ പ്രവൃത്തിയിൽ ഏർപ്പെട്ടതും എന്നത് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തൊഴിലാളികൾ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ വരുന്നവരാണോ;

(ഇ) പ്രധാന നഗരങ്ങളുടെ കവലകളിൽ എല്ലാ ദിവസവും രാവിലെ ഒത്തുകൂടുന്ന ഇതരസംസ്ഥാന തൊഴിലാളികളെ പലരും വിവിധ ജോലികൾക്കായി കൂട്ടിക്കൊണ്ട് പോകുന്നത് നിയമാനുസൃതമാണോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇതിനെതിരെ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ആരോഗ്യ വകുപ്പ് അധികൃതർ ടി മേഖലയിൽ പരിശോധന നടത്തി മലമ്പനി ബാധിച്ചവർക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) 42 പേർക്ക് മലമ്പനി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ട്. നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് എല്ലാത്തരം തൊഴിലുകളിലും ടി തൊഴിലാളികൾ ഏർപ്പെട്ടിരുന്നു. മേരിമാതാ, രാജ്ദ്വീപ് എന്നീ കമ്പനികൾക്കുവേണ്ടി കോൺട്രാക്ടർ മുഖേനയാണ് ഇവരെ ജോലിക്ക് നിയോഗിച്ചത്.

(സി) ബന്ധപ്പെട്ട കോൺട്രാക്ടർമാർ എറണാകുളത്തെ സെൻട്രൽ ലേബർ കമ്മീഷണർ ഓഫീസിൽനിന്നും ലൈസൻസ് എടുത്തിട്ടുണ്ട്.

(ഡി) അല്ല. അഞ്ചും അതിൽ കൂടുതലും ഇതരസംസ്ഥാന തൊഴിലാളികളെ കരാറുകാരൻ മുഖേന ജോലിയെടുപ്പിക്കുകയാണെങ്കിൽ 1979-ലെ ഇതരസംസ്ഥാന തൊഴിലാളി നിയമപ്രകാരം തൊഴിലുടമ രജിസ്ട്രേഷനും കരാറുകാരൻ ലൈസൻസും നിർബന്ധമായും എടുക്കേണ്ടതാണ്. സംസ്ഥാനത്ത് നേരിട്ട് തൊഴിൽ തേടിവരുന്ന തൊഴിലാളികൾക്ക് ഈ വ്യവസ്ഥ ബാധകമല്ല. സംസ്ഥാനത്ത് തൊഴിലിനായി എത്തിച്ചേരുന്നത് ബഹുഭൂരിപക്ഷവും ഇത്തരത്തിൽ നേരിട്ട് വരുന്നവരാണ്. ആയതിനാൽ ഇവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് പരിമിതികളുണ്ട്.

**ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ**

229 (3498) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കോതമംഗലം മണ്ഡലത്തിൽ എത്ര ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത മണ്ഡലത്തിലെ ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ 2013-ലെ ഒരു പഠനറിപ്പോർട്ട് പ്രകാരം 53136 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കണക്കുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യപരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. പദ്ധതിയുടെ പ്രാരംഭ നടപടികളുടെ ഭാഗമായി ഐ.ടി. മിഷൻ, ചിയാക്ക്, അക്ഷയ, യു.ഐ.ഡി. എന്നീ ഏജൻസികളുമായും ആരോഗ്യം, ആഭ്യന്തരം, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടും അവലോകന യോഗങ്ങൾ നടന്നുവരുന്നു.

(ബി) തൊഴിൽ വകുപ്പ് കോതമംഗലം മണ്ഡലത്തിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടില്ല.

(സി) ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരികയാണ്.

**ഇതരസംസ്ഥാന തൊഴിലാളികളിൽനിന്നുണ്ടാകുന്ന അതിക്രമങ്ങൾ**

230 (3499) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾ സാമൂഹിക സുരക്ഷിതത്വത്തിന് പ്രശ്നങ്ങൾ ഉണ്ടാക്കുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തൊഴിലാളികളിൽ നിന്നുണ്ടാകുന്ന അതിക്രമങ്ങൾ , ക്രിമിനൽ സംഘങ്ങളുമായി ചേർന്ന് പല തരത്തിലുള്ള അതിക്രമങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കു മരുന്നുകളുടെ വ്യാപകമായ ഉപഭോഗം പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ഇത്തരക്കാരുടെ ഇടപെടലുകൾ തടയാനും, തൊഴിൽ മേഖലയിലുൾപ്പെടെ സുരക്ഷിതത്വമുണ്ടാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത തൊഴിലാളികളിൽ നിന്നുണ്ടാകുന്ന അതിക്രമങ്ങൾ, ക്രിമിനൽ സംഘങ്ങളുമായി ചേർന്ന് പല തരത്തിലുള്ള അതിക്രമങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നത് തടയുവാൻ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഇതരസംസ്ഥാന തൊഴിലാളികൾക്ക് ആവാസ് പദ്ധതി**

231 (3500) ശ്രീ. വി. ഡി.സതീശൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾക്ക് ആവാസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദമാക്കുമോ;

(ബി) ഇവർക്ക് ഇൻഷ്വറൻസും സ്മാർട്ട് കാർഡും ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും ധനകാര്യ സ്ഥാപനത്തെ സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. പദ്ധതിയുടെ പ്രാരംഭ നടപടികളുടെ ഭാഗമായി ഐ.ടി. മിഷൻ, ചിയാക്ക്, അക്ഷയ, യു.ഐ.ഡി. എന്നീ ഏജൻസികളുമായും ആരോഗ്യം, ആഭ്യന്തരം, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടും അവലോകനയോഗങ്ങൾ നടന്നുവരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.

(ബി) വിവിധ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലിചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള 25 ലക്ഷത്തോളം ഇതരസംസ്ഥാന തൊഴിലാളികളെയാണ് നിർദ്ദിഷ്ട ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയിൽ അംഗമാകുന്ന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000 രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽനിന്നും ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. തുടക്കമെന്ന നിലയിൽ ഏകദേശം 5 ലക്ഷം പേരെ ഈ പദ്ധതിയിൽ ചേർക്കുന്നതിന് ലക്ഷ്യമിടുന്നു. വിവിധ വകുപ്പുകൾക്കും ഇതരസംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്ന വിവിധ തൊഴിൽ മേഖലയിൽ ഉൾപ്പെട്ടവർക്കും വ്യക്തികൾക്കും വരെ വിവരങ്ങൾ ഉപയുക്തമാക്കാൻ കഴിയുന്ന വിധത്തിലുള്ള സവിശേഷ തിരിച്ചറിയൽ നമ്പർ, ക്യൂ.ആർ. കോഡ്, ചിപ് എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധോദ്ദേശ്യ ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകുകയാണ് ആവാസ് പദ്ധതിയുടെ ലക്ഷ്യം.

(സി) പദ്ധതി നടപ്പിലാക്കേണ്ട ഏജൻസി, ഉപയോഗിക്കേണ്ട സോഫ്റ്റ്‌വെയർ, ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നിർമ്മാണം, പ്രിന്റിംഗ്, വിതരണം എന്നിവ നാഷണൽ കോമ്പെറ്റേറ്റീവ് ഓപ്പൺ ടെണ്ടർ നിശ്ചയിക്കുന്നതിനാണ് പ്രാഥമികമായി തീരുമാനിച്ചിരിക്കുന്നത്.

**കലയ്ക്കോട് വനിതാ ഐ.ടി.ഐ.**

232 (3501) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പൂതക്കുളം ഗ്രാമപഞ്ചായത്തിലെ കലയ്ക്കോട് കേന്ദ്രമാക്കി മുൻ എൽ.ഡി.എഫ്. സർക്കാർ അനുവദിച്ചിരുന്ന വനിതാ ഐ.ടി.ഐ. ആരംഭിക്കുന്നതിന് പ്രസ്തുത സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നുവെന്ന് വിശദമാക്കുമോ;

(ബി) മുൻ സർക്കാർ പ്രസ്തുത ഐ.ടി.ഐ. പ്രാവർത്തികമാക്കാൻ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത വനിതാ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് മുൻഗണന നൽകി അതിനായുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പൂതക്കുളം ഗ്രാമപഞ്ചായത്തിലെ കലയ്ക്കോട് കേന്ദ്രമാക്കി മുൻ എൽ.ഡി.എഫ്. സർക്കാർ വനിതാ ഐ.ടി.ഐ. അനുവദിച്ചിരുന്നില്ല.

(ബി) ഇല്ല.

(സി) സ്ഥലം, കെട്ടിടം ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ സൗജന്യമായി ലഭ്യമായാൽ ഐ.ടി.ഐ. സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കൺസ്ട്രക്ഷൻ അക്കാദമി**

233 (3502) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കൺസ്ട്രക്ഷൻ അക്കാദമിയുടെ ആവശ്യത്തിനായി ചാത്തന്നൂർ സഹകരണ സ്പിന്നിംഗ് മിൽ പകരം തന്ന 16 സെന്റ് ഭൂമിയുടെ ആധാരം രജിസ്റ്റർ ചെയ്ത് പോക്ക് വരവ് നടത്തിയിട്ടുണ്ടോ; ആയത് വിശദമാക്കാമോ;

(ബി) ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമിക്കായി ഏറ്റെടുത്ത സ്ഥലത്ത് കൺസ്ട്രക്ഷൻ അക്കാദമിയോ സമാന സ്ഥാപനങ്ങളോ സ്ഥാപിക്കുന്നതിന് ഈ സർക്കാർ അടിയന്തര പരിഗണന നൽകുമോ; ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) പോക്കുവരവ് നടത്തിയിട്ടില്ല. കേരള കെട്ടിട നിർമ്മാണ

തൊഴിലാളി ക്ഷേമബോർഡിന്റെ കീഴിൽ, ഹൈദരാബാദിൽ നിലവിലുള്ള കൺസ്ട്രക്ഷൻ അക്കാദമിയുടെ മാതൃകയിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതിന് 11-8-2009-ൽ സർക്കാർ അനുമതി നൽകുകയുണ്ടായി. തുടർന്ന് വ്യവസായ വകുപ്പിന്റെ ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കർ സ്ഥലം കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനുവേണ്ടി 23-2-2011-ൽ വിലയ്ക്കുവാങ്ങി. തുടർന്ന് കേരള കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടിയുടെ ഭാഗമായി അക്കാദമിക്കുവേണ്ടി വിലയ്ക്ക് വാങ്ങിയ 10 ഏക്കർ വസ്തുവിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കവെ, ടി വസ്തുവിന്റെ ഒരു ഭാഗത്ത് സ്പിന്നിംഗ് മില്ലിന്റെ ഇലക്ട്രിക്കൽ സംവിധാനങ്ങൾ ഉൾപ്പെടുന്നതിനാൽ ടി സ്ഥലം തിരികെ ലഭിച്ചില്ലെങ്കിൽ ആയത് സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നും ആയതിനാൽ പ്രസ്തുത ഇലക്ട്രിക് സംവിധാനങ്ങൾ ഉൾപ്പെടുന്ന വസ്തു സ്പിന്നിംഗ് മില്ലിന് തിരികെ നൽകണമെന്നും ഇതിന് പകരമായി അനുയോജ്യമായ വസ്തു നൽകാമെന്നും മിൽ അധികൃതർ അറിയിച്ചതിനെത്തുടർന്ന് നൽകേണ്ട ഭൂമിയും ഏറ്റെടുക്കേണ്ട ഭൂമിയും 21-7-2012-ൽ അളന്ന് തിട്ടപ്പെടുത്തുകയുണ്ടായി. ഇപ്രകാരം മില്ലിന് 6.48 ആർ (16 സെന്റ്) സ്ഥലത്തിന് പകരം ദേശീയപാതയോട് ചേർന്നുള്ള വസ്തു കൺസ്ട്രക്ഷൻ അക്കാദമിക്കായി ഏറ്റെടുക്കുന്നതിന് 20-12-2012-ൽ ധാരണാപത്രം ഒപ്പിട്ടു. കൂടാതെ ഇപ്രകാരം കൈമാറ്റം ചെയ്യുന്ന 16 സെന്റ് വസ്തു അളന്ന് തിരിച്ച് സർവ്വേക്കല്ല് സ്ഥാപിച്ചിട്ടുണ്ട്.

**സ്റ്റാർട്ട് അപ് സംരംഭങ്ങൾ പോലുള്ള ചെറുകിട സംരംഭങ്ങൾ**

234 (3503) ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. പി.ബി. അബ്ദുൾ റസാക്:

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ട് അപ് സംരംഭങ്ങൾ പോലുള്ള ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ തൊഴിൽ വകുപ്പിന്റെ നയമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം സംരംഭങ്ങൾ തൊഴിൽ സ്ഥാപനം എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുമോ എന്ന കാര്യം വെളിപ്പെടുത്തുമോ;

(സി) എങ്കിൽ പരമ്പരാഗത തൊഴിലാളി, തൊഴിലുടമാ നിർവ്വചനത്തിൽ കാലാനുസൃതമാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഇത്തരം ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണ് നയം.

(ബി) ഉൾപ്പെടും.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ, തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കൽ**

235 (3504) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ, തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എംപ്ലായ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി നടപ്പിലാക്കിവരുന്നു. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽഗ്യാപ് എന്നിവ വിവിധ അസസ്സ്മെന്റ് ടെസ്റ്റുകൾ ഉപയോഗിച്ച് വിലയിരുത്തി ന്യൂനതകൾ കണ്ടെത്തുകയും സോഫ്റ്റ്സ്കില്ലുകൾ, ആശയ വിനിമയശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുന്നതോടൊപ്പം ഉദ്യോഗാർത്ഥികളെ സ്വകാര്യ മേഖലയിലെ തൊഴിൽ നേടിയെടുക്കാൻ തൊഴിൽ ദാതാക്കളുമായി നേരിട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും അവസരം ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ ലക്ഷ്യം.

(സി) ഇല്ല.

(ഡി) ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി 'കൈവല്യ' എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം**

236 (3505) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തികളാക്കി വകുപ്പ് അധ്യക്ഷൻമാർ നേരിട്ട് നിയമനം നടത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗവൺമെന്റ്, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, ജുഡീഷ്യൽ സ്ഥാപനങ്ങൾ, കമ്മീഷനുകൾ, ക്ഷേമനിധി ബോർഡുകൾ, ക്വാസി ജുഡീഷ്യറി സ്ഥാപനങ്ങൾ കൂടാതെ സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതും ഇല്ലാത്തതുമായ എത്ര സ്ഥാപനങ്ങളിൽ എത്ര പേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചു; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഈ സർക്കാർ വന്നതിനുശേഷം നൽകിയ നിയമനങ്ങൾ എത്ര; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ചില വകുപ്പുകളിൽ നടത്തിയിട്ടുള്ള ഇത്തരം നിയമനങ്ങളെ സംബന്ധിച്ച് എംപ്ലോയ്മെന്റ് വകുപ്പിന് സി.എൻ.വി. ആക്ട് പ്രകാരം സ്വീകരിക്കാൻ കഴിയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 3654 ഉദ്യോഗാർത്ഥികളെ വിവിധ സ്ഥാപനങ്ങളിൽ നിയമിച്ചു. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 567 |
| കൊല്ലം | - | 182 |
| പത്തനംതിട്ട | - | 117 |
| ആലപ്പുഴ | - | 314 |
| കോട്ടയം | - | 219 |
| ഇടുക്കി | - | 124 |
| എറണാകുളം | - | 595 |
| തൃശ്ശൂർ | - | 186 |
| പാലക്കാട് | - | 197 |
| മലപ്പുറം | - | 421 |
| കോഴിക്കോട് | - | 261 |
| കണ്ണൂർ | - | 193 |
| വയനാട് | - | 135 |
| കാസർഗോഡ് | - | 143 |
| ആകെ | - | 3654 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3654 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നൽകി. വകുപ്പുതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| കേന്ദ്രസർക്കാർ | -77 |
| സംസ്ഥാന സർക്കാർ | -1983 |
| സംസ്ഥാന അർദ്ധ സർക്കാർ | -1198 |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | -68 |
| സ്വകാര്യ സ്ഥാപനങ്ങൾ | -328 |

(പ്രാഥമിക/അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ/മിൽമ)

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണം**

237 (3506) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി കൂടുതൽ പേർക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള സേവനങ്ങൾ ഓൺലൈനായി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് കേരള എൻ.ഐ.സി. മുഖേന ഓൺലൈൻ സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. കൂടാതെ വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിലേക്കും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിലേക്കും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിവരുന്നു. ആയതിന്റെ ആദ്യഘട്ടമായി എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലും മൂന്ന് മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലും ജില്ലാതലം വരെയുള്ള 25 സബ് ഓഫീസുകളിലും പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന ഒഴിവുകൾക്ക് പുറമേ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി, ജില്ലാതലത്തിൽ ജോബ് ഫെയറുകളും സംസ്ഥാന തലത്തിൽ 'നിയുക്തി' എന്ന പേരിൽ മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നുണ്ട്.

**കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്**

238 (T*3507) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായ 60 വയസ്സുകഴിഞ്ഞവർക്കുള്ള അതിവർഷാനുകൂല്യം മുൻസർക്കാരിന്റെ കാലത്ത് ആർക്കെങ്കിലും വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നൽകിയെന്നും എത്ര രൂപ നൽകിയെന്നും വ്യക്തമാക്കുമോ;

(ബി) അതിവർഷാനുകൂല്യം കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ മുൻ സർക്കാരിന്റെ കാലത്ത് അതിവർഷാനുകൂല്യമിനത്തിൽ 21498 അപേക്ഷകളിലായി 16.69 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ ഗ്രാന്റും അംശദായവും ഭ്രുവുടമാവിഹിതവുമായി സ്വരൂപിക്കുന്ന തുകയിൽ നിന്നും സീനിയോരിറ്റി പ്രകാരം നിലവിൽ അതിവർഷാനുകൂല്യം നൽകിവരുന്നു. ആനുകൂല്യം യഥാസമയം വിതരണം ചെയ്യാൻ സർക്കാർ ലക്ഷ്യമിടുന്നു. ബോർഡിനെ സാമ്പത്തികമായി ശക്തിപ്പെടുത്തുന്നതിനായി അംശദായവും ഭ്രുവുടമാവിഹിതവും പുതുക്കി നിശ്ചയിക്കുന്ന കാര്യം പരിഗണനയിലാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഇതരസംസ്ഥാന തൊഴിലാളികളെ തിരിച്ചറിയുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും പദ്ധതി

239 (3508) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാനത്തിന്റെ തൊഴിൽ ശക്തിയുടെ പ്രധാന ഭാഗമായിരിക്കുന്ന ഇതരസംസ്ഥാനത്തൊഴിലാളികളെ തിരിച്ചറിയുന്നതിനും ,രജിസ്റ്റർ ചെയ്യുന്നതിനുമായി 'ആവാസ്' എന്ന ഒരു പുതിയ പദ്ധതിയും ഇവർക്കായി ഒരു ആരോഗ്യ ഇൻഷ്വറൻസും കൊണ്ടുവരുമെന്ന് ഈവർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഈ കാര്യത്തിലേക്ക് എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. പദ്ധതിയുടെ പ്രാരംഭ നടപടികളുടെ ഭാഗമായി ഐ.ടി. മിഷൻ, ചിയാക്ക്, അക്ഷയ, യു.ഐ.ഡി. എന്നീ ഏജൻസികളുമായും ആരോഗ്യം, ആഭ്യന്തരം, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടും അവലോകന യോഗങ്ങൾ നടന്നുവരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.

## സ്കിൽ ഇന്ത്യ ട്രെയിനിംഗ് പ്രോഗ്രാം

240 (T*3509) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ വിഭാവന ചെയ്ത സ്കിൽ ഇന്ത്യ ട്രെയിനിംഗ് പ്രോഗ്രാം കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; കേന്ദ്ര സർക്കാരിന്റേത് ഉൾപ്പെടെയുള്ള ജോലികൾക്ക് ഈ പരിശീലനം അനിവാര്യമാണെന്ന നിർദ്ദേശം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

കേന്ദ്ര സർക്കാർ വിഭാവന ചെയ്ത സ്കിൽ ഇന്ത്യ ട്രെയിനിംഗ് പ്രോഗ്രാമിന്റെ ഭാഗമായി പ്രൈംമിനിസ്റ്റേഴ്സ് കൗശൽ വികാസ് യോജന (PMKVY), ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശൽ യോജന (DDUGKY) തുടങ്ങിയ പദ്ധതികൾ നിലവിൽ കേരളത്തിൽ നടന്നുവരുന്നു.

മിനിസ്ട്രി ഓഫ് ഫിനാൻസ് (ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക് അഫയേഴ്സ്)-ന്റെ 27-10-2013-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം നോട്ടിഫിക്കേഷൻ തീയതിയുടെ മൂന്നാം വർഷം മുതൽ കേന്ദ്ര സർക്കാരിലേയ്ക്കും പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കുമുള്ള നിയമനങ്ങൾക്കുള്ള യോഗ്യതകൾക്ക് NSQF-ന്റെ നിബന്ധനകൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് മാറ്റം വരുത്തും എന്നതാണ്. എന്നിരുന്നാലും നിലവിൽ ഇത് പ്രാബല്യത്തിൽ വന്നിട്ടില്ല.

**തൃപ്പൂണിത്തുറ കേന്ദ്രമാക്കി കരിയർ ഡെവലപ്പമെന്റ് സെന്റർ**

241 (3510) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ കേന്ദ്രമാക്കി സ്കൂൾ-കോളേജ് വിദ്യാർത്ഥികളുടെ ഉന്നതപഠനത്തിനും തൊഴിൽ നേടുന്നതിനും സഹായകരമാകുന്ന രീതിയിൽ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ തൃപ്പൂണിത്തുറയിൽ കരിയർ ഡെവലപ്മെന്റ് സെന്റർ തുടങ്ങുന്നതിന് സമയബന്ധിത നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തൃപ്പൂണിത്തുറ കേന്ദ്രമാക്കി കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ സംവിധാനം

242 (3511) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ വിവരം കാലോചിതമായി പരിഷ്കരിക്കാറുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുകയും തുടർന്ന് മറ്റ് തൊഴിലുകൾ ലഭിക്കുകയും ചെയ്യുന്നവരുടെ വിവരങ്ങൾ രജിസ്റ്ററിൽനിന്നും ഒഴിവാക്കുന്നതിന് സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളിൽ യഥാസമയം രജിസ്ട്രേഷൻ പുതുക്കാതെ ലാപ്സായ രജിസ്ട്രേഷനുകൾ, വകുപ്പ് മുഖാന്തരം തൊഴിൽ ലഭിച്ചവരുടെ രജിസ്ട്രേഷനുകൾ, മറ്റ് തൊഴിൽ ലഭിച്ചവരുടെ രജിസ്ട്രേഷനുകൾ, ശിക്ഷാ നടപടിയുടെ ഭാഗമായി റദ്ദായ രജിസ്ട്രേഷനുകൾ, വകുപ്പ് മുഖാന്തരം ജോലി ലഭിക്കുകയും വിടുതൽ സർട്ടിഫിക്കറ്റ് യഥാസമയം ചേർക്കാതെ ലാപ്സായ രജിസ്ട്രേഷനുകൾ മുതലായവ ഒഴിവാക്കിയും ഉയർന്ന വിദ്യാഭ്യാസ യോഗ്യതകൾ, രജിസ്ട്രേഷനോടൊപ്പം കൂട്ടിച്ചേർക്കുന്ന ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി. മുതലായ അടിസ്ഥാന വിവരങ്ങൾ പരിഗണിച്ചും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ വിവരങ്ങൾ കാലോചിതമായി പരിഷ്കരിക്കാറുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുകയും വകുപ്പ് മുഖാന്തരം സ്ഥിരനിയമനം ലഭിക്കുകയും ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങളും മറ്റ് ഏജൻസികൾ മുഖാന്തരം സ്ഥിര നിയമനം ലഭിക്കുകയും ആയത് അറിയിക്കുന്ന മുറയ്ക്ക് ടി ഉദ്യോഗാർത്ഥികളുടെയും വിവരങ്ങൾ രജിസ്റ്ററിൽനിന്നും ഒഴിവാക്കാറുണ്ട്.

**തഴക്കരയിൽ ഇ.എസ്.ഐ. മെഡിക്കൽ കോളേജ്**

243 (3512) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.പി.എ. സർക്കാരിന്റെ കാലത്ത് മാവേലിക്കരയിലെ തഴക്കര ജില്ലാ കൃഷിത്തോട്ടത്തിൽ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനാവശ്യമായ അനുവാദം ലഭിച്ചിരുന്നോ;

(ബി) പ്രസ്തുത ആവശ്യത്തിനായി ഈ സ്ഥലം ഏറ്റെടുക്കുന്നതിനായി സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണം എന്ന് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; പുതിയ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട എന്തെങ്കിലും ഔദ്യോഗികമായ നടപടികൾ സ്വീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മാവേലിക്കരയിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് 19-9-2013-ന് ചേർന്ന ഇ.എസ്.ഐ. കോർപ്പറേഷന്റെ 160-ാമത് യോഗം തീരുമാനമെടുത്തിരുന്നു. എന്നാൽ ഇത് സംബന്ധിച്ച ഉത്തരവുകളൊന്നും പിന്നീട് കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

(ബി) മാവേലിക്കരയിൽ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി ഏകദേശം 30 ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന് മുൻ കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രി 13-11-2013-ൽ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ ആരംഭിച്ചിരുന്നു. എന്നാൽ പിന്നീട് ഇ.എസ്.ഐ. കോർപ്പറേഷൻ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തുനിന്നും പിൻവാങ്ങാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

**ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കൽ**

244 (3513) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എം. നൗഷാദ്:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കുന്നതിനായി നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത കാർഡ് അക്ഷയകേന്ദ്രങ്ങൾ വഴി പുതുക്കുന്നതിന് മുൻകാലത്ത് സൗകര്യമുണ്ടായിരുന്നുവെങ്കിലും ഈ സൗകര്യം ഇപ്പോൾ ലഭ്യമല്ലാത്തതിനാൽ പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എല്ലാ അക്ഷയ കേന്ദ്രങ്ങളിലും ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) രോഗത്താൽ കിടപ്പിലായവർക്കും മറ്റ് കാരണങ്ങളാൽ യഥാസമയം കാർഡ് പുതുക്കുന്നതിന് കഴിയാതെ പോയവർക്കും കാർഡ് പുതുക്കുന്നതിന് വീണ്ടും ഒരു അവസരം കൂടി നൽകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കുന്നതിനായി എല്ലാ വർഷവും പുതുക്കൽ നടപടികൾ ആരംഭിക്കുന്ന നിശ്ചിത കാലയളവിൽ പൊതുജനങ്ങൾക്ക് സൗകര്യപ്രദമായി നഗരസഭ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് വാർഡ് തലത്തിൽ കാർഡ് പുതുക്കൽ കേന്ദ്രങ്ങൾ (എൻറോൾമെന്റ് സെന്ററുകൾ) സജ്ജീകരിക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പദ്ധതിയുടെ ആരംഭകാലം മുതൽ നാളിതുവരെയും അക്ഷയ കേന്ദ്രങ്ങൾ വഴി ആരോഗ്യ കാർഡ് പുതുക്കി നൽകുന്നതിന് സൗകര്യം ഏർപ്പെടുത്തിയിരുന്നില്ല. ആരോഗ്യ കാർഡ് ലഭിച്ചിട്ടില്ലാത്തതും എന്നാൽ അതിന് യോഗ്യതയുള്ളതുമായ കുടുംബങ്ങളുടെ രജിസ്ട്രേഷൻ ആണ് അക്ഷയ കേന്ദ്രങ്ങൾ വഴി എല്ലാ വർഷവും സ്വീകരിച്ചുവരുന്നത്.

(സി) കേന്ദ്ര സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള ആർ.എസ്.ബി.വൈ. മാനദണ്ഡം അനുസരിച്ച് ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയാണ് ക്വാളിറ്റി കൺട്രോൾ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള സ്മാർട്ട് കാർഡ് സേവനദാതാവിനെ തിരഞ്ഞെടുക്കേണ്ടത്. അപ്രകാരം ക്വാളിറ്റി കൺട്രോൾ ഓഫ് ഇന്ത്യയുടെ അംഗീകാരം അക്ഷയ കേന്ദ്രങ്ങൾ ലഭിച്ചിട്ടില്ലാത്തതിനാൽ, അക്ഷയ കേന്ദ്രങ്ങൾക്ക് വഴി ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താനാവില്ല.

2016-17 വർഷത്തേയ്ക്ക് സ്മാർട്ട് കാർഡ് സേവന ദാതാവായി സ്മാർട്ട് ഐ.റ്റി. സൊല്യൂഷൻസ് ലിമിറ്റഡ്, ഫിനോ പേടെക് ലിമിറ്റഡ് എന്നീ സ്മാർട്ട് കാർഡ് ദാതാക്കളെയാണ് കാർഡ് വിതരണവും വിതരണ കേന്ദ്രങ്ങളും സജ്ജീകരിക്കുന്നതിനായി ഇൻഷ്വറൻസ് സേവന ദാതാവായ ഐ.സി.ഐ.സി.ഐ. ലൊംബാർഡ് (പ്രൈവറ്റ്) ലിമിറ്റഡ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

എല്ലാ വർഷവും ഏപ്രിൽ ഒന്നാം തീയതി മുതൽ അടുത്ത മാർച്ച് മാസം 31-ാം തീയതി വരെയാണ് ഒരു കാർഡിന്റെ കാലാവധി. മാർച്ച് 31-നകം വാർഡുതല പുതുക്കൽ കേന്ദ്രം വഴി വിരലടയാളവും ഫോട്ടോയും രേഖപ്പെടുത്തി കാർഡ് പുതുക്കേണ്ടതാണ്.

(ഡി) രോഗത്താൽ കിടപ്പിലായവർക്കും മറ്റ് കാരണങ്ങളാൽ യഥാസമയം കാർഡ് പുതുക്കുന്നതിന് കഴിയാതെ പോയവർക്കും ആനുകൂല്യം നഷ്ടപ്പെടാതിരിക്കാൻ നിശ്ചിത കാലാവധിക്കുള്ളിൽ കുടുംബത്തിലെ ഒരു അംഗം പുതുക്കൽ കേന്ദ്രത്തിൽ പോയി കാർഡ് പുതുക്കിയതിന് ശേഷം, ചികിത്സ ആവശ്യമുള്ള സമയം ബന്ധപ്പെട്ട ആർ.എസ്.ബി.വൈ. ജില്ലാ കേന്ദ്രത്തിൽ പോയി വിരലടയാളവും ഫോട്ടോയും രേഖപ്പെടുത്തി ചികിത്സാ സൗജന്യം നേടാവുന്നതാണ്. എല്ലാ വർഷവും കാർഡ് വിതരണം സമയബന്ധിതമായി നടപ്പിലാക്കേണ്ടതിനാൽ, കാർഡ് പുതുക്കുന്നതിന് ഒന്നിലധികം അവസരം നൽകുന്നത് പദ്ധതിയുടെ നടത്തിപ്പിനെ സാരമായി ബാധിക്കുന്നതാണ്.

**എക്സൈസ് ഓഫീസുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ**

245 (3514) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് എക്സൈസ് ഓഫീസുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ വിറ്റഴിക്കുന്നതിനും മതിയായ പിഴ ഈടാക്കി മടക്കി നൽകുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉടമസ്ഥനോ സർക്കാരിനോ പൊതു ആവശ്യത്തിനോ ഉപകാരപ്രദമാകാതെ, കോടിക്കണക്കിന് രൂപ പാഴായി പോകുന്നതിനാൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് നിയമനിർമ്മാണം അടക്കമുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) എക്സൈസ് വകുപ്പ് പ്രതിമാസം ഏകദേശം നൂറോളം വാഹനങ്ങളാണ് വിവിധ കേസ്സുകളിൽ ഉൾപ്പെട്ട് പിടിച്ചെടുത്തുകൊണ്ടിരിക്കുന്നത്. എക്സൈസ് വകുപ്പിൽ പിടിച്ചെടുത്ത് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ വാഹനങ്ങൾ പൊതുലേലത്തിലൂടെയാണ് ലേലം ചെയ്ത് തീർപ്പാക്കിയിരുന്നത്. എന്നാൽ 15-10-2015-ലെ ജി.ഒ.(പി) നമ്പർ 190/2015/നി.വ. ഉത്തരവ് പ്രകാരം വാഹനങ്ങൾ പൊതുലേലത്തിലൂടെയോ നേരിട്ടോ അല്ലെങ്കിൽ സർക്കാർ അധികാരപ്പെടുത്തിയ ഏജൻസി മുഖേനയോ ഇ-ലേലം നടത്താവുന്നതാണെന്ന് നിയമം ഭേദഗതി വരുത്തുകയും സർക്കാർ നിർദ്ദേശപ്രകാരം വാഹനങ്ങൾ എം.എസ്.റ്റി.സി. (മെറ്റൽ സ്ക്രാപ് ട്രേഡ് കോർപ്പറേഷൻ ലിമിറ്റഡ്) വഴി ഇ-ലേലം നടത്തുന്നതിന് ഉത്തരവായിട്ടുള്ളതുമാണ്. എക്സൈസ് വകുപ്പിൽ മുമ്പ് നടന്നുവന്നിരുന്ന പൊതു ലേലത്തിൽ പങ്കെടുത്തിരുന്ന സാധാരണക്കാർക്ക് രജിസ്ട്രേഷൻ നടപടിക്രമങ്ങളിലും രേഖകൾ ഹാജരാക്കുന്നതിനും സാങ്കേതികമായ അറിവ് കുറവായതിനാലും രജിസ്ട്രേഷൻ ഫീസിന്റെ (12500 രൂപ) വർദ്ധനവുമൂലവും എം.എസ്.റ്റി.സി. വഴിയുള്ള ഇ-ലേലത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ കുറവ് വരുന്നുണ്ട്. മിക്കവാറും എല്ലാ ജില്ലകളിലും അബ്കാരി കേസ്സുകളിൽ കണ്ടെടുക്കുന്ന വാഹനങ്ങളിൽ അധികവും ഓട്ടോറിക്ഷകളും മോട്ടോർ സൈക്കിളുകളുമാണ്. ഇ-ലേലത്തിൽ പങ്കെടുക്കുന്നവർ പ്രൊഫഷണലുകളാകയാൽ മുന്തിയയിനം വാഹനങ്ങൾ മാത്രമാണ് അവർക്ക് ആവശ്യം. അതുകൊണ്ടാണ് വാഹനങ്ങളുടെ വിൽപ്പനയിൽ വളരെയധികം കുറവ് വരുന്നത്. സാങ്കേതികമായ പ്രശ്നങ്ങൾ പരിഹരിച്ച് ലേല നടപടികൾ പൂർത്തിയാക്കി വാഹനങ്ങൾ വേഗത്തിൽ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിച്ച് വരികയാണ്.

കേസ്സുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ സർക്കാരിലേക്ക് കണ്ടുകെട്ടുന്ന മുറയ്ക്ക് മെക്കാനിക്കൽ എഞ്ചിനീയർ നിശ്ചയിക്കുന്ന കമ്പോളവില സർക്കാരിലേക്ക് അടക്കാൻ തയ്യാറാവുന്ന പക്ഷം വാഹനത്തിന്റെ രജിസ്റ്റേർഡ് ഉടമസ്ഥന് വാഹനം വിട്ടുനൽകുന്നതിന് നിയമവ്യവസ്ഥ നിലവിലുണ്ട്. ഇപ്രകാരം അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് വാഹനങ്ങൾ വിട്ടുനൽകുന്നുണ്ട്.

(ബി) കേസ്സുകളിൽ പിടിച്ചെടുത്ത് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനും നിശ്ചിത കമ്പോളവില ഈടാക്കി ഉടമസ്ഥന് വിട്ടുനൽകുന്നതിനും സർക്കാർ വകുപ്പുകളുടെ ഉപയോഗത്തിന് അനുവദിക്കുന്നതിനും നിയമവ്യവസ്ഥ നിലവിലുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## 'സുബോധം' പദ്ധതി

246 (3515) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്കെതിരെയുള്ള ബോധവൽക്കരണം ലക്ഷ്യമിട്ട് പ്രവർത്തിച്ചു വരുന്ന 'സുബോധം' പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയിൽ പ്രധാനമായും ഊന്നൽ നൽകിയ ഘടകങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഉദ്ദേശലക്ഷ്യത്തിനനുസൃതമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ പദ്ധതിക്ക് കഴിയാതെ വന്നിട്ടുണ്ടോ;

(ഡി) എങ്കിൽ പദ്ധതിയെ പ്രവർത്തനസജ്ജമാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) പ്രാഥമിക വിലയിരുത്തൽ നടത്തിയിട്ടുണ്ട്.

(ബി) ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സുബോധം പദ്ധതി പ്രധാനമായും ഊന്നൽ നൽകിയ ഘടകം.

(സി) സുബോധം പദ്ധതി ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിച്ചതായി കരുതുന്നില്ല.

(ഡി) സുബോധം പദ്ധതിയെ പ്രവർത്തന സജ്ജമാക്കുന്ന നടപടികൾ ഒന്നുംതന്നെ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. മറിച്ച് മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാനും ലക്ഷ്യമിട്ട് 6-10-2016 തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 94/2016/നി.വ. ഉത്തരവ് പ്രകാരം പുതിയതായി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'-ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. സമൂഹത്തിന്റെ എല്ലാ മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും നിയമവിരുദ്ധ ലഹരിവസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജനങ്ങളുടെയും സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ,

മദ്യവർജ്ജന സമിതി അടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി യുവജന മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് ബോധവൽക്കരണ മിഷന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**ലഹരി വസ്തു വിൽപ്പന ലോബികൾക്കെതിരായുള്ള ബോധവത്കരണം**

247 (T*3516) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂളുകളിലും പരിസരങ്ങളിലും ലഹരി വസ്തു വിൽപ്പന ലോബികൾ പ്രവർത്തിക്കുന്നതിനെതിരെ രക്ഷിതാക്കളെയും കുട്ടികളെയും ബോധവൽക്കരിക്കാൻ ഊർജ്ജിത നടപടി സ്വീകരിക്കുന്നതിന് പദ്ധതികൾ ഉണ്ടോ?

<u>ഉത്തരം</u>

സ്കൂൾ വിദ്യാർത്ഥികൾക്ക് ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ 1735 സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രചാരണം നടത്തിവരുന്നു. അതോടൊപ്പം ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ എല്ലാ സ്കൂളുകളിലും പ്രദർശനം നടത്തിയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും വരുന്നു. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ തന്നെ മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം, വിപണനം, സൂക്ഷിപ്പ് എന്നിവ സംബന്ധിക്കുന്ന പരാതികൾ അറിയിക്കുന്നതിനുവേണ്ടി സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, കേരളത്തിലെ എല്ലാ സ്കൂളുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ പ്രോത്സാഹനാർത്ഥം സംസ്ഥാന തലത്തിൽ സ്കൂളുകളിൽ മികച്ച ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനം നടത്തുന്ന ലഹരിവിരുദ്ധ ക്ലബ്ബ്, ക്ലബ്ബ് അംഗം, ലഹരി വിരുദ്ധ ക്ലബ്ബുകളുടെ മികച്ച മാസികകൾ, മികച്ച സൃഷ്ടികൾ എന്നിവയ്ക്ക് ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും നൽകിവരുന്നു. നൂറിലധികം സ്കൂളുകളിൽ എക്സൈസ് കമ്മീഷണർ നേരിട്ട് ബോധവത്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർ അവരുടെ അധികാരപരിധിയിൽപ്പെട്ട സ്കൂളുകളിൽ ആഴ്ചയിൽ രണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## വനിതാ എക്സൈസ് കോൺസ്റ്റബിൾ നിയമനം

248 (T*3517) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ എക്സൈസ് കോൺസ്റ്റബിൾ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം നിയമനങ്ങൾ നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനിതാ എക്സൈസ് കോൺസ്റ്റബിളിന്റെ ഒഴിവുകൾ സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് താമസംവിനാ നിയമനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നിലവിൽ പി.എസ്.സി. അഡ്വൈസ് ചെയ്ത എല്ലാ വനിതാ സിവിൽ എക്സൈസ് ഓഫീസർ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകി പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ലഹരിവസ്തുക്കളടങ്ങിയ മിഠായികൾ, ഭക്ഷ്യ വസ്തുക്കൾ എന്നിവയുടെ വിപണനം

249 (3518) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിവസ്തുക്കളടങ്ങിയ മിഠായികൾ, ഭക്ഷ്യ വസ്തുക്കൾ എന്നിവയുടെ വിപണനം സംസ്ഥാനത്ത് വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സ്കൂൾ പരിസരത്ത് ഇത്തരം വസ്തുക്കൾ കച്ചവടം ചെയ്തത് സംബന്ധിച്ച് 2016 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) ലഹരിവസ്തുക്കളടങ്ങിയ മിഠായികളുടെയും മറ്റും ഉത്പാദനവും വിതരണവും തടയുന്നതിന് ഗവൺമെന്റ് തലത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഹരിവസ്തുക്കളടങ്ങിയ മിഠായികൾ, ഭക്ഷ്യ വസ്തുക്കൾ എന്നിവ സ്കൂൾ പരിസരത്ത് കച്ചവടം ചെയ്തത് സംബന്ധിച്ച് 2016 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ, മറ്റ് ലഹരി പദാർത്ഥങ്ങൾ തുടങ്ങിയവയുടെ ഉൽപ്പാദനവും വിതരണവും ഉപഭോഗവും സംബന്ധിച്ച പരാതികളിൽ കർശന പരിശോധനകളും രഹസ്യ നിരീക്ഷണങ്ങളും നടത്തി കുറ്റക്കാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കുന്നതും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മയക്കുമരുന്നുകളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും മറ്റ് ലഹരിപദാർത്ഥങ്ങളുടെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ, അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രചാരണവും നടത്തിവരുന്നു. അതോടൊപ്പം ലഹരി വിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ എല്ലാ സ്കൂളുകളിലും പ്രദർശിപ്പിക്കുകയും മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും വിൽപ്പന, ഉപഭോഗം തുടങ്ങിയവ സംബന്ധിച്ച പരാതികളും വിവരങ്ങളും എക്സൈസ് വകുപ്പിന് കൈമാറുന്നതിനായി സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് കമ്മീഷണർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സ്കൂളുകളിലും കോളേജുകളിലും ഈ വിഷയത്തിൽ ക്ലാസ്സുകൾ എടുക്കുന്നുണ്ട്. മദ്യത്തിനും ലഹരിക്കുമെതിരെ സമഗ്രമായ ബോധവൽക്കരണം നടത്തുന്നതിന് 'വിമുക്തി' കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## മദ്യം വാങ്ങുന്നതിനുള്ള ക്യൂ

250 (3519) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലാകമാനം ഹൈവേകളിലും എം.സി. റോഡുകളിലുമായി ബെവ്കോ-യുടെ ഔട്ട്ലെറ്റുകളിൽ രാവിലെ മുതൽ ആളുകൾ മദ്യം വാങ്ങുന്നതിനായി ക്യൂ നിൽക്കുന്ന കാഴ്ച, മനുഷ്യ വികസന സൂചികയുടെ കാര്യത്തിൽ ഏറെ മുന്നിൽ നിൽക്കുന്ന കേരളത്തിന് ഭൂഷണമാണെന്ന് കരുതുന്നുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സാംസ്കാരിക കേരളത്തിന് അപമാനമായിക്കൊണ്ടിരിക്കുന്ന ഈ സ്ഥിതിവിശേഷം അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ഔട്ട്ലെറ്റ് തിരക്ക് ഒഴിവാക്കുന്നതിനായി സെൽഫ് സർവ്വീസ് സംവിധാനം, പ്രീമിയം കൗണ്ടറുകൾ എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ സ്റ്റാഫിന്റെയും നിലവിലുള്ള ബില്ലിംഗ് കൗണ്ടറുകളുടെയും എണ്ണം വർദ്ധിപ്പിച്ചും ഷോപ്പുകളിൽ കൂടുതൽ സ്ഥലസൗകര്യങ്ങൾ ഏർപ്പെടുത്തിയും നിലവിലുള്ള സ്ഥിതിവിശേഷം പരിഹരിക്കാൻ ശ്രമിച്ചുവരുന്നു.

## എക്സൈസ് വകുപ്പിലെ ഒഴിവുകൾ

251 (3520) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) വകുപ്പിലെ വിവിധ വിഭാഗം തസ്തികകളിൽ ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം തസ്തികകളിലേയ്ക്കാണ് നിയമന നടപടികൾ പുരോഗമിക്കുന്നത്;

(ഇ) കാലാവധി പൂർത്തിയാകാത്ത റാങ്ക് ലിസ്റ്റുകൾ ഏതൊക്കെയാണ്;

(എഫ്) ഡ്രൈവർമാരുടെ ഒഴിവുകൾ എത്രയെന്നും ഉള്ള ഒഴിവുകളിലേയ്ക്ക് നിയമനം നടത്താത്തതിന്റെ കാരണം എന്തെന്നും അറിയിക്കുമോ;

(ജി) ഒഴിവുള്ള മുഴുവൻ തസ്തികകളിലേയ്ക്കും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി)

| | | |
|---|---|---|
| എക്സൈസ് ഇൻസ്പെക്ടർ | - | 3 |
| പ്രിവന്റീവ് ഓഫീസർ | - | 33 |
| സിവിൽ എക്സൈസ് ഓഫീസർ | - | 74 |
| വനിതാ സിവിൽ എക്സൈസ് ഓഫീസർ | - | 28 |
| എക്സൈസ് ഡ്രൈവർ | - | 16 |
| ഓഫീസ് അറ്റൻഡന്റ് | - | 1 |
| എൽ.ഡി. ടൈപ്പിസ്റ്റ് | - | 1 |
| ആകെ | - | 156 |

(ഡി) ഈ തസ്തികകളിൽ നിയമന നടപടികൾ തുടർന്നുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഒഴിവുള്ള 16 തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്ന് അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമന നടപടികൾ കൈക്കൊള്ളുന്നതാണ്.

(ജി) നടപടി സ്വീകരിക്കുന്നതാണ്.

**എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടം**

252 (3521) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എക്സൈസ് വകുപ്പിന്റെ ഡിവിഷൻ, സർക്കിൾ, റേഞ്ച് എന്നീ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എക്സൈസ് വകുപ്പിന് ജില്ലയിൽ എവിടെയൊക്കെ സ്ഥലം ലഭ്യമായിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ;

(സി) ജില്ലയിൽ നിലവിൽ എക്സൈസ് വകുപ്പിൽ എത്ര ഒഴിവുകൾ ഉണ്ട്; ഏതൊക്കെ തസ്തികകൾ എന്ന് വ്യക്തമാക്കാമോ;

(ഡി) മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, മയക്കുമരുന്ന് മാഫിയയെ നിർമ്മാർജ്ജനം ചെയ്യാൻ കഴിയത്തക്ക രീതിയിൽ വകുപ്പിനെ നവീകരിക്കാനും ആധുനിക സജ്ജീകരണങ്ങൾ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) മട്ടന്നൂർ റെയിഞ്ച് ഓഫീസിന് കെട്ടിടം പണിയുന്നതിനുള്ള ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) കൂത്തുപറമ്പ് റെയിഞ്ച് ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ് എന്നിവയ്ക്ക് സ്വന്തമായി കെട്ടിടം പണിയുവാൻ കൂത്തുപറമ്പ് ടൗണിൽ 17 സെന്റ് സ്ഥലം അനുവദിച്ചിട്ടുണ്ട്. മട്ടന്നൂർ റെയിഞ്ച് ഓഫീസിന് കെട്ടിടം പണിയുന്നതിന് തലശ്ശേരി താലൂക്കിൽ പഴശ്ശിയിൽ 10 സെന്റ് സ്ഥലം അനുവദിച്ചിട്ടുണ്ട്.

(സി) പ്രിവന്റീവ് ഓഫീസർ -13

വനിതാ സിവിൽ എക്സൈസ് ഓഫീസർ-2

ഡ്രൈവർ -3

ആകെ -18 ഒഴിവുകൾ നിലവിലുണ്ട്.

(ഡി) ചെക്കുപോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനും പ്രധാന ചെക്കുപോസ്റ്റുകളിൽ സ്കാനർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആലോചിച്ചുവരുന്നു. മയക്കുമരുന്ന് വിൽപ്പന കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി എക്സൈസ് വകുപ്പിനെ കൂടി കേരളം ടെലികോം നിയമത്തിൽ നോട്ടിഫൈഡ് ഏജൻസിയായി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനുവേണ്ടി 155358 എന്ന ടോൾഫ്രീ നമ്പർ നിലവിലുണ്ട്. ഇതിനൊപ്പം സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും സഹകരിപ്പിച്ച് അതിവിപുലമായ ലഹരിവർജ്ജന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും സർക്കാർ ലക്ഷ്യമിടുന്നു.

## എക്സൈസ് ഓഫീസുകളുടെ ശോചനീയാവസ്ഥ

253 (3522) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടമില്ലാത്ത എത്ര ഓഫീസുകളുണ്ട്; വിശദ വിവരം ലഭ്യമാക്കുമോ;

(ബി) എക്സൈസ് ഓഫീസുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എക്സൈസ് കമ്മീഷണർ ഇക്കാര്യം സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 187 ഓഫീസുകളുണ്ട്. വിശദവിവരം അനുബന്ധം-1* ആയി ചേർത്തിട്ടുണ്ട്.

(ബി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. 9 പുതിയ ഓഫീസുകൾ നിർമ്മിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. 8 ഓഫീസുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് ഭരണാനുമതി നൽകിയിട്ടുമുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-2* ആയി ചേർത്തിട്ടുണ്ട്.

## ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി

254 (3523) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം ഗ്രാമപഞ്ചായത്തിലെ നിലയ്ക്കാമുക്കിൽ പ്രവർത്തിച്ചുവരുന്ന ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റ് മാറ്റിസ്ഥാപിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് അവശേഷിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഔട്ട്‌ലെറ്റ് എത്രയും പെട്ടെന്ന് മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വക്കം വില്ലേജിൽ പ്രവർത്തിച്ചുവരുന്ന ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റ് വക്കം/കടയ്ക്കാവൂർ വില്ലേജിലേക്ക് മാറ്റിസ്ഥാപിക്കുന്നതിന് എലുക മാറ്റുന്നതിനുള്ള കരട് വിജ്ഞാപനം സർക്കാരിന്റെ പരിഗണനയിലാണ്. വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് ഔട്ട്‌ലെറ്റ് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബിവറേജസ് കോർപ്പറേഷന്റെ വരുമാനം

255 (3524) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം മദ്യ വിൽപ്പനയിൽനിന്ന് ബിവറേജസ് കോർപ്പറേഷന് ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം ബിവറേജസ് കോർപ്പറേഷൻ ഏതെല്ലാം മേഖലകളിൽ പണം ചെലവഴിക്കുന്നുണ്ട്; 2013 വർഷം മുതൽ ഓരോ വിഭാഗത്തിലും ചെലവഴിച്ച തുക, പദ്ധതി എന്നിവ സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം മദ്യവിൽപ്പനയിൽനിന്ന് ബിവറേജസ് കോർപ്പറേഷന് 4005.28 കോടി രൂപയുടെ വരുമാനമുണ്ടായിട്ടുണ്ട്. ജില്ല തിരിച്ചുള്ള മൊത്ത വിൽപ്പനയുടെ കണക്ക് അനുബന്ധം (I) ആയും* ചില്ലറ വിൽപ്പനയുടെ കണക്ക് അനുബന്ധം (II) ആയും* ചേർത്തിരിക്കുന്നു.

(ബി) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം ബിവറേജസ് കോർപ്പറേഷൻ ചെലവഴിച്ച ഫണ്ടിന്റെ കണക്ക് അനുബന്ധം (III) ആയി* ചേർത്തിരിക്കുന്നു.

## പാലക്കാട് എക്സൈസ് കോംപ്ലക്സ് നിർമ്മാണം

256 (3525) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണ നടപടികൾ വിശദമാക്കാമോ?

ഉത്തരം

17-1-2013-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 48/13/റ്റി.ഡി. ഉത്തരവിൻപ്രകാരം പാലക്കാട് എക്സൈസ് കോംപ്ലക്സ് കെട്ടിടനിർമ്മാണത്തിന് 4 കോടി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പാലക്കാട് എക്സൈസ് കോംപ്ലക്സ് കെട്ടിടം നിർമ്മിക്കുന്നതിന് എക്സൈസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പാലക്കാട് വില്ലേജിൽ 0.0465 ഹെക്ടർ ഭൂമി കേന്ദ്ര-സംസ്ഥാന പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രസിദ്ധമായ പാലക്കാട് കോട്ടയ്ക്ക് സമീപത്താകയാൽ കേന്ദ്ര പുരാവസ്തു വകുപ്പിന്റെ കൂടി അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്. ആയതിലേക്കായി ഡൽഹി നാഷണൽ മോണ്യുമെന്റ് അതോറിറ്റിയുടെ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഓൺലൈൻ മദ്യവിൽപ്പന**

257 (3526) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ വഴി മദ്യവിൽപ്പന നടത്തും എന്ന കൺസ്യൂമർഫെഡ് ചെയർമാന്റെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈൻ മദ്യവിൽപനയ്ക്ക് എക്സൈസ് വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഓൺലൈൻ മദ്യവിൽപ്പന നടത്തുന്നതിന് നിലവിൽ അബ്കാരി ചട്ടങ്ങളിൽ വ്യവസ്ഥയില്ല.

**മദ്യവർജ്ജനം**

258 (3527) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപയോഗം കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. മദ്യത്തിന്റെ വിപണനം വർദ്ധിപ്പിക്കാനോ മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. മദ്യലഹരിവസ്തുക്കൾ മൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് വമ്പിച്ച ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാന തലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കിവരുന്നത്.

മദ്യത്തിന്റെയും ലഹരിപദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളേയും യുവജനങ്ങളേയും ബോധവൽക്കരിക്കുന്നതിന് എക്സൈസ്

കമ്മീഷണർ നേരിട്ട് 100-ലധികം സ്കൂളുകളിലും കോളേജുകളിലും ക്ലാസ്സുകൾ നടത്തുകയുണ്ടായി. എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ മറ്റ് സന്നദ്ധ സംഘടനകളുമായി ചേർന്ന് നിരവധി ബോധവത്കരണ പരിപാടികൾ വകുപ്പ് സംഘടിപ്പിച്ച് വരികയാണ്.

'വിമുക്തി' എന്ന പേരിൽ കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ രൂപീകരിച്ച് അതിലൂടെ കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, എസ്.പി.സി., സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി എന്നിവയുമായി ചേർന്നും വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, വിവിധ എൻ.ജി.ഒ.-കൾ എന്നിവരുടെ കൂട്ടായ്മയോടെയും വ്യാപകമായ ബോധവത്കരണ പ്രവർത്തനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നിലവിൽ സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകളെ ശക്തിപ്പെടുത്താനും കൂടുതൽ വിദ്യാലയങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാനും ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. വിവിധ മാധ്യമങ്ങളിലൂടെ മദ്യ-ലഹരി വർജ്ജന ബോധവത്കരണ സന്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള മദ്യനയം നടപ്പിലാക്കി തുടങ്ങിയശേഷം ലഹരി വസ്തുക്കളുടെയും പ്രത്യേകിച്ച് മയക്കുമരുന്നുകളുടെയും വിപണനവും ഉപഭോഗവും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. ഇതുകൂടാതെ എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനവും കാര്യക്ഷമമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് എക്സൈസ് കമ്മീഷണർക്ക് കിട്ടുന്ന രഹസ്യ വിവരങ്ങളും പരാതികളും 24 മണിക്കൂറിനകം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റ 25-5-2016 മുതൽ 25-9-2016 വരെയുള്ള നാലുമാസക്കാലയളവിൽ എക്സൈസ് വകുപ്പ് 1068 എൻ.ഡി.പി.എസ്. കേസ്സുകളും 20302 COTPA കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി 1068 എൻ.ഡി.പി.എസ്. കേസ്സുകളിലായി 1177 പ്രതികളെ അറസ്റ്റ് ചെയ്യുകയും ടി എൻ.ഡി.പി.എസ്. കേസ്സുകളിൽനിന്ന് 380.924 കിലോഗ്രാം കഞ്ചാവും 784 കഞ്ചാവ് ചെടികളും തൊണ്ടിയായി പിടിച്ചെടുത്തിട്ടുണ്ട്.

സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. മദ്യ-ലഹരി വസ്തുക്കൾമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തുന്നതിന് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ, 'വിമുക്തി' രൂപീകരിച്ച് ഈ വിഷയത്തിൽ ശക്തമായി ഇടപെടുവാൻ ഉദ്ദേശിക്കുന്നു.

**കുട്ടനാട്ടിലെ എക്സൈസ് കോംപ്ലക്സ് നിർമ്മാണം**

259 (3528) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ എക്സൈസ് കോംപ്ലക്സ് നിർമ്മാണം സംബന്ധിച്ച് നിർദ്ദേശം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത നിർമ്മാണത്തിന് അടിയന്തരമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മദ്യവിൽപ്പനയിൽ നിന്നുള്ള വരുമാനം**

260 (3529) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മദ്യവില്പനയിൽ നിന്നുള്ള വരുമാനം എത്രയാണെന്ന് അറിയിക്കുമോ;

(ബി) മദ്യവില്പനയിൽ നിന്നുള്ള വരുമാനത്തിൽ പ്രതിമാസം എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്;

(സി) മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ മദ്യവില്പനയിൽ നിന്നുള്ള വരുമാന വർദ്ധനവിന് കാരണമെന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (2016 ജൂൺ മുതൽ സെപ്റ്റംബർ വരെ) മദ്യവിൽപ്പനയിൽ നിന്നുള്ള വരുമാനം 4005.28 കോടി രൂപയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (2016 ജൂൺ മുതൽ

സെപ്റ്റംബർ വരെ) മദ്യവിൽപ്പനയിൽ നിന്നുള്ള വരുമാനം 4005.28 കോടി രൂപയും കഴിഞ്ഞ വർഷം ഇതേ കാലയളവിലെ (2015 ജൂൺ മുതൽ സെപ്റ്റംബർ വരെ) വരുമാനം 3763.93 കോടി രൂപയും ആയിരുന്നു. അപ്രകാരം നടപ്പ് സാമ്പത്തിക വർഷം മുൻ വർഷത്തെ അപേക്ഷിച്ച് 6.41%-ന്റെ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

(സി) മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേരളീയ സമൂഹത്തിലെ മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. മദ്യ-ലഹരി വസ്തുക്കൾക്കെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിൽ ഊന്നിയുള്ള ഒരു മദ്യനയമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യ ശീലങ്ങളിൽനിന്നും മുഴുവൻ ജനങ്ങളെയും ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ വിമുക്തമാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. ഇതിനായി ബോധവൽക്കരണ പ്രവർത്തനം ഒരു ജനകീയ പ്രസ്ഥാനമായി വളർത്തിയെടുക്കുവാനായി ഒരു ബോധവൽക്കരണ മിഷനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ബോധവൽക്കരണത്തിനായി വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് വകുപ്പ് നടത്തിയ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ വ്യാജ മദ്യത്തിന്റെ ഒഴുക്ക് വളരെയധികം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ നടപടിമൂലം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ മദ്യവിൽപ്പന ശാലകളിലെ വിൽപ്പന വർദ്ധിച്ചിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് എല്ലാ വർഷവും പൊതുവേ മദ്യവിൽപ്പനയിൽ വർദ്ധനവ് ഉണ്ടാകാറുണ്ട്. ഇവയെല്ലാം മദ്യവിൽപ്പനയിൽ നിന്നുള്ള വരുമാന വർദ്ധനവിന് കാരണമാകുന്നുണ്ട്.

## ബിവറേജസ് കോർപ്പറേഷനിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തിക

261 (3530) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ സംസ്ഥാനത്ത് മൊത്തം എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഒഴിവുകൾ നികത്താൻ ബിവറേജസ് കോർപ്പറേഷൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 156 ഒഴിവുകൾ.

(ബി&സി) അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള 156 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 am]

## II അടിയന്തരപ്രമേയം

### കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ കൊലപാതകങ്ങൾ

മി. സ്പീക്കർ: കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ കൊലപാതകങ്ങളും സംഘർഷങ്ങളുംമൂലം ഉണ്ടായിട്ടുള്ള അതീവ ഗുരുതരമായ നിയമസമാധാന തകർച്ചയ്ക്ക് പരിഹാരം കാണാനും അക്രമസംഭവങ്ങൾ നിയന്ത്രിക്കാനും സമാധാന ചർച്ചയിലൂടെ പ്രശ്നപരിഹാരത്തിന് ഗവൺമെന്റ് മുൻകയ്യെടുക്കാത്തതിനാലും ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കണ്ണൂർ ജില്ലയിലെ അക്രമസംഭവങ്ങളും കൊലപാതകങ്ങളും കാരണം ജനങ്ങളാകെ ഭയാശങ്കയിലാണെന്നുള്ള പ്രമേയത്തിലെ കാഴ്ചപ്പാടിനോട് ഒരു തരത്തിലും യോജിക്കാനാവില്ല. ആർ.എസ്.എസ്.-ന്റെ ബോധപൂർവ്വമായ ഇടപെടലാണ് കണ്ണൂരിലെ ദൗർഭാഗ്യകരമായ പല സംഭവങ്ങൾക്കും കാരണം. അവിടെ നടന്ന കാര്യങ്ങൾ പരിശോധിച്ചാൽ അത് വ്യക്തമാകുന്നതാണ്. നിഷ്പക്ഷമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടാണ് ഇത്തരം പ്രശ്നങ്ങളിൽ പോലീസ് ഇടപെടുന്നതെന്ന് അവിടത്തെ സംഭവഗതികൾ വിലയിരുത്തിയാൽ വ്യക്തമാകുന്നതാണ്. സംസ്ഥാനത്ത് കണ്ണൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ കൊലപാതകങ്ങൾ നടക്കുന്നത് എന്ന മട്ടിലുള്ള പ്രചരണം നടക്കുന്നുണ്ട്. ഇന്നത്തെ പ്രതിപക്ഷ നേതാവ് ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോൾ 2016 ഫെബ്രുവരി 24-ന് നൽകിയ മറുപടി പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിൽ കൊലപാതകങ്ങളുടെ എണ്ണമെടുത്താൽ ആറാം സ്ഥാനമാണ് കണ്ണൂർ ജില്ലയ്ക്കുള്ളത്. ഒന്ന്- തിരുവനന്തപുരം, രണ്ട്- കൊല്ലം, മൂന്ന്- എറണാകുളം, നാല്- തൃശ്ശൂർ, അഞ്ച്- പാലക്കാട്, ആറ്- കണ്ണൂർ ഇങ്ങനെ പോകുകയാണ്. മേയ് 19-ന് തെരഞ്ഞെടുപ്പിന്റെ വിജയാഹ്ലാദപ്രകടനങ്ങൾ സംസ്ഥാനത്താകെ നടക്കുന്ന ഘട്ടത്തിലാണ് ധർമ്മടം മണ്ഡലത്തിൽ ആർ.എസ്.എസ്./ ബി.ജെ.പി. പ്രവർത്തകർ തമ്മിൽ നടത്തിയ ആക്രമണത്തിൽ സി.പി.ഐ.(എം) പ്രവർത്തകനായ രവീന്ദ്രൻ കൊല്ലപ്പെടുന്നത്. പിന്നീട് അവിടെ സംഘർഷമുണ്ടാകാതെ സമാധാനം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. തികച്ചും സമാധാനം നിലനിന്നിരുന്ന ധർമ്മടം മണ്ഡലത്തിൽ

ജൂലായ് 11-ന് പയ്യന്നൂരിലെ സി.പി.ഐ.(എം) പ്രവർത്തകനായ ധനരാജനെ ആർ.എസ്.എസ്./ബി.ജെ.പി. പ്രവർത്തകർ വെട്ടിക്കൊലപ്പെടുത്തിയ സംഭവമുണ്ടായി. സമാധാനം നിലനിന്നിരുന്ന സ്ഥലത്ത് സകലയാളുകളും അംഗീകരിക്കുന്ന ഒരാളെ ഒരു കാരണവുമില്ലാതെ കൊലപ്പെടുത്തിയപ്പോൾ അവിടെ സംഘർഷം ഉയർന്നുവന്നു. ഈ കൊലക്കേസ്സിലെ ഒരു പ്രതി തിരുവനന്തപുരം ജില്ലക്കാരനായ കണ്ണനും മറ്റൊരാൾ കാസർഗോഡ് സ്വദേശിയായ തമ്പാനുമാണ്. സംസ്ഥാന അടിസ്ഥാനത്തിലുള്ള ഒരു ആസൂത്രണം ഇതിന് പിന്നിലുണ്ടെന്നാണ് ഇത് വ്യക്തമാക്കുന്നത്. അവിടെ സംഘർഷങ്ങൾ ഉയർന്നുവന്നതിന്റെ ഭാഗമായാണ് രാമചന്ദ്രൻ എന്ന ആൾ കൊല ചെയ്യപ്പെടുന്നത്. പോലീസ് ശക്തമായ രീതിയിൽ ഇടപെട്ടതിനാൽ അവിടെ സമാധാനം പുനഃസ്ഥാപിക്കാൻ കഴിഞ്ഞു. മുഴക്കുന്നിൽ ഒരു ബി.ജെ.പി. പ്രവർത്തകനായ വിനീഷ് കൊല ചെയ്യപ്പെട്ടിട്ടുണ്ട്. പൊതുവേ സമാധാനപരായി നിലനിന്നിരുന്ന വേങ്ങാട് പഞ്ചായത്തിലെ വാളാങ്കിച്ചാൽ എന്ന സ്ഥലത്ത് സി.പി.ഐ.(എം)-ന്റെ ലോക്കൽ കമ്മിറ്റി അംഗവും ഒരു കേസ്സിലും പ്രതിയുമാകാത്ത മോഹനനെ 10-10-2016-ന് ഒരു സംഘം ആളുകൾ കൊലപ്പെടുത്തുകയാണുണ്ടായത്. ഈ സംഭവം നടത്തിയത് ഒരു വയനാട് സ്വദേശിയുടെ നേതൃത്വത്തിലാണെന്നാണ് അറിയുന്നത്. പുറത്തുനിന്നുള്ള ആളുകൾകൂടി നേതൃത്വം കൊടുത്തുകൊണ്ടുള്ള ആസൂത്രണങ്ങൾ നടക്കുകയാണ്. കുഴപ്പം സൃഷ്ടിക്കാൻവേണ്ടി ബോധപൂർവ്വം ശ്രമിക്കുന്ന ശക്തികളുമുണ്ട്. അതുകൊണ്ടാണ് മോഹനനെപ്പോലുള്ള, ഒരു പ്രശ്നത്തിലും ഉൾപ്പെട്ടിട്ടില്ലാത്ത ഒരു ചെറുപ്പക്കാരനെയടക്കം കൊലപ്പെടുത്തിയ സ്ഥിതി ഉണ്ടായത്. ബോധപൂർവ്വമായ ശ്രമങ്ങൾ, ഈ മേഖലയിൽ സംഘർഷമുണ്ടാക്കാൻ ഇടയാക്കുന്നുവെന്നത് നാം കാണാതിരിക്കരുത്. അതിന്റെ ഭാഗമായി സമാധാനം നിലനിൽക്കുന്നൊരു സ്ഥലത്ത് പ്രശ്നങ്ങൾ ഉണ്ടാവുകയാണ്. അങ്ങനെയാണ് രമിത്ത് കൊലചെയ്യപ്പെട്ട നിലയുണ്ടായത്. 20-8-2016-ന് കൂത്തുപറമ്പിൽ ദീക്ഷിത് എന്ന ആർ.എസ്.എസ്. പ്രവർത്തകൻ കൊല ചെയ്യപ്പെട്ടത് ബോംബ് നിർമ്മാണത്തിനിടയിലാണ്. ഏതെങ്കിലും തരത്തിലുള്ള സംഘർഷത്തിന്റെ ഭാഗമായിവന്ന കൊലയായി അതിനെ കണക്കാക്കേണ്ടതില്ല. ആക്രമണങ്ങൾ ആസൂത്രണം ചെയ്യാനുള്ള ബോധപൂർവമായ തയ്യാറെടുപ്പുകളുണ്ടായിരുന്നു എന്നാണ് ഈ ബോംബ് നിർമ്മാണവും മരണവും കാണിക്കുന്നത്. ഏഴ് രാഷ്ട്രീയ കൊലപാതകങ്ങൾ അവിടെ നടന്നു എന്നാണ് പ്രമേയത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. രാഷ്ട്രീയ കൊലപാതകങ്ങളായി കണക്കാക്കാൻ കഴിയുന്നത് അഞ്ചെണ്ണമാണ്. എസ്.ഡി.പി.ഐ. പ്രവർത്തകനായ ഫറൂഖ് കൊലചെയ്യപ്പെട്ടത് വ്യക്തി

വിരോധത്തിന്റെ പേരിലാണ്. അത് ഏതെങ്കിലുമൊരു രാഷ്ട്രീയ സംഭവമല്ല. ഏഴ് കൊലപാതകങ്ങളിൽ ഒരെണ്ണം ദീക്ഷിത്തിന്റേതാണ്. ആ രണ്ട് കൊലപാതകങ്ങളും ഈ പട്ടികയിൽ ഉൾപ്പെടുന്നില്ല. ഇക്കാര്യത്തിൽ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. പോലീസ് നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സംഘർഷങ്ങളുണ്ടാകുമ്പോൾ സമാധാന യോഗങ്ങൾ വിളിച്ചുചേർത്ത് പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ എല്ലാ ശ്രമവും നടത്തുന്നുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് വിളിച്ച ആറോളം സമാധാന യോഗങ്ങളിൽ ബി.ജെ.പി. പൂർണ്ണമായി മാറിനിൽക്കുകയോ നിസ്സഹകരിക്കുകയോ ചെയ്തിട്ടുണ്ട്. കണ്ണൂരിൽ പരാതികൾ ഉയർന്നുവന്ന കാര്യങ്ങളിലെല്ലാം പോലീസ് ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ട്. വിവിധ രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ടവരും അല്ലാത്തവരും നൽകിയ പരാതികളിലെല്ലാം നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുകയാണ്. ക്രമസമാധാനം നിലനിർത്തുന്നതിനായി കൂത്തുപറമ്പിലും തലശ്ശേരിയിലും സ്പെഷ്യൽ കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സ്ഥലങ്ങളിൽ ബോംബ് സ്ക്വാഡിന്റെയും ഡോഗ് സ്ക്വാഡിന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ കളക്ടർ വിളിച്ചുചേർത്ത ജില്ലാതല സമാധാന കമ്മിറ്റിയിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും സമാധാനം നിലനിർത്തുന്നതിന് സഹകരിക്കാൻ തയ്യാറായിട്ടുണ്ട്. കൂടാതെ ഉയർന്നുവന്ന അഭിപ്രായമനുസരിച്ച് ജില്ലാ പോലീസ് സർക്കിൾ തലത്തിലും സ്റ്റേഷൻ തലത്തിലും എല്ലാ രാഷ്ട്രീയ പ്രതിനിധികളെയുമുൾപ്പെടുത്തി സമാധാന കമ്മിറ്റി വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപ്രകാരം പോലീസ് സർക്കിൾ തലത്തിലും പോലീസ് സ്റ്റേഷൻ തലത്തിലും സമാധാന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ കുഴപ്പമുണ്ടാക്കാൻ ബോധപൂർവ്വമായ ഇടപെടലുകൾ ചിലരുടെ ഭാഗത്തുനിന്നുണ്ടായിട്ടും ക്രമസമാധാനം നിലിനിർത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും പോലീസ് സ്വീകരിച്ചതിന്റെ ഫലമായി സ്ഥിതിഗതികൾ നിയന്ത്രണവിധേയമായിട്ടുണ്ട്. പോലീസിന്റെ സ്വതന്ത്രമായ പ്രവർത്തനത്തിന്റെ ഫലമായിത്തന്നെയാണ് ഇത്തരമൊരു സ്ഥിതിവിശേഷമുണ്ടായിട്ടുള്ളത്. സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക ഗുരുതരമായ ഒരു സാഹചര്യവും അവിടെ ഉയർന്നുവന്നിട്ടില്ല. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരമേറ്റതിനുശേഷം കണ്ണൂർ ജില്ലയിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ചുള്ള അങ്ങയുടെ കണക്ക് ശരിയല്ല. ഫറൂഖിന്റെ കൊലപാതകം കൂടാതെ ഏഴ് പേർ അവിടെ കൊല്ലപ്പെട്ടിട്ടുണ്ട്. ഫറൂഖിന്റെ കൊലപാതകം കൂടിയായപ്പോൾ എട്ടെണ്ണമായി. ......(ബഹളം).......

മി. സ്പീക്കർ: പ്ലീസ് ..... അദ്ദേഹം പറയട്ടെ. നിങ്ങൾ ഇരിക്കണം. .....പ്ലീസ്.... പ്ലീസ്...... ശ്രീ. വി. ഡി. സതീശൻ, അദ്ദേഹം സംസാരിക്കട്ടെ. ശ്രീ. കെ. സി. ജോസഫ്, അങ്ങ് സംസാരിക്കണം ............ദയവായി അംഗങ്ങൾ ഇരിക്കണം. പ്ലീസ്..... പ്ലീസ്.....

ശ്രീ. കെ. സി. ജോസഫ്: സർ, കഴിഞ്ഞ നാലര മാസത്തിനുള്ളിൽ ഏഴ് രാഷ്ട്രീയ കൊലപാതകങ്ങൾമൂലം കണ്ണൂരിലുണ്ടായിട്ടുള്ള സംഘർഷാത്മകമായ സാഹചര്യങ്ങൾ, സമാധാന ചർച്ചയ്ക്കുപോലും തയ്യാറാകാത്ത ഗവൺമെന്റ് സമീപനം എന്നിവ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം. കണ്ണൂരിലെ സംഭവങ്ങൾ കേരളത്തിനാകെ അപകീർത്തികരമാണ്. കൊലപാതകത്തിൽ കണ്ണൂർ ആറാം സ്ഥാനത്താണെന്നുപറഞ്ഞ് ബഹുമാനപ്പെട്ട അങ്ങ് ആശ്വസിക്കാൻ ശ്രമിച്ചു. തിരുവനന്തപുരം ജില്ലയുൾപ്പെടെ പാലക്കാട് വരെയുള്ള അഞ്ച് ജില്ലകളിലും നടന്നത് രാഷ്ട്രീയ കൊലപാതകങ്ങളല്ല, ക്വട്ടേഷൻ സംഘങ്ങളും ഗുണ്ടാസംഘങ്ങളുമാണ് കൊല നടത്തിയത്. കണ്ണൂരിൽ നടക്കുന്നത് ആർ.എസ്.എസ്.-ഉം അങ്ങയുടെ പാർട്ടിയും ബോധപൂർവ്വം ആസൂത്രണം ചെയ്യുന്ന രാഷ്ട്രീയ കൊലപാതകങ്ങളാണ്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-യുടെ പിന്നിലുള്ള ആർ.എസ്.എസ്.-ന്റെയും കേരളം ഭരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെയും വൈരാഗ്യബുദ്ധിയാണ് കണ്ണൂരിനെ കൊലക്കളമാക്കി മാറ്റുന്നതെന്നതാണ് സത്യം ഈ സഭയിൽവന്ന് എന്റെ ഗവൺമെന്റ് എന്നുപറഞ്ഞ് ഗവൺമെന്റിനുവേണ്ടി നയപ്രഖ്യാപനം നടത്തിയ ഭരണത്തലവനായ കേരള ഗവർണർപോലും കണ്ണൂരിലെ സംഭവങ്ങളിൽ ഉത്കണ്ഠ രേഖപ്പെടുത്തിക്കൊണ്ട് ആഭ്യന്തര സെക്രട്ടറിയെയും ഡി.ജി.പി.-യെയും വിളിച്ചുവരുത്തിയത് സംഭവങ്ങളുടെ ഗൗരവാവസ്ഥയാണ് കാണിക്കുന്നത്. കേരളത്തിലെ അച്ചടി ദൃശ്യ മാധ്യമങ്ങളെല്ലാം ഇപ്പോഴും ചർച്ചചെയ്യുന്നത് കണ്ണൂരിലെ രാഷ്ട്രീയ സംഘർഷങ്ങളാണ്, കണ്ണൂരിന്റെ കണ്ണുനീരാണ്. ജൂലൈ 11-ാം തീയതി രാമന്തളിയിൽ സി.പി.ഐ.(എം) പ്രവർത്തകനായ ധൻരാജ് കൊലചെയ്യപ്പെട്ട് 48 മണിക്കൂർ തികയുന്നതിനുമുമ്പ് അന്നൂരിൽ ബി.എം.എസ്. നേതാവായ സി.കെ. രാമചന്ദ്രൻ കൊലചെയ്യപ്പെട്ടു. ഇവരുടെ കുടുംബാംഗങ്ങളുടെ കണ്ണുനീരിന് ആരാണ് ഉത്തരം പറയുന്നത്. അത് ഈ സഭയിലെ സഹോദരിമാരറിയണം. ....... (ബഹളം).....

മി. സ്പീക്കർ: അങ്ങ് സംസാരിക്കണം.......(ബഹളം).......ചെയർ ഭരണപക്ഷത്തുള്ളവർക്ക് മൈക്ക് കൊടുക്കുന്നില്ല, അവരെ സംസാരിക്കാൻ അനുവദിക്കുന്നുമില്ല. ഈ ശൈലി ആരുടെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്ന് ഞാൻ എപ്പോഴും പറയാറുണ്ട്. ചെയർ ഉച്ചഭാഷിണി നൽകിയിട്ടില്ല. ദയവായി അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കണം.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഒരു സ്ത്രീയുടെ ഏറ്റവും വലിയ ദുഃഖം വൈധവ്യമാണ്. ആ വിധവകളുടെ കണ്ണുനീർ തോരുമോ; ആ കുഞ്ഞുങ്ങൾക്ക് അച്ഛനുണ്ടാകുമോ; അമ്മമാർക്ക് മക്കളെ തിരിച്ചുകിട്ടുമോ? കുറച്ച് ഫണ്ട് പിരിച്ചുകൊടുക്കാൻ നിങ്ങൾക്ക് സാധിക്കും. നിങ്ങൾ ദേശീയ ഭരണകക്ഷിയും സംസ്ഥാന ഭരണകക്ഷിയുമാണ്. ഫണ്ട് പിരിച്ചുകൊടുത്താൽ ഈ വിധവകളുടെയും മക്കളുടെയും അമ്മമാരുടെയും വേദന അവസാനിക്കുമോ? പയ്യന്നൂരിലെ സംഭവവുമായി ബന്ധപ്പെട്ട് "വയലിൽ പണിയെടുത്താൽ വരമ്പത്ത് കൂലി കിട്ടും" എന്നുള്ള കേരളം ഭരിക്കുന്ന മുഖ്യ രാഷ്ട്രീയ പ്രസ്ഥാനമായ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ പ്രസ്താവന ഞങ്ങളെ അത്ഭുതപ്പെടുത്തി. ഇത് ശരിയാണോ? അദ്ദേഹം അക്രമത്തിന് പരസ്യമായി അണികളെ ആഹ്വാനം ചെയ്യുന്നു. "പണി ചെയ്താൽ കൂലി വാങ്ങാൻ അറിയാം" എന്ന് ബി.ജെ.പി.യും പറഞ്ഞു. നിങ്ങൾ ആരെയാണ് വെല്ലുവിളിക്കുന്നത്? ഇന്നത്തെ മലയാള മനോരമ പത്രത്തിലെ പ്രധാനവാർത്ത "പോലീസ് തലപ്പത്ത് പൊട്ടിത്തെറി" എന്നാണ്. ഐ.പി.എസ്. ഉദ്യോഗസ്ഥർ പരസ്പരം മത്സരിക്കുന്നു. ഉത്തരമേഖലാ ഐ.ജി. ദിനേശ് കശ്യപിന്റെയും ഡി.ജി.പി.യുടെയും പ്രസ്താവനകളിൽ പറഞ്ഞിരിക്കുന്നത് ഞങ്ങൾ നിസ്സഹായരാണെന്നും പോലീസിന് പരിമിതികളുണ്ടെന്നുമാണ്. എന്താണ് പോലീസിന്റെ പരിമിതി? പോലീസിന് പ്രവർത്തന സ്വാതന്ത്ര്യമുണ്ടോ? പോലീസിന്റെ കൈകൾ കെട്ടിയിരിക്കുന്നു. പയ്യന്നൂരിൽ കൊലപാതകമുണ്ടായപ്പോൾ പ്രതികളെ അറസ്റ്റ് ചെയ്തുവെന്ന് അങ്ങ് പറയുകയുണ്ടായി. അങ്ങയുടെ പാർട്ടിയുടെ ജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജൻ അങ്ങ് മുഖ്യമന്ത്രിയായിരിക്കുമ്പോൾ പയ്യന്നൂർ പോലീസ് സ്റ്റേഷനകത്തുകയറി സമരം നടത്തിയില്ലേ? തൊട്ടുപിന്നാലെ കൂത്തുപറമ്പിൽ ഏരിയ സെക്രട്ടറിയും സ്റ്റേഷനകത്തുകയറി സമരം നടത്തി. അങ്ങയെ കരിങ്കൊടി കാണിച്ചതിന് യൂത്ത് കോൺഗ്രസ്സുകാരുടെ പേരിൽ non-bailable വകുപ്പുകൾചേർത്ത് കേസ്സെടുത്തു. പയ്യന്നൂർ സ്റ്റേഷനിൽ കയറി സമരം നടത്തിയതിന് ശ്രീ. പി. ജയരാജനെതിരെ കേസ്സെടുത്തോ? നിയമം രണ്ടുവഴിക്കാണ് പോകുന്നത്. പത്തനംതിട്ടയിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ സ്റ്റേഷനിൽ കയറി പ്രതിയെ മോചിപ്പിച്ചുകൊണ്ടുപോയി. അണികളെ കയറൂരിവിടരുതെന്നും നിയമം കയ്യിലെടുക്കാൻ ആരെയും പ്രോത്സാഹിപ്പിക്കരുതെന്നുമാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. .......(ബഹളം)......... കേരളത്തിലെ മാധ്യമങ്ങളായ മലയാള മനോരമയും മാതൃഭൂമിയും മാത്രമല്ല, സി.പി.ഐ. യുടെ പത്രമായ ജനയുഗം പോലും ഇതുസംബന്ധിച്ച് പറയുകയുണ്ടായി. മലയാള മനോരമ പത്രത്തിൽ 'കണ്ണുനീരിന്റെ മുറിവുകൾ, രാഷ്ട്രീയ കൊലപാതകങ്ങൾ കേരളത്തെ കരയിക്കുന്നു' എന്നാണ് വാർത്തവന്നത്. ഇന്നത്തെ മാതൃഭൂമി പത്രത്തിൽ "കണ്ണൂർ, ഇനിവീഴരുത് ഒരു തുള്ളി ചോര" എന്നാണ് വാർത്ത വന്നിരിക്കുന്നത്. ഒരു കത്തിയിൽ നിന്നും ചോര ഒലിക്കുന്ന ചിത്രവുമുണ്ട്. "ചോരയിൽ കിടപ്പോനെ, മകനെന്നല്ലോ നിന്റെ പേര്" ഇത് അങ്ങ് ആദരിക്കുന്ന സുഗതകുമാരി ടീച്ചറിന്റെ വരികളാണ്.............(ബഹളം)...........

മി. സ്പീക്കർ: ഭരണകക്ഷി അംഗങ്ങളിൽപ്പെട്ടവർ എന്തിനാണ് പ്രതിപക്ഷത്തെ പ്രകോപിപ്പിക്കുന്നത്. ചെയറിന് ഒന്നും ചെയ്യാനില്ല. ചെയർ ആർക്കും ഉച്ചഭാഷിണി കൊടുത്തിട്ടില്ല. അനാവശ്യമായി ഇത്തരം കമന്റ് പറയുന്ന രീതി രണ്ടുപക്ഷക്കാരും അവസാനിപ്പിക്കണം. അതൊക്കെ സഭാനടപടികളുടെ ഭാഗമായി സഭാംഗങ്ങൾ പാലിക്കേണ്ട മര്യാദകളാണ്. പ്ലീസ്... നിങ്ങൾ സീറ്റിലിരിക്കു. പ്ലീസ്....ശ്രീ. എ. എൻ. ഷംസീർ, ശ്രീ. ആർ. രാജേഷ്....പ്ലീസ്..

(ഭരണകക്ഷി അംഗങ്ങളിൽപ്പെട്ട ചിലർ ശ്രീ. കെ. സി. ജോസഫിന്റെ പ്രസംഗം തടസ്സപ്പെടുത്തുന്നുവെന്നാരോപിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് എന്തോ സംസാരിക്കാനുണ്ട്. നിങ്ങൾ ദയവായി സീറ്റിലേയ്ക്ക് പോകു. നിങ്ങൾ പോയാൽ മാത്രമേ പ്രതിപക്ഷ നേതാവിന് സംസാരിക്കാൻ കഴിയൂ. നിങ്ങളാരും ചെയറിനെ ഭീഷണിപ്പെടുത്തേണ്ട. സഭ നടത്തിക്കൊണ്ടുപോകാൻ ചെയറിനറിയാം. ഒരാൾ സംസാരിക്കുമ്പോൾ രണ്ടുഭാഗത്തുനിന്നും അനാവശ്യമായ വാക്കുകൾ ഉണ്ടാകരുതെന്ന് ഞാനെപ്പോഴും പറയാറുണ്ട്. നിങ്ങളും എല്ലാസമയവും നിശബ്ദരായിട്ടല്ല ഇരിക്കുന്നത്. ശ്രീ. പി. കെ. ബഷീർ, ശ്രീ. എ. എൻ. ഷംസീർ, സീറ്റിലിരിക്കു.

(ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം പ്രതിപക്ഷാംഗങ്ങൾ നിശബ്ദരാവുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാവുകയും ചെയ്തു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ ഈ ഭാഗത്തുനിന്നും ആരും ഒരു ശബ്ദവുമുണ്ടാക്കിയില്ല. ശ്രീ. കെ. സി. ജോസഫ് 34 വർഷമായി നിയമസഭയിലുള്ള മുതിർന്ന ഒരു അംഗമാണ്. ശ്രീ. എ. എൻ. ഷംസീർ വന്നിട്ട് 10 ദിവസമേ ആയിട്ടുള്ളൂ. ഇവിടെ റണ്ണിംഗ് കമന്ററികൾ നടത്തുന്നത് ശരിയല്ല. പ്രതിപക്ഷത്തുനിന്നും ഇന്നാരെങ്കിലും റണ്ണിംഗ് കമന്ററി പറഞ്ഞോ? പറഞ്ഞവരെപ്പറ്റിയാണ് അങ്ങ് പറയേണ്ടത്. ..........(ബഹളം).........

മി. സ്പീക്കർ: ആ ശൈലി രണ്ടുഭാഗത്തുനിന്നും ഉണ്ടെന്നുള്ളത് നിർഭാഗ്യകരമാണ്. ഇന്നുണ്ടായിട്ടില്ലെന്നുള്ളത് ശരിയാണ്. പലപ്പോഴും സംസാരിക്കുമ്പോൾ കമന്റ് പറയുന്ന രീതി രണ്ടുഭാഗത്തുമുള്ള പുതിയ അംഗങ്ങൾ തുടരുന്നുണ്ട്. അത് ശരിയല്ല. പുതിയ അംഗങ്ങൾക്ക് അതിനെക്കുറിച്ചൊരു ധാരണയില്ലെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇന്ന് പ്രതിപക്ഷത്തുനിന്നും ആരെങ്കിലും പറഞ്ഞോ?

മി. സ്പീക്കർ: ഇന്നുണ്ടായിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, പിന്നെന്തിനാണ് രണ്ടുഭാഗവും എന്നുപറയുന്നത്. ഇന്ന് പറഞ്ഞവരെപ്പറ്റി ബഹുമാനപ്പെട്ട അങ്ങ് ആദ്യം പറയണം. ഇത് ശരിയല്ല. അങ്ങ് ഇവരെ നിയന്ത്രിക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പതിമൂന്നാം കേരള നിയമസഭാ കാലത്ത് സഭയിലുണ്ടായ നിർഭാഗ്യകരമായ സ്ഥിതിയിലേയ്ക്ക് പോകരുതെന്നുള്ളതു കൊണ്ടാണ് പ്രതിപക്ഷം വളരെ സഹകരണത്തോടെ പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ച യോഗത്തിൽ, ഞങ്ങൾ സഹകരിക്കാൻ തയ്യാറാണെന്നും എപ്പോഴും വെല്ലിൽ ഇറങ്ങുന്ന പരിപാടി നല്ലതല്ലെന്നുമുള്ള കാര്യങ്ങൾ പറഞ്ഞിരുന്നതാണ്. ചട്ടങ്ങൾ പാലിക്കണ്ടേ. നല്ല നിലവാരത്തിൽ കൊണ്ടുപോകാൻ എല്ലാവരും സഹകരിക്കണ്ടേ? അൽപ്പം ഡിസിപ്ലിൻ പാലിച്ചാൽ എന്താണ് കുഴപ്പം? നിയമസഭയുടെ നിലവാരം കുറയ്ക്കുന്ന സ്ഥിതിയിലേയ്ക്ക് പോകുന്നത് ശരിയല്ല. പുതിയ മെമ്പർമാർക്ക് ആവശ്യമെങ്കിൽ ഓറിയന്റേഷൻ ക്ലാസ്സോ മറ്റോ കൊടുത്ത് ക്ലിയറാക്കണം.

## II റൂളിംഗ്

മി. സ്പീക്കർ: അനാവശ്യമായി ശബ്ദമുണ്ടാക്കുന്ന ആർക്കും ചെയർ ഉച്ചഭാഷിണി അനുവദിക്കാറില്ല. സ്വാഭാവികമായി സഭയിൽ രണ്ട് ഭാഗത്തുനിന്നും അഭിപ്രായങ്ങൾ ഉയർന്നുവരും. അത് സഭാമര്യാദയും നടപടിക്രമങ്ങളും പാലിച്ച് നിശബ്ദമായിരുന്ന് കേൾക്കുന്നതാണ് മര്യാദയെന്ന് ചെയർ വീണ്ടും റൂൾ ചെയ്യുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, കണ്ണൂരിൽ നിയമവാഴ്ച പുനഃസ്ഥാപിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുക്കണം. ഇക്കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് ഗവൺമെന്റ് കാണിക്കുന്നത്. എൽ.ഡി.എഫ്. ഭരിക്കുമ്പോൾ മാത്രമാണ് കണ്ണൂരിൽ സംഘർഷങ്ങളും കൊലപാതകങ്ങളുമുണ്ടാകുന്നത്. കഴിഞ്ഞ 20 വർഷത്തെ ചരിത്രമെടുത്ത് നോക്കിയാൽ ഇക്കാര്യം വ്യക്തമാകും. ഗാന്ധിവധത്തിന് ഉത്തരവാദികളായ, ഇന്ത്യയിൽ വർഗ്ഗീയ വൈരം ആളിക്കത്തിക്കുന്ന ആർ.എസ്.എസ്.-ന്റെ രാഷ്ട്രീയ അജണ്ടയ്ക്ക് ദയവായി സി.പി.ഐ.(എം) വഴിയൊരുക്കരുത്. കുറ്റക്കാർക്കെതിരെ മുഖംനോക്കാതെ നടപടി സ്വീകരിക്കാനുള്ള ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും സർക്കാർ കാണിക്കണം. വെറുപ്പിന്റെ രാഷ്ട്രീയം പ്രചരിപ്പിക്കാനാണ് മാർക്സിസ്റ്റ് പാർട്ടിയും ബി.ജെ.പി.യും ശ്രമിക്കുന്നത്. ഈ രണ്ട് പാർട്ടികളും ഒരേ നാണയത്തിന്റെ രണ്ടുവശങ്ങളാണ്. രണ്ടുപേരുടേതും ഫാസിസ്റ്റ് ശൈലിയാണ്. കണ്ണിന് കണ്ണ്, പല്ലിന് പല്ല് എന്ന കാടൻ സമീപനം സ്വീകാര്യമാണോ? സ്റ്റേഷൻ തലത്തിലും

സർക്കിൾ തലത്തിലും യോഗം വിളിച്ചതായി അങ്ങ് പറഞ്ഞു. കണ്ണൂരിൽ നിന്നുള്ള മന്ത്രിമാരിൽ ആരെങ്കിലും മുൻകയ്യെടുത്ത് അവിടെ ക്രമസമാധാനം പുനഃസ്ഥാപിക്കുന്നതിന് യോഗം വിളിക്കാൻ നടപടി സ്വീകരിക്കേണ്ടതായിരുന്നു. കഴിഞ്ഞ അഞ്ചുവർഷം ഞാൻ കണ്ണൂരിന്റെ ചുമതലയുള്ള മന്ത്രിയായിരുന്നു. സംഘർഷമുണ്ടാകുമ്പോൾ ദുരഭിമാനമില്ലാതെ യോഗം വിളിച്ച് ചർച്ച ചെയ്യും. ഏഴുപേരുടെ ജീവൻ പൊലിഞ്ഞിട്ട് നാലരമാസമായിട്ടും ഗൗരവതരമായ യാതൊരു ചർച്ചയ്ക്കും സർക്കാർ തയ്യാറായിട്ടില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് 'ആർ.എസ്.എസ്. വേണമെങ്കിൽ മുഖ്യമന്ത്രിയെ കാണട്ടെ' എന്നാണ്. 'ഞങ്ങൾ അപേക്ഷയുമായി എ.കെ.ജി. സെന്ററിൽ പോകുന്നില്ല' എന്നാണ് ആർ.എസ്.എസ്. പറയുന്നത്. 5 വർഷം കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണനിൽനിന്ന് ഇങ്ങനെയുള്ള വാക്ക് പ്രതീക്ഷിച്ചില്ല. പ്രതിപക്ഷ നേതാവും പ്രതിപക്ഷ ഉപനേതാവും മുൻ മുഖ്യമന്ത്രിയും മറ്റും ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ടെങ്കിലും അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും പോസിറ്റീവായ സമീപനമുണ്ടായില്ല. 20 കൊല്ലത്തെ രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ സഖാവ് ഇ.കെ. നായനാർ, സർവ്വശ്രീ. എ. കെ. ആന്റണി, വി. എസ്. അച്ചുതാനന്ദൻ, ഉമ്മൻ ചാണ്ടി എന്നിവർ മുഖ്യമന്ത്രിമാരായിരുന്നപ്പോൾ എന്നെല്ലാം സംഘർഷങ്ങളുണ്ടായിട്ടുണ്ടോ അന്നെല്ലാം മുഖ്യമന്ത്രി എന്ന നിലയിൽ ഇടപെട്ട് ഉപശാലകളിലൂടെ, കർട്ടന് പിന്നിലും മുന്നിലും ചർച്ചകൾ നടത്തി പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ട്. മുഖ്യമന്ത്രിക്ക് ദുരഭിമാനം പാടില്ല. അങ്ങ് പ്രധാനമന്ത്രിയുടെ ഗുഡ്ബുക്കിലുള്ള ആളാണ്. അങ്ങ് പ്രധാനമന്ത്രിയെ പ്രശംസിച്ചു, പ്രധാനമന്ത്രി 'എന്റെ വീട് കേരള മുഖ്യമന്ത്രിക്ക് സ്വന്തം വീടുപോലാണെന്ന്' പറഞ്ഞു. ഇത്രയും നല്ല ബന്ധമുണ്ടെങ്കിൽ അങ്ങേയ്ക്കൊന്ന് ബന്ധപ്പെട്ടുകൂടേ, ഇടപെട്ട് പരിഹാരമുണ്ടാക്കിക്കൂടേ? ഞാൻ വീണ്ടും ആവർത്തിക്കുന്നു, ദയവായി കേരളത്തിലെ മുഖ്യമന്ത്രിക്ക് ദുരഭിമാനം ഉണ്ടാകാൻ പാടില്ല. അങ്ങ് സി.പി.ഐ. (എം) നേതാവ് മാത്രമല്ല, ഞങ്ങളുടെ മുഖ്യമന്ത്രികൂടിയാണ്. സംഘർഷത്തിന്റെ പേരിൽ ഇനിയൊരു ജീവൻ കണ്ണൂരിൽ പൊലിയാൻ ഇടയാക്കരുത്. ചർച്ചകൾ നടത്തണം. ദുരഭിമാനം വെടിയണം. ഇക്കാര്യങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മി. സ്പീക്കർ: ശ്രീ. ഒ. രാജഗോപാൽ, ഇതേ വിഷയത്തിൽ ഒരു സബ്മിഷൻ നേരത്തെ നൽകിയിരുന്നു. അദ്ദേഹത്തിന് ഒരു മിനിട്ട് സംസാരിക്കാവുന്നതാണ്.

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ വിഷയത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ചുകഴിഞ്ഞതിനുശേഷം സംസാരിക്കാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ കെ. സി. ജോസഫ് ഏതൊരാൾ കൊലചെയ്യപ്പെട്ടാലും അതിന്റെ ഭാഗമായുള്ള വേദനയെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. അതിലൊന്നും അഭിപ്രായ വ്യത്യാസമില്ല. അത് വസ്തുതയാണ്. ആര് കൊലചെയ്യപ്പെട്ടാലും കൊലചെയ്യപ്പെട്ട ആളുടെ വിധവ അങ്ങേയറ്റത്തെ വേദനയാണല്ലോ അനുഭവിക്കുന്നത്. കഴിഞ്ഞ കാലത്തൊക്കെ കോൺഗ്രസ്സുകാർ തന്നെ പ്രതികളായി വന്ന ധാരാളം സംഭവങ്ങളുണ്ടായിട്ടുണ്ട്. നമ്മുടെ നാട്ടിലുയർന്നുവരേണ്ട സംസ്കാരമെന്ത് എന്നതാണ് ഇതിന്റെയെല്ലാം ഭാഗമായി നാം ചിന്തിക്കേണ്ടത്. ഗവർണർ ഈ സംഭവങ്ങളിലാകെ ഉത്കണ്ഠ രേഖപ്പെടുത്തിയെന്ന് ഇവിടെ അദ്ദേഹം പറഞ്ഞു. അങ്ങനെയൊരു ഉത്കണ്ഠ രേഖപ്പെടുത്തൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. അദ്ദേഹം സാധാരണനിലയ്ക്ക് കണ്ണൂരിലെ പ്രശ്നങ്ങൾ അന്വേഷിച്ചുവെന്നേയുള്ളൂ. അതിന്റെ പിന്നിലെന്താണുണ്ടായതെന്ന് അന്വേഷിക്കാൻ ഞാൻ പുറപ്പെട്ടിട്ടില്ല. ഇവിടെ കൊലപാതകങ്ങളുടെ സ്ഥിതി പറയുമ്പോൾ കഴിഞ്ഞ ഭരണകാലത്ത് എല്ലാം ശാന്തമായിരുന്നുവെന്നാണ് അങ്ങ് സ്ഥാപിക്കാൻ നോക്കിയത്. എന്നാൽ യു.ഡി.എഫ്. ഭരണകാലത്ത് സി.പി.ഐ.(എം)-ന്റെയും ഡി.വൈ.എഫ്.ഐ.-യുടെയും എസ്.എഫ്.ഐ.-യുടെയും 16 പ്രവർത്തകരും 8 ആർ.എസ്.എസ്./ബി.ജെ.പി. പ്രവർത്തകരും കൊലചെയ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് യു.ഡി.എഫ്. ഭരണകാലത്ത് ഒരുതരത്തിലുള്ള രാഷ്ട്രീയ സംഘർഷവും ഉണ്ടാകാറില്ല എന്ന ഒരു നിലയെടുക്കുന്നത് വസ്തുതകൾ മറച്ചുവയ്ക്കലാണ്. ഇവിടെ പോലീസിന് അവരുടെ പ്രവർത്തന സ്വാതന്ത്ര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള പരിമിതികളില്ല. പോലീസ് പക്ഷഭേദം കൂടാതെ അക്രമസംഭവങ്ങളെ ശരിയായ രീതിയിൽ ഇടപെട്ട് അമർച്ചചെയ്യാൻ ശ്രമിക്കുന്നുണ്ട്. സമാധാനത്തിനുവേണ്ടി ഒരു ഭാഗത്ത് ശ്രമിക്കുമ്പോൾ അതുമായി സഹകരിക്കാതെ വീണ്ടും അക്രമങ്ങൾ നടത്താനുള്ള തയ്യാറെടുപ്പുകളിൽ ഏർപ്പെടുന്നുവെന്ന പരിമിതിയായിരിക്കും ഈ ഉത്തരവാദപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ പ്രതികരണത്തിലൂടെ ഒരുപക്ഷേ വ്യക്തമാക്കിയിട്ടുള്ളത്. നമ്മുടെ നാട്ടിൽ കുറേക്കാലമായി പല ഭാഗങ്ങളിൽ രാഷ്ട്രീയ സംഘർഷ അന്തരീക്ഷം രൂപപ്പെട്ടുവരികയും അത് കൊലപാതകങ്ങളിലെത്തുകയും ചെയ്യുന്നുണ്ട്. അത് ഈ എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം മാത്രമുള്ള അവസ്ഥയല്ല. ഇത് അങ്ങേയറ്റം ദൗർഭാഗ്യകരമായ ഒരവസ്ഥ തന്നെയാണ്. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകും. അത് സ്വാഭാവികമല്ലേ? രണ്ട് പ്രസ്ഥാനങ്ങൾക്കിടയിൽ മാത്രമല്ല രണ്ട് വ്യക്തികൾക്കിടയിൽത്തന്നെ ഒരേ അഭിപ്രായം എല്ലാ കാര്യങ്ങളിലും ഉണ്ടാകണമെന്നില്ല. അഭിപ്രായ വ്യത്യാസങ്ങളായാലും വ്യത്യസ്ത സമീപനങ്ങളായാലും അതിന്റെയൊക്കെ അടിസ്ഥാനത്തിൽ പ്രതികാര മനോഭാവമുണ്ടാകുന്നതാണ് പ്രശ്നം. ഈ പ്രതികാര

മനോഭാവത്തിന്റെ അടിസ്ഥാനത്തിൽ കൊലപാതകങ്ങളുണ്ടാകുന്നത് പരിഷ്കൃത സമൂഹത്തിന് ഒരു രീതിയിലും നീതീകരിക്കാനാവുന്നതല്ല. നമ്മുടെ നാടിനെപ്പറ്റി നമ്മളെല്ലാവരും അഭിമാനിക്കാറുള്ളത് പ്രബുദ്ധമായ ഒരു സംസ്ഥാനമാണെന്നാണ്. പക്ഷെ, നിർഭാഗ്യകരമായ ചില സംഭവങ്ങൾ ചില പ്രദേശങ്ങളിലുണ്ടാകുന്നു. ഇതിനെ നമുക്ക് കൂട്ടായ ശ്രമത്തിലൂടെ മറികടക്കാനാകണം. അത് സാധ്യമാകണമെങ്കിൽ എല്ലാ പ്രസ്ഥാനങ്ങളുടെയും പ്രവർത്തകർ ബോധപൂർവ്വം ദൃഢനിശ്ചയത്തോടെ സമാധാനപരമായി നിലകൊള്ളുമെന്ന് ഉറപ്പിക്കാൻ കഴിയണം. വൈകാരികമായ പ്രതികാര പ്രവർത്തനങ്ങളല്ല ഉണ്ടാകേണ്ടത്. നാടിന്റെ വികസനവും നാട്ടുകാരുടെ നന്മയും സമൂഹത്തിന്റെ പുരോഗതിയും ലക്ഷ്യമിട്ടുകൊണ്ട് മനുഷ്യത്വപൂർണ്ണമായ സമീപനത്തിലൂടെ മാത്രമേ നാടിന് പുരോഗതിയുണ്ടാകൂ. ഇവയിലെല്ലാം ശ്രദ്ധ കേന്ദ്രീകരിക്കുന്ന നിലയുണ്ടാകണം. പാർട്ടികൾ തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടാകും. അതിന് വ്യത്യസ്ത പാർട്ടികളിൽപ്പെട്ടവർ തമ്മിൽ കൊന്നൊടുക്കിയതുകൊണ്ട് അഭിപ്രായ വ്യത്യാസം പരിഹരിക്കാനാകുമോ? എതിരഭിപ്രായം ഉണ്ടായാൽ ആ എതിരഭിപ്രായത്തിൽ നിൽക്കുന്ന ആൾ യഥാർത്ഥത്തിൽ വസ്തുത മനസ്സിലാക്കണം. അപ്പുറത്തുനിൽക്കുന്ന ആൾ ഇങ്ങോട്ട് വരേണ്ട ആളാണ് എന്ന ചിന്തയോടെയാകണം പ്രവർത്തിക്കേണ്ടത്. ഒരുതരത്തിലുമുള്ള പ്രതികാര മനോഭാവവും വച്ചുപുലർത്താൻ പാടില്ല. അങ്ങനെയായാൽ നാളെ നമുക്കുവേണ്ടി നിൽക്കേണ്ട വ്യക്തിയെ ഇന്നേ കൊല്ലുകയോ എന്നൊരു ചിന്ത മനസ്സിൽ ഉയർന്നുവരാൻ ഇടയാകും. അങ്ങനെവന്നാൽ ശാന്തിയുടെ, സഹവർത്തിത്വത്തിന്റെ, സാഹോദര്യത്തിന്റെ അന്തരീക്ഷം ഓരോ ആളുടെ മനസ്സിലും സമൂഹത്തിലും ഉണ്ടാകും. എല്ലാ രാഷ്ട്രീയ ചിന്താധാരകളിലുംപെട്ടവർ മനുഷ്യത്വത്തിന്റെയും നാടിന്റെ വികസനത്തിന്റെയും ജനക്ഷേമത്തിന്റെയും കാര്യത്തിൽ കൈകോർത്തുപിടിച്ച് മുന്നേറേണ്ട ഘട്ടമാണിത്. അത്തരമൊരു ഘട്ടത്തിൽ ശത്രുതാമനോഭാവത്തോടെ പരസ്പരം കാണുന്ന നിലപാട് എല്ലാവരും ഒഴിവാക്കാൻ തയ്യാറാകണം. രാഷ്ട്രീയ പ്രബുദ്ധതയും വിവേകവും മനുഷ്യത്വവും ആവശ്യപ്പെടുന്നത് ഇതൊക്കെയാണ്. ക്രൗര്യംകൊണ്ട് ഒരാളെ ഇല്ലാതാക്കാൻ കഴിയും തിരുത്താൻ കഴിയില്ല. സൗമനസ്യംകൊണ്ടേ ആരെയും തിരുത്താനാകൂ. മനുഷ്യത്വപൂർണ്ണമായ സൗമനസ്യത്തിന്റെ രാഷ്ട്രീയത്തിനായി എല്ലാപേരും സ്വയം അർപ്പിച്ചാൽ ഈ നാട് ഒരുമയോടെ പുരോഗമിക്കും. വരുംതലമുറകൾക്ക് സ്വച്ഛമായി ഐശ്വര്യത്തിൽ കഴിയാനാകുന്ന ഒരന്തരീക്ഷം സൃഷ്ടിക്കാനാകും. സമാധാന അന്തരീക്ഷം നിലനിർത്താൻ വേണ്ടി ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിക്കും. ആ നടപടികളോട് എല്ലാപേരും സഹകരിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ അവസാനം പറഞ്ഞ ആശയങ്ങളോട് യോജിക്കുകയാണ്. പക്ഷേ നിർഭാഗ്യവശാൽ അത് ആരും ഉൾക്കൊള്ളുന്നില്ല. ഒരു രാഷ്ട്രീയ പാർട്ടി പ്രവർത്തിക്കുമ്പോൾ എതിരാളികൾ നാളെ നമ്മുടെകൂടെ വരേണ്ടവരാണ്, നാളത്തെ സഹപ്രവർത്തകരാകേണ്ടവരാണ് എന്നുള്ള ചിന്തയല്ല, പകരം പ്രതികാര ചിന്ത നിൽക്കുകയാണ്. ഇന്ന് കേരളം കാത്തിരിക്കുന്നത് സമാധാന അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി മുഖ്യമന്ത്രി ഇടപെട്ട് ചർച്ചകൾ നടത്തണമെന്നാണ്. ഇന്നലെത്തന്നെ മുഖ്യമന്ത്രി പ്രതിപക്ഷ നേതാവിന്റെകൂടി സൗകര്യം ചോദിച്ച് ഒരു തീയതി നിശ്ചയിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. എങ്കിൽ ഇന്നത്തെ ഈ ചർച്ചപോലും ഒഴിവാക്കാമായിരുന്നു. അതുകൊണ്ട് കണ്ണൂരിൽ സമാധാനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി ചർച്ച നടത്താൻ തയ്യാറാകണം. നീതിയും ന്യായവും യഥാവിധി നടപ്പിലാക്കുന്നുണ്ടെന്ന വിശ്വാസമാണ് ജനങ്ങൾക്കുണ്ടാകേണ്ടത്.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ എല്ലാപേർക്കും നീതി ലഭിക്കത്തക്കവിധത്തിലുള്ള ഇടപെടലുകളാണ് സർക്കാർ നടത്തി കൊണ്ടിരിക്കുന്നത്. അതുസംബന്ധിച്ച് ആർക്കും പരാതിയില്ല. നമ്മുടെ സംസ്ഥാനത്ത് പ്രത്യേകിച്ച് കണ്ണൂരിൽ സമാധാനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് കക്ഷി-രാഷ്ട്രീയ-സംഘടനാ ഭേദമെന്യേ കൂട്ടായ പരിശ്രമം ആവശ്യമാണ്. ആ കാര്യത്തിൽ ഇന്ന് കാണുന്ന സ്പർദ്ധയും വിദ്വേഷവും പ്രതികാരവും അത്തരം മനഃസ്ഥിതിയുമൊക്കെ ഉപേക്ഷിക്കേണ്ടതുണ്ട്. അവിടെ സമാധാന സംഭാഷണം നടത്തുന്നതിനെക്കുറിച്ചാണ് ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ഇവിടെ പ്രസ്താവിച്ചത്. എത്രയോ കാലമായി അവിടെ സമാധാന സംഭാഷണങ്ങളിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന ഒരാളാണ് ഞാൻ. സമാധാനം ഒരു ഘട്ടത്തിൽ ഉണ്ടാവുക എന്നുള്ളതല്ല സ്ഥായിയായ സമാധാനം ഉണ്ടാകുന്നതിനുള്ള ശ്രമമാണ് വേണ്ടത്. അതിന് ഇനി ആക്രമിക്കില്ല, കൊല്ലില്ല എന്ന് അതുമായി ബന്ധപ്പെട്ടവർ ബോധപൂർവ്വം തീരുമാനിക്കേണ്ടതുണ്ട്. അത്തരമൊരു നിലപാട് വന്നാൽ മാത്രമേ സ്ഥായിയായ സമാധാനം ഉണ്ടാവുകയുള്ളൂ. ഇവിടെ ബഹുമാന്യനായ ഉമ്മൻ ചാണ്ടി പറഞ്ഞത് ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചാണ്. അവിടെ സമാധാന സംഭാഷണം ഗവൺമെന്റ് ഇടപെട്ട് നടത്തേണ്ടതുണ്ടെങ്കിൽ അതിനൊരു പ്രയാസവുമില്ല. ഇവിടെ നേരത്തെ ബഹുമാന്യനായ കെ. സി. ജോസഫ് സംസാരിച്ചപ്പോൾ മന്ത്രിമാരാരും അവിടെ സമാധാന സംഭാഷണം നടത്താൻ തയ്യാറായില്ലായെന്ന് പറഞ്ഞു. ബഹുമാന്യനായ ഉമ്മൻ ചാണ്ടി പറഞ്ഞത് മുഖ്യമന്ത്രി നേരിട്ട് ഇടപെട്ട് പ്രതിപക്ഷ നേതാവിന്റെ സമയം കൂടി നോക്കിയിട്ട് സമാധാന സംഭാഷണം നടത്തണമെന്നാണ്. അദ്ദേഹം ഉദ്ദേശിക്കുന്നത് സംസ്ഥാന തലത്തിലുള്ള പ്രധാന നേതാക്കളെല്ലാംകൂടി ഉൾക്കൊള്ളുന്നൊരു സംഭാഷണമായിരിക്കും. ആദ്യം വേണ്ടത് അവിടെയുള്ള ആളുകൾ കൂടിയിരുന്നുള്ള

ഒരു ചർച്ചയാണ് അത് ആദ്യം നടത്താം. രണ്ടാമത് ഇവിടെ പറഞ്ഞ രീതിയിലുള്ള ചർച്ചയും വേണമെങ്കിൽ നടത്താം. പ്രതിപക്ഷനേതാവിന്റെ കൂടി – സൗകര്യാർത്ഥം ഈ സമ്മേളന കാലയളവിൽത്തന്നെ സംസ്ഥാനതല ചർച്ച നടത്താം. അതിനൊന്നും ഈ സർക്കാരിന് യാതൊരു പ്രയാസവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി വളരെ വിശദമായി ചില കാര്യങ്ങൾ സൂചിപ്പിച്ചു. കണ്ണൂരിന്റെ ചരിത്ര പാരമ്പര്യങ്ങളും മഹത്വവും അവിടത്തെ ജനങ്ങളുടെ ദേശീയബോധവും ഇവിടെ ചോദ്യം ചെയ്യപ്പെടുന്നില്ല. പക്ഷേ കുറേ നാളുകളായി കണ്ണൂരിൽ യുദ്ധസമാനമായ സാഹചര്യമാണുള്ളത്. ഇവിടെ ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും ഒരു ഭാഗത്ത്, സി.പി.ഐ. (എം) മറുഭാഗത്ത്, ഈ രണ്ട് കക്ഷികളും കൂടിചേർന്നുകൊണ്ട് അവിടെ പട്ടാപ്പകൽപോലും ജനങ്ങൾ നോക്കിനിൽക്കെ കൊലപാതകങ്ങൾ വ്യാപകമാക്കുന്നുവെന്നുള്ള പരാതികളാണ് നിലനിൽക്കുന്നത്. ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി സൂചിപ്പിച്ച പോലെ, ഈ മാസം 10-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30-ഓടെയാണ് സി.പി.ഐ.(എം)-ന്റെ ബ്രാഞ്ച് സെക്രട്ടറി മോഹനനെ ഒരു കള്ളുഷാപ്പിൽ വച്ച് ആർ.എസ്.എസ്.-കാർ ദേഹാമാസകലം വെട്ടി മുറിവേൽപ്പിച്ച് കൊലപ്പെടുത്തിയത്. അതിന്റെ പ്രതികാരം എന്ന നിലയ്ക്കാണ് 12-ാം തീയതി ബുധനാഴ്ച മുഖ്യമന്ത്രിയുടെ നാട്ടിൽ വച്ച് രാവിലെ 9.45-ന് 26 വയസ്സുള്ള യുവാവിനെ വെട്ടിക്കൊന്നത്. മരിച്ച രമിത്തിന്റെ അച്ഛനെയും 14 വർഷം മുമ്പ് ഇതുപോലെ കൊലപ്പെടുത്തിയിരുന്നു. ഇവിടെ നടക്കുന്നതെന്താണ്; ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും ഒരു ഭാഗത്ത് സി.പി.ഐ.(എം)-കാരെ കൊല്ലുന്നു. സി.പി.ഐ.(എം)-കാർ തിരിച്ച് ആർ.എസ്.എസ്.-കാരെ കൊല്ലുന്നു. ഇതിന്റെ ഫലമായി സമാധാന ജീവിതം സാദ്ധ്യമാകാത്ത സാഹചര്യമാണ് കണ്ണൂരിൽ നിലനിൽക്കുന്നത്. കൊലപാതകങ്ങൾ മാത്രമല്ല അവിടെ വ്യാപകമായ അക്രമങ്ങൾ നടക്കുന്നു, വീടുകൾ ആക്രമിക്കപ്പെടുന്നു. ഇവിടെ ശക്തമായ പോലീസ് സാന്നിദ്ധ്യമില്ലാത്തതുകൊണ്ട് വ്യാപകമായ തോതിൽ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്നു. ഈ കൊലപാതകങ്ങളും ഭീകരപ്രവർത്തകർ നടത്തുന്ന കൊലയും തമ്മിലെന്താണ് വ്യത്യാസം? ഭീകരപ്രവർത്തകർ കഴുത്തറുത്തുകൊല്ലുന്നുവെങ്കിൽ ഇവിടെ കൊലപാതകത്തിലേർപ്പെടുന്നയാളുകൾ ആളുകളെ വെട്ടിക്കൊല്ലുന്നു വെന്നുള്ളതാണ്. കേന്ദ്രം ഭരിക്കുന്ന പാർട്ടിക്കും കേരളം ഭരിക്കുന്ന പാർട്ടിക്കും ഇതിൽ ഉത്തരവാദിത്തമില്ലേ? അതുകൊണ്ടാണ് ബി.ജെ.പി.-യുടെ ദേശീയ പ്രസിഡന്റ് ശ്രീ. അമിത് ഷായും സി.പി.ഐ.(എം)-ന്റെ അഖിലേന്ത്യാ സെക്രട്ടറി

ശ്രീ. സീതാറാം യെച്ചൂരിക്കും ഞാൻ കത്തയച്ചത്. രാജ്യത്തോട് ഉത്തരവാദിത്വമുള്ളവരല്ലേ ഈ രണ്ട് രാഷ്ട്രീയ പാർട്ടികളും. ഇവർ രണ്ടുപേരും തങ്ങളുടെ അണികളെ നിലയ്ക്കുനിർത്താൻവേണ്ടി മുന്നോട്ടുവരണ്ടേ? കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ കൊലപാതക കണക്കുകൾ ഇവിടെ വായിച്ചു. അദ്ദേഹം വായിച്ചത് കൊലപാതകങ്ങളുടെ കണക്കുകളാണ്, ഗുണ്ടകളും മാഫിയകളും തമ്മിലുണ്ടാകുന്ന കൊലപാതകങ്ങൾ. ഞങ്ങൾ ഉന്നയിക്കുന്നത് കണ്ണൂരിലെ രാഷ്ട്രീയ കൊലപാതകങ്ങളാണ്. മധുവിന്റെ ഉൾപ്പെടെ തൃശ്ശൂരിലെ ചിലയാളുകളുടെ പേരുകളൊക്കെ പറഞ്ഞു. പൂഞ്ഞാറിലെ സി.പി.ഐ.(എം) ബ്രാഞ്ച് സെക്രട്ടറി കെ. എം. നസീറിനെക്കൂടി അങ്ങ് ഓർക്കേണ്ടതായിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കണ്ണൂരിൽ കൊലപാതകമുണ്ടായപ്പോൾ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും ആഭ്യന്തര മന്ത്രിയായിരുന്ന ഞാനും ഇടപെട്ട് അവിടെ സമാധാനയോഗങ്ങൾ വിളിച്ചിട്ടുണ്ട്. ആ യോഗത്തിനുശേഷം ജില്ലാ കളക്ടറോട് സി.പി.ഐ. (എം)-ന്റെ പ്രതിനിധികളെയും ബി.ജെ.പി.-യുടെ പ്രതിനിധികളെയും ഒറ്റയ്ക്ക് വിളിച്ച് സംസാരിക്കണമെന്ന് പറഞ്ഞ് ശാശ്വതമായ സമാധാനമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇരുപാർട്ടികളും അവിടെ സഹകരിക്കാൻ തയ്യാറായിട്ടുണ്ട്. കണ്ണൂരിൽ നടക്കുന്ന അക്രമസംഭവങ്ങളിൽ മനസ്സു മാറ്റമുണ്ടായശേഷം സംസാരിക്കാമെന്നുള്ള മുഖ്യമന്ത്രിയുടെ നിലപാട് ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല. ഇവിടെ ഇടതുമുന്നണി ഗവൺമെന്റ് അധികാരമേറ്റെടുത്ത ദിവസം തന്നെയാണ് ഒരു സി.പി.ഐ.(എം) പ്രവർത്തകനെ ആർ.എസ്.എസ്.-കാർ ബോംബെറിഞ്ഞ് കൊന്നത്. മിക്ക ദിവസങ്ങളിലും സി.പി.ഐ.(എം) പ്രവർത്തകരും ബി.ജെ.പി. പ്രവർത്തകരും പരസ്പരം വീടുകൾ ആക്രമിക്കുന്നു, ബോംബുകൾ എറിയുന്നു. ബോംബ് നിർമ്മാണം, കണ്ണൂരിലെ ഒരു കുടിൽ വ്യവസായമായി മാറുകയാണ്. രാത്രി കാലങ്ങളിലും പകൽ സമയങ്ങളിലും ബോംബ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നില്ലെന്നും പോലീസ് നിഷ്ക്രിയമാണെന്നുമുള്ള പരാതിയുണ്ട്. ഡി.ഐ.ജി.-യുടെ വാക്കുകളെ വളച്ചൊടിച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഞങ്ങൾ നിസ്സഹായരാണ്, ഞങ്ങൾക്കൊന്നും ചെയ്യാൻ കഴിയില്ലെന്നാണ് ജനങ്ങൾക്ക് സംരക്ഷണം നൽകേണ്ട പോലീസിന്റെ കണ്ണൂർ റെയ്ഞ്ച് ഡി.ഐ.ജി. കശ്യപ് പറഞ്ഞത്. എന്നുപറഞ്ഞാൽ പോലീസിന്റെ നിഷ്ക്രിയത്വത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. കണ്ണൂരിൽ നടക്കുന്ന ബോംബ് നിർമ്മാണങ്ങളെ നിയന്ത്രിക്കാൻ കഴിയുന്നില്ല, റെയ്ഡുകൾ നടക്കുന്നില്ല. ആർ.എസ്.എസ്.-കാർ ഒരു ഭാഗത്ത് ബോംബുണ്ടാക്കുന്നു. സി.പി.ഐ.(എം)-കാർ വേറൊരിടത്ത് ബോംബുണ്ടാക്കുന്നു. ബോംബ് നിർമ്മാണത്തിനിടയിൽ ഇരുകൂട്ടരുടെയും പ്രവർത്തകർ മരിച്ച എത്രയോ ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. സംസ്ഥാനത്തെ ക്രമസമാധാനനിലയുടെ നേർചിത്രമാണ് നമുക്ക് കണ്ണൂരിൽ കാണാൻ കഴിയുന്നത്. ഞങ്ങളെക്കൊണ്ടൊന്നും നിയന്ത്രിക്കാൻ കഴിയുന്നില്ല

എന്നുപറയുന്ന ഒരു പോലീസിന്റെ നിസ്സഹായാവസ്ഥ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഗവർണർ ഈ സംസ്ഥാനത്തിന്റെ തലവനാണ്. കേരള ചരിത്രത്തിൽ ആദ്യമായിട്ടാണ് ഗവർണർ, ആഭ്യന്തര സെക്രട്ടറിയെയും ഡി.ജി.പി.-യെയും വിളിച്ചുവരുത്തിയതെന്നുള്ള കാര്യം നമ്മൾ ഓർക്കേണ്ടതാണ്. സംസ്ഥാനത്ത് വഷളാകുന്ന ക്രമസമാധാനനിലയെ സംബന്ധിച്ചുള്ള ഉത്കണ്ഠയാണ് ചീഫ് ജസ്റ്റിസ് കൂടിയായിരുന്ന കേരള ഗവർണർ ശ്രീ. പി. സദാശിവം ഇവരെ രണ്ടുപേരെയും വിളിച്ച് സംസാരിച്ചത്. ചായ കുടിക്കാനോ വെറുതെ ഇൻഫർമേഷന് വേണ്ടിയോ വിളിച്ചതല്ല. ഗവർണറുടെ ഉത്കണ്ഠ വളരെ ഗൗരവമായി ഈ സർക്കാർ കാണേണ്ടതാണ്. ഇനി ഗവർണറെയും നിങ്ങൾ ഗൗരവത്തിൽ എടുക്കേണ്ട. ജനയുഗത്തിൽ തൊട്ടപ്പുറത്തിരിക്കുന്ന ശ്രീ. ഇ. ചന്ദ്രശേഖരന്റെ പാർട്ടി ഇന്നലെ പാസ്സാക്കിയ ഒരു പ്രമേയമുണ്ട് അതിൽ പറയുന്നതെന്താണ്, സമാധാനം ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ മുൻകയ്യെടുക്കണം. എൽ.ഡി.എഫ്.-ലെ രണ്ടാമത്തെ പാർട്ടിയായ സി.പി.ഐ.-യുടെ സംസ്ഥാന സെക്രട്ടേറിയറ്റ് പാസ്സാക്കിയ പ്രമേയം പോലും നിങ്ങൾ ഗൗരവത്തിലെടുക്കുന്നില്ലെന്നുള്ളതാണ് മുഖ്യമന്ത്രിയുടെ സംസാരം കേട്ടപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. സി.പി.ഐ.(എം) ഭരിക്കുമ്പോൾ മാത്രമാണോ കണ്ണൂരിൽ പ്രശ്നമുണ്ടാകുന്നതെന്ന് അദ്ദേഹമിവിടെ ചോദിച്ചു. സി.പി.ഐ.(എം) ഭരിക്കുമ്പോൾ തന്നെയാണ് കണ്ണൂരിൽ അസമാധാന മുണ്ടാകുന്നത്. കാരണം യഥാർത്ഥ പ്രതികളെ പിടിക്കുന്നില്ല. പാർട്ടി ഓഫീസിൽനിന്നും കൊടുക്കുന്ന പ്രതികളെ മാത്രമാണ് പിടിക്കുന്നത്. യഥാർത്ഥ കുറ്റവാളികൾ രക്ഷപ്പെടുന്നു. നാദാപുരത്ത് അസ്‌ലമിനെ കൊലചെയ്തു, വേളത്ത് ഒരു മുസ്ലീം ലീഗ് പ്രവർത്തകനെ കൊലപ്പെടുത്തി, എന്തുകൊണ്ട് യഥാർത്ഥ പ്രതികളെ പിടിക്കുന്നില്ല. താനൂരിൽ മുസ്ലീം ലീഗിന്റെ 25-ഓളം പ്രവർത്തകരുടെ വീടുകൾ കൊള്ളയടിച്ച യഥാർത്ഥ പ്രതികൾക്കെതിരെ എന്തുകൊണ്ട് എഫ്.ഐ.ആർ. ഇടാൻ തയ്യാറാകുന്നില്ല, എന്തുകൊണ്ട് പ്രതികളെ പിടിക്കുന്നില്ല. സംസ്ഥാനത്ത് സി.പി.ഐ.(എം) പ്രാദേശിക നേതാക്കന്മാർ കൊടുക്കുന്ന പ്രതികളെ മാത്രമേ പിടിക്കുന്നുള്ളൂ. 1987-ൽ ഇതുപോലെ തുടർച്ചയായി അക്രമമുണ്ടായപ്പോൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ. കെ. നായനാർ മുൻകയ്യെടുത്ത് സമാധാന യോഗം വിളിച്ചുകൂട്ടുകയുണ്ടായി. ഇന്നലെ ഞങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ടിരുന്നു. ഇന്നദ്ദേഹം പറഞ്ഞതിനെ ഞാൻ മുഖവിലയ്ക്കെടുക്കുന്നു. അടിയന്തരമായി മുഖ്യമന്ത്രി ÷ യോഗം വിളിച്ച് അവിടെ മന്ത്രിമാരെ നിയോഗിച്ച് സമാധാന അന്തരീക്ഷമുണ്ടാക്കണം. 1970-നുശേഷം കണ്ണൂരിൽ 240 പേർ കൊല ചെയ്യപ്പെട്ടുവെന്നാണ് കണക്ക്. കൈയും കാലും വെട്ടിമാറ്റപ്പെട്ടവർ നൂറുകണക്കിനാണ്. ഇതിൽ എത്ര നേതാക്കന്മാരുണ്ട്, ഒന്നോ രണ്ടോ ഉണ്ടാകും. ഒരു പാർട്ടിയിൽ നിന്ന് വേറൊരു പാർട്ടിയിലേയ്ക്ക് മാറിവരുന്ന

കാര്യത്തെപ്പറ്റി അദ്ദേഹം പറഞ്ഞു. ദേവസ്വം ബോർഡിൽ സ്ഥാനം നൽകി ബി.ജെ.പി.-യുടെ ജില്ലാ സെക്രട്ടറിയായിരുന്ന ഒ.കെ. വാസുവിനെ തിരികെ കൊണ്ടുവന്ന കാര്യം ഓർത്തിട്ടായിരിക്കും മുഖ്യമന്ത്രി അത് പറഞ്ഞത്. നേതാക്കൾ ഒരു വാക്ക് പറഞ്ഞാൽ ഈ കൊലപാതകങ്ങൾ അവസാനിക്കുമെന്ന് നടൻ ശ്രീനിവാസൻ പറയുന്നത് ശരിയാണ്. എന്തുകൊണ്ട് ബി.ജെ.പി.യുടെ, ആർ.എസ്.എസ്.-ന്റെ നേതാക്കന്മാർ ഈ കൊലപാതകങ്ങളെ അപലപിക്കുന്നില്ല, നിലയ്ക്ക് നിർത്തുന്നില്ല. എന്തുകൊണ്ട് സി.പി.ഐ.(എം)-ന്റെ നേതാക്കന്മാർ ഇതിന് മുൻകൈ എടുക്കുന്നില്ല. വയലിൽ പണിയെടുത്താൽ വരമ്പത്ത് കൂലിയെന്ന് പറഞ്ഞ മുൻ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നിലപാടാണ് ഇന്ന് കണ്ണൂരിൽ അക്രമങ്ങൾ വ്യാപിക്കുന്നതിന്റെ പ്രധാന കാരണം. ഒരു ഭാഗത്ത് ആർ.എസ്.എസ്സും ബി.ജെ.പി.-യും മറുഭാഗത്ത് സി.പി.ഐ.(എം)-ഉം. ഇവർ രണ്ടുപേരും കൂടിച്ചേർന്ന് സംസ്ഥാനത്ത് അക്രമങ്ങളും കൊലപാതകങ്ങളും വർദ്ധിപ്പിക്കാൻ ശ്രമിക്കുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രി ചില കണക്കുകൾ വായിച്ചു. ഞാൻ ചില കണക്കുകൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താം. എൽ.ഡി.എഫ്. ഭരണകാലത്ത് 25-5-2016 മുതൽ 25-9-2016 വരെ 80297 കുറ്റകൃത്യങ്ങൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് ആദ്യത്തെ നാല് മാസങ്ങളിൽ 57259 ആയിരുന്നു കുറ്റകൃത്യങ്ങൾ. ഈ രണ്ട് ഗവൺമെന്റുകളുടെയും ആദ്യത്തെ നാല് മാസത്തെ കണക്കാണ് ഞാൻ പറഞ്ഞത്. കേരളത്തിൽ കുറ്റകൃത്യങ്ങൾ വളരെ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പോലീസ് നോക്കുകുത്തികളായി മാറുന്നു. സംസ്ഥാനത്ത് മുഖ്യമന്ത്രിക്ക് ശരിയായ നിലയിൽ പോലീസിനെ നിയന്ത്രിക്കാൻ കഴിയുന്നില്ല. ക്രൈംബ്രാഞ്ചിന് എ.ഡി.ജി.പി. ഉണ്ടോ; തലവനുണ്ടോ? പ്രമാദമായ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് ക്രൈംബ്രാഞ്ച് ഐ.ജി.-യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇവിടെ വിജിലൻസ് ഡയറക്ടറും ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ ഡി.ജി.പി.-യും തമ്മിൽ ശീതസമരമാണ്. ഒരാൾ ഒരാൾക്ക് എതിരായി അഫിഡവിറ്റ് കൊടുക്കുന്നു. പോലീസിന്റെ തലപ്പത്ത് വ്യാപകമായ തോതിലുള്ള അന്തഃഛിദ്രങ്ങളും പടലപ്പിണക്കങ്ങളും പരസ്പരമുള്ള വിഴുപ്പലക്കലും തുടർന്നുകൊണ്ടിരിക്കുന്നു. മുഖ്യമന്ത്രിക്ക് അവരെ നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥ വന്നുചേർന്നിരിക്കുന്നു. ഇവിടെ തത്തയെ പറ്റി പറഞ്ഞല്ലോ; ഇന്ന് തത്തയുടെ ഗതി എന്താണ്? തത്ത ഇപ്പോൾ രാജിവച്ചുവെന്ന് പറയുന്നു. തത്തയുടെ രാജിക്ക് കാരണം എന്താണ്; ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല, ദുരൂഹമാണ്. മുഖ്യമന്ത്രിയുടെ സമ്മർദ്ദംമൂലമാണോ തത്ത രാജിവച്ചത്? ഏത് കൊടുങ്കാറ്റിലും പിടിച്ചുനിൽക്കുമെന്ന് പറഞ്ഞ തത്ത ഇപ്പോൾ കൊടുങ്കാറ്റ് പോയിട്ട് മന്ദമാരുതൻ അടിച്ചപ്പോൾത്തന്നെ വേണ്ടെന്ന് വച്ച് പോകാൻ തീരുമാനിച്ചിരിക്കുകയാണ്. ശ്രീ. ജേക്കബ് തോമസ് നല്ല ഉദ്യോഗസ്ഥനാകാം, പക്ഷെ അദ്ദേഹം പോലീസിൽ ആറ് മാസത്തിൽ കൂടുതൽ ഒരു

പോസ്റ്റിലും ഇരുന്നിട്ടില്ല എന്നുള്ളത് ഓർക്കേണ്ട കാര്യമാണ്. ഈ നിലയിലാണ് പോലീസിന്റെ നിയന്ത്രണമെങ്കിൽ കേരളം ഏറ്റവും കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് നീങ്ങുമെന്നുള്ള കാര്യത്തിൽ തർക്കം വേണ്ട. ഇവിടെ രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ച് പറഞ്ഞു. രാഷ്ട്രീയ സംഘട്ടനങ്ങൾ ഇരട്ടിയായതായിട്ടാണ് കണക്കുകൾ കാണിക്കുന്നത്. യു.ഡി.എഫ്.ന്റെ ആദ്യത്തെ നാല് മാസങ്ങളിൽ രാഷ്ട്രീയ സംഘട്ടനങ്ങൾ 294 ആയിരുന്നു. ഇപ്പോൾ നാല് മാസങ്ങൾക്കുള്ളിൽ അത് 409 ആയി വർദ്ധിച്ചിരിക്കുന്നു. ഗുണ്ടകളും സാമൂഹ്യവിരുദ്ധന്മാരും അഴിഞ്ഞാടുന്നു. യാതൊരു നിയന്ത്രണവുമില്ല. പത്തനംതിട്ടയിൽ പോലീസ് സ്റ്റേഷനിൽ ഡി.വൈ.എഫ്.ഐ.-ക്കാർ പ്രതികളെ മോചിപ്പിക്കുന്നു. സംസ്ഥാനത്ത് സ്ത്രീപീഡനവും മാനഭംഗവും ബലാത്സംഗ കേസ്സുകളും വല്ലാതെ വർദ്ധിക്കുന്നു. ആകെ 527 ബലാത്സംഗ കേസ്സുകളിൽ 313 എണ്ണവും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളാണ്. സംസ്ഥാനത്തെ ക്രമസമാധാനനില അതീവ ഗുരുതരമായി മാറിക്കൊണ്ടിരിക്കുകയാണ്. കൊലപാതകങ്ങളെ നിയന്ത്രിക്കാൻ മുഖ്യമന്ത്രിക്ക് കഴിയുന്നില്ല, മുഖ്യമന്ത്രി വളരെയേറെ മാറിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാരോപദേശം വളരെ നന്നായിരിക്കുന്നു. സാരോപദേശം നടത്തേണ്ടത് കണ്ണൂരിലെ തന്റെ പാർട്ടി പ്രവർത്തകരോടാണെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഇവിടെ നടന്ന ചർച്ചയെ അടിസ്ഥാനപ്പെടുത്തി മുൻ മുഖ്യമന്ത്രി ഈ സഭയാകെ ശ്രദ്ധിക്കപ്പെടുന്ന തരത്തിലുള്ള നല്ല ഒരു നിലപാട് സ്വീകരിച്ചു. അതിനെ ശിഥിലീകരിക്കുകയാണോ അങ്ങയുടെ ലക്ഷ്യം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഒരിക്കലുമില്ല. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി മുന്നോട്ടുവച്ച ആശയത്തെ, പൊളിറ്റിക്കൽ പ്രോസസ്സിനെ ബഹുമാന്യനായ മുഖ്യമന്ത്രി അംഗീകരിച്ചതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. പക്ഷെ, നമ്മൾ ഒരു കാര്യം ആലോചിക്കണം ഈ സാരോപദേശങ്ങൾ നൽകേണ്ടത് അങ്ങ് ഉൾപ്പെടെയുള്ള കണ്ണൂരിലെ നേതാക്കന്മാരോടാണെന്നാണ് മുഖ്യമന്ത്രിയോട് പറയാനുള്ളത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, കണ്ണൂർ ഡി.സി.സി. ഓഫീസിൽ മൂന്ന് തരം ബോംബ് നിർമ്മിക്കുന്നുണ്ടെന്നുള്ള പടങ്ങൾ ഇന്ത്യാ ടുഡേ പത്രം പ്രസിദ്ധീകരിച്ചു. ബോംബ് എറിഞ്ഞ് കൊലപാതകം നടത്തി. നിങ്ങൾ ഇക്കാര്യങ്ങളൊന്നും മറന്നുപോകരുത്. എന്നെ കൊലപ്പെടുത്താൻ വാടക കൊലയാളികളെ അയച്ചു. ഇതൊന്നും മറന്നുപോകരുത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കണ്ണൂർ ഡി.സി.സി. ഓഫീസിൽ ബോംബ്

നിർമ്മാണം ഉണ്ടെന്ന് ഉത്തരവാദിത്വത്തോടുകൂടി മുൻ വ്യവസായ വകുപ്പുമന്ത്രി പറഞ്ഞത് പോലീസിനെ അയച്ച് പരിശോധിക്കട്ടേ; അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. എനിക്ക് ഒരു അഭിപ്രായ വ്യത്യാസവുമില്ല. അതുപോലെ സി.പി.എം.-ന്റെ ജില്ലാ കമ്മിറ്റി ഓഫീസും കൂടി അന്വേഷിക്കണമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

ശ്രീ. ഇ. പി. ജയരാജൻ: സർ, ബോംബ് നിർമ്മിക്കുന്നതിന്റെ പടം ഇന്ത്യാ ടുഡേ പത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ജനയുഗം പത്രം കാണാനുള്ള മര്യാദ അങ്ങ് കാണിച്ചാൽ മതി. (പത്രം ഉയർത്തിക്കാണിച്ചു) ഇന്ത്യാ ടുഡേ പോട്ടെ. ഇന്നത്തെ ജനയുഗം പത്രം വായിച്ചാൽ അങ്ങേയ്ക്ക് അതിനുള്ള മറുപടി കിട്ടും. സംസ്ഥാനത്ത് കണ്ണൂരിൽ സമാധാന അന്തരീക്ഷം ഉണ്ടാക്കണമെന്ന കാര്യത്തിൽ മുഖ്യമന്ത്രിയുടെ പ്രസംഗത്തിന്റെ അവസാന ഭാഗത്തോട് ഞാൻ യോജിക്കുകയാണ്. അവിടെ സമാധാനവും ശാന്തിയുമുണ്ടാകണം, ജനങ്ങൾക്ക് സമാധാനപരമായി ജീവിക്കാനുള്ള അവസ്ഥയുണ്ടാകണം, അവിടെ ബോംബുകൾ പൊട്ടാനോ ആളുകൾ പരസ്പരം കൊല്ലാനോ പാടില്ല. ഇക്കാര്യത്തിൽ ആർ.എസ്.എസ്സും ബി.ജെ.പി.-യും സി.പി.ഐ.(എം)-ഉം ഒരുപോലെ പ്രായോഗികമായ സമീപനത്തിലേയ്ക്ക് വരണം. ആൾ പാർട്ടി മീറ്റിംഗ് വിളിച്ചാൽ എന്റെ സൗകര്യം നോക്കണ്ട, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സൗകര്യം നോക്കി മീറ്റിംഗിൽ പങ്കെടുക്കാൻ പ്രതിപക്ഷം തയ്യാറാണെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ മറുപടി ആത്മാർത്ഥതയോടു കൂടിയാണെങ്കിൽ ഒരു സംശയവുമില്ല ഞങ്ങൾ അതിനെ സ്വാഗതം ചെയ്യും. പക്ഷേ സർക്കാരിന്റെ പിടിപ്പുകേടിലും ഇക്കാര്യത്തിൽ എടുക്കുന്ന അവധാനതയില്ലായ്മയിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഇവിടെ പറഞ്ഞത് ഞങ്ങൾ ആലോചിച്ച് എടുത്ത നിലപാടാണ്. ഒരു പൊളിറ്റിക്കൽ പ്രോസസ്സ് വേണമെന്നുള്ളത് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ട് ഞങ്ങൾ നിവേദനം കൊടുത്തതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അടിയന്തരപ്രമേയത്തിന്റെ ഉള്ളടക്കം സമാധാന അന്തരീക്ഷം സ്ഥാപിക്കാൻ ഒരു യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർക്കണമെന്നുള്ളതാണ്. അതാണ്

ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി പറഞ്ഞത്. അത് ജില്ല/സ്റ്റേറ്റ് തലത്തിലും വിളിക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞാൽ വാക്കൗട്ടിന്റെ അർത്ഥം എന്താണ്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അതിനോട് വിയോജിപ്പില്ല. പിന്നെ മുഖ്യമന്ത്രി പ്രധാനമായും പറഞ്ഞത്, എല്ലാ പൊളിറ്റിക്കൽ പാർട്ടികളും ഇതിനെപ്പറ്റി ഗൗരവത്തോടുകൂടി ചിന്തിക്കുകയും അക്രമത്തെ ന്യായീകരിക്കുന്ന നിലപാട് ഒഴിവാക്കാൻ എല്ലാവരും ആത്മാർത്ഥമായി ആഗ്രഹിക്കണമെന്നുമാണ്. അത് സി.പി.എം-നും വേണം ലീഗിനും വേണം. ഞാൻ ലീഗിനെ പ്രതിനിധീകരിച്ച് സംസാരിക്കുമ്പോൾ സി.പി.എം.-നെ ഉപദേശിക്കാൻ നിങ്ങളിത് മുമ്പ് ചെയ്തോ; എന്നുപറഞ്ഞ് ഒരുപക്ഷേ അപ്പുറത്തുനിന്ന് ചോദ്യം വരും. ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. നാദാപുരത്ത് ആദ്യത്തെ കൊലപാതകം ഉണ്ടായപ്പോൾ വടകര ടി.ബി.-യിൽ വച്ച് ആൾ പാർട്ടി മീറ്റിംഗ് കൂടി. പ്രാദേശിക നേതാക്കന്മാരും കോഴിക്കോട്ടുള്ള സി.പി.ഐ.(എം)-ന്റെ നേതാക്കന്മാരെല്ലാം ഉണ്ടായിരുന്നു. ഈ കൊലപാതകം നടത്തിയ അക്രമികളെ നമ്മൾ own ചെയ്യാൻ പാടില്ലായെന്ന നിർദ്ദേശം വന്നു. ഞാൻ അഭിമാനത്തോടുകൂടി പറയട്ടേ ഞങ്ങൾ അതിനെ അനുകൂലിച്ചു. അവർക്ക് ഒരു പ്രൊട്ടക്ഷനും കൊടുക്കണ്ടായെന്ന് പറയുകയും രണ്ടാം ദിവസം അവരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. കേസ് വിട്ടുപോയത് നിങ്ങൾ അന്വേഷിക്കണം. അവിടെയുള്ള പോലീസിന്, അത് നിങ്ങളുടെ കാലത്തായാലും ഞങ്ങളുടെ കാലത്തായാലും കുറച്ച് തകരാറുണ്ട്. പോലീസിന് ക്രിമിനൽസുമായി ബന്ധമുള്ളതാണ്. അടിത്തട്ടിലൊക്കെ ഒരുപാട് പ്രശ്നങ്ങളുണ്ട്. എസ്.ഡി.പി.ഐ.-ക്കാരൻ ലീഗുകാരനെ കൊന്നു. അവിടെയും ആ പ്രശ്നമുണ്ട്. മുഴവൻ പ്രതികളും അറസ്റ്റിലായോ; ആരുടെയെങ്കിലും പൊളിറ്റിക്കൽ ഇന്ററസ്റ്റല്ല. ഈ ഗവൺമെന്റിന്റെ കാലത്താണ് നടന്നത്. അക്രമത്തേയും ക്രിമിനൽ ആക്ടിവിറ്റിയേയും ഇല്ലാതാക്കാൻ എല്ലാ പാർട്ടികളും തീരുമാനിക്കണം. മുമ്പ് പൊളിറ്റിക്കൽ പ്രോസസ്സ് വന്നപ്പോൾ നാദാപുരത്ത് 12 കൊല്ലത്തോളം സമാധാന അന്തരീക്ഷം നീണ്ടുനിന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് മുഖവിലയ്ക്കെടുത്ത് പൊളിറ്റിക്കൽ പാർട്ടികളൊക്കെ ഈ പ്രോസസ്സിലേയ്ക്ക് പോകുന്നത് നല്ലതാണ്. ഡെവലപ്മെന്റ് പോലെയുള്ള കാര്യങ്ങളിലൊക്കെ ശ്രദ്ധ കൊണ്ടുവരണ മെന്നുണ്ടെങ്കിൽ ആദ്യം മുൻകയ്യെടുക്കേണ്ടത് സി.പി.ഐ.(എം)-ന്റെ ഭാഗത്തുനിന്നാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. കേസ്സുകൾ വരുമ്പോൾ താഴെത്തട്ടിലുള്ളവർക്കും അക്രമികൾക്കും അതുപോലെയുള്ളവർക്കും സി.പി.ഐ.(എം) പ്രൊട്ടക്ഷൻ കൊടുക്കുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. അതിനുള്ള ലാഭം നിങ്ങൾക്ക് കിട്ടുന്നുണ്ടോ? ലാഭം കിട്ടുന്നില്ലെന്നാണ് ഞാൻ പറയുന്നത്. ശ്രദ്ധ മുഴവൻ ബി.ജെ.പി.-ക്കും ആർ.എസ്.എസ്.-നുമാണ് ലഭിക്കുന്നത്. ആർ.എസ്.എസ്.-

സി.പി.എം. സംഘട്ടനം എന്നുപറയുമ്പോൾ ഇല്ലാത്ത പ്രാധാന്യം ബി.ജെ.പി.-ക്കും ആർ.എസ്.എസ്.-നും നിങ്ങൾ ഉണ്ടാക്കി കൊടുക്കുകയാണ് എന്നാണ് എന്റെ അഭിപ്രായം. അവർ അത്ര വലിയ ശക്തിയൊന്നുമല്ല. അവർ എന്തോ വലിയ ഫോഴ്സ് പോലെയാണ്. അക്രമവാസന കാണിക്കുന്നവരെയും കുറ്റകൃത്യം ചെയ്യുന്നവരെയും ഒരു പ്രോസസ്സിലൂടെ നിങ്ങൾ കൊണ്ടുവന്നാൽ മാത്രമെ മുഖ്യമന്ത്രി പറഞ്ഞിടത്ത് എത്തുകയുള്ളൂ. അക്രമികൾക്കും കൊലപാതകികൾക്കും നിങ്ങൾ പ്രൊട്ടക്ഷൻ കൊടുക്കുന്നുണ്ടെന്നുള്ള ഒരു വിശ്വാസം എല്ലാവർക്കുമുണ്ട്. അതില്ലാതാക്കാൻ നിങ്ങൾ ശ്രമിക്കണം. അപ്പോൾ ലീഗ് ചെയ്തോ എന്ന് ചോദിക്കും. ഞങ്ങൾ ചെയ്യാൻ തയ്യാറാണ്. ഞങ്ങൾ വളരെ കർക്കശമായ രീതിയിലുള്ള നിലപാട് എടുത്തതിനാൽ ഞങ്ങളുടെ കൂട്ടത്തിലുള്ള ധാരാളം അക്രമികൾ മറ്റ് പാർട്ടികളിൽപ്പോയി ചേക്കേറുകയാണ്. എന്നുപറഞ്ഞാൽ എല്ലായിടത്തും അങ്ങനെയാണെന്നൊന്നും ഞാൻ പറയുന്നില്ല. എന്നാലും പ്രശ്നങ്ങളുണ്ടാകും. നാദാപുരം മേഖലയിൽ ഞങ്ങൾ അങ്ങനെയൊരു നിലപാട് എടുത്ത് പോകുകയാണ്. ഇന്നലെ ഞങ്ങൾ കണ്ണൂരിൽ വന്ന് നിവേദനം നടത്തിയത് അതാണ്. അതുകൊണ്ടാണ് അവിടെയൊരു പൊളിറ്റിക്കൽ പ്രോസസ്സ് ആവശ്യമാണെന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത്. അത് ജില്ലാതലത്തിലേയ്ക്ക് പോകുന്നതിൽ കുഴപ്പമില്ല. ജില്ലയിലൊക്കെ നല്ല സമുന്നതരായ നേതാക്കന്മാരുണ്ടല്ലോ. ആൾ പാർട്ടിയായി പോയാൽ മതി. ബി.ജെ.പി.-യും സി.പി.ഐ.(എം)-ഉം തമ്മിലൊരു ചർച്ച നടത്തുന്നതിനോട് എനിക്ക് വലിയ യോജിപ്പില്ല. അവിടെ സമാധാന അന്തരീക്ഷം നിലനിൽക്കണമെന്നുള്ളത് എല്ലവരുടേയും ആവശ്യമാണ്. കണ്ണൂരിൽ ഈ ഒരു അന്തരീക്ഷം നിലനിൽക്കുന്നത് ആർ.എസ്.എസ്.-നേയും ബി.ജെ.പി.-യേയും സി.പി.ഐ.(എം)-നേയും മാത്രം ബാധിക്കുന്ന കാര്യമല്ലല്ലോ. കണ്ണൂർ എല്ലാവർക്കുമുള്ളതല്ലേ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗവൺമെന്റിന്റെ സമീപനം വളരെ നന്നായി ഇവിടെ പറഞ്ഞില്ലേ. അതിന് നല്ല നിലയിൽ ഒരു സമീപനം മുൻ മുഖ്യമന്ത്രി സ്വീകരിച്ചു. ആ നടപടികളെ മുഴുവൻ നിരാകരിക്കുന്ന നിലപാട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സ്വീകരിച്ചു. ആ നിലപാടിനെ നിങ്ങൾ അനുകൂലിക്കാൻ പാടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പ്രതിപക്ഷത്ത് എന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ ഞങ്ങൾ ആലോചിച്ച് ശരിയാക്കാം. അതിനെപ്പറ്റി ബേജാറാകണ്ട. ഗുരുവായൂരും ചാവക്കാട്ടും ഒക്കെ ഉണ്ടായ സംഭവങ്ങളൊക്കെ മുഖ്യമന്ത്രി പറഞ്ഞപ്പോൾ പ്രതിപക്ഷ നേതാവും പൊളിറ്റിക്കലായി പറഞ്ഞു. സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി എന്നുള്ള നിലയ്ക്ക് നിങ്ങൾ പൊളിറ്റിക്കൽ

പ്രോസസ്സിലേയ്ക്ക് പോയി അക്രമം അവസാനിപ്പിക്കാൻവേണ്ടി മുൻകയ്യെടുത്ത് സംസ്ഥാന നേതാക്കളുമായി ആലോചിക്കുന്നതിനോട് ഞങ്ങൾ സഹകരിക്കും. അതാണ് ശ്രീ. ഉമ്മൻ ചാണ്ടിയും പറഞ്ഞത്. മുമ്പും ഞങ്ങൾ സഹകരിച്ചിട്ടുണ്ട്. പക്ഷേ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി അക്രമങ്ങൾ നടത്തുന്നത് ഞങ്ങളുടെ രീതിയല്ല. ഞങ്ങളങ്ങനെ ചെയ്യുന്നില്ല. അതിനെക്കുറിച്ച് ആദ്യം ആത്മ പരിശോധന നടത്തേണ്ടത് സി.പി.ഐ.(എം) ആണ്. അക്രമികൾക്ക് പ്രൊട്ടക്ഷൻ കൊടുക്കുകയില്ലായെന്ന് പൊളിറ്റിക്കലായി തീരുമാനിക്കേണ്ടത് നിങ്ങളാണ്. അപ്പോൾ നമുക്കെല്ലാവർക്കുംകൂടി ബി.ജെ.പി.യെ കുറ്റം പറയാം. ആ ഒരു പ്രോസസ്സിലേയ്ക്ക് പോയി കണ്ണൂരിനെ ഈ അപഖ്യാതിയിൽനിന്ന് രക്ഷിക്കാൻ തയ്യാറാകണം. കൊലപാതകങ്ങൾ വർദ്ധിച്ച് വരികയാണ്. ആരുടെ കാലത്താണ് കൂടുതലുണ്ടായതെന്നല്ല, ഈ വിഷയം വളരെയധികം ഗൗരവമായി കാണാൻ നിങ്ങൾ തയ്യാറാകണം. ഇതുസംബന്ധിച്ച് ചർച്ച നടത്താത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഒരു ചർച്ച നടത്താൻ ഗവൺമെന്റ് തയ്യാറാകുന്നു എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് തീർച്ചയായും സ്വാഗതാർഹമാണ്. അദ്ദേഹം ഈ നിലപാട് കുറച്ച് നേരത്തെ എടുത്തിരുന്നെങ്കിൽ പിന്നീടുള്ള കൊലപാതകങ്ങൾ ഒരുപക്ഷെ ഒഴിവാക്കാൻ സാധിക്കുമായിരുന്നു. കണ്ണൂർ ജില്ലയിൽ ഏഴ് രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നെന്ന് പറയുമ്പോൾ അതിനെ ലഘുവായി കാണാൻ കഴിയില്ല. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും രാഷ്ട്രീയ കൊലപാതകങ്ങൾ ചർച്ചയായിരുന്നു. ഇതിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കേണ്ടി വരുന്നത് സ്ത്രീകളും കുട്ടികളുമാണ്. കണ്ണൂരിൽ അത് വീണ്ടും വീണ്ടും ആവർത്തിക്കുന്നു എന്നുപറയുമ്പോൾ പോലീസിന് അവിടെ പ്രവർത്തിക്കാൻ പരിമിതിയുണ്ടെന്നുള്ളത് വളരെ വ്യക്തമാണ്. യഥാർത്ഥ കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ പോലീസിന് സ്വാതന്ത്ര്യം കൊടുക്കുകയാണ് വേണ്ടത്. ബി.ജെ.പി.യും സി.പി.ഐ.(എം)-ഉം തമ്മിലുള്ള സംഘർഷം പല രീതിയിലേയ്ക്കും വ്യാഖ്യാനങ്ങളിലേയ്ക്കും നീങ്ങുന്നു എന്നുള്ളതാണ്. ഇന്ന് കേരളം ഭരിക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന സി.പി.ഐ.(എം)-ന് ഈ കൊലപാതകങ്ങൾ നിയന്ത്രിക്കുന്ന കാര്യത്തിൽ വളരെയേറെ ഉത്തരവാദിത്വമുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, കണ്ണൂരിൽ കൊലപാതകങ്ങൾ അരങ്ങേറുകയാണ്. സി.പി.ഐ.(എം)-ഉം ആർ.എസ്.എസ്.-ഉം തമ്മിൽ മത്സരിക്കുകയാണ്. ഈ രീതിയിൽ പോയാൽ അവിടെ സമാധാനം കൈവരിക്കാൻ കഴിയുമോ? കേരളത്തിലെ ഭരണത്തിന് നേതൃത്വം കൊടുക്കുന്ന സി.പി.ഐ.(എം) ഒരു ഭാഗത്ത്, കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-യിലെ ആർ.എസ്.എസ്. മറ്റൊരു ഭാഗത്ത്. ഇതിൽ ആരെങ്കിലും ഒരാൾ ക്ഷമിക്കണ്ടേ, അവർ തയ്യാറാകുന്നില്ലെങ്കിൽ നിങ്ങൾ അതിന് തയ്യാറാകണം. സമാധാനം വരണമെങ്കിൽ നിങ്ങൾ പിന്മാറണം. ഗീതോപദേശമാണ് മുഖ്യമന്ത്രി നടത്തിയത്. മാനസിക പരിവർത്തനമുണ്ടാകുന്നതുവരെ കാത്തിരിക്കാൻ കഴിയുമോ? മാനസിക പരിവർത്തനമെന്ന് പുറമേ പറയുന്നതാണ്. ഇത് കേൾക്കുമ്പോൾ Merchant of Venice-ലെ ഷേക്സ്പിയറിന്റെ ഒരു ഉദ്ധരണിയാണ് എനിക്ക് മനസ്സിൽ വരുന്നത്. Goodly apple. But rotten inside. Goodly outside. But falsehood inside. പുറമേ ഇങ്ങനെയൊക്കെ പറയുന്നു എന്നല്ലാതെ അകമേ റോട്ടൺ ആണ്. ഗീതോപദേശം പറയുന്നു എന്നുള്ളതൊഴിച്ചാൽ നിങ്ങൾ തന്നെ അക്രമത്തിന് കൂട്ടുനിൽക്കുന്നു, പ്രേരണ കൊടുക്കുന്നു, പ്രോത്സാഹിപ്പിക്കുന്നു, നിങ്ങൾ തന്നെ വാളെടുക്കുന്നു. വാളെടുക്കുന്നവൻ വാളാലേ. വാൾ താഴെ വയ്ക്കണം. വാളുകൊണ്ട് നമുക്ക് യാതൊരു സമാധാനവും ഉണ്ടാകുകയില്ല. നമുക്ക് എപ്പോഴും സമാധാനമാണ് ആവശ്യം. സമാധാന ചർച്ചകൾ ആരംഭിക്കട്ടെ. എത്രയും വേഗം സമാധാനം കൈവരിക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഇതിൽ ക്രിയാത്മകമായ നിലപാട് സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി)

ശ്രീ. ഒ. രാജഗോപാൽ: സർ, കണ്ണൂരിൽ നടന്ന സംഭവങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനം വളരെയേറെ ദുഃഖിതരാണ്. ഇത്തരമൊരു സാഹചര്യമുണ്ടാകാൻ പാടില്ല. പാർട്ടി ഏതാണെന്നുള്ളതോ ഏത് സമൂഹത്തിൽപ്പെട്ട ആൾക്കാരാണെന്നുള്ളതോ എത്ര ആളുകളെ കൊന്നു എന്നുള്ളതോ അല്ല പ്രശ്നം. ഇതിനിരയാകുന്ന ആളുകളുടെ കുടുംബങ്ങൾക്കും

സ്ത്രീകൾക്കും കുട്ടികൾക്കുമാണ് പ്രശ്നം. അവിടെ സമാധാനമുണ്ടാകണമെന്നുള്ളത് എല്ലാവരും പൊതുവേ സമ്മതിക്കുന്ന കാര്യമാണ്. ഇതിനുവേണ്ടി ഞാൻ കുറേ ശ്രമങ്ങൾ നടത്തിയെങ്കിലും നിർഭാഗ്യവശാൽ ഇതുവരെ വിജയിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ എല്ലാ പാർട്ടികളും അതിനുവേണ്ടി താല്പര്യം കാണിക്കുന്നു എന്നുള്ളത് സന്തോഷമുള്ള കാര്യമാണ്. ഏതാനും വർഷങ്ങൾക്കുമുമ്പ് തലശ്ശേരിയിൽ തലവെട്ട് സംഭവങ്ങളുടെ ഒരു പരമ്പരയുണ്ടായ അവസരത്തിൽ ഡൽഹിയിലുണ്ടായിരുന്ന ജസ്റ്റിസ് കൃഷ്ണയ്യരും ഇ.എം.എസ്. നമ്പൂതിരിപ്പാടും ബി.എം.എസ്.-ന്റെ അഖിലേന്ത്യാ പ്രസിഡന്റ് ഠേംഗ്ഡ്ജിയും ഭാരതീയ വിചാര കേന്ദ്രത്തിന്റെ ഡയറക്ടർ പരമേശ്വർജിയും മാർക്സിസ്റ്റ് പാർട്ടിയുടെ എം.പി. ആയ പി. രാമമൂർത്തിയും ചേർന്ന് ഇതെങ്ങനെയെങ്കിലും അവസാനിപ്പിക്കണമെന്ന് തീരുമാനിച്ചുകൊണ്ട് യോഗങ്ങൾ കൂടുകയും അതിന് എന്തെല്ലാം ചെയ്യണമെന്ന് ചർച്ച ചെയ്ത് ഒരു ധാരണയിലെത്തുകയും ചെയ്തു. നിർഭാഗ്യവശാൽ അപ്രൂവലിനുവേണ്ടി കണ്ണൂർ ജില്ലയിലെ സ്റ്റേറ്റ് കമ്മിറ്റിക്ക് അയച്ചുകൊടുത്തു. കണ്ണൂർ ജില്ലാ കമ്മിറ്റി അത് സ്വീകരിക്കാൻ തയ്യാറായില്ല. അതിന്റെ പേരിൽ അത് നടക്കാതെപോയി. ഏതായാലും ഇപ്പോൾ കാര്യമായൊരു ശ്രമം നടക്കുന്നു എന്നുള്ളത് സന്തോഷമുള്ള കാര്യമാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങ് കവിയാണെന്ന് ഞാൻ ഇതുവരെ മനസ്സിലാക്കിയിട്ടില്ല. ഇത് ഭാവനയിലുള്ള ഒരു കാര്യമാണ്. അക്കാലത്ത് കണ്ണൂരിലെ പ്രധാന പ്രവർത്തകരുടെ കൂട്ടത്തിലുണ്ടായിരുന്ന ഒരാളാണ് ഞാൻ. തലശ്ശേരി സംഭവങ്ങളുടെ കാര്യത്തിൽ എന്താണ് നടന്നുകൊണ്ടിരുന്നതെന്ന് എനിക്ക് അറിയാവുന്നതാണ്. ഇത്തരത്തിൽ ഒരു സംഭവം ചർച്ചയ്ക്ക് വരികയോ ഏതെങ്കിലുമൊരു നിലപാട് എടുക്കേണ്ടി വരികയോ ചെയ്തിട്ടില്ല. അത് അങ്ങ് മനസ്സിലാക്കുന്നത് നല്ലതാണ്.

ശ്രീ. ഒ. രാജഗോപാൽ: സർ, ഞാൻ ഇതിൽ കുറച്ച് ഇൻവോൾവ്ഡ് ആയിട്ടുള്ള ആളാണ്. അന്ന് ഞാനും ഡൽഹിയിലുണ്ടായിരുന്നു. ശ്രീ. പി. പരമേശ്വർജി, ഠേംഗ്ഡ്ജി, പി. രാമമൂർത്തി ഇവരെല്ലാംകൂടി ചേർന്ന് ധാരണയുണ്ടാക്കി ഒരു സിറ്റിംഗിൽ ചർച്ച ചെയ്ത് അയച്ചുകൊടുത്തു. അന്ന് ബഹുമാനപ്പെട്ട അങ്ങായിരുന്നില്ല സെക്രട്ടറി. കണ്ണൂർ ജില്ലാ കമ്മിറ്റി സെക്രട്ടറി എം. വി. രാഘവനായിരുന്നു. അത് വേറെ കാര്യം. ഇതൊക്കെ ചരിത്രത്തിന്റെ ഭാഗമാണ്.

ശ്രീ. പിണറായി വിജയൻ: സർ, ജില്ലാതലത്തിൽ സമാധാന സംഭാഷണത്തിന്റെ ഭാഗമായി ചർച്ച നടക്കുകയും ആ ചർച്ചയിൽ ആർ.എസ്.എസ്.-നുവേണ്ടി ചന്ദ്രശേഖരൻ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. മറ്റൊരു ചർച്ചയും നടന്നിട്ടില്ല.

ശ്രീ. ഒ. രാജഗോപാൽ: സർ, ഞാൻ പറയുന്നത് ഡൽഹിയിൽ ടോപ്പ് ലെവലിൽ നടന്നതായിട്ടുള്ള ചർച്ചകളുടെ കാര്യമാണ്. അതിൽ സംസ്ഥാനത്തെ ഇപ്പോഴത്തെ മുഖ്യമന്ത്രിയോ നേതാക്കന്മാരോ ഉണ്ടായിരുന്നില്ല. അന്ന് സി.പി.എം.-നെ റെപ്രസെന്റ് ചെയ്തിരുന്നത് ഇ.എം.എസ്. നമ്പൂതിരിപ്പാടും പി. രാമമൂർത്തിയും ആയിരുന്നു. ഇതൊരു വസ്തുതയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊലപാതകത്തിന്റെയും അക്രമ സംഭവങ്ങളുടെയുമൊക്കെ കുറേ കണക്കുകൾ പറയുകയുണ്ടായി. കണ്ണൂർ ജില്ലയിൽ കൊലപാതകങ്ങൾ സംഭവിക്കുന്നു എന്നുള്ളതാണ് ഇവിടത്തെ വിഷയം. അഖിലേന്ത്യാ പ്രസ്ഥാനങ്ങളായ മാർക്സിസ്റ്റ് പാർട്ടിയും ആർ.എസ്.എസ്.-ഉം ഇൻഡ്യ മുഴുവൻ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇൻഡ്യയുടെ മറ്റ് ഭാഗങ്ങളിലൊന്നും ഈ തരത്തിലുള്ള കൊലപാതകങ്ങളും അക്രമങ്ങളും നിരന്തരമായി നടക്കുന്ന സാഹചര്യം ഉണ്ടാകുന്നില്ല. മാർക്സിസ്റ്റ് പാർട്ടിയുടെ ശക്തികേന്ദ്രമായ കണ്ണൂർ ജില്ലയിൽ ഇത് നടക്കുന്നുവെന്നുള്ളത് ഒരു വസ്തുതയായി അവശേഷിക്കുന്നു. അതിലും വിശേഷം, അവർ അധികാരത്തിലുള്ള അവസരത്തിൽത്തന്നെ അതിന്റെ തോത് വർദ്ധിച്ചുവരുന്നു എന്നുള്ളതാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ ആക്രമണത്തിന് വിധേയരാകാത്ത ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുണ്ടോ; ഇത് എല്ലാ പാർട്ടികളിലുമുണ്ട്. എന്നിട്ട് എല്ലാ കുറ്റവും ആർ.എസ്.എസ്.-ന്റെ മേൽ ചുമത്തുന്നു. ആർ.എസ്.എസ്.-ന്റെ ശക്തികേന്ദ്രം ഇൻഡ്യയിൽ എല്ലായിടത്തുമുണ്ട്. അവിടെ എവിടെയും ഇത് നടക്കുന്നില്ല. ഇവരുടെ ഭാഗത്തുനിന്ന് ഇത് നടക്കുമ്പോൾ എന്ത് അർത്ഥമാണുള്ളത്; അതിൽനിന്ന് മനസ്സിലാക്കേണ്ട കാര്യമെന്താണ്? ഇക്കാര്യത്തിൽ ആത്മാർത്ഥമായ ഒരു സമാധാന ശ്രമം ഉണ്ടാകണം. ഇവിടെ വാദഗതികളൊക്കെ ഉന്നയിക്കാൻ സാമർത്ഥ്യമുള്ള ധാരാളം ആൾക്കാരെ കാണാറുണ്ട്. അതല്ല ആവശ്യം. ഇത് മനുഷ്യജീവനെയും സംസ്ഥാനത്തിന്റെ സൽപ്പേരിനെയും യുവാക്കളെയും അമ്മമാരെയും ബാധിക്കുന്ന പ്രശ്നമാണ്. അതിനുവേണ്ടി എളിയ ശ്രമങ്ങളൊക്കെ ഞാൻ നടത്തുകയുണ്ടായി; എന്നാൽ അതൊന്നും വിജയിച്ചില്ല. ഇപ്പോഴും ഞാൻ ഒരു ശ്രമം തുടങ്ങിയിട്ടുണ്ട്. ആ ശ്രമം വിജയിക്കുകയാണെങ്കിൽ തീർച്ചയായും അത് നല്ല കാര്യമാണ്. അതിനുവേണ്ടി ആത്മാർത്ഥമായി ഒരു ലീഡ് എടുക്കേണ്ടതായിട്ടുള്ള ചുമതല കേരളം ഭരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുണ്ട്. ഈ കാര്യം ഞാൻ അദ്ദേഹത്തോട് പേഴ്സണലായി പറഞ്ഞിട്ടുണ്ട്. ഇപ്പോൾ വീണ്ടും അതാവർത്തിക്കുന്നു. എല്ലാവരും ഈ അഭിപ്രായം പ്രകടിപ്പിക്കുകയാണ്

ചെയ്തിട്ടുള്ളത്. ഇപ്പോൾ പ്രകടിപ്പിച്ചിട്ടുള്ള ഈ ഒരു നീക്കം സംസ്ഥാന നിലവാരത്തിലും ജില്ലാ നിലവാരത്തിലും പോയിന്റ് സ്കോർ ചെയ്യാൻ വേണ്ടിയല്ല, എങ്ങനെ സമാധാനമുണ്ടാക്കാൻ സാധിക്കുമെന്നുള്ള കാര്യത്തിലാണ്. മറ്റുള്ളവരെ കുറ്റം പറയാൻവേണ്ടി ശ്രമം നടത്തുന്നവർ എവിടെയും എത്താൻ പോകുന്നില്ല. ഇൻഡ്യാ രാജ്യത്ത് മാർക്സിസ്റ്റ് പാർട്ടിയെപ്പോലെതന്നെ ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും പ്രവർത്തിക്കുന്നുണ്ട്. എവിടെയുമില്ലാത്ത ഒരു സാഹചര്യം കേരളത്തിൽ ഉണ്ടാകുന്നത് വളരെ അപമാനകരമായ കാര്യമാണ്. ഇതിൽ ഞാൻ എന്റെ ദുഃഖവും പ്രതിഷേധവും രേഖപ്പെടുത്തുന്നു. ഇതിന് അവസാനം ഉണ്ടാക്കുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രദ്ധ ക്ഷണിക്കൽ ആരംഭിക്കുന്നതിനുമുൻപ് ഒരു കാര്യം പറയാനുണ്ട്. നവംബർ ഒന്നുമുതൽ കേരളത്തിലെ എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് റേഷൻ നിഷേധിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സീറോ അവറിൽ സഭയിൽ ഉന്നയിക്കാൻ അനുവാദം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. രാജു എബ്രഹാം നോട്ടീസ് നൽകിയിരുന്നു. ഇതേ വിഷയം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സബ്മിഷനായി നല്കിയിട്ടുള്ളതു കൊണ്ട് ആ സമയത്ത് അദ്ദേഹത്തിന് അവസരം നൽകുന്നതാണ്.

## III ശ്രദ്ധ ക്ഷണിക്കൽ

### (1) വന്യജീവികളുടെ ആക്രമണം

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, വന്യജീവികളുടെ ആക്രമണവുമായി ബന്ധപ്പെട്ട് വനാതിർത്തികളിൽ താമസിക്കുന്ന ജനങ്ങൾ ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. മനുഷ്യൻ പരിഷ്കൃത സമൂഹത്തിന്റെ ഭാഗമായി നാഗരികതയിലേയ്ക്ക് എത്തിച്ചേർന്നപ്പോൾ, വനത്തിനുള്ളിൽ താമസിക്കുന്ന വന്യജീവികൾക്ക് കാടും മനുഷ്യന് നാടും എന്ന തരത്തിലുള്ള ഒരു വേർതിരിവുണ്ടായി. മനുഷ്യന് മനുഷ്യന്റേതായിട്ടുള്ള ഇടവും മൃഗങ്ങൾക്ക് അവരുടേതായിട്ടുള്ള ഇടവും എന്നുള്ള നിലയിൽ അത് ഡിഫൈൻ ചെയ്യപ്പെട്ടിരുന്നു. എന്നാൽ മൃഗങ്ങൾക്ക് കാടിനുള്ളിൽ വാസസ്ഥലവും വെള്ളവും ഭക്ഷണവും നഷ്ടപ്പെടുന്ന സാഹചര്യങ്ങളിൽ അവ നാട്ടിൽ അതിക്രമിച്ചുകയറി മനുഷ്യരെ ആക്രമിക്കുകയും കൃഷിയിടങ്ങൾ നശിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള man-animal conflict ഏതു കാലഘട്ടത്തിലും ചർച്ച ചെയ്യപ്പെടുന്ന

ഒന്നാണ്. പ്രാചീന കാലഘട്ടത്തിൽ അത് കൂടുതലായിരുന്നുവെങ്കിൽ പരിഷ്കൃത കാലഘട്ടത്തിൽ man-animal conflict വളരെ കുറവായിരുന്നു. മനുഷ്യൻ എന്നും ഭയപ്പെട്ടിരുന്നത് വന്യജീവികളെയാണ് എന്നുള്ളകാര്യത്തിൽ യാതൊരുവിധ തർക്കവുമില്ല. മനുഷ്യൻ അവന്റേതായിട്ടുള്ള ഇടങ്ങൾ കണ്ടെത്തുകയും പരിഷ്കൃത സമൂഹമായി മാറുകയും ചെയ്തപ്പോൾ സുരക്ഷിതനാണെന്ന തോന്നലിലാണ് ഇന്ന് ആളുകളൊക്കെയും വീടുകളിൽ താമസിക്കുന്നത്. നിർഭാഗ്യവശാൽ വനത്തിലുണ്ടാകുന്ന വ്യത്യസ്തങ്ങളായ പ്രശ്നങ്ങൾമൂലം പ്രത്യേകിച്ച് ആന, കാട്ടുപോത്ത്, പന്നി, കരടി, കുരങ്ങ് എന്നിവയടക്കമുള്ള ജീവികൾ കാടുവിട്ട് പുറത്തുവരികയും അവ മനുഷ്യനെ കൊലപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകുന്നു. ലഭ്യമായിട്ടുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ ആനയുടെ ചവിട്ടേറ്റ് അമ്പരിപ്പിക്കുന്ന തരത്തിൽ നൂറുകണക്കിന് മരണങ്ങളാണുണ്ടായിട്ടുള്ളത്. ആനകളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് അവയ്ക്ക് മതിയായ സ്ഥലത്തിന്റെ അപര്യാപ്തതയ്ക്ക് കാരണമാകാം. അല്ലെങ്കിൽ വെള്ളം, ഭക്ഷണം, ചുറ്റുപാടുകളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ഇവകൊണ്ടുമാകാം ചിലപ്പോൾ ആന കാടുവിട്ട് നാട്ടിലേക്കിറങ്ങുന്ന സാഹചര്യമുണ്ടാകുന്നത്. കൃഷികളിലുണ്ടാകുന്ന വിളനാശം മാത്രമല്ല ആനയുടെ ചവിട്ടേറ്റ് നൂറുകണക്കിന് ആളുകളുടെ ജീവൻ പൊലിയുമ്പോൾ ഈ സംഭവം നമുക്ക് നിസ്സാരമായി കാണാൻ കഴിയില്ല. കരടിയുടെ ആക്രമണത്തിൽ പരിക്കേറ്റ് കണ്ണ്, മൂക്ക് തുടങ്ങിയ അവയവങ്ങളൊക്കെ നഷ്ടമായി വികൃതനായി permanent disability ഉണ്ടായിട്ടുള്ള ആളുകളുണ്ട്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ)

11.00 am ]

പുലി കാട്ടിൽനിന്നും നാട്ടിലേയ്ക്ക് ഇറങ്ങുന്നു. കടുവ വളരെ അപൂർവ്വമായി മാത്രമേ കാട്ടിൽ നിന്നും പുറത്തേയ്ക്ക് ഇറങ്ങാറുള്ളൂ. ബൗണ്ടറി നഷ്ടപ്പെടുന്നതിന്റെ ഭാഗമായോ പുതിയ occupations വരുന്നതിന്റെ ഭാഗമായോ ആണ് കടുവകൾ കാട് വിട്ട് പുറത്തേയ്ക്ക് വരുന്നത്. കാട്ടിൽ ആനകളും കടുവകളും പുലികളും എത്രയുണ്ടെന്ന് കണക്കാക്കുന്നതിന് പല രൂപത്തിൽ സർവ്വേ തുടങ്ങിയ ഒട്ടനവധി സംവിധാനങ്ങൾ വനം വകുപ്പ് ഒരുക്കിയിട്ടുണ്ട്. എന്നാൽ അതിനപ്പുറത്ത് വന്യമൃഗങ്ങൾ കാട്ടിൽ നിന്ന് നാട്ടിലേക്കിറങ്ങി മനുഷ്യരെ ആക്രമിക്കുകയും കൃഷിയിടങ്ങൾ നശിപ്പിക്കുകയും ചെയ്യുന്നത് നമുക്ക് കണ്ടുപിടിക്കാൻ സാധിക്കാത്ത തരത്തിലുള്ള ഒട്ടനവധി കാരണങ്ങളുണ്ട്. അഞ്ച് ജില്ലകളിൽ man-animal conflict സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏറെ

പ്രതീക്ഷയോടുകൂടിയാണ് അങ്ങയുടെ ഈ നടപടിക്രമങ്ങളെ അവർ കാണുന്നത്. വനാതിർത്തിയോടുചേർന്ന മറ്റു ജില്ലകളിലും അടിയന്തരമായി ഇത്തരം യോഗങ്ങൾ കൂടുന്നതിനുള്ള നടപടി സ്വീകരിക്കണം. കിടങ്ങുകൾ, ജൈവവേലി, വൈദ്യുതവേലി, കരിങ്കൽ ഉപയോഗിച്ചുള്ള മതിലുകൾ തുടങ്ങിയവ സ്ഥാപിക്കലാണ് കാലാകാലങ്ങളായി ചെയ്തുകൊണ്ടിരിക്കുന്നത്. കർണ്ണാടകയിലെ നാഗർഹോൾ നാഷണൽ പാർക്കിലെ ഉരുക്കുപാലം പോലെയുള്ള സുരക്ഷാവേലി ഒരുക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. വന്യജീവികൾ നാട്ടിലേയ്ക്ക് ഇറങ്ങാൻ സാധ്യതയുണ്ടെന്ന് മുൻകൂട്ടി അറിയിപ്പ് കൊടുക്കുന്നതിനുള്ള എസ്.എം.എസ്. സംവിധാനങ്ങളെയൊക്കെ ആളുകൾ ഏറെ സന്തോഷത്തോടു കൂടിയാണ് കാണുന്നത്. ബഹുമാനപ്പെട്ട അങ്ങ് man-animal conflict ഉണ്ടാകുന്ന സ്ഥലങ്ങൾ നേരിട്ട് സന്ദർശിക്കുകയും ആശ്വാസകരമായ ഇടപെടലുകൾ നടത്തുകയും ചെയ്തതുപോലെ കൂടുതൽ ട്രഞ്ചുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. ജൈവവേലികളുടെയും കരിങ്കൽ മതിലുകളുടേയും സാധ്യത പരിശോധിക്കണം. വൈദ്യുതവേലി സ്ഥാപിക്കുന്നതോടൊപ്പം അതിന്റെ മെയിന്റനൻസ് കൂടി ഉറപ്പാക്കാൻ ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണം. വളരെ സ്ട്രോംഗ് ആയി ചെയ്തെങ്കിൽ മാത്രമേ കരിങ്കൽ മതിലുകളെ നമുക്ക് ആശ്രയിക്കാൻ സാധിക്കുകയുള്ളൂ. കിടങ്ങുകൾ നിർമ്മിച്ചാലും ആന കുത്തി മണ്ണ് മറിച്ച് ആ കിടങ്ങുകൾക്കുള്ളിലൂടെ ഇറങ്ങി നാട്ടിൽ വന്ന് ആക്രമണം നടത്തുകയും ആനകൾ കൂട്ടത്തോടെ ഇറങ്ങി വരികയും ചെയ്യുന്ന സാഹചര്യവും ഉണ്ടാകുന്നുണ്ട്. വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി പീരുമേട് നിയോജകമണ്ഡലത്തിൽ വന്നപ്പോൾ തന്നെ ഈ കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടതാണ്. വളരെ അപൂർവ്വമായി മാത്രമാണ് കരിങ്കുരങ്ങ് ആക്രമിക്കുന്നത്. ഏഴോളം ആളുകൾ കരിങ്കുരങ്ങിന്റെ ആക്രമണത്തിന് ഇരയായി. ഏറെ പണിപ്പെട്ടിട്ടും കെണി വച്ചിട്ടും കൂട് വച്ചിട്ടും കരിങ്കുരങ്ങിനെ പിടിക്കാനായില്ല. മനുഷ്യൻ കഴിഞ്ഞാൽ അതിനുതൊട്ടുതാഴെ നിൽക്കുന്ന ജീവി എന്ന നിലയിൽ, സാമാന്യത്തിൽ കവിഞ്ഞ ബുദ്ധിയുണ്ടെന്നുള്ളതുകൊണ്ട് വനം വകുപ്പ് ഒരുക്കിയ ഒരു കെണിയിലും അത് കയറിയില്ലെന്നു മാത്രമല്ല അപകടകരമായ സാഹചര്യമുണ്ടെന്ന് മനസ്സിലാക്കി ഉൾക്കാട്ടിലേയ്ക്ക് വലിഞ്ഞിട്ടുമുണ്ട്. എപ്പോൾ വേണമെങ്കിലും തിരിച്ചുവന്ന് ആക്രമണം നടത്തുന്ന രീതിയാണ് കരിങ്കുരങ്ങിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. കരടിയും പന്നിയും വലിയ കൃഷി നാശമാണ് ഉണ്ടാക്കുന്നത്. പതിനേഴായിരത്തിനടുത്ത് അപേക്ഷകൾ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് വനം

വകുപ്പിന് കിട്ടിയിട്ടുണ്ട്. വനം വകുപ്പ് നൽകുന്ന നഷ്ടപരിഹാരം വേണ്ടത്ര തൃപ്തികരമാകുന്നില്ല. വലിയ തുക ചെലവാക്കി ചികിത്സിക്കുന്ന ആളുകൾക്ക് ചെറിയ തുകയാണ് നഷ്ടപരിഹാരമായി ഇപ്പോൾ കൊടുക്കുന്നത്. അത് വർദ്ധിപ്പിച്ച് നൽകാമെന്ന് കഴിഞ്ഞ യോഗങ്ങളിൽ നൽകിയ ഉറപ്പ് പാലിക്കുന്നത് കുറച്ചുകൂടി വേഗത്തിലാക്കുന്നതിനും തുക വർദ്ധിപ്പിക്കുന്നതിനുംവേണ്ട നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. പരമാവധി ഫെൻസിംഗുകൾ സ്ഥാപിക്കുന്നതിനും അതിന്റെ മെയിന്റനൻസ് നടത്തുന്നതിനും നടപടിയുണ്ടാകണം. കാട്ടുപന്നികളെ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പരാജയമാണെന്ന് ഇതിനോടകം സഭയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ അത് പരിഷ്കരിക്കുന്നതിന് നടപടിയുണ്ടാകണം. വിളകൾ നശിപ്പിക്കുന്നതിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് പന്നികളാണ്. ആനകളെക്കാൾ കൂടുതൽ കൃഷി നാശം പന്നികൾ ഉണ്ടാക്കുന്നുണ്ട്. പ്രത്യേകിച്ച് വനാതിർത്തികളോട് ചേർന്ന് താമസിക്കുന്ന ആളുകൾക്ക് ആഹാരസാധനങ്ങൾ വയ്ക്കാൻ കഴിയാത്ത ഒരു അവസ്ഥയുണ്ട്. പന്നിയും ആനയും വന്ന് റബ്ബർ പോലും നശിപ്പിക്കുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നു. വേണ്ടത്ര നഷ്ടപരിഹാരം നൽകുന്നതുൾപ്പെടെ ഇക്കാര്യങ്ങളിൽ ഗൗരവതരമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. അഞ്ച് ജില്ലകളിൽ ബഹുമാനപ്പെട്ട അങ്ങ് നേരിട്ട് എത്തി ആളുകളുടെ പ്രശ്നങ്ങൾ കേൾക്കാനും ആ പ്രശ്നങ്ങൾക്ക് മറുപടി പറയാനും അപ്പോൾ തീരുമാനമെടുക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കാനുമൊക്കെ വലിയ ഇടപെടൽ നടത്തിയിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച വിഷയങ്ങളിൽക്കൂടി അങ്ങയുടെ ഗൗരവതരമായിട്ടുള്ള ഇടപെടൽ ഉണ്ടാകണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ബഹുമാനപ്പെട്ട മെമ്പർ പ്രത്യേകിച്ച് വനമേഖലയുമായി ബന്ധപ്പെട്ട ഒരു നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്നുവെന്നുള്ളതുകൊണ്ടുതന്നെ ആ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സഭയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. ഈ വിഷയങ്ങൾ കഴിഞ്ഞ ദിവസം നടന്ന ധനാഭ്യർത്ഥനാ ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾ അവതരിപ്പിക്കുകയും അതിന് ഞാൻ മറുപടി നൽകുകയും ചെയ്തിട്ടുള്ളതാണ്. ഇവിടെ പറഞ്ഞ വിഷയങ്ങൾ എല്ലാം തന്നെ വളരെ ശരിയാണ്. ആ വിഷയങ്ങൾക്കെല്ലാം പരിഹാരം കാണാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്. കേരള സംസ്ഥാനത്തെ വനാതിർത്തികളിൽ ജീവിക്കുന്നവർക്ക് വന്യജീവികളുടെ ആക്രമണം

മൂലമുണ്ടാകുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ വയനാട്, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ നിന്നാണ് ഏറ്റവും രൂക്ഷമായ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം കേരളത്തിൽ മൊത്തം റിപ്പോർട്ട് ചെയ്തിട്ടുള്ള വന്യജീവി ആക്രമണത്തിൽ 50 ശതമാനവും മേൽപ്പറഞ്ഞ ജില്ലകളിലാണ് ഉണ്ടായിട്ടുള്ളത്. കേരളത്തിലെ കർഷകർ ഏറ്റവും കൂടുതൽ വന്യജീവി ആക്രമണം നേരിടുന്നത് കാട്ടാനകളിൽ നിന്നാണ്. കൂടാതെ കാട്ടുപന്നി, കടുവ, മാൻ, കുരങ്ങ് എന്നിവയിൽ നിന്നുള്ള പ്രശ്നങ്ങളും റിപ്പോർട്ട് ചെയ്യുന്നുണ്ട്. കേരളത്തിലെ വനങ്ങളിൽ വന്യജീവികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായിട്ടാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഏറ്റവും ഒടുവിൽ നടത്തിയ കണക്കെടുപ്പ് പ്രകാരം കേരളത്തിൽ 6177 കാട്ടാനകളും 48034 കാട്ടുപന്നികളും 136 കടുവകളും 43000 മാനുകളും 50000-ത്തോളം കുരങ്ങുകളും അധിവസിക്കുന്നുണ്ട്. വന്യജീവികളുടെ എണ്ണത്തിലുള്ള വർദ്ധനവ്, വനത്തിനുള്ളിലെ ജലത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യതക്കുറവ്, കാലാവസ്ഥാ വ്യതിയാനം, വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിൽ വന്യജീവികളെ ആകർഷിക്കുന്ന വിളകളുടെ കൃഷി തുടങ്ങിയ പല കാരണങ്ങളാണ് വന്യജീവികൾ വനത്തിന് പുറത്തുവരുന്നതിന് പ്രധാനമായും ചൂണ്ടിക്കാണിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായ പഠനം നടത്താൻ പീച്ചിയിലെ വന ഗവേഷണ കേന്ദ്രത്തോട് (KFRI) 2001-ൽ ആവശ്യപ്പെടുകയും അതനുസരിച്ച് പഠനം നടത്തി സമർപ്പിച്ച ശിപാർശകളിൽ പലതും പ്രശ്നം രൂക്ഷമായിരുന്ന വയനാട് മേഖലയിൽ നടപ്പിലാക്കുകയും ചെയ്തു. ഇതുകൂടാതെ മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവരുന്ന സാഹചര്യം പഠിച്ച് പ്രതിവിധികൾ നിർദ്ദേശിക്കാൻ 2011-ലെ സർക്കാർ ഉത്തരവ് പ്രകാരം വനം വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി ശാസ്ത്രജ്ഞർ, പരിസ്ഥിതി പ്രവർത്തകർ, കർഷക സംഘടനാ നേതാക്കൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ഈ കമ്മിറ്റി പ്രശ്നത്തിന്റെ വിവിധ വശങ്ങൾ പഠിച്ച് ജനപ്രതിനിധികൾ, മന്ത്രിമാർ, തദ്ദേശവാസികൾ തുടങ്ങിയവരുമായി ചർച്ച നടത്തി 2011-ൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ട് പ്രകാരം ഇത്തരത്തിൽ ഏറ്റവും അധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് കാട്ടുപന്നിയാണെന്നും കൃഷിയിടങ്ങളിൽ പ്രവേശിച്ച് നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന കാട്ടുപന്നികളെ നിബന്ധനകൾക്ക് വിധേയമായി കൊല്ലുന്നതിന് അനുവാദം നൽകാവുന്നതാണെന്നും ശിപാർശ ചെയ്തിരുന്നു. തുടർന്ന് ഇതിനായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ കാലാവധി

കഴിഞ്ഞതിനാൽ ആയത് നീട്ടി നൽകുന്നതിനോടൊപ്പം നിബന്ധനകൾ ലഘൂകരിക്കുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. നിലവിലുണ്ടായിരുന്ന ഉത്തരവിന്റെ പ്രയോജനം ഒരു കർഷകനും ലഭ്യമാക്കാൻ കഴിയുമായിരുന്നില്ല. അതിന്റെ നിബന്ധനകൾ അങ്ങനെയായിരുന്നു. അതുകൊണ്ടുതന്നെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കർഷകർക്ക് പന്നിയെ വെടിവയ്ക്കാനുള്ള അനുവാദം നൽകുന്ന ആ ഉപാധികളിൽ ചില ഇളവുകൾ പ്രഖ്യാപിച്ചുകൊണ്ട്, ചില നിബന്ധനകൾ മാറ്റി പുനഃപരിശോധിച്ച് കുറച്ചുകൂടി ഫലപ്രദമായി ഉത്തരവ് ഇറക്കുന്നതിനെ സംബന്ധിച്ചാണ് ഗവൺമെന്റ് പരിശോധിക്കുന്നത്.

കേരളത്തിൽ വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷത്തെക്കുറിച്ച് വിശദമായ പഠനം നടത്താനും കുരങ്ങുകളിലെ വന്ധ്യംകരണം ഉൾപ്പെടെയുള്ള നിയന്ത്രണരീതികളിലെ ശാസ്ത്രീയവശം പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ, പീരുമേട്ടിൽ നടന്ന യോഗത്തിൽ ഒരു പ്രത്യേക കുരങ്ങിനെ സംബന്ധിച്ച് അവിടെ വന്ന ജനപ്രതിനിധികളെല്ലാംതന്നെ ചർച്ച ചെയ്യുകയുണ്ടായി. ആ കുരങ്ങിനെ കെണിവച്ച് പിടിച്ച് വന്ധ്യംകരണം നടത്തി വനത്തിനകത്ത് കൊണ്ടുപോയി വിടണമെന്ന് അവിടെവച്ചുതന്നെ നിർദ്ദേശം കൊടുക്കുകയും അതിന് ഒരു ഉദ്യോഗസ്ഥനെ പ്രത്യേകമായി ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ ആ കുരങ്ങിനെ പിടിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ പറഞ്ഞപ്പോഴാണ് മനസ്സിലായത്. കുമിളി മേഖലയിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു കുരങ്ങിനെ കൂടുവച്ച് പിടിക്കുന്നതിനുവേണ്ട ഉത്തരവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. നാട്ടിലിറങ്ങുന്ന വന്യജീവികളെ തിരിച്ച് കാട്ടിലേയ്ക്കയയ്ക്കുന്നതുൾപ്പെടെയുള്ള പ്രവർത്തികൾക്ക് നിലവിലുണ്ടായിരുന്ന 13 ദ്രുതപ്രതികരണ സംഘത്തിനുപുറമേ (RRT) പീരുമേട് മേഖലയ്ക്ക് പ്രത്യേകമായി ഒരു ആർ.ആർ.ടീമിനെ നിയോഗിച്ചു. വാഹനവും ആയുധവുമടക്കം നൽകിയിട്ടുള്ള ഒരു സംവിധാനമാണ് പീരുമേട്ടിലെ ആർ.ആർ.ടി. എന്ന് ഞാൻ അവിടെ വന്നപ്പോൾ കണ്ടു. അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് ബഹുമാനപ്പെട്ട മെമ്പറുടെ സാന്നിദ്ധ്യത്തിലാണ്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ

ഭാഗമായി പ്രശ്നബാധിത പ്രദേശങ്ങളിൽ വനം വകുപ്പ് നാളിതുവരെ 1501 കിലോമീറ്റർ ആനപ്രതിരോധക്കിടങ്ങുകളും 35 കിലോമീറ്റർ ആനപ്രതിരോധ മതിലും 259 കിലോമീറ്റർ കയ്യാലയും 43 കിലോമീറ്റർ ജൈവവേലിയും നിർമ്മിച്ചിട്ടുണ്ട്. ഇതുകൂടാതെ നബാർഡിന്റെ വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വനാതിർത്തികളിൽ കാട്ടാനകളെ പ്രതിരോധിക്കുന്നതിന് 2040 ലക്ഷം രൂപ ചെലവിൽ കരിങ്കൽ ഭിത്തിയുടെ നിർമ്മാണവും കണ്ണൂർ ജില്ലയിലെ ആറളം പ്രദേശത്ത് 2.5 കിലോമീറ്റർ ദൂരത്തിൽ സ്റ്റീൽ ഫെൻസിംഗിന്റെ നിർമ്മാണവും പുരോഗമിച്ചുവരികയാണ്. സ്റ്റീൽ ഫെൻസിംഗ് വളരെ ചെലവ് കൂടിയതാണ്. ഒരു കിലോമീറ്റർ സ്റ്റീൽ ഫെൻസിംഗ് നിർമ്മിക്കുന്നതിന് 1,25,00,000 രൂപ ആവശ്യമുണ്ട്. പ്രശ്നം രൂക്ഷമായ മേഖലകളിൽ വന്യജീവികൾ നാട്ടിലേയ്ക്ക് ഇറങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് പ്രദേശവാസികളെ എസ്.എം.എസ്. മുഖാന്തരം അറിയിക്കുന്ന ഏർളി വാണിംഗ് എസ്.എം.എസ്. അലെർട്ട് സിസ്റ്റം വയനാട്, മൂന്നാർ, ആറളം മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 757 ലക്ഷം രൂപയും വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് 350 ലക്ഷം രൂപയും ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ നഷ്ടപരിഹാര തുക കുറച്ചുകൂടി വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് വളരെ ഗൗരവമായി ആലോചിക്കുകയാണ്. ഇക്കാര്യം സബ്ജക്ട് കമ്മിറ്റി ഗവൺമെന്റിലേയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ട്, ഒരു മനുഷ്യൻ വന്യജീവിയുടെ ആക്രമണത്തിനുവിധേയമായി വനത്തിൽ വച്ച് മരണപ്പെടുകയാണെങ്കിൽ കൊടുക്കുന്ന നഷ്ടപരിഹാരം അഞ്ച് ലക്ഷം രൂപയാണ്. അത് പത്തുലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന സബ്ജക്ട് കമ്മിറ്റി നിർദ്ദേശമുണ്ട്. അത് പത്തുലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് നടപടിയെടുക്കും. മറ്റെല്ലാ നഷ്ടപരിഹാരത്തുകയും വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് കാര്യമായി ആലോചിക്കേണ്ട സമയമായി. ആലോചിക്കുമെന്ന് സഭയ്ക്ക് ഞാൻ ഈ അവസരത്തിൽ ഉറപ്പ് നൽകുകയാണ്. വന്യജീവി ആക്രമണംമൂലം പരിക്കോ മരണമോ കൃഷിനാശങ്ങളോ മറ്റ് നാശങ്ങളോ സംഭവിച്ചാൽ 1980- ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു

വിക്റ്റിംസ് ഓഫ് അറ്റാക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും പ്രശ്നത്തിന്റെ വ്യാപ്തിയും ഗൗരവവും കണക്കിലെടുത്ത് വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനും അടിന്തരസഹായം ആവശ്യപ്പെടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വനാതിർത്തി സംരക്ഷിക്കുന്നതിനും വന്യജീവികൾമൂലമുള്ള ആക്രമണങ്ങൾ തടയുന്നതിനും ഗവൺമെന്റ് കിഫ്ബിയിൽ ഉൾപ്പെടുത്തി 100 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നുകൂടി ഈ അവസരത്തിൽ സഭയെ അറിയിക്കുകയാണ്. ഇതൊക്കെയാണെങ്കിലും വന്യജീവികളുടെ ആക്രമണം തടയുന്നതിന് ബഹുജനപങ്കാളിത്തം ആവശ്യമാണ്. ബഹുജന പങ്കാളിത്തത്തോടുകൂടി വന്യജീവി ആക്രമണങ്ങൾ അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള ചില പരിശ്രമങ്ങളും ഗവൺമെന്റ് നടത്താൻ പോകുകയാണ്. അതിന്റെ ഭാഗമായി വനാതിർത്തി പങ്കുവയ്ക്കുന്ന പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് ഉടനെ ഇറങ്ങുമെന്നുകൂടി ബഹുമാനപ്പെട്ട മെമ്പറെ ഈ അവസരത്തിൽ അറിയിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. അതിനനുസരിച്ചുള്ള സമീപനങ്ങൾ തന്നെയാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, വിളകൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടാണ് ആളുകൾക്ക് തോക്കിന് ലൈസൻസ് കൊടുത്തിട്ടുള്ളത്. എന്നാൽ വനം വകുപ്പുമായി ബന്ധപ്പെട്ട്, നൂറുകണക്കിന് അപേക്ഷകൾ ഇതിനോടകം പെന്റിംഗിലാണ്. വനം വകുപ്പിലെ ചില ഉന്നത ഉദ്യോഗസ്ഥർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളാണ് തോക്ക് ലൈസൻസ് പുതുക്കിക്കൊടുക്കുന്നതുമായി ബന്ധപ്പെട്ട് അനാവശ്യമായ കാലതാമസം ഉണ്ടാക്കുന്നതെന്നാണ് എനിക്ക് മനസ്സിലാകുന്നത്. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് ആരംഭിച്ച യുദ്ധം ഗവൺമെന്റ് വന്നതിനുശേഷവും തുടരുന്ന ഒരു സാഹചര്യമുണ്ട്. സമയബന്ധിതമായി ആളുകളുടെ തോക്ക് ലൈസൻസ് പുതുക്കി നൽകുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ. രാജു</u>: സർ, തോക്കുകളുടെ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ നിയമങ്ങളും ചട്ടങ്ങളുമുണ്ട്. അതനുസരിച്ച് മാത്രമായിരിക്കും ലൈസൻസുകൾ പുതുക്കിക്കൊടുക്കേണ്ടത്. അതിൽ നിയമാനുസൃതമുള്ള അപേക്ഷകൾ

പെന്റിംഗുണ്ടെങ്കിൽ അത് അടിയന്തരമായി നൽകുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഉദ്യോഗസ്ഥരുടെ പ്രശ്നങ്ങൾകൊണ്ട് തോക്കിന് ലൈസൻസ് കൊടുക്കുന്നില്ലായെന്നുള്ള അങ്ങയുടെ ആരോപണം ശരിയാണെന്ന് ഞാൻ കരുതുന്നില്ല.

(2) സുരക്ഷിത റെയിൽയാത്ര ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. പി. അനിൽ കുമാർ : സർ, കേരളത്തിലെ ദീർഘദൂര യാത്രക്കാരായാലും ഹ്രസ്വ ദൂരയാത്രക്കാരായാലും, ബസ് ഗതാഗതം പോലെതന്നെ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന മേഖലയാണ് ട്രെയിൻ. അതുകൊണ്ടുതന്നെ ട്രെയിൻ യാത്രക്കാരുടെ എണ്ണം ഇന്ന് വളരെയധികം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ട്രെയിൻയാത്ര എന്നുപറയുമ്പോൾ നമ്മുടെ മനസ്സുകളിലുണ്ടാകുന്നത് ഒരു ശുഭയാത്ര എന്നുള്ളതാണ്. വളരെ വർഷങ്ങൾക്ക് മുമ്പ് നടന്ന ഒന്നുരണ്ട് അപകടങ്ങൾ, പെരുമൺ ദുരന്തവും കടലുണ്ടി തീവണ്ടി അപകടവുമൊക്കെ നമ്മുടെ മനസ്സുകളിലുണ്ടെങ്കിലും പൊതുവെ അപകടങ്ങൾ കുറവാണെന്നാണ് ട്രെയിൻ യാത്രയുമായി ബന്ധപ്പെട്ട് നമ്മുടെയൊക്കെ മനസ്സുകളിലുള്ളത്. അങ്ങനെയുള്ള ഒരു ശുഭയാത്ര എന്ന സങ്കല്പം പൂർണ്ണമായി മാറി, ആശങ്ക ഉണർത്തുന്ന രീതിയിൽ ട്രെയിനിൽ യാത്ര ചെയ്യേണ്ട സാഹചര്യമാണ് സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ട്രെയിൻ അപകടങ്ങൾ ജനങ്ങൾക്കിടയിൽ ഉണ്ടാക്കിയിട്ടുള്ളത്. ട്രെയിൻ യാത്രക്കാർക്ക് സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തേണ്ടത് വളരെ അത്യാവശ്യമാണ്. അത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കണം. ഗവൺമെന്റിന്റെ പരിമിതിയെക്കുറിച്ചും റെയിൽവേ വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രിയെന്നുള്ള നിലയ്ക്ക് അങ്ങേക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളുടെ പരിമിതിയെക്കുറിച്ചും എനിക്കറിയാം. പക്ഷേ ഇന്നത്തെ സാഹചര്യത്തിൽ ആ പരിമിതികൾക്കപ്പുറത്ത് പോയി കാര്യങ്ങൾ ചെയ്തില്ലെങ്കിൽ നാളെ നമുക്ക് വലിയ ദുരന്തങ്ങൾ നേരിടേണ്ടിവരും. തുടർച്ചയായി ഉണ്ടാകുന്ന പാളംതെറ്റൽ റെയിൽവേയുടെ വിശ്വാസതകർച്ചയ്ക്ക് കാരണമായിരിക്കുകയാണ്. നൂറ് ശതമാനം അപകടങ്ങളേയും നമുക്ക് അവസാനിപ്പിക്കാൻ കഴിയും, പൂർണ്ണമായും അപകടരഹിതയാത്ര എന്നുപറയുന്നത് നമുക്ക് സാധ്യമാകുമെന്നൊന്നും പ്രവചിക്കാനോ ഉറപ്പുവരുത്താനോ കഴിയില്ല. അപകടങ്ങൾ അപ്രതീക്ഷിതമായി സംഭവിക്കാറുണ്ട്. സുരക്ഷാനടപടികളിലെ അലംഭാവവും കുറ്റകരമായ അനാസ്ഥയും കൊണ്ട് അപകടങ്ങളുണ്ടായാൽ അത് ഗുരുതരമായ വീഴ്ചയായി കാണേണ്ടിവരും. 1500-ഓളം യാത്രക്കാരുമായി തിരുവനന്തപുരത്ത് നിന്നും പുറപ്പെട്ട മംഗലാപുരം-

മാംഗ്ലൂർ എക്സ്പ്രസ്സിന്റെ പന്ത്രണ്ടോളം കോച്ചുകളാണ് പാളം തെറ്റിയത്. അപകടമുണ്ടായിയെങ്കിലും പെരുമൺ ദുരന്തംപോലെയോ കടലുണ്ടി ദുരന്തം പോലെയോ ആളപായമുണ്ടായില്ലെന്നുള്ളത് ആശ്വാസം നൽകിയ കാര്യമാണ്. അതുകഴിഞ്ഞ് ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോഴാണ് കരുനാഗപ്പള്ളിയിൽ ചരക്ക് തീവണ്ടി അപകടത്തിന് ഇരയായത്. ഈ രണ്ടപകടങ്ങളും തൊട്ടടുത്ത മാസങ്ങളിലാണുണ്ടായത്. കാലപ്പഴക്കംമൂലം ബലക്ഷയം വന്ന പാളങ്ങൾ അപകടത്തിൽപ്പെടുന്നതുമായി ബന്ധപ്പെട്ട് നിരവധി വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. കാലപ്പഴക്കം കാരണം ബലക്ഷയം സംഭവിച്ച പാളങ്ങളാണ് ആഗസ്റ്റ് 28-ന് കറുകുറ്റിയിലും സെപ്തംബർ 20-ന് കരുനാഗപ്പള്ളിയിലുമുണ്ടായ ട്രെയിൻ അപകടങ്ങൾക്ക് പ്രധാന കാരണമെന്നാണ് റെയിൽവേ വകുപ്പ് പറയുന്നത്. ജനങ്ങളെയൊക്കെ ഞെട്ടിപ്പിക്കുന്ന ഒരു കാര്യം സംസ്ഥാനത്ത് രണ്ട് ഡിവിഷനുകളിലായി 250-ഓളം സ്ഥലത്ത് പാളങ്ങൾ ഭദ്രമല്ലെന്ന് കണ്ടെത്തിയതായി പറഞ്ഞത് ഇവിടുത്തെ മാധ്യമങ്ങളല്ല, മറിച്ച് റെയിൽവേ എഞ്ചിനീയറിംഗ് വിഭാഗമാണ്. കേരളത്തിലെ 1200 കിലോമീറ്റർ മാത്രമുള്ള റെയിൽപാളങ്ങളിൽ 250 സ്ഥലത്ത് വിള്ളലുകളുണ്ടെന്നുപറയുമ്പോൾ ഗൗരവത്തോടുകൂടി അതിനെ സമീപിക്കാതെ പോകുന്നത് വലിയ വീഴ്ചയാകുമെന്ന് സൂചിപ്പിക്കുകയാണ്. കറുകുറ്റിയിൽ അപകടം നടന്ന ഭാഗത്ത് പാളങ്ങൾ അടിയന്തരമായി മാറ്റണമെന്ന് ബന്ധപ്പെട്ട സാങ്കേതികവിഭാഗം നേരത്തെ തന്നെ റിപ്പോർട്ട് ചെയ്തെങ്കിലും അവിടെ യാതൊരു മെയിന്റനൻസും റെയിൽവേ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടായില്ല. അവിടെ ആകെ നടന്നത് ഓസിലേഷൻ മോണിറ്ററിംഗ് സിസ്റ്റം, ട്രാക്ക് പരിശോധന, പാളത്തിലെ വിള്ളൽ കണ്ടുപിടിക്കാനുള്ള ശ്രമങ്ങൾ ഇവയാണ്. പക്ഷേ വിള്ളലുകൾ അടയ്ക്കാനുള്ള പ്രവൃത്തി അവിടെ നടന്നില്ല. ഇതൊക്കെ ഓരോ സമയങ്ങളിലും ബന്ധപ്പെട്ട റെയിൽവേ വകുപ്പിൽ താഴെത്തട്ടിലെ ഉദ്യോഗസ്ഥർ റെയിൽവേ ഡിവിഷണൽ ഓഫീസർമാരേയും ബന്ധപ്പെട്ടവരെയും അറിയിച്ചിട്ടും പരിഹാരമുണ്ടാകാത്തതിന്റെ പേരിലാണ് ഇത്തരം അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കറുകുറ്റി അപകടം നടന്നിടത്തുനിന്നും 150 മീറ്ററിനുള്ളിൽ ആറിടത്ത് വിള്ളലുണ്ടെന്നും രണ്ടിടത്തെ വിള്ളൽ ഗുരുതരമാണെന്നും ട്രെയിനിന് മുന്നോട്ടുപോകാൻ കഴിയാത്തതാണെന്നും അറിയിച്ചിട്ടും റെയിൽവേയുടെ ഭാഗത്തുനിന്നും യാതൊരു ഇടപെടലും ഉണ്ടായിട്ടില്ല. ഇത്തരം സാഹചര്യത്തിലും മെയിന്റനൻസ് നടത്തുന്നതിനുപകരം അപകടം ഉണ്ടായാൽ ആഘാതം കുറയുന്നതിനുവേണ്ടി വേഗനിയന്ത്രണം ഏർപ്പെടുത്തുക മാത്രമാണ് റെയിൽവേ വകുപ്പ് ചെയ്തത്. കഴിഞ്ഞ കാലത്തേക്കാൾ വ്യത്യസ്തമായി റെയിൽവേ പാളങ്ങൾ എടുക്കുന്ന ലോഡ് വളരെക്കൂടുതലാണ്. യാത്രക്കാരുടെ എണ്ണം കൂടുന്നതിനനുസരിച്ച് കേരളത്തിലെ

ട്രെയിനുകളുടെയും ചരക്കുവണ്ടികളുടെയും എണ്ണം കൂടുന്നു. തിരുവനന്തപുരം ഡിവിഷനിൽ മാത്രം 160 ട്രെയിനുകളും ഇരുപതോളം ചരക്കുവണ്ടികളും ഓടിക്കൊണ്ടിരിക്കുകയാണ്. ഈ രീതിലുള്ള ലോഡ് താങ്ങാനുള്ള കരുത്ത് നമ്മുടെ ട്രാക്കുകൾക്കില്ല. 25 വർഷം കഴിഞ്ഞ ട്രാക്കുകൾ മാറ്റണം എന്നാണ് പറയാറുള്ളതെങ്കിലും 50 വർഷം കഴിഞ്ഞിട്ടുപോലും പാളങ്ങളിൽ മെയിന്റനൻസ് നടക്കാത്തതുകൊണ്ടാണ് അല്ലെങ്കിൽ റെയിൽ പാളങ്ങൾ നവീകരിക്കാത്തത് കൊണ്ടാണ് ഇത്തരം അപകടങ്ങൾ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇരട്ടപ്പാതയിൽ 24 മണിക്കൂറിൽ പരമാവധി 80 ട്രെയിനുകൾ ഓടിക്കാൻ കഴിയുന്നിടത്താണ് 160 ട്രെയിനുകൾ ഓടുന്ന സാഹചര്യമുണ്ടായിട്ടുള്ളത്. ഈ രീതിയിൽ റെയിൽവേയുടെ ഭാഗത്തുനിന്ന് വളരെ വലിയ വീഴ്ച ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പലപ്പോഴും വിള്ളലുണ്ടായിക്കഴിഞ്ഞാൽ ക്ലാമ്പിടുന്ന താൽക്കാലിക പരിഹാരമാണ് ഉണ്ടാക്കുന്നത്. ക്ലാമ്പിട്ടുകഴിഞ്ഞാൽ വീണ്ടും അപകടങ്ങൾ വിളിച്ചുവരുത്താനുള്ള ഒരു സാഹചര്യമാണ് ഉണ്ടാകുന്നത്. റെയിൽവേയിൽനിന്ന് കഴിഞ്ഞ കുറേക്കാലങ്ങളായി എല്ലാ കാര്യങ്ങളിലും നമ്മൾ പൂർണ്ണമായ അവഗണനയാണ് നേരിടുന്നത്. അടിസ്ഥാനസൗകര്യ വികസനത്തിന് കഴിഞ്ഞ വർഷം ദക്ഷിണ റെയിൽവേയ്ക്ക് 2458 കോടി രൂപ അനുവദിച്ചപ്പോൾ തമിഴ്നാടിന് 1808 കോടി രൂപയും കേരളത്തിന് വെറും 630 കോടി രൂപയുമാണ് ലഭിച്ചത്. അതുപോലെ ജനറൽ കൺസഷനുവേണ്ടി അനുവദിച്ച 344 കോടി രൂപയിൽ തമിഴ്നാടിന് 332 കോടി രൂപയും കേരളത്തിന് 12 കോടി രൂപയുമാണ് ലഭിച്ചത്. പാത ഇരട്ടിപ്പിക്കുന്നതിനുവേണ്ടി ദക്ഷിണ റെയിൽവേയ്ക്ക് 2018 കോടി രൂപ അനുവദിച്ചപ്പോൾ 642 കോടി രൂപയാണ് നമുക്ക് ലഭിച്ചത്. പാത ഇരട്ടിപ്പിക്കൽ, പാത നവീകരിക്കൽ, മെയിന്റനൻസ് എന്നീ കാര്യങ്ങളിലൊക്കെ ഫണ്ട് ലഭിച്ചെങ്കിൽ മാത്രമേ പത്തും അമ്പതും വർഷം പഴക്കമുള്ള പാളങ്ങൾ നല്ല രീതിയിൽ മാറ്റിയെടുക്കാൻ കഴിയുകയുള്ളൂ. കേരളത്തിലെ മുഴുവൻ വാർത്താമാധ്യമങ്ങളും കഴിഞ്ഞ ഒന്നുരണ്ട് മാസമായി റെയിൽവേയുടെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെക്കുറിച്ചും റെയിൽവേ അപകടങ്ങളെക്കുറിച്ചും സുരക്ഷിതമല്ലാത്ത റെയിൽവേ യാത്രയെക്കുറിച്ചുമൊക്കെ മുഖപ്രസംഗങ്ങൾ വരെ എഴുതിക്കൊണ്ടിരിക്കുകയാണ്. ഒരു ട്രെയിൻ യാത്രയിൽ എന്തെങ്കിലും അപകടം സംഭവിച്ചുകഴിഞ്ഞാൽ അപകടത്തിനപ്പുറം ദിവസങ്ങളോളമാണ് യാത്രക്കാർ വലഞ്ഞുകൊണ്ടിരിക്കുന്നത്. പല ട്രെയിനുകളും ക്യാൻസൽ ചെയ്യുന്നു, മണിക്കൂറുകളോളം ട്രെയിനുകൾക്കുവേണ്ടി റെയിൽവേ സ്റ്റേഷനിൽ കാത്തിരിക്കേണ്ട അവസ്ഥ, ഇങ്ങനെ വളരെയധികം ബുദ്ധിമുട്ടുകൾ ഇന്ന് യാത്രക്കാർ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ശക്തമായ ഇടപെടലിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കേന്ദ്ര റെയിൽവേ

വകുപ്പുമന്ത്രിക്ക് കത്തയച്ചതായി വാർത്തകളിൽ കണ്ടു. അങ്ങയുടെ ഭാഗത്തുനിന്നും തീർച്ചയായും അത്തരം നടപടികളൊക്കെ ഉണ്ടായിക്കാണും എന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഏതായാലും ഒരു പെരുമൺ ദുരന്തമോ കടലുണ്ടി ദുരന്തമോ കേരളത്തിൽ ഉണ്ടാകാതിരിക്കാൻ കേരളത്തിലെ യാത്രക്കാരെ സംബന്ധിച്ചിടത്തോളം സുരക്ഷിതത്വം നൽകേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനും റെയിൽവേയ്ക്കുമുണ്ട്. തീർച്ചയായും ആ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് പരിമിതിയുണ്ട്. ആ പരിമിതിക്കകത്തുനിന്നുകൊണ്ട് പരമാവധി കാര്യങ്ങൾ ചെയ്യുന്നതിനുള്ള നടപടി എടുക്കണമെന്ന് സൂചിപ്പിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, തുടർച്ചയായുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിലെ ട്രെയിനുകളുടെയും യാത്രക്കാരുടെയും സുരക്ഷയ്ക്കാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ചെറുവത്തൂരിൽ ആഗസ്റ്റ് മാസം 13-ന് മാവേലി എക്സ്പ്രസ്സിന് തീപിടിച്ചതിന്റെയും കറുകുറ്റി, കരുനാഗപ്പള്ളി എന്നീ റെയിൽവേ അപകടങ്ങളുടെയും പശ്ചാത്തലത്തിൽ കേരളത്തിലെ റെയിൽവേ ട്രാക്കുകളുടെയും കോച്ചുകളുടെയും സുരക്ഷിതത്വമില്ലായ്മ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 24-9-2016-ൽ രണ്ട് കത്തുകളും വകുപ്പുമന്ത്രി 28-8-2016, 30-8-2016, 20-9-2016 എന്നീ തീയതികളിലായി മൂന്ന് കത്തുകളും ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് അയച്ചിട്ടുണ്ട്. 28-08-2016-ന് കറുകുറ്റിയിലും 29-09-2016-ന് കരുനാഗപ്പള്ളിയിലും ട്രെയിനുകൾ പാളം തെറ്റിയ സംഭവങ്ങളുണ്ടായപ്പോൾ നിലവിലുള്ള പാളങ്ങളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും റെയിൽവേ എഞ്ചിനീയറിംഗ് വിഭാഗം 202 പോയിന്റുകളിൽ കണ്ടെത്തിയ വിള്ളലുകൾ അടിയന്തരമായി പരിഹരിക്കുന്നതിനും കാലഹരണപ്പെട്ട കോച്ചുകളും വാഗണുകളും ട്രാക്കുകളും സിഗ്നലിംഗ് സംവിധാനങ്ങളും മാറ്റുന്നതിനും പാത ഇരട്ടിപ്പിക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ഓടുന്ന തീവണ്ടികളിൽ ഹൈടെക് കോച്ചുകൾ ഏർപ്പെടുത്തുന്നതിനും നിർമ്മാണ ഫാക്ടറികളിൽ നിന്നുതന്നെ കോച്ചുകൾ ലഭ്യമാക്കുന്നതിനായി പ്രത്യേക ക്വാട്ട അനുവദിക്കുന്നതിനും സുരക്ഷ സംബന്ധിച്ച കാര്യങ്ങളിൽ പുനഃപരിശോധന നടത്തുന്നതിനും യാത്രക്കാരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനും അടിയന്തര നടപടിക്കായി കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. ബ്രിട്ടീഷുകാരുടെ കാലം

മുതൽക്കുതന്നെ കേരളത്തോടുള്ള റെയിൽവേയുടെ അവഗണന ആരംഭിച്ചിട്ടുണ്ട്. കർണ്ണാടക, തമിഴ്നാട് തുടങ്ങിയ അയൽ സംസ്ഥാനങ്ങൾക്ക് നൽകുന്ന പരിഗണന നാളിതുവരെ കേരളത്തോട് കാണിച്ചിട്ടില്ല. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയുടെ പാർട്ടി ഭരിച്ചപ്പോഴും ആ നിലയിൽ കാണിച്ചിട്ടില്ല. ശ്രീ. ഒ. രാജഗോപാൽ റെയിൽവേ വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് കുറച്ചുകാലത്തേയ്ക്ക് റെയിൽവേ വകുപ്പുമന്ത്രി ഉണ്ടെന്ന് തോന്നിയത്. എറണാകുളം-ആലപ്പുഴ-കായംകുളം പാത 1992-ഓടുകൂടി മാത്രമാണ് യാഥാർത്ഥ്യമായത്. മലബാർ മേഖലയിൽ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ വിദൂര സ്വപ്നമായി മാറിയിരിക്കുകയാണ്. പുതിയ ട്രെയിനുകൾ അനുവദിക്കുന്ന കാര്യത്തിലും കേരളത്തിലെ റെയിൽവേയുടെ വികസനത്തിലും റെയിൽവേ സ്റ്റേഷനുകളുടെ നിലവാരം ഉയർത്തുന്നതിലും റെയിൽവേ മന്ത്രാലയം കുറ്റകരമായ വിവേചനമാണ് കാണിക്കുന്നത്. വൃത്തിഹീനമായ ശുചിമുറികളും മറ്റ് യാത്രക്കാരെ ട്രെയിൻ യാത്രയിൽ നിന്നും പിന്തിരിപ്പിക്കുന്നുണ്ട്. റെയിൽവെ യാത്രക്കാരുടെ പ്രത്യേകിച്ച് വനിതാ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ വേണ്ടത്ര പരിഗണന റെയിൽവെ നൽകുന്നതായി കാണുന്നില്ല. കേരളത്തിലെ റെയിൽവെ വികസനവുമായി ബന്ധപ്പെട്ട് അനുവദിച്ച റെയിൽ കോച്ച് ഫാക്ടറികളുടെ പ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. റെയിൽ യാത്രക്കാരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ റിസർവ്വേഷൻ കോച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കുക, പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം, ഗേജ് മാറ്റം എന്നിവ സമയബന്ധിതമായി പൂർത്തികരിക്കുക, സർവ്വേ പൂർത്തിയാക്കിയ പാതകളുടെ പണി ആരംഭിക്കുക, പെനിൻസുലാർ റെയിൽവേ സോൺ, വിഴിഞ്ഞം പോർട്ടിനെ ബന്ധിപ്പിച്ച് നേമം റെയിൽവേ സ്റ്റേഷനെ സാറ്റലൈറ്റ് ടെർമിനലായി ഉയർത്തുക തുടങ്ങിയ കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും ആവശ്യമായ പരിഗണന ലഭിച്ചിട്ടില്ല. പാത ഇരട്ടിപ്പിച്ച് വൈദ്യുതീകരണം പൂർത്തിയാക്കുക, ശബരിപ്പാത, അമ്പലപ്പുഴ-തിരുവല്ലപ്പാത, ഗുരുവായൂർ-തിരുനാവായ ലൈനുകൾ എന്നിവയൊന്നും പൂർത്തീകരിച്ചിട്ടില്ല, പദ്ധതി ആരംഭിച്ചിട്ടുമില്ല. കൊച്ചിൻ ഹാർബർ ടെർമിനലിന്റെ പ്രവർത്തനം ഇഴയുന്നു. വൈദ്യുതീകരണം നടത്തിയിട്ടില്ല. റെയിൽവേ ബജറ്റുകളിൽ തുടർച്ചയായി കേരളം തഴയപ്പെടുകയാണ്. പ്രഖ്യാപിക്കുന്ന പദ്ധതികൾ പോലും പിന്നീട് പിൻവലിക്കുന്നു. ഓരോ റെയിൽവേ ബജറ്റിനും മുമ്പ് സംസ്ഥാനം വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് എം.പി.-മാരുമായി ആലോചിച്ച് ആവശ്യങ്ങൾ

മെമ്മോറാണ്ടമായി സമർപ്പിക്കുമെങ്കിലും ഒരു കാലത്തും അർഹമായ പരിഗണന ലഭിച്ചിട്ടില്ല. പുതിയ തരം എൽ.എച്ച്.പി. കോച്ചുകൾ തന്നിട്ടില്ല. മേജർ റെയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടില്ല. ഉദാഹരണമായി എറണാകുളം ജംഗ്ഷൻ, തിരുവനന്തപുരം സെൻട്രൽ. നേമം-പാപ്പനംകോട് ആധുനിക സൗകര്യങ്ങളുള്ള പ്രത്യേക സ്റ്റേഷൻ നമ്മൾ ആവശ്യപ്പെട്ടിരിക്കുകയാണ്. അതിനും പ്രതികരണം ഉണ്ടായിട്ടില്ല. കേരളത്തിലെ റെയിൽവേ വികസനത്തിനായി ഇന്ത്യൻ റെയിൽവേയുമായി സഹകരിക്കുന്നതിന് 49:51 ഓഹരി ഘടനയിൽ കേന്ദ്ര റെയിൽവേയുമായി ജോയിന്റ് വെഞ്ച്വർ എഗ്രിമെന്റിൽ ക്യാബിനറ്റ് അംഗീകാരത്തോടെ 1-9-2016-ന് ഗതാഗത വകുപ്പുസെക്രട്ടറി ഒപ്പിട്ടു. ഇത് കേരളത്തിന്റെ ക്രിയാത്മക സമീപനത്തെയാണ് കാണിക്കുന്നത്. എന്നാൽ തിരുവനന്തപുരം - കന്യാകുമാരി റെയിൽവേ ലൈൻ ഇരട്ടിപ്പിക്കുന്നതിന് ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കണമെന്ന കേന്ദ്രത്തിന്റെ ആവശ്യം നീതീകരിക്കാവുന്നതല്ല. തമിഴ്നാട് പോലും ഇത് അംഗീകരിച്ചിട്ടില്ല. അത് കേന്ദ്ര റെയിൽവേ സ്വന്തം ചെലവിൽ പൂർത്തിയാക്കേണ്ടതാണ്. അവഗണനകൾ ഇങ്ങനെ നീണ്ടുവരികയാണ്. ഉദാരൽക്കരണത്തിന്റെ ഭാഗമായി മഹത്തായ ഇന്ത്യൻ റെയിൽവേയെത്തന്നെ പടിപടിയായി കയ്യൊഴിഞ്ഞ് സ്വകാര്യവൽക്കരിക്കാനുള്ള ഉള്ളിലിരുപ്പ് വെളിയിൽ വരുന്ന നടപടികളാണ് കാണുന്നത്. നഷ്ടത്തിന്റെ പേര് പറഞ്ഞ് ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കുന്ന നടപടി കേരളത്തിന് സ്വീകാര്യമല്ല. കേരളത്തോടുള്ള അവഗണനയ്ക്കെതിരായി കേരളം ഒറ്റക്കെട്ടായി മുന്നേറുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 24-9-2016-ന് എഴുതിയ കത്തിന്റെ അവസാന പാരഗ്രാഫ് ഞാൻ വായിക്കുകയാണ്. ഈ പറഞ്ഞ കാര്യങ്ങളൊക്കെ എഴുതിയ ശേഷം, In the light of the above mentioned incidents, I request you to ensure your personal attention in undertaking a review of the safety of railway lines in Kerala and the conditions of the Coaches on long distance trains plying to the States. It would undoubtedly improve the existing systems and allay the fears of the railway passengers as well as its employees. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്നുതന്നെ എഴുതിയ മറ്റൊരു കത്തിന്റെ ലാസ്റ്റ് പാരഗ്രാഫ്, അതു മാത്രമേ വായിക്കുന്നുള്ളൂ. Govt. of Kerala is committed to provide our wholehearted support to all initiatives of the Indian Railways which is evident from the very facts that we have signed an agreement with your Ministry for a Joint Venture. Solicit your personal intervention and necessary

action. 28.08.2016-ൽ ഞാൻ എഴുതിയ കത്തിന്റെ അവസാന വാചകം, എല്ലാം ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി ശ്രീ. സുരേഷ് പ്രഭാകർ പ്രഭുവിനാണ്, I expect your earlier intervention in this regard which may help the Govt to overcome the hardship. ഇത് അപകടത്തെപ്പറ്റിയാണ്. 30-8-2016-ൽ എഴുതിയ കത്തിലും ഈ പ്രശ്നം ഉന്നയിച്ചിട്ടുണ്ട്. Kerala is one of the................huge revenue for Railways but unfortunately the State is not given the consideration. All trains run on depleted and outdated Coaches. There is very less incidents of ticketless passengers and such nuisances. The neighbouring Railway Divisions follow the double standards when it comes to matter of Palakkad and Thiruvananthapuram Divisions. Implementation of new projects and amenities is very slow. Anti Kerala lobbies sabotaging all such moves and putting us into worse conditions. മറ്റൊരു കത്തിന്റെ അവസാനം ശ്രീ. സുരേഷ് പ്രഭാകർ പ്രഭുവിന് ഞാൻ ഇങ്ങനെ എഴുതുകയുണ്ടായി, I request you to visit the Urban and Rural Railway Stations in Kerala and realise the pathetic conditions and to initiate action to protect the interest of the people of Kerala in general and public safety in particular. പക്ഷേ അദ്ദേഹം ഇവിടെ നിയമസഭാ സമ്മേളനം നടക്കുമ്പോൾ, എനിക്ക് നിയമസഭാ ഡ്യൂട്ടി ഉള്ളപ്പോൾ കോഴിക്കോട് വന്ന് പരിപാടിയൊക്കെ നടത്തി പോകുകയാണ് ഉണ്ടായത്. അതിൽ എനിക്ക് എതിർപ്പൊന്നുമില്ല. പക്ഷേ മനോഭാവം അത്ര നല്ലതല്ലായെന്ന് ഞാൻ പറയുകയാണ്. അതുപോലെതന്നെ 8-9-2016-ൽ വീണ്ടും കത്തെഴുതി, Anti-people policies, അതായത് ടിക്കറ്റിനെപ്പറ്റിയായിരുന്നു. In the above circumstances, I humbly request you to please withdraw the anti-people policy like dynamic fare system in the Railway. 20-9-2016-ന് എഴുതിയ ലാസ്റ്റ് കത്തിൽ, In the above circumstances your kind attention is invited to take urgent remedial measures to restore train services and urgent enquiry may be ordered in this matter. I expect a Report from your good office on remedial measures taken to avoid and prevent all kinds of future tragedies and minor mistakes. But no reply is received. This is the habit. This is the attitude. ഇത് മാറ്റണം. അതിന് കേരളം ഒറ്റക്കെട്ടായി, സഭ ഒറ്റക്കെട്ടായി ശക്തമായ നീക്കം നടത്താം. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എല്ലാത്തിനോടും ഞാൻ യോജിക്കുന്നു. മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ കഴിഞ്ഞ 4 മാസക്കാലത്തിനിടയ്ക്ക് പ്രത്യേകിച്ച് റെയിൽവേയുമായി ബന്ധപ്പെട്ട് സുരക്ഷിതത്വക്കുറവ് വന്ന സാഹചര്യത്തിൽ ഗവൺമെന്റും മുഖ്യമന്ത്രിയും അങ്ങും എടുത്ത നിലപാടുകളെ ഞാൻ അഭിനന്ദിക്കുകയാണ്. കേന്ദ്രമന്ത്രി കേരളത്തിൽ വന്ന് അങ്ങയെ കൂടാതെ മീറ്റിംഗ് കൂടിയെന്ന് പറയുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എന്താണെന്ന് അതിൽനിന്നും ബോദ്ധ്യമാണ്. പക്ഷേ, നമ്മെ സംബന്ധിച്ചിടത്തോളം മലയാളികളായ, കേരളീയരായ യാത്രക്കാരുടെ സുരക്ഷയെന്നത് അടിസ്ഥാനപരമായ പ്രശ്നമാണ്. അതിന് ഏതറ്റംവരെ പോകേണ്ടിവന്നാലും പോകുകയെന്നുള്ളത് അത്യാവശ്യമാണ്. അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമൊക്കെ കത്തെഴുതി. തീർച്ചയായും നമ്മുടെ ഒരാവശ്യം എന്നുള്ള നിലയ്ക്ക് കേന്ദ്രമന്ത്രിയെ നേരിൽ കണ്ടിട്ടാണെങ്കിലും ഈയൊരു കാര്യത്തിന്റെ ഗൗരവം ഒരിക്കൽക്കൂടി ബോദ്ധ്യപ്പെടുത്താനുള്ള ശ്രമം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഭരണ-പ്രതിപക്ഷ കക്ഷി വ്യത്യാസമില്ലാതെ കേരളത്തിന്റെ ആവശ്യം കേന്ദ്ര റെയിൽവേ മന്ത്രാലയത്തെ, വിശേഷിച്ച് കേന്ദ്ര റെയിൽവേ മന്ത്രിയെയും ആവശ്യമുണ്ടെങ്കിൽ പ്രധാനമന്ത്രിയെയും ബോധിപ്പിക്കുന്നതിന് ഭരണകക്ഷിയും പ്രതിപക്ഷവും ചേർന്ന് ആവശ്യമായ സന്ദർശനങ്ങൾ നടത്താം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എഴുതിയ കത്തുകളുടെ കോപ്പികൂടി തരികയാണെങ്കിൽ ഇനി കേന്ദ്ര ഗവൺമെന്റിന് കത്തെഴുതുമ്പോൾ അതുംകൂടി ഫോർവേഡ് ചെയ്യാവുന്നതാണ്.

## IV സബ്മിഷൻ

മി. ചെയർമാൻ: നവംബർ 1 മുതൽ കേരളത്തിലെ എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് റേഷൻ നിഷേധിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ശൂന്യവേളയിൽ ഉന്നയിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. രാജു എബ്രഹാമും നോട്ടിസ് നൽകിയിട്ടുണ്ട്. ഇതേ വിഷയം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സബ്മിഷനായി അവതരിപ്പിക്കാൻ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ രണ്ടുപേർക്കും അവസരം നൽകുന്നതാണ്.

## 1. റേഷൻ വിതരണം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്തെ റേഷനരി വിതരണം പൂർണ്ണമായും സ്തംഭനത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കാത്തതുകൊണ്ട് കേന്ദ്രം അരി നൽകാത്തതാണ് ഈ പ്രതിസന്ധിക്ക് കാരണം. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിൽവരാത്ത സാഹചര്യത്തിൽ ഇപ്പോൾ എ.പി.എൽ. വിഭാഗത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണം നിലച്ചിരിക്കുകയാണ്. ഇത് സംസ്ഥാനത്തെ പൊതുവിതരണ രംഗം താറുമാറാക്കുന്നതാണ്. നവംബർ ഒന്ന് മുതൽ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ പ്രയത്നിച്ചുകൊണ്ടിരിക്കെ കേന്ദ്ര ഗവൺമെന്റ് ഇത്തരത്തിലുള്ള ഒരു തീരുമാനമെടുത്തത് സംസ്ഥാനത്ത് അതീവ ഗുരുതരമായ പ്രതിസന്ധിയാണ് ഉണ്ടാക്കുന്നത്. നമ്മുടെ സംസ്ഥാനത്താണ് ഇന്ത്യയിൽ ഏറ്റവും നല്ല പൊതുവിതരണ ശൃംഖല നിലവിലുള്ളത്. ദേശീയ നിയമം നടപ്പാക്കാൻ വേണ്ടി ശ്രമിക്കുന്ന അവസരത്തിൽ നമ്മുടെ മന്ത്രി ശ്രീ. പി. തിലോത്തമൻ എന്നോട് ആവശ്യപ്പെട്ടിട്ട് ഞാൻ കേന്ദ്രമന്ത്രി ശ്രീ. റാംവിലാസ് പാസ്വാന് ഒരു കത്തയച്ചിരുന്നു. 29-9-2016-ൽ അദ്ദേഹത്തിന്റെ ഒരു മറുപടി എനിക്ക് കിട്ടി. മറുപടി വളരെ ദൗർഭാഗ്യകരമാണ്. I would like to inform you that as per the decision taken by the Cabinet Committee on Economic affairs the additional APL and BPL allocation has been issued to Kerala from April/June 2016. There is no proposal to continue the additional BPL and APL allocations beyond June. ഇത് കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ ദോഷകരമായി ബാധിക്കാൻ പോകുന്ന കാര്യമാണ്. ഈ നിയമം നടപ്പാക്കിയാൽ കേരളത്തിന് കിട്ടാൻ പോകുന്നത് 14.25 ലക്ഷം ടൺ അരിയാണ്. കേരളത്തിന് ആവശ്യമുള്ളത് 16.25 ലക്ഷം ടൺ അരിയാണ്. ഈ നിയമം നടപ്പാക്കുന്നതോടുകൂടി 2 ലക്ഷം ടൺ അരി നമുക്ക് കുറയാൻ പോകുകയാണ്. അരി ഉത്പാദനം കുറയുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. റേഷൻ കടകളിലൂടെ കിട്ടുന്ന അരിയാണ് ജനങ്ങൾക്ക് ഇന്ന് ലഭ്യമാകുന്നത്. 2 ലക്ഷം ടൺ അരി കുറയ്ക്കാനുള്ള കേന്ദ്ര ഗവൺമെന്റ് തീരുമാനം പുനഃപരിശോധിച്ചേ മതിയാകൂ. 10 ലക്ഷം ടൺ അരി ലഭ്യമായിരുന്നിടത്ത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. അനൂപ് ജേക്കബിന്റെ നേതൃത്വത്തിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഉൾപ്പെടെയുള്ളവർ ശ്രമിച്ചതിന്റെ ഫലമായാണ് 14.25 ലക്ഷം ടൺ ആയി വർദ്ധിപ്പിച്ചത്. മറ്റ് സംസ്ഥാനങ്ങളിൽ ഈ നിയമം നടപ്പാക്കിയെന്ന് പറയുന്നു. അവർ നടപ്പാക്കിയത് നിലവിലുള്ള ബി.പി.എൽ. ലിസ്റ്റ് മുൻഗണനാ ലിസ്റ്റാക്കി മാറ്റി. കേരള ഗവൺമെന്റ് കൂടുതൽ അവധാനതയോടുകൂടി ലിസ്റ്റ് തയ്യാറാക്കാനാണ്

മുന്നോട്ടുവന്നത്. മറ്റ് സ്റ്റേറ്റുകൾ ചെയ്തതുപോലെ പഴയ ബി.പി.എൽ. ലിസ്റ്റ് മുൻഗണനാ ലിസ്റ്റാക്കാൻ പറ്റില്ല. കാരണം, നമുക്ക് ബി.പി.എൽ. ലിസ്റ്റിൽ ധാരാളം അനർഹരുണ്ട്. കൃത്യമായ ആളുകളെ കണ്ടെത്താൻ വേണ്ടിയാണ് കാർഡ് പുതുക്കാൻ തീരുമാനിച്ചത്. അതിന് സമയം വേണ്ടിവരും. പഴുതുകളില്ലാതെ നിയമം നടപ്പാക്കാൻ യു.ഡി.എഫ്.-ഉം ഇപ്പോൾ എൽ.ഡി.എഫ്.-ഉം ശ്രമിച്ചുവരികയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കാർഡുകൾ താലൂക്ക് റാങ്കിംഗ് ആക്കാൻ തീരുമാനിച്ച് അതിന്റെ കരട് നമ്മൾ താലൂക്കിലേയ്ക്ക് കൊടുത്തതാണ്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. തിലോത്തമൻ ഇപ്പോഴത് സ്റ്റേറ്റ് ലെവൽ റാങ്കിംഗ് ആക്കാൻ തീരുമാനിച്ചു. അത് perception-നിലുള്ള വ്യത്യാസമായിരിക്കും. അതുകൊണ്ട് നമുക്ക് കൂടുതൽ സമയം വേണ്ടിവന്നു. പക്ഷേ ഇക്കാര്യമെല്ലാം നമ്മൾ കേന്ദ്രത്തെ അറിയിച്ചതാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. തിലോത്തമൻതന്നെ കേന്ദ്രമന്ത്രിയെ നേരിൽക്കണ്ട് സംസാരിച്ചു, കത്തയച്ചു. ഞങ്ങൾ തമ്മിൽ സംസാരിച്ചു. ഞാൻ കത്തയച്ചു. നിയമസഭാ സമ്മേളനം തടസ്സപ്പെട്ടുകിടക്കുന്ന സമയത്തുതന്നെ ശ്രീ. പി. തിലോത്തമൻ വന്ന് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമസഭ പ്രമേയം പാസ്സാക്കി. ഇതെല്ലാം കേന്ദ്ര സർക്കാരിന് കൊടുത്തിട്ടും കേന്ദ്ര സർക്കാർ നിഷേധാത്മകമായ സമീപനമാണ് തുടരുന്നത്. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് ഇക്കാര്യത്തിൽ പുനഃപരിശോധനയ്ക്ക് തയ്യാറാകണം. കേരളത്തിന് കുറച്ചുകൂടി സമയം തരണം. ഇല്ലെങ്കിൽ നമ്മുടെ റേഷൻ വലിയ തോതിലുള്ള പ്രതിസന്ധി നേരിടാൻ പോവുകയാണ്.

ഇപ്പോൾ മറ്റൊരു പ്രശ്നം കൂടിയുണ്ട്. കേരളത്തിൽ പലയിടത്തും റേഷൻ വിതരണം നിലച്ചിരിക്കുകയാണ്. സംസ്ഥാനത്തെ 50 ലക്ഷത്തോളം വരുന്ന എ.പി.എൽ. കാർഡുടമകൾക്ക് 22 രൂപയിലധികം നൽകിയാൽ മാത്രമേ അരി ലഭിക്കുകയുള്ളൂ എന്ന ഗുരുതരമായ പ്രശ്നം കൂടി ഉണ്ടായിരിക്കുകയാണ്. റേഷൻ കടക്കാരൊക്കെ സമരത്തിലേയ്ക്ക് പോകുന്നു. അവരുടെ പ്രതിനിധികൾ കഴിഞ്ഞ ദിവസം എനിക്ക് നിവേദനം നൽകിയിരുന്നു. ഇത് നമ്മുടെ പൊതുവിതരണ മേഖലയെ ആകെ ഗുരുതരമായി ബാധിക്കുന്നൊരു പ്രശ്നമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതിൽ ആത്മാർത്ഥത കാട്ടുന്നുണ്ടെന്നതിൽ പരാതിയില്ല. പക്ഷേ കേന്ദ്രത്തിന്റെ ഈ നിഷേധാത്മകമായ നിലപാടിനെതിരെ നമ്മൾ കൂട്ടായി, ശക്തമായി കാര്യങ്ങൾ ഉന്നയിക്കണം. കേന്ദ്ര മന്ത്രിയുടെ ഈ വാദം ഒരിക്കലും ശരിയല്ല. കേരളം നല്ല നിലയിൽ, കുറ്റമറ്റ നിലയിൽ ഈ നിയമം നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ അതിന് അനുകൂലമായി നിൽക്കുന്നതിനുപകരം നമുക്ക് അനുവദിച്ചിട്ടുള്ള റേഷൻ വെട്ടിക്കുറയ്ക്കാനുള്ള നടപടി പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിഷയം വിശദമായി പ്രതിപാദിച്ചതുകൊണ്ട് ഞാനതിലേയ്ക്ക് കടക്കുന്നില്ല. കേരളം അതീവഗുരുതരമായ ഒരു പ്രതിസന്ധിയിലേയ്ക്ക് പോവുകയാണ്. എ.പി.എൽ.-കാർക്ക് ഇവിടെ റേഷൻ നിഷേധിച്ചാൽ അത് വലിയ വിലക്കയറ്റമുണ്ടാക്കും. അതിന്റെ ഉത്തരവാദിത്തം കേന്ദ്ര ഗവൺമെന്റ് പൂർണ്ണമായും ഏറ്റെടുക്കേണ്ടതായുംവരും. കേരളത്തെ സംബന്ധിച്ചിടത്തോളം റേഷൻ ഒരു ഔദാര്യമല്ല. ഇവിടെ നാണ്യ വിളകൾക്ക് പകരമായാണ് നമുക്ക് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം കേന്ദ്ര സർക്കാർ അനുവദിച്ചത്. അതിനെ പാടെ തകർക്കുന്ന ഒരു സമീപനമാണ് ചില flimsy-യായ കാരണങ്ങളുടെ പേരിൽ ഇപ്പോൾ കേന്ദ്രം സ്വീകരിച്ചിരിക്കുന്നത്. ഇത് പഴിചാരേണ്ട സന്ദർഭമല്ല. ഭക്ഷ്യ ഭദ്രതാ നിയമം കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിട്ടിപ്പോൾ രണ്ടേമുക്കാൽ-മൂന്ന് വർഷത്തോളമാകുന്നു. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചില കാരണങ്ങളൊക്കെ പറഞ്ഞിട്ടുണ്ടെങ്കിലും മുൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വളരെ ഗുരുതരമായ ചില വീഴ്ചകൾ വന്നിട്ടുണ്ട്. റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണവും റേഷൻ കാർഡുമായി ആധാർ ഡീലിങ് ചെയ്യുന്ന നടപടിയും ഒന്നുമായിട്ടില്ല. അതുപോലെ ഉപഭോക്താക്കൾക്ക് നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുന്ന നടപടി, ജി.പി.എസ്. സമ്പ്രദായം നടപ്പാക്കുന്നത് അടക്കമുള്ള നടപടികളിലേയ്ക്ക് പോകാൻ കഴിഞ്ഞ മൂന്ന് വർഷക്കാലം ഒന്നും ചെയ്തിട്ടില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇപ്പോൾ ലക്ഷം വീടിലുള്ളവർ, 3 സെന്റ് കോളനിയിൽ ഉള്ളവർ, പാവപ്പെട്ട ആളുകൾ പലരും എ.പി.എൽ. ലിസ്റ്റിലാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കഴിഞ്ഞ സർക്കാർ ഒന്നും ചെയ്തിട്ടില്ല എന്നു പറയുന്നത് വസ്തുതാവിരുദ്ധമാണ്. മറ്റ് സ്റ്റേറ്റ് ഗവൺമെന്റുകൾ ചെയ്യുന്നതുപോലെ നമുക്കും ചെയ്യാമായിരുന്നു. ബി.പി.എൽ. ലിസ്റ്റ് അതുപോലെ മുൻഗണനാ ലിസ്റ്റായി കൊടുക്കാമായിരുന്നു. എന്നാൽ ഇതിനകത്തെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ എടുക്കാൻ ശ്രമിക്കുകയാണ് കഴിഞ്ഞ സർക്കാർ ചെയ്തത്. ബി.പി.എൽ. ലിസ്റ്റിൽ അനർഹർ കടന്നു കൂടിയിട്ടുണ്ടെന്നുള്ളത് സത്യമാണ്. അത് പരിശോധിക്കുക, കമ്പ്യൂട്ടർവൽക്കരണ നടപടികൾ സ്വീകരിക്കുക ഇതെല്ലാം വന്നപ്പോൾ കാലതാമസമുണ്ടായി. ഇപ്പോഴും കാലതാമസം ഉണ്ടാവുകയല്ലേ. അത് സ്വാഭാവികമാണ്.

<u>മി. ചെയർമാൻ</u>: ശ്രീ. രാജു എബ്രഹാം, അങ്ങ് ചുരുക്കണം.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ബഹുമാനപ്പെട്ട അങ്ങ് നടത്തിയ സ്റ്റേറ്റ്മെന്റിൽ

പറഞ്ഞിരുന്ന ആധാർ കാർഡുമായി ഡീലിങ് ചെയ്യുന്ന നടപടി താലൂക്ക് തലത്തിലാണ് നടത്തിയതെന്ന്. ഇത് കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുന്നില്ല. സ്റ്റേറ്റ് തലത്തിൽ നടത്തണം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. തിലോത്തമൻ എടുത്ത സമീപനം വളരെ ആശാസ്യമാണ്. അപകടകരമായ ഒരു അവസ്ഥയിലേയ്ക്ക് കേന്ദ്രം പോകുന്നെന്ന് കണ്ടപ്പോൾ അദ്ദേഹം ശ്രീ. റാം വിലാസ് പാസ്വാനുമായി ബന്ധപ്പെട്ടു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും പ്രതിപക്ഷ നേതാവിനേയും ഇടപെടുവിച്ചു. അത്തരത്തിലുള്ളൊരു നീക്കം വളരെ ആശാസ്യമാണ്. പക്ഷേ ഇതുകൊണ്ടുമാത്രം പ്രശ്നം അവസാനിക്കുന്നില്ല. എ.പി.എൽ.കാരെ സമ്പൂർണ്ണമായി റേഷൻ വിഭാഗത്തിൽനിന്ന് റദ്ദാക്കുന്ന നടപടി ഒരു കാരണവശാലും അംഗീകരിക്കാനാവില്ല. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന് എതിരായി ഒറ്റക്കെട്ടായി കേരളം പ്രമേയം പാസ്സാക്കി നേരിട്ട് ചർച്ച നടത്തണം എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇതൊരു പ്രധാനപ്പെട്ട ഇഷ്യൂ ആയതുകൊണ്ട് ഒരു വാക്ക് പറയേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീ. രാജു എബ്രഹാം ഇവിടെ സൂചിപ്പിച്ചപ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതുസംബന്ധിച്ച് നടപടികൾ എടുത്തില്ല എന്നുപറഞ്ഞു. അത് തികച്ചും അവാസ്തവമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ഈ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഒട്ടനവധി കാര്യങ്ങൾ ഞങ്ങൾ മുന്നോട്ടുകൊണ്ടുപോവുകയുണ്ടായി. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അത് വ്യക്തമാക്കിയതാണ്.

മി. ചെയർമാൻ: ശ്രീ. അനൂപ് ജേക്കബ്, സബ്മിഷനിൽ നമുക്ക് ഇങ്ങനെ ചർച്ചകളിലേയ്ക്ക് പോകാൻ സാധിക്കില്ല. അങ്ങ് പറയാനുള്ള കാര്യം പെട്ടെന്ന് പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ നിയമം നടപ്പിലാക്കുമ്പോൾ പഴുതുകളുണ്ടാകാതെ നടപ്പിലാക്കുക എന്ന ലക്ഷ്യമായിരുന്നു കഴിഞ്ഞ ഗവൺമെന്റിന് ഉണ്ടായിരുന്നത്. അതിനനുസൃതമായ നടപടികൾ എടുത്തിരുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, 2013 ജൂലൈ 5-ന് നിലവിൽ വന്ന കേന്ദ്ര ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കാത്തതിനാൽ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന അധിക ഭക്ഷ്യ ധാന്യ വിഹിതം ഓണത്തിന് മുൻപുതന്നെ കേന്ദ്ര സർക്കാർ നിർത്തലാക്കുകയും തൻമൂലം നമ്മുടെ സംസ്ഥാനത്ത് അരിയുടെ വിഹിതത്തിൽ കുറവ് വരികയുമുണ്ടായി. പിന്നീട് കഴിഞ്ഞ മാസം കേന്ദ്ര ക്യാബിനറ്റ് ഉപസമിതി

യോഗത്തിൽവച്ച് എ.പി.എൽ. വിഭാഗത്തിന് ലഭിച്ചുകൊണ്ടിരുന്ന സൗജന്യ ഭക്ഷ്യ ധാന്യ വിഹിതംകൂടി നിഷേധിക്കുകയും ചെയ്തു. ഇതുമൂലം കേരളത്തിന്റെ പൊതുവിതരണ രംഗം അങ്ങേയറ്റം താറുമാറാകുന്ന സാഹചര്യം വ്യക്തമാക്കി കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിക്കും പ്രധാനമന്ത്രിക്കും കേരളത്തിന്റെ മുഖ്യമന്ത്രിയും ഭക്ഷ്യ വകുപ്പുമന്ത്രി എന്ന നിലയിൽ ഞാനും നിവേദനം നൽകിയിരുന്നു. കൂടാതെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം തുടരുന്ന കേരളത്തിന് ലഭിച്ചുകൊണ്ടിരുന്ന ധാന്യവിഹിതം തുടർന്നും ലഭ്യമാക്കണമെന്ന് പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് കേന്ദ്ര ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന് കേരളം നാളിതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുകയും ചെയ്തു. കുറ്റമറ്റ രീതിയിൽ നിയമം നടപ്പിലാക്കുന്നതിന് 6 മാസത്തെ സമയംകൂടി നൽകണമെന്ന കേരളത്തിന്റെ ആവശ്യം നടപ്പിൽ വരുത്തുന്നതിനുവേണ്ടി സമയക്രമം നിശ്ചയിച്ച് 6 മാസത്തെ അവധി ആവശ്യപ്പെട്ടു. മേൽപ്പറഞ്ഞ സമയക്രമം അദ്ദേഹം അംഗീകരിച്ചുവെങ്കിലും നിലവിൽ പ്രസിദ്ധീകരിച്ച കരട് ലിസ്റ്റ് പ്രകാരം പഴയ റേഷൻ കാർഡിൽത്തന്നെ തൽക്കാലം എൻ.എഫ്.എസ്.എ. മുദ്ര പതിപ്പിച്ച് മുതിർന്ന വനിതാ അംഗത്തിന്റെ പേരിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന അളവിൽ നവംബർ ഒന്ന് മുതൽ റേഷൻ വിതരണം ആരംഭിക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. പിന്നീട് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപദേഷ്ടാവ് കേരളത്തിലെത്തി നടപടികൾ പരിശോധിച്ച് തൃപ്തി രേഖപ്പെടുത്തി മടങ്ങിപ്പോയിട്ടുള്ളതാണ്. സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായത്തിൽ നിലവിൽ 5.95 ലക്ഷം അന്ത്യോദയ കുടുംബങ്ങളും 14.80 ലക്ഷം ബി.പി.എൽ. കുടുംബങ്ങളും 41.41 ലക്ഷം എ.പി.എൽ. സംസ്ഥാന സബ്സിഡി കുടുംബങ്ങളും 21.22 ലക്ഷം എ.പി.എൽ. കുടുംബങ്ങളുമാണ് റേഷൻ വാങ്ങുന്നത്. 2016 നവംബർ ഒന്ന് മുതൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽവരുന്നതോടുകൂടി കരട് മുൻഗണനാ പട്ടിക അടിസ്ഥാനമാക്കി റേഷൻ വിതരണം പുനഃക്രമീകരിക്കേണ്ടി വരും. ബിപി.എൽ./എ.പി.എൽ. പട്ടികയ്ക്കുപകരം മുൻഗണനാ/മുൻഗണനേതര പട്ടിക പ്രകാരം റേഷൻ നൽകേണ്ടിവരും. പുതിയ നിയമ പ്രകാരം കേരളത്തിൽ നിശ്ചയിച്ച 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യത്തിൽ മുൻഗണനാ പട്ടികയിലെ 15480040 ആളുകൾക്ക് പ്രതിവർഷം അനുവദിച്ച 10.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം കേന്ദ്രം നിശ്ചയിച്ച 3, 2 രൂപ നിരക്കിൽ ലഭ്യമാക്കുന്നതാണ്. ബാക്കി 18685640 പേർക്ക് നൽകുന്നതിന് ലഭ്യമായിട്ടുള്ളത് 4 ലക്ഷം മെട്രിക് ടൺ ധാന്യം മാത്രമാണ്. മേൽപ്പറഞ്ഞ ധാന്യ വിഹിതം ഏതൊക്കെ അളവിൽ ഏതൊക്കെ നിരക്കിൽ മുൻഗണനേതര വിഭാഗങ്ങൾക്ക് നൽകണമെന്ന് സർക്കാർ പരിശോധിച്ചു വരികയാണ്.

ഇവിടെ ബഹുമാന്യരായ പ്രതിപക്ഷ നേതാവും രാജു എബ്രഹാമും പറഞ്ഞത് വളരെ ഗൗരവമേറിയ പ്രശ്നങ്ങൾ തന്നെയാണ്. നമുക്ക് നോർമൽ അലോട്ട്മെന്റ് 12.26 ലക്ഷം മെട്രിക് ടണ്ണാണ്. എന്നാൽ അതിനോടനുബന്ധമായി 3.60 ലക്ഷം മെട്രിക് ടൺ അഡീഷണൽ അലോട്ട്മെന്റ് ഉൾപ്പെടെ 16 ലക്ഷം മെട്രിക് ടൺ അരി നമുക്ക് സാധാരണ കിട്ടിക്കൊണ്ടിരുന്നതാണ്. എൻ.എഫ്.എസ്.എ. നടപ്പാക്കിയില്ല എന്നതിന്റെ പേരിൽ അഡീഷണൽ അലോട്ട്മെന്റ് മലയാളികളുടെ ദേശീയ ഉത്സവമായ ഓണത്തിന്റെ സന്ദർഭത്തിൽതന്നെ വെട്ടിക്കുറച്ചു. ആ സന്ദർഭത്തിൽ ഞങ്ങൾ കേന്ദ്ര ഗവൺമെന്റിനെയും കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയേയും കേരളത്തിലെ ദേശീയോത്സവമായ ഓണമാണെന്നും അങ്ങനെ ചെയ്യരുതെന്നും അറിയിച്ചു. ഇവിടെ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കാൻ ആവശ്യമായ എല്ലാ മുൻകരുതൽ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആറ് മാസംകൂടി സമയം തന്നാൽ മതിയെന്നും വളരെ പെർഫെക്ടായി, ഇൻഡ്യയിൽ ഒരു സംസ്ഥാനത്തും നടപ്പാക്കാത്ത വിധത്തിൽ ഏറ്റവും സുതാര്യമായി ഈ നിയമം കേരളത്തിൽ നടപ്പിലാക്കുമെന്നും പറഞ്ഞെങ്കിലും അവരത് വെട്ടിക്കുറച്ചു. ഓണം കഴിഞ്ഞതിന് പിന്നാലെയാണ് എ.പി.എൽ. കാർഡ് ഉടമകൾക്ക് നൽകുന്ന ഈ അഡീഷണൽ ആനുകൂല്യം കൂടി വെട്ടിക്കുറച്ചത്. അപ്പോൾ റേഷൻ വിതരണം ആകെ പ്രയാസത്തിലായി. ഇതെല്ലാം വരുന്നതിനുമുമ്പേ എ.പി.എൽ.-കാർക്ക് ഓണത്തിന് കൊടുത്തുകൊണ്ടിരിക്കുന്ന 8 കിലോ അരി 10 കിലോ ആക്കാൻ നാം തീരുമാനിച്ചു. നമുക്ക് അന്ന് അരി സ്റ്റോക്കുണ്ടായിരുന്നു. എന്നാൽ ആ പ്രഖ്യാപനത്തിനുശേഷമാണ് കേന്ദ്രം ഈ വെട്ടിക്കുറവ് വരുത്തിയത്. ആ സന്ദർഭത്തിൽ നാം പ്രഖ്യാപിച്ച 10 കിലോ അരി കൊടുക്കേണ്ടിവന്നതിനാൽ നമ്മുടെ സ്റ്റോക്കിൽ കുറവുവന്നു. പിന്നീട് എ.പി.എൽ.-കാരെ സംബന്ധിച്ചുള്ള തീരുമാനംകൂടി വന്നപ്പോൾ നമുക്ക് അഡ്വാൻസ് എടുക്കാൻ പറ്റാത്ത സ്ഥിതി വന്നു. അങ്ങനെ ഈ ഒക്ടോബർ മാസം എ.പി.എൽ.-കാർക്ക് അരി കൊടുക്കുന്നതിൽ ചില പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാലും അത് പരിഹരിക്കുന്നതിന് വേണ്ടിയുള്ള പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കുത്തരി എടുത്ത് നമ്മൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിന്റേതായ ചില വിഷയങ്ങളുമുണ്ട്. അതും പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. ഏതായാലും രാജ്യത്താകെ നടപ്പിൽവന്ന ഈ ഭക്ഷ്യ ഭദ്രതാ നിയമം കേരളത്തിലും നടപ്പാക്കിയേ മതിയാവൂ. അതല്ലെങ്കിൽ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ പോലും നമുക്കുണ്ടാവില്ല. എൻ.എഫ്.എസ്.എ. നമ്മുടെ സംസ്ഥാനത്ത് പരിക്കുകളൊന്നുമില്ലാതെ എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ചാണ് സീരിയസ്സായി ആലോചിച്ചുകൊണ്ടിരിക്കുന്നത്. ഈ കടമ്പകൾ ഓരോന്നായി മറികടക്കുന്നതിന് പെർഫക്ടായ ഒരു മുൻഗണനാ പട്ടികയുണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ

റേഷൻ കാർഡ് വിതരണം ചെയ്യണം, ഇവിടെ ഡോർ ടു ഡോർ ഡെലിവറി നടത്തണം, end to end കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കണം. ഇതെല്ലാം നിർവ്വഹിക്കണമെങ്കിൽ നമുക്ക് മാർച്ച് 31 വരെ സമയം വേണമെന്നുള്ളതിനാൽ ഞങ്ങൾ അതിനൊരു ഷെഡ്യൂൾ തയ്യാറാക്കി, ജി.ഒ. ഇറക്കി വളരെ സ്പീഡിയായിട്ടുള്ള വർക്ക് നടത്തിക്കൊണ്ടിരിക്കുകയാണ്. ഏപ്രിൽ 1-ാം തീയതി മുതൽ സമ്പൂർണ്ണമായി നടപ്പിലാക്കാം, അതുവരെ സാവകാശം തരണമെന്ന് കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയോട് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം അതൊക്കെ സമ്മതിച്ചു എന്നാൽ അദ്ദേഹം പറഞ്ഞത് നിങ്ങൾ പ്രയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടല്ലോ, ആ ലിസ്റ്റ് പ്രകാരം നവംബർ 1 മുതൽ അരി കൊടുക്കണം, ബാക്കി കാര്യങ്ങൾ മുറപോലെ നടത്തിക്കോ എന്നാണ്. ആ തീരുമാനം നടപ്പിലാക്കാൻ വേണ്ടി നമ്മൾ ശ്രമിക്കുകയാണ്. അതിനുള്ള പരിശ്രമങ്ങൾ മുഴുവൻ ജനപ്രതിനിധികളുടെ ഭാഗത്തുനിന്നുമുണ്ടാകണം. വളരെ പെർഫക്ടായിട്ടുള്ള മുൻഗണനാ പട്ടിക ഉണ്ടാകണം. 15480041 എന്നുള്ളത് തികച്ചും അർഹതപ്പെട്ടവരായിരിക്കണം. ഒരു അനർഹരും കടന്നുകൂടാൻ പാടില്ല. ഇന്ന് പ്രസിദ്ധീകരിച്ചിരിക്കുന്ന ലിസ്റ്റ് 20-ാം തീയതി മുതൽ പ്രിന്റൗട്ട് ചെയ്ത് എല്ലാ റേഷൻ കടകളിലും വില്ലേജ് ഓഫീസുകളിലും പഞ്ചായത്ത് ഓഫീസുകളിലും സപ്ലൈ ഓഫീസുകളിലും പ്രസിദ്ധീകരിക്കും. അതിൽ അനർഹർ ആരെങ്കിലും കടന്നുകൂടിയിട്ടുണ്ടെങ്കിൽ ആക്ഷേപം കൊടുക്കണം. അർഹരല്ലെങ്കിൽ അതിന് പ്രത്യേക അപേക്ഷ കൊടുക്കണം. അതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. 20-ാം തീയതി പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ 30-ാം തീയതി വരെ സമയം കൊടുക്കുന്നുണ്ട്. വെരിഫിക്കേഷൻ കമ്മിറ്റി 15-11-2016-ൽ അതിൽ തീർപ്പുകൽപ്പിക്കണം. വെരിഫിക്കേഷൻ കമ്മിറ്റി തീരുമാനത്തിന് അപ്പീൽ സമർപ്പിക്കാൻ 7 ദിവസം കൂടി നൽകുകയാണ്. അപ്പീൽ തീരുമാനം 2-12-2016-നകം ഉണ്ടാകണം. അന്തിമ പട്ടിക 2017 ജനുവരി 1-ന് പ്രസിദ്ധീകരിക്കാൻ കഴിയണം. റേഷൻ കാർഡ് പ്രിന്റ് ചെയ്യാൻ സമയം കൊടുക്കണം, ഫെബ്രുവരി മാസം 1-ാം തീയതി മുതൽ വിതരണം ചെയ്ത് മാർച്ച് 15 കൊണ്ട് പൂർത്തിയാക്കി, ഏപ്രിൽ 1-ന് എൻ.എഫ്.എസ്.എ. പ്രകാരമുള്ള സ്കീം ഈ സംസ്ഥാനത്ത് നടപ്പിലാക്കണം എന്നതാണ് ഞങ്ങൾ തയ്യാറാക്കിയിരിക്കുന്ന ഷെഡ്യൂൾ. അതനുസരിച്ച് എല്ലാ കാര്യങ്ങളും മുന്നോട്ട് പോകുകയാണ്. നമുക്ക് 14.25 ലക്ഷം ടൺ അരിക്കല്ല, 16 ലക്ഷം മെട്രിക് ടൺ അരിക്ക് അവകാശമുണ്ട്, അത് നമ്മൾ ക്ലെയിം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കഴിഞ്ഞ സഭയിൽ പ്രമേയം പാസ്സാക്കിയതാണ്. കേന്ദ്രത്തിൽ എല്ലാപേർക്കുമായി സമ്മർദ്ദം ചെലുത്തേണ്ടതായിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, കേരളത്തിലെ ജനങ്ങളോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ അവഗണനയാണിത്. കേരളത്തിലെ മുഴുവൻ രാഷ്ട്രീയപാർട്ടികളും ഒരുമിച്ച് ചേർന്നുകൊണ്ട്, ഒരു ദിവസം ഹർത്താൽ പ്രഖ്യാപിച്ചാൽ എങ്ങനെയിരിക്കും എന്ന് ഗവൺമെന്റ് ആലോചിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. തിലോത്തമൻ: സർ, ആ പ്രമേയം കേന്ദ്ര ഭക്ഷ്യവിതരണ വകുപ്പുമന്ത്രിക്ക് ഞങ്ങൾ കഴിഞ്ഞ ദിവസം സമർപ്പിച്ചിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി ഡൽഹിയിൽ പോയി കേന്ദ്ര മന്ത്രിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും കണ്ട് ഈ കാര്യം വളരെ സീരിയസ്സായി അവരുമായി ചർച്ച ചെയ്യണം. കത്ത് അയച്ചതുകൊണ്ടു മാത്രം കാര്യമില്ല. അവർക്ക് നമ്മുടെ കാര്യങ്ങൾ പറഞ്ഞാൽ മനസ്സിലാകുകയില്ല.

ശ്രീ. പി. തിലോത്തമൻ: സർ, ഞങ്ങൾ കഴിഞ്ഞ മാസം 6-ാം തീയതി കേരളത്തിലെ ഭക്ഷ്യ വകുപ്പുസെക്രട്ടറിയുമായി ഡൽഹിയിൽ പോയി കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയെ കണ്ട് നേരിട്ട് സംസാരിച്ചു. അവർ ഇവിടെ വന്ന് നമ്മൾ ചെയ്ത പ്രവൃത്തികളെല്ലാം പരിശോധിച്ചു. നേരിട്ടുകണ്ട് ബോധ്യപ്പെട്ട് തൃപ്തരായി പോയിരിക്കുകയാണ്. നമുക്ക് ഇവിടെ വേറെയും ചില പ്രശ്നങ്ങളുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്ന് ഏകദേശം 40 ലക്ഷത്തോളം ആളുകൾ ഈ സംസ്ഥാനത്ത് ജോലിയെടുത്ത് ജീവിക്കുന്നുണ്ട്. അവരും നമ്മുടെ മാർക്കറ്റിനെ അഭയം പ്രാപിക്കുകയാണ്, അതിന്റേതായ സമ്മർദ്ദങ്ങൾ ഇവിടെയുണ്ട്. അതുകൊണ്ട് ഈ 16 ലക്ഷമല്ല അതിനേക്കാൾ കൂടുതൽ അരിക്ക് അർഹതയുണ്ട്, അതെല്ലാം നമ്മൾ ക്ലെയിം ചെയ്തിട്ടുണ്ട്. അതെല്ലാം നേടിയെടുക്കാൻ നമ്മൾ ഒരുമിച്ച് നിൽക്കണമെന്ന വികാരത്തോട് ഞാനും യോജിക്കുകയാണ്.

## 2. തീരദേശ പോലീസ് സ്റ്റേഷൻ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം, മുനക്കകടവിൽ പോലീസ് ഡിപ്പാർട്ട്മെന്റിന് സൗജന്യമായി ലഭിച്ച സ്ഥലത്ത് തീരദേശ പോലീസ് സ്റ്റേഷൻ കെട്ടിടം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മിക്കുകയുണ്ടായി. ഇതുവരെ അത് പ്രവർത്തനം ആരംഭിച്ചിട്ടില്ല. തീരദേശത്തെ ക്രമസമാധാന പാലനം സുഗമമാക്കുന്നതിന് സഹായകരമാണ് തീരദേശ പോലീസ് സ്റ്റേഷനുകൾ. കേരളത്തിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 8 തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ വന്ന ഒരു സ്റ്റേഷനാണ് മുനക്കകടവ് സ്റ്റേഷൻ. പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിച്ചു കഴിഞ്ഞു, കടലോരത്താണ് ഈ സ്റ്റേഷൻ എന്നതുകൊണ്ടുതന്നെ ചുറ്റും മതിൽകെട്ടി സംരക്ഷിക്കേണ്ടതുണ്ട്. അവിടെ ഇത് ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; എന്ന് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ കഴിയും.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, രാജ്യരക്ഷ മുൻനിർത്തി തീരദേശ സംരക്ഷണം ഉറപ്പാക്കണമെന്ന ദേശീയ നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഇതിനോടകം എട്ട് തീരദേശ പോലീസ് സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിഴിഞ്ഞം, നീണ്ടകര, തോട്ടപ്പള്ളി, ഫോർട്ട് കൊച്ചി, അഴീക്കോട്, ബേപ്പൂർ, അഴീക്കൽ, ബേക്കൽ എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന തീരദേശ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് അതാത് ജില്ലകളിൽ നിന്നും പുനർവിന്യാസം വഴിയാണ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളത്. തൃശ്ശൂർ ജില്ലയിലെ കടപ്പുറം മുനക്കകടവിൽ ആരംഭിക്കുന്ന പോലീസ് സ്റ്റേഷൻ രണ്ടാംഘട്ടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്. രണ്ടാംഘട്ടത്തിൽ പ്രവർത്തനമാരംഭിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ച 5 പോലീസ് സ്റ്റേഷനുകളിൽ ഒരു സർക്കിൾ ഇൻസ്പെക്ടർ, രണ്ട് സബ് ഇൻസ്പെക്ടർമാർ, 25 സിവിൽ പോലീസ് ഓഫീസർമാർ, ഒരു ഡ്രൈവർ ഉൾപ്പെടെ ആകെ 30 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ളതിനാൽ പ്രസ്തുത തീരദേശ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതാണ്.

## 3. വിമാന കമ്പനികളുടെ ചാർജ്ജ് വർദ്ധന

ശ്രീ. പി. സി. ജോർജ്: സർ, കേരളത്തിലെ സാധാരണക്കാരായ വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾ, കേരളത്തിനുപുറത്തും മറ്റു സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന മലയാളികൾ ഇവരൊക്കെ ജോലി ചെയ്തുണ്ടാക്കുന്ന ശമ്പളം തട്ടിയെടുക്കുന്ന നാണംകെട്ട വിമാനക്കമ്പനികൾക്കെതിരെ ശക്തമായ നിലപാട് കേരളം സ്വീകരിച്ചേ മതിയാകൂ. പ്രത്യേകിച്ച് തിരുവോണം, ക്രിസ്തുമസ്സ്, ബക്രീദ് തുടങ്ങിയ അവസരങ്ങളിൽ വിമാനക്കമ്പനികൾ ചാർജ്ജ് വർദ്ധിപ്പിക്കുകയാണ്. ഉദാഹരണമായി കേരളത്തിൽനിന്ന് ദുബായിലേയ്ക്കോ മറ്റേതെങ്കിലും അറബി രാജ്യത്തേയ്ക്കോ ഇപ്പോൾ ടിക്കറ്റ് ചോദിച്ചാൽ 8000 രൂപക്ക് കിട്ടും. എന്നാൽ ഈ വിമാനകമ്പനികൾ ഡിസംബർ 15 മുതൽ ജനുവരി 15 വരെയുള്ള കാലഘട്ടത്തിൽ 25000 രൂപ ഇതിനായി പിടിച്ചുപറിക്കും. ഇങ്ങനെ പിടിച്ചുപറി മാത്രമാണ് വിമാനക്കമ്പനികൾ നടത്തുന്നത്. ശ്രീ. ആരിഫിനോട് ചോദിച്ചാൽ പറയും, വിമാനത്തിൽ കയറി ബോർഡിംഗ് പാസ്സ് കൊടുത്തു കഴിഞ്ഞാൽ അത് ക്യാൻസൽ ചെയ്യും, വരുന്ന അപകടമെന്താണ് അവന്റെ ജോലിയും പോയി. ഇത് ശരിയല്ല, നമ്മുടെ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഇവിടെ വിശദമായി ചർച്ച നടന്ന കാര്യമാണിത്,

എന്ത് ചെയ്യാൻ പറ്റും, എയർ കേരള എന്ന നിലയിൽ ഒരു വിമാനക്കമ്പനി സ്ഥാപിക്കുക എന്നതല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നുമില്ല, എയർ കേരള സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അന്ന് മുഖ്യമന്ത്രി ഉൾപ്പെടെ പൊതു ചർച്ചയിൽ എല്ലാപേരും അതിനോട് യോജിക്കുകയായിരുന്നു. അതിൽ സംഭവിച്ച മാറ്റം എന്താണെന്ന് ചോദിച്ചാൽ ഡൊമസ്റ്റിക് ആയിട്ടുള്ളതല്ലാതെ ഇന്റർനാഷണൽ ഫ്ലൈറ്റിനുള്ള അനുവാദം നൽകുകയില്ല എന്നതായിരുന്നു, അഞ്ചു കൊല്ലം കഴിയണം. അന്ന് ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്ത് ഡൊമസ്റ്റിക് വിമാനത്താവളം ഉണ്ടാക്കിയിരുന്നുവെങ്കിൽ യാതൊരു സംശയവും വേണ്ട ഇന്ന് അഞ്ചു വർഷമായി നമുക്ക് ഇന്റർനാഷണൽ ലൈസൻസ് കിട്ടുമായിരുന്നു, നമുക്ക് ഇനി കാത്തിരിക്കാൻ പറ്റുകയില്ല. എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് വളരെ പ്രധാനപ്പെട്ടതാണ് ശബരിമല എയർപോർട്ട്, ശബരിമലയുമായി ബന്ധപ്പെട്ട് എയർപോർട്ട് ഉണ്ടാക്കുന്നതിന് നമ്മൾ ആറന്മുള സ്ഥലമെടുക്കുന്നതായി പറഞ്ഞിരുന്നു, അത് നടക്കില്ല എന്ന് ബോധ്യമായി. ആ നിലയ്ക്ക് നമ്മുടെ ബിലീവേഴ്സ് ചർച്ചിന്റെ ഭരണാധികാരിയായ അഭിവന്ദ്യ കെ.പി. യോഹന്നാൻ മെത്രാപ്പോലീത്ത, അദ്ദേഹത്തിന്റെ എരുമേലി ഉൾപ്പെടുന്ന സ്ഥലങ്ങളിൽ കിടക്കുന്ന ചെറുവള്ളി എസ്റ്റേറ്റ് വിമാനത്താവളമുണ്ടാക്കാൻ നൽകും എന്ന് അറിയിച്ചിട്ടുണ്ട്, ഞാൻ അദ്ദേഹവുമായി സംസാരിച്ചു. അദ്ദേഹം അതിന് തയ്യാറാണ്. ശബരിമലയുമായി 28 കിലോമീറ്റർ മാത്രമേ ദൂരം വരുന്നുള്ളൂ, കേരളത്തിൽ ഇന്റർനാഷണൽ എയർപോർട്ട് ഉണ്ടാക്കാൻ കഴിയുന്ന ഇത്രയും സുന്ദരമായ സ്ഥലം കിട്ടാനില്ല. ആ നിലയ്ക്ക് അഭിവന്ദ്യ കെ.പി. യോഹന്നാൻ മെത്രാപ്പോലീത്തയുമായി ചർച്ച ചെയ്ത് ബിലീവേഴ്സ് ചർച്ചിന്റെ ചെറുവള്ളി എസ്റ്റേറ്റ് എടുത്തുകൊണ്ട്, ശബരിമല എയർപോർട്ട് എന്ന് പേരിട്ട് എത്രയുംവേഗം ഒരു ഡൊമസ്റ്റിക് വിമാനത്താവളം ഉണ്ടാക്കി, അത് ഇന്റർനാഷണൽ വിമാനത്താവളമായി മാറ്റാനുള്ള നടപടികൾ സ്വീകരിക്കണം. ഇതിലൂടെയല്ലാതെ മലയാളികളെ രക്ഷിക്കാൻ കഴിയുകയില്ല. കേരളത്തിനു പുറത്തുള്ള മറ്റ് സംസ്ഥാനങ്ങളിൽ നിന്നുപോലും ഇവിടെ വരണമെങ്കിൽ ചാർജ്ജ് മൂന്നും നാലും ഇരട്ടിയാക്കുകയാണ്. പ്രത്യേകിച്ച് ബക്രീദ്, ഓണം, വലിയനോമ്പിനോട് അനുബന്ധിച്ച് ചെറിയ പെരുനാൾ തുടങ്ങിയ ആഘോഷവേളകളിൽ മൂന്നിരട്ടിയാണ് ഫീസ്. ഇത് മര്യാദയാണോ, മലയാളികളെ കൊന്നൊടുക്കുകയാണ്. ഞാൻ അറബി രാജ്യത്ത് പോയപ്പോൾ ലേബർ ക്യാമ്പിൽ പോയി അവിടെ 3000 ത്തോളം മലയാളികളാണ് ഓടിക്കൂടിയത്. ഒരു ചെറുപ്പക്കാരൻ വന്ന് എന്റെ ചെവിയിൽ പറഞ്ഞു, 17 കൊല്ലമായി ഞാൻ ഈ ക്യാമ്പിൽ കിടക്കുന്നു എന്റെ 5 മാസത്തെ ശമ്പളം വേണം എന്റെ ഭാര്യയേയും മക്കളേയും കാണാൻ; ഞാൻ എങ്ങനെ പോകും? ഒരു മലപ്പുറംകാരൻ ഈ

ഗവൺമെന്റിന്റെ കാലത്തെങ്കിലും ഇതിന് പരിഹാരമുണ്ടാക്കാൻ ശക്തമായ നിലപാടുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി.

12.00 Noon ]

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, എയർ കേരള വിമാനക്കമ്പനിക്ക് അടിയന്തരമായി രൂപം കൊടുക്കണമെന്നതാണ് ഈ സബ്മിഷന്റെ ഉള്ളടക്കം. കേന്ദ്ര സർക്കാരിന്റെ പഴയ വ്യോമയാന നയപ്രകാരം അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് അഞ്ച് കൊല്ലത്തെ ആഭ്യന്തര വിമാന ഗതാഗത പരിചയവും ഇരുപത് വിമാനങ്ങളും കമ്പനിക്ക് ആവശ്യമാണ്. എന്നാൽ പുതിയ വ്യോമയാന നയപ്രകാരം രാജ്യാന്തര സർവ്വീസുകൾ ആരംഭിക്കുന്നതിന് ഇരുപത് വിമാനങ്ങളോ അല്ലെങ്കിൽ മൊത്തം സീറ്റുകളുടെ ഇരുപത് ശതമാനമോ ആഭ്യന്തര സർവ്വീസുകൾക്കായി മാറ്റിവയ്ക്കേണ്ടതായിട്ടുണ്ട്. ആഭ്യന്തരമേഖലയിലുള്ള അഞ്ച് വർഷത്തെ വിമാന ഗതാഗത പരിചയം എന്ന നിബന്ധന എടുത്തുകളഞ്ഞെങ്കിലും ഇരുപത് വിമാനങ്ങൾ വേണമെന്ന നിബന്ധന നിലനിൽക്കുന്നത് എയർ കേരള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമായി നിൽക്കുകയാണ്. അതുകൊണ്ട് മേൽ നിർദ്ദേശം പ്രായോഗികമാണെന്ന് കരുതുന്നില്ല. എന്നാൽ കേരളത്തിലെ പ്രധാന ആഘോഷവേളകളിൽ കൂടുതൽ വിമാന സർവ്വീസുകൾ ലഭ്യമാക്കുന്നതിനുള്ള ഇതര മാർഗ്ഗങ്ങൾ ആരായുന്നതാണ്.

4. കിഴക്കേക്കോട്ടയിലെ ഗതാഗതക്കുരുക്കും വാഹനാപകടങ്ങളും

ശ്രീ. വി. എസ്. ശിവകുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കിഴക്കേക്കോട്ടയിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ വിലപ്പെട്ട പതിനഞ്ച് മനുഷ്യ ജീവനുകളാണ് ഗതാഗതക്കുരുക്കുമൂലമുള്ള അപകടങ്ങളിൽപ്പെട്ട് നഷ്ടപ്പെട്ടത്. പരിക്കുപറ്റി കഴിയുന്നവർ നിരവധിയാണ്. ഇതുസംബന്ധിച്ച് പത്രമാധ്യമങ്ങളിലൊക്കെ നിരവധി വാർത്തകൾ വന്നതാണ്. ഈ റോഡിൽ ക്രമരഹിതമായും അശാസ്ത്രീയമായും ബസ്സുകൾ പാർക്ക് ചെയ്ത് യാത്രക്കാരെ കയറ്റുന്നതുകൊണ്ടാണ് ഇത്രയേറെ അപകടങ്ങൾ ഉണ്ടാകുന്നത്. കൂടാതെ റോഡ് മുറിച്ച് കടക്കുമ്പോൾ വേഗത്തിൽ വരുന്ന വാഹനങ്ങളിടിച്ചും അപകടങ്ങളുണ്ടാകുന്നുണ്ട്. ഇതിന് പരിഹാരമായി നിലവിലെ ബസ് സ്റ്റാന്റ് അവിടെനിന്നും സമീപപ്രദേശത്തുള്ള ഗ്യാരേജിനകത്തേയ്ക്ക് മാറ്റി പുതിയ ബസ് പാർക്കിംഗ് ഏരിയ സ്ഥാപിക്കണം. അതോടൊപ്പം യാത്രക്കാർക്ക് റോഡ് മുറിച്ച് കടക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാനായി ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനും

നടപടിയുണ്ടാകണം. ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ ഒരു പദ്ധതിയുണ്ട്. ശ്രീപത്മനാഭസ്വാമിക്ഷേത്രവുമായി ബന്ധപ്പെട്ട് പൈതൃക മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ആ ഫണ്ടുകൂടി ഉപയോഗിച്ചുകൊണ്ട് 'സ്വദേശ് ദർശൻ' പദ്ധതിയുടെ ഭാഗമായി ഈ പ്രദേശത്തെ ഒരു പൈതൃക മേഖലയായി മാറ്റുന്നതിനും ഈ പ്രദേശത്തുള്ള കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിനും നടപടിയുണ്ടാകണം. എങ്കിൽ മാത്രമേ ആ പൈതൃക മേഖലയെ നമുക്ക് സംരക്ഷിക്കാൻ കഴിയൂ. ഇതിനുവേണ്ടി വിവിധ വകുപ്പുകളുടെ ഏകോപനമുണ്ടാകണം. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇതിന് മറുപടി പറയണമെന്ന് ഞാൻ അഭ്യർത്ഥിച്ചത്. വളരെ പ്രാധാന്യമുള്ള വിഷയമായതിനാൽ റവന്യൂ, ഗതാഗതം, പി.ഡബ്ല്യൂ.ഡി., ടൂറിസം വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുമായി ബന്ധപ്പെട്ട് ഒരു അടിയന്തര യോഗം വിളിച്ച് വിലപ്പെട്ട മനുഷ്യജീവനുകൾ നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, തലസ്ഥാന നഗരിയിലെ കിഴക്കേക്കോട്ടയിൽ ഗതാഗതക്കുരുക്കും വാഹനാപകടങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ 19-7-2016-ൽ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്തു. അനധികൃത പാർക്കിംഗും ചാലയിൽനിന്നുള്ള യാത്രക്കാരുടെ റോഡ് മുറിച്ചുള്ള വരവും അപകടങ്ങൾക്ക് ഇടവരുത്തുന്നുവെന്ന് യോഗം വിലയിരുത്തി. ഇത് പരിഹരിക്കുന്നതിനായി ബീമാപള്ളി ഭാഗത്തുനിന്നും വരുന്ന ബസ്സുകൾ കിഴക്കേക്കോട്ട വഴി അട്ടക്കുളങ്ങര സെൻട്രൽ സ്കൂളിന് മുൻവശം യു ടേൺ എടുക്കുന്നതൊഴിവാക്കി തിരികെ ബീമാപള്ളിയിലേയ്ക്ക് സർവ്വീസ് നടത്തുന്നതിനും അവിടെ ബസ് സ്റ്റാന്റിന് സമീപം പ്രവർത്തിച്ചുവരുന്ന ഓട്ടോറിക്ഷാ സ്റ്റാന്റ് ഗാന്ധി പാർക്കിന് സമീപം റാമ്പ് നിർമ്മിച്ച് പാർക്ക് ചെയ്യുന്നതിനും തീരുമാനിച്ചു. 18-8-2016-ൽ ട്രാൻസ്പോർട്ട് കമ്മീഷണർ വീണ്ടും ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുകയും ബാരിക്കേഡുകളും മീഡിയനുകളും കാൽനട യാത്രക്കാർ മുറിച്ച് കടക്കാത്ത രീതിയിൽ ക്രമീകരിക്കുക, ഡിവൈഡറുകൾ പൊളിച്ച് മാറ്റുക, ഡെസ്റ്റിനേഷൻ ബോർഡ്, നമ്പർ എന്നിവ സ്ഥാപിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. പഴവങ്ങാടി മുതൽ അട്ടക്കുളങ്ങര വരെ മൂന്ന് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ച് ബസ് ബേകളും നടപ്പാതകളും പെഡസ്ട്രിയൻ ക്രോസ്സിംഗുകളും പൂർത്തിയാക്കി കെ.എസ്.ആർ.ടി.സി.-യുടെ വസ്തുവിലെ ലഭ്യമായ സ്ഥലത്തേയ്ക്ക് ബസ് പാർക്കിംഗ് മാറ്റാനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൂടുതൽ ട്രാഫിക് ഉദ്യോഗസ്ഥരേയും

വാർഡർമാരേയും നിയമിച്ച് ഗതാഗതക്കുരുക്കും അപകടങ്ങളും ഒരു പരിധിവരെ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. സുരക്ഷിതമായി റോഡ് മുറിച്ച് കടക്കാൻ ഫൂട്ട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കാനുള്ള പ്രോജക്ട് പ്രൊപ്പോസൽ നൽകുന്നതിന് നാറ്റ്പാക്ക്-നെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. കൂടുതൽ പോലീസ് ഫോഴ്സിനെ നിയോഗിക്കാൻ ട്രാഫിക് അസിസ്റ്റന്റ് കമ്മീഷണറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ ഗതാഗതക്കുരുക്കിന് പരിഹാരം കാണാനുള്ള മാർഗ്ഗങ്ങൾ ഗവൺമെന്റ് ആരായുന്നതാണ്.

## 5. വയനാട്ടിലെ വരൾച്ച

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, വയനാട് ജില്ല കൊടുംവരൾച്ചയിലേയ്ക്ക് നീങ്ങുകയാണ്. കാലാവസ്ഥാ വ്യതിയാനം കേരളത്തിൽ ഏറ്റവും കൂടുതൽ ബാധിച്ച ജില്ലയാണ് വയനാട്. മഴയുടെ ലഭ്യത 59% ഈ വർഷം കുറഞ്ഞിട്ടുണ്ട്. മണ്ണ് ചുട്ടു പൊള്ളുന്നതുകൊണ്ട് മണ്ണിരകൾ, ഞണ്ട് തുടങ്ങിയ ജീവികൾ ചത്തൊടുങ്ങുകയും തവളകൾ പലായനം ചെയ്യുകയുമാണ്. വയനാട്ടിൽ പൊതുവേയും പുൽപ്പള്ളി, മുള്ളൻകൊല്ലി പ്രദേശത്ത് പ്രത്യേകിച്ചും കുടിവെള്ളക്ഷാമം നേരിടുകയാണ്. കൃഷിയെയും ഇത് ബാധിച്ചിട്ടുണ്ട്. കാപ്പി, കുരുമുളക്, തേയില, ഇഞ്ചി, നെല്ല് തുടങ്ങിയ കാർഷികോൽപ്പന്നങ്ങളിൽ വൻ ഇടിവ് ഉണ്ടാകുമെന്നാണ് കാർഷിക വിദഗ്ദ്ധർതന്നെ പറയുന്നത്. ക്ഷീരമേഖലയേയും വരൾച്ച ബാധിക്കുകയാണ്. തീറ്റയും വെള്ളവും തേടി വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുകയും കർഷകരെ കൊല്ലുകയും ചെയ്യുന്നു. തുലാവർഷ മഴവെള്ള സംഭരണം, തടയണ നിർമ്മാണം തുടങ്ങിയ അടിയന്തര നടപടികൾക്കൊപ്പം ദീർഘകാല പദ്ധതികളും നടപ്പിലാക്കണം. കാവേരി നദീജല വിനിയോഗം, കാർബൺ ന്യൂട്രൽ ജില്ലയാക്കി മാറ്റൽ തുടങ്ങിയവ ഇതിന്റെ ഭാഗമാണ്. തരംമാറ്റപ്പെട്ട മുഴുവൻ നെൽവയലുകളും തിരിച്ച് നെൽവയലുകളാക്കാൻവേണ്ടി നെൽകൃഷിക്ക് പൂർണ്ണമായ സബ്സിഡി അനുവദിക്കണം. അടുത്തകാലത്ത് പത്രമാധ്യമങ്ങളിൽ വന്ന വയനാട് ജില്ല ഒഴികെയുള്ള ചില ജില്ലകളെ വരൾച്ച ബാധിത ജില്ലയായി പ്രഖ്യാപിച്ചു എന്ന വാർത്ത വയനാട്ടിലെ ജനങ്ങൾക്കിടയിൽ വലിയ ആശങ്കയും ഉൽക്കണ്ഠയും പ്രതിഷേധവുമൊക്കെ ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് വയനാടിനെ വരൾച്ച ബാധിത ജില്ലകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും കൂടാതെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം വിളിച്ചുചേർത്ത് വയനാട് ജില്ലയിൽ വരൾച്ച നേരിടുന്നതിനുള്ള പദ്ധതികൾ പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

മി. ചെയർമാൻ: ഈ വിഷയത്തെ സംബന്ധിച്ച് ശ്രീ. ഐ. സി. ബാലകൃഷ്ണനും നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹത്തിന് ഒരു മിനിട്ട് സംസാരിക്കാം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ആദ്യ നിയമസഭയിൽതന്നെ ഞാൻ സബ്മിഷൻ ഉന്നയിച്ചിരുന്നു. ഇപ്പോൾ ശ്രീ. സി. കെ. ശശീന്ദ്രൻ ഇവിടെ സൂചിപ്പിച്ചതുപോലെ എന്റെ മണ്ഡലത്തിലാണ് പുൽപ്പള്ളി, മുള്ളൻകൊല്ലി പഞ്ചായത്തുകൾ. ഏതാണ്ട് 1995 മുതൽ എല്ലാ വർഷവും വരൾച്ച രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. നമ്മളൊക്കെ ആശ്രയിക്കുന്ന കബനി നദിപോലും വറ്റിവരണ്ട് വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. കാപ്പി, കുരുമുളക് തുടങ്ങിയ കാർഷിക വിളകൾ നശിക്കുകയും മണ്ണിരകൾ കൂട്ടത്തോടെ ചത്തൊടുങ്ങുകയുമാണ്. സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ ശിപാർശ നൽകിയത് തൃശ്ശൂർ, പാലക്കാട്, എറണാകുളം, പത്തനംതിട്ട, ഇടുക്കി എന്നീ 5 ജില്ലകളാണെന്ന് ഈ കഴിഞ്ഞ ദിവസം പത്രത്തിൽ ഒരു വാർത്ത വന്നിരുന്നു. 1995 മുതൽ ശ്രീ. കെ. മുരളീധരൻ എം.പി. ആയിരുന്ന കാലഘട്ടം മുതൽ അദ്ദേഹം ഈ കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്ത് അവിടെ സന്ദർശിച്ച് കർഷകർക്ക് ആശ്വാസം പകർന്നുകൊടുത്തിട്ടുണ്ട്. ഈ കഴിഞ്ഞ ഘട്ടങ്ങളിലും കൃഷി വകുപ്പുമന്ത്രിയും ഇന്നത്തെ മുഖ്യമന്ത്രിയും മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും അവിടെ സന്ദർശിച്ചിട്ടുള്ളതാണ്. എന്നിട്ടും ആദ്യ പട്ടികയിൽനിന്നും വയനാട് ജില്ലയെ ഒഴിവാക്കിയതിൽ കടുത്ത പ്രതിഷേധമുണ്ട്. അതുകൊണ്ട് ആദ്യ പട്ടികയിൽത്തന്നെ ഉൾപ്പെടുത്തി വയനാട് ജില്ലയേയുംകൂടി വരൾച്ചാ ബാധിത ജില്ലയായി പ്രഖ്യാപിക്കണമെന്നാണ് എന്റെ ആവശ്യം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, എം.എൽ.എ. മാരായ ശ്രീ. സി.കെ. ശശീന്ദ്രനും ശ്രീ. ഐ.സി. ബാലകൃഷ്ണനും ഉന്നയിച്ച വയനാട്ടിലെ വരൾച്ച സംബന്ധിച്ച വിഷയം വളരെയേറെ ശരിയാണ്. ഇതുസംബന്ധിച്ച് ആർക്കും വ്യത്യസ്താഭിപ്രായമില്ല. 59 ശതമാനം മഴ ലഭ്യത കുറഞ്ഞ ജില്ലയായിട്ടാണ് വയനാടിനെ കണക്കാക്കിയിരിക്കുന്നത്. ഒരു ജില്ലയേയും വരൾച്ചാ ബാധിത ജില്ലയായി ഇപ്പോൾ പ്രഖ്യാപിച്ചിട്ടില്ല. അത് തെറ്റിദ്ധാരണാജനകമായ വാർത്തയാണ്. വരൾച്ച സംബന്ധിച്ച കാര്യങ്ങളുടെ പരിശോധനയ്ക്കായി ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 13-10-2016-ന് വൈകുന്നേരം 5 മണിക്ക് ഒരു യോഗം ചേർന്നിരുന്നു. കേന്ദ്ര മാനദണ്ഡങ്ങൾക്കനുസൃതമായി എല്ലാ സംസ്ഥാനങ്ങളും ഒക്ടോബർ മാസത്തിൽ തന്നെ വരൾച്ചാ ബാധിത ജില്ലകൾ പ്രഖ്യാപിക്കണമെന്നത് സംബന്ധിച്ച നിർദ്ദേശമാണ് ആ യോഗത്തിൽ മുന്നോട്ടുവച്ചത്. എന്നാൽ അത് വരൾച്ചാ ബാധിത ജില്ലകളുടെ പ്രഖ്യാപനമായിരുന്നില്ല. ഈ വാർത്ത മാധ്യമങ്ങളിലൂടെ പുറത്തുവന്നതുവഴി വളരെ തെറ്റിദ്ധാരണാജനകമായ അവസ്ഥയുണ്ടായതിനെ

തുടർന്ന് പല മാധ്യമ സുഹൃത്തുക്കളും എന്നോടും ഇക്കാര്യങ്ങൾ അന്വേഷിച്ചിരുന്നു. ഒരു ജില്ലയും ഇപ്പോൾ വരൾച്ചാ ബാധിത ജില്ലയായി പ്രഖ്യാപിച്ചിട്ടില്ലായെന്ന് സംശയലേശമെന്യേ ഞാൻ അറിയിക്കുകയുണ്ടായി. അതുമാത്രമല്ല ഏറ്റവുമധികം മഴ ലഭ്യത കുറഞ്ഞ വയനാട് ജില്ലയെ ആദ്യപട്ടികയിൽ ഉൾപ്പെടുത്താൻ ഇനി വരാൻ പോകുന്ന ദുരന്ത നിവാരണ അതോറിറ്റിയുടെ ആദ്യയോഗത്തിൽ തീരുമാനിക്കാനിരിക്കുകയാണ്. കേന്ദ്ര മാനദണ്ഡങ്ങൾക്കനുസൃതമായി എല്ലാ സംസ്ഥാനങ്ങളും ഒക്ടോബർ മാസത്തിൽത്തന്നെ ഏതൊക്കെ ജില്ലകളെ ഏതൊക്കെ സമയത്ത് വരൾച്ച ബാധിതമായി പ്രഖ്യാപിക്കണമെന്ന തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ഒക്ടോബർ മാസത്തിൽത്തന്നെ പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളെ വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിക്കണമെന്ന നിർദ്ദേശമാണ് അന്ന് അവിടെ ഉന്നയിച്ചത്. എന്നാൽ ഇതുസംബന്ധിച്ച് യാതൊരു തീരുമാനവും എടുക്കുകയുണ്ടായില്ല. വടക്കുകിഴക്കൻ കാലവർഷത്തിന്റെ മുന്നോട്ടുള്ള സ്വഭാവം പരിഗണിച്ചുകൊണ്ട് നവംബർ മാസത്തിൽ അവശേഷിക്കുന്ന മറ്റ് ജില്ലകളുടെ പ്രഖ്യാപനം നടത്തണമെന്നും തീരുമാനിച്ചു. വരൾച്ച പ്രഖ്യാപിക്കുന്ന ജില്ലകളിൽ വെള്ളം ഉപയോഗിക്കുന്നതിനുള്ള മുൻഗണനാക്രമം നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കുടിവെള്ളം, ഗാർഹിക ഉപയോഗം, വളർത്തുമൃഗങ്ങൾ, വന്യജീവികൾ, കൃഷി, വ്യവസായം എന്നീ നിലകളിൽ 2017 മേയ് മാസം വരെ പാലിക്കേണ്ട ഓരോ നടപടിക്രമങ്ങൾ സംബന്ധിച്ചും തീരുമാനിച്ചിട്ടുണ്ട്. ഇത് നിലവിൽ ഏറ്റവും കുറവ് മഴ ലഭിക്കുന്ന വയനാട് ജില്ലയിലെ കൃഷിക്കാരെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ നിലവിലുള്ള കൃഷിക്കുശേഷം തണുപ്പുകാല കൃഷി ആരംഭിക്കുന്നതിനുമുമ്പായി കേരളത്തിലെ വടക്കുകിഴക്കൻ കാലവർഷം ഗുരുതരമായ രീതിയിൽ ആദ്യപകുതിയിൽ മഴക്കുറവ് കാണിക്കുകയാണെങ്കിൽ വരൾച്ച ബാധിത ജില്ലയായി പ്രഖ്യാപിക്കുന്നതായിരിക്കും ഉചിതമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ഇവിടെ ഒരു വ്യത്യാസമുള്ളത്, വയനാടിൽ ശ്ലാഘനീയമായ രീതിയിൽ ഭൂജല സംരക്ഷണ പ്രവർത്തനങ്ങളും നീർത്തടാധിഷ്ഠിത ജലസംരക്ഷണ പ്രവർത്തനങ്ങളും കഴിഞ്ഞ രണ്ടുവർഷമായി ജില്ലാ ഭരണകൂടത്തിന്റെയും നബാർഡിന്റെയും നേതൃത്വത്തിൽ നടപ്പാക്കിയത് ലഭ്യമായ ഭൂജലതോതിൽ പ്രതിഫലിക്കുന്നുമുണ്ട്. വരൾച്ചാ ബാധിത ജില്ലയായി പ്രഖ്യാപിച്ചാൽ വയനാട്ടിലെ കർഷകർക്ക് ഭൂജല വിനിയോഗവും 75 ശതമാനം കണ്ട് കുറയ്ക്കേണ്ടിവരും. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ അടുത്തുചേരുന്ന യോഗത്തിൽ വയനാട് ജില്ലയേയും വരൾച്ചാ ബാധിത ജില്ലയായി പ്രഖ്യാപിക്കുന്നതാണ്. കാവേരി നദീജല ട്രൈബ്യൂണൽ വിധിപ്രകാരം കബനി

ബേസിനിൽ 21 ടി.എം.സി. ജലമാണ് അനുവദിച്ചിട്ടുള്ളത്. കബനി ബേസിനിൽ 2.8 ടി.എം.സി. ജലം സംഭരിക്കുന്നതിനായി കാരാപ്പുഴ പദ്ധതിയിൽ ഡാം നിർമ്മിച്ചിട്ടുണ്ട്. നിലവിൽ 1.2 ടി.എം.സി. ജലം കാരാപ്പുഴ ഡാമിൽ സംഭരിച്ചിട്ടുണ്ട്. പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കാവേരി ട്രൈബ്യൂണൽ അനുവദിച്ചിരിക്കുന്ന ജലം പൂർണ്ണമായി ഉപയോഗിക്കുന്നതിനുവേണ്ടി ഒൻപത് പുതിയ പദ്ധതികളുടെ സാധ്യതാപഠനം പൂർത്തീകരിച്ചു. കാവേരി അവാർഡ് പ്രകാരം കബനി ബേസിനിൽ അനുവദിച്ച ജലം പൂർണ്ണമായി വിനിയോഗിക്കുന്നതിനായി പ്രസ്തുത ബേസിനിലെ പോഷക നദികളുടെയും കൈവഴികളുടെയും ടോപ്പോഗ്രാഫിക്കൽ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

## 6. 'അമ്മയും കുഞ്ഞും' ആശുപത്രി

ശ്രീ. എ. എൻ. ഷംസീർ: സർ, ആഗോളവൽക്കരണത്തിന്റെ കാലത്ത് വികസനത്തിന്റെ പുതിയ ഗാഥ രചിക്കപ്പെട്ടത് തലശ്ശേരിയിൽനിന്നാണ്. 2014-ൽ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. എസ്. ശിവകുമാറിന്റെ അദ്ധ്യക്ഷതയിലാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ മുൻകയ്യെടുത്തുകൊണ്ട് അമ്മയും കുഞ്ഞും ആശുപത്രി തലശ്ശേരിയിൽ തുടങ്ങണമെന്ന കാര്യം തീരുമാനിച്ചത്. ഡി.പി.ആർ.-ഉം, പോസ്റ്റ് ക്രിയേഷനും ഹെൽത്ത് ഡിപ്പാർട്ട്മെന്റ് നടത്തണമെന്നും ഭൂമി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി കണ്ടെത്തണമെന്നുമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ലാന്റ് പർച്ചേസ് കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ ചെയർമാൻ അന്നത്തെ എം.പി. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനും കൺവീനർ എം.എൽ.എ. ശ്രീ. കോടിയേരി ബാലകൃഷ്ണനുമായിരുന്നു. കണ്ണൂരിനെ രാഷ്ട്രീയ കൊലപാതക ഭൂമിയെന്ന് പറയുമ്പോഴും എല്ലാ രാഷ്ട്രീയ പാർട്ടികളും വികസന കാര്യത്തിൽ യോജിച്ചു പ്രവർത്തിച്ചു. സി.പി.ഐ(എം)-നോടൊപ്പം ഇടതുപക്ഷ പ്രസ്ഥാനവും കോൺഗ്രസ്സും ബി.ജെ.പി.-യുമെല്ലാം യോജിച്ച് ഒറ്റ ദിവസംകൊണ്ട് ഒരുകോടി അറുപത് ലക്ഷം രൂപ പിരിച്ചെടുത്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് തുക വാങ്ങുന്നതിനാവശ്യമായ ഉത്തരവും അന്നത്തെ യു.ഡി.എഫ്. സർക്കാർ നൽകി. ഏതാണ്ട് മൂന്ന് കോടി നാൽപ്പത്തിയൊന്ന് ലക്ഷം രൂപ ഇപ്പോൾ ജനകീയ കമ്മിറ്റിയുടെ കൈവശമുണ്ട്. ഈ ഗവൺമെന്റ് വന്നപ്പോൾ അതിന്റെ ജി.ഒ. ഇറക്കി. ഇതിനായി 3.55 ഏക്കർ ഭൂമി കണ്ടെത്തിയെന്നും അതിൽ ലീഗൽ ക്ലിയറൻസുൾപ്പെടെ ലഭിച്ചുവെന്നും അറിയിക്കുകയുണ്ടായി. തഹസിൽദാർ ഭൂമി ഏറ്റെടുക്കുന്നതിൽ ഒരു തടസ്സവുമില്ലായെന്ന് അറിയിച്ച സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അതിന് ഡി.എൽ.പി.സി. രൂപീകരിക്കുന്നതിനായി

പിണറായി വിജയൻ സർക്കാർ 50 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ഇതൊരു ജനകീയ മൂവ്മെന്റാണ്. ഈ മൂവ്മെന്റ് കേരളത്തിൽ ഒരുപക്ഷേ ഇന്ത്യയ്ക്കുതന്നെ മാതൃകയായി ചൂണ്ടിക്കാണിക്കാൻ സാധിക്കും. തലശ്ശേരി അമ്മയും കുഞ്ഞും ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അനിശ്ചിതത്വം ഒഴിവാക്കി ഈ ആശുപത്രി എത്രയും പെട്ടെന്ന് യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. പ്രസ്തുത മോഡൽ കേരളത്തിലെങ്ങും നമുക്ക് വ്യാപിപ്പിക്കാൻ സാധിക്കും. ഈ ആശുപത്രി നിർമ്മിക്കുന്നതിനുള്ള തുക ഹുണ്ടികയിലൂടെയാണ് കളക്റ്റ് ചെയ്തത്. തലശ്ശേരി അസംബ്ലി കോൺസ്റ്റിറ്റ്യുവൻസിയിലെ 132 വാർഡുകളിലെ എല്ലാ ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടി നേതാക്കന്മാരും ഒത്തൊരുമിച്ച് ഒരു ദിവസം നടത്തിയ കളക്ഷന്റെ ഭാഗമാണ് ഈ ആശുപത്രിക്കുള്ള ഭൂമി. അതുകൊണ്ട് ഈ ആശുപത്രിയുടെ കെട്ടിടം പണി ആരംഭിച്ച് എത്രയും വേഗം പൂർത്തിയാക്കുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടിയുണ്ടാകണം. ഒരു ഭാഗത്ത് കടലും മറുഭാഗത്ത് കോട്ടയുടെ തടസ്സവുമുള്ളതിനാൽ തലശ്ശേരി ജനറൽ ഹോസ്പിറ്റൽ വികസിപ്പിക്കാൻ സാധിക്കില്ല. ഈയൊരു പശ്ചാത്തലത്തിലാണ് അമ്മയും കുഞ്ഞും ആശുപത്രിക്കായി നഗരത്തിനകത്തുതന്നെ മറ്റൊരു സ്ഥലം കണ്ടെത്തിയത്. ഇവിടെ നടത്തിയ ജനകീയ ഇടപെടലിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും യോജിച്ചതിന്റെ ഫലമായാണ് ആശുപത്രിക്കാവശ്യമായ ഭൂമിയും ഫണ്ടും സ്വരൂപിച്ചത്. ശ്രീമതി ശൈലജ ടീച്ചർ ഇതിന്റെ നീക്കം നല്ല രീതിയിൽ നടത്തുന്നുണ്ട്. പക്ഷേ ഇതിന് കുറച്ചുകൂടി വേഗതയുണ്ടാകണം. ജനങ്ങളോട് മറുപടി പറയേണ്ട ഉത്തരവാദിത്വം ഇവിടത്തെ പൊതുരാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കുണ്ട്. അതുകൊണ്ട് സമയബന്ധിതമായി ഇതിന്റെ പ്രവർത്തനം പൂർത്തീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 23-6-2014-ൽ മുൻ ആരോഗ്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽച്ചേർന്ന യോഗത്തിൽ തലശ്ശേരി അമ്മയും കുഞ്ഞും ആശുപത്രി കെട്ടിടനിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്താൻ തീരുമാനമെടുത്തെങ്കിലും അന്ന് ഇതുസംബന്ധിച്ച ഗവൺമെന്റ് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിരുന്നില്ല. ഇവിടെ പ്രഖ്യാപിച്ചതുപോലെ എല്ലാവരും ചേർന്ന് ജനകീയ കമ്മിറ്റി ഉണ്ടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കൂടി സഹായത്തോടുകൂടി തലശ്ശേരി മുനിസിപ്പാലിറ്റിയിലെ തിരുവങ്ങാട് വില്ലേജിൽ വയലളം ദേശത്ത് സർവ്വേ നമ്പർ 5/1-ൽപ്പെട്ട സ്ഥലം കണ്ടെത്താൻ ശ്രമിക്കുകയും അത് നൽകാൻ ഉടമകൾ സമ്മതം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ഈ സ്ഥലം ഏറ്റെടുക്കാൻ നിയമ തടസ്സമില്ലെന്ന് ഗവൺമെന്റ് പ്ലീഡറും അറിയിച്ചിരുന്നു.

ആശുപത്രിക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഒഴിവാക്കുന്നത് സംബന്ധിച്ച അഭിപ്രായം ആരായുന്നതിനായി റവന്യൂ വകുപ്പിലേയ്ക്ക് അയച്ച ഫയൽ ഇപ്പോൾ പരിശോധനയിലാണ്. ആശുപത്രിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന കാര്യത്തിൽ വേഗതക്കുറവുണ്ടായിരുന്നു എന്നത് വാസ്തവമാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ചില പേപ്പറുകൾ ക്ലിയർ ചെയ്ത് ലഭിക്കാത്തതുകൊണ്ടാണ് വേഗതക്കുറവുണ്ടായത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്രയും വേഗം ആശുപത്രിയുടെ നിർമ്മാണം സാധ്യമാക്കണമെന്ന ആഗ്രഹത്താൽ വേഗതയിൽത്തന്നെ പ്രവർത്തനം നീക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് 9-8-2016-ന് ഈ ആശുപത്രി ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചത്. അതിനുശേഷം ആരോഗ്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും നാട്ടുകാരുമായും സ്ഥലമേറ്റെടുപ്പ് കമ്മിറ്റിയുമായും ചർച്ച ചെയ്യുകയും ആരോഗ്യവകുപ്പ് സെക്രട്ടറിയെ അവിടേയ്ക്ക് അയച്ച് അവിടത്തെ ആളുകളുമായി ചർച്ച ചെയ്തിട്ടുമുണ്ട്. ഇവിടെവച്ചും ചർച്ച നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി നടപടിക്രമങ്ങൾ വേഗത്തിൽ മുന്നോട്ടുപോകുന്നുണ്ട്. സ്ഥലമേറ്റെടുക്കൽ പ്രക്രിയയാണ് ഇനി അവിടെ നടക്കേണ്ടത്. ജനകീയ കമ്മിറ്റിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇടപെട്ട് എത്രയും വേഗം സ്ഥലമേറ്റെടുക്കൽ പ്രക്രിയ പൂർത്തിയാക്കണം. മാതൃകാപരമായ പ്രവർത്തനത്തിലൂടെയാണ് ജനങ്ങളിൽനിന്ന് പണം സ്വരൂപിച്ചത്. ആ പണം ഉപയോഗപ്പെടുത്തി സ്ഥലമേറ്റെടുക്കൽ പ്രക്രിയ നടത്താവുന്നതേയുള്ളൂ. കാര്യങ്ങൾക്ക് വേഗത കൈവന്നിട്ടുണ്ട്. മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 50 കോടി രൂപ തലശ്ശേരിയിലെ അമ്മയും കുഞ്ഞും ആശുപത്രിക്കുവേണ്ടി വകയിരുത്തിയിട്ടുണ്ടെന്നതാണ് ഏറ്റവും സന്തോഷകരവും അഭിമാനകരവുമായിട്ടുള്ള കാര്യം. ഈ ഗവൺമെന്റ് കൂടുതൽ ശ്രദ്ധയോടുകൂടി ഇക്കാര്യം പരിഗണിക്കുന്നതാണ്. സ്ഥലമേറ്റെടുക്കൽ എത്രയും വേഗത്തിൽ പൂർത്തിയാക്കി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ നീക്കുന്നുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഈ ആശുപത്രിക്കാവശ്യമായ തസ്തികകൾകൂടി സൃഷ്ടിക്കുന്നതിനും നിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

7. കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണം

ശ്രീ. എ. എം. ആരിഫ്: സർ, അരൂർ മണ്ഡലത്തിലുള്ള എഴുപുന്ന ഗ്രാമപഞ്ചായത്തിലെ അതിമനോഹരമായ കാക്കത്തുരുത്ത് ദ്വീപിനെക്കുറിച്ച് ഇന്നത്തെ മാതൃഭൂമി പത്രത്തിൽ ഒരു വാർത്ത വന്നിട്ടുണ്ട്. "ലോകം ചുറ്റുമ്പോൾ നമ്മുടെ കാക്കത്തുരുത്തും കാണണം" എന്ന് നാഷണൽ ജോഗ്രഫിക് മാഗസിൻ ലോകത്തിലെ 24 നല്ല സ്ഥലങ്ങളുടെ കൂട്ടത്തിൽ ആ തുരുത്തിനെക്കുറിച്ചും

പരാമർശിക്കുന്നുണ്ട്. പക്ഷേ അവിടത്തെ ജനങ്ങൾക്ക് മറുകരയിൽ പോകാനുള്ള ഏകമാർഗ്ഗം ചെറിയ വള്ളങ്ങളാണ്. സ്കൂളിൽ പോകുന്നതിനും ആശുപത്രിയിൽ പോകുന്നതിനുമെല്ലാം ഈ ചെറിയ വള്ളങ്ങളാണ് ഉപയോഗിക്കുന്നത്. പ്രകൃതിയുടെ പ്രതികൂലാവസ്ഥയിൽ പുറത്തേയ്ക്ക് കടക്കാൻ നിർവ്വാഹമില്ലാതെ പലപ്പോഴും പലർക്കും ഇന്റർവ്യൂവിനുപോലും പോകാനാവാത്ത അവസ്ഥാവിശേഷവും വള്ളം മറിഞ്ഞ് കുട്ടികൾക്ക് അപകടങ്ങൾ സംഭവിക്കുന്നതും ധാരാളമായി ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യം ബോധ്യപ്പെടുത്തിയാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 4.75 കോടി രൂപയ്ക്ക് പാലത്തിന് എ.എസ്. നൽകിയത്. എന്നാൽ നിർമ്മാണം ആരംഭിച്ചപ്പോൾ ഗവൺമെന്റ് മാറി. ഒരു കാർട്ടുബിൾ ബ്രിഡ്ജാണ് ആരംഭിച്ചത്. നിർമ്മാണസമയത്ത് ഒരു തർക്കവും ഉന്നയിക്കാതിരുന്ന ഒരു സ്ഥലമുടമ രാഷ്ട്രീയ കുത്തിത്തിരുപ്പുകളെ തുടർന്ന് വാക്കാൽ നൽകിയ കൺസെന്റ് പിൻവലിച്ച് കേസ് കൊടുത്തതുകാരണം പാലം പണി മുടങ്ങി. പിന്നീട് ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ നിരവധി യോഗങ്ങൾ ചേർന്ന് ഭൂമി ഏറ്റെടുക്കുന്ന നടപടികളെല്ലാം ആരംഭിച്ചു, റവന്യൂ വകുപ്പിന്റെ എല്ലാ നടപടികളും പൂർത്തീകരിച്ചു. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കണക്ഷനുൾപ്പെടെ എല്ലാം മാറ്റി എപ്പോൾ വേണമെങ്കിലും പണി തുടങ്ങാം എന്ന സ്ഥിതി വന്നപ്പോൾ കോൺട്രാക്ടർ വർക്ക് ഉപേക്ഷിച്ചുപോയി. പുതുക്കിയ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. നൽകിയിട്ടുണ്ട്. പക്ഷേ ബജറ്റിലില്ലാത്തതിനാൽ ഫിനാൻസ് വകുപ്പിൽ നിന്ന് സ്പെഷ്യൽ സാങ്ഷൻ ലഭിക്കണം. അതുകൊണ്ട് എത്രയുംവേഗം സാംഗ്ഷൻ വാങ്ങി നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് വിനീതമായി എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ദ്വീപ് നിവാസികളുടെ ചിരകാല സ്വപ്നമായ ഒരു പാലമാണിത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, 14-09-2009-ലെ ഉത്തരവ് പ്രകാരം അരൂർ നിയോജകമണ്ഡലത്തിലെ എഴുപുന്ന ഗ്രാമപഞ്ചായത്തിലെ കാക്കത്തുരുത്ത് പാലത്തിന് 4.16 കോടി രൂപയ്ക്ക് ഭരണാനുമതിയും 4.52 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നേടി 8-3-2012-ന് പാലം പണി ആരംഭിച്ചെങ്കിലും സ്ഥലമേറ്റെടുപ്പിനോടനുബന്ധിച്ച തർക്കത്തെ തുടർന്ന് നിലവിലുള്ള കരാറുകാരൻ പണി ഉപേക്ഷിച്ചതിനാൽ 20-01-2016-ലെ ഉത്തരവുപ്രകാരം റിസ്ക് ആന്റ് കോസ്റ്റിൽപ്പെടുത്തി കരാറുകാരനെ ഒഴിവാക്കുകയാണുണ്ടായത്. ഈ പ്രവൃത്തിക്കായുള്ള പുതുക്കിയ എസ്റ്റിമേറ്റ് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് ഭരണാനുമതി നൽകാൻ കഴിയാത്തത്. ബജറ്റിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് ഫിനാൻഷ്യൽ സാങ്ഷൻ ലഭ്യമാക്കിക്കൊണ്ട് പാലത്തിന്റെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 8. കൊടുങ്ങല്ലൂർ ബൈപ്പാസിലെ റോഡപകടങ്ങൾ

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലമായ കൊടുങ്ങല്ലൂർ ബൈപ്പാസ് എലിവേറ്റഡ് ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ് ശ്രദ്ധയിൽപ്പെടുത്തുന്നത്. യാതൊരുവിധ സമ്മർദ്ദവുമില്ലാതെ ബൈപ്പാസിനായി സ്ഥലം വിട്ടുകൊടുത്ത നിവാസികളാണിവർ. ബൈപ്പാസ് റോഡ് വന്നപ്പോൾ കൊടുങ്ങല്ലൂർ പട്ടണം രണ്ടായി വിഭജിക്കപ്പെടുകയാണുണ്ടായത്. പതിനായിരക്കണക്കിന് ആളുകളുടെ യാത്രാസൗകര്യങ്ങൾ നിഷേധിക്കപ്പെട്ടു. കൊടുങ്ങല്ലൂർ ക്ഷേത്രം, പള്ളി, നഗരസഭ, സ്കൂൾ ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് വരുന്നതിന് ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഇതൊരു ബൈപ്പാസ് റോഡ് മാത്രമല്ല. എൻ.എച്ച്. 66-ന്റെ ഭാഗമായ നാഷണൽ ഹൈവേയാണ്. 50 കോടി രൂപയാണ് ഇതിനായി ചെലവഴിച്ചത്. ഉദ്ഘാടനം കഴിഞ്ഞ് 2 വർഷമാകുമ്പോഴേക്കും ബൈപ്പാസിലും അനുബന്ധ റോഡുകളിലുമായി 20 ദാരുണ മരണങ്ങളും നൂറ് കണക്കിന് അപകടങ്ങളുമാണ് ഉണ്ടായത്. മരിച്ചവരിൽ ഏറെയും റോഡ് മുറിച്ച് കടക്കുന്ന തദ്ദേശീയരായ നാട്ടുകാരാണ്. പലരും മാസങ്ങളായി കിടപ്പിലാണ്, ലക്ഷക്കണക്കിന് രൂപയാണ് ചികിത്സാ ചെലവിനായി മുടക്കേണ്ടിവന്നിട്ടുള്ളത്. തികച്ചും അശാസ്ത്രീയമായ നിർമ്മാണമാണ് ഇതിനുകാരണം. 3.5 കിലോമീറ്റർ നീളത്തിൽ 12 വളവുകളും രണ്ട് ചരിവുകളുമാണുള്ളത്. 3.1 കോടി രൂപയുടെ അഴിമതി ആരോപിച്ച് വിജിലൻസ് കേസ്സും നടക്കുന്നുണ്ട്. 45 മീറ്ററിൽ എട്ട് ട്രാക്കുകളിലായി അതിവേഗപാതയുടെ രൂപകല്പനയിൽ ചെയ്ത റോഡിൽ അനുബന്ധ വേഗത നിയന്ത്രണ ഉപാധികൾ, ക്യാമറ, സ്പീഡ് റഡാർ, തെരുവ് വിളക്കുകൾ എന്നിവ ഇല്ലാതെ മുൻ ഗവൺമെന്റിന്റെ കാലത്ത് തിരക്കിട്ട് ഉദ്ഘാടനം നടത്തിയതാണ് ഈ ദുരന്തത്തിന് കാരണം. എലിവേറ്റഡ് ഹൈവേ നടപ്പാക്കുക എന്നതാണ് ശാസ്ത്രീയ പരിഹാരം. അതുവരെ ശക്തമായ പോലീസ് നിരീക്ഷണം, ക്യാമറകൾ, തെരുവ് വിളക്കുകൾ എന്നിവ ഉടൻ അനുവദിച്ച് ജീവന് സുരക്ഷ ഒരുക്കേണ്ടത് അത്യാവശ്യമാണ്. ഇനി ഒരു ജീവനും ബൈപ്പാസ്സിൽ പൊലിയാതിരിക്കാനും ഒരു കുടുംബവും അനാഥമാകാതിരിക്കാനും വേണ്ട നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കൊടുങ്ങല്ലൂർ ബൈപ്പാസിലുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി ട്രാഫിക് സേഫ്റ്റി കമ്മീഷണർ സ്ഥലം സന്ദർശിക്കുകയും ക്രമീകരണങ്ങൾ അവലോകനം

ചെയ്യുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ക്രോസ് റോഡിൽ നിന്നും മെയിൻ റോഡിലേയ്ക്കുള്ള ഡയറക്റ്റ് എൻട്രി ഒഴിവാക്കുകയും മീഡിയനുകളിൽ സിഗ്നൽ പോയിന്റിൽ അല്ലാതെയുള്ള യു-ടേണുകൾ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബൈപ്പാസ് നിർമ്മാണത്തിൽ പൂർത്തിയാക്കാൻ ബാക്കിയുണ്ടായിരുന്ന രണ്ട് കിലോമീറ്റർ സർവ്വീസ് റോഡും പൂർത്തിയാക്കുകവഴി അപകടങ്ങൾ ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. മീഡിയൻ ഗ്യാപ്പ് പൂർണ്ണമായും അടയ്ക്കുകയും ജങ്ഷനിൽ കൗണ്ട് ഡൗൺ ടൈമറോടുകൂടിയ ഇലക്ട്രോണിക് സിഗ്നൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. റോഡ് സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ സൂചനാ ബോർഡുകൾ, മീഡിയൻ ആർക്ക്, റോഡ് സ്റ്റഡ്സ് തുടങ്ങിയ സുരക്ഷാ സംവിധാനങ്ങളും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ തൃശ്ശൂർ ജില്ലാ കളക്ടറുടേയും എം.എൽ.എ.-യുടെയും നിർദ്ദേശപ്രകാരം സർവ്വീസ് റോഡുകളിൽ സിഗ്നൽ ഇല്ലാത്ത ഭാഗങ്ങളിൽ ഹമ്പുകൾ സ്ഥാപിച്ചതിനാൽ അമിതവേഗം കുറയ്ക്കാനും ഇടയാക്കിയിട്ടുണ്ട്. ബൈപ്പാസിൽ നടക്കുന്ന അപകടങ്ങളെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തി നിർദ്ദേശങ്ങൾ നൽകാൻ നാറ്റ്പാക്കിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എലിവേറ്റഡ് ഹൈവേ സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും തന്നെ എൻ.എച്ച്.എ.ഐ. യിൽ നിന്ന് സർക്കാരിന് ലഭിച്ചിട്ടില്ല.

## 9. സാമ്പത്തിക സഹായം വർദ്ധിപ്പിക്കൽ

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, മലബാറിൽ പ്രത്യേകിച്ച് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ക്ഷേത്രസ്ഥാനികരുടേയും കോലധാരികളുടേയും പ്രധാനപ്പെട്ട പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. ക്ഷേത്രസ്ഥാനികർക്കും കോലധാരികൾക്കും സർക്കാർ മാസംതോറും 800 രൂപ പെൻഷൻ കൊടുക്കുന്നുണ്ട്. കഴിഞ്ഞ ബജറ്റിൽ എല്ലാ പെൻഷനും 600 രൂപയിൽനിന്ന് ആയിരം രൂപയാക്കി വർദ്ധിപ്പിക്കുകയും മറ്റ് പെൻഷനുകൾ ആയിരം രൂപയ്ക്ക് മുകളിലും നൽകുന്നുണ്ട്. എന്നാൽ ക്ഷേത്രസ്ഥാനികരുടേയും കോലധാരികളുടേയും പെൻഷൻ ഇപ്പോഴും പഴയതുപോലെ 800 രൂപയാണ് കൊടുക്കുന്നത്. അതും കൃത്യമായി കിട്ടുന്നില്ല എന്ന പരാതിയുണ്ട്. അതിനുപുറമേ അതിൽനിന്ന് പിരിഞ്ഞുപോയവരേയും മരിച്ചു പോയവർക്ക് പകരം വരുന്ന ആളുകളെയും ഈ പദ്ധതിയിൽപ്പെടുത്താനും കഴിയുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രിയെ ഞാൻ നേരിട്ട് കണ്ട് നിവേദനം കൊടുക്കുകയും അതിന് പരിഹാരം കാണാമെന്ന് പറയുകയും അതുപ്രകാരം അപേക്ഷ ക്ഷണിക്കുകയും ചെയ്തിരുന്നു. പക്ഷേ അപേക്ഷകൾ ദേവസ്വം ബോർഡിൽ കെട്ടിക്കിടക്കുകയാണ്. അതിന് പരിഹാരം കാണാൻ ദേവസ്വം ബോർഡും ശ്രമിച്ചിരുന്നില്ല. ഈ സബ്മിഷനിലൂടെ എനിക്ക്

ഉന്നയിക്കാനുള്ള പ്രധാനപ്പെട്ട കാര്യം ക്ഷേത്രസ്ഥാനികരുടേയും കോലധാരികളുടേയും പെൻഷൻ തുക 800 രൂപയിൽനിന്ന് 1200 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കാനും ഈ രംഗത്തേയ്ക്ക് പുതുതായി വരുന്ന ആളുകളുടെ അപേക്ഷ സ്വീകരിച്ച് അവർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും ലഭിക്കാനുമുള്ള നടപടി സ്വീകരിക്കണം. ഇതൊരു പ്രധാനപ്പെട്ട കാര്യമായി ഈ ഗവൺമെന്റ് എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാനും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും പങ്കെടുത്തുകൊണ്ട് ഒരു സംയുക്ത യോഗം ചേരുകയുണ്ടായി. ആ യോഗത്തിൽ വലിയ പരാതികളാണ് അവർ പറയുന്നത്. അവർ ഇപ്പോഴത്തെ ദേവസ്വം വകുപ്പുമന്ത്രിയിൽ വലിയ പ്രതീക്ഷ അർപ്പിച്ചിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, മലബാറിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കുമായി മലബാർ ദേവസ്വം ബോർഡിൽ നിന്നും യഥാക്രമം പ്രതിമാസം 800 രൂപ, 700 രൂപ നിരക്കിലാണ് ധനസഹായം നൽകിവരുന്നത്. ഇതിനായി ഒരു വർഷം 2,04,01,200 രൂപയാണ് ചെലവ് വരുന്നത്. ഇതിൽ ഒരു കോടി രൂപ ബജറ്റ് വിഹിതമായി 2016-17 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽ നിന്നാണ് നൽകിവരുന്നത്. നിലവിൽ ഈ പദ്ധതി പ്രകാരം 1804 ആചാരസ്ഥാനികർക്കും 367 കോലധാരികൾക്കുമാണ് ധനസഹായം നൽകി വരുന്നത്. ധനസഹായം 1500 രൂപയായി വർദ്ധിപ്പിക്കണമെന്നാണ് ആവശ്യം. അങ്ങനെ വരുമ്പോൾ ഏകദേശം 1,86,76,800 രൂപ അധികമായി വേണ്ടി വരുന്നതാണ്. കൂടാതെ ഈ പദ്ധതിയിൽ പുതുതായി 1524 ആചാരസ്ഥാനികരുടേയും 124 കോലധാരികളുടേയും അപേക്ഷയും ലഭിച്ചിട്ടുണ്ട്. ഇത് കണക്കിലെടുത്താൽ ധനസഹായത്തുക 2,99,88,000 രൂപ വേണ്ടിവരും. അപ്രകാരം ധനസഹായം 1500 രൂപയായി വർദ്ധിപ്പിച്ചാൽ ആകെ 4,86,64,800 രൂപ അധികമായി വേണ്ടിവരുന്നതാണ്. ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റി 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തിയതിൽ ഈ ശീർഷകത്തിൽ അധികമായി 4 കോടി രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തീരുമാനമൊന്നും എടുത്തിട്ടില്ല. ധനകാര്യ വകുപ്പിൽ പ്രതീക്ഷയർപ്പിച്ചാണ് ഞാനും നിൽക്കുന്നത്. ഇതിൽ തീരുമാനമാകുന്ന മുറയ്ക്ക് പ്രതിമാസ ധനസഹായം ബഹുമാനപ്പെട്ട അംഗം ആഗ്രഹിച്ചതിനേക്കാൾ കൂടുതൽ, അദ്ദേഹം 1200 രൂപയാണ് പറഞ്ഞതെങ്കിൽ 1500 രൂപയാണ് യഥാർത്ഥത്തിൽ ഗവൺമെന്റ് നൽകാൻ ആഗ്രഹിക്കുന്നത്. അങ്ങനെ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## 10. മഞ്ചേരി അൺ-എയ്ഡഡ് സ്കൂളുകളിലെ പ്ലസ് വൺ സീറ്റ് വർദ്ധനവ്

ശ്രീ. എം. ഉമ്മർ: സർ, ഹയർ സെക്കന്ററി ഡയറക്ടറേറ്റിലെ പ്ലസ് വൺ അഡ്മിഷനുമായി ബന്ധപ്പെട്ട് എച്ച്.എസ്. ക്യാപ്പ് എന്ന സൈറ്റിൽ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം പ്രിൻസിപ്പൽമാരുടെ കൈവശമുള്ള അഡ്മിൻ യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യാമെന്നും പ്രസ്തുത സൈറ്റിൽ നിന്നും ലഭിക്കുന്ന സീറ്റ് മെട്രിക്സ് അനുസരിച്ച് പ്ലസ് വൺ പ്രവേശനം നടത്താമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എച്ച്.എം. ഹയർ സെക്കന്ററി സ്കൂൾ ഇറക്കൽ, ദാറുൺ അ ജാ ഓർഫനേജ് ഹയർ സെക്കന്ററി സ്കൂൾ കരുവാരക്കുണ്ട്, എം.ഐ.സി.എച്ച്.എസ്.എസ്. ഓർഫനേജ് സ്കൂൾ, അത്താണിക്കൽ തുടങ്ങിയ സ്കൂളുകൾ കുട്ടികളെ പ്രവേശിപ്പിക്കുകയുണ്ടായി. ഈ സ്കൂളുകൾ പ്രസ്തുത സൈറ്റിൽ ലോഗിൻ ചെയ്തപ്പോൾ ലഭിച്ച സീറ്റ് മെട്രിക്സ് പ്രകാരം 2016-17 അക്കാഡമിക് വർഷം 60 സീറ്റിൽ അഡ്മിഷൻ നടത്താമെന്നാണ് പറയുന്നത്. പ്രിന്റ് ഔട്ട് ലഭിച്ചപ്പോൾ 60 സീറ്റാണ് ലഭിച്ചത്. അതനുസരിച്ച് മുമ്പ് സൂചിപ്പിച്ച സ്കൂൾ അധികൃതർ ഓരോ ബാച്ചിലും 60 കുട്ടികളെ വീതം പ്രവേശിപ്പിക്കുകയും ചെയ്തു. എന്നാൽ അതിനുശേഷം പ്രസ്തുത സൈറ്റിൽ 60 എണ്ണമായി ഉയർത്തിക്കൊണ്ടുള്ള സീറ്റ് മെട്രിക്സിൽ ലഭ്യമായിരുന്നില്ല. പകരം എച്ച്.എസ്. ക്യാപ്പിൽനിന്നും മാറ്റി പിന്നീട് 50 ആക്കി പരിമിതപ്പെടുത്തുകയാണുണ്ടായത്. പ്രസ്തുത വിവരത്തിന് രേഖാമൂലം ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ഞാൻ മൂന്ന് പ്രാവശ്യം നേരിട്ട് നിവേദനം കൊടുക്കുകയുണ്ടായി. ഡയറക്ടറേറ്റിൽനിന്നും പുറപ്പെടുവിച്ച സർക്കുലറിലെ ഒരു തെറ്റ് കാരണം ഈ കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലാകുന്ന സാഹചര്യമുണ്ടായിരിക്കുകയാണ്. നാലോ അഞ്ചോ സ്കൂളുകളിലാണ് ഇങ്ങനെയുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്റെ നിയോജക മണ്ഡലത്തിൽ രണ്ടും എം.ഐ.സി. യത്തീംഖാനയിൽ മൂന്നെണ്ണവുമെന്നാണ് പറഞ്ഞിട്ടുള്ളത്. ബാക്കി 5 ഓർഫനേജ് സ്കൂളുകളിലെ പത്ത് വീതം കുട്ടികൾക്ക് ഈ പിശക് കാരണം അഡ്മിഷൻ കൊടുക്കുകയുണ്ടായി. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ഇക്കാര്യത്തിനായി 3 പ്രാവശ്യം വന്ന് കാണുകയുണ്ടായി. അത് ശരിയാക്കിയെടുക്കാമെന്നും കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കാൻ പ്രയാസമുണ്ടാകില്ലെന്നും മന്ത്രി പറഞ്ഞത് ഉത്തമവിശ്വാസത്തിലെടുത്തുകൊണ്ടും, അധികൃതർ എടുത്തിട്ടുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് ഈ കുട്ടികൾക്ക് അഡ്മിഷൻ നൽകിയിട്ടുള്ളത്. അതിന്റെ കോപ്പി സഹിതം ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയിട്ടുണ്ട്. ഐ.സി.ടി. സെല്ലിലെ ഉദ്യോഗസ്ഥർ പറയുന്നത്, ഇതൊരു ഫോർജ്ഡ് ഡോക്യുമെന്റ് ആണെന്നാണ്. ഒരിക്കലും അത് ഫോർജ്ഡ് ഡോക്യുമെന്റ് അല്ല. ഇതിന്റെ ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുകയാണ്. അത് തെറ്റാണെങ്കിൽ സൈബർ സെല്ലിന് കൊടുക്കാനോ എന്നെ അടക്കം കൂട്ടുപ്രതിയായി ചേർക്കുന്നതിനോ എനിക്ക് യാതൊരു തടസ്സവുമില്ല. സത്യസന്ധമായി എടുത്തിട്ടുള്ള നിലപാട് സ്വീകരിക്കുകയും കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലാക്കാതെ ഈ സീറ്റിൽ അഡ്മിഷൻ നൽകണമെന്നുമാണ് എന്റെ അഭ്യർത്ഥന.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്തെ ഹയർ സെക്കന്ററി കോഴ്സിൽ ഒരു ബാച്ചിൽ പ്രവേശിപ്പിക്കാവുന്ന പരമാവധി വിദ്യാർത്ഥികളുടെ എണ്ണം 50 ആയി നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓരോ വർഷവും മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കാറുണ്ട്. ഈ വർഷം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ചിരുന്നുവെങ്കിലും അൺ-എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ അവ ബാധകമാക്കിയിരുന്നില്ല. അൺ-എയ്ഡഡ് ഹയർ സെക്കന്ററി കോഴ്സിൽ ഒരു ബാച്ചിൽ ഈ വർഷം പ്രവേശിപ്പിക്കാവുന്ന പരമാവധി വിദ്യാർത്ഥികളുടെ എണ്ണം 50 ആയിരിക്കെ ചില അൺ-എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഈ വർഷവും സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി 50-ൽ കൂടുതൽ വിദ്യാർത്ഥി പ്രവേശനം നടത്തിയിട്ടുണ്ട്. ഈ വർഷം 60 വിദ്യാർത്ഥികളെ വീതം ഓരോ ബാച്ചിലും പ്രവേശിപ്പിച്ച രണ്ട് അൺ-എയ്ഡഡ് സ്കൂളുകളാണ് അങ്ങ് ഇവിടെ പ്രതിപാദിച്ചത്. ഇത്തരത്തിൽ അധികമായി പ്രവേശിപ്പിച്ച 10 വിദ്യാർത്ഥികൾ ഉൾപ്പെടെ 2016-17 അദ്ധ്യയനവർഷം ഓരോ ബാച്ചുകളിലും 60 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കണമെന്ന് പ്രസ്തുത സ്കൂൾ മാനേജ്മെന്റ് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഈ സ്കൂളുകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ അൺ-എയ്ഡഡ് സ്കൂളുകളും ബാച്ച് ഒന്നിന് 50 സീറ്റ് വച്ചാണ് സീറ്റ് മെട്രിക്സ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. അൺ-എയ്ഡഡ് സ്കൂളുകളിൽ വൻതുക ഫീസായി ഈടാക്കുന്നുവെന്ന ആരോപണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ അത്തരത്തിലുള്ള അനാശാസ്യമായ പ്രവണതകൾ പ്രോത്സാഹിപ്പിക്കാതിരിക്കുന്നതിനാണ് അൺ-എയ്ഡഡ് സ്കൂളുകളിൽ അധിക സീറ്റുകൾ അനുവദിച്ച് നൽകാത്തത്. എന്നാൽ ടി മാനേജ്മെന്റുകൾ സർക്കാർ നിർദ്ദേശം മറികടന്നുകൊണ്ട് അധിക വിദ്യാർത്ഥി പ്രവേശനം നടത്തിയത് ക്രമവിരുദ്ധമായൊരു നടപടിയാണ്. സർക്കാർ ഈ വിഷയം പരിശോധിക്കുകയും ഇത്തരത്തിൽ അധികമായി പ്രവേശിപ്പിച്ച വിദ്യർത്ഥികളെ സമീപത്തെ സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നൽകിയോ ഓപ്പൺ സ്കൂൾ മുഖാന്തരം രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി നൽകിയോ ഈ അൺ-എയ്ഡഡ് സ്കൂളുകളിൽനിന്നും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ വിദ്യാർത്ഥികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ അവരുടെ പഠനത്തെയോ, ഭാവിയേയോ ബാധിക്കാത്ത തരത്തിൽ സർക്കാർ പരിഹരിച്ചുവരുന്നു.

## VI വ്യക്തിപരമായ വിശദീകരണം

### തെറ്റായ പരാമർശം സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ്: സർ, കഴിഞ്ഞ ദിവസം ബഹുമാന്യനായ മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ രാജിവയ്ക്കാനിടയായ സാഹചര്യങ്ങളെ സംബന്ധിച്ച് സഭയിൽ പ്രസ്താവന നടത്തുന്നതിനിടയിൽ ഞാനും ശ്രീ. വി. ഡി. സതീശനും കാരണമാണ് അദ്ദേഹം രാജിവച്ചത് എന്ന്

പരാമർശിക്കുകയുണ്ടായി. ഒരു മന്ത്രി രാജിവച്ചത് ഞങ്ങൾ രണ്ടുപേരും കൂടി ശ്രമിച്ചതുകൊണ്ടാണെങ്കിൽ അതൊരു ക്രെഡിറ്റായി ഞങ്ങൾ എടുക്കുകയാണ്. യഥാർത്ഥ വസ്തുത, കഴിഞ്ഞ ഒരു മാസമായി ഞാൻ എന്റെ വ്യക്തിപരമായ ആവശ്യവുമായി ബന്ധപ്പെട്ട് കേരളത്തിന് പുറത്തായിരുന്നു. രാജിവച്ച ഒരു മന്ത്രിയുടെ പ്രസ്താവന സസൂക്ഷ്മം എല്ലാവരും വീക്ഷിക്കുന്നതാണ്. അദ്ദേഹം രാജിവച്ച ഒരു മന്ത്രിയാണ്, മുറിവേറ്റ ഒരു മന്ത്രിയാണ്. ആ പ്രസ്താവന എന്റെ പൊതുജീവിതത്തെയും സൽപ്പേരിനെയും കളങ്കപ്പെടുത്തുന്നതാണ്. അത് എന്നെ മനഃപൂർവ്വം ആക്ഷേപിക്കാനുള്ളതാണെന്ന് ഞാൻ വിചാരിക്കുകയാണ്. അതുകൊണ്ട് അത് രേഖയിൽ ഉണ്ടാകാൻ പാടില്ല. ഇതുസംബന്ധിച്ച് ഒരു വിശദീകരണം അങ്ങ് നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ചട്ടം 288 എന്ന് പറയുന്നത് വ്യക്തിപരമായ വിശദീകരണമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ചട്ടം 303 എക്സ്പഞ്ച് ചെയ്യാനുള്ള റിക്വസ്റ്റ് കൂടി ഉണ്ട്.

മി. സ്പീക്കർ: അത് പരിശോധിക്കാം.

# VII ക്രമപ്രശ്നം

## ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്

ശ്രീ. എം. വിൻസെന്റ്: സർ, പത്ത് ദിവസത്തെ നോട്ടീസ് നൽകി നിയമസഭയിലെ അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ തലേദിവസം 5 മണിക്ക് മുമ്പ് സെക്രട്ടേറിയറ്റിൽ എത്തിക്കേണ്ടതാണ്. 26-ാം തീയതി ഞാൻ ആവശ്യപ്പെട്ട ഒരു ചോദ്യത്തിന് ഇതുവരെയും ഉത്തരം ലഭിച്ചിട്ടില്ല എന്നുമാത്രമല്ല ഞാൻ ചോദിച്ച ചോദ്യത്തിന്റെ ഉത്തരങ്ങൾ വിവരാവകാശ നിയമപ്രകാരം ജനങ്ങൾക്ക് ലഭ്യമായത് എല്ലാ മാധ്യമങ്ങളിലും വാർത്ത വന്നതാണ്. ഇത് നിയമസഭയോടുള്ള അവഹേളനം മാത്രമല്ല അംഗങ്ങളുടെ അവകാശങ്ങളെ ലംഘിക്കുന്ന സമീപനമാണ്. സർക്കാരിന്റെ കയ്യിലുള്ള വിവരങ്ങൾ പത്ത് ദിവസങ്ങൾക്കുള്ളിൽ നൽകാമായിരുന്നിട്ടും നൽകിയില്ല എന്നുള്ളതാണ് ഏറ്റവും ഗൗരവതരമായൊരു വിഷയം. രണ്ട് ദിവസം മുമ്പ് മുഖ്യമന്ത്രി അടിയന്തരപ്രമേയത്തിനുള്ള മറുപടിയിൽ പറഞ്ഞതുപോലെ ചിറകുകളും കാലും മുറിച്ച് മാറ്റാതെ സംരക്ഷിക്കുന്ന ഒരു തത്തയുമായി ബന്ധപ്പെട്ടുള്ള ചോദ്യമായതുകൊണ്ടാണ് ഈ ചോദ്യത്തിന് മറുപടി നൽകാതിരിക്കുന്നത്. ഇത് suppression of facts മാത്രമല്ല, ഈ സർക്കാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സംരക്ഷിക്കുകയാണ്. ഉദ്ദിഷ്ട കാര്യത്തിനുള്ള ഉപകാര സ്മരണയാണോ ഈ ഉത്തരം നൽകാതിരിക്കുന്നത്? അത് വ്യക്തമാക്കണം. സംസ്ഥാനത്ത് ആ തത്ത അഴിമതിയുടെ ചിറക് വിരിച്ച് പറക്കുകയാണ്. അതിനെ സംരക്ഷിക്കുകയാണ്

ഗവൺമെന്റ് ചെയ്യുന്നത്. അതുകൊണ്ട് അടിയന്തരമായി അങ്ങ് ഇതിന് റൂളിംഗ് നൽകണം. അങ്ങയുടെ മുൻഗാമികളായിട്ടുള്ള ശ്രീ. കെ. രാധാകൃഷ്ണൻ സ്പീക്കർ ആയിരുന്നപ്പോൾ രണ്ട് തവണയും ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ സ്പീക്കർ ആയിരുന്നപ്പോൾ ഒരു തവണയും റൂളിംഗ് നൽകുകയുണ്ടായി. വിവരാവകാശ നിയമപ്രകാരം ജനങ്ങൾക്ക് വിവരം ലഭിക്കുമ്പോൾ അംഗങ്ങൾക്ക് ആ വിവരങ്ങൾ ലഭിക്കുന്നില്ല. നിലവിൽ സർക്കാരിന്റെ കയ്യിലുള്ള വിവരങ്ങൾ കൈമാറാൻ എന്തുകൊണ്ടാണ് ഈ സർക്കാർ അമാന്തിക്കുന്നത്?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാധാരണഗതിയിൽ അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് 'വിവരം ശേഖരിച്ചുവരുന്നു' എന്ന മറുപടി നൽകിയാൽ അടുത്ത നിയമസഭാ സമ്മേളനത്തിൽ അത് മേശപ്പുറത്ത് വയ്ക്കുകയോ ലൈബ്രറിയിൽ ലഭ്യമാക്കുകയോ ചെയ്യാറുണ്ട്. പല ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്. അങ്ങ് അത് പരിശോധിക്കണം. അത് suppression of facts ആയി ഞങ്ങൾക്ക് തോന്നുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. വിൻസെന്റ് ഉന്നയിച്ച കാര്യം വളരെ ഗൗരവമാണ്. അങ്ങ് ദയവായി അംഗങ്ങളുടെ താല്പര്യം സംരക്ഷിക്കണം. അങ്ങയുടെ പ്രൊട്ടക്ഷൻ ഞങ്ങൾക്ക് വേണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അംഗങ്ങൾ ചോദിക്കുന്ന ചോദ്യത്തിന് ഉത്തരം നൽകുക തന്നെ വേണം. കഴിഞ്ഞ നിയമസഭയിൽ ഞാൻ ചോദിച്ച ചോദ്യത്തിന് ഇപ്പോൾ ഉത്തരം പറയുന്നുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആർ.റ്റി.ഐ. ആക്ടനുസരിച്ച് ചോദ്യം ചോദിച്ചാൽ മറുപടി ലഭിക്കണം. അങ്ങനെ ഉത്തരം ലഭിക്കാതെ വന്നാൽ അതിന്മേൽ അപ്പീൽ നൽകിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പിഴ അടയ്ക്കേണ്ടിവരും. പിഴ അടയ്ക്കേണ്ടിവരുമെന്നുള്ള ഭയത്താലാണ് വിവരാവകാശം അനുസരിച്ചുള്ള ചോദ്യത്തിന് ഉത്തരം ലഭിക്കുന്നത്. നിയമസഭയിലെ അംഗങ്ങൾക്ക് privilege ഉണ്ട്. വിവരാവകാശം അനുസരിച്ച് ലഭിക്കുന്ന ഉത്തരം നിയമസഭയിൽക്കൂടി ലഭ്യമാക്കിക്കൂടെ, അത് നിയമസഭയിൽ ലഭിക്കേണ്ടതല്ലേ? ഉത്തരം ശേഖരിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ അവിടെ നൽകുകയില്ലല്ലോ. അതുകൊണ്ട് അംഗങ്ങളുടെ ഈ privilege അങ്ങ് സംരക്ഷിക്കണമെന്നതാണ് എന്റെ അഭ്യർത്ഥന.

## റൂളിംഗ്

മി. സ്പീക്കർ: ചട്ടപ്രകാരമുള്ള ഒരവകാശം അംഗങ്ങൾക്ക് നിഷേധിക്കപ്പെട്ടാൽ ചട്ടം 303 പ്രകാരം പോയിന്റ് ഓഫ് ഓർഡറായി ഉന്നയിക്കാൻ അവകാശമുണ്ട്. അതാണ് ബഹുമാനപ്പെട്ട നിയമസഭാ സാമാജികൻ ഉപയോഗപ്പെടുത്തിയത്. സാമാജികർ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് കൃത്യസമയത്ത് മറുപടി ലഭിക്കാത്ത വിഷയം നേരത്തെ യും നമ്മൾ ചർച്ച ചെയ്തതാണ്. ഒരു കാരണവശാലും ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചോദ്യങ്ങൾക്കുള്ള മറുപടി യഥാസമയം അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഗവൺമെന്റും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

## VII മേശപ്പുറത്തുവച്ച കടലാസുകൾ

### ചട്ടം 236(6) അനുസരിച്ചുള്ള പ്രത്യേക ലിസ്റ്റ് പ്രകാരം

1.മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| (1) | (2) | (3) |
| II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2015-16 | ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് |
| IV—തെരഞ്ഞെടുപ്പുകൾ | 2015-16 | ഇലക്ഷൻ വകുപ്പ് |
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2015-16 | പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് |
| | | അച്ചടി വകുപ്പ് |
| | | സ്റ്റേഷനറി വകുപ്പ് |
| | | ഉദ്യോഗസ്ഥഭരണപരിഷ്കാര (ഐ.എം.ജി.) വകുപ്പ് |
| | | ഉദ്യോഗസ്ഥഭരണപരിഷ്കാര ഔദ്യോഗിക ഭാഷാ വകുപ്പ് |

| (1) | (2) | (3) |
|---|---|---|
| XVI—പെൻഷനും പലവകയും | 2015-16 | രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി |
| XXIII—വാർത്താവിതരണവും പ്രചരണവും | 2015-16 | വിവരപൊതുജനസമ്പർക്ക വകുപ്പ് |
| XXIX—കൃഷി | 2015-16 | കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കേരള സംസ്ഥാന വിദൂരസംവേദന പരിസ്ഥിതി കേന്ദ്രം) |
| | | കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് |
| XXXVII—വ്യവസായങ്ങൾ | 2013-14 | ഇലക്ട്രോണിക്സ് ആന്റ് വിവര സാങ്കേതികവിദ്യാ വകുപ്പ് (സൈബർ പാർക്ക്,കോഴിക്കോട്) |
| | 2015-16 | ഇലക്ട്രോണിക്സ് ആന്റ് വിവരസാങ്കേതികവിദ്യാ വകുപ്പ്, ടെക്നോപാർക്ക് |
| XXXVII—വ്യവസായങ്ങൾ | 2013-14 | കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് |
| | | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് |
| XXXVII—വ്യവസായങ്ങൾ | 2014-15 | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് |
| XXXVII—വ്യവസായങ്ങൾ | 2015-16 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് |
| | | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് |
| | | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് |
| XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | 2015-16 | പൊതുഭരണ (സൈനികക്ഷേമ) വകുപ്പ് |

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2011-12 | പാർലമെന്ററികാര്യ വകുപ്പ് |
| | 2015-16 | പാർലമെന്ററികാര്യ വകുപ്പ് |
| XXV—പട്ടികജാതി /പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2013-14 | പിന്നോക്കസമുദായ വികസന വകുപ്പ് |
| | 2014-15 | പട്ടികവർഗ്ഗ വികസന വകുപ്പ് |

3. വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XI—ജില്ലാഭരണവും പലവകയും | 2015-16 | റവന്യൂ (ദേവസ്വം) |
| XXXIX—വൈദ്യുത പദ്ധതികൾ | 2015-16 | എനർജി മാനേജ്മെന്റ് സെന്റർ |
| | | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |
| XXXIX—വൈദ്യുത പദ്ധതികൾ | 2014-15 | എനർജി മാനേജ്മെന്റ് സെന്റർ |

4. സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXVII—സഹകരണം | 2015-16 | സഹകരണ വകുപ്പ് |

5. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2015-16 | പൊതുവിദ്യാഭ്യാസ വകുപ്പ് |

6. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXI—മൃഗസംരക്ഷണം | 2015-16 | മൃഗസംരക്ഷണ വകുപ്പ് |
| XXXII—ക്ഷീരവികസനം | 2014-15 | ക്ഷീരവികസനം |
| XXXIV—വനം | 2015-16 | വനം വന്യജീവി വകുപ്പ് |

7. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 2015-16 | രജിസ്ട്രേഷൻ<br>ട്രഷറി<br>നികുതി |

8. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX—കൃഷി | 2015-16 | മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് |
| | | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, കേരള |

9. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2015-16 | ധനകാര്യ (അക്കൗണ്ട്സ്-എ) വകുപ്പ് |
| X—ട്രഷറികളും അക്കൗണ്ടുകളും | 2015-16 | 1. ട്രഷറി<br>2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് |
| XI—ജില്ലാഭരണവും പലവകയും | 2015-16 | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് |
| XVI—പെൻഷനും പലവകയും | 2015-16 | 1. ധനകാര്യം (പെൻഷൻ)<br>2. ധനകാര്യം (ലോൺസ്) |
| XLIII—നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 2015-16 | ധനകാര്യം (എസ്.എഫ്.സി. സെൽ എ) |
| XLV—പലവകവായ്പകളും മുൻകൂറുകളും | 2015-16 | 1. ധനകാര്യം (ലോൺസ്)<br>2. ധനകാര്യം (എച്ച്.ബി.എ.) |
| XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | 2015-16 | സംസ്ഥാന ഇൻഷ്വറൻസ് |

10. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX—കൃഷി | 2014-15 | കേരള കമാന്റ് ഏരിയ വികസന അതോറിറ്റി, കേരളം |
| XXXVIII—ജലസേചനം | 2014-15 | ജലവിഭവ വകുപ്പ് |

# IX റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി

VII-ന്റെ റിപ്പോർട്ട്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 1-4-2015 മുതൽ 31-3-2016 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

മി.സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# X റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

# XI ധനകാര്യം

## 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്ക് സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു:

| ധനാഭ്യർത്ഥന | ധനാഭ്യർത്ഥനയുടെ പേര് | ബജറ്റ് എസ്റ്റിമേറ്റ് 2016-17 | | | | | | |
|---|---|---|---|---|---|---|---|---|
| | | 24-2-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 14-07-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| XXVII | സഹകരണം | 93,45,60,000 | 25,62,43,000 | 78,84,20,000 | 19,21,83,000 | 143,06,99,000 | 32,03,05,000 | 175,10,04,000 |
| XXIX | കൃഷി | 985,89,28,000 | 124,28,49,000 | 739,41,98,000 | 93,21,37,000 | 1232,36,67,000 | 155,35,60,000 | 1387,72,27,000 |
| XLII | വിനോദസഞ്ചാരം | 62,45,43,000 | 71,97,67,000 | 46,84,08,000 | 53,98,25,000 | 78,06,78,000 | 89,97,09,000 | 168,03,87,000 |

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236(3)അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എ. പി. അനിൽ കുമാർ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 175,10,04,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഓണത്തിനുമുമ്പ് സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ സഹകരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 175,10,04,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കൺസ്യൂമർഫെഡിന്റെ നന്മ സ്റ്റോറുകൾ അടച്ചുപൂട്ടിയതുമൂലം വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 175,10,04,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സഹകരണ മേഖലയെ ചലനാത്മകമാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 175,10,04,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ മെരിറ്റ് സീറ്റിലേയ്ക്കുള്ള പ്രവേശനത്തിന് ഫീസ് ഒറ്റയടിക്ക് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചതുമൂലം വിദ്യാർത്ഥികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

### സൂചക വെട്ടിക്കുറയ്ക്കൽ

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 175,10,04,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പി. സി. ജോർജ്
2. ശ്രീ. മോൻസ് ജോസഫ്
3. ശ്രീ. കെ. എം. ഷാജി
4. ശ്രീ. പാറക്കൽ അബ്ദുല്ല
5. ശ്രീ. ടി. വി. ഇബ്രാഹിം
6. ശ്രീ. അബ്ദുൽ ഹമീദ്. പി.
7. ശ്രീ. പി. ഉബൈദുള്ള
8. ശ്രീ. എൻ. ഷംസുദ്ദീൻ
9. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
10. ശ്രീ. എം. ഉമ്മർ
11. ഡോ. എം. കെ. മുനീർ

**ധനാഭ്യർത്ഥന XXIX-കൃഷി**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. അനിൽ അക്കര: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1387,72,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കരനെൽക്കൃഷി പ്രോത്സാഹിപ്പിക്കാൻ ക്രിയാത്മക പദ്ധതികൾ ആവിഷ്ക്കരിക്കാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1387,72,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നെൽക്കൃഷി പ്രോത്സാഹിപ്പിക്കുമെന്ന പ്രഖ്യാപനങ്ങൾക്ക് ശേഷവും നെൽപ്പാടങ്ങൾ തരിശിടാൻ കർഷകർ നിർബന്ധിതരാകുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1387,72,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പുതിയവ നട്ടുപിടിപ്പിക്കുന്നതിന് സഹായധനം നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1387,72,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പച്ചത്തേങ്ങ സംഭരണം ക്രിയാത്മകമായി നടക്കുന്നില്ലെന്നും സംഭരിക്കുന്ന തേങ്ങയ്ക്ക് ന്യായമായ വില ലഭിക്കുന്നില്ലെന്നുമുള്ള പരാതി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1387,72,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നീര ഉല്പാദനത്തിനും വിപണനത്തിനും ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1387,72,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തെങ്ങു കർഷകർക്ക് ആശ്വാസമാകുമായിരുന്ന നീര ഉല്പാദന വിപണനപദ്ധതി വിപുലീകരണം സ്തംഭനത്തിലായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1387,72,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തെങ്ങു കയറുന്നതിനുള്ള കൂലി ക്രമാതീതമായി വർദ്ധിച്ചതുമൂലവും നാളികേര വിലയിടിവുമൂലവും പ്രതിസന്ധിയിലായ കർഷകരെ സഹായിക്കാൻ പ്രായോഗിക നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1387,72,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നാളികേര വിലത്തകർച്ചമൂലം നാളികേര കർഷകർ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1387,72,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തെങ്ങുകളുടെ മണ്ഡരി രോഗ നിവാരണത്തിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1387,72,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ കൃഷി ഫാമുകൾ നവീന രീതിയിൽ പുനരുദ്ധരിക്കാൻ ക്രിയാത്മക പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1387,72,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത നേടാൻ കഴിയാത്തതിനാൽ അന്യസംസ്ഥാനത്ത് നിന്നുള്ള വിഷം കലർന്ന പച്ചക്കറി സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്നതായ സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1387,72,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിളനാശം സംഭവിക്കുന്ന കർഷകർക്ക് തുച്ഛമായ ആനുകൂല്യം മാത്രമാണ് നൽകുന്നതെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1387,72,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജൈവകൃഷി രീതിയിലൂടെ ഉല്പാദിപ്പിക്കുന്ന കാർഷിക വിഭവങ്ങൾക്ക് മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്താത്തതുമൂലം ശരിയായ വില കിട്ടാതെ കർഷകർ കടക്കെണിയിലായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1387,72,27,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. മോൻസ് ജോസഫ്
2. ഡോ. എം. കെ. മുനീർ
3. ശ്രീ. പി. സി. ജോർജ്
4. ശ്രീ. ഐ.സി. ബാലകൃഷ്ണൻ

**ധനാഭ്യർത്ഥന XLII -വിനോദസഞ്ചാരം**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 168,03,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ വിനോദസഞ്ചാര പദ്ധതികൾക്ക് വികസന മുരടിപ്പെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 168,03,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 168,03,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 168,03,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കാനും ആകർഷകമാക്കാനും ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 168,03,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 168,03,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന ടൂറിസ്റ്റുകൾക്ക് ആവശ്യമായ പരിരക്ഷ ലഭിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 168,03,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് മെഡിക്കൽ ടൂറിസത്തിന്റെ സാധ്യത പരിശോധിച്ച് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 168,03,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മദ്യലഭ്യത കുറയുന്നത് വിനോദസഞ്ചാര മേഖലയെ ദോഷകരമായി ബാധിക്കുമെന്ന പേരിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മദ്യം ലഭ്യമാക്കാൻ നീക്കം നടക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 168,03,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ പര്യാപ്തമായ ചരിത്രാവശിഷ്ടങ്ങൾ, പൈതൃക ശേഷിപ്പുകൾ എന്നിവ നിലനിർത്താനും സംരക്ഷിക്കാനും പുരാവസ്തു വകുപ്പ്, സാംസ്കാരിക വകുപ്പ് എന്നിവയുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 168,03,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിനോദസഞ്ചാര മേഖലകളിൽ KTDC ലഭ്യമാക്കുന്ന സേവനങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ കൈക്കൊള്ളാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 168,03,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിനോദസഞ്ചാര വികസന നടപടികളിൽ പങ്കാളിത്തം വഹിക്കുന്ന ജീവനക്കാരുടെ പ്രൊഫഷണലിസമില്ലായ്മയും മോശം പെരുമാറ്റവും പരിഹരിക്കുവാൻ ശ്രദ്ധ ചെലുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 168,03,87,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. ടി. വി. ഇബ്രാഹിം
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. കെ. എം. ഷാജി
4. ശ്രീ. വി.ഡി. സതീശൻ
5. ശ്രീ. പി. സി. ജോർജ്

ശ്രീ. വി. ജോയി: സർ, സഹകരണം, കൃഷി, വിനോദസഞ്ചാരം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ലോകത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയിൽ സഹകരണ പ്രസ്ഥാനം നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകൾ വളരെ മഹത്തരമാണ്, ഇതിനൊരു ചരിത്രമുണ്ട്. റോബർട്ട് ഓവന്റെയും റോക്ഡേൽ പൈനിയേഴ്സിന്റെയും ആശയങ്ങളാണ് ലോകത്ത് സഹകരണ പ്രസ്ഥാനത്തിന് വിത്തുകൾ പാകിയത്. സൂര്യൻ അസ്തമിക്കാത്ത രാജ്യത്തിന്റെ ഉടമകളെന്നോ അധിപതികളെന്നോ ഒക്കെ വിശേഷിപ്പിക്കപ്പെട്ടതും കൊളോണിയൽ ഭരണത്തിന്റെ ഉസ്താദുമായിരുന്ന ബ്രിട്ടനോട് ആഗോള

സഹകരണ മേഖലയ്ക്ക് ഏറെ കടപ്പാടുണ്ട്. ക്യാപിറ്റലിസ്റ്റ് വ്യവസ്ഥിതി പിന്തുടരുമ്പോഴും ഇവരുടെ ആശയങ്ങൾ ബ്രിട്ടീഷ് പാർലമെന്റ് കണ്ടെത്തിയിരുന്നു. ആ ബ്രിട്ടീഷ് പാർലമെന്റ് നടത്തിയ ശ്രമങ്ങളാണ് പിന്നീട് ലോകമെമ്പാടും സഹകരണ മേഖലയ്ക്ക് ഒരു മേൽവിലാസമുണ്ടാക്കി കൊടുത്തത്. ഇൻഡ്യയിലാണെങ്കിൽ 1904-ൽ ബ്രിട്ടീഷ് ഭരണാധികാരികൾ മുൻകയ്യെടുത്താണ് സഹകരണ പ്രസ്ഥാനം ആരംഭിച്ചത്. ഇൻഡ്യയിലെ സഹകരണ പ്രസ്ഥാനത്തിന് കേരളം എപ്പോഴും മാതൃകയായിട്ടുണ്ട്. കേരളത്തിൽ സഹകരണ പ്രസ്ഥാനം സർവ്വവ്യാപിയാണ്, സഹകരണ പ്രസ്ഥാനം കടന്നുചെല്ലാത്ത ഒരു മേഖലയുമില്ല. സഹകരണ മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും അനുബന്ധ സ്ഥാപനങ്ങളും മാർജിൻഫ്രീ ഷോപ്പുകളും തുടങ്ങി ഏറ്റവും അവസാനം ജൈവപച്ചക്കറി കൃഷി വരെ നടത്തുന്ന കാര്യത്തിൽ സഹകരണ പ്രസ്ഥാനം ഏറെ മുമ്പിലാണ്. ഇൻഡ്യയിൽ കണക്കുപ്രകാരം ഏതാണ്ട് ആറുലക്ഷത്തോളം സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ കേരളത്തിൽ ബാങ്കിംഗ് നടത്തുന്ന സഹകരണ സ്ഥാപനങ്ങളുടെ എണ്ണം 5500-ഓളം വരും. ആകെ സഹകരണ പ്രസ്ഥാനങ്ങൾ 15000-ൽ അധികമാണ്. ഇതിലെല്ലാംകൂടി ഏതാണ്ട് 6000-ത്തോളം കോടി രൂപയുടെ നിക്ഷേപമുണ്ട്. 6000 കോടി രൂപയുടെ ആസ്തി കണ്ട് ചിലരുടെ കണ്ണ് മഞ്ഞളിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ ചിലർ ഈ മേഖലയിൽ കയറിപ്പറ്റി എന്തൊക്കെയാണ് ചെയ്തതെന്ന് ഞാൻ പൂർണ്ണമായി വിവരിക്കുന്നില്ല. ഒരു മുൻ പ്രധാനമന്ത്രി സഹകരണ മേഖലയെക്കുറിച്ച് പറഞ്ഞത്, സേവന മേഖലയിലും വികസന മേഖലയിലും കാർഷിക മേഖലയിലും തൊഴിൽ മേഖലയിലും നിർണ്ണായക സംഭാവനകൾ നൽകിവരുന്ന ഒരേയൊരു പ്രസ്ഥാനം സഹകരണ പ്രസ്ഥാനമാണെന്നാണ്. അദ്ദേഹത്തിന്റെ പിൻമുറക്കാർ ഇവിടെ കഴിഞ്ഞ കാലങ്ങളിൽ നടത്തിക്കൂട്ടിയത് എന്തൊക്കെയാണ്; കൺസ്യൂമർഫെഡ് മാത്രം പരിശോധിച്ചാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ കെടുകാര്യസ്ഥതയ്ക്ക് വേറെ തെളിവെന്തുവേണം? കൺസ്യൂമർഫെഡ് ഇന്ന് 1200 കോടി രൂപയുടെ ബാധ്യതയിൽ നിൽക്കുകയാണ്. അവിടത്തെ ജീവനക്കാരുടെ എണ്ണം നോക്കിയാൽ 509 സ്ഥിരം ജീവനക്കാരുള്ള സ്ഥലത്ത് കഴിഞ്ഞ കാലങ്ങളിൽ 3273 ദിവസ വേതനക്കാരെ നിയമിച്ചിരുന്നു. 727 കൺസോളിഡേറ്റഡ് ജീവനക്കാരുണ്ടായിരുന്നു. അപ്പോൾ കേരളത്തിലെ 750-ഓളം നന്മ സ്റ്റോറുകളിൽ നിലവിലുള്ള ജീവനക്കാരെക്കാൾ കൂടുതൽ ബന്ധുക്കളെയും സ്വന്തക്കാരെയും

നിയമിച്ച് ഈ കൺസ്യൂമർഫെഡിനെ കോടിക്കണക്കിന് രൂപയുടെ അഴിമതിയിലേയ്ക്കാണ് കൊണ്ടുചെന്നെത്തിച്ചിരിക്കുന്നത്. കൺസ്യൂമർഫെഡിന്റെ അന്നത്തെ പ്രസിഡന്റ് വിമാനയാത്ര നടത്തിയത് 40 ലക്ഷം രൂപ ചെലവഴിച്ചാണെന്നും പ്രസിഡന്റിന്റെ ഔദ്യോഗിക കാറിന് ആ കാലയളവിൽ 27 ടയറുകൾ വാങ്ങിയെന്നുമുള്ള വിവരം പുറത്തുവന്നിട്ടുണ്ട്. ഇക്കാര്യം ശ്രീ. ടോമിൻ തച്ചങ്കരി ഒരു പരിശോധനയിലൂടെ സഹകരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കൊടുത്ത റിപ്പോർട്ടിലുള്ളതാണ്. ഒരു സ്ഥാപനം എങ്ങനെയാണ് കുത്തഴിഞ്ഞ് സാമ്പത്തിക തകർച്ചയിലേയ്ക്ക് പോകുന്നതെന്ന് മനസ്സിലാക്കാൻ മറ്റെന്തുവേണം. കോടിക്കണക്കിന് രൂപയ്ക്ക് ഗുണമേന്മയില്ലാത്ത സാധനങ്ങൾ വാങ്ങി, കേരളത്തിലെ 11 ഡിപ്പോകളിൽ കൂട്ടിയിട്ടിരിക്കുകയാണ്. ഇതെല്ലാം പുഴവരിച്ച് നശിച്ച കഥകൾ ഇവിടത്തെ മാധ്യമങ്ങൾ നിരവധി തവണ പുറത്തുകൊണ്ടുവന്നിട്ടുണ്ട്. ഗോഡൗണുകൾ വാടകയ്ക്കെടുത്തതിലെ അഴിമതികൾ മാത്രമല്ല, മൊബൈൽ ത്രിവേണികളുമുണ്ട്. 141 വാഹനങ്ങളാണ് ഇതിനായി വാങ്ങിയത്. ഇതിൽ 60 എണ്ണം കട്ടപ്പുറത്താണ്. ഒരു പുതിയ സംരംഭമായ ഫ്ലോട്ടിംഗ് ത്രിവേണിക്കുവേണ്ടി 6 ബോട്ടുകൾ വാങ്ങുകയും ആർഭാടപൂർവ്വം കൊണ്ടുനടക്കുകയും ചെയ്തെങ്കിലും ഇന്ന് സർവ്വീസില്ല. രണ്ട് ബോട്ടുകൾ കായലിൽ മുങ്ങിക്കിടക്കുകയാണ്. കൺസ്യൂമർഫെഡ് അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും ധൂർത്തിന്റെയും പര്യായമായി മാറി. കൺസ്യൂമർഫെഡിൽ 2012-ന് ശേഷം ആഡിറ്റ് നടന്നിട്ടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വരുമ്പോഴെല്ലാം കൺസ്യൂമർഫെഡ്ഡിനെ അഴിമതി കുറച്ച് ലാഭത്തിലേയ്ക്ക് കൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നതിനുശേഷമുള്ള കഴിഞ്ഞ ഓണം നാളിൽ 82 കോടി രൂപയുടെ വിൽപ്പനയാണ് നടത്തിയത്. ഒരു കടവും വന്നില്ല. കൺസ്യൂമർഫെഡിൽ പലർക്കും ജോലിയുണ്ടെങ്കിലും അവർ ജോലി ചെയ്യുന്നത് ബന്ധപ്പെട്ട മന്ത്രിമാരുടെ വീടുകളിലും സ്ഥാപനങ്ങളിലും ആവശ്യമായ മറ്റ് സ്ഥലങ്ങളിലുമാണ്. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന 750 നന്മ സ്റ്റോറുകൾ പൂട്ടുകയും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുന്ന ഈ സ്ഥാപനത്തെ കരകയറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്ത ആരാധ്യനായ മന്ത്രിയെയും ഈ ഗവൺമെന്റിനെയും ഞാൻ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്തെ കൺസ്യൂമർഫെഡിന്റെ കുംഭകോണങ്ങളുടെ കഥയും അതുമായി ബന്ധപ്പെട്ട കേസ്സുകളും ഓരോന്നായി വന്നുകൊണ്ടിരിക്കുകയാണ്. ഇതുവരെ വിജിലൻസ് 14 കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അന്നത്തെ സഹകരണ വകുപ്പുമന്ത്രി ഇപ്പോൾ വിജിലൻസിന്റെ നിരീക്ഷണത്തിലാണ്.

1.00 pm]

ഈ മാസം 30-ാം തീയതി തൃശ്ശൂർ വിജിലൻസ് കോടതിയിൽ കേസ് പരിഗണിക്കുകയാണ്. ചെറിയ തുകയല്ല, 100 കോടി രൂപയുടെ അഴിമതിയാണ്. ഇതുസംബന്ധിച്ച അഞ്ഞൂറിലേറെ പേജുകളുള്ള ഫയലുകൾ ബഹുമാനപ്പെട്ട തൃശ്ശൂർ വിജിലൻസ് കോടതി പരിശോധിച്ചുവരികയാണ്. ഇവിടെയാണ് ബന്ധുനിയമനം ഞാനോർക്കുന്നത്. കഴിഞ്ഞ കുറെ ദിവസങ്ങളായി ഇവിടെ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് വലിയ വർത്തമാനമായിരുന്നു. സഹകരണ വകുപ്പിൽ ഇതുവരെ ഇല്ലാതിരുന്ന ഒരു പുതിയ ബോർഡ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടാക്കി. സഹകരണ ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ് എന്നാണ് അതിന്റെ പേര്. ആർക്കുവേണ്ടിയാണ് ഈ ബോർഡുണ്ടാക്കിയത്; എന്തായിരുന്നു ലക്ഷ്യം? ഏതോ ഒരു മന്ത്രിയുടെ ബന്ധുവാണ് ഇതിന്റെ വൈസ് ചെയർമാനായ ശ്രീ. ഗോവിന്ദൻ കുട്ടി എന്നാണ് പരക്കെ പറഞ്ഞുകേൾക്കുന്നത്. ബന്ധുനിയമനത്തെക്കുറിച്ച് അന്നാരും മിണ്ടിയില്ല. രണ്ടാമത്, കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ് കഴിഞ്ഞ കാലത്തുണ്ടായിരുന്നു. 2007-ലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചട്ടം ഭേദഗതി ചെയ്ത് ചെയർമാനും മെമ്പർമാർക്കും വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിരുന്നു. എം.കോം, ബി.കോം, എച്ച്.ഡി.സി., എം.ബി.എ., എന്നീ യോഗ്യതകളുള്ള ആളുകളാണ് ബോർഡിലെ വിവിധ തസ്തികകളിൽ തെരഞ്ഞെടുക്കപ്പെടേണ്ടത്. അതുകൊണ്ടാണ് എൽ.ഡി.എഫ്. ഗവൺമെന്റ് അങ്ങനെ തീരുമാനിച്ചത്. എൽ.ഡി.എഫ്. ഗവൺമെന്റ് പോയി 2011-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഈ എഡ്യൂക്കേഷണൽ ക്വാളിഫിക്കേഷൻ എടുത്തുകളയുക എന്നതായിരുന്നു അവർ ആദ്യം ചെയ്തത്. എന്നിട്ട് ഏതോ ഒരു മന്ത്രിയുടെ ബന്ധു ശ്രീ. കുഞ്ഞില്ലംപ്പള്ളിയെ പരീക്ഷാ ബോർഡിന്റെ ചെയർമാനായി കൊണ്ടുവന്നു. എം.ബി.എ., എം.കോം ബിരുദധാരികളെ തെരഞ്ഞെടുക്കുന്നത് പ്രീഡിഗ്രി പാസ്സാകാത്തയാളാണെന്ന് പൊതുവെ നാട്ടിൽ സംസാരമുണ്ട്. 2011-ൽ വിദ്യാഭ്യാസ യോഗ്യത പോലും ചട്ടഭേദഗതിയിലൂടെ മാറ്റി ഇവിടെ ആളെ നിയമിച്ചു. അതിന്റെ ക്രമക്കേടുകൾ ഇന്ന് പരിശോധിക്കപ്പെടുകയാണ്. ഇതുപറയുമ്പോൾ 'എന്നെ കണ്ടാൽ കിണ്ണം കട്ടവനെന്ന് തോന്നുമോ' എന്ന തരത്തിലാണ് പലരും ഇരിക്കുന്നത്. ഇവിടെ സഖാവ് ഇ.പി. ജയരാജന്റെ രക്തത്തിനുവേണ്ടി ദാഹിച്ചവർ ധാരാളമുണ്ട്. ശ്രീ. ഇ. പി. ജയരാജൻ 21 വർഷങ്ങൾക്കുമുമ്പ് മരിച്ചുപോകേണ്ടതായിരുന്നു. 1995-ൽ രാജധാനി എക്സ്പ്രസ് ട്രെയിനിൽ വച്ച് വളരെ പ്ലാൻ ചെയ്ത ഒരു

കൊലപാതക ശ്രമം. പക്ഷേ ഭാഗ്യംകൊണ്ട് രക്ഷപ്പെട്ടു. ഇവിടെ ഇരിക്കുന്ന 141 പേരിൽ ശരീരത്തിന്റെ ഏതെങ്കിലും ഭാഗത്ത് വെടിയുണ്ടയുടെ ചീളുകൾ അവശേഷിച്ചിരിക്കുന്നവരായി സഖാവ് ഇ.പി. ജയരാജൻ അല്ലാതെ വേറെ ആരും ഉണ്ടാകില്ല. അദ്ദേഹത്തിന്റെ ആത്മധൈര്യംകൊണ്ടുമാത്രമാണ് അദ്ദേഹം ജീവിച്ചിരിക്കുന്നത്. ഞാനും നിങ്ങളുമെല്ലാം സമയം കിട്ടുമ്പോൾ ഉറ്റവരെയും ഉടയവരെയുംകൊണ്ട് തണുപ്പുള്ള സ്ഥലങ്ങളിൽപ്പോയി വിശ്രമിക്കാറുണ്ട്. പക്ഷേ അവധി കിട്ടുമ്പോൾ സഖാവ് ഇ.പി. അങ്ങനെ ചെയ്യാറില്ല. തനിക്ക് കിട്ടുന്ന ചെറിയ കാശുകൊണ്ട് പടുത്തുയർത്തിയ ഒരു അനാഥ മന്ദിരത്തിലെ പിഞ്ചുകുട്ടികളെ മാറോടണച്ച് തന്റെ അവധി ദിവസങ്ങൾ പ്രയോജനപ്പെടുത്തുന്ന സഖാവ് ഇ.പി. ചെയ്ത മാതൃക ഓർത്ത് പലരും സ്വപ്നത്തിൽപ്പോലും ഞെട്ടുകയാണ്. ഇവിടെ ബഹുമാന്യനായ ഒരംഗം ഒരു വിക്കറ്റ് വീഴ്ത്തിയെന്ന് പറഞ്ഞു. ഞാൻ പറയുന്ന വിക്കറ്റ് ഒന്ന് വീണു എന്നുള്ളത് ശരിയാണ്. പക്ഷേ, വിക്കറ്റുകൾ വീഴാൻ പോകുന്നതേയുള്ളൂ എന്ന് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കുന്നത് നല്ലത്. വിക്കറ്റുകൾ വീണുതുടങ്ങിയിട്ടുണ്ട്. ഇനിയും കുറെയധികം വന്നുകൊണ്ടിരിക്കും, ഇപ്പോൾ ശ്രീ. കെ. ബാബുവിൽ തുടങ്ങി 30-ാം തീയതി ശ്രീ. സി. എൻ. ബാലകൃഷ്ണൻ മുതലിങ്ങനെവരും. വിക്കറ്റുകൾ വീഴുമ്പോൾ അന്നും ഫെയ്സ്ബുക്കിൽ പോസ്റ്റിടാൻ തയ്യാറാകണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന്, സഹകരണരംഗത്തെ ചില മോശപ്പെട്ട പ്രവണതകൾ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. പ്രാഥമിക ബാങ്കുകളുടെ അപ്പെക്സ് ബോഡിയാണ് ജില്ലാ സഹകരണ ബാങ്ക്. ജില്ലാ സഹകരണ ബാങ്കുകളുടെ അപ്പെക്സ് ബോഡിയാണ് സംസ്ഥാന സഹകരണ ബാങ്ക്. ഇവിടെ യു.ഡി.എഫ്. ഗവൺമെന്റ് വരുന്ന കാലഘട്ടങ്ങളിലെല്ലാം പ്രാഥമിക സഹകരണ ബാങ്കുകളുടെ അപ്പെക്സ് ബോഡിയായ ഡി.സി.ബി.-യിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുന്നത് കൈത്തറി സംഘങ്ങളെയും മിൽക്ക് സൊസൈറ്റികളെയും കയർ സംഘങ്ങളെയും മറ്റ് സംഘങ്ങളെയും എല്ലാം ചേർത്തുകൊണ്ടാണ്. ഇത് യഥാർത്ഥത്തിൽ നിയമപരമായി ശരിയാണോ എന്നുള്ള ഒരു പരിശോധന നടത്തണം. കാരണം, പ്രാഥമിക കൈത്തറി സംഘങ്ങളുടെ അപ്പെക്സ് ബോഡിയായി ഹാൻടെക്സ് ഉണ്ട്. മിൽക്ക് സൊസൈറ്റികളുടെ അപ്പെക്സ് ബോഡിയായി മിൽമയുണ്ട്. കയർ സംഘങ്ങൾക്ക് കയർഫെഡ് ഉണ്ട്. അപ്പെക്സ് ബോഡിയുള്ള സംഘങ്ങളെ ഇതിനകത്ത് തിരുകിക്കയറ്റി ചട്ടത്തിൽ ഭേദഗതി വരുത്തുകയോ ഓർഡിനൻസ് ഇറക്കുകയോ ചെയ്ത് ഇത്തരം സ്ഥാപനങ്ങളെ നശിപ്പിക്കുന്ന സമീപനം ഒഴിവാക്കേണ്ടതാണ്. ജില്ലാ സഹകരണ ബാങ്കുകൾ ധാരാളം തുക വിവിധ സംഘങ്ങൾക്ക് നൽകി അത് തിരിച്ചുകിട്ടാൻ വയ്യാത്ത സ്ഥിതിയിലായിരിക്കുകയാണ്. സഹകരണ

സ്ഥാപനങ്ങൾ ഇന്ന് പ്രതിസന്ധി നേരിടുകയാണ്. ഇവിടെ 97-ാം ഭരണഘടനാ ഭേദഗതി, സേവന നികുതി, ബാങ്കിംഗ് നിയന്ത്രണ ഭേദഗതി തുടങ്ങി ധാരാളം പ്രശ്നങ്ങളുണ്ട്. ഈ സഭതന്നെ പാസ്സാക്കിയ ഭേദഗതിയുടെ ഭാഗമായി വാർഡ് അടിസ്ഥാനത്തിലും ആക്ടീവ് മെമ്പർഷിപ്പിന്റെ അടിസ്ഥാനത്തിലും നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിശോധിക്കപ്പെടേണ്ടതാണ്. ഇൻകം ടാക്സിലെ 80(പി) വകുപ്പുപ്രകാരം പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ആനുകൂല്യമുള്ളതാണ്. അത് ഇല്ലായ്മ ചെയ്തുകൊണ്ട് ഇപ്പോൾ കോഴിക്കോട് ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ഇൻകം ടാക്സിന്റെ റെയ്ഡ് നടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി, മുഖ്യമന്ത്രിയെക്കൂടി ഉൾപ്പെടുത്തി അടിയന്തരമായി ഇൻകം ടാക്സ് ഉദ്യോഗസ്ഥരുടെ യോഗം വിളിക്കണം. 25 ലക്ഷം രൂപയ്ക്ക് മുകളിൽ എഫ്.ഡി.-ഉള്ളവർക്ക് മാത്രമേ ടി.ഡി.എസ്. നേരത്തെ ബാധകമാക്കിയിരുന്നുള്ളൂ. ആ ടി.ഡി.എസ്.-മായി ബന്ധപ്പെട്ട കാര്യങ്ങളിൽ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വിനോദ സഞ്ചാര മേഖലയിൽ ഗവൺമെന്റ് നടത്തുന്ന പുതിയ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയാണ്.

ഒരു കാര്യം കൂടി പറഞ്ഞവസാനിപ്പിക്കാം. ലോകത്തിലെ ഏറ്റവും ശ്രദ്ധേയമായ ക്ലിഫ് ഉള്ള സ്ഥലമാണ് വർക്കല. അതുപോലെതന്നെ ശാന്തമായ തീരവും തീരത്തിന്റെ സൗന്ദര്യവും കൊണ്ട് ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പാപനാശം കുന്നുകൾ നാശത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. പാപനാശം മുതൽ കാപ്പിൽ വരെയുള്ള ഭാഗം ടൂറിസം മാപ്പിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കാരണം, യാതൊരു യാഥാർത്ഥ്യബോധവുമില്ലാത്ത പ്രഖ്യാപനങ്ങളുടെ പെരുമഴ ഉയർത്തിയ ബജറ്റിനെ തുടർന്നാണ് ഈ ധനാഭ്യർത്ഥനകളും വരുന്നത് എന്നുള്ളതാണ്. വിനോദസഞ്ചാര മേഖലയെക്കുറിച്ച് പറയുകയാണെങ്കിൽ കഴിഞ്ഞ നാലഞ്ചുവർഷംകൊണ്ട് വളരെ നല്ല രീതിയിലുള്ള വളർച്ച ഈ വകുപ്പിനും ഈ മേഖലയ്ക്കുമുണ്ടായിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ടൂറിസം വകുപ്പിനുള്ള ഒരുവർഷത്തെ അലോക്കേഷൻ 105 കോടി രൂപയായിരുന്നത് അഞ്ചുവർഷം കൊണ്ട് ഏതാണ്ട് 270 കോടി രൂപയാക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റും സ്വാഭാവികമായും അതിനെ കൂടുതൽ വളർച്ചയിലേയ്ക്ക് നയിക്കുമെന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. നമ്മുടെ വിനോദസഞ്ചാര മേഖല വലിയ പ്രതിസന്ധി നേരിടുകയാണ്. യൂറോപ്യൻ രാജ്യങ്ങളിലെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം

അറൈവൽസ് കുറയുന്ന ഒരു സാഹചര്യമാണ്. അതുപോലെ നമ്മളുമായി പലതരത്തിൽ കോമ്പറ്റീഷന് സാധ്യതയുള്ള ശ്രീലങ്ക പോലുള്ള രാജ്യങ്ങൾ നമ്മളെക്കാൾ മെച്ചപ്പെട്ട കാര്യങ്ങൾ ഡെലിവർ ചെയ്തുകൊണ്ട് കുറേക്കൂടി നീറ്റായും ഇക്കണോമിക്കായും പ്രൊഫഷണലായും ഈ മേഖലയെ കൈകാര്യം ചെയ്യുന്നതുകൊണ്ട് ടൂറിസ്റ്റുകൾ സ്വാഭാവികമായും ആ രാജ്യങ്ങളിലേയ്ക്ക് ആകർഷിക്കപ്പെടാനുള്ള സാധ്യതയുണ്ട്. അതുകൊണ്ടുതന്നെ നല്ലരീതിയിലുള്ള ഒരു ബ്രാൻഡിംഗ് നടത്തി ഈ മേഖലയെ മുന്നോട്ടു കൊണ്ടുപോകാനുള്ള തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. നമ്മുടെ ഡെസ്റ്റിനേഷൻസെല്ലാം നല്ല രീതിയിൽ മെയിന്റനൻസ് നടത്തി അതിന്റെ ആകർഷണീയത നിലനിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ സാധിക്കണം. കേരളത്തെ സംബന്ധിച്ചിടത്തോളം എല്ലാ പ്രദേശത്തിനും ഒരു ടൂറിസം പൊട്ടൻഷ്യലുണ്ട്. ആ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വികേന്ദ്രീകൃതമായി ഈ മേഖലയെ കൊണ്ടുപോകാൻ കഴിയണം. ഇപ്പോഴുള്ള പ്രൈംഡെസ്റ്റിനേഷൻസിനെ നന്നാക്കി നിർത്തുന്നതോടൊപ്പംതന്നെ ഗ്രാമീണമേഖലകളിലെ ഉൾപ്രദേശങ്ങളിലേയ്ക്ക് ഈ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകണം. അത്തരം കാര്യങ്ങൾ ചെയ്യുമ്പോൾ തൃത്താല, വെള്ളിയാങ്കല്ല് തുടങ്ങിയ സാധ്യതയുള്ള പ്രദേശങ്ങളെ നല്ല രീതിയിൽ പ്രയോജനപ്പെടുത്താനുള്ള പദ്ധതിയുമായി കടന്നുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പ്രത്യേകിച്ച് ഭാരതപ്പുഴയുടെ ചരിത്രവും പൈതൃകവും അതിന്റെ ഇരുകരകളിലുമുള്ള സാംസ്കാരിക പാരമ്പര്യവുമൊക്കെ നിലനിർത്തുന്ന തരത്തിലുള്ള ഒരു ഹെറിറ്റേജ് ടൂറിസം സർക്യൂട്ടിന് എല്ലാ അർത്ഥത്തിലുമുള്ള സാധ്യതയുണ്ട്. റെസ്പോൺസിബിൾ ടൂറിസം എന്ന ആശയം ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഇതിനെക്കുറിച്ച് ദീർഘവീക്ഷണത്തോടുകൂടി കാര്യങ്ങൾ വിഭാവന ചെയ്ത് മുന്നോട്ടുപോകാൻ ഗവൺമെന്റിന് സാധിക്കുമെന്നാണ് എന്റെ പ്രതീക്ഷ. അങ്ങനെ ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന.

കാർഷിക മേഖലയെക്കുറിച്ച് പറയുകയാണെങ്കിൽ, പ്രത്യേകിച്ച് ഞാൻ പാലക്കാട് ജില്ലയിൽനിന്ന് വരുന്ന ഒരു എം.എൽ.എ. എന്ന നിലയിൽ നെൽ കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടല്ലാതെ കാർഷിക മേഖലയെക്കുറിച്ച് ഒരു ചർച്ചയും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ല. നാണ്യവിളകളുടെ കാര്യം ഇവിടെ നല്ല രീതിയിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുണ്ടാകുമ്പോൾ കേന്ദ്ര സർക്കാരിന്റെ മുമ്പിലൊക്കെ ശക്തമായിട്ടുള്ള പ്രതിഷേധവും സമരങ്ങളും സംഘടിപ്പിക്കാനുള്ള

പൊതുവായിട്ടുള്ള സാഹചര്യമുണ്ടാകുന്നുണ്ട്. ഭക്ഷ്യ ഉത്പാദന രംഗത്ത് ഏറ്റവും നിർണ്ണായകമായ പങ്കുവഹിക്കുന്ന നെല്ലുപോലെയുള്ള വിളകളുടെ കാര്യത്തിലും കർഷകരുടെ കാര്യത്തിലും വേണ്ടത്ര താല്പര്യങ്ങൾ ഉണ്ടാകുന്നില്ല എന്നത് വസ്തുതയാണ്. കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നെല്ലിന്റെ സംഭരണ വില 14 രൂപയായിരുന്നു. ഘട്ടംഘട്ടമായി അത് 21 ½ രൂപയിലേയ്ക്ക് ഉയർത്താൻ യു.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചു. പക്ഷേ ഈ ഗവൺമെന്റ് വന്നതിനുശേഷം നെല്ല് സംഭരണ വില ഉയർത്തുന്നതിനെക്കുറിച്ച് ഒരു പ്രഖ്യാപനവും ഉണ്ടായിട്ടില്ല. ആ നിലയിൽ മുന്നോട്ടുപോകാൻ സാധിക്കില്ല. കാരണം, ഉത്പാദനച്ചെലവ് കൂടുകയാണ്. കർഷകരെ ഈ മേഖലയിൽ പിടിച്ചുനിർത്തണമെങ്കിൽ നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കേണ്ടതായി വരും. ജൈവകൃഷി ഒരു ആശയം എന്ന നിലയിൽ നമുക്ക് സ്വീകാര്യമാണ്. ബഹുമാന്യനായ മന്ത്രിക്ക് അക്കാര്യത്തിലുള്ള താല്പര്യം അദ്ദേഹത്തിന്റെ നിരവധി ഇന്റർവ്യൂകളിൽ, നിരവധി പ്രഖ്യാപനങ്ങളിൽ നിന്നും വ്യക്തമാകുന്നുണ്ട്. പക്ഷേ എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത് ജൈവ മൗലിക വാദം കേരളത്തിൽ ശക്തിപ്പെടുന്നുണ്ടെന്ന കാര്യംകൂടി ശ്രദ്ധിക്കണമെന്നാണ്. ജൈവകൃഷിയുടെ ജൈവ മൗലിക വാദം ഒരുതരം ശാസ്ത്രവിരുദ്ധതയിലേയ്ക്ക് പോകുന്നുണ്ട്. ഇതിന്റെയൊക്കെ തുടർച്ചയായിട്ടാണ് വാക്സിൻ വിരുദ്ധതയൊക്കെ കടന്നുവരുന്നത്.

<u>മി. സ്പീക്കർ</u> : ശ്രീ. വി. ടി. ബൽറാം, ജൈവശിശു ജനിച്ചതേയുള്ളൂ. അതിനെ ഇപ്പോൾ തന്നെ കൊല്ലരുത്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഞാൻ പറഞ്ഞത്, ഇതിന്റെയൊരു മൗലികവാദം ഇതിനെക്കാൾ വലിയ ആപത്തായി മാറും. നമ്മുടെ മാസ് പ്രൊഡക്ഷന്റെ സാധ്യതകൾ ഇല്ലാതാക്കുന്ന തരത്തിൽ കാര്യങ്ങൾ പോകുന്നത് ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ആറുമാസത്തെ കർഷക പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ അവകാശവാദമായി പറയുന്നത്. ആറുമാസമെന്ന് പറയുന്നത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് നാലുമാസമായി. അതിനുമുമ്പുള്ള രണ്ടുമാസമെന്ന് പറയുന്നത് തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിലുള്ള കാലമായിരുന്നു. ഈ ആറുമാസത്തെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടമായി നിങ്ങൾ അവകാശപ്പെട്ടു കൊണ്ടിരുന്നത്. പക്ഷേ കർഷക പെൻഷൻ ഇനിയും കുടിശ്ശികയുണ്ട്. വർദ്ധിപ്പിച്ച കർഷക പെൻഷൻ പല സ്ഥലത്തും ഒരു മാസത്തേതുമാത്രമേ കൊടുത്തിട്ടുള്ളൂ. കർഷക പെൻഷൻ എത്രയുംപെട്ടെന്ന് കുടിശ്ശിക തീർത്ത് കൊടുക്കാനുള്ള സാഹചര്യമുണ്ടാകണം.

കൃഷി ഭവനകളിൽ ഓഫീസർമാരില്ലാത്ത അവസ്ഥ വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു. എന്റെ മണ്ഡലത്തിൽ –ആനക്കര, നാഗലശ്ശേരി, പട്ടിത്തറ, തിരുമിറ്റക്കോട് എന്നീ പഞ്ചായത്തുകളിലെ കൃഷി ഭവനകളിൽ കൃഷി ഓഫീസർമാരില്ല. ആകെയുള്ള 8 പഞ്ചായത്തുകളിൽ നാല് പഞ്ചായത്തുകളിലും കൃഷി ഓഫീസർമാരുടെ തസ്തികയും ബ്ലോക്ക് തലത്തിൽ എ.ഡി.ഒ.-യുടെ തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്. എത്രയുംപെട്ടെന്ന് പ്രസ്തുത ഓഫീസർമാരെ നിയമിക്കാൻ നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണ മേഖലയെക്കുറിച്ച് പറയുമ്പോൾ വലിയ രീതിയിലുള്ള ബുദ്ധിമുട്ടുകളും ആശങ്കകളും ഉയർന്നുവരുന്നുണ്ട്. നേരത്തെ സംസാരിച്ച അംഗങ്ങളൊക്കെ ഇതിനെക്കുറിച്ച് പറഞ്ഞു. വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായി കർശനമായ നിയന്ത്രണങ്ങൾ വരുന്നു. കേന്ദ്ര സർക്കാരിന്റെയും ആർ.ബി.ഐ.യുടെയും പിടി ഈ മേഖലയിൽ മുറുകുന്നു. അതിനെ ഒറ്റയടിക്ക് നമുക്ക് ഇല്ലാതാക്കാൻ സാധിക്കില്ല. ഒരുപക്ഷേ അത് യാഥാർത്ഥ്യമായി അംഗീകരിക്കേണ്ടിവരും. ഇതിനെ പ്രൊഫഷണലായി മുന്നോട്ടുകൊണ്ടു പോകണമെങ്കിൽ, കാലാനുസൃതമായ മാറ്റങ്ങൾ ഈ മേഖലയിൽ ഉണ്ടാകണമെങ്കിൽ, അച്ചടക്കം ഉണ്ടാകണമെങ്കിൽ, കള്ളപ്പണത്തിന്റെ വലിയ രീതിയിലുള്ള സാന്നിദ്ധ്യം ഈ മേഖലയിലുണ്ട് എന്ന് അംഗീകരിക്കപ്പെടുന്ന സാഹചര്യത്തിൽ അതിൽ നിന്ന് ഈ മേഖലയെ മോചിപ്പിക്കണമെങ്കിൽ ചിലതരത്തിലുള്ള നിയന്ത്രണങ്ങളൊക്കെ വേണ്ടിവരും. പക്ഷേ അതിനപ്പുറത്ത് ഈ മേഖലയുടെ നിലനിൽപ്പിന്റെതന്നെ പ്രശ്നങ്ങൾ ചോദ്യമായി ഉയർന്നുവരുന്ന സാഹചര്യത്തിൽ എന്താണ് ഗവൺമെന്റിന്റെ നയം എന്നുള്ളതിനെക്കുറിച്ച് കുറച്ചുകൂടി ക്ലാരിറ്റി ഉണ്ടാകണം. ഇപ്പോൾ ജില്ലാ ബാങ്കുകളെയൊക്കെ സംയോജിപ്പിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ ഒരു ബാങ്ക് ഉണ്ടാകുമെന്ന് പ്രഖ്യാപിച്ച് അതുമായി ബന്ധപ്പെട്ട നടപടികളുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇത് അടിസ്ഥാനപരമായി അധികാര വികേന്ദ്രീകരണമടക്കമുള്ള ആശയങ്ങൾക്ക് വിരുദ്ധമാണ് എന്ന വിമർശനം ശക്തമായി ഉയർന്നുവരുന്നുണ്ട്. കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്താണ് എസ്.ബി.ടി.-എസ്.ബി.ഐ. ലയനത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യുതും നമ്മളെല്ലാം ഏകകണ്ഠമായി അതിനെതിരായിട്ടുള്ള നിലപാടെടുത്തതും. സഹകരണ ബാങ്കുകളുടെ കാര്യത്തിൽ ഇതിനെയെല്ലാം സംയോജിപ്പിക്കുന്ന സാഹചര്യം ഉണ്ടായത് അടിസ്ഥാനപരമായ നയവ്യതിയാനമായി കാണേണ്ടതായിട്ടുണ്ട്. സഹകരണ മേഖല എന്നുപറയുന്നത് അടിസ്ഥാനപരമായി പാവങ്ങൾക്കുവേണ്ടിയുള്ളതാണ്. ഇപ്പോൾ ജില്ലാ ബാങ്കുകൾക്കാണെങ്കിൽ പത്തോ അറുപതോ ലക്ഷം രൂപ മാത്രമേ ലോൺ കൊടുക്കാൻ സാധിക്കുകയുള്ളൂ. സാധാരണഗതിയിൽ പാവപ്പെട്ട ആളുകൾക്കും കർഷകർക്കും മറ്റ് ചെറുകിട കച്ചവടക്കാർക്കും ലോൺ കിട്ടും. പക്ഷേ ഇതുമുഴുവൻ സംയോജിപ്പിക്കുമ്പോൾ ഈ

ലോൺ കൂടുതൽ എമൗണ്ടിലേയ്ക്കുവരികയാണ്. കോടികളുടെ ലോൺ കൊടുക്കാൻ കഴിയും. സ്വാഭാവികമായും അതിന്റെ ഗുണഭോക്താക്കളായി മാറാൻ പോകുന്നത് വൻകിടക്കാരാണ്. പാവപ്പെട്ടവരെ ഈ മേഖലയിൽനിന്ന് ഒഴിവാക്കാനുള്ള ഒരു സാഹചര്യത്തിലേയ്ക്ക് അത് മാറും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ നേരത്തെ സംസാരിച്ച അംഗമടക്കം പറഞ്ഞകാര്യങ്ങൾ സ്ഥിരമായി നിങ്ങൾ പറയുകയാണ്. നിങ്ങൾക്ക് ഒരു വിക്കറ്റ് വീഴുമ്പോഴുള്ള ബുദ്ധിമുട്ടുകളൊക്കെ നമുക്ക് മനസ്സിലാകും. ഇനിയും വിക്കറ്റ് വീഴാനുണ്ട് എന്ന് അദ്ദേഹംതന്നെ പറയുന്നത് അദ്ദേഹത്തിന് പുതിയ ചില അറിവുകൾ കിട്ടിയതിന്റെ അടിസ്ഥാനത്തിലാണെങ്കിൽ അതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. വിക്കറ്റുകൾ വീഴട്ടെ. പക്ഷേ അമ്പയറുടെതന്നെ വിക്കറ്റ് വീഴുന്ന അവസ്ഥയാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ഏതായാലും ഞങ്ങൾ അത് ആഗ്രഹിക്കുന്നില്ല. അങ്ങനെയുണ്ടാവുകയാണെങ്കിൽ അത് ഞങ്ങളുടെ തലയിൽ വെച്ചുകെട്ടുകയും വേണ്ട. ഈ മേഖലയിൽ അഴിമതിയുണ്ടെങ്കിൽ നിങ്ങൾ അന്വേഷിക്കണം. ഇതൊരു ആരോപണമായി അല്ലെങ്കിൽ ഒരു ബ്ലാക്ക്മെയിൽ തന്ത്രമായി ഉപയോഗിക്കുക എന്നുള്ള ആത്മാർത്ഥതയില്ലാത്ത സമീപനം വിട്ട് ഈ മേഖലയിൽ അല്ല ഏതുമേഖലയിലായാലും കഴിഞ്ഞ അഞ്ചുവർഷത്തെയോ പത്തുവർഷത്തെയോ ബന്ധുനിയമനങ്ങളെക്കുറിച്ചും ആശ്രിത നിയമനങ്ങളെക്കുറിച്ചും നിങ്ങൾ അന്വേഷിക്കണം. ആർക്കൊക്കെ എതിരെ വിജിലൻസ് കേസ്സുമായി നിങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയുമോ അവർക്കൊക്കെ എതിരെ വിജിലൻസ് കേസ്സുമായി പോകണം. ഒരു സംശയവുംവേണ്ട. സഹകരണ വകുപ്പിലായാലും കൺസ്യൂമർഫെഡിലായാലും ശരി അഴിമതിക്കാർ രക്ഷപ്പെടരുത്. ഏത് തരത്തിലുള്ള അഴിമതിയും വച്ചുപൊറുപ്പിക്കാൻ സാധിക്കില്ല. നിങ്ങളാണ് ഇപ്പോൾ അധികാരത്തിലിരിക്കുന്നത്. ഇതൊരു ആരോപണ വ്യവസായമാക്കി മാറ്റാതെ നിഷ്പക്ഷമായും നീതിപൂർവ്വമായും സഹകരണ വകുപ്പിലായാലും മറ്റേത് വകുപ്പിലായാലും ശരി അഴിമതികൾ അന്വേഷിക്കപ്പെടണം. കഴിഞ്ഞ അഞ്ചുവർഷത്തെയല്ല പത്തുവർഷത്തെ ബന്ധുനിയമനങ്ങൾ അന്വേഷിക്കണമെന്നാണ് ഞങ്ങൾ ഔദ്യോഗികമായി ആവശ്യപ്പെടുന്നത്. അതിന് തയ്യാറാകാതെ വരുമ്പോഴാണ് വിമർശനം ഉന്നയിക്കേണ്ടിവരുന്നത്. അത് ചെയ്യുമ്പോഴുള്ള നിഷ്പക്ഷത ഇല്ലായ്മയാണ് നിങ്ങൾക്കെതിരെ ആരോപണങ്ങളുടെ വിരൽ ഉയരാനുള്ള സാഹചര്യമുണ്ടാക്കുന്നത്. ഇത്തരത്തിൽ ഏത് നല്ല നടപടികൾ സ്വീകരിച്ചാലും അതിനെ ഭയക്കുന്ന ആളുകളല്ല, മടിശ്ശീലയിൽ കനമുള്ള ആളുകളല്ല. അതുകൊണ്ടുതന്നെ വഴിയിൽ നിങ്ങളെയോ മറ്റാളുകളെയോ ഞങ്ങൾക്ക് പേടിക്കേണ്ട ആവശ്യമില്ല എന്നുകൂടി ആവർത്തിച്ച് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ ശക്തമായി എതിർക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ)

ശ്രീ. ജി. എസ്. ജയലാൽ : സർ, കൃഷി, സഹകരണം, വിനോദസഞ്ചാരം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുകയാണ്. ഇവിടെ കൃഷിയുമായി ബന്ധപ്പെട്ടുയരുന്ന നല്ല വശങ്ങളെ മൗലികവാദം എന്നുപറഞ്ഞ് ഒഴിവാക്കുന്നത് ശരിയല്ല. കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കി മലയാളികൾ മാത്രമല്ല മനുഷ്യർ തന്നെ പോകേണ്ട കാലമാണ്. കൃഷി എന്നുപറയുന്ന സംസ്കാരത്തിലൂടെ കുറ്റകൃത്യമില്ലാത്ത നാട് വരെയുണ്ടായ അനുഭവങ്ങൾ നമ്മുടെ നാട്ടിലുണ്ട്. കൃഷിയുടെ മാഹാത്മ്യത്തെ അല്ലെങ്കിൽ അവിടെ വരുന്ന പോസിറ്റീവായ നടപടികളെ മൗലികവാദമെന്നോ മറ്റോ പറഞ്ഞ് നിരുത്സാഹപ്പെടുത്തുന്നത് ശരിയല്ല. കൃഷിയില്ലാതെ ജീവിതമില്ല; നന്മ നിറഞ്ഞ സംസ്കാരമില്ല; മഹത്തായ ചിന്തയില്ല; കൃഷി ജീവിതമാകുന്നു; കൃഷി സംസ്കാരമാണ്; കൃഷി സൗരഭ്യമുള്ള ചിന്തകളാണ്; കൃഷി ശ്രേഷ്ഠമായ ഒരു സർഗ്ഗ പ്രക്രിയയാണ്. അതുകൊണ്ടുതന്നെ കൃഷിയെ സാങ്കേതികമായി സമീപിക്കാതെ ജനകീയ അവബോധമുണ്ടാക്കി വളർത്തിയെടുക്കാൻ നമ്മളെല്ലാം ഒരുമിച്ചു നിൽക്കുന്ന ഒരു അവസ്ഥയാണുണ്ടാകേണ്ടത്.

മഹാകവി ജി. ശങ്കരക്കുറുപ്പ് തൃശ്ശൂരിൽ താമസിക്കുന്ന കാലത്ത് വൈലോപ്പിള്ളി അദ്ദേഹത്തെ കാണാൻ ചെന്നപ്പോൾ പാവൽ വള്ളിക്ക് വെള്ളം ഒഴിച്ചുകൊണ്ടിരുന്ന മഹാകവിയെ കണ്ട് വൈലോപ്പിള്ളി പറഞ്ഞ ആ വരികൾ;

ഉറുവിയെ പുഷ്പിപ്പിക്കും കല പോൽ നമുക്കെത്ര നിർവൃതികരം
സർഗ്ഗവ്യാപാരമുണ്ടോ മണ്ണിൽ

എന്നാണ് വൈലോപ്പിള്ളി കൃഷിയെക്കുറിച്ച് പറഞ്ഞത്. കൃഷിയെക്കുറിച്ച് ഒരുപാട് പാടിയിട്ടുള്ള ആളാണ് വൈലോപ്പിള്ളി. ആ തരത്തിൽ കൃഷിയുടെ മാഹാത്മ്യമെന്തെന്ന് തിരിച്ചറിയുന്ന ഒരു തലമുറയെ വളർത്തിയെടുക്കുകയല്ലാതെ ഈ നാട് നേരിടുന്ന പ്രശ്നങ്ങളെ അഡ്രസ് ചെയ്യാൻ മറ്റൊരു മാർഗ്ഗമില്ലെന്ന യാഥാർത്ഥ്യത്തിലേയ്ക്കാണ് നമ്മൾ വരേണ്ടത്. ഞാൻ അതിന്റെ വിശദാംശങ്ങൾ പറഞ്ഞുപോകുകയല്ല. കൃഷിയുടെ മാഹാത്മ്യം ബോദ്ധ്യപ്പെടുത്തുന്ന ഇതിഹാസങ്ങളും ഉപനിഷത്തുകളുമൊക്കെ നമുക്കുണ്ട്. ഋഗ്വേദത്തിൽ കൃഷിയെ പ്രത്യേകമായി സ്തുതിച്ചിട്ടുണ്ട്. ഉപനിഷത്തുകളിൽ കൃഷിയെ സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഭഗവദ്ഗീതയിൽ 'അന്നാദ് ഭവന്തി ഭൃതാനി' - അന്നമാണ് സർവ്വ ജീവജാലങ്ങളെയും പരിപോഷിപ്പിക്കുന്നതെന്ന വചനങ്ങളുണ്ട്. ആ മാഹാത്മ്യത്തോടെ കൃഷിയെ സമീപിച്ച്, ഹൃദയംകൊണ്ട് കൃഷിയെ കാണുന്ന ഒരു സംസ്കാരത്തിലേയ്ക്ക് മലയാളിയെ വളർത്തിയെടുക്കേണ്ട ഒരു വലിയ ശ്രമമാണ്

നമ്മുടെയെല്ലാം മുമ്പിലുള്ളത്. രണ്ടായിരം കൊല്ലം മുമ്പുണ്ടായ അർത്ഥശാസ്ത്രവുമായി ബന്ധപ്പെട്ട് കൃഷിയെ വിലയിരുത്തുമ്പോൾ, അന്ന് തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നവർക്ക് ആ ഭൂമിയുടെ അവകാശം നിയമപ്രകാരം നൽകിയിരുന്നു. കൃഷി ചെയ്യാത്തവരുടെ ഭൂമി ഒഴിപ്പിച്ചെടുത്ത് കൃഷിക്കാർക്ക് കൊടുത്തിരുന്നു. കൃഷിക്കായി ഭൂമി ഏറ്റെടുത്തവൻ അത് ചെയ്യാതിരുന്നാൽ പ്രത്യേക നികുതി ചുമത്തിയിരുന്നു. കൃഷിക്കുവേണ്ടി ഭൂമി വിട്ടുകൊടുക്കാത്ത ഭൂസ്വാമി ശിക്ഷാർഹനായിരുന്നു. ഇപ്പോൾ നിയമസഭ നടക്കുമ്പോൾ എം.എൽ.എ.-മാരെ അറസ്റ്റ് ചെയ്യാൻ പാടില്ലായെന്ന് പറയുന്നതുപോലെ അന്ന് കൃഷിക്കാരൻ കൃഷി ചെയ്തുകൊണ്ടിരുന്ന സമയത്ത് അവനെ അറസ്റ്റ് ചെയ്യാൻ പാടില്ലായിരുന്നു. അതായിരുന്നു കൃഷിയുടെ മാഹാത്മ്യവുമായി ബന്ധപ്പെട്ട് അർത്ഥശാസ്ത്രത്തിൽ പറയുന്നത്. പൊതുചിറകളും മേച്ചിൽ സ്ഥലങ്ങളും നശിപ്പിക്കുന്നവരെ വധശിക്ഷയ്ക്ക് വിധേയമാക്കിയിരുന്നു. അതാണ് കൃഷിയുടെ മാഹാത്മ്യം. അതിനെ കാണാതെ കൃഷിയെ കണ്ടുപോകാൻ പാടില്ല. ശുദ്ധവും ശ്രേഷ്ഠവും ജീവദായകപരവുമായ തൊഴിലായി കൃഷിയെ അന്ന് പരിഗണിച്ചിരുന്നു. ഇന്ന് ആ കൃഷിയുമായി ബന്ധപ്പെട്ട് നമ്മുടെ കാഴ്ചപ്പാട്; ഇന്ന് അഭ്യസ്തവിദ്യരായിട്ടുള്ള യുവതീയുവാക്കൾ കൃഷിപ്പണിയിൽ ഏർപ്പെടുന്നത് ഒരു കുറവായി കാണുന്നുവെങ്കിൽ അത് നമ്മൾ മാറ്റിയെടുക്കണം. ആ മനോഭാവം ഇന്ന് ഏറെക്കുറെ മാറുന്നുണ്ട്, അത് സത്യമാണ്. കുട്ടികളെ കാർഷികവൃത്തിയുടെ മഹിമ ഗൗരവമായി പഠിപ്പിക്കുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായം പാഠ്യവിഷയമാക്കി രൂപപ്പെടുത്തിയെടുക്കണം. കൃഷിയുടെ നഷ്ടപ്പെട്ടു പോയ മഹിമ വീണ്ടെടുത്താൽ മാത്രമേ നമുക്ക് രക്ഷയുള്ളൂ. അതിനായി വിദ്യാസമ്പന്നർ തന്നെ മുന്നോട്ടുവന്ന് ദേഹാദ്ധ്വാനത്തെ ബൗദ്ധികാദ്ധ്വാനത്തിന് തുല്യമായി കാണുന്ന, ആ മാന്യത കല്പിക്കുന്ന രീതിയിലേയ്ക്ക് കൃഷിയെ വളർത്തിയെടുക്കാൻ നമ്മളെല്ലാം ഒരുമിച്ച് നിൽക്കേണ്ട സമയമാണ്. അദ്ധ്വാനത്തെ ആദരിക്കാനും മാനിക്കാനും കഴിയാത്ത ഒരു രാജ്യത്തിനും മുന്നോട്ടുപോകാൻ കഴിയില്ല എന്ന സത്യം നമ്മൾ തിരിച്ചറിയണം. ഈ യാഥാർത്ഥ്യങ്ങളെല്ലാം മനസ്സിലാക്കുമ്പോൾ ഒരു കാര്യംകൂടി മനസ്സിലാക്കണം. ഇന്ന് കേരളം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക പ്രശ്നം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആരോഗ്യമാണ്. അതിനെ അതിജീവിക്കാൻ ആത്മരക്ഷയ്ക്ക് കൃഷി എന്നത് മലയാളിയുടെ മുദ്രാവാക്യമായി മാറ്റിയെടുക്കണം. ലാഭമോ നഷ്ടമോ അല്ല, ആത്മരക്ഷയ്ക്ക് മുദ്രാവാക്യം ഏറ്റെടുത്തുകൊണ്ട് മലയാളിയുടെ അതിജീവന മന്ത്രമെന്ന വികാരത്തിലേയ്ക്ക് വൈകാരികമായി കൃഷിയെ കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആ പശ്ചാത്തലത്തിൽ സാമ്പത്തിക ഘടനയുടെ ഏറ്റവും പ്രധാനപ്പെട്ട കൃഷിയുടെ വളർച്ചാ നിരക്ക്

കഴിഞ്ഞ അഞ്ചുവർഷക്കാലം വളരെ താഴേയ്ക്ക് പോയിക്കൊണ്ടിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷമാണുള്ളത്. ഇപ്പോൾ കാർഷിക മേഖലയിൽ നമുക്ക് ഒരു പുതിയ കാലത്തിന്റെ സൂര്യൻ ഉദിച്ചിരിക്കുകയാണ്. കാർഷികരംഗത്ത് പുത്തൻ ഉണർവിന്റെ കതിരൊളി വീശി ഇടതുമുന്നണി സർക്കാർ പ്രവർത്തനമാരംഭിച്ചിരിക്കുകയാണ്. കർഷകന്റെ രക്ഷയ്ക്ക് കൃഷി, മലയാളിയുടെ ആത്മരക്ഷയ്ക്ക് കൃഷി അങ്ങനെ നോക്കുമ്പോൾ രക്ഷിക്കുന്നവരെ ദൈവങ്ങളായി കാണുന്ന ഒരു സംസ്കാരമാണ് നമുക്കുള്ളതെങ്കിൽ സത്യത്തിൽ നമ്മെ രക്ഷിക്കുന്നത് കൃഷിക്കാരാണ്. കൃഷിക്കാരെ ദൈവങ്ങളായി കാണുന്ന ഒരു സംസ്കാരം നമ്മൾ വളർത്തിയെടുക്കണം. കർഷകരുടെ പ്രശ്നങ്ങളിൽ യഥാസമയം ഇടപെടുന്ന ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയെ ദൈവങ്ങളുടെ രക്ഷകനായി നമ്മൾ കാണുന്ന അവസ്ഥയിലേയ്ക്കാണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പോയി കൊണ്ടിരിക്കുന്നത്. കേരളത്തിൽ കർഷകരുടെ ദുഃഖം എവിടയുണ്ടോ അവിടെ അവതരിക്കുന്ന രക്ഷകനായി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മാറിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ആ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയാണ്. വകുപ്പിന്റെ പ്രവർത്തനങ്ങൾ കരനെൽക്കൃഷി വ്യാപനവും ഡാറ്റാബാങ്ക് പൂർത്തീകരണവും തരിശുനിലങ്ങളിൽ നെൽക്കൃഷി വ്യാപനവുമായി ബന്ധപ്പെട്ടുള്ളതാണ്. 9 വർഷങ്ങൾക്കുശേഷമാണ് മെത്രാൻ കായലിൽ നെൽക്കൃഷിയിറക്കിയത്, ആലപ്പുഴ റാണി കായലിൽ 24 വർഷങ്ങൾക്കുശേഷം നെൽക്കൃഷി പുനരാരംഭിച്ചു. ആറന്മുള വിമാനത്താവളത്തിന്റെ ചുറ്റുവട്ടത്തുള്ള കൃഷിയോഗ്യമായ സ്ഥലങ്ങളിൽ കൃഷി നടത്താനുള്ള നടപടികൾ സ്വീകരിച്ചു. കൃഷിക്കാരന് ആശ്വാസമായ വിത്ത് ബാങ്കിനുള്ള നടപടി, ഓണ സമൃദ്ധി, സമഗ്ര പച്ചക്കറി പദ്ധതി, പച്ചക്കറി ഹബ്ബ് അഗ്രോ പാർക്കുകൾ, അഗ്രി ബസാറുകൾ തുടങ്ങിയ നിരവധി പദ്ധതികൾ ആവിഷ്കരിച്ചു. കേരളത്തിന് ആശ്വാസമായി 3.5 ലക്ഷം കർഷകർക്ക് 113 കോടി രൂപയാണ് 2016 വരെയുള്ള പെൻഷൻ കുടിശ്ശിക ഇനത്തിൽ ഈ ഗവൺമെന്റ് വിതരണം ചെയ്തത്. ഓണവുമായി ബന്ധപ്പെട്ട്, സത്യത്തിൽ ഈ വർഷം കാർഷിക മേഖലയുടെ ഓണമായിരുന്നു. കാർഷിക നിറവിന്റെ ഓണമായിരുന്നു ഈ ഓണം. പച്ചക്കറികൾക്ക് വിപണി വിലയിൽനിന്ന് 10 ശതമാനം വില വർദ്ധിപ്പിച്ചു വാങ്ങുകയും 30 ശതമാനം വില കുറച്ചുകൊടുക്കുകയും ചെയ്ത് വിപണി ഇടപെടൽ നടത്തി. 25-ഉം 30-ഉം വർഷം സർവ്വീസുള്ള കൃഷി ഉദ്യോഗസ്ഥർ, കൃഷിക്കാർ അവരൊക്കെ പറഞ്ഞത് ഇങ്ങനെ മനസ്സുനിറഞ്ഞൊരു ഓണം, ആശങ്കയില്ലാത്ത ഒരു ഓണം കർഷകർ ഇതുവരെ കണ്ടിട്ടില്ലെന്നാണ്. അതിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അത്തരത്തിൽ കാർഷിക പരിഷ്കരണവും ഭക്ഷ്യസുരക്ഷയും കർഷകക്ഷേമവും മുഖ്യലക്ഷ്യമായി പ്രഖ്യാപിച്ച്

കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിന് 35 ഇന പരിപാടികളുമായി ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മുന്നോട്ടുപോകുകയാണ്. അതിൽ നമ്മുടെ സബ്സിഡി സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ടുള്ള ശാസ്ത്രീയമായ പരിഷ്കരണങ്ങളൊക്കെ ആവശ്യമുണ്ട്. പ്രൊഡക്ഷൻ ഇൻസെന്റീവെന്ന രീതിയിൽ കൊടുക്കുന്ന സബ്സിഡികൾ ഓണക്കാലത്ത് ഗവൺമെന്റ് ചെയ്തതുപോലെ ഔട്ട്പുട്ട് സബ്സിഡിയായി പരിഷ്കരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചാൽ കൂടുതൽ ആത്മവിശ്വാസത്തോടുകൂടി കൃഷിക്കാർക്ക് ഇത്തരം മേഖലയിൽ കടന്നുവരാൻ കഴിയും. അതുപോലെ പച്ചക്കറിയുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളാണ് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം കൊടുക്കുന്നതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ഈ പച്ചക്കറി സംസ്കാരത്തിലേയ്ക്ക് മലയാളികൾ വന്നിട്ട് ഇരുപതുവർഷമേയായുള്ളൂ. അതിനുമുമ്പ് നമ്മുടെ വീട്ടിൽ തീയലും, അവിയലും, തോരനുമൊക്കെയുണ്ടായിരുന്നു. പച്ചക്കറിക്കടകളെ ആശ്രയിക്കാതെ, അല്ലെങ്കിൽ നിരന്തര പരിചരണം വേണ്ടാത്ത ഒരുപാട് നാടൻ വിഭവങ്ങളുണ്ട്. അത്തരം സംഗതികളിലേയ്ക്ക് മനുഷ്യനെ തിരിച്ചുകൊണ്ടുവരാൻ, കൂടുതൽ ശ്രമകരമല്ലാത്ത കൃഷി...., അവിയലും തോരനുമൊക്കെയുണ്ടാക്കാനുള്ള നിരവധി കൃഷികൾ ഓരോ പ്രദേശത്തുമുണ്ട്. അതിനെയൊക്കെ പ്രോത്സാഹിപ്പിക്കാൻ, അതിനൊന്നും നിരന്തരം പരിചരണമാവശ്യമില്ല. ഒരുപാട് കേടുണ്ടാകില്ല, കീടനാശിനികൾ ഒരുപാട് പ്രയോഗിക്കേണ്ടിവരില്ല. അങ്ങനെയുള്ള കാർഷിക രീതിയിലേയ്ക്ക് വകുപ്പുകളെ കൂട്ടിയിണക്കിക്കൊണ്ടുപോകുന്നതിന് കഴിയണം. നിയമസഭയിൽ തന്നെ ചൊറിയണം, സ്ലേറ്റ് പച്ച, പ്ലാവിന്റെ ഇല തുടങ്ങിയ സാധനങ്ങൾകൊണ്ട് ഒരു ദിവസം ഭക്ഷണമുണ്ടായിരുന്നു. ഔഷധ സസ്യങ്ങളുപയോഗിച്ചുകൊണ്ടുള്ള ഒന്നാന്തരം ഭക്ഷണമായിരുന്നു. ആ രീതിയിലേയ്ക്ക്, ആ ബോധത്തിലേയ്ക്ക്, പ്രകൃതി നമുക്ക് തരുന്ന അത്തരം നാട്ടറിവുകൾ, നാട്ടുവൈദ്യം ഇത്തരം സാധ്യതകൾ, കൃഷിയുടെ മാഹാത്മ്യം ഇവയൊക്കെ മനസ്സിലാക്കി മനുഷ്യനെ ജീവിക്കാൻ പഠിപ്പിക്കുന്ന ഒരു പുതിയ സംസ്കാരത്തിലേയ്ക്ക് ഈ നാടിനെ കൊണ്ടുവരാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന ഈ പ്രവർത്തനങ്ങൾ ഉപകരിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തിയോടുകൂടിയുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവിധമായ പിന്തുണകളും അർപ്പിക്കുന്നു. അഴിമതി തുടച്ചുനീക്കാനും നാടിനെ രക്ഷിക്കാനുംവേണ്ടി നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും കേരളത്തിലെ ജനങ്ങളുടെ പിന്തുണയുണ്ടെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. ജി. എസ്. ജയലാൽ ചൊറിയണത്തിന്റെ കറിയെ കുറിച്ചൊക്കെ പറഞ്ഞു. പക്ഷേ, ടേസ്റ്റില്ല. ഞാനും അത് കഴിച്ചതാണ് കുഴപ്പമൊന്നുമില്ല. ബഹുമാന്യരായ മന്ത്രിമാർ വി. എസ്. സുനിൽ കുമാർ, എ. സി. മൊയ്തീൻ സാഹിബ് രണ്ടുപേരെയും അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഈ നിലയിൽ പോയാൽ ഏറ്റവും പ്രഗത്ഭനായ കൃഷി വകുപ്പുമന്ത്രിയായി ശ്രീ. വി. എസ്. സുനിൽ കുമാർ മാറും. ജനം കൂടെക്കാണുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട, ആന നെറ്റിപ്പട്ടം കെട്ടി നല്ല തലയെടുപ്പോടെ നടക്കുന്നതുപോലെ നടന്നോ. ഇപ്പോൾ ശ്രീ. വി. എസ്. സുനിൽ കുമാർ ഏത് രീതിയിൽ കൃഷി വകുപ്പിനെ കൈകാര്യം ചെയ്യുന്നുവോ അതേപോലെ മുമ്പോട്ട് പോയാൽ മതി, ജനങ്ങളുടെ പിന്തുണയുണ്ടാകുമെന്ന കാര്യം ഞാൻ ഉറപ്പിച്ചു പറയാം. ഞാൻ ഇങ്ങനെ പറഞ്ഞതുകൊണ്ട് വോട്ടൊന്നും ചെയ്യില്ല, പേടിക്കേണ്ട. റബ്ബർ ഒരു വ്യവസായ ഉത്പന്നമാണ്. ശ്രീ. വി. എസ്. സുനിൽ കുമാറും ഈ ഗവൺമെന്റും ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് മുന്നിൽ റബ്ബറിനെ കൃഷിയാക്കി മാറ്റാൻ നടപടി സ്വീകരിക്കണം. റബ്ബർ വ്യാവസായിക ഉത്പന്നമായി നിൽക്കുന്ന സാഹചര്യം മാറ്റിയെടുത്തേ മതിയാകൂ. അക്കാര്യത്തിൽ ശക്തമായ നിലപാട് വേണം. എന്തിനാണ് മടിക്കുന്നത്. ഞങ്ങളെല്ലാവരും കൂടെയുണ്ട്, ഒന്നുകൊണ്ടും ഭയപ്പെടേണ്ട. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണം.

അംജത് അലി ഖാൻ, അതിപ്രഗത്ഭനാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അക്കാര്യത്തിൽ നമുക്ക് അഭിമാനമാണ്. അദ്ദേഹത്തിന്റെ പേരിൽ സ്കൂൾ വേണം. പക്ഷേ, സ്കൂൾ വേണമെന്ന് പറയുമ്പോൾ വേളി കായൽ തന്നെ വേണമോ? ഇവിടെ ഇന്നലെ ചർച്ച നടന്നതുകൊണ്ടാണ് ഞാൻ പരിശോധിച്ചത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയുമൊക്കെ പറഞ്ഞപ്പോൾ അതിലെന്തോ കാര്യം ഉണ്ടല്ലോയെന്നുവച്ച് ഞാൻ പരിശോധിച്ചപ്പോൾ, ആകപ്പാടെ നാലേക്കറാണുള്ളത്. ഒരു ദിവസം 5000-6000 പേർ അവിടെ വന്നുകൊണ്ടിരിക്കുകയാണ്. വേളി കായൽ എന്നുപറയുമ്പോൾ ടൂറിസ്റ്റ് കേന്ദ്രമാണ്, ബോട്ട് ക്ലബ്ബുമാണ്. ആ നാലേക്കർ തന്നെ കൊടുക്കണമോ? തിരുവനന്തപുരത്തിനോട് ചേർന്ന് അതിലും സുന്ദരമായ സ്ഥലം കൊടുക്കാനുണ്ടല്ലോ; കൊടുക്കാതിരിക്കാൻ പറ്റില്ല, കൊടുത്തേ പറ്റൂ. കൊടുക്കുന്നത് ഈ സ്ഥലം തന്നെ വേണമോയെന്നുള്ളത് ആലോചിക്കണം. അത് താമസിപ്പിക്കരുത്. ഇടതുപക്ഷത്തിന്റെ ഒരു കുഴപ്പമെന്നുപറയുന്നത്, എല്ലാം ആറാൻ വച്ചുകൊണ്ടിരിക്കും. ആറിയ കഞ്ഞി പഴങ്കഞ്ഞിയാണ്. നിങ്ങൾ ഉടൻ തീരുമാനം എടുക്കണം. ആർക്കും തർക്കമില്ല. ആ കാര്യത്തിൽ തീരുമാനമെടുക്കണം.

പിൽഗ്രിം ടൂറിസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. ഗുരുദേവൻ സ്ഥാപിച്ചതാണ് എടപ്പാടി ക്ഷേത്രം. എടപ്പാടി ക്ഷേത്രം മീനച്ചിൽ താലൂക്കിലാണ്. വല്യച്ചൻമല, അയ്യമ്പാറ, ഇല്ലിക്കൽകല്ല്, മാറമല അരുവി, വഴിക്കടവ്, കുരിശുമല, തങ്ങൾപാറ, മുരുകൻ മല, വാഗമൺ ഇതെല്ലാം ഒരു ടൂറിസ്റ്റ് സർക്യൂട്ടാണ്. ഇതുസംബന്ധിച്ച് കുറേയേറെ നീക്കങ്ങൾ കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രി നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാഗം ഒരുമാതിരിയൊക്കെ കൈകാര്യം ചെയ്തു. പക്ഷേ, നമ്മുടെ ഭാഗത്തോട്ട് വന്നപ്പോൾ ഒന്നുമില്ല. അത് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. ടൂറിസ്റ്റ് പാതയുടെ പ്രദേശങ്ങൾ മുഴുവൻ പൂഞ്ഞാറിലാണ്. അക്കാര്യം ശ്രദ്ധിക്കണമെന്നുകൂടി അറിയിക്കുകയാണ്. നമസ്കാരം.

ശ്രീ. കെ. വി. വിജയദാസ് : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ ആത്മാർത്ഥമായി പിന്തുണയ്ക്കുകയാണ്. ഇന്ന് രാവിലെ റൂൾ 50 പ്രകാരം അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുക്കുകയും അതിന് ആധാരമായ സംഭവവികാസങ്ങൾ സഭ നല്ലതുപോലെ ചർച്ച ചെയ്യുകയുമുണ്ടായി. നോട്ടീസ് സഭയിൽ ഉന്നയിക്കാൻ നിങ്ങൾക്ക് തോന്നിയത് എന്തുകൊണ്ടാണെന്നുള്ളത് കുറേക്കൂടി ചിന്തിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആഭ്യന്തരവകുപ്പുമന്ത്രി ആയിരിക്കുമ്പോഴാണ് പാലക്കാട് ജില്ലയിൽ 4 പേർ കൊല്ലപ്പെട്ടത്. ആ നാലുപേരും സി.പി.ഐ.(എം) പ്രവർത്തകരായിരുന്നു. ബി.ജെ.പി.യാണ് അതിന്റെ ഘാതകർ. പുതുശ്ശേരിയിൽ സഖാവ് മനോജ്, മനോജിന്റെ ജ്യേഷ്ഠസഹോദരൻ ശിവൻ തുടങ്ങിയവരെയാണ് ബി.ജെ.പി.-ക്കാർ വെട്ടി കൊലപ്പെടുത്തിയത്. ഇപ്പോൾ സഹോദരനെയും വെട്ടിക്കൊലപ്പെടുത്തി. അമ്പലപ്പാറയിൽ ദീപു, പൂക്കോട്ടുകാവ് വിനീഷ്, കണ്ണമ്പാറയിൽ വിജയൻ ഈ നാലുപേരെ രണ്ട് വർഷത്തിനുള്ളിൽ വെട്ടിക്കൊലപ്പെടുത്തിയപ്പോൾ ഏതെങ്കിലും തരത്തിൽ അനുഭാവം പ്രകടിപ്പിക്കാനെങ്കിലും അന്നത്തെ ആഭ്യന്തരവകുപ്പുമന്ത്രി തയ്യാറായോ? നാല് കൊലപാതകത്തിനും ഇവിടെ അടിയന്തരപ്രമേയം ഉണ്ടായിരുന്നു. പോലീസുകാർ കൊടുത്ത മറുപടി വായിച്ചതല്ലാതെ അവിടെ സമാധാനം പുനഃസ്ഥാപിക്കണമെന്നോ കുറ്റക്കാർക്ക് എതിരായി ശക്തമായ നടപടി സ്വീകരിക്കണമെന്നോ ഒരക്ഷരം ഉരിയാടാൻ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ഇന്നത്തെ പ്രതിപക്ഷനേതാവിന് സാധിച്ചില്ലായെന്നത് ദുഃഖകരമായ കാര്യമാണ്. അതുകൊണ്ടുതന്നെ ഞാൻ പറയുന്ന ഇത് ആത്മാർത്ഥതയില്ലാത്ത രീതിയാണ്. ഇവിടെ കൊലപാതകങ്ങൾ അവസാനിപ്പിക്കണം, അക്രമങ്ങൾ

അവസാനിപ്പിക്കണം അതിന് സി.പി.ഐ.(എം)-നെ കുറ്റപ്പെടുത്തുകയല്ല വേണ്ടത്. ബഹുമാന്യനായ മുൻ മന്ത്രി കെ. സി. ജോസഫ് ഇവിടെ പ്രമേയം അവതരിപ്പിച്ചു. അതിനുശേഷം മുഖ്യമന്ത്രിയുടെ കൂടി ചർച്ചയ്ക്കുശേഷം ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തനതായ ഭാഷയിൽ അവതരിപ്പിച്ചപ്പോൾ അതിന് സഭയുടെയാകെ ശ്രദ്ധപിടിച്ചു പറ്റിക്കൊണ്ടുള്ള മറുപടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയത്. ജില്ലാ/സംസ്ഥാന തലത്തിലും ചർച്ച നടത്താൻ ഞങ്ങൾ തയ്യാറാണെന്നും മാത്രമല്ല, പ്രതിപക്ഷനേതാവിന്റെ ഡേറ്റുകൂടി പരിഗണിച്ചുകൊണ്ട് ചർച്ച ചെയ്യാമെന്നും മുഖ്യമന്ത്രി പറഞ്ഞു. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി കാര്യമായി പറഞ്ഞതിനെ ഹൃദയപൂർവ്വം സ്വാഗതം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞിട്ടും പിന്നെ ഒരു വാക്കൗട്ടിന്റെ കാര്യമുണ്ടോ; വാക്കൗട്ടിന് അവിടെ പ്രസക്തിയുണ്ടോ? ഇതിന്റെ ക്രെഡിറ്റ് ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിക്ക് പോകണ്ട. അതല്ലേ അതിന്റെ ഉള്ളിലുള്ള രഹസ്യം.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ഇന്ന് തന്നെ ഒരു ഡേറ്റ് നിശ്ചയിച്ച് ചർച്ചയ്ക്കുള്ള സന്നദ്ധത പ്രകടിപ്പിക്കണമെന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ജില്ലയിൽ ആദ്യം ചർച്ച നടക്കട്ടേ അതുകഴിഞ്ഞ് വേണമെങ്കിൽ സംസ്ഥാനതലത്തിലും ചർച്ചചെയ്യാമെന്നാണ്. Enthusiastic ആയിട്ട് ആ നിർദ്ദേശം ഉൾക്കൊണ്ടില്ല. അതുകൂടി കാണണം.

<u>ശ്രീ. കെ. വി. വിജയദാസ്</u> : സർ, ഞാൻ പറഞ്ഞത്, അങ്ങ് പറഞ്ഞതിനെ വളരെ പോസിറ്റീവായി മുഖ്യമന്ത്രിയെടുക്കുകയും അതിന് ക്രിയാത്മക രൂപത്തിൽ മറുപടി പറയുകയും ചെയ്തുവെന്നാണ്. അതോടുകൂടി അത് അവസാനിച്ചാൽ മതിയായിരുന്നു. എന്നിട്ടും ആ വാക്കൗട്ടിന്റെ കാര്യമുണ്ടോ? ഇത് രണ്ടാമത്തെ തവണയാണ്. സ്വാശ്രയ സമരവുമായി ബന്ധപ്പെട്ട് ബഹുമാന്യനായ മുൻ മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ അടിയന്തരപ്രമേയം അവതരിപ്പിക്കാൻ നോട്ടീസ് നൽകി. അദ്ദേഹം സീറ്റിൽനിന്ന് എഴുന്നേറ്റ് പ്രസംഗിക്കാൻ തുടങ്ങുമ്പോഴേയ്ക്കും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചാടിക്കയറി ഒരു പ്രസംഗം നടത്തി. അവസാനം പ്രമേയാവതാരകനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് പ്രസംഗിക്കാൻ പറ്റിയില്ല. പ്രതിപക്ഷനേതാവ് പ്രസംഗിച്ചു, വാക്കൗട്ട് നടത്തുകയും ചെയ്തു. ഇതിന്റെ ക്രെഡിറ്റ് ശ്രീ. തിരുവഞ്ചൂർ കൊണ്ടുപോകണ്ടായെന്നല്ലേ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇത് ക്രെഡിറ്റും ഡിസ് ക്രെഡിറ്റുമല്ല. അതൊരു പ്രോസസ്സാണ്. അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്താൽ, ആ നോട്ടീസ് ബഹുമാനപ്പെട്ട സ്പീക്കറുടെ കയ്യിലുണ്ടാകും. ബഹുമാനപ്പെട്ട സ്പീക്കർ നോട്ടീസ് കൊടുത്ത ആളുണ്ടെന്ന് മനസ്സിലാക്കിയാൽ പിന്നീട് ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയെ മറുപടി പറയാൻ ക്ഷണിക്കുകയാണ് ചെയ്യേണ്ടത്. മുഖ്യമന്ത്രിയെ ക്ഷണിക്കാതിരുന്നതുകൊണ്ട് എന്നെ വിളിച്ചതിന് തുല്യമാകില്ല. അതുകൊണ്ടാണ് എനിക്കത് അവതരിപ്പിക്കാൻ കഴിയാതെ പോയത്. അത് പ്രതിപക്ഷനേതാവിന്റെ പ്രവർത്തനവുമായി കൂട്ടിക്കലർത്തേണ്ട.

ശ്രീ. കെ. വി. വിജയദാസ് : സർ, അതൊക്കെ സ്വന്തം രക്ഷയ്ക്കുവേണ്ടി ശ്രീ. തിരുവഞ്ചൂർ പറഞ്ഞാൽ മതി. ഞങ്ങൾ അത്രയേ കണക്കാക്കുന്നുള്ളൂ.

ശ്രീ. പി. ടി. തോമസ്: സർ, പ്രതിപക്ഷത്തെ ചില വിള്ളലുകളെപ്പറ്റി സൂചിപ്പിക്കാനാണല്ലോ ശ്രമിക്കുന്നത്. ഞങ്ങൾ വളരെ ഗൗരവതരമായി ഭയപ്പെടുന്ന കാര്യം ഇവിടെ നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ഇ.പി. ജയരാജന്റെ രാജിയെത്തുടർന്ന് രണ്ടാം സ്ഥാനത്തേയ്ക്ക് എന്റെ വളരെക്കാലത്തെ സുഹൃത്തുകൂടിയായ ശ്രീ. എ. കെ. ബാലൻ പ്രതിഷ്ഠിക്കപ്പെട്ടു, വളരെ നല്ല കാര്യം. ആ സമയം മുതൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയെ ഇവിടെ കാണാനേയില്ല. ഇത് തമ്മിൽ കൂട്ടിവായിക്കേണ്ടതാണ്.

ശ്രീ. കെ. വി. വിജയദാസ് : സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഡൽഹിക്ക് പോയതാണ്.

ശ്രീ. രാജു എബ്രഹാം: സർ, ഇവിടെ വലിയ വാർത്തയായ ഒരു വിഷയമുണ്ടായിരുന്നു. ശ്രീ. വി. ഡി. സതീശൻ ഒരു ദിവസം രാവിലെ ചോദ്യം, അടിയന്തരപ്രമേയം, സബ്മിഷൻ എന്നിങ്ങനെ എല്ലാം അവതരിപ്പിച്ച് റെക്കോർഡ് നേടാൻവേണ്ടി അപേക്ഷ കൊടുത്തു. അന്ന് കടുംവെട്ട് വെട്ടി അദ്ദേഹത്തിന് അടിയന്തരപ്രമേയം കൊടുത്തില്ല. ആ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. വി. വിജയദാസ്: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്പോൾ കാര്യങ്ങൾ മനസ്സിലായല്ലോ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പത്തനംതിട്ട ജില്ലയിൽ കടുംവെട്ടിന് വിധേയരായത് ആരാണെന്നുള്ളത് ഇവിടെയിരിക്കുന്ന എല്ലാവർക്കും അറിയില്ലേ? അതുകൊണ്ട് കടുംവെട്ടിന്റെ കാര്യം വിടൂ.

ശ്രീ. കെ. വി. വിജയദാസ്: സർ, എന്റെ സമയം പോകുകയാണ്. യഥാർത്ഥത്തിൽ ഞങ്ങളെ എതിർക്കാനാണ് നിങ്ങൾ പറഞ്ഞതെന്നുള്ളത് ഞങ്ങൾ സമ്മതിക്കുന്നു. പക്ഷേ ഞങ്ങളെ എതിർക്കാനെങ്കിലും നിങ്ങൾക്കൊരു ഐക്യം വേണ്ടേ? ആ ഐക്യം നിങ്ങൾ കാണിക്കുന്നില്ല. ഇപ്പോൾ

ഡൽഹിയിലാണ് വിഷയം. ഡി.സി.സി. പ്രസിഡന്റുമാർ ആരൊക്കെ വേണമെന്നുള്ളത് ഡൽഹിയിൽ ചർച്ച ചെയ്തുവരികയാണ്. രാഹുൽ ബ്രിഗേഡിയർ വേണോ വേറെ ആരെങ്കിലുമൊക്കെ വേണോ എന്നുള്ള ചർച്ച നടക്കുകയാണ്. ഞങ്ങളുടെ കാര്യങ്ങൾ എതിർക്കാനെങ്കിലും നിങ്ങൾക്ക് ഐക്യം വേണമെന്നു മാത്രമേ ഞാനിവിടെ സൂചിപ്പിക്കുന്നുള്ളൂ.

ശ്രീ. എ. എൻ. ഷംസീർ: സർ, അപ്പുറത്തിരിക്കുന്നതിൽ ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ടവരെ ഇപ്പോൾ സഭയിൽ കാണുന്നില്ല. അതിലെന്തെങ്കിലും പ്രശ്നങ്ങളുണ്ടോ?

ശ്രീ. കെ. വി. വിജയദാസ്: സർ, വില അറിഞ്ഞ് വിള ചെയ്യുന്നവനാണ് കർഷകൻ. അതുപോലെ മണ്ണ് അറിഞ്ഞ് വിള ചെയ്യുന്നവനാണ് കർഷകൻ. ഈ രണ്ട് വിഭാഗത്തിലുംപെട്ട കർഷകൻ ഇന്ന് ആത്മഹത്യയുടെ വക്കിലാണ്. ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി ഇന്നലെ റബ്ബറിനെ സംബന്ധിച്ചാണ് ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചത്. റബ്ബറിന്റെ വില കുറയാനുള്ള പ്രധാന ഉത്തരവാദി മുൻ കേന്ദ്രമന്ത്രി ശ്രീ. പി. ചിദംബരം ആണെന്നാണ് അദ്ദേഹം പറഞ്ഞത്. മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് കൊണ്ടുവന്നിട്ടുള്ള ആസിയാൻ കരാർ പ്രകാരം കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നാണ്യവിളകളുടെ എല്ലാ വിലയും തകർന്നു. നാട്ടിൻപുറത്തെ സാധാരണ കൃഷിക്കാർക്ക് എല്ലാ കാര്യത്തിലും വലിയ രൂപത്തിലുള്ള തകർച്ചയാണുണ്ടായത്. രാസവളത്തിന്റെ വില വർദ്ധനവ്, ഇറക്കുമതിനയത്തിന്റെ ഫലമായി നാണ്യവിളകളുടെ വിലയിടിച്ചിൽ, കീടനാശിനികളുടെ വിലവർദ്ധനവ്, ഡീസൽ-പെട്രോളിയം വില വർദ്ധനവ്, ഓയിലിന്റെ വിലവർദ്ധനവ്, സ്പെയർ പാർട്ടുകളുടെ വില വർദ്ധനവ്, ട്രാക്ടർ ഓയിൽ എഞ്ചിൻ വിലവർദ്ധനവ്, വൈദ്യുതി ചാർജ്ജിന്റെ വർദ്ധനവ് ഇതിന്റെയെല്ലാം ഫലമായി കാർഷികമേഖല തകർന്ന് തരിപ്പണമായി. ഡോ. മൻമോഹൻ സിംഗ് ഗവൺമെന്റിന്റെ ആ നയമല്ലേ ഇതിനുത്തരവാദി. അതല്ലേ ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് ശക്തമായി നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. അന്ന് ഡോ. മൻമോഹൻ സിംഗ് കേന്ദ്രം ഭരിക്കുമ്പോഴും കേരളം ഭരിക്കുന്നത് യു.ഡി.എഫ്. ആയിരുന്നു. അങ്ങനെ യു.ഡി.എഫ്. ഭരിക്കുമ്പോഴും ഏതെങ്കിലും തരത്തിലുള്ള കാർഷിക പദ്ധതികൾ നേടിയെടുക്കാൻ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞില്ലെന്നുമാത്രമല്ല ചെറുവിരൽ അനക്കാൻപോലും അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിന് സാദ്ധ്യമായിരുന്നില്ല. ഇപ്പോഴാകട്ടെ കേന്ദ്ര ഗവൺമെന്റ് കാർഷിക മേഖലയിൽ വലിയ തോതിലുള്ള ജനദ്രോഹ നടപടികൾ അടിച്ചേല്പിക്കുകയാണ്. ധാരാളം ആളുകൾ മരണപ്പെട്ടു. യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുമ്പോൾ ഏതാണ്ട് 65 ആളുകൾ മരണപ്പെട്ടു.

അതിൽ മൂന്നുപേർ പാലക്കാട് ജില്ലയിലുള്ളവരായിരുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ മന്ത്രിമാരോ അല്ലെങ്കിൽ അന്നത്തെ കൃഷി വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനനെങ്കിലും മരണപ്പെട്ട ആളുകളുടെ വീടുകളിൽവന്ന് ബന്ധുക്കളെ സമാധാനിപ്പിക്കാനോ അവർക്ക് നഷ്ടപരിഹാരം കൊടുക്കാനോ ശ്രമിച്ചില്ല. കേരളത്തിലെ കൃഷിക്കാരോട് മുൻ ഗവൺമെന്റ് കാണിച്ചിട്ടുള്ള ചതിയും വഞ്ചനയുമായിരുന്നു അതെന്നുപറഞ്ഞാൽ യാതൊരു തെറ്റും ഉണ്ടാകില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, എൽ.ഡി.എഫ്. ഗവൺമെന്റ് ടി തുക കൊടുത്തു.

ശ്രീ. കെ. വി. വിജയദാസ്: സർ, എൽ. ഡി.എഫ്. ഗവൺമെന്റ് തുക കൊടുത്തു. ശ്രീ. കെ. പി. മോഹനൻ മന്ത്രിയായിരുന്ന സമയത്ത് ഒന്നും കൊടുത്തില്ല. അതിനുവേണ്ടി ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചതിന് ശേഷമാണ് പാലക്കാട് ജില്ലയിലെ മൂന്ന് കർഷക ആത്മഹത്യക്കാർക്ക് പൈസ കൊടുത്തത്. ഇതായിരുന്നു യു.ഡി.എഫ്. ഗവൺമെന്റിന്റെ മനോഭാവം. നെല്ല്, നാളികേരം, റബ്ബർ, കശുമാവ്, തേയില, ഏലം, കുരുമുളക്, കവുങ്ങ് എന്നിവ കൃഷിചെയ്യുന്നതിലും ഉല്പാദനത്തിലും കുറവുവന്നു. നെല്ലുസംഭരണം നടത്തിയാൽ ഒരാഴ്ചക്കുള്ളിൽ പണം നൽകുമെന്നുപറഞ്ഞ് ശ്രീ. കെ. പി. മോഹനൻ പാലക്കാട് ജില്ലയിൽ കൃഷിക്കാരുടെ യോഗം വിളിച്ചുകൂട്ടി. പക്ഷേ ഒരു നയാപൈസ കൊടുത്തില്ല. ആറ് മാസം കഴിഞ്ഞതിനുശേഷമാണ് പണം കൊടുത്തത്. ഇപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം 242 കോടി രൂപ കൊടുക്കേണ്ട ഗതികേടിലേയ്ക്ക് എത്തി. യു.ഡി.എഫ്. സർക്കാർ കൊടുക്കാത്ത പണം എൽ.ഡി.എഫ്. സർക്കാർ കൊടുത്തു. അതാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ രീതി.

റബ്ബർ വിലസ്ഥിരത ഉറപ്പാക്കാൻ 300 കോടി രൂപ നീക്കിവച്ചെന്ന് മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി സാർ പ്രസംഗിച്ചു. പക്ഷേ ചെലവാക്കിയത് 46 കോടി രൂപ മാത്രമാണ്. ആഭ്യന്തര ഉല്പാദനത്തിൽ കാർഷിക അനുബന്ധ മേഖലയിലെ വിഹിതം 14.38 ശതമാനത്തിൽനിന്നും 11.6 ശതമാനമായി കുറഞ്ഞു. നീരയുടെ പേരിൽ നടത്തിയ വാഗ്ദാനം ജലരേഖയായി മാറി. ഇടുക്കി പാക്കേജ്, കുട്ടനാട് പാക്കേജ്, വയനാട് പാക്കേജ് ഇതെല്ലാം പാഴായില്ലേ? ഒന്നും നടന്നില്ല. ഇപ്പോഴും കുട്ടനാട് പാക്കേജിനെക്കുറിച്ച് തർക്കം നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനകം 1800 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തത്. പക്ഷേ ചെലവാക്കിയതാകട്ടെ വെറും 168 കോടി രൂപ. 1603 കോടി രൂപ പാഴായി. ഇതല്ലേ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തുണ്ടായത്. ഉല്പാദന വിലത്തകർച്ച, വിളനാശം, വായ്പ

തിരിച്ചടയ്ക്കാത്തത് എന്നിവമൂലം 65 കർഷകർ യു.ഡി.എഫ്. ഭരണകാലത്ത് ആത്മഹത്യ ചെയ്തു. കഴിഞ്ഞ 5 വർഷം കർഷകർക്ക് ആശ്വാസമേകാനുള്ള കടാശ്വാസ പദ്ധതിയുടെ പ്രവർത്തനം എന്തായിരുന്നു? കടാശ്വാസ കമ്മീഷനിൽ 81134 അപേക്ഷകൾ കെട്ടിക്കിടക്കുകയായിരുന്നു. ആർ.കെ.വി.വൈ. എന്ന കേന്ദ്രാവിഷ്കൃത പദ്ധതി കേരളത്തിൽ നടപ്പിലാക്കിയതേയില്ല. കൊപ്ര സംഭരണം അട്ടിമറിച്ചു. കേരഫെഡ് ആകട്ടെ അഴിമതിയിൽ മുങ്ങിക്കുളിച്ചു. ഈ സ്ഥിതിയിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു സമീപനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നപ്പോൾ ഉണ്ടായതെന്ന് അഭിമാനത്തോടെ പറയാൻ സാധിക്കും. നഷ്ടപ്പെട്ട കാർഷിക സമൃദ്ധി വീണ്ടെടുക്കാനും സമഗ്ര കാർഷിക നവോത്ഥാനം നടപ്പിലാക്കുന്നതിനും പുത്തൻ വികസന പരിപ്രേക്ഷ്യമാണ് ശ്രീ. പിണറായി വിജയൻ സർക്കാർ ലക്ഷ്യമിടുന്നത്. കഴിഞ്ഞ കാർഷിക ബജറ്റിൽ നിന്ന് വ്യത്യസ്തമായി എൽ.ഡി.എഫ്. ഗവൺമെന്റ് 600 കോടി രൂപ വകയിരുത്തി. കഴിഞ്ഞ ഗവൺമെന്റാകട്ടെ 300 കോടി രൂപ മാത്രമാണ് വകയിരുത്തിയത്. തദ്ദേശ സ്വയംഭരണ സമിതികൾ പദ്ധതി വിഹിതത്തിൽ നിന്ന് 20 ശതമാനം കാർഷിക മേഖലയ്ക്ക് കൊടുത്താൽ മതിയെന്ന് യു.ഡി.എഫ്. ഗവൺമെന്റ് നിഷ്കർഷിച്ചത് ഇപ്പോൾ 40 ശതമാനമാക്കി വർദ്ധിപ്പിച്ചു.

2016 നെൽ വർഷമായി ആചരിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചു. നെൽക്കൃഷി പ്രോത്സാഹിപ്പിക്കാൻ 385 കോടി രൂപ വകയിരുത്തി. കാർഷിക സർവ്വകലാശാലയിലെ സ്ഥലം വിൽക്കാനാണ് യു.ഡി.എഫ്. ഭരണകാലത്ത് ശ്രമിച്ചത്. ഇപ്പോൾ കാർഷിക സർവ്വകലാശാലയ്ക്ക് 65 കോടി രൂപ കൊടുത്തു. എല്ലാ ജില്ലകളിലും അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനുള്ള തീരുമാനമെടുത്തു. നെല്ലിന്റെ താങ്ങുവില പ്രഖ്യാപിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഇപ്രാവശ്യം നെല്ലിന്റെ താങ്ങുവില പ്രഖ്യാപിച്ചിട്ടില്ല. ഇപ്പോൾ 21.50 രൂപയാണുള്ളത്. അത് രണ്ട് രൂപ വർദ്ധിപ്പിച്ച് 23.50 രൂപയാക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ചേർന്നുകൊണ്ട് സഭയിൽ പ്രഖ്യാപിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

പാഡി വികസന ബോർഡ് രൂപീകരിക്കണം. ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കാൻ ഗാലസ പദ്ധതി നടപ്പിലാക്കണം. റബ്ബർ താങ്ങുവില ഉത്തേജന പാക്കേജ് കാര്യക്ഷമമായി നടപ്പിലാക്കാനും റോഡ് നിർമ്മാണത്തിന് റബ്ബർ ഉപയോഗപ്പെടുത്താനും റബ്ബർ കാർഷിക വിളയായി അംഗീകരിക്കാനും ഇറക്കുമതി

നിർത്തിവയ്ക്കാനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. കീടരോഗം പ്രതിരോധിക്കാനായി കോപ്പർ സൾഫേറ്റും ചുണ്ണാമ്പും കവുങ്ങുകൃഷിക്കാർക്ക് കൊടുക്കുന്നതിനും സംഭരിച്ച നാളികേരത്തിന്റെ വില ഉടൻ നൽകുന്നതിനും കൃഷിഭവനുകൾവഴി നാളികേരം സംഭരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. നെല്ല്, നാളികേരം, കുരുമുളക് തുടങ്ങിയ കാർഷിക വിളകൾക്ക് കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനത്തിന് ഗവൺമെന്റ് മുൻകയ്യെടുക്കണം. എല്ലാ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലും ലേബർ ബാങ്ക് ആരംഭിക്കാനും കാർഷിക പെൻഷൻ 1000 രൂപയാക്കി വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, സഹകരണം, കൃഷി, വിനോദസഞ്ചാരം എന്നീ വിഷയങ്ങൾ സംബന്ധിച്ചുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളത്തിലെ സഹകരണപ്രസ്ഥാനം ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. ഐക്യനാണയ സംഘമായി ആരംഭിച്ച് പിന്നീട് സർവ്വീസ് സഹകരണ ബാങ്കുകളായി, ഇന്ന് മനുഷ്യജീവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും സഹകരണപ്രസ്ഥാനം പടർന്നുപന്തലിച്ചിരിക്കുകയാണ്. ആരോഗ്യം, വിദ്യാഭ്യാസം, പൊതുവിതരണം എന്നീ രംഗങ്ങളിലെല്ലാം കൈവയ്ക്കാൻ സഹകരണപ്രസ്ഥാനത്തിന് സാദ്ധ്യമായിട്ടുണ്ടെങ്കിലും ഇപ്പോൾ സഹകരണമേഖല വലിയ വെല്ലുവിളികൾ നേരിടുകയാണ്. മുമ്പ് ഗ്രാമങ്ങളിൽ സർവ്വീസ് സഹകരണ ബാങ്കുകൾ മാത്രമുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ ഷെഡ്യൂൾഡ് ബാങ്കുകളും കൊമേഴ്സ്യൽ ബാങ്കുകളുമൊക്കെ ശാഖ തുറക്കാൻ തുടങ്ങിയിട്ടുണ്ട്. അവർക്കുള്ള ആധുനിക ടെക്നോളജിയും സൗകര്യങ്ങളുമൊക്കെ അവരിലേയ്ക്ക് കൂടുതൽ കസ്റ്റമേഴ്സിനെ ആകർഷിക്കാൻ ഇടയാക്കുന്നു. ഇത് സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. ഇൻകംടാക്സ് നിയമത്തിൽ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള പുതിയ പരിഷ്കാരങ്ങൾ നേരത്തെ സഹകരണ ബാങ്കുകൾക്ക് ലഭിച്ചുവന്നിരുന്ന 80E സംരക്ഷണം ഒഴിവാക്കപ്പെട്ടു. ഇൻകംടാക്സ് നിയമത്തിലെ 133(E) വകുപ്പനുസരിച്ച് സഹകരണസ്ഥാപനങ്ങളിലെ നിക്ഷേപകരെക്കുറിച്ചുള്ള വിവരങ്ങൾ ചോദിച്ചറിയാനുള്ള അവകാശം ഇൻകംടാക്സ് ഉദ്യോഗസ്ഥന്മാർക്ക് ലഭ്യമായിരിക്കുന്നു. ഈ മാറ്റത്തിന്റെ ഫലമായി പലരും സഹകരണ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്യാൻ മടിക്കുന്ന സാഹചര്യമുണ്ട്. ഇൻകംടാക്സ് ഉദ്യോഗസ്ഥരുടെ ഇടപെടൽ ഒഴിവാക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തേണ്ടതായിട്ടുണ്ട്. അതുപോലെ ബാങ്കിംഗ് പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾ നിർബന്ധമായും ബി.ആർ. ആക്ടിന്റെ പരിധിയിൽ വരണമെന്ന് റിസർവ് ബാങ്ക് നിഷ്കർഷിക്കുന്നു.

ഇതും കേരളത്തിലെ സഹകരണപ്രസ്ഥാനത്തെ ബാധിക്കുന്നതാണ്. ബാങ്കിംഗ് ഇതര ബിസിനസ്സുകൾ നടത്തുന്ന എല്ലാ സഹകരണസ്ഥാപനങ്ങളും നമ്മുടെ നാട്ടിലുണ്ട്. അത്തരം സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതരത്തിലാണ് റിസർവ് ബാങ്കിന്റെ നിർദ്ദേശം. സഹകരണ ബാങ്കിംഗ് രംഗത്ത് പ്രാഥമിക സർവ്വീസ് സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക് എന്നിങ്ങനെ ത്രീ-ടയർ സംവിധാനമാണ് നിലവിലുണ്ടായിരുന്നത്. ഈ ത്രീ-ടയർ സംവിധാനം ഒഴിവാക്കി ടു-ടയർ സംവിധാനം കൊണ്ടുവരാനുള്ള നീക്കമാണ് ഈ ഗവൺമെന്റ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ജില്ലാ ബാങ്ക് ഇല്ലാതാകാൻ പോകുകയാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഉൾപ്പെടെ 5 അസോസിയേറ്റ് ബാങ്കുകൾ എസ്.ബി.ഐ.-യിൽ ലയിപ്പിച്ച് എസ്.ബി.ഐ.-യെ വലിയ ബാങ്ക് ആക്കാൻ പോകുന്നതിനെതിരെ ഒറ്റക്കെട്ടായി പ്രമേയം പാസ്സാക്കുകയും ശക്തമായ സമരപരിപാടികൾ ഒരുമിച്ച് നടത്തുകയും ചെയ്തിട്ടുള്ളവരാണ്. എന്നാൽ ഇപ്പോൾ ജില്ലാ ബാങ്കുകളെ ഒഴിവാക്കി സംസ്ഥാന ബാങ്ക് മാത്രമാക്കി മാറ്റാൻ പോകുകയാണ്. എന്ത് അടിസ്ഥാനത്തിലാണ് ജില്ലാ ബാങ്കുകൾ ഇല്ലാതാക്കാനുള്ള ശ്രമം ഗവൺമെന്റ് നടത്തുന്നതെന്ന് അറിയില്ല. വളരെ നല്ലരീതിയിൽ പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന ബാങ്കിൽ ലയിപ്പിക്കുന്നതിനെക്കുറിച്ച് വിശദമായ പഠനം നടത്തേണ്ടത് ആവശ്യമാണ്. സഹകരണ മേഖലയ്ക്ക് അത് ഗുണം ചെയ്യുമോ; ഈ മേഖലയിൽ വിശ്വാസം അർപ്പിച്ചിട്ടുള്ള ഇടപാടുകാർക്ക് അത് എത്രമാത്രം ഗുണം ചെയ്യും എന്നത് സംബന്ധിച്ചുള്ള വിശദമായ പഠനം നടത്തിയശേഷമേ ഇത്തരമൊരു നീക്കത്തിലേയ്ക്ക് ഗവൺമെന്റ് പോകാൻ പാടുള്ളൂ. 2016 മാർച്ചിലെ കണക്കനുസരിച്ച് ജില്ലാസഹകരണ ബാങ്കുകളിൽ മാത്രം 52813.23 കോടി രൂപയുടെ നിക്ഷേപമുണ്ട്. സംസ്ഥാന സഹകരണ ബാങ്കുകളിൽ 6112.13 കോടി രൂപയുടെ നിക്ഷേപമുണ്ട്. മറ്റ് സഹകരണ സംഘങ്ങളെല്ലാം കൂടിയായാൽ 79,225 കോടി രൂപയുടെ നിക്ഷേപം സഹകരണ ബാങ്കുകളിലുണ്ട്. സഹകരണ ബാങ്കുകളിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കണം.

നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നവരാണ് പ്രവാസികൾ. പ്രവാസി സുഹൃത്തുക്കൾ നാട്ടിൽ വന്നാൽ അവരുടെ ജീവിത പ്രയാസങ്ങൾ നാം കാണുന്നതാണ്. പ്രവാസികളുടെ പങ്കാളിത്തത്തോടുകൂടി സഹകരണമേഖലയിലെ കെട്ടിക്കിടക്കുന്ന പണം എങ്ങനെ വിനിയോഗിക്കാൻ സാധിക്കും എന്നതുസംബന്ധിച്ചുള്ള പഠനം നടത്തി ഒരു പദ്ധതിക്ക് രൂപം നല്കാൻ ഗവൺമെന്റ് മുന്നോട്ടുവരണം. അത് പ്രവാസികൾക്കുകൂടി ഏറെ പ്രയോജനം ചെയ്യും. ഇപ്പോൾ കൺസ്യൂമർ ഫെഡ് നഷ്ടത്തിൽ

ഓടിക്കൊണ്ടിരിക്കുകയാണെന്ന് ഇവിടെ പറഞ്ഞു. ആ കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള 'നന്മ സ്റ്റോറുകൾ' പൂട്ടി. 'നന്മ' സ്റ്റോറുകളിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരെ വേണ്ടെങ്കിൽ അവരെ പിരിച്ചുവിട്ടിട്ട് വേറെ ജീവനക്കാരെ നിയമിച്ചാൽ മതി. 'നന്മ' സ്റ്റോർ പൂട്ടേണ്ട കാര്യമില്ല. അങ്ങനെ 'നന്മ' സ്റ്റോർ പൂട്ടിയതിനുശേഷം നഷ്ടത്തിലോടുന്ന കൺസ്യൂമർ ഫെഡിനെ സഹായിക്കാൻ 160 കോടി രൂപയാണ് ജില്ലാ ബാങ്കുകൾക്ക് നൽകണമെന്ന് ഈ ഗവൺമെന്റ് പറഞ്ഞത്. എന്തടിസ്ഥാനത്തിലാണ് നല്ലരീതിയിൽ പ്രവർത്തിക്കുന്ന ജില്ലാ ബാങ്കുകളെക്കൂടി തകർക്കാൻ തകർന്നുകൊണ്ടിരിക്കുന്ന കൺസ്യൂമർ ഫെഡിന് വായ്പ കൊടുക്കണമെന്ന നിർദ്ദേശം ഗവൺമെന്റ് നല്കിയതെന്നറിയില്ല. പ്രസ്തുത നിർദ്ദേശം സർക്കാർ പിൻവലിക്കണം.

ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ ഹോൾസെയിൽ നിർത്താൻ പോകുകയാണ്. റേഷൻ സ്തംഭനാവസ്ഥയെക്കുറിച്ച് നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല ഇവിടെ സബ്മിഷൻ ഉന്നയിക്കുകയുണ്ടായി. നല്ലരീതിയിൽ പ്രവർത്തിക്കുന്ന സഹകരണസ്ഥാപനങ്ങളിൽ ഹോൾസെയിൽ ഏജൻസികളുണ്ട്. എത്രയോ ജീവനക്കാർ അതുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്നവരാണ്. സഹകരണസ്ഥാപനങ്ങൾ നടത്തുന്ന ഹോൾസെയിൽ ഏജൻസി നിലനിർത്തണം. ബഹുമാനപ്പെട്ട കൃഷിമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ നമുക്കെല്ലാം നല്ല അഭിപ്രായമുള്ളയാളാണ്. എന്നാൽ കഴിഞ്ഞ നാലരമാസമായി പ്രഖ്യാപനങ്ങൾ മാത്രമേയുള്ളൂ; യാതൊരു മാറ്റവുമുണ്ടായിട്ടില്ല. റബ്ബർ കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ ബഹുമാനപ്പെട്ട മാണിസാർ ഇന്നലെ അടിയന്തരപ്രമേയത്തിൽ അവതരിപ്പിക്കുകയുണ്ടായി. നാളികേരകർഷകർ അതിലേറെ പ്രയാസത്തിലാണ്. നാളികേരത്തിന് കിലോയ്ക്ക് 27 രൂപ നല്കാമെന്നാണ് ബജറ്റിൽ പ്രഖ്യാപിച്ചത്. ഇതുവരെയും ആ വാക്ക് പാലിക്കാൻ കഴിഞ്ഞില്ല. എല്ലാ കൃഷിഭവനുകൾ മുഖേനയും പച്ചത്തേങ്ങ സംഭരിക്കുമെന്ന് പറഞ്ഞു. അത് ഇതുവരെയും ഉണ്ടായിട്ടില്ല. എറണാകുളത്ത് ജൂലൈ 30-ാം തീയതി നാളികേര കമ്പനികളുടെ കൺസോർഷ്യം സംഘടിപ്പിച്ച സെമിനാറിൽ ബഹുമാനപ്പെട്ട ധനമന്ത്രിയും കൃഷി മന്ത്രിയുമൊക്കെ പങ്കെടുത്തതാണ്. അന്ന് കൃഷിവകുപ്പുമന്ത്രി പറഞ്ഞത് യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ഒരു പദ്ധതിയും ഒഴിവാക്കില്ല എന്നാണ്. എന്നാൽ ഓണം സീസണിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 32 രൂപയ്ക്കാണ് നാളികേരം സംഭരിച്ചത്. ഇപ്പോൾ ഓണം കഴിഞ്ഞല്ലോ; ഈ ഗവൺമെന്റ് സംഭരിച്ചോ? യു.ഡി.എഫ്. ഗവൺമെന്റ് കൊടുത്ത വില കൊടുക്കുമെന്ന്

ബഹുമാനപ്പെട്ട മന്ത്രി എറണാകുളത്ത് പ്രസ്താവിച്ചു. അതുണ്ടായില്ലെന്നുമാത്രമല്ല പ്രഖ്യാപിച്ച 27 രൂപപോലും കൊടുത്തിട്ടില്ല. തേങ്ങ സംഭരിക്കണമെങ്കിൽ മൂന്നുമാസം മുൻപ് ബുക്ക് ചെയ്ത് കാത്തിരിക്കണമെന്നാണ് പറയുന്നത്. നല്ല കർഷകനാണ് ശ്രീ. പാറക്കൽ അബ്ദുല്ല. അദ്ദേഹം പറയുന്നത് ജൂൺ മാസം മുതൽ കൊടുത്ത തേങ്ങയുടെ പണം കിട്ടിയിട്ടില്ലായെന്നാണ്. ഇതാണ് നമ്മുടെ കാർഷികമേഖലയുടെ സ്ഥിതി. അതുകൊണ്ട് കാര്യമായ ശ്രദ്ധ ഈ രംഗത്ത് വേണം. 2011-ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നാളികേരത്തിന്റെ വില രണ്ടുരൂപയ്ക്ക് താഴെയായിരുന്നു. യു.ഡി.എഫ്.ന്റെ കാലത്ത് തേങ്ങയ്ക്ക് ഏകദേശം 15 രൂപയോളം വില കൂട്ടി. കൊപ്ര സംഭരിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചെങ്കിലും അതിനുള്ള നടപടിയും ഗവൺമെന്റ് എടുത്തിട്ടില്ല. 'നീര' ഉൽപ്പാദനവുമായി ബന്ധപ്പെട്ട കാര്യവും ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്. ഇൻഡ്യയെപ്പോലെ നാളികേരം ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളാണ് ശ്രീലങ്കയും ഫ്രാൻസും. അവിടെയൊക്കെ നാളികേരത്തിൽനിന്ന് ധാരാളം മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്നുണ്ട്. നമ്മൾ അതിനെക്കുറിച്ച് ചിന്തിക്കണം. വെളിച്ചെണ്ണയ്ക്ക് 5 ശതമാനം നികുതി കൂട്ടി. അതിന്റെ പ്രയാസം കർഷകർ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

ടൂറിസം മേഖലയിൽ ധാരാളം കാര്യങ്ങൾ കഴിഞ്ഞ അഞ്ചു കൊല്ലംകൊണ്ട് ചെയ്യാൻ സാധിച്ചിട്ടുണ്ട്. ടൂറിസ്റ്റുകൾ നാട്ടിലേയ്ക്ക് വരണമെങ്കിൽ നാട്ടിൽ സമാധാനം വേണ്ടേ? ഇപ്പോൾ എനിക്കുമുമ്പ് സംസാരിച്ച കോങ്ങാട് മെമ്പർ ശ്രീ. കെ. വി. വിജയദാസ് കൊലചെയ്യപ്പെട്ടവരുടെ ലിസ്റ്റ് വായിച്ചു. ഇതാണ് പ്രശ്നം. വിദേശത്തും കേരളത്തിന് പുറത്തുമുള്ള ആളുകൾ ചാനലിൽ കാണുകയാണ്. കൊലപാതകത്തിന്റെ വാർത്തയാണ് കേൾക്കുന്നത്. നാട്ടിൽ ഇങ്ങനെ കൊലപാതകങ്ങളുണ്ടായാൽ ടൂറിസ്റ്റുകൾ വരുമോ? 'ദൈവത്തിന്റെ സ്വന്തം നാട് ചോരക്കളമായി മാറുകയാണ്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-യും സംസ്ഥാനം ഭരിക്കുന്ന സി.പി.ഐ.(എം)-ഉം മത്സരിച്ച് കൊല്ലുകയാണ്. ഹർത്താലിലും മത്സരമാണ്. സംസ്ഥാനം ഭരിക്കുന്ന പാർട്ടി ജില്ലാ ഹർത്താൽ നടത്തുകയാണെങ്കിൽ കേന്ദ്രം ഭരിക്കുന്ന പാർട്ടി സംസ്ഥാന ഹർത്താൽ നടത്തുന്നു. ടൂറിസ്റ്റുകൾ വരണമെങ്കിൽ സമാധാനപരമായ അന്തരീക്ഷം നമ്മുടെ രാജ്യത്ത് ഉണ്ടാക്കണം. ഏറ്റവും കുറഞ്ഞ കാലംകൊണ്ട് എങ്ങനെ ജനവിരുദ്ധമാകാമെന്ന് തെളിയിച്ച ഗവൺമെന്റാണിത്. ഈ ഗവൺമെന്റിനെ മാഫിയ ദുർഭൂതം പിടി കൂടിയമാതിരിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തൃശ്ശൂർ പോലീസ് പാസ്സിംഗ് ഔട്ട് പരേഡിലെ പ്രസംഗം ടി. വി.-യിൽ കേട്ടു. മാഫിയകൾ (ഭൂ മാഫിയ, ലോട്ടറി മാഫിയ) പെരുകി കൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. പിറ്റേ

ദിവസം സഭയിൽ സഖാവ് ഇ. പി. ജയരാജനും അതുതന്നെ പറയുകയാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ സെക്രട്ടേറിയറ്റിലും ക്യാബിനറ്റിലും മാഫിയകൾ കടന്നുകൂടി സഖാവ് ഇ. പി. ജയരാജനെ പുറത്താക്കിയത് എന്തായാലും ശരിയായില്ലായെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ശ്രീ. ഇ. പി. ജയരാജനെ പുറത്താക്കിയത് യു. ഡി. എഫ്. അല്ല, മാഫിയയാണെന്നാണ് പറഞ്ഞത്. പാർട്ടി സെക്രട്ടേറിയറ്റിലും ക്യാബിനറ്റിലും മാഫിയകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അത് പരിശോധിക്കണം. മാഫിയകളെ പിടിച്ചുകെട്ടാൻ നിങ്ങൾക്ക് കഴിയണം. ജനങ്ങൾക്ക് സ്വൈര്യമായി ജീവിക്കാൻ സാധിക്കുന്ന സാഹചര്യം ഉണ്ടാകണം. നാദാപുരത്ത് മുഹമ്മദ് അസ്ലാമിനെ കൊല ചെയ്ത മുഴുവൻ കൊലപാതകികളെയും പിടികൂടണം. താനൂരിൽ 28 മത്സ്യ തൊഴിലാളികളുടെ വീട് ആക്രമിച്ച് കൊള്ള നടത്തിയ എല്ലാ അക്രമികളെയും പിടികൂടണം. ജനങ്ങൾക്ക് സ്വൈര്യമായി ജീവിക്കാൻ സാധിക്കുന്ന സാഹചര്യം രാജ്യത്തുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2.00 pm]

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും വളരെ ആത്മാർത്ഥമായി ഒരുപാട് കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ കേന്ദ്രത്തിന്റെ നയം കാരണം ഇത് എത്രത്തോളം വിജയിപ്പിക്കാൻ സാധിക്കുമെന്ന ഭയപ്പാടാണ് എനിക്കുള്ളത്. ഇവിടത്തെ 125 കോടി ജനതയെ തീറ്റിപ്പോറ്റുന്നത് കർഷക സമൂഹമാണ്. മൂന്നുനേരം ഭക്ഷണം കഴിക്കുമ്പോൾ നമ്മൾ അവരെയൊന്ന് ഓർക്കണ്ടേ? ഓർക്കുന്നുണ്ടോയെന്നുള്ളത് എനിക്ക് സംശയമാണ്. ഇന്ത്യയിൽ ഓരോ അരമണിക്കൂറിനും ഒരു കർഷകൻ വീതം ആത്മഹത്യ ചെയ്യുകയാണ്. ഒരു ദിവസം ഇന്ത്യയിൽ 2500 കർഷകരാണ് കൃഷി ഉപേക്ഷിച്ചു പോകുന്നത്. ഇതൊക്കെ സർവ്വേ റിപ്പോർട്ടാണ്. അതുപോലെ നമ്മുടെ ഉൽപ്പാദനമേഖല ചൈനയുടെ ഒപ്പം നിൽക്കുകയാണ്. ഉൽപ്പാദന മേഖലയിൽ നമുക്കൊരു കുറവുണ്ട്. ഇന്ത്യയെ അപേക്ഷിച്ച് ചൈനയിൽ 25 ശതമാനം ഭൂമി കുറവാണെങ്കിലും ഇന്ത്യയേക്കാൾ മുപ്പത് ശതമാനം ഉൽപ്പാദനം അവിടെ കൂടുതലാണ്. അവിടെവിടെയോ നമുക്കൊരു പരാജയമുണ്ട്. അത് പരിശോധിക്കേണ്ട സ്ഥിതിയാണ്. ഭരണകൂടത്തിന്റെ സമീപനം, പ്രത്യേകിച്ച് കേന്ദ്ര ഭരണകൂടത്തിന്റെ സമീപനം കൃഷിക്കാരനോട് എങ്ങനെയാണ്; 12-ാം പഞ്ചവൽസര പദ്ധതിയിൽ ഒരു ലക്ഷത്തി അൻപതിനായിരം കോടി രൂപയാണ് ആകെ വച്ചിരിക്കുന്നത്. പക്ഷേ ഡൽഹി എയർപോർട്ടിലെ ഒരു ടെർമിനലിന് ഒരു ലക്ഷത്തി അറുപതിനായിരം കോടി രൂപയാണ് വച്ചിരിക്കുന്നത്. 60 കോടി ജനതയോട് കാണിക്കുന്ന സമീപനത്തിന്റെ ഒരു ഉദാഹരണം മാത്രമാണ് പറഞ്ഞത്. 12 മുതൽ

13 ശതമാനം വരെയാണ് കാർഷിക മേഖലയിലുള്ള കയറ്റുമതി. അതിന് കേന്ദ്ര ഗവൺമെന്റ് Make in India-യിൽ എത്രയാണ് വച്ചത്? ഒരു ശതമാനം പോലും വച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ സമീപനം അതാണ്. ഇന്ത്യയിൽ ഛത്തീസ്ഗഡ് ആണ് കാർഷിക കടത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത്. കേരളത്തിലെ കടം ഞാൻ പറയാം. കേരളത്തിലെ കാർഷിക മേഖലയിലുള്ള കൃഷിക്കാരുടെ കുടുംബങ്ങളിലെ ആവറേജ് കടം 6,48,000 രൂപയാണ്. നമ്മുടെ കാർഷിക രംഗം എങ്ങോട്ട് പോകുന്നുവെന്നതിന് ഒരു ഉദാഹരണമാണിത്.

കർഷകർ നെൽക്കൃഷി ഉപേക്ഷിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ നിയമങ്ങളൊക്കെ കൊണ്ടുവരുന്നു. അതൊക്കെ നില നിൽക്കുമോ; കൃഷികൊണ്ട് ഉപജീവനം കഴിക്കേണ്ട വരുമാനം കിട്ടണ്ടേ; എന്താണ് ആവറേജ് കൃഷിക്കാരുടെ ഫാം വരുമാനം ഇപ്പോൾ കണക്കാക്കിയിരിക്കുന്നത്; കേരളത്തിൽ 5000 രൂപയാണ് മാസവരുമാനം. 5000 രൂപ കൊണ്ട് ഒരു കുടുംബത്തിന് ജീവിക്കാൻ സാധിക്കുമോ? കേന്ദ്രഗവൺമെന്റിന്റെ പേ കമ്മീഷൻ റിപ്പോർട്ട് വന്നു. ഭാര്യയും ഭർത്താവും രണ്ടു കുട്ടികളും അടങ്ങിയ ഒരു കുടുംബത്തിന് ജീവിക്കണമെങ്കിൽ മിനിമം 18000 രൂപ വേണമെന്നാണ് പറയുന്നത്. ഇത് കൃഷിക്കാരന് ബാധകമല്ലേ; 5000 രൂപയാണ് കേരളത്തിലെ കൃഷിക്കാരുടെ ആവറേജ് മാസവരുമാനം. എങ്ങനെയാണ് കൃഷിക്കാരന് പിടിച്ചുനിൽക്കാൻ സാധിക്കുന്നത്? എങ്ങനെയെങ്കിലും കൃഷി ഉപേക്ഷിക്കുകയെന്ന സ്ഥിതിയാണിന്നുള്ളത്. നമ്മുടെ ആരുടെയെങ്കിലും മക്കളെ കൃഷിക്കാരനാക്കി നിലനിർത്തണമെന്നോ വളർത്തണമെന്നോ ആർക്കെങ്കിലും ആഗ്രഹമുണ്ടോ? സാധിക്കുകയില്ല. കാരണം അതിന് പോയാൽ ഗുണമില്ലായെന്ന് മനസ്സിലാക്കിയിട്ടാണ് നമ്മളാരും മക്കളെ കൃഷിക്കാരനാക്കാൻ തീരുമാനിക്കാത്തത്. പണ്ട് പ്ലാന്റേഷനിലുള്ള ആളുകൾ അവരുടെ മക്കളെ കൃഷിക്കാരായി കൊണ്ടുവന്നിരുന്നു. അവിടെ പരാജയപ്പെട്ടപ്പോൾ അതും ഇല്ല. കൃഷി രംഗത്ത് ആരും വരാൻ തയ്യാറില്ല. അത് എങ്ങനെയെങ്കിലും വിറ്റ് വേറെ ഏതെങ്കിലും മേഖലയിൽ നിക്ഷേപിച്ച് രക്ഷപ്പെട്ടാൽ മതി എന്നുള്ള സ്ഥിതിയിലാണ് ആളുകൾ നിൽക്കുന്നത്. കൃഷിക്കാരെ രക്ഷിക്കാൻവേണ്ടി നാല്പത്തിയെട്ടോ നാല്പത്തിയൊൻപതോ കമ്മീഷനുകളെ വച്ചു. ഒരു നടപടിയും കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉണ്ടായില്ല. അവസാനം എം. എസ്. സ്വാമിനാഥൻ കമ്മീഷനെ നിയമിച്ചു. ആ റിപ്പോർട്ട് പാർലമെന്റിൽ ഒന്നുചർച്ച ചെയ്യാൻപോലും ഒരു നടപടിയും സ്വീകരിച്ചില്ല. ഇവിടെ കേരളാ ഗവൺമെന്റ് അംഗീകരിച്ച കേരള സംസ്ഥാന കാർഷിക വികസന നയം രൂപീകരിക്കാൻ ഒരു കമ്മീഷൻ ഉണ്ടായിരുന്നു. ആ കമ്മീഷന്റെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ മുന്നോട്ട് പോയില്ലെങ്കിൽ നമ്മുടെ ഇന്നുള്ള കൃഷികൂടി ഇല്ലാതാകുന്ന ഒരു അവസ്ഥയിൽ എത്തുമെന്നാണ് എനിക്ക് പറയാനുള്ളത്.

2015-ൽ നബാർഡിന്റെ ചെയർമാൻ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് വരുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അതെല്ലാം ഒന്ന് ശ്രദ്ധിക്കണമെന്നാണ് പ്രത്യേകിച്ച് എനിക്ക് പറയാനുള്ളത്. ഞാൻ നേരത്തെ കേന്ദ്ര ഗവൺമെന്റിന്റെ സമീപനത്തെക്കുറിച്ച് പറഞ്ഞു. സമീപനം എന്താണ്; കേന്ദ്രാവിഷ്കൃത പദ്ധതികളിൽ എത്ര തുകയാണ് കിട്ടിയത്? 2014-15-ൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 300 കോടി രൂപ കിട്ടി, ഈ വർഷം അത് 76 കോടി രൂപയായി കുറച്ചു. ഹോർട്ടികൾച്ചർ മിഷൻ - കുറച്ചല്ലോ; 250 കോടി രൂപ ഉണ്ടായിരുന്നത്, അതിലും വലിയ കുറവാണ് വരുത്തിയത്. എൻ.എഫ്.എസ്.എം. - 2.5 കോടി രൂപ നെൽക്കൃഷി വികസനത്തിനുവേണ്ടി പാലക്കാട് ജില്ലയ്ക്ക് മാത്രമായി ലഭിച്ചു. ഇപ്പോൾ 75 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. എങ്ങനെയാണ് നെൽക്കൃഷി വികസിപ്പിക്കുന്നത്? കഴിഞ്ഞ വർഷം 2.5 കോടി രൂപയാണ് നൽകിയതെങ്കിൽ ഇപ്പോൾ അത് 75 ലക്ഷം രൂപയായി കുറച്ചു. എനിക്ക് സൂചിപ്പിക്കാനുള്ളത്, കൃഷി വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ 25 ശതമാനവും ചെലവാക്കുന്നത് പാലക്കാട് ജില്ലയ്ക്കാണ്. അവിടെ എത്ര ഉദ്യോഗസ്ഥന്മാരുണ്ട്; ആ ഉദ്യോഗസ്ഥന്മാരെല്ലാം എവിടെയാണ്; ഇവിടെ പോലീസിൽ ഡി.ഐ.ജി. യും ഐ. ജി. യുമൊക്കെയുണ്ട്, തൃശ്ശൂരിലുംമറ്റുമായി. കൃഷി ഇല്ലാത്തിടത്താണ് കൃഷി വകുപ്പ് ഉദ്യോഗസ്ഥന്മാരുള്ളത്. പതിനായിരം ഏക്കറുള്ള സ്ഥലത്ത് ഒരു കൃഷി ഓഫീസർ, 50 ഏക്കർ കൃഷിയുള്ള സ്ഥലത്തും ഒരു കൃഷി ഓഫീസർ. ഇതൊന്ന് മാറണ്ടേ? ജോയിന്റ് ഡയറക്ടർമാരെല്ലാം കൂടി ഇവിടെ തടിച്ചു കൂടണ്ടല്ലോ? പോലീസ് വകുപ്പിലും ഇറിഗേഷൻ വകുപ്പിലും ഉള്ളതുപോലെ പാലക്കാടോ അല്ലെങ്കിൽ ഏറ്റവും കൂടുതൽ കൃഷിയുള്ള സ്ഥലത്തോ അഡീഷണൽ ഡയറക്ടർമാരെ വച്ച് ഒരു സംവിധാനം ഉണ്ടാക്കാൻ സാധിക്കുമോയെന്ന് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം. കൃഷി ഇല്ലാത്ത സ്ഥലത്താണ് കൃഷി വകുപ്പ് ഉദ്യോഗസ്ഥന്മാർ മുഴുവൻ നിൽക്കുന്നത്.

അതുപോലെ വളരെ പ്രധാനപ്പെട്ട കാര്യം, കൃഷി വകുപ്പിന്റെ കീഴിലാണ് പി.എം.കെ.എസ്.വൈ.-യ്ക്ക് രൂപം നൽകുന്നത്. അതിൽ അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്, അറുപതിനായിരം കോടി രൂപയാണ് ബജറ്റിൽ അനുവദിച്ചിരിക്കുന്നത്. പാലക്കാട് ജില്ലയിൽ പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഒരു പ്രോജക്ട് ഉണ്ടാക്കി. (പ്രോജക്ട് ഉയർത്തി കാട്ടി) ഈ പ്രോജക്ട്

കൊണ്ടുപോയാൽ ഒരു രൂപ പോലും കിട്ടുകയില്ല. തൊട്ടടുത്ത കോയമ്പത്തൂർ ജില്ലയിൽ അവർ പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ച് 500 കോടി രൂപയാണ് ഒരു ജില്ലയ്ക്ക് കേന്ദ്രത്തിൽനിന്നും വാങ്ങിയത്. അവരുടെ റിപ്പോർട്ടും ഈ റിപ്പോർട്ടും കൂടി നോക്കിയാൽ, നമ്മൾ സമർപ്പിച്ച റിപ്പോർട്ടിൽ ഇൻഡക്സ് പോലുമില്ല. ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കൃഷി വകുപ്പിനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. എപ്പോൾ ചെയ്യേണ്ടതാണെന്നറിയാമോ? 2013-ൽ എ.ഐ.വി.പി.കെ.-യുടെ പ്രൊപ്പോസൽ കൊടുക്കാൻ പറഞ്ഞിട്ട് കൊടുത്തിട്ടില്ല. അത് കൊടുക്കാത്തതുകൊണ്ട് കേരളത്തിന് വന്ന നഷ്ടമെത്രയാണെന്ന് അറിയുമോ? അത് കൊടുത്തിട്ടില്ല. ഇനിയിപ്പോൾ അത് കൊടുക്കാൻ പ്രയാസമുണ്ട്. എന്നാലും അത് പി.എം.കെ.എസ്.വൈ.-യിൽ ഉൾപ്പെടുത്തണം. ആളുകളെ ശാസ്ത്രീയമായി ട്രെയിനിംഗ് കൊടുത്ത് കൃത്യമായി ചെയ്യിപ്പിക്കണം. അത് ജില്ലാകളക്ടറുടെ ചുമതലയാണ്. അത് നിർവ്വഹിക്കുന്നില്ല. അതുസംബന്ധിച്ച് മുഖ്യമന്ത്രിക്ക് ഞാൻ ഒരു കത്ത് കൊടുത്തു. അത് ചെയ്തില്ലായെങ്കിൽ കേരളത്തിന് കിട്ടുന്ന....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, യഥാർത്ഥത്തിൽ ഈ കാർഷിക നയം ഉപദേശിച്ചുതന്നത് ശ്രീ. കൃഷ്ണൻകുട്ടിയാണ്. ആ നയമനുസരിച്ചാണ് ഞങ്ങൾ പ്രവർത്തിച്ചത്. ആ നയം തെറ്റിയതിന് ഞങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും. കൃഷ്ണൻകുട്ടിക്ക് തെറ്റിയതിന് നമുക്ക് തിരുത്താൻ പറ്റുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അതിനെക്കുറിച്ച് മന്ത്രി മറുപടി പറയുമെന്നാണ് എന്റെ വിശ്വാസം. ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. പ്രകടനപത്രികയിൽ അതിന്റെ മുഴുവൻ കാര്യങ്ങളും നടപ്പാക്കുമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. പ്രകടനപത്രികയിൽ, നെൽക്കൃഷിക്ക് ഇൻസെന്റീവ് വേണമെന്ന് പറഞ്ഞു, അതിന്റെ പേര് റോയൽറ്റി എന്നാക്കിയിട്ടുണ്ട്. അത് വരുന്നുണ്ട്. അതുപോലെ ഫാർമേഴ്സ്, ഇൻകം ഗ്യാരന്റി വേണമെന്ന് പറഞ്ഞിട്ടുണ്ട്. അത് നടപ്പാക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. അതും പ്രകടനപത്രികയിൽ പറഞ്ഞിട്ടുണ്ട്. ഞങ്ങൾ അത് ചെയ്യും. അതുപോലെ ലാഭത്തിന്റെ ഒരു വിഹിതം, അവകാശലാഭം, അത് കൃഷിക്കാരന് അവകാശപ്പെട്ടത് തന്നെയാണ്. അവകാശലാഭം എന്നത് നെല്ലിന്റെ കാര്യത്തിനുമാത്രം ഉദാഹരണം പറയാം.

<u>മി. ചെയർമാൻ</u>: അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ് .......കൺക്ലൂഡ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇവിടെ റേഷൻ വഴിയല്ലാതെയും സിവിൽസപ്ലൈസ് വഴിയല്ലാതെയും 40 ലക്ഷം ടൺ അരിയാണ് വിൽക്കുന്നത്. അരിക്ക് 40 രൂപ വിലയിട്ടാൽ, - ഡൽഹിയിലൊക്കെ 75-ഉം 80-ഉം രൂപയാണ് അരിയുടെ വില. കൃഷിക്കാരന് പ്രൊവിഡന്റ് ഫണ്ടും ചികിത്സിക്കാനുള്ള സൗകര്യവും വേണം. നമുക്കൊക്കെ രോഗം വന്നാൽ റീഇംബേഴ്സ്മെന്റ്

കിട്ടുന്നുണ്ടല്ലോ; സമൂഹത്തിനെ തീറ്റിപ്പോറ്റുന്ന കൃഷിക്കാരനല്ലേ; അവർക്ക് കിട്ടാനുള്ള അവകാശമില്ലേ? അത് കൊടുക്കാൻ കേരള കാർഷിക വികസന നയത്തിൽ പറഞ്ഞിട്ടുണ്ട്. അവകാശലാഭം കൊടുക്കണമെന്ന് എൽ.ഡി.എഫ്. പ്രകടന പത്രികയിൽ പറഞ്ഞിട്ടുണ്ട്. അത് കൊടുക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.... സമയം കഴിഞ്ഞു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്നത് ചെയ്തില്ലെങ്കിൽ നിങ്ങൾക്ക് ചോദ്യം ചെയ്യാമല്ലോ? അത് തീർച്ചയായും വരുമെന്നാണ് എന്റെ വിശ്വാസം, അത് ചെയ്യും. കൃഷിക്കാരനെ ചൂഷണം ചെയ്തെടുക്കുന്ന ഫണ്ടുണ്ടല്ലോ; അതിൽ നിന്നും ഒരു വിഹിതം മാത്രം എടുത്താൽ കൃഷിക്കാർക്ക് കൊടുക്കാനുള്ളതാകും.

സഹകരണ വകുപ്പിനെ സംബന്ധിച്ച് എനിക്ക് ഒരു കാര്യമേ പറയാനുള്ളൂ. കമ്മിറ്റി വയ്ക്കുമ്പോൾ പ്രൈമറി സൊസൈറ്റിയെക്കൂടി ശ്രദ്ധിക്കണം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, ഇപ്പോൾ ആക്ടീവ് മെമ്പർഷിപ്പുണ്ട്. മൂന്നുപ്രാവശ്യം ജനറൽ ബോഡിയിൽ പങ്കെടുത്ത ആൾക്കേ വോട്ടധികാരമുണ്ടാകൂ എന്ന ഒരു ക്ലോസ് അതിലുണ്ട്. അത് അടിയന്തരമായി മാറ്റിയില്ലെങ്കിൽ ഇവിടത്തെ ഇലക്ഷന് വലിയ പ്രയാസമുണ്ടാകും. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുണ്ടാകണം. അടിയന്തരമായി ഇലക്ഷൻ നടക്കാൻ പോകുകയാണ്. ജനറൽ ബോഡിയിൽ പതിനായിരം ആളുണ്ടെങ്കിൽ നൂറോ ഇരുന്നൂറോ ആളുകളേ ഇതിൽ പങ്കെടുക്കുകയുള്ളൂ. അവർക്ക് മാത്രമേ വോട്ടധികാരമുള്ളൂ എന്നതാണ് ആ ക്ലോസിലുള്ളത്. അത് അടിയന്തരമായി മാറ്റണം.

ശ്രീ. പി. ജെ. ജോസഫ്: സർ, ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ കാലഘട്ടത്തിൽ ഏറ്റവും വിപ്ലവകരമായ മാറ്റം ലോകത്തിലും ഇന്ത്യയിലുമൊക്കെ വന്നിട്ടുള്ളത്, ഇൻഫർമേഷൻ ടെക്നോളജിയിലാണ്. ഇൻഫർമേഷൻ ടെക്നോളജി ഇനി നൂറ് മടങ്ങ് വർദ്ധിച്ചാലും ഈ രാജ്യത്തെ ജനങ്ങൾക്ക് ഭക്ഷിക്കാനുള്ള ഗോതമ്പോ അരിയോ പച്ചക്കറിയോ പാലോ മുട്ടയോ ഒന്നും നൽകാൻ കഴിയില്ല. അതിന് കൃഷിയിടങ്ങളിൽ ഉല്പാദനമുണ്ടാകണം. ഇന്ത്യയിലും കേരളത്തിലും കാർഷികമേഖല കനത്ത വെല്ലുവിളിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. കാരണം കാർഷികോല്പന്നങ്ങളുടെ ഇടയ്ക്കിടയ്ക്കുള്ള വിലയിടിവ് ഈ മേഖലയിൽ കർഷകരുടെ ആത്മവിശ്വാസം തകർത്തുകൊണ്ടിരിക്കുകയാണ്. ഇതിന് അടിയന്തരമായ പരിഹാരം ഉണ്ടാകണം. കേരളത്തിലെ കൃഷി വളരെ വ്യത്യസ്തമാണെന്ന് നമുക്കറിയാം. ആകെയുള്ള കൃഷിയിടങ്ങളിൽ 31 ശതമാനം തെങ്ങ് കൃഷിക്കും

21 ശതമാനം റബ്ബർകൃഷിക്കും 14 ശതമാനം കുരുമുളക്, ഏലം തുടങ്ങിയ മറ്റ് സുഗന്ധവ്യഞ്ജന കൃഷികൾക്കും 9 ശതമാനം നെൽക്കൃഷിക്കുമായാണ് ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. കാർഷികമേഖലയുടെ ഉല്പാദനം per acre yield ഇരട്ടിപ്പിച്ചാൽ മാത്രമേ കർഷകരെ സംരക്ഷിക്കാൻ കഴിയുകയുള്ളൂ. വിലയുടെ കാര്യം ഒരു വശത്ത് നിൽക്കട്ടെ, ചുരുങ്ങിയ സമയംകൊണ്ട് ഒന്നുരണ്ട് വിഷയങ്ങൾ മാത്രമേ ഞാൻ പറയുന്നുള്ളൂ.

നാളികേരകൃഷി - ഏറ്റവും കൂടുതൽ സ്ഥലം ഉപയോഗിക്കുന്നത് നാളികേര കൃഷിക്കാണ്. പ്രായമായ തെങ്ങുകളുടെ ഉല്പാദനക്ഷമത കുറഞ്ഞുവരുന്നു. ഇതിനുപരിഹാരം കാണണമെങ്കിൽ അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ അടിയന്തരമായി വിതരണം ചെയ്യണം. അത് സങ്കരയിനങ്ങളുണ്ട്. അതുപോലെ ഡ്വാർഫ് വെറൈറ്റീസുണ്ട്. സി.പി.സി.ആർ.ഐ. കണ്ടെത്തിയ ഒരു കാര്യം കായംകുളത്ത് തെങ്ങുകൾക്ക് രോഗബാധയുള്ള പ്രദേശത്ത് രോഗമില്ലാത്ത കുറേ തെങ്ങുകളുണ്ട്. അവ തമ്മിൽ ഇന്റർ സേ ക്രോസ്സുവഴി രോഗപ്രതിരോധ ശക്തിയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കാൻ കഴിയും. ചുരുക്കം ചില നമ്പരുകൊണ്ടല്ല. വലിയതോതിൽ ആ രംഗത്തേയ്ക്ക് കടന്നുവന്നാൽ, ഞാൻ ആ തെങ്ങിൻ തൈ വച്ചുനോക്കിയിട്ടുണ്ട്, കുറേ കൃഷിക്കാർക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ട്, ആ തെങ്ങുകൾക്ക് രോഗപ്രതിരോധ ശക്തിയുള്ളതായിട്ടാണ് കണ്ടിട്ടുള്ളത്. സങ്കരയിനം തെങ്ങുകൾക്ക് അത്ര ഡിമാന്റാണ്ഃ ആ തെങ്ങിൻതൈയുടെ വിൽപ്പനയെപ്പറ്റി പറഞ്ഞാൽ ആളുകൾക്ക് പോലീസ് സംരക്ഷണം വേണ്ട സ്ഥിതിയിലാണ്. അത്രയ്ക്ക് തെങ്ങുകൾക്ക് ഡിമാന്റാണ്. അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കാനുള്ള അടിയന്തര നടപടിയുണ്ടാകണം. അതുപോലെ നാളികേര ഉല്പാദന രംഗത്ത് വലിയ മാറ്റം വരേണ്ടിയിരിക്കുന്നു. നാളികേര സംഭരണത്തെപ്പറ്റി പറഞ്ഞു. നാളികേരം സംഭരിച്ചാൽ, സംഭരണം നിർത്തിവയ്ക്കാൻ പാടില്ല. സംഭരിക്കുന്ന നാളികേരം സംസ്കരിക്കാനുള്ള നടപടികളുണ്ടാകണം. ശുദ്ധമായ വെളിച്ചെണ്ണ കൊടുക്കുന്ന ഒന്ന്, വെർജിൻ കോക്കനട്ട് ഓയിൽ - അമേരിക്ക നമ്മുടെ വെളിച്ചെണ്ണയ്ക്കെതിരെ പ്രചരണം നടത്തിയ രാജ്യമാണ്. ഞാൻ നോക്കിയപ്പോൾ, ഇന്ത്യയിൽ ടൺ കണക്കിന് വെർജിൻ കോക്കനട്ട് ഓയിൽ ഇറക്കുമതി ചെയ്യുകയാണ്. അവർ പറയുന്നത് ഹൃദ്രോഗത്തിന് നല്ലതെന്നാണ്. വെർജിൻ കോക്കനട്ട് ഓയിൽ വൻതോതിൽ ഉല്പാദിപ്പിക്കാൻ, പൊതുമേഖലയിൽ ഒരു കോടി രൂപ മുടക്കിയാൽ ഒരു യൂണിറ്റ് തുടങ്ങാൻ സാധിക്കും. സംഭരിക്കുന്ന നാളികേരം സംസ്കരിക്കാനുള്ള സംവിധാനങ്ങൾ കൂടിയുണ്ടാകണം. എന്നാൽ മാത്രമേ ഇത് തുടർന്ന് പോകാൻ കഴിയുകയുള്ളൂ. സംഭരണം ത്വരിതപ്പെടുത്തണം. ഒരു കാര്യത്തിൽ ശ്രദ്ധിക്കണം.

പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള അനുകൂലമായ സാഹചര്യം കേരളത്തിലുണ്ട്. പച്ചക്കറിയുടെ ഉപഭോഗം 20.78 ലക്ഷം ടണ്ണാണ്. 2011-ൽ 8.25 ലക്ഷം ടണ്ണായിരുന്നു ഉല്പാദനം. 2014-15-ൽ 13.55 ലക്ഷം ടണ്ണായി വർദ്ധിച്ചു. അതിന്റെ അർത്ഥം 7 ലക്ഷം ടൺ കൂടി കൂടുതലായി ഉല്പാദിപ്പിച്ചാൽ കേരളം സ്വയംപര്യാപ്തമാകും. അങ്ങ് വിചാരിച്ചാൽ നടക്കും. കാരണം അനുകൂലമായ പരിതസ്ഥിതിയുണ്ട്. പുറമേ നിന്നും വരുന്നത് കീടനാശിനി കലർന്ന പച്ചക്കറിയാണെന്ന വിശ്വാസം കേരളത്തിലുള്ളതുകൊണ്ട് തീർച്ചയായും പച്ചക്കറി കൃഷി അനുകൂലമാകും. വിദ്യാലയങ്ങളിലേയും വീട്ടുവളപ്പിലെ കൃഷിയും റെസിഡന്റ്സ് അസോസിയേഷൻ, ഗ്രോ ബാഗുകൾ വഴി പച്ചക്കറി തൈകൾ വിതരണം നടത്തുക വഴിയും തീർച്ചയായും ചുരുങ്ങിയ സമയംകൊണ്ട്, ഒന്നോ രണ്ടോ വർഷം കൊണ്ട് പച്ചക്കറിയിൽ നമുക്ക് സ്വയംപര്യാപ്തത വരിക്കാൻ കഴിയും. അതിന് പ്രത്യേക ശ്രദ്ധവേണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കേരളത്തിൽ ഏറ്റവും കൂടുതൽ വികസനം ഉണ്ടായ മേഖലയാണ് ടൂറിസം. ഇന്ത്യയുടെ മുൻ പ്രസിഡന്റ് ഡോ. എ.പി.ജെ. അബ്ദുൾ കലാം നിയമസഭയിൽ വന്ന് പ്രസംഗിച്ചപ്പോൾ കേരളത്തിനുവേണ്ടി പറഞ്ഞ 10 പരിപാടികളിൽ ഒന്നാം സ്ഥാനം കൊടുത്തത് ടൂറിസത്തിനാണ്. 2001-ൽ ടൂറിസത്തിൽ നിന്നുള്ള മൊത്തവരുമാനം 4500 കോടി രൂപയായിരുന്നു. 2011 ആയപ്പോൾ അത് 19000 കോടി രൂപയായി വർദ്ധിച്ചു. കേരളത്തിൽ ആകെയുള്ള തൊഴിലവസരങ്ങളിൽ 23 ശതമാനം ടൂറിസം മേഖലയ്ക്കാണ്. 2000-ലെ നമ്മുടെ മുദ്രാവാക്യം 'ഗോഡ്സ് ഓൺ കൺട്രി', എന്നത് നല്ല രീതിയിൽ ക്ലിക്ക് ചെയ്തു. അതിനുശേഷം വലിയ മാറ്റങ്ങളാണുണ്ടായത്. കേരള ട്രാവൽ മാർട്ടിൽ വന്ന മാറ്റങ്ങൾ, ഈ രംഗത്തും നമുക്ക് വലിയ മുന്നേറ്റം ഇന്നുള്ളതിന്റെ ഇരട്ടിയോ മൂന്നിരട്ടിയോ, വലിയ തോതിലുള്ള മാറ്റമുണ്ടാക്കാൻ കഴിയും. കൃഷിയും ടൂറിസവും കൂടി ബന്ധപ്പെടുത്താൻ കഴിയും. നമ്മുടെ കൃഷിയിടങ്ങളിൽ ഹോംസ്റ്റേ, ഏലത്തോട്ടങ്ങളിലും തേയിലത്തോട്ടങ്ങളുടെ പരിസരങ്ങളിലും വന്ന് താമസിക്കുന്നവർ കൃഷിയെയും പ്രകൃതിസൗന്ദര്യത്തെയും ആസ്വദിച്ചുകൊണ്ടാണ് മുന്നോട്ട് പോകുന്നത്. ആ നിലയിലുള്ള മാറ്റങ്ങൾ വരുത്തിക്കൊണ്ട് ടൂറിസം മേഖലയിൽ കാര്യമായ മുന്നേറ്റം ഉണ്ടാക്കാൻ കഴിയും. കേരളത്തിൽ ടൂറിസ്റ്റുകൾ വന്നാൽ ഒരാഴ്ച നിൽക്കത്തക്ക വിധത്തിലുള്ള എത്രയോ സർക്യൂട്ടുകളുണ്ട്. കോവളം, പൊൻമുടി, മൂന്നാർ, തേക്കടി, കുമരകം, ബേക്കൽ, വയനാട് തുടങ്ങിയ പ്രദേശങ്ങളിൽ അങ്ങനെ അനേകം സർക്യൂട്ടുകൾ സൃഷ്ടിച്ചുകൊണ്ട് വിദേശ ടൂറിസ്റ്റുകളെയും രാജ്യത്തിനകത്തുള്ള ടൂറിസ്റ്റുകളെയും കേരളത്തിലേയ്ക്ക് ആകർഷിക്കാൻ കഴിയും. കേരളത്തിന്റെ മനോഹരമായ തീരപ്രദേശവും കായലോരങ്ങളും മലയോരങ്ങളും ബന്ധപ്പെടുത്തി, ടൂറിസവും കൃഷിയുമായി ബന്ധപ്പെടുത്തിയാൽ വളരെ നല്ലതായിരിക്കും.

ശ്രീ. കെ. രാജൻ: സർ, ഇവിടെ അവതരിപ്പിച്ച സഹകരണം, വിനോദസഞ്ചാരം, കൃഷി എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ അതിന്റെ എല്ലാ അർത്ഥത്തിലും ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തിലെ ഗവൺമെന്റിന്റെ ഏറ്റവും ഇച്ഛാശക്തിയുള്ള മൂന്ന് വകുപ്പുകളുടെ ധനാഭ്യർത്ഥനകളാണ് നാം ചർച്ച ചെയ്യുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. സീതാറാം യെച്ചൂരിക്കും ശ്രീ. അമിത് ഷായ്ക്കും രണ്ട് കത്ത് എഴുതി എന്നുപറഞ്ഞു. വളരെ സന്തോഷം. എന്റെ അഭ്യർത്ഥന ഇതാണ്. ബഹുമാനപ്പെട്ട അങ്ങ് രണ്ട് കത്തുകൂടി അയയ്ക്കണം. ഇനി അയയ്ക്കേണ്ട രണ്ട് കത്തുകൾ എ.ഐ.സി.സി.-യുടെ പ്രസിഡന്റായിരിക്കുന്ന നിങ്ങളുടെ നേതാവ് ശ്രീമതി സോണിയാ ഗാന്ധിക്കാണ്. ഒന്നാമത്തെ കത്ത് മുൻകാലപ്രാബല്യത്തിൽ ഒരു പ്രശ്നം ചർച്ച ചെയ്യേണ്ട കാര്യമാണ്. ഇവിടെ ബഹുമാനപ്പെട്ട കെ. സി. ജോസഫ് സൂചിപ്പിച്ചതുപോലെ കേന്ദ്രഗവൺമെന്റും കേരള ഗവൺമെന്റും നിങ്ങൾ ഭരിക്കുമ്പോൾ ഞങ്ങളുടെ ജില്ലയായ തൃശ്ശൂരിൽ നിങ്ങളുടെ ഗ്രൂപ്പ് വഴക്കിന്റെ പേരിൽ മക്കളെയും ഭാര്യമാരെയും അനാഥരാക്കി അമ്മമാരെ കരയിപ്പിച്ച് മരിച്ചുപോയ മധു ഈച്ചരത്ത്, ലാൽജി, ഹനീഫ എന്നീ മൂന്നുപേരുടെയും കാര്യത്തിലാണ്. രണ്ട്, നിലമ്പൂരിൽ നിങ്ങളുടെ പാർട്ടി ആഫീസിനകത്ത് ബലാൽസംഗം ചെയ്യപ്പെട്ട് അവയവങ്ങൾ ഓരോന്നായി മുറിച്ച് അഹിംസാവാദിയായ മഹാത്മാഗാന്ധിയുടെ ചിത്രത്തിന്റെ പിന്നിൽ ഒളിപ്പിച്ചുവച്ച രാധ എന്ന പെൺകുട്ടിയുടെ മരണത്തെക്കുറിച്ചാണ്. ഈ രണ്ടുകാര്യങ്ങളും മുൻകാലപ്രാബല്യത്തോടെയുള്ള കത്തായി അങ്ങ് അയച്ചുകൊടുക്കണം. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇന്നത്തെ എല്ലാ പത്രങ്ങളും വായിച്ചു. പക്ഷേ പത്രങ്ങളിലെ ഒരു വാർത്ത അദ്ദേഹം വായിച്ചില്ല. അതിനുവേണ്ടിയാണ് രണ്ടാമത്തെ കത്ത് ശ്രീമതി സോണിയാ ഗാന്ധിക്ക് അയയ്ക്കേണ്ടത്. ആ കത്ത് മറ്റൊന്നുമല്ല. മാഫിയയ്ക്കും അനധികൃത കെട്ടിട നിർമ്മാണത്തിനുമെതിരെ പോരാടിക്കൊണ്ടിരിക്കുന്ന ഇന്ത്യയിലെ ഏറ്റവും പ്രശസ്തനായിട്ടുള്ള വിവരാവകാശ പ്രവർത്തകൻ, 61 കാരനായ ഭൂപേന്ദ്ര വീര എന്ന ആളെ ഇന്നലെ ബോംബെയിലെ വീട്ടിൽ കയറി മക്കളുടെ സാന്നിദ്ധ്യത്തിൽ വെടിവച്ചുകൊന്നു. വെടിവച്ച് കൊന്നത് വേറാരുമല്ല, ബോംബെ കോർപ്പറേഷൻ മുൻ കൗൺസിലറായ കോൺഗ്രസ്സിന്റെ ഏറ്റവും വലിയ നേതാവ് റസ്സാഖ് ഖാൻ ആണ്. അയാളെയും മകനെയും പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. വാർത്ത ഇന്നത്തെ എല്ലാ പത്രത്തിലും പടത്തോടുകൂടി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൊലപാതക രാഷ്ട്രീയത്തിലുള്ള അങ്ങയുടെ ദുഃഖം സോണിയാ ഗാന്ധി എന്ന ബഹുമാന്യയായ ഇന്ത്യയിലെ കോൺഗ്രസ് നേതാവിനെ അറിയിക്കാനുള്ള ഒരു ശ്രമം നടത്തുമെന്നാണ് എന്റെ പ്രതീക്ഷ. ഞാൻ ദീർഘിപ്പിക്കുന്നില്ല.

ടൂറിസം പദ്ധതി കേരളത്തിൽ വളരെ ശ്രദ്ധേയമായി മുന്നോട്ടുകൊണ്ടുപോകാനുള്ള ഒരുക്കം എൽ.ഡി.എഫ്. ഗവൺമെന്റ് നടത്തിയിട്ടുണ്ട്. ഞാൻ രാഷ്ട്രീയം പറയുകയല്ല. ഇതിനുമുമ്പ് 2006 മുതൽ 2011 വരെ കേരളം ഭരിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ ഇരിക്കുമ്പോൾ ഉത്തരവാദിത്വ ടൂറിസം പദ്ധതി, എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം പദ്ധതി, ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ, ഉൽസവം പരിപാടി, മുസിരിസ് പദ്ധതി അങ്ങനെ എണ്ണമറ്റ പരിപാടികളാണ് കൊണ്ടുവന്നത്. 2011-ൽ യു.ഡി.എഫ്. ഗവൺമെന്റ് കേരളത്തിൽ അധികാരമേറ്റപ്പോൾ ഒരു പുതിയ പദ്ധതിയും കൊണ്ടുവന്നില്ല എന്നുമാത്രമല്ല, നിലവിലുള്ള പദ്ധതികളിൽ നിന്ന് പിന്നോട്ടുപോകുകയുമാണ് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ 10 കൊല്ലത്തെ വിനോദസഞ്ചാരികളുടെ എണ്ണത്തെക്കുറിച്ചുള്ള കണക്ക് എന്റെ കൈവശമുണ്ട്. 2009-ൽ ആഗോള സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് എൽ.ഡി.എഫ്. ഭരിക്കുമ്പോൾ ചെറിയൊരളവിൽ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ പിറകോട്ട് പോയി എന്നതൊഴിച്ചാൽ ബാക്കി എല്ലാക്കാലത്തും എൽ.ഡി.എഫ്. ഭരിക്കുമ്പോൾ 18.31 മുതൽ 23.7 ശതമാനം വരെയാണ് വിനോദസഞ്ചാരികളുടെ വരവ്. യു.ഡി.എഫ്. അധികാരത്തിൽ ഇരിക്കുമ്പോൾ ഏറ്റവും കൂടുതൽ വന്നിട്ടുള്ളത് 11.18 ആണ്. വിനോദസഞ്ചാരികൾ ഏറ്റവും കുറഞ്ഞുവന്ന, ഏറ്റവും നാണംകെട്ട ഒരു കാലമാണ്. 6 ശതമാനം വരെ കുറവ് വന്നിട്ടുണ്ട്. അത് മാറ്റാൻ കാര്യക്ഷമതയുള്ള പ്രചരണ പരിപാടികളും വിപണന തന്ത്രങ്ങളും ഒത്തുചേരുമ്പോൾ മാത്രമേ ആധുനിക ടൂറിസം മാർക്കറ്റിലേയ്ക്ക് വേണ്ടവിധം കടന്നുചെല്ലാനും ലോക ടൂറിസ്റ്റ് ഭൂപടത്തിൽ നമ്മുടെ സ്ഥാനം നിലനിർത്താനും കഴിയൂ. ഇപ്പോൾ 10 ലക്ഷം വിദേശ ടൂറിസ്റ്റുകളും 1¼ കോടി ആഭ്യന്തര ടൂറിസ്റ്റുകളുമാണ് വരുന്നത്. ഇതിനെ നേരെ ഇരട്ടിയാക്കും എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ പ്രഖ്യാപനം. തീർച്ചയായും ആ പ്രഖ്യാപനത്തെ ഏറ്റവും ഹൃദ്യമായി അഭിനന്ദിക്കേണ്ടതാണ്. എന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കളിൽ ഒരാളാണ് അരുവിക്കരയിലെ മെമ്പർ ശ്രീ. കെ. എസ്. ശബരീനാഥൻ. കഴിഞ്ഞ ദിവസം പത്രത്തിൽ വാർത്ത കണ്ടപ്പോൾ എനിക്ക് വലിയ സന്തോഷം തോന്നി. ഗ്രീൻ കാർപ്പെറ്റ് പദ്ധതി ഉദ്ഘാടനം ചെയ്യാൻ അദ്ദേഹം വന്ന് നിൽക്കുമ്പോൾ മുഖത്ത് എന്തൊരു ചിരിയായിരുന്നു. ഈ ഗവൺമെന്റിനോട് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. എനിക്കും ശ്രീ. കെ. എസ്. ശബരീനാഥനും ഒരുമിച്ച് ചിരിക്കാൻ കഴിയുന്ന, രാഷ്ട്രീയമില്ലാതെ ഒരു മണ്ഡലത്തെ മാറ്റി നിർത്താത്ത, എല്ലാ വിഭാഗം ആളുകളെയും ഉൾപ്പെടുത്താൻ കഴിയുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതി ജനകീയ പങ്കാളിത്തം കൊണ്ട് കേരളത്തിൽ ശ്രദ്ധേയമാണ്.

ഫോറസ്റ്റ്, ഇലക്ട്രിസിറ്റി, ഇറിഗേഷൻ തുടങ്ങി എല്ലാ വകുപ്പുകളുടെയും ഏകോപനമാണ് ടൂറിസം വകുപ്പ് ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടത്. അതിനാൽ എല്ലാ വകുപ്പുകളെയും ഏകീകരിക്കാൻ ബഹുമാനപ്പെട്ട അങ്ങ് നടപടിയെടുക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇത്തവണത്തെ ഓണം വളരെ നന്നായി നമുക്ക് ആഘോഷിക്കാൻ കഴിഞ്ഞു. അതോടൊപ്പം തന്നെ എന്റെ മണ്ഡലമായ പീച്ചിയിൽ കഴിഞ്ഞ അഞ്ചുവർഷമായി ഒരു ചെയ്സിംഗ് ഫൗണ്ടൻ ഫിറ്റ് ചെയ്തതല്ലാതെ യു.ഡി.എഫ്. സർക്കാർ ഒന്നും ചെയ്തില്ല. കാട് പിടിച്ചു കിടക്കുകയാണ് ആ പ്രദേശം. പത്രമാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ അങ്ങ് ഇതുസംബന്ധിച്ച് ഒരു നിർദ്ദേശം നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

സഹകരണ മേഖല വളരെ ശ്രദ്ധേയമായ ഇടപെടലാണ് ഈ വർഷം ചെയ്തത്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കൊടുത്ത വാഗ്ദാനങ്ങളിൽ ഒന്നായ സാമൂഹിക പെൻഷൻ വിതരണം ചെയ്യുക എന്ന ഉത്തരവാദിത്വം ഏറ്റെടുക്കുന്ന കാര്യത്തിൽ സഹകരണ വകുപ്പിന് വളരെ ശ്രദ്ധേയമായ ഇടപെടൽ നടത്താൻ സാധിച്ചിട്ടുണ്ട്. എന്റെ ജില്ലയിൽ ഓണത്തിന് ഏറ്റവും കൂടുതൽ തിരക്കുണ്ടായിരുന്ന സ്ഥലം ഗുരുവായൂരാണ്. കണ്ണനെ കണ്ട് തൊഴാനുള്ള യാത്ര മാത്രമല്ല. ശ്രീമതി ഗീതാ ഗോപിയുടെ നാടായതുകൊണ്ടുമല്ല. ഈ നാട്ടിൽ കഴിഞ്ഞ അഞ്ചുവർഷമായി യു.ഡി.എഫ്. ഭരിക്കുമ്പോൾ ഒരു ഉപയോഗവുമില്ല എന്ന് കരുതി ഗുരുവായൂരിൽ കൊണ്ടുകളഞ്ഞ രക്ഷകർത്താക്കളെ അന്വേഷിച്ച് മക്കൾ പാടുപെട്ട് ഓട്ടമാണ്. കാരണം എണ്ണായിരം മുതൽ പതിനേഴായിരം വരെയുള്ള പെൻഷൻ വീട്ടിൽ ലഭിക്കണമെങ്കിൽ ഉപേക്ഷിച്ചുപോയവർ വീട്ടിലേയ്ക്ക് തിരിച്ചുവരണം. വന്ദ്യവയോജനങ്ങൾക്ക് ഇത്രയേറെ പിന്തുണ ലഭിച്ച ഒരു കാലമുണ്ടായിട്ടില്ല. അവരുടെ കയ്യിലെല്ലാം പണമായിരുന്നു. അതെല്ലാം നമ്മുടെ മാർക്കറ്റിലേയ്ക്ക് വന്നു.

കേരളത്തിലെ സഹകരണ സംഘങ്ങളിലെ 24.76 ലക്ഷം ഉപഭോക്താക്കൾക്കായി ഗവൺമെന്റ് ഏൽപ്പിച്ച 1750 കോടി രൂപയിൽ 23.61 ലക്ഷം പേർക്കായി 1669.4 കോടി രൂപ വിതരണം ചെയ്തുവെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. കേരളത്തിലെ സഹകരണ മേഖലയിൽ ഒരു ചരിത്രമാണ് നിങ്ങൾ സൃഷ്ടിച്ചിട്ടുള്ളത്. കേരളത്തിലെ പാവപ്പെട്ട നിരാലംബരും അശരണരുമായ ആയിരക്കണക്കിന് മനുഷ്യർക്ക് സാന്ത്വനമെത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞതിൽ ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ഒരു കാര്യം ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. കേവലം നിക്ഷേപങ്ങളും വായ്പയും സ്വർണ്ണപ്പണയവും ഭൂപണയവും മാത്രമായി ഇനി സഹകരണ വകുപ്പിനെ മുന്നോട്ട് കൊണ്ടുപോകരുത്.

പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയണം. അതിന്റെ ഓഫീസുകളിൽ പുതിയ പുതിയ കച്ചവടങ്ങൾ ആരംഭിക്കാൻ കഴിയണം. അതുവഴി കേരളത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ കണ്ടെത്താൻ സാധിക്കണം.

കഴിഞ്ഞ സർക്കാർ ഡിസ്ക്രിമിനേഷൻ കാണിക്കാതെ, ഒരു വകുപ്പിനെയും വ്യത്യസ്തമായി മാറ്റി നിർത്താതെ സാർവ്വത്രികമായി ഇടപെട്ടത് അഴിമതി എല്ലാ വകുപ്പിലേയ്ക്കും വ്യാപിപ്പിക്കുക എന്നതിലാണ്. അതിൽ വലിയ വിജയമാണ് യു.ഡി.എഫ്. സർക്കാർ നേടിയത്. കൺസ്യൂമർ ഫെഡിനെക്കുറിച്ച് പറയുമ്പോൾ എന്തൊരു അപമാനമാണ്; അതിന്റെ എം.ഡി. ടോമിൻ ജെ. തച്ചങ്കരിയും ബോർഡ് അംഗം കണ്ണൂരിലെ കോൺഗ്രസ് നേതാവ് സതീശൻ പാച്ചേനിയും പരസ്യമായി പറഞ്ഞല്ലോ, നടക്കുന്നത് മുഴുവൻ അഴിമതിയാണെന്ന്. കൺസ്യൂമർ ഫെഡിനെ നമുക്ക് തിരിച്ചുകൊണ്ടുവരണം. ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് പി. ഉബൈദുള്ള പറഞ്ഞതൊന്നും അങ്ങ് കാര്യമാക്കേണ്ട; കാരണം ശ്രീ. പി. ഉബൈദുള്ളയ്ക്കും അറിയാം ഇത്തവണ കൺസ്യൂമർ ഫെഡിന് പണം വായ്പ കൊടുത്താൽ അത് തിരിച്ചുകിട്ടും. അദ്ദേഹം പഴയ ഗവൺമെന്റിന്റെ ഓർമ്മയിലാണ് അങ്ങനെ പറഞ്ഞത്. അദ്ദേഹത്തോട് ക്ഷമിക്കണം. എല്ലാത്തരത്തിലും വായ്പ വാങ്ങിക്കൊണ്ട് കൺസ്യൂമർ ഫെഡിനെ രക്ഷപ്പെടുത്തണം. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും ഉജ്ജ്വലമായ മുന്നേറ്റം നടത്തിയ വകുപ്പാണ് കൃഷി വകുപ്പ്. ആ കാര്യം പറയാതിരിക്കാൻ കഴിയില്ല. വയലാറിന്റെ 'പശയുള്ള വരമ്പ്' എന്ന കവിത ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അദ്ദേഹം അത്തരം അനുഭവങ്ങളെല്ലാം വഹിച്ചതുകൊണ്ടാകാം കർഷകന്റെ കൂട്ടത്തിൽ ഇങ്ങനെ നിൽക്കാൻ കഴിയുന്നത്. വയലാർ 'പശയുള്ള വരമ്പ്' എന്ന കവിതയിൽ എത്രയോ കാലം മുമ്പേ എഴുതി,

"ഇവിടത്തെ വയലും വരമ്പുകളും
ഇവിടത്തെ കായ്കനിത്തോപ്പുകളും
മുഴുവനീ കർഷക ജീവരക്തം
ഇഴുകി പിടിച്ചവയായിരിക്കും.
അഭിമാനപൂർവ്വം സ്മരിക്കുമാറുണ്ട്

അഭിവാദനങ്ങളോടങ്ങുമിങ്ങും." - ഉജ്ജ്വലമായ വയലാറിന്റെ കവിത അതുപോലെ നിലനിർത്താൻ കേരളത്തിലെ കൃഷി വകുപ്പുമന്ത്രിക്കും ഈ ഗവൺമെന്റിനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ കൃഷി വകുപ്പുമന്ത്രി കേരള നിയമസഭയിൽ

കാൽ ആണ് പൊക്കിയത്. പക്ഷേ ഇപ്പോഴത്തെ കൃഷി വകുപ്പുമന്ത്രി കേരളത്തിന്റെ കൃഷിയിടങ്ങളിൽ വീണു കിടക്കുന്ന പാവപ്പെട്ട കർഷകന്റെ കയ്യുയർത്തിപ്പിടിക്കാൻ ഇടപെടുന്ന ആളാണെന്ന കാര്യം നമുക്കറിയാം. കേരളത്തിന്റെ ബജറ്റിൽ "പാവങ്ങളുടെ തൊഴിൽ തുറകൾ" എന്നിടത്താണ് കൃഷിയുമായി ബന്ധപ്പെട്ട ചർച്ച ആരംഭിക്കുന്നത്. യഥാർത്ഥത്തിൽ കേരളത്തിൽ ഒരു സാധാരണ കർഷകന് പെണ്ണുപോലും കിട്ടാത്ത അവസ്ഥയാണുള്ളത്. ഇത് മാറ്റിയെടുക്കാൻ കൃഷി സമഗ്രമായി പുനരുദ്ധരിക്കണം. 2001 മുതൽ 2006-വരെയും 2011 മുതൽ 2016 വരെയുമുള്ള യു.ഡി.എഫ്.-ന്റെ ഭരണ കാലത്തും കേരളം പാവപ്പെട്ട കർഷകരുടെ ശവപ്പറമ്പുകളായിരുന്നെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം. ആ ശവപ്പറമ്പുകളിൽ മരിച്ചുപോയ എത്രയോ സാധാരണക്കാരായ മനുഷ്യരെ കൈപിടിച്ചുയർത്താൻ കഴിയുമെന്ന് ഈ ഗവൺമെന്റ് സൂചനകൾ നൽകി. ബജറ്റിൽ ഈ മുരടിപ്പ് മുഴുവൻ നിൽക്കുമ്പോൾ 2015-2016-ൽ നിരവധി ആൾക്കാർ മരിച്ചുപോയപ്പോൾ, 403 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ട് ഈ പ്രതിസന്ധിയുണ്ടായപ്പോൾ പോലും നിങ്ങൾ ചെലവഴിച്ചത് 307 കോടി രൂപ മാത്രമാണ്. പാവപ്പെട്ട കർഷകന് കൊടുക്കേണ്ട ബാക്കി പണം നിങ്ങൾ കൊടുത്തില്ല എന്നുള്ളത് യാഥാർത്ഥ്യമല്ലേ; എന്നാൽ ഈ ഗവൺമെന്റ് യു.ഡി.എഫ്. ഗവൺമെന്റിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലെ ജനങ്ങളുടെ, കർഷക ഹൃദയങ്ങളിൽ ജീവിക്കുന്ന ഗവൺമെന്റാണ്. അതുകൊണ്ടാണ് 600 കോടി രൂപ ഈ വർഷത്തെ അടങ്കൽ തുകയായി ഉൾപ്പെടുത്താൻ കഴിഞ്ഞത്. കേരളത്തിലെ കൃഷിക്ക് ഒരു പുതിയ മാനം ഉണ്ടാകുകയും, കൃഷി ഒരു സംസ്കാരമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു; കൃഷി വകുപ്പുമന്ത്രി കേരളത്തിലാകെ നടത്തിയ യാത്രകളിൽ കണ്ട ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ശാസ്ത്രീയമായി വിഷരഹിത പച്ചക്കറി കൃഷി കൊണ്ടുവരികയാണ് എന്നുള്ളതാണ്. ജൈവ കൃഷിയെ പ്രോത്സാഹിപ്പിക്കാനുള്ള നടപടിയൊന്നും തള്ളിക്കളയേണ്ട. പക്ഷേ അത് സാധ്യമായില്ലെങ്കിലും ഒരു good agriculture practice കേരളത്തിൽ കൊണ്ടുവരാൻ ദിശാബോധമുള്ള ഗവൺമെന്റിനും കൃഷി വകുപ്പുമന്ത്രിക്കും കഴിഞ്ഞിട്ടുണ്ട്. ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാണിക്കുക എന്ന സമീപനം ശരിയല്ല. യു.ഡി.എഫ്. എന്തിനാണ് ഈ ഗ്രാന്റിനേയും ഡിമാന്റ് ഡിസ്കഷനെയും എതിർക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ശ്രീ. എ. സി. മൊയ്തീനും ശ്രീ. വി. എസ്. സുനിൽ കുമാറും നല്ല മന്ത്രിമാരാണെന്ന് — പ്രതിപക്ഷത്തുള്ളവരും പറയുന്നുണ്ട്. നിങ്ങൾ കേരളത്തിൽ നടപ്പിലാക്കാൻ മനസ്സിൽ ഉദ്ദേശിക്കുന്നതൊക്കെ, ആലോചിക്കുന്നതിന് മുമ്പ് ഇവിടെ നടപ്പിലാക്കുന്നുണ്ട്. നിങ്ങളുടെ കാലത്ത് എത്ര

സ്ഥലമാണ് തരിശുകിടന്നത്? ശ്രീ. വി. എസ്. സുനിൽ കുമാർ കേരളത്തിലെ കൃഷി വകുപ്പുമന്ത്രിയായി വന്നപ്പോൾ മെത്രാൻ കായലിലെ 167 ഹെക്ടർ സ്ഥലത്തും ആലപ്പുഴയിലെ റാണി കായലിലും കൃഷി ആരംഭിക്കാൻ തീരുമാനിച്ചില്ലേ; ആറന്മുളയിലെ നിർദ്ദിഷ്ട വിമാനത്താവളത്തിന് ചുറ്റുമുള്ള തരിശുഭൂമി മാറ്റിയെടുക്കാൻ തീരുമാനിച്ചില്ലേ; കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും ഉജ്ജ്വലമായ ഈ ഇടപെടലിൽ കേരളത്തിലെ കൃഷി വകുപ്പുമന്ത്രി സ്ഥാനം പിടിക്കുമെന്ന് നമുക്ക് ബോദ്ധ്യമുണ്ട്. മൂന്ന് ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽ കൃഷി ചെയ്യാനും അൻപതിനായിരം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടത്താനുമാണ് ഈ ഗവൺമെന്റ് തീരുമാനിച്ചത്. കേരളത്തിൽ ഇതുപോലെ ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റിനെ കണ്ടിട്ടുണ്ടോ; ഇത്തവണത്തെ ഓണം സമൃദ്ധിയുടെ ഓണമാക്കി മാറ്റിയതിൽ മുഖ്യ പങ്ക് വഹിച്ചത് കേരളത്തിലെ കൃഷി വകുപ്പാണെന്നതിൽ സംശയമില്ല. മട്ടുപ്പാവുകളിലും പറമ്പുകളിലും മാത്രമല്ല, സാധാരണക്കാരായ മനുഷ്യർ അവർക്ക് സാധ്യമായ ഇടങ്ങളിൽ മുഴുവൻ പുതിയ തൈകൾ നട്ടുകൊണ്ട് ഞങ്ങൾ കേരളത്തിൽ പച്ചക്കറി സമൃദ്ധിയുണ്ടാക്കാൻ പോകുകയാണെന്ന് ലോകത്തോട് പറഞ്ഞു. അതിന്റെ ഭാഗമായി കൃഷി വകുപ്പും അനുബന്ധ മേഖലകളും ചേർന്ന് ഏകദേശം 1350 സ്ഥലങ്ങളിൽ ശുദ്ധമായ പച്ചക്കറി കച്ചവടം നടത്താൻ അവസരം കൊടുത്തു. 10 ശതമാനം വില കുറച്ചാണ് വാങ്ങിയത്. ഞാൻ ചില സെമിനാറുകളിൽ പങ്കെടുക്കാൻ ചെന്നപ്പോൾ കർഷകന് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ കൊടുക്കരുതെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് പറയണമെന്ന് അവിടത്തെ ആളുകൾ പറഞ്ഞു. ഞങ്ങൾ ആ പ്രശ്നം കേരളത്തിലെ ഗവൺമെന്റിന്റെ മുന്നിൽ അവതരിപ്പിച്ചപ്പോൾ ഗവൺമെന്റ് എടുത്ത സമീപനം കേരളത്തിലെ മാർക്കറ്റിൽ ഒരു കുല കൊണ്ടുകൊടുത്താൽ എത്രയാണോ കർഷകന് കിട്ടുക, അതിനേക്കാൾ 10 ശതമാനം കൂടുതൽ തുക കർഷകന് കൊടുക്കുകയെന്നുള്ളതാണ്. വാങ്ങാൻ വരുന്നവർക്ക് അതിന്റെ പേരിൽ കാശ് കൂടാതിരിക്കാൻ 30 ശതമാനം തുക കുറച്ചുകൊടുത്തു. ഇതുപോലെ ഒരു ഓണം അടുത്തകാലത്ത് എന്നെങ്കിലും യു.ഡി.എഫ്. ഉണ്ടിട്ടുണ്ടോ, കേരളം ഉണ്ടിട്ടുണ്ടോ; ആ ഓണം കേരളത്തിലെ കൃഷി വകുപ്പിനുംകൂടി അവകാശപ്പെട്ടതാണ്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, സഹകരണം, വിനോദസഞ്ചാരം, കൃഷി എന്നീ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളത്തിലെ സഹകരണ മേഖലയിൽ ഒരു അനിശ്ചിതാവസ്ഥ നിലനിൽക്കുകയാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം, പുതിയതായി ഗവൺമെന്റിന്റെ പരിഗണനയിലുള്ള കേരള ബാങ്കാണ്. ആ പ്രഖ്യാപനം വന്നതിനുശേഷം സംസ്ഥാന സഹകരണ ബാങ്കുകളിലും ജില്ലാ

സഹകരണ ബാങ്കുകളിലുമൊക്കെ നടന്നുകൊണ്ടിരിക്കുന്ന കോർ ബാങ്കിംഗ്, എ.ടി.എം. അടക്കമുള്ള നൂതന പദ്ധതികൾ പലതും തുടർന്നുപോകണമോ എന്നുള്ള സംശയത്തിന്റെ അടിസ്ഥാനത്തിൽ ഒരു സ്തംഭനാവസ്ഥ നേരിടുകയാണ്. ഗവൺമെന്റ് കേരള ബാങ്കുമായി ബന്ധപ്പെട്ട് സാധ്യതാ പഠനം നടത്തുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ആ കമ്മിറ്റി സാധ്യതാ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. 3 മാസത്തിനകത്ത് റിപ്പോർട്ട് സമർപ്പിക്കാനാണ് ഗവൺമെന്റ് നിർദ്ദേശം നൽകിയിരിക്കുന്നത്. കേരളത്തിലെ അനന്ത സാധ്യതകളുള്ള ഈ മേഖലയിൽ നടപ്പിലാക്കുന്ന ഓരോ പരിഷ്കരണ നടപടികളും സഹകാരികളുടെ കൂടി അഭിപ്രായം സമാഹരിച്ചുകൊണ്ട് നടപ്പിലാക്കുകയും സമയബന്ധിതമായി ഈ റിപ്പോർട്ട് സമർപ്പിക്കാൻ ബന്ധപ്പെട്ട എക്സ്പെർട്ട് കമ്മിറ്റിക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അന്നത്തെ നിയമസഭയിലെ അംഗവും പ്രമുഖ സഹകാരിയുമായ പ്രിയപ്പെട്ട കെ. ശിവദാസൻ നായരുടെ നേതൃത്വത്തിൽ നിയമ ഭേദഗതികളടക്കമുള്ള സഹകരണ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും കക്ഷി രാഷ്ട്രീയത്തിന് അതീതമായി കേരളത്തിലെ പ്രമുഖ സഹകാരികൾ ആ കമ്മിറ്റിയിൽ അംഗങ്ങളുമായിരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സിറ്റിംഗ് നടത്തി സഹകാരികളിൽ നിന്ന് തെളിവുകൾ ശേഖരിച്ച് കമ്മിറ്റി ഗവൺമെന്റിന്റെ മുമ്പിൽ അവസാന ഘട്ടത്തിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതോടുകൂടി അത് നടപ്പിലാക്കാൻ കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ആ റിപ്പോർട്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്ന് നമ്മുടെ സഹകരണ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ടുള്ള വളരെ ഫലപ്രദമായ ഒട്ടനവധി നിർദ്ദേശങ്ങളടങ്ങിയ ഒരു റിപ്പോർട്ടാണ് സമർപ്പിച്ചിരിക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ നടപ്പിലാക്കാൻ സാധിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കണമെന്ന് അപേക്ഷിക്കുകയാണ്. അതുപോലെതന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ സഹകരണ വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണൻ അദ്ദേഹത്തിന്റെ പ്രത്യേക താൽപ്പര്യപ്രകാരം സഹകരണ മേഖലയിൽ നിന്ന് ധനം സമാഹരിച്ചുകൊണ്ട് തലസ്ഥാനത്ത് കോടികൾ മുടക്കി ഒരു സഹകരണ ഭവൻ നിർമ്മിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ സഹകാരികളും സഹകരണ സ്ഥാപനങ്ങളും സഹകരിച്ചുകൊണ്ട് നിർമ്മിച്ച പ്രസ്തുത സഹകരണ ഭവന്റെ ഉദ്ഘാടനം കഴിഞ്ഞു. തിരുവനന്തപുരത്ത് ചിതറിക്കിടക്കുന്ന സഹകരണ

വകുപ്പുമായി ബന്ധപ്പെട്ട വിവിധ ആഫീസുകൾ, രജിസ്ട്രാർ ആഫീസ് എന്നിവ ഒരു കുടക്കീഴിൽ കൊണ്ടുവരിക, സഹകാരികൾക്ക് ഒരു ആസ്ഥാനം, സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കാലോചിതമായ ട്രെയിനിംഗ് കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾ എന്നിങ്ങനെ ബഹുമുഖങ്ങളായ കാര്യങ്ങൾ വച്ചുകൊണ്ടാണ് സഹകരണ ഭവൻ രൂപകൽപ്പന ചെയ്ത് പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തത്. എന്നാൽ രജിസ്ട്രാർ ആഫീസ്, തിരുവനന്തപുരത്ത് ചിതറിക്കിടക്കുന്ന സഹകരണ മേഖലയുമായി ബന്ധപ്പെട്ട ആഫീസുകൾ എന്നിവയെല്ലാം വളരെ മോശപ്പെട്ട പരിതസ്ഥിതിയിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ ആഫീസുകളെല്ലാം സഹകരണ ഭവനിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ എന്തുകൊണ്ട് സ്വീകരിച്ചുകൂടാ.

സഹകരണ മേഖലയുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ഹൈക്കോടതി വിധി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇക്കഴിഞ്ഞ ആഗസ്റ്റ് മാസം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന സഹകരണ നിയമത്തിലെ വകുപ്പ് 7(1)സി ഭരണഘടനാ വിരുദ്ധമാണെന്ന് ഒരു വിധി പുറപ്പെടുവിച്ചിട്ടുണ്ട്. വായ്പാ സഹകരണ സംഘത്തിന്റെ അധികാര പരിധിക്കുള്ളിൽ മറ്റൊരു വായ്പാ സഹകരണ സംഘത്തിന് രജിസ്ട്രേഷൻ നിഷേധിക്കുന്ന വ്യവസ്ഥയാണ് 7(1)സി. അത് കോടതി സ്ക്വാഷ് ചെയ്തു. ഏത് വായ്പാ സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിലും പുതിയ വായ്പാ സംഘങ്ങൾ രൂപീകരിക്കാവുന്ന സാഹചര്യമാണ് സംജാതമായിരിക്കുന്നത്. ഇത് സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന കോടതി വിധിയാണ്. അതുകൊണ്ട് ഇതിനെതിരെ ഗവൺമെന്റ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നിയമ നടപടികൾ എന്താണെന്നുള്ളത് അങ്ങ് വിശദീകരിക്കണം.

കേരളത്തിൽ മൊത്തം 6,000 കോടി രൂപ സഹകരണ സംഘങ്ങൾ വഴി കാർഷിക വായ്പ നൽകിയിട്ടുണ്ട്. ഇതിൽ നബാർഡിന്റെ റീഫൈനാൻസിംഗ് 2015-16-ൽ 1,200 കോടി രൂപയും 2016-17-ൽ 950 കോടി രൂപയുമാണ്. നബാർഡിൽനിന്ന് കേരളത്തിലെ സഹകരണ മേഖലയ്ക്ക് അർഹമായ കാർഷിക വായ്പാവിഹിതം ലഭിക്കുന്നില്ല. ഇത് ലഭ്യമാകാൻ സർക്കാരിന്റെ ശക്തമായ ഇടപെടലുകൾ ആവശ്യമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തര ശ്രദ്ധ ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

സഹകരണ മേഖലയിലെ നിക്ഷേപത്തിന്റെ കണക്ക് ഞാനിവിടെ പറയുന്നില്ല. കോടികളുടെ നിക്ഷേപം നമ്മുടെ സഹകരണ മേഖലയിലുണ്ട്. പക്ഷേ

കേരളത്തിലെ ഏറ്റവും വലിയ വരുമാന സ്രോതസ്സ് എൻ.ആർ.ഐ. നിക്ഷേപമാണ്. ഈ നിക്ഷേപത്തിന്റെ 57 ശതമാനം പൊതുമേഖലാ ബാങ്കുകളിലേയ്ക്കും 43 ശതമാനം സ്വകാര്യ ന്യൂ ജനറേഷൻ ബാങ്കുകളിലേയ്ക്കുമാണ് പോകുന്നത്. ഒരു ശതമാനം പോലും സഹകരണ മേഖലയ്ക്ക് ലഭ്യമാകുന്നില്ല. യുവതലമുറയെ സഹകരണ മേഖലയിലേയ്ക്ക് അടുപ്പിക്കാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. നമ്മുടെ ഇടപാടുകാരുടെ ശരാശരി പ്രായം 45 വയസ്സിനു മുകളിലാണ്. ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ബാങ്കിംഗ് സഹകരണ മേഖലയിൽ പരിമിതമാണ്. മത്സരാധിഷ്ഠിതമായ കമ്പോളത്തിൽ നമുക്ക് പിടിച്ചുനിൽക്കണം. ബ്രാൻഡുകളാണ് വിപണി നിയന്ത്രിക്കുന്നത്. ഇവിടെ പിടിച്ചുനിൽക്കണമെങ്കിൽ യുവതലമുറ ആഗ്രഹിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കാൻ നമുക്ക് സാധിക്കണം.

മലപ്പുറം ജില്ലയിലെ ടൂറിസം സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിൽ നാളിതുവരെ പുരോഗതി ഉണ്ടായിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒട്ടനവധി പ്രവർത്തനങ്ങൾ അവിടെ നടന്നിട്ടുണ്ട് എന്നത് ഞാൻ നിഷേധിക്കുന്നില്ല. ജില്ലയുടെ തീരദേശ മേഖല, നമ്മുടെ പ്രിയപ്പെട്ട നിയമസഭാസ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ നിയോജകമണ്ഡലമായ പൊന്നാനിയിലെ വെളിയംകോട് നിന്ന് തുടങ്ങി കടലുണ്ടിയിൽ അവസാനിക്കുന്ന ഏകദേശം 70 കിലോമീറ്ററോളം വരുന്ന തീരദേശ മേഖല ടൂറിസത്തിന് നല്ല സാധ്യതയുള്ളതാണ്. കടലുണ്ടിയിലാണ് ദേശാടന പക്ഷികൾ വസിക്കുന്ന bird sanctuary നിലകൊള്ളുന്നത്. തീരദേശ മേഖലയിൽ ടൂറിസത്തിനുള്ള സാധ്യതകൾ പരിശോധിച്ച് അതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അപേക്ഷിക്കുന്നു. അതിൽത്തന്നെ കടലുണ്ടി, ആനങ്ങാടി, വരപ്പാറ തുടങ്ങിയ ബീച്ചുകൾ എന്റെ നിയമസഭാമണ്ഡലമായ വള്ളിക്കുന്നിലാണ്. ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ ടൂറിസത്തിന് നല്ല സാധ്യതയുള്ള മേഖലകളാണിവ. അത് പരമാവധി പ്രയോജനപ്പെടുത്തുവാൻ അങ്ങ് പ്രത്യേകം താൽപര്യമെടുക്കണം.

മലബാറിലെ പ്രധാനപ്പെട്ട കാർഷിക ഉൽപ്പന്നമാണ് നാളികേരം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ നാളികേരത്തിന്റെ സംഭരണം പരിപൂർണ്ണ പരാജയമാണ്. വളരെ കുറച്ച് കൃഷി ഭവനുകൾ മാത്രമാണ് നാളികേരം സംഭരിക്കുന്നത്. സംഭരിച്ച നാളികേരത്തിന് തന്നെ വില നൽകിയിട്ടില്ല. അതുകൊണ്ട് എല്ലാ കൃഷിഭവനുകളിലൂടെയും നാളികേരം സംഭരിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്.

കർഷകത്തൊഴിലാളി പെൻഷൻ ഗവൺമെന്റ് കൊടുത്തു എന്നത് നല്ല കാര്യമാണ്. കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യാനാവശ്യമായ നടപടികൾകൂടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം എന്ന് അപേക്ഷിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. ജയ് ഹിന്ദ്.

ശ്രീ. ആന്റണി ജോൺ: സർ, സഹകരണം, കൃഷി, വിനോദസഞ്ചാരം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു. കഴിഞ്ഞ നാല് നാലര മാസക്കാലമായി കേരളത്തിൽ അധികാരത്തിലുള്ള സഖാവ് പിണറായി വിജയൻ സർക്കാർ എല്ലാ മേഖലകളിലും വളരെ ക്രിയാത്മകമായ വികസന സമീപനങ്ങൾ സ്വീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. അതിൽ പ്രധാനപ്പെട്ട മൂന്ന് മേഖലകളാണ് കൃഷി, സഹകരണം, വിനോദസഞ്ചാരം എന്നിവ. കൃഷി വകുപ്പിനെ സംബന്ധിച്ച് എനിക്ക് മുമ്പേ സംസാരിച്ചവരെല്ലാം വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ ദിവസം ഏറ്റവും ബഹുമാന്യനും ആദരണീയനുമായ കെ. എം. മാണി സാറാണ് കേരളത്തിലെ റബ്ബർ കർഷകരെ സംബന്ധിച്ചും അതിന്റെ വിലയിടിവിനെ സംബന്ധിച്ചും ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചത്. ഏതാണ്ട് മഹാഭൂരിപക്ഷം റബ്ബർ കർഷകർ തിങ്ങിപ്പാർക്കുന്ന കോതമംഗലം മണ്ഡലത്തിൽ നിന്നാണ് ഞാൻ വരുന്നത്. റബ്ബർ കർഷകരുമായി ബന്ധപ്പെട്ടുകൊണ്ട്, കേന്ദ്ര ഗവൺമെന്റ് ആസിയാൻ കരാറിൽ ഒപ്പിടാൻ പോകുന്ന കാലഘട്ടത്തിൽ കേരളത്തിലെ ഇടതുപക്ഷം അതിനെതിരെ വലിയ സമരം പ്രഖ്യാപിച്ചപ്പോൾ ഞങ്ങളെ കളിയാക്കുകയാണ് യു.ഡി.എഫ്. ചെയ്തത്; റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കഴിഞ്ഞ അഞ്ച് വർഷക്കാലം യാതൊരു സമീപനവും എടുക്കാത്ത ആളുകളാണ് ഇപ്പോൾ നിയമസഭയിൽ വന്ന് റബ്ബർ കർഷകർക്കുവേണ്ടി വലിയ വീരവാദം മുഴക്കുന്നത്. ഇത് കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും.....

കഴിഞ്ഞ ബജറ്റിൽ ഉൾപ്പെടെ ഏതാണ്ട് 500 കോടിയിൽപ്പരം രൂപ റബ്ബറിന്റെ വില സ്ഥിരതയുമായി ബന്ധപ്പെട്ടുകൊണ്ട് ഗവൺമെന്റ് നീക്കി വച്ചിട്ടുണ്ട്. എല്ലാ മേഖലയിലുമുള്ള കർഷകരേയും സഹായിക്കുന്നതിന് പരമാവധി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തുകൊണ്ടുതന്നെയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. നെല്ല് ഉൽപ്പാദന രംഗവുമായി ബന്ധപ്പെട്ട് 5 വർഷക്കാലംകൊണ്ട് ഏതാണ്ട് 3 ലക്ഷം ഹെക്ടർ നെൽക്കൃഷി വർദ്ധിപ്പിക്കാനാണ് കൃഷി വകുപ്പ് തീരുമാനിച്ചിട്ടുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. ഉമ്മൻ ചാണ്ടി കേരളത്തിൽ അഞ്ചുവർഷം കൂടി ഭരിച്ചിരുന്നുവെങ്കിൽ സംസ്ഥാനത്ത് നെൽപ്പാടങ്ങൾ ഇല്ലാതാകുമായിരുന്നു എന്നുള്ള വസ്തുത കേരളം മനസ്സിലാക്കുന്നുണ്ട്. കേരളത്തിൽ ഏക്കർ കണക്കിനുവരുന്ന നെൽപ്പാടങ്ങളും, കൃഷിയിടങ്ങളുമെല്ലാം ഭൂസ്വാമിമാർക്കും, അത്തരത്തിലുള്ള ആളുകൾക്കുമെല്ലാം വീതംവച്ച് കൊടുക്കാൻ തീരുമാനിച്ച ഗവൺമെന്റായിരുന്നു ഉമ്മൻചാണ്ടി ഗവൺമെന്റ്. ആ സ്ഥിതിക്ക് ഇന്ന് മാറ്റം വന്നിട്ടുണ്ട്. നെൽക്യഷി പ്രോൽസാഹിപ്പിക്കാൻ വേണ്ടി ഗവൺമെന്റ് നല്ല സമീപനം സ്വീകരിക്കുന്നുണ്ട്. നമ്മുടെ ജലസംഭരണികളായിരുന്ന നെൽപ്പാടങ്ങളിൽ ഇന്ന് കുടിവെള്ളക്ഷാമം രൂക്ഷമല്ലേ? കേരളത്തിലെ ജനങ്ങൾ അത് തിരിച്ചറിഞ്ഞുകൊണ്ട് നെൽക്യഷി പ്രോൽസാഹിപ്പിക്കുന്നതിനായി മുന്നോട്ടുവരുന്നുണ്ട്. അതിനെ നല്ല നിലയിൽ കണ്ടുകൊണ്ട് തന്നെയാണ് അഞ്ചു വർഷക്കാലം കൊണ്ട് ഏതാണ്ട് മൂന്ന് ലക്ഷം ഹെക്ടർ സ്ഥലത്തേയ്ക്ക് നെൽക്യഷി വ്യാപിപ്പിക്കുന്നതിന് വേണ്ടിയുള്ള കർമ്മ പദ്ധതികൾ കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് മുമ്പോട്ടുപോകുന്നത്. അങ്ങനെ കാർഷിക സമൃദ്ധിയടക്കം വീണ്ടെടുക്കുന്നതിനുള്ള വലിയ ശ്രമം ഗവൺമെന്റ് നടത്തുന്നുണ്ട്. ഗവൺമെന്റ് നടത്തുന്ന ശ്രമത്തിനോടൊപ്പം തന്നെ ഒരുപാട് കർഷക സംഘടനകൾ, കർഷക പ്രസ്ഥാനങ്ങൾ, സഹകരണ ബാങ്കുകൾ എല്ലാം ഇന്ന് കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള സമീപനമെടുത്തുകൊണ്ട് മുന്നോട്ടുവരുന്നു എന്നുള്ളത് നമുക്ക് ഏറെ പ്രതീക്ഷ നൽകുന്നുണ്ട്. അങ്ങനെ എല്ലാ നിലയിലും കേരളത്തിൽ ഒരു കാർഷിക സമൃദ്ധി വീണ്ടെടുക്കുന്നതിനുവേണ്ടി ക്രിയാത്മകമായിട്ടുള്ള ഒരു പരിശ്രമം ഗവൺമെന്റ് നടത്തുന്നുണ്ട്. ജൈവ കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് ഞാൻ സൂചിപ്പിക്കേണ്ടതില്ല, മലയാളികളുടെ ജീവിതാനുഭവത്തിൽനിന്നുതന്നെ ജൈവ കൃഷിയുടെ പ്രാധാന്യം തിരിച്ചറിഞ്ഞിട്ടുണ്ട്. വിഷരഹിത പച്ചക്കറിയുടേയും ജീവിതശൈലിയുടെയുമെല്ലാം ഭാഗമായി ഇന്ന് ആളുകൾ രോഗത്തിന് കീഴ്പ്പെട്ടുകൊണ്ടിരിക്കുന്നു. ഒരു വീട്ടിൽ ഒരു ക്യാൻസർ രോഗി എന്ന നിലയിൽ കാര്യങ്ങൾ മുന്നോട്ടുപോകുന്ന അവസ്ഥ വരുമ്പോൾ വിഷരഹിത പച്ചക്കറിയുടെ പ്രാധാന്യം മലയാളി തിരിച്ചറിയുന്നു. ഒരു തരി മണ്ണുപോലും കേരളത്തിൽ കൃഷി ചെയ്യാതെ വെറുതേ ഇടരുത് എന്നുള്ള നിലപാടിന്റെ ഭാഗമായി വലിയതോതിലുള്ള പ്രോത്സാഹനം കൃഷി വകുപ്പ് നൽകുന്നുണ്ട്. അങ്ങനെ പച്ചക്കറി ഉൽപ്പാദനമേഖലയിലടക്കം സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ക്രിയാത്മക സമീപനം സ്വീകരിച്ചുകൊണ്ടുതന്നെയാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. നമ്മുടെ മണ്ണും, കായലും, വെള്ളവും, കൃഷിയിടങ്ങളുമെല്ലാം സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന കേരളത്തിലെ കൃഷി വകുപ്പിനേയും, ഗവൺമെന്റിനേയും ഞാൻ ഈ അവസരത്തിൽ പ്രത്യേകം

അഭിനന്ദിക്കുകയാണ്. നമ്മുടെ ജനസംഖ്യയിൽ ഏതാണ്ട് 27 ശതമാനത്തോളം വരുന്നത് കർഷക കുടുംബങ്ങളാണ്. അതിൽ മഹാഭൂരിപക്ഷവും ചെറുകിട കർഷകരാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് അങ്ങ് വളരെ ഭംഗിയായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. തീരദേശത്തെ തെങ്ങുകളിൽ പ്രത്യേകതരം കീടങ്ങൾ വലിയതോതിൽ പ്രശ്നങ്ങൾ ഉണ്ടാക്കി കൊണ്ടിരിക്കുകയാണ്, പ്രത്യേകിച്ച് ഉഷ്ണകാലത്ത്. ചാവക്കാടൻ തീരമേഖലയിൽ കഴിഞ്ഞ തവണ ഇത് കൂടുതൽ കാണുകയുണ്ടായി. ഇതിന് കൃഷി ഡിപ്പാർട്ട്മെന്റ് പ്രത്യേകമായ ശ്രദ്ധ കൊടുക്കണമെന്നുള്ള കാര്യം അങ്ങ് പറയാൻ ഉദ്ദേശിക്കുന്നില്ലേ?

ശ്രീ. ആന്റണി ജോൺ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം തീർച്ചയായും ശ്രദ്ധിക്കേണ്ടതാണ്. ഇത്തവണത്തെ ഓണക്കാലത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി മലയാളി തികഞ്ഞ ആത്മാഭിമാനത്തോടെയും സന്തോഷത്തോടെയുമാണ് 2016-ലെ ഓണം ആഘോഷിച്ചത്. പച്ചക്കറി സംഭരണവുമായി ബന്ധപ്പെട്ട് വിഷരഹിത പച്ചക്കറികൾ കേരളത്തിലെ മുക്കിലും മൂലയിലുമെല്ലാം വിപണി വിലയെക്കാൾ കുറച്ച് സപ്ലൈ ചെയ്തുകൊണ്ടാണ് കേരളത്തിലെ കൃഷി വകുപ്പും ഗവൺമെന്റും മുന്നോട്ടുവരുന്നത്. അങ്ങനെ ഏത് നിലയിൽ നോക്കിയാലും കേരളത്തിലെ കാർഷിക സമൃദ്ധി വീണ്ടെടുക്കുന്നതിന് വളരെ ക്രിയാത്മകമായ നിലപാട് സ്വീകരിച്ചുകൊണ്ട് തന്നെയാണ് കൃഷി വകുപ്പ് മുന്നോട്ടുപോകുന്നത്. അതിനെ ഞാൻ ഒരിക്കൽ കൂടി പ്രത്യേകം അഭിനന്ദിക്കുകയാണ്. മറ്റൊരു വിഷയം സഹകരണവും ടൂറിസവുമാണ്. വിനോദസഞ്ചാരത്തെക്കുറിച്ച് പറയുമ്പോൾ കേരളത്തിൽ ഏറ്റവുമധികം വികസന സാധ്യതയുള്ളതും യുവാക്കൾക്ക് ജോലി ലഭിക്കുന്നതിന് ഇടപെടൽ നടത്താൻ കഴിയുന്നതുമായ മേഖല വിനോദസഞ്ചാര മേഖലയാണ്. കേരളത്തിലെ ടൂറിസം വകുപ്പ് നല്ല നിലയിലുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടുതന്നെയാണ് ഈ ചുരുങ്ങിയ നാളുകളിൽ മുന്നോട്ട് വരുന്നത്. ടൂറിസം കേന്ദ്രങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള കർമ്മപദ്ധതി കേരളത്തിലെ ടൂറിസം വകുപ്പ് കൊണ്ടുവരുന്നുണ്ട്. ഇവിടെ എത്തുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏതാണ്ട് 5 വർഷം കൊണ്ട് ലക്ഷക്കണക്കിന് ആളുകൾക്ക് ജോലി കൊടുക്കാൻ ടൂറിസം വകുപ്പ് ഇടപെടൽ നടത്തുന്നുണ്ട്. ടൂറിസത്തിൽ നമുക്ക് ഇനിയും ഒരുപാട് സാധ്യതകൾ ഉണ്ട്. ആ സാധ്യതകളെ നമ്മൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന പരിശോധന കൂടി

നടത്തേണ്ടതുണ്ട്. സഞ്ചാരികളെ ആകർഷിക്കുന്നതിൽ കേരളം ഏറ്റവും വലിയ മത്സരം നേരിടുന്നത് ശ്രീലങ്കയോടാണ്. ശ്രീലങ്കയിൽ എൽ.ടി.ടി.ഇ. ഭീകരതമൂലം ഏതാണ്ട് കാൽനൂറ്റാണ്ട് കാലത്തോളം ടൂറിസം മേഖല വലിയ പിന്നോട്ടടി നേരിട്ടിരുന്നു. അത് അവസാനിപ്പിച്ച് ഏതാനും വർഷം കഴിഞ്ഞപ്പോൾ ശ്രീലങ്കയിൽ വലിയ കുതിച്ചുചാട്ടമാണ് ടൂറിസം മേഖലയിൽ ഉണ്ടായത്. ശ്രീലങ്കയെക്കാൾ ഏറെ ഭംഗിയുള്ള കടലോരങ്ങളും, കായലോരങ്ങളും, ഹൈറേഞ്ചും ഒക്കെ ഉൾപ്പെടുന്ന കൊച്ചു കേരളത്തിനകത്ത് അവർ ചെയ്തതുപോലെ അവരെക്കാൾ മികച്ച നിലയിൽ ടൂറിസം വികസിപ്പിക്കാൻ നമുക്കും സാധിക്കുന്നതാണ്. അതിനുവേണ്ടിയുള്ള കർമ്മ പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്കരിക്കുന്നുണ്ട് എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. നമ്മുടെ ടൂറിസം കേന്ദ്രങ്ങളെ തമ്മിൽ കൂട്ടിയിണക്കിക്കൊണ്ടുള്ള മികച്ച ഗതാഗത സൗകര്യങ്ങളടക്കം ഒരുക്കിക്കൊടുക്കുന്നതിന്റെ പ്രാധാന്യം ഈ അവസരത്തിൽ എടുത്തു പറയേണ്ടതുണ്ട്. കേരളത്തിന്റെ വിസ്തീർണ്ണം ഏകദേശം 40000 ചതുരശ്ര കിലോ മീറ്ററാണെങ്കിൽ സിംഗപ്പൂർ പോലുള്ള രാജ്യത്ത് ഏകദേശം 1000 ചതുരശ്ര കിലോ മീറ്ററിനകത്തു നിന്നുകൊണ്ടാണ് അവർ ടൂറിസം മേഖലയ്ക്കകത്ത് ഇത്ര വലിയ മുന്നേറ്റം കൈവരിക്കുന്നത്. ഇതെല്ലാം നമ്മൾ കണ്ടു മനസ്സിലാക്കണം. അവരുടെ വാർഷിക ടൂറിസം വരുമാനം 2000 കോടി ഡോളറാണ്, ഏകദേശം 1,30,000 കോടി രൂപ. നമ്മുടെ കേരളത്തിൽ ഇന്നിത് ഏതാണ്ട് 350 കോടി ഡോളർ മാത്രമാണ്. സിംഗപ്പൂർ ഉൾപ്പെടെയുള്ള രാജ്യങ്ങൾ പരിശോധിക്കുമ്പോൾ അതിനേക്കാൾ സാധ്യതയുള്ളതും മനോഹരവുമായ പ്രദേശങ്ങൾ നമ്മുടെ കേരളത്തിനകത്തുണ്ട്. സിംഗപ്പൂരിൽ ഏകദേശം 35 ലക്ഷം സാക്ഷരരായ ജനങ്ങൾ മാത്രമാണ് അധിവസിക്കുന്നത്. എന്നാൽ കേരളത്തിൽ 3.3 കോടി ജനങ്ങൾ സാക്ഷരരായിട്ടുണ്ട്. ഇത്ര സമ്പന്നമായ കായലുകളും കടൽ തീരങ്ങളും ഉൾപ്പെടെയുള്ള പ്രദേശങ്ങൾ വേറെ എവിടെയാണുള്ളത്? ഞാൻ വരുന്നത് എറണാകുളം ജില്ലയിൽ നിന്നാണ്. കൊച്ചി വലിയ വികസന സാധ്യതയുള്ള പ്രദേശമാണ്. സിംഗപ്പൂർ പോലുള്ള പ്രദേശങ്ങളിൽ ഉൾപ്പെടുന്ന ഷിപ്പിംഗും തുറമുഖവും, വിമാനത്താവളവുമെല്ലാം നമുക്കുമുണ്ട്. കേരളത്തിലെ ടൂറിസം വകുപ്പ് ദീർഘവീക്ഷണമുള്ള പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുന്നുണ്ട് എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. അതിരപ്പിള്ളി പോലുള്ള ലോകത്തിലെ ഏറ്റവും മനോഹരമായ വെള്ളച്ചാട്ടങ്ങൾ കേരളത്തിലുണ്ട്. അതിന്റെ പോരായ്മ നമ്മൾ ആരെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ; അതിരപ്പിള്ളി വെള്ളച്ചാട്ടം അടുത്ത് ചെന്ന് കാണാൻ കഴിയുന്ന ഒരു അവസ്ഥ നമുക്ക് അവിടെ ചെന്നാൽ ഉണ്ടോ? കേരളത്തിലെ കാടുകളുടെ സൗന്ദര്യം ആസ്വദിക്കുന്നതിന് ആളുകൾക്ക് വേണ്ടത്ര

സൗകര്യം ഒരുക്കിക്കൊടുക്കാത്ത സമീപനം പല മേഖലകളിലും ഫോറസ്റ്റ് ഉദ്യോഗസ്ഥർ സ്വീകരിക്കുന്നുണ്ട്. ഇതൊക്കെ പുനഃപരിശോധിച്ചുകൊണ്ട് നമ്മുടെ പ്രകൃതിഭംഗി ജനങ്ങൾക്കും ഇവിടെയെത്തുന്ന ടൂറിസ്റ്റുകൾക്കും ആസ്വദിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് കൊണ്ടുവരാൻ കഴിയണം. മൂന്നാം ലോകരാജ്യങ്ങളിൽ പോലും ഇതുപോലെയുള്ള വലിയ വെള്ളച്ചാട്ടത്തിനടുത്തേയ്ക്ക് ആളുകൾക്ക് എത്താൻ കഴിയുന്ന പാതകളടക്കം നിർമ്മിക്കുന്ന സാങ്കേതിക വിദ്യകളുണ്ട്. ഇതൊക്കെ നമ്മുടെ നാട്ടിലും ചെയ്യാൻ കഴിയുന്നതല്ലേ; അങ്ങനെ വലിയ വികസന സാധ്യതകളുള്ള ധാരാളം പ്രദേശങ്ങളും മേഖലകളും നമുക്കുണ്ട്. ഞാൻ പ്രതിനിധാനം ചെയ്യുന്ന കോതമംഗലം മണ്ഡലം വലിയ ടൂറിസം സാധ്യതകളുള്ള പ്രദേശമാണ്. കുട്ടംപുഴ പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശം ഇടമലയാർ ജലവൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട് വലിയതോതിലുള്ള വികസന സാധ്യതയുള്ള, ഹൈഡൽ ടൂറിസം അടക്കം മുന്നോട്ട് കൊണ്ടുവരാൻ കഴിയുന്ന പ്രദേശമാണ്. ഇടുക്കിയിലും, മൂന്നാറിലും, പള്ളിവാസലിലും, കുറ്റ്യാടിയിലുമൊക്കെ ഹൈഡൽ ടൂറിസം പദ്ധതി നന്നായി നടപ്പിലാക്കിയിട്ടുണ്ട്. ഞാൻ പ്രതിനിധാനം ചെയ്യുന്ന ഇടമലയാർ പ്രദേശത്തും നല്ലനിലയിൽ ഹൈഡൽ ടൂറിസം പദ്ധതി കൊണ്ടുവരാൻ കഴിയുന്നതാണ്. അതിന് ഗവൺമെന്റ് അനുകൂലമായ സമീപനം സ്വീകരിക്കുമെന്ന് തന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇടുങ്ങിയ കാനന പാതകളും ലോകത്തെ ചെറുതും വലുതുമായ പൂമ്പാറ്റകളുടെ വലിയ ശേഖരവുമുള്ള പ്രദേശമാണത്. അവിടെ ഒരു ബട്ടർഫ്ലൈ പാർക്ക് ആരംഭിക്കുന്നതിനുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 1984-ലാണ് അവിടെ ഡാം പണി പൂർത്തിയാക്കി പദ്ധതി ആരംഭിച്ചിട്ടുള്ളത്. അന്നവിടെ കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള നിരവധി ക്വാർട്ടേഴ്സുകൾ പണികഴിപ്പിച്ചിട്ടുണ്ട്. അവ ഇന്ന് നാശോന്മുഖമായി കിടക്കുകയാണ്. അതെല്ലാം ടൂറിസം വകുപ്പിന് കൈമാറിക്കൊണ്ട് ആ പ്രദേശങ്ങളിലെത്തുന്ന ടൂറിസ്റ്റുകൾക്ക് നല്ല നിലയിൽ ഉപയോഗിക്കാൻ കഴിയുന്ന രീതിയിലേയ്ക്ക് മാറ്റിയെടുക്കേണ്ടതാണ്. കേരളത്തിലെ ഏറ്റവും മനോഹരമായ പ്രദേശമാണ് കുട്ടംപുഴ പഞ്ചായത്ത്. കേരളത്തിൽ ഏറ്റവും അധികം ആളുകൾ ആരാധിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മോഹൻലാൽ അഭിനയിച്ച 'പുലിമുരുകൻ' എന്ന സിനിമ ഇന്ന് കേരളത്തിൽ ഓടുന്നുണ്ട്. പുലിമുരുകൻ എല്ലാപേരും കണ്ടിരിക്കുമെന്നു തന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. സാറും ഒരു സിനിമാ പ്രേമിയാണല്ലോ; പുലിമുരുകന്റെ പ്രധാന ലൊക്കേഷൻ എന്നുപറയുന്നത് എന്റെ മണ്ഡലത്തിൽപ്പെടുന്ന കുട്ടംപുഴ പഞ്ചായത്തിലെ പിണ്ടിമേട് വെള്ളച്ചാട്ടമാണ്, വളരെ മനോഹരമാണ് ആ വെള്ളച്ചാട്ടം. അങ്ങ് ആ സിനിമ കണ്ടിരിക്കുമല്ലോ. അങ്ങനെ നിരവധി

വെള്ളച്ചാട്ടങ്ങളുള്ള ഒരു മേഖലയാണ്. അതിന്റെ സാധ്യത ഉപയോഗിക്കാൻ കഴിയണം. അതിന് ഗവൺമെന്റ് നല്ല നിലയിൽ സഹായിക്കുമെന്ന് തന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഭൂതത്താൻകെട്ടും, നേര്യമംഗലവും ഉൾപ്പെടുന്ന പ്രദേശങ്ങൾ ഫാം ടൂറിസത്തിനുൾപ്പെടെ ഉപയോഗിക്കാൻ കഴിയുന്നതാണ്. തട്ടേക്കാട് ഏഷ്യയിലെ തന്നെ ഏറ്റവും വലിയ പക്ഷി സങ്കേതമാണ്. അതിനെയെല്ലാം ഉപയോഗപ്പെടുത്തി ടൂറിസം നല്ല നിലയിൽ മുന്നോട്ട് കൊണ്ടുവരാൻ കേരളത്തിലെ ഗവൺമെന്റും ടൂറിസം വകുപ്പും നല്ല നിലയിൽ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

3.00 pm]

ശ്രീ. കെ. എസ് ശബരീനാഥൻ : സർ, 2016-2017 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നവകേരളം സൃഷ്ടിക്കാൻ വന്ന ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരമേറ്റിട്ട് ഇപ്പോൾ ഏകദേശം അഞ്ച് മാസം കഴിഞ്ഞു. സാധാരണ ഒരു സർക്കാർ പിറന്നുവീണ് ഒന്നോ രണ്ടോ വർഷത്തിനുശേഷമാണ് ആരോപണങ്ങളും ആക്ഷേപങ്ങളുമൊക്കെ കേട്ട് ആ സർക്കാരിന്റെ മുഖച്ഛായയ്ക്ക് മങ്ങലേൽക്കുന്നത്. പക്ഷേ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന് ഒരു പ്രത്യേകതയുണ്ട്. ജനിച്ചുവീണ് അഞ്ചാം മാസത്തിൽ, ശൈശവത്തിൽ തന്നെ പാപത്തിൽ മാമോദീസ മുക്കിയ ഒരു സർക്കാരാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ളത്. ദളിത് പീഡനങ്ങളെക്കുറിച്ചും രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ചുമൊന്നും ഞാൻ അധികം സംസാരിക്കുന്നില്ല. ഇന്ന് അടിയന്തരപ്രമേയ സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ നിലപാടുകൾ വളരെ വ്യക്തമായി പറഞ്ഞതാണ്. അദ്ദേഹം തന്ന ഗീതോപദേശം ആ ഒരു സ്പിരിറ്റിൽ തന്നെ ഉൾക്കൊള്ളുകയാണ്. നമ്മൾ ഈ സഭയിൽ ഉൾക്കൊണ്ട സ്പിരിറ്റിൽ തന്നെ അദ്ദേഹത്തിന്റെ പാണ്ഡവ പടയിലെ പോരാളികളും ബി.ജെ.പി.-യിലേയും ആർ.എസ്.എസ്.-ലെയും നേതൃത്വങ്ങളും ഏറ്റെടുക്കുകയാണെങ്കിൽ നമ്മളെല്ലാം സ്വപ്നം കാണുന്ന ഒരു കിനാശ്ശേരിയാക്കി കണ്ണൂരിനെ മാറ്റിയെടുക്കാമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സമൂഹത്തിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ചില വ്യക്തികൾക്ക് കഴിഞ്ഞ നാലഞ്ച് ദിവസങ്ങളായി ഉണ്ടായിട്ടുള്ള ആശങ്കകളെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. ആദ്യമായി ഞാൻ സംസാരിക്കാൻ പോകുന്നത് നമ്മുടെയെല്ലാം പ്രിയപ്പെട്ട മുൻ മന്ത്രിയായിരുന്ന ശ്രീ. ഇ. പി. ജയരാജൻ സാറിനെക്കുറിച്ചാണ്. ശ്രീ. ഇ. പി. ജയരാജൻ സാർ തിങ്കളാഴ്ച നിയമസഭയിൽ സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞ ഒരു കാര്യം അഴിമതി നിറഞ്ഞുനിന്ന വ്യവസായ വകുപ്പിനെ

ശുദ്ധീകരിക്കുവാൻ സ്വീകരിച്ച നടപടികളിൽ അസ്വസ്ഥരായ വ്യവസായ മാഫിയകളാണ് മന്ത്രിയെ മാറ്റിയിട്ടും ഈ വിവാദങ്ങളെല്ലാം ഉയർത്തുന്നതെന്നാണ്. അവരാണ് അദ്ദേഹത്തിനെതിരെ രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും ഭീഷണി ഉയർത്തിയതെന്നാണ് അദ്ദേഹം പറഞ്ഞത്. നിയമസഭയിലെ ഒരു എം.എൽ.എ., മാഫിയയിൽ നിന്നും ആക്രമണവും ഭീഷണിയും ഉണ്ടെന്ന് പറയുമ്പോൾ ആ എം.എൽ.എ-യ്ക്ക് സംരക്ഷണം കൊടുക്കേണ്ടത് തീർച്ചയായും സർക്കാരിന്റെ കടമയാണ്. ആ കടമ സർക്കാർ ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഇന്നത്തെ ജനയുഗം, മാതൃഭൂമി പത്രങ്ങൾ വളരെ പ്രാധാന്യത്തോടുകൂടി പ്രസിദ്ധീകരിച്ച ഒരു വാർത്ത കണ്ടു. 'സി.പി.ഐ. സംസ്ഥാന കൗൺസിലിൽ പിണറായി വിജയന് രൂക്ഷ വിമർശനം'. മന്ത്രിമാരുടെ വകുപ്പുകളിൽ ഇടപെട്ടിട്ടും സി.പി.ഐ. മന്ത്രിമാർ പ്രതികരിക്കാത്തത് പരിതാപകരമാണെന്ന് അംഗങ്ങൾ രോഷത്തോടെ പറഞ്ഞുവെന്നാണ് ഇന്നത്തെ മാതൃഭൂമി പത്രം പറയുന്നത്. നമ്മുടെ പ്രതിപക്ഷ നേതാവിനോട് ബഹുമാനപ്പെട്ട ശ്രീമതി സോണിയാ ഗാന്ധിക്ക് കത്തെഴുതാൻ ഉപദേശിക്കുന്ന ഒല്ലൂരിന്റെ യുവ എം.എൽ.എ.-യും മുൻ വിദ്യാർത്ഥി നേതാവുമായ ശ്രീ. കെ. രാജൻ ഇപ്പോൾതന്നെ ചെന്ന് അങ്ങയുടെ ഔദ്യോഗിക ലെറ്റർപാഡിൽ സി.പി.ഐ. ദേശീയ സെക്രട്ടറി ശ്രീ. സുധാകർ റെഡ്ഡിക്ക് ഉപദേശം നൽകുന്ന ഒരു കത്തെഴുതണം. സി.പി.ഐ. മന്ത്രിമാരെ ക്രൂശിക്കട്ടെ, പാവം തൃശ്ശൂരുകാർ ജീവിച്ച് പോകട്ടെ എന്നൊരു കാര്യം നിങ്ങളുടെ ദേശീയ സെക്രട്ടറി മുഖാന്തരം കത്തിലൂടെ മുഖ്യമന്ത്രിയെ ഉപദേശിക്കണമെന്ന് ശ്രീ. കെ. രാജനോട് ഞാൻ ആവശ്യപ്പെടുകയാണ്. സഹകരണം, കൃഷി, വിനോദസഞ്ചാരം തുടങ്ങിയ വകുപ്പുകളിലെ ധനാഭ്യർത്ഥനകളെക്കുറിച്ച് സംസാരിക്കുന്നതിനുമുമ്പ് ഈ ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ചും ഫണ്ട് എങ്ങനെ വിനിയോഗിക്കണ മെന്നതിനെക്കുറിച്ചും പറയേണ്ടത് പ്രധാനപ്പെട്ട കാര്യമാണ്. പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫണ്ട് വിനിയോഗിക്കുന്ന മാർഗ്ഗം 'കിഫ്ബി'-യെന്ന് പറയുകയാണ്. ഈ 'കിഫ്ബി'-യെ ഞാനും എന്റെ പാർട്ടിയും എതിർക്കുന്നില്ല. കാരണം ആശയപരമായി ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ പല കാര്യങ്ങളോടും നമുക്ക് യോജിപ്പുണ്ട്. പക്ഷേ 'കിഫ്ബി'- യിൽ ഫണ്ട് അലോട്ട്മെന്റ് പ്രോസസ്സും 'കിഫ്ബി'-യിൽ നിന്നും ഈ ഫണ്ട് എങ്ങനെയാണ് പ്രോജക്ടുകൾക്ക് അലോട്ട് ചെയ്യുന്നതെന്ന കാര്യത്തിലും ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ പല അംഗങ്ങൾക്കും ഒരു പക്ഷേ മന്ത്രിമാർക്കും ആശങ്കയും പരാതികളുമുണ്ട്. ആ പരാതികൾ ദൂരീകരിക്കാതെ ഒരിക്കലും ഇതുപോലുള്ള ധനാഗമചർച്ചകളുമായി മുന്നോട്ടുപോകാൻ കഴിയില്ല. നമ്മളിൽ പലരും ത്രിതല പഞ്ചായത്ത് അംഗങ്ങളായും പഞ്ചായത്ത് പ്രസിഡന്റുമാരായും ജില്ലാപഞ്ചായത്ത് അംഗങ്ങളായും സേവനമനുഷ്ഠിച്ചതിനുശേഷം എം.എൽ.എ.- മാരായി വന്നവരാണ്.

ത്രിതല പഞ്ചായത്തുകൾക്ക് ജനകീയാസൂത്രണ പദ്ധതിയിൽ നിന്നും ഫണ്ട് ലഭിക്കുന്നുണ്ട്. അതോടൊപ്പം എം.പി.-മാരുടെ ഫണ്ടിൽനിന്നും എം.എൽ.എ.-മാരുടെ ഫണ്ടിൽനിന്നും സർക്കാരിൽനിന്നും പ്രോജക്ടുകൾ കിട്ടാറുണ്ട്. എല്ലാ നിയമസഭാ മണ്ഡലങ്ങളിലേയും 80-85 ശതമാനം ഫണ്ടുകളും പത്ത് കോടി രൂപയിൽ താഴെയായിരിക്കും. അൻപത് ലക്ഷത്തിനും പത്തുകോടിക്കുമിടയ്ക്കുള്ള സാധാരണ പ്രോജക്ടുകൾ കൊണ്ടാണ് ഞാനെന്റെ മണ്ഡലത്തിലെ പി.എച്ച്.സി.-ക്ക് ഒരു കെട്ടിടമനുവദിക്കുന്നതും അത്യാവശ്യമുള്ള റോഡനുവദിക്കുന്നതും ടൂറിസം മേഖലയിൽ ചെറിയ അമിനിറ്റീസ് സെന്റർ പണിയുന്നതുമൊക്കെ. സഭയിലെ ഒരു എം.എൽ.എ. എന്ന നിലയിൽ ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ ഞാൻ അനുഭവിക്കുന്ന ബുദ്ധിമുട്ടും ഭരണപക്ഷത്തേയും പ്രതിപക്ഷത്തേയും എം.എൽ.എ.-മാർ അനുഭവിക്കുന്ന ബുദ്ധിമുട്ടും ഒരുപോലെയാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം പത്തുകോടി രൂപയ്ക്ക് താഴെയുള്ള പ്രോജക്ടുകൾക്ക് ഫണ്ട് ഇല്ലായെന്നുള്ളതാണ്. മന്ത്രിമാരെ കാണുമ്പോഴും ഉദ്യോഗസ്ഥന്മാരെ കാണുമ്പോഴും അവർ പറയുന്ന പരാതി പത്ത് കോടിക്ക് മുകളിലുള്ള പദ്ധതിയാണെങ്കിൽ 'കിഫ്ബി' വഴി അപ്രൂവൽ തരാമെന്നാണ്. ഇത് പറയുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് സാധാരണക്കാരായ ആളുകൾക്ക് ഒരു തലവേദന വരുമ്പോൾ ഒരു ക്രോസിനോ പാരസെറ്റമോളോ കഴിച്ചാൽ പോകാവുന്നതേയുള്ളൂ. പക്ഷേ ഇതേ അസുഖത്തിന് ഒരു സ്വകാര്യ ആശുപത്രിയിൽ പോകുകയാണെങ്കിൽ അവർ ആദ്യം എക്സ്റേയും പിന്നെ സി.ടി. സ്കാനും എടുപ്പിക്കും. പിന്നെ രണ്ടുമൂന്ന് ദിവസം അവിടെ കിടത്തും. അവസാനം സൂപ്പർ സ്പെഷ്യാലിറ്റിയിൽ കൊണ്ടുപോകും. പാരസെറ്റമോൾ കൊടുത്തുതീർക്കേണ്ട രോഗങ്ങൾക്ക് സൂപ്പർസ്പെഷ്യാലിറ്റിയിൽ കൊണ്ടുപോകുന്നതു പോലെ അത്യാവശ്യം പ്രോജക്ടിന് ഫണ്ട് അനുവദിക്കാതെ എല്ലാം പത്ത് കോടി രൂപയിൽ അധികമാക്കി 'കിഫ്ബി'യിൽ ഉൾപ്പെടുത്തുന്ന ഒരു സ്ഥിതിയാണ് വന്നിരിക്കുന്നത്. നമ്മൾ പണ്ടുമുതൽ കാണുന്ന ഒരു പ്രവണതയാണ് പ്രോജക്ടുകൾ തയ്യാറാക്കാൻ സംഘത്തെ ചുമതലപ്പെടുത്തുകയെന്നത്. അങ്ങനെയൊരു സംഘം സെക്രട്ടേറിയറ്റിലും എ.കെ.ജി. സെന്ററിലും നിയമസഭയിലുമൊക്കെ വന്നിട്ടുണ്ട്. അവരുടെ ജോലി എല്ലാ പ്രോജക്ടുകളും ആകർഷകമായ രീതിയിൽ പത്ത് കോടി രൂപയിൽ കൂടുതലായി കാണിക്കണം. ഇപ്പോൾ എന്നെയും നല്ലൊരു പ്രോജക്ട് തയ്യാറാക്കി തരാമെന്ന് പറഞ്ഞ് പലരും ബന്ധപ്പെടുന്നുണ്ട്. പ്രോജക്ട് തയ്യാറാക്കുന്നുവെന്ന് പറയുമ്പോൾ ഒരു പക്ഷേ ടൂറിസത്തിന്റേതാണെങ്കിൽ മണ്ഡലത്തിലെ രണ്ടോ മൂന്നോ സ്ഥലങ്ങളെ ഒരുമിപ്പിച്ചുള്ള ഒരു പാക്കേജാണ്. ഇതുപോലുള്ള വികസന മോഡലാണോ ഇടതുപക്ഷം നവ കേരളമെന്ന് പറഞ്ഞ് കൊണ്ടുവരുന്നതെന്ന കാര്യത്തിൽ സംശയമുണ്ട്. ഞാൻ ചെറിയൊരു ചരിത്ര കഥകൂടി പറയാം. നമുക്കെല്ലാം അറിയാവുന്ന ഗ്രീക്ക് ഇതിഹാസത്തിൽ ഒരു

കഥയുണ്ട്. പ്രൊക്രസ്റ്റസിന്റെ 'അയൺ ബെഡ്' (ഇരുമ്പ് കട്ടിൽ) എന്നൊരു കഥയുണ്ട്. അദ്ദേഹം എലിസിസ് നഗരത്തിൽ വരുന്ന ആളുകളെ രാത്രികാലങ്ങളിൽ വീട്ടിൽ കൂട്ടിക്കൊണ്ടുവന്ന് താമസിക്കാൻ പറയുമായിരുന്നു. പ്രൊക്രസ്റ്റസ് ഒരു കള്ളനായിരുന്നു. അദ്ദേഹത്തിന് ഒരു ഇരുമ്പ് കട്ടിലുണ്ട്. ആ ഇരുമ്പ് കട്ടിൽ ഒരു നിശ്ചിത സൈസിലുള്ളതായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ വരുന്ന ആളുകൾ ഒരു പക്ഷേ കട്ടിലിനേക്കാൾ സൈസ് കുറഞ്ഞ ആളുകളാണെങ്കിൽ ഇദ്ദേഹം അവരെ ഒരു റാക്കിൽ കെട്ടി കട്ടിലിന്റെ നീളം വരെയാക്കി കൊന്നുകളയും. ഒരു പക്ഷേ, കട്ടിലിന്റെ നീളത്തെക്കാൾ കൂടുതലാണെങ്കിൽ അവരുടെ കാലുകൾ വെട്ടിക്കളയും. അതുപോലെ 'കിഫ്ബി'-യെന്ന് പറയുന്നത് പ്രൊക്രസ്റ്റസിന്റെ ഇരുമ്പ് കട്ടിൽ പോലെയാണ്. പലപ്പോഴും മന്ത്രിമാരോട് റോഡുകളുടെ കാര്യത്തെക്കുറിച്ച് പറയുമ്പോൾ പത്ത് കോടിയിൽ കവിഞ്ഞ തുകയുള്ള പ്രോജക്ടാക്കണമെന്നാണ് അവർ പറയുന്നത്. ഒരു പക്ഷേ കേരളത്തിന്റെ വികസനം കഴിഞ്ഞ അൻപത് അറുപത് വർഷമുണ്ടായത് ചെറുകിട പ്രോജക്ടുകളിൽ നിന്നാണ്. ആ ചെറുകിട പ്രോജക്ടുകൾ മുന്നോട്ട് കൊണ്ടുപോകണമെങ്കിൽ പത്ത് കോടിയിൽ താഴെയുള്ള പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള സ്വാതന്ത്ര്യം ഇവിടത്തെ മന്ത്രിമാർക്ക് നൽകണം. ടൂറിസം രംഗത്തെക്കുറിച്ചും കുറെ കാര്യങ്ങൾ പറയാനുണ്ട്. സമയം കുറവായതുകൊണ്ട് അതൊന്നും ഞാൻ പറയുന്നില്ല. നേരത്തെ ഇവിടെ 'പുലിമുരുകൻ' സിനിമയെക്കുറിച്ച് പലരും സംസാരിച്ചു. അതിൽ പ്രശസ്തനായ നടൻ ശ്രീ. ഗോപകുമാർ അഭിനയിച്ച കഥാപാത്രം പാരമ്പര്യ വൈദ്യൻകൂടിയായ ആദിവാസി മൂപ്പൻ ഒരു വലിയ ജനസമൂഹത്തിന്റെ നേതാവാണ്. നമ്മുടെ നിയമസഭയിലെ ഒരുമാതിരിപ്പെട്ട ആളുകളെല്ലാം ഈ സിനിമയിലെ ആദിവാസി മൂപ്പനെപ്പോലെയാണ്. അവർ അവരവരുടെ തട്ടകങ്ങളിൽ വലിയ ആൾക്കാരാണ്, പാരമ്പര്യ വിഷചികിത്സകരാണ്, അവർക്ക് വളരെയധികം കഴിവുകളുണ്ട്, പത്തിരുന്നൂറ് ആൾക്കാർ കൂടെയുണ്ടാകും. പക്ഷേ ഈ സഭയിൽ വന്നാൽ അവരെല്ലാം കൂടുതൽ സമയമെടുക്കുന്നത് പുലിമുരുകനെ പ്രകീർത്തിക്കാൻ വേണ്ടി മാത്രമാണ്. എന്തായാലും കൂട്ടിലടച്ച തത്ത പോയി. ഇനി തൊണ്ണൂറ്റിയേഴോളം തത്തകൾ ബാക്കിയുണ്ട്. നിങ്ങൾ ഏതായാലും കൂട്ടിനകത്ത് പെടാതെ സ്വതന്ത്രമായി പറക്കൂ എന്ന് മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എസ്. ശർമ്മ: സർ, സഹകരണം, കൃഷി, വിനോദസഞ്ചാരം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ഇവിടെ ചർച്ചകൾക്കിടയിൽ കേരള വികസനത്തിന്റെ ഇന്നത്തെ കോണ്ടെസ്റ്റിൽ പരിമിതികളെ അതിജീവിച്ചുകൊണ്ട് സാധ്യതകൾ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന വിശാലമായ വീക്ഷണത്തെ അടിസ്ഥാനമാക്കി ഡോ. തോമസ് ഐസക് മുന്നോട്ടുവച്ച നിർദ്ദേശത്തെ ശ്രീ. ശബരീനാഥൻ

വിമർശനാത്മകമായി സമീപിക്കുന്നത് കേൾക്കാൻ ഇടവന്നു. വിമർശനം ഉന്നയിക്കുന്നതിൽ തെറ്റില്ല. പ്രവർത്തനങ്ങളിൽ കുറച്ചുകൂടി ജാഗ്രത കൈവരിക്കാൻ ഇത്തരം വിമർശനം സഹായിക്കും. പക്ഷേ നമ്മുടെ നാടിന്റെ ഇതുവരെയുള്ള ചരിത്രം പരിശോധിച്ചാൽ വികസന കാര്യത്തിൽ എക്കാലത്തും മാതൃകാപരമായ പങ്കാണ് ഭരണം ഏറ്റെടുത്ത സന്ദർഭം മുതൽ ഇടതുപക്ഷ പ്രസ്ഥാനം വഹിച്ചതെന്ന കാര്യം കേരളത്തിലെ ജനങ്ങൾക്ക് ബോധ്യമുള്ളതാണ്. 1956-ൽ ഐക്യകേരളം രൂപീകൃതമായതിനുശേഷം 1957-ൽ ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരമേറ്റെടുത്ത് സ്വീകരിച്ച വികസന വീക്ഷണത്തിന്റെ അടിത്തറയിൽ പടുത്തുയർത്തപ്പെട്ടതാണ് ആധുനിക കേരളമെന്നത് നാം വിസ്മരിക്കരുത്. കേരളത്തിൽ 1957-ന്റെ തുടർച്ചയായി 1968-ൽ സമഗ്ര ഭൂപരിഷ്കരണ നിയമവും കോ-ഓപ്പറേറ്റീവ് ആക്ടും പ്രാബല്യത്തിൽ വന്നു. കേരളത്തിന്റെ വളർച്ചയ്ക്ക് സഹകരണ പ്രസ്ഥാനവും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഭൂപരിഷ്കരണ നിയമവും പരസ്പര പൂരകമായി വളർന്നുവന്നതിലൂടെ ആധുനിക കേരളത്തെ ലക്ഷണമൊത്ത സംസ്ഥാനമായി വാർത്തെടുക്കുന്നതിന് സാധിച്ചു. ഇത്തരം വസ്തുതകൾ മനസ്സിലാക്കാതെ താൽക്കാലികമായ ചില വിമർശനങ്ങളിലൂടെ പ്രശ്നങ്ങളെ സമീപിക്കുന്നത് പുനഃപരിശോധനയ്ക്ക് വിധേയമാക്കണം. സംസ്ഥാന ഗവൺമെന്റ് സമഗ്രമായ കാഴ്ചപ്പാടിനെ അടിസ്ഥാനമാക്കി കാർഷിക രംഗത്തും സഹകരണമേഖലയിലും ടൂറിസം മേഖലയിലും ശാസ്ത്രീയവും ഭാവനാസമ്പന്നവുമായ കാഴ്ചപ്പാടിലൂടെ പ്രവർത്തിച്ചുവരികയാണ്. കേരളം ആർജ്ജിച്ച നേട്ടങ്ങൾ തല്ലിത്തകർക്കുകയും തകർത്തെറിയുകയും ചെയ്തിടത്തുനിന്ന് നാം ആർജ്ജിച്ച നേട്ടങ്ങൾ കൊണ്ടുവരുന്നതിനും അതിനെ സംരക്ഷിച്ച് നിലനിർത്തുന്നതിനും സമരങ്ങളിലൂടെ ത്യാഗസുരഭിലമായ ഒരു ജീവിതം വികസിപ്പിച്ചെടുത്തതാണ് ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ മഹത്വം. ഇന്നലെ രാവിലെ റബ്ബറിന്റെ വിലത്തകർച്ച സംബന്ധിച്ച് അടിയന്തരപ്രമേയം അവതരിപ്പിച്ചതിനുശേഷം പ്രതിപക്ഷാംഗങ്ങൾ വാക്കൗട്ട് നടത്തുകയുണ്ടായി. റബ്ബറിന് ഇത്തരത്തിൽ വിലയിടിയാനുള്ള കാരണമെന്താണ്; ആരാണ് റബ്ബറിന്റെ വിലത്തകർച്ചയ്ക്ക് കാരണം; ആസിയാൻ കരാർ ആരുടെ കാലത്ത് കൊണ്ടുവന്നതാണ്? ഇന്ത്യയിൽ യു.പി.എ. ഗവൺമെന്റ് ഈ കരാർ കൊണ്ടുവന്ന സന്ദർഭത്തിൽ കേരള നിയമസഭ പ്രസ്തുത വിഷയം സംബന്ധിച്ച് നിരവധി തവണ അടിയന്തരപ്രമേയം കൊണ്ടുവന്നു. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ ഉമ്മൻ ചാണ്ടിയുടെ മറുപടി — ഈ സഭയിൽ ഇപ്പോഴിരിക്കുന്ന കുറച്ച് ആളുകളെങ്കിലും കേട്ടിട്ടുണ്ടാകും. Anti-Dumping Duty

അനുസരിച്ച് പ്രൊട്ടക്ഷൻ ക്ലോസ് ഉണ്ട്. ഇംപോർട്ട് ചെയ്യുന്ന ഒരു ഉൽപ്പന്നം ആഭ്യന്തര ഉൽപ്പാദനത്തെ ബാധിക്കുമെങ്കിൽ അതിനെ സംരക്ഷിക്കാൻ Anti-Dumping Duty അനുസരിച്ച് പ്രൊട്ടക്ഷൻ ക്ലോസ് ഉപയോഗിക്കാനുള്ള ഉറപ്പ് ഡോ. മൻമോഹൻ സിംഗ് നൽകിയിട്ടുണ്ടെന്നാണ് കേരളത്തിന്റെ മുഖ്യമന്ത്രി എന്ന നിലയിൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സൂചിപ്പിച്ചത്. ആസിയാൻ കരാർ റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ദേശീയ പാതയിലും ഹൈറേഞ്ചിലും മനുഷ്യച്ചങ്ങല സൃഷ്ടിച്ചു. 'ആസിയാൻ കരാർ അറബിക്കടലിൽ' എന്ന മുദ്രാവാക്യമായിരുന്നു അന്ന് ഉയർത്തിപ്പിടിച്ചത്. ഈ കരാറിന്റെ ദുരന്തമാണ് ഇന്ന് കേരളം അനുഭവിക്കുന്നത്. റബ്ബറിന്റെ വിലത്തകർച്ചയുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് സാധിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കും.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അന്നത്തെ മുഖ്യമന്ത്രിക്ക് വേണമെങ്കിൽ ഇത് നെഗറ്റീവ് ലിസ്റ്റിൽ കൊണ്ടുവരാമായിരുന്നു. അദ്ദേഹം അത് ചെയ്തില്ലായെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എസ്. ശർമ്മ</u>: സർ, പ്രസ്തുത ചോദ്യം വളരെ പ്രസക്തമാണ്. അത് നിരവധി തവണ ചർച്ച ചെയ്യപ്പെട്ടതാണ്. നെഗറ്റീവ് ലിസ്റ്റിൽ കൊണ്ടുവന്നില്ലായെന്നത് പ്രധാനപ്പെട്ട കാര്യം തന്നെയാണ്. ഈ ക്ലോസ് ഉപയോഗിച്ച് പ്രൊട്ടക്ട് ചെയ്യാൻ സാധിക്കുമെന്ന ഉറപ്പാണ് അക്കാലത്ത് ഇതുമായി ബന്ധപ്പെട്ട് ചർച്ച നടത്തിയപ്പോൾ സൂചിപ്പിച്ചത്. കാർഷിക മേഖലയിലെ മറ്റ് രൂപത്തിലുള്ള തകർച്ചയ്ക്കും ആഗോള സാമ്പത്തിക നയം പങ്കുവഹിക്കുന്നില്ലേ? ഈ സാമ്പത്തിക നയത്തെ എതിർത്തുകൊണ്ട് പോരാടുകയും ആ പോരാട്ടത്തിലൂടെ പരിമിതികൾക്കകത്തുനിന്നുകൊണ്ട് ഒരു ബദൽ സംവിധാനം നാടിന് സമർപ്പിക്കുന്നതിൽ ക്രിയാത്മകമായ പങ്ക് വഹിക്കാൻ കഴിയുന്ന നിലപാടാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചത്. ഉദാഹരണത്തിന് കേരളത്തിൽ ദശാബ്ദങ്ങൾക്കുമുമ്പ് 8.8 ലക്ഷം ഹെക്ടർ സ്ഥലം കാർഷികാവശ്യത്തിന് ഉപയോഗിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ രണ്ട് ലക്ഷത്തിൽ താഴെ ഹെക്ടർ സ്ഥലം മാത്രമേ ഉപയോഗിക്കുന്നുള്ളൂ. അത് നമ്മൾ മനസ്സിലാക്കണം. ആഗോളവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ ഭൂമിയുടെ ഉപയോഗത്തിന്റെ ആവശ്യകത ശക്തിപ്പെടുകയും ഭൂമി കാർഷികോൽപ്പാദനത്തിന്റെ ഉപാധിയായിരുന്ന സ്ഥാനത്ത് കമ്പോളത്തിൽ അതൊരു വിൽപ്പനച്ചരക്കായി മാറുകയും ചെയ്തു. അങ്ങനെ കൃഷിക്ക് നാശം സംഭവിച്ചു. പാവപ്പെട്ട കൃഷിക്കാർക്ക് പണം തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. പത്ത് സെന്റ്

ഭൂമിയുണ്ടെങ്കിലും ഒരു ഗതിയുമില്ലാത്ത അവസ്ഥ സംജാതമായി. ഇത്തരമൊരു അവസ്ഥയിൽ റിയൽ എസ്റ്റേറ്റ് ലോബി ആ ഭൂമി ബുക്ക് ചെയ്യുകയും പതിനായിരം രൂപ സെന്റിന് ലഭിക്കുമായിരുന്ന സ്ഥാനത്ത് ഇരുപതിനായിരം രൂപ നൽകാൻ തയ്യാറാകുകയും ചെയ്തു. ഇത്തരത്തിൽ പണം ലഭിക്കുമ്പോൾ തൽക്കാലത്തേയ്ക്ക് കടം വീട്ടുന്നതിന് കർഷകർ പ്രേരിതരാകും. അവസാനം കിടപ്പാടമില്ലാതെ എല്ലാം നശിച്ച് ആത്മഹത്യയിലേയ്ക്ക് പോകുന്ന ഒരു അവസ്ഥ ഈ സാമ്പത്തിക പരിഷ്കാരത്തെത്തുടർന്ന് കേരളത്തിൽ ശക്തമായി വന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട മെമ്പർ കൃഷിയിടവും കൃഷിയും കുറഞ്ഞുവരുന്നതിനുള്ള കാരണങ്ങൾ പറഞ്ഞത് ഒരു യാഥാർത്ഥ്യമാണെങ്കിലും ട്രാക്ടർ വിരുദ്ധ സമരവും മെക്കനൈസേഷനെതിരെ നിങ്ങൾ നടത്തിയ സമരവുംമൂലം ഈ രംഗത്തുനിന്ന് കാർഷിക മേഖല പിന്നോട്ട് പോകാൻ ഇടവരുത്തിയിട്ടുണ്ട് അല്ലെങ്കിൽ അതിന് ശക്തി പകർന്നിട്ടുണ്ടെന്ന കാര്യം അങ്ങ് നിഷേധിക്കുമോ?

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ശ്രീ. പി. ടി. തോമസ് കാര്യങ്ങൾ മനസ്സിലാക്കാതെയാണ് ചോദിക്കുന്നത്. ട്രാക്ടറിനെയല്ല എതിർത്തത്, ട്രാക്ടർ ഉപയോഗിക്കുന്നതിന്റെ ഫലമായി പാടത്ത് പണിയെടുക്കുന്ന പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് തൊഴിൽദിനം നഷ്ടപ്പെടരുത് എന്ന ഉദ്ദേശത്തോടെ അതിനെ സമീപിച്ചിട്ടുണ്ട്. കമ്പ്യൂട്ടറിന്റെ പ്രശ്നം വന്നപ്പോൾ തൊഴിലവസരം നഷ്ടപ്പെടുന്നതിനെയാണ് എതിർത്തത്, അല്ലാതെ കമ്പ്യൂട്ടറിനെയല്ല. കമ്പ്യൂട്ടറിനെ എതിർക്കാൻ പറ്റുമോ? യന്ത്രം യന്ത്രത്തിന്റെ വഴിക്ക് പോകുകയില്ലേ; അതിനെ ആർക്ക് തടഞ്ഞ് നിർത്താൻ സാധിക്കും? ആര് വിചാരിച്ചാലും തടുക്കാൻ പറ്റില്ലല്ലോ. അതിലെ നയപരമായ വിഷയത്തെയാണ് പാർട്ടി എന്നുള്ള നിലയ്ക്ക് ഞങ്ങൾ കണ്ടിട്ടുള്ളത്. ഇപ്പോൾ ട്രാക്ടർ മാറിയ സാഹചര്യത്തിൽ കൊയ്യാൻ ആളിനെ കിട്ടുന്നില്ല എന്നുള്ളതാണ് പ്രധാനം. തെങ്ങിൽ കയറാനും ആളുകളില്ല. കൊയ്യാനോ തെങ്ങിൽ കയറാനോ പോയാൽ കിട്ടുന്നത് ഇരുന്നൂറോ മുന്നൂറോ രൂപയാണ്. നിർമ്മാണ ജോലിക്ക് പോയാൽ തൊള്ളായിരം-ആയിരം രൂപ വരെ കിട്ടും. ഭൂമിയെ കാർഷികോല്പന്നത്തിന്റെ ഉപാധിയും ഉറവിടവുമായി കണക്കാക്കിയിരുന്ന സ്ഥാനത്ത് ഇന്ന് ഭൂമി കമ്പോളത്തിലെ വലിയ ചരക്കായി. അതല്ലേ റിയൽ എസ്റ്റേറ്റ് മാഫിയ എന്ന നിലയിലേയ്ക്ക് വ്യാഖ്യാനവും വിശകലനവുമൊക്കെ ഉണ്ടാകുന്നത്. ഭൂരംഗത്ത് മാഫിയാ സംഘങ്ങളും റിയൽ എസ്റ്റേറ്റ് വ്യാപാരവും ശക്തിപ്പെട്ടുവരുന്നുണ്ട്. അത് നമ്മുടെ കാർഷിക മേഖലയിൽ കാർഷികോല്പാദനത്തിന്റെ പരിമിതികളാണ് സൃഷ്ടിക്കപ്പെടുന്നത്.

ഈ പരിമിതികളെ ഗവൺമെന്റ് കണ്ടതിന്റെ അടിസ്ഥാനത്തിൽ എടുത്ത നിലപാടാണ് കരക്കൃഷി. അൻപതിനായിരം അല്ലെങ്കിൽ ഒരുലക്ഷം ഏക്കർ സ്ഥലത്ത് കരനെൽക്കൃഷി എന്ന സമീപനം കൃഷി വകുപ്പ് സ്വീകരിച്ചു. തികച്ചും മാതൃകാപരമായിട്ടുള്ളതാണത്. കാർഷികോല്പാദനം വർദ്ധിപ്പിക്കുക എന്ന ദൃഢനിശ്ചയം ചെയ്തുകൊണ്ടുള്ള നയം ഈ സന്ദർഭത്തിൽ സ്വീകരിക്കുന്നു എന്നുള്ളത് ആശ്വാസകരമായ നടപടിയാണ്. കാർഷിക രംഗത്തെ പ്രശ്നങ്ങളിൽ ഇത്തരത്തിൽ വരുന്ന മാറ്റങ്ങളെ മനസ്സിലാക്കിക്കൊണ്ടും സംസ്ഥാനത്തിന്റെ സാമൂഹ്യവളർച്ചയെ മുന്നിൽ കണ്ടുകൊണ്ടുമുള്ള ഒരു വീക്ഷണഗതിയെ രൂപപ്പെടുത്തുന്നതിൽ പങ്ക് വഹിക്കാൻ നമുക്ക് കൂട്ടായിട്ട് കഴിയേണ്ടതുണ്ട്. അങ്ങനെ ഭൂമിയുടെ സംരക്ഷണം ഉറപ്പാക്കണം. ജൈവ കേരളമായിരിക്കണം കൃഷിയെ സംബന്ധിച്ചുള്ള നമ്മുടെ മൗലിക ലക്ഷ്യം. പച്ചക്കറിയിലെ കീടനാശിനി പ്രയോഗത്തെ സംബന്ധിച്ച് എല്ലാവർക്കും അറിയാം, അതേക്കുറിച്ച് പ്രസംഗിക്കേണ്ട കാര്യമില്ല. അത് ആരോഗ്യമല്ല, വലിയ രോഗമാണ് സംഭാവന ചെയ്യുന്നത്. ഉള്ള ആരോഗ്യം തകർത്തെറിഞ്ഞ് പുതിയ രോഗങ്ങൾ സംഭാവന ചെയ്യുന്ന വിധത്തിലേയ്ക്ക് മാറുകയാണ്. ഇതെല്ലാം വച്ചുകൊണ്ട് ഒരു ജൈവ കേരളത്തിനായി നയപരമായ കാഴ്ചപ്പാടോടുകൂടിയുള്ള പങ്ക് വഹിക്കാൻ തീർച്ചയായും കൃഷി വകുപ്പിന് ഊർജ്ജസ്വലനായ മന്ത്രിയുടെ നേതൃത്വത്തിൽ കഴിയും, ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന് കഴിയും എന്ന ആത്മവിശ്വാസമാണുള്ളത്.

സഹകരണ മേഖല വായ്പ കൊടുക്കുക, വാങ്ങുക എന്ന നിലയിൽ നിന്ന് മാറി ഇപ്പോൾ ത്രീ ടയർ സിസ്റ്റമാണ്. 1,36,000 കോടി രൂപയുടെ ഡെപ്പോസിറ്റ് ഇന്ന് സഹകരണ മേഖലയിലുണ്ട്. ഈ സഹകരണ മേഖലയെ കേരളത്തിലെ ജനങ്ങളുടെ മാതൃബാങ്കായി പ്രൊഫഷണലൈസ് ചെയ്ത്, കുറെക്കൂടി വികസിപ്പിച്ച് ദേശസാൽകൃത ബാങ്കുകളുടെ സ്വഭാവത്തോടുകൂടി എന്നാൽ അയവേറിയതും ജനക്ഷേമകരവും വികസനോന്മുഖവുമായ പ്രവർത്തനങ്ങൾക്ക് ഒരു മാതൃബാങ്ക് എന്ന നിലയിലേയ്ക്ക് വിശാലമായ അർത്ഥത്തിൽ കൊണ്ടുവരുന്നതിന് ഏത് രൂപത്തിൽ പങ്ക് വഹിക്കാൻ കഴിയുമെന്ന് കണക്കാക്കണം. കേരളത്തിന്റെ ബാങ്കായിരുന്ന എസ്.ബി.ടി.-യെ എസ്.ബി.ഐ.-യിലേക്ക് ലയിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാനപരമായ കാര്യങ്ങൾ പ്രമേയം ചർച്ച ചെയ്തപ്പോൾ നമ്മൾ വിശകലനം ചെയ്തതാണ്. ഇന്ന് ഏറ്റവും പ്രധാനപ്പെട്ട ഒരു ജനകീയ ധനകാര്യ മേഖലയായ സഹകരണ മേഖലയെ കേരള വികസനത്തിന്റെ ആയുധമാക്കിക്കൊണ്ടും ധനമാനേജ്മെന്റിൽ ഈടുറ്റ രൂപത്തിൽ പ്രൊഫഷണലൈസ് ചെയ്തുകൊണ്ടും

വികസിപ്പിച്ചുകൊണ്ടും കേരളത്തിന്റെ വളർച്ചയ്ക്ക് ഒരു സാമ്പത്തിക കരുത്തെന്ന നിലയിലേയ്ക്കും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും പരസ്പര പൂരകമാക്കിക്കൊണ്ട് മുന്നോട്ട് പോകുന്നതിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ ഭദ്രമാക്കിയെടുക്കുന്നതിനും വികസനോന്മുഖമായ കേരളം കെട്ടിപ്പടുക്കുന്നതിനും വിശാലമായ സാധ്യതകളുള്ള ഈ മേഖലയെ ശാസ്ത്രീയമായ സമീപനത്തിലൂടെ വികസിപ്പിച്ചുകൊണ്ടുവരാൻ തീർച്ചയായും ഇന്ന് സഹകരണ വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. എ. സി. മൊയ്തീന്റെ നേതൃത്വത്തിൽ കഴിയും. ആ ചുമതല നിർവ്വഹിക്കുക എന്നതായിരിക്കണം നമ്മുടെ കാഴ്ചപ്പാട്.

കൺസ്യൂമർ ഫെഡിന്റെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് അന്വേഷണം നടക്കുകയാണ്. അതിന്റെ നിജസ്ഥിതി പുറത്തുവരട്ടെ. കൺസ്യൂമർ ഫെഡ് തകർച്ചയുടെ വക്കിലായിരുന്നു. നാശത്തിൽ നിന്ന് കരകയറുന്നതിനുള്ള സമീപനം സ്വീകരിച്ച് പ്രവർത്തിച്ചുവരികയാണ്. ജനങ്ങൾ ആഗ്രഹിക്കുന്ന രൂപത്തിൽ, ജനസേവനത്തിന്റെ ഉദാത്തമായ മാതൃകയായി കൺസ്യൂമർ ഫെഡിനെ വികസിപ്പിച്ചെടുക്കുന്നതിൽ പങ്ക് വഹിക്കാനാകണം.

എല്ലാ സ്ഥലത്തും ടൂറിസത്തിന്റെ സ്പർശമുള്ള ഒരിടമാണ് കേരളം. മാറ്റിനിർത്താനൊന്നുമില്ല. ബീച്ച് ടൂറിസം, കായൽ ടൂറിസം, ഹൈറേഞ്ച് ടൂറിസം, മെഡിക്കൽ ടൂറിസം, ഹെറിറ്റേജ് ടൂറിസം, പിൽഗ്രിം ടൂറിസം അങ്ങനെ ടൂറിസത്തിന്റെ നാനാവിധത്തിലുള്ള വൈവിധ്യവൽക്കരണത്തിൽ ലോകത്തെ ഒരു തറവാട് പോലെ കൈകാര്യം ചെയ്യാൻ കഴിയുന്ന വിധത്തിൽ അനന്തവും വിശാലവുമായ സാധ്യതകളുള്ള ഒരു മേഖലയാണ് കേരളത്തിലെ ടൂറിസം. ആ ടൂറിസം വികസനത്തിന് സാധ്യമായ വിധത്തിലുള്ള പദ്ധതികൾക്ക് ഭാവനാ സമ്പന്നമായി നമ്മുടെ രാജ്യത്തിന്റെ 23 ശതമാനം തൊഴിൽമേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്ന ഒരു മേഖലയാണിത്. കേരളത്തിന്റെ ഭാവി വികസനത്തിന് പൊട്ടൻഷ്യലുള്ള രണ്ട് മേഖലകളിൽ പ്രധാനപ്പെട്ട ഒരു മേഖലയാണ് ടൂറിസം മേഖല. ടൂറിസത്തെ സഞ്ചാരികളുടെ തെക്ക്-വടക്ക് യാത്ര എന്നുള്ള അർത്ഥത്തിലല്ല കണ്ടിട്ടുള്ളത്, മറിച്ച് വിശാലമായ അർത്ഥത്തിലാണ്. അതുകൊണ്ടാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിച്ച് പ്രോത്സാഹിപ്പിച്ചതും ഉൽസവ പദ്ധതി, എന്റെ ഗ്രാമം-സൗഹൃദഗ്രാമം എന്നീ പദ്ധതികൾ ആവിഷ്കരിച്ചതും ഹെറിറ്റേജ് ടൂറിസത്തിന് കേരളത്തിന്റെ സാംസ്കാരിക, കളിത്തൊട്ടിലായ മലബാറിനേയും കൊച്ചിയേയും തിരുവിതാംകൂറിനേയും സമന്വയിപ്പിക്കുന്ന സംഗമഭൂമിയായ പറവൂർ-കൊടുങ്ങല്ലൂർ മേഖലകളെ ബന്ധപ്പെടുത്തിക്കൊണ്ട് മുസിരീസ് പൈതൃക പദ്ധതിക്ക് രൂപം

കൊടുത്തതും. ഉത്തര കേരളത്തിലെ ചരിത്രമുറങ്ങുന്നതും എന്നാൽ അതിവിശാലമായ സംസ്കൃതിയുമുള്ള ഒരു നാടാണ് തലശ്ശേരി. തലശ്ശേരിയിലെ ടൂറിസം വികസനത്തിനുവേണ്ടി അന്ന് ആവിഷ്കരിച്ച തലശ്ശേരി ടൂറിസം പദ്ധതി പിന്നീട് വന്ന ഗവൺമെന്റ് ഏറ്റെടുത്തില്ല. അത് നിശ്ചലമായിക്കിടക്കുകയാണ്. നമ്മുടെ സംസ്കൃതിയെ ചരിത്രത്തിന്റെ സത്യാന്വേഷണമായാണ് നേരിന്റേയും നെറിവിന്റേയും മാർഗ്ഗത്തിലൂടെ നാം കാണുന്നത്. അങ്ങനെ ചരിത്രത്തിന്റെ സത്യാന്വേഷണത്തിലൂടെ ശരിയായ രൂപത്തിൽ ഹെറിറ്റേജ് ടൂറിസത്തെ വികസിപ്പിച്ചെടുക്കാനാകും. അങ്ങനെ വൻതോതിൽ വികസന സാധ്യതകൾ കൊണ്ടുവന്ന് ടൂറിസത്തെ വികസിപ്പിച്ചെടുക്കുന്നതിന് കഴിയും എന്നത് വളരെ പ്രധാനമാണ്. മുസിരീസ് പൈതൃക പദ്ധതിയുടെ ഒരു ഘട്ടം പൂർത്തീകരിക്കാൻ പോകുകയാണ്. അതിൽ നാനാവിധത്തിലുള്ള പോരായ്മകൾ സംഭവിച്ചിട്ടുണ്ട്. ആ കുറവുകൾ തിരുത്തി രണ്ടാംഘട്ട വികസനപദ്ധതിയിലേയ്ക്ക് പ്രവേശിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ പ്രവേശിക്കുമ്പോൾ നമ്മുടെ നാടിനെ സംസ്കാരത്തിന്റെ ഒരു കളിത്തൊട്ടിൽ പോലെ കണക്കാക്കാൻ കഴിയണം. രണ്ടായിരം വർഷങ്ങൾക്ക് മുൻപ് ഭാരതത്തിലേയ്ക്ക് പ്രവേശനം നടത്തി വ്യാപാര ബന്ധങ്ങളിലേർപ്പെട്ട ഒരു ചരിത്രമാണ് മുസിരീസുമായി ബന്ധപ്പെട്ടുള്ളത്. റോമിലേയും ചൈനയിലേയും അറബി രാജ്യങ്ങളിലേയും ജനങ്ങൾക്ക് വ്യാപാര ബന്ധമുണ്ടായിരുന്ന മുസിരീസ് പട്ടണം ജനങ്ങളുടെ മുന്നിലേയ്ക്കും പുതിയ തലമുറയിലേക്കും കൈമാറ്റം ചെയ്തുകൊണ്ടും അവർക്ക് പങ്ക് വഹിക്കുവാൻ കഴിയത്തക്ക വിധത്തിലുമാണ് മുസിരീസ് പ്രോജക്ട് എൽ.ഡി.എഫ്. ഗവൺമെന്റ് വിഭാവന ചെയ്തത്. ആ പദ്ധതി അതിന്റെ അർത്ഥത്തിലും ലക്ഷ്യപ്രാപ്തിയിലും എത്താൻ കഴിയത്തക്ക വിധത്തിൽ മുന്നോട്ട് കൊണ്ടുപോകാനാകണം. ലോക ശ്രദ്ധയാകർഷിക്കുന്ന കാഴ്ചപ്പാടുള്ള കൊച്ചി മുസിരീസ് ബിനാലെ മുന്നോട്ട് കൊണ്ടുപോകാനാകണം. തലശ്ശേരി പൈതൃക പദ്ധതി വികസിപ്പിച്ച് മുന്നോട്ട് പോകണം. ആലപ്പുഴയിലേയ്ക്കും മറ്റ് മേഖലകളിലേയ്ക്കും ചരിത്ര അന്വേഷണത്തെ സംബന്ധിച്ച് ഹിസ്റ്ററി കൗൺസിൽ പഠനം നടത്തിയിരുന്നു. ഹെറിറ്റേജ് ടൂറിസത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കാനും ലോകത്തിലെ മറ്റ് രാജ്യങ്ങളുമായുള്ള ബന്ധം കൂട്ടിയോജിപ്പിക്കാനും നമുക്കാവശ്യമുള്ളത് എന്നാൽ നമുക്കില്ലാത്തത് അത് സ്വീകരിക്കാം. അടിസ്ഥാന താല്പര്യങ്ങളോ ലക്ഷ്യങ്ങളോ ബലി കഴിക്കാതെ, അവയെ സ്വീകരിച്ചുകൊണ്ട് നമ്മുടെ ടൂറിസത്തെ തദ്ദേശീയമായി വികസിപ്പിച്ചെടുക്കുന്നതിനായി വകുപ്പ് നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും തീർച്ചയായും കേരളത്തിലെ ജനങ്ങളുടെ പിന്തുണയുണ്ടാകും.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ബഹുമാനപ്പെട്ട എസ്. ശർമ്മ സംസാരിച്ചുനിർത്തിയ ടൂറിസം മേഖലയെ സംബന്ധിച്ചാണ് ഞാൻ ആദ്യം പറയാൻ ആഗ്രഹിക്കുന്നത്. കേരളത്തിന്റെ വികസനം ടൂറിസവും ഐ.ടി.യുമായി ബന്ധപ്പെട്ട് നിൽക്കുകയാണ്. കഴിഞ്ഞ 5 വർഷക്കാലം യു.ഡി.എഫ്. ഗവൺമെന്റ് ടൂറിസം മേഖലയുടെ സമഗ്ര വികസനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന്റെ ഫലമായി ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ ഐക്യരാഷ്ട്രസഭയുടെ അംഗീകാരങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞു. കഴിഞ്ഞ അഞ്ചുവർഷക്കാലം വിദേശ ടൂറിസ്റ്റുകളുടെയും ഡൊമസ്റ്റിക് ടൂറിസ്റ്റുകളുടെയും എണ്ണത്തിൽ ഉണ്ടായിട്ടുള്ള വർദ്ധന അതിന്റെ തെളിവാണ്. ഉത്തരവാദിത്ത ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് മുന്നോട്ടുപോയതിന്റെ ഫലമായാണ് വിദേശ ടൂറിസ്റ്റുകൾ 2011-ൽ 7.33 ലക്ഷം ആയിരുന്നത് 2015-ൽ 9.71 ലക്ഷമാക്കി വർദ്ധിപ്പിക്കാൻ സാധിച്ചത്. അതുപോലെ 2011 കാലഘട്ടത്തിൽ, സർക്കാർ ചുമതല ഏറ്റെടുത്ത സമയത്ത് 93.81 ലക്ഷം ആയിരുന്ന ഡൊമസ്റ്റിക് ടൂറിസ്റ്റുകളുടെ എണ്ണം 2015-ൽ 1,24,00,000 ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഇത് ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ കണക്കുകളാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഏറ്റവും വലിയ തൊഴിൽദാതാവായി ടൂറിസം മേഖലയെ കാണാൻ സാധിക്കും. 25 ലക്ഷത്തോളം ആളുകൾക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയുന്ന ഒരു മേഖലയാണ് ടൂറിസം എന്നുള്ള കാര്യത്തിൽ സംശയമില്ല. കേരളത്തിന്റെ സാധ്യതകളനുസരിച്ച് മറ്റ് സംസ്ഥാനങ്ങളേക്കാൾ ടൂറിസം മേഖലയിൽ വളരെയധികം മുന്നേറാനുണ്ട്. ഡൊമസ്റ്റിക് ടൂറിസത്തിന്റെ സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ നമ്മുടെ സംസ്ഥാനം ഇന്ന് ഇന്ത്യയിൽ 17-ാമതാണ്. തമിഴ്നാട്ടിൽ 33 കോടി ഡൊമസ്റ്റിക് ടൂറിസ്റ്റുകൾ എത്തുമ്പോൾ കേരളത്തിൽ 1,14,00,000 ടൂറിസ്റ്റുകളാണ് എത്തുന്നത്. വിദേശ ടൂറിസ്റ്റുകളുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് 7-ാം സ്ഥാനമാണുള്ളത്. തമിഴ്നാട്ടിൽ 46 ലക്ഷത്തിൽപ്പരം ആളുകൾ എത്തുമ്പോൾ കേരളത്തിൽ 9 ലക്ഷത്തിൽപ്പരം ആളുകളാണ് എത്തുന്നത്. ടൂറിസം മേഖലയിൽ സംസ്ഥാനത്ത് വളരെയധികം സാധ്യതകളുണ്ടെങ്കിലും അത് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല എന്നുള്ളത് നാം മനസ്സിലാക്കേണ്ട ഒന്നാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും അയൽ രാജ്യങ്ങളിൽനിന്നുമുള്ള മത്സരങ്ങളായതിനാലാണ് സംസ്ഥാനത്ത് അത് കൂടുതലായി പ്രയോജനപ്പെടുത്താൻ കഴിയാത്തത്. ടൂറിസത്തിന്റെ കേന്ദ്രമായി ശ്രീലങ്ക മാറിയിരിക്കുകയാണ്. കേരളത്തിൽ ഹോട്ടലുകളിലെ അമിത ചാർജ് വർദ്ധന, ഫ്ലൈറ്റുകളുടെ കണക്ടിവിറ്റി, വിദേശ ഫ്ലൈറ്റുകൾ കേരളത്തിൽ നേരിട്ടില്ലാത്ത സാഹചര്യം, ഫ്ലൈറ്റുകളുടെ അമിത ചാർജ്ജ് തുടങ്ങിയവയൊക്കെ പരിശോധിച്ച് ടൂറിസം മേഖലയുടെ വികസനത്തിന്

ആവശ്യമായ നടപടികൾ സ്വീകരിക്കണം. ടൂറിസം മേഖലയുടെ വികസനത്തിന് പ്രധാനമായും നാല് മേഖലകളിൽ സന്തുലിതവും സമഗ്രവുമായ വികസനം ഉണ്ടാകേണ്ടതുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങൾ അത് അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങളുമായാണ് മുന്നോട്ടുപോയത്. അടിസ്ഥാന സൗകര്യ വികസനങ്ങളാണ് ഇന്ന് ടൂറിസം മേഖലയ്ക്ക് ഏറ്റവും പ്രധാനമായി വേണ്ടത്. ആയിരക്കണക്കിന് ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന എന്റെ നിയോജക മണ്ഡലമായ ശംഖുംമുഖത്ത് എത്രയോ കാലമായി ലൈറ്റുകൾ കത്തുന്നില്ല. പുതിയ ഹോട്ടലുകൾ ആവശ്യമാണ്. കേരളത്തിലുള്ളതിനേക്കാൾ മൂന്നിരട്ടി ഹോട്ടലുകളാണ് ഇന്ന് ശ്രീലങ്കയിലുള്ളത്. കേരളത്തെ സംബന്ധിച്ച് ഏറ്റവും വലിയ വെല്ലുവിളിയായി മാറിയിരിക്കുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ റോഡുകൾ, ലൈറ്റുകൾ തുടങ്ങിയവയും പരിഹാരമുണ്ടാക്കണം. തെരുവുനായ്ക്കളുടെ ശല്യം കാരണം കേരളത്തിൽ ടൂറിസ്റ്റുകൾ വരാൻ ഭയക്കുകയാണ്. ഇതിനൊക്കെ ശാശ്വതമായ പരിഹാരമുണ്ടാകണം.

പിൽഗ്രിം ടൂറിസത്തെ സംബന്ധിച്ച് നോക്കിയാൽ ഈ വർഷം ശബരിമലയിൽ നവംബർ മാസം 16-ാം തീയതി തീർത്ഥാടനം ആരംഭിക്കുകയാണ്. പക്ഷേ ശബരിമല റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ഒരു വർഷം ഏകദേശം മൂന്നരക്കോടിയോളം ആളുകൾ, അതും 80 ശതമാനത്തിൽ കൂടുതൽ തമിഴ്നാട്ടിൽനിന്നുമാണ് വരുന്നത്. കേരളത്തിലുള്ള സാഹചര്യങ്ങൾ മനസ്സിലാക്കി മറ്റ് സംസ്ഥാനങ്ങളിൽനിന്നും അയ്യപ്പഭക്തന്മാർ അവരുടെ കുടുംബങ്ങളുംകൂടി വരുന്നൊരു സാഹചര്യമൊരുക്കാൻ കഴിഞ്ഞാൽ തീർച്ചയായും ഡൊമസ്റ്റിക് ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. ആഭ്യന്തര ടൂറിസം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം. എല്ലാ പ്രദേശങ്ങളിലുമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം പരിഹരിക്കുന്നതിന് ഈ ഗവൺമെന്റിന് എന്താണ് ചെയ്യാൻ സാധിക്കുക എന്നതിനെക്കുറിച്ച് ആലോചിക്കണം. അതിനാവശ്യമായ ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് മീറ്റ് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടത്തി, വിദേശികളും വിദേശമലയാളികളുമായി ചേർന്നുകൊണ്ട് സാമ്പത്തികം സ്വരൂപിക്കണം.

മറ്റൊരു കാര്യം, ഡെസ്റ്റിനേഷൻ ഡെവലപ്മെന്റാണ്. കേരളത്തിലെ ഏത് പ്രദേശത്തെയും ടൂറിസ്റ്റ് സെന്റർ ആക്കി വളർത്തിയെടുക്കാൻ കഴിയുന്നൊരു സാഹചര്യമാണ് ഉള്ളത്. കേരളത്തെയാകെ ഡെസ്റ്റിനേഷനായി കണ്ടുകൊണ്ടുള്ള ഒരു വികസന പദ്ധതിയാണ് ടൂറിസം മേഖലയിൽ ഏറ്റെടുക്കേണ്ടത്. ഒക്ടോബർ മാസം മുതൽ മാർച്ച് മാസം വരെയാണ് കേരളത്തിൽ ടൂറിസ്റ്റുകളുടെ സീസൺ എന്നുപറയുന്നത്. 65 ശതമാനത്തോളം ആളുകൾ ആ സമയത്ത് വരുന്നുണ്ട്.

ബാക്കി ആറ് മാസമെന്നുപറയുന്നത് ഓഫ് സീസൺ ആണ്. ഇതുമാറ്റി 365 ദിവസവും ടൂറിസ്റ്റ് ഡെസ്റ്റിനേഷനാക്കി കേരളത്തെ മാറ്റിയെടുക്കാൻ കഴിഞ്ഞാൽ തൊഴിൽ മേഖലയിലും സാമ്പത്തിക മേഖലയിലും കൂടുതൽ പ്രയോജനം വരുത്താൻ സാധിക്കും.

മെഡിക്കൽ ടൂറിസം - കേരളത്തിൽ ലോകത്ത് എവിടെ കിട്ടുന്ന ചികിത്സയും അതിന് ആവശ്യമായ വിദഗ്ദ്ധരായ ഡോക്ടർമാരും സംവിധാനങ്ങളുമുണ്ട്. ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിച്ച് മെഡിക്കൽ ടൂറിസത്തെ പ്രോത്സാഹിപ്പിക്കാൻ കഴിഞ്ഞാൽ സീസൺ അല്ലാത്ത സമയത്തും ആ മേഖലയിൽ പുരോഗതി ഉണ്ടാക്കാൻ കഴിയും. ആയുർവ്വേദത്തിന്റെ ഈറ്റില്ലമാണ് കേരളം. ആയുർവ്വേദ ടൂറിസത്തെ ഒരു ഡെസ്റ്റിനേഷനാക്കി മാറ്റാൻ കഴിയുന്നില്ല. മറ്റുപല രാജ്യങ്ങളും ഈ രംഗത്ത് വരികയാണ്.

സാഹസിക ടൂറിസം - 600 കിലോമീറ്റർ കടൽത്തീരവും 44 നദികളും വനങ്ങളും പർവ്വതനിരകളുമുള്ള കേരളത്തിൽ സാഹസിക ടൂറിസത്തിന് വളരെയധികം സാധ്യതകളുണ്ട്. 60 ശതമാനത്തോളം യുവാക്കളാണ് ഇന്ത്യയിലുള്ളത്. അവർക്ക് ഇഷ്ടപ്പെടുന്ന സാഹസിക ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

മാനവശേഷി വികസനം - എന്റെ നിയോജക മണ്ഡലമായ തിരുവനന്തപുരത്തെ തൈക്കാട് ഗസ്റ്റ് ഹൗസിൽ കിറ്റ്സ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്) എന്ന ഒരു സ്ഥാപനമുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആ സ്ഥാപനത്തെ വളരെയധികം വികസിപ്പിക്കുകയും അതിനാവശ്യമായ പുതിയ കെട്ടിടങ്ങൾ പണികഴിപ്പിക്കുകയുമുണ്ടായി. കിറ്റ്സ് എന്ന സ്ഥാപനത്തെ സെന്റർ ഓഫ് എക്സ്സലൻസ് ആക്കി ഉയർത്തിക്കൊണ്ട് മുന്നോട്ടുപോകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. മാനവശേഷി വികസനത്തിലൂടെ ഈ മേഖലയിൽ പുരോഗതി കൈവരിക്കാൻ കഴിയണം.

മാർക്കറ്റിംഗ് മേഖലയെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. അതിനാവശ്യമായ പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുക്കണം. കേരളത്തിലെ ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് വേളി ടൂറിസ്റ്റ് വില്ലേജ്. കടലും കായലും സംയോജിച്ചുകിടക്കുന്ന ഏറ്റവും മനോഹരമായ ഒരു പ്രദേശമാണിത്. അതിനെ ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് മേഖലയായി വളർത്തിയെടുക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നുപറയാൻ ആഗ്രഹിക്കുകയാണ്.

ലോകം ആരാധിക്കുന്ന സംഗീതജ്ഞനായ ശ്രീ. അംജത് അലിഖാന്റെ നേതൃത്വത്തിൽ ഒരു സംഗീത വിദ്യാലയം, ഇന്ത്യയിൽ ഒരു സംസ്ഥാനത്തുമില്ല. വിദേശത്ത് ലോസേഞ്ചൽസിൽ മാത്രമാണുള്ളത്. അത് ഇന്ത്യയിൽ

സ്ഥാപിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് എടുത്ത നടപടി ചില ഉദ്യോഗസ്ഥന്മാർ പുറകോട്ട് പിടിച്ചുവലിക്കുന്നുവെന്നുള്ളത് തികച്ചും പ്രതിഷേധാർഹമാണ്. അത് ഇവിടെ സ്ഥാപിച്ചുകൊണ്ട് സംഗീതനാടക അക്കാഡമിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

കാർഷിക മേഖല കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് തുടക്കംകുറിച്ചത്. ഏകദേശം 1500 കോടി രൂപയ്ക്ക് ഒരു വർഷം പഴങ്ങളും പച്ചക്കറികളും തമിഴ്നാട്ടിൽനിന്നും കർണ്ണാടകത്തിൽനിന്നും കേരളത്തിൽ കൊണ്ടുവരുന്നു. 750 ട്രക്ക് വാഹനങ്ങളിൽ പച്ചക്കറികളും പഴങ്ങളും കൊണ്ടുവന്നിരുന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ 5 വർഷക്കാലത്തെ പ്രവർത്തനഫലമായി ഏകദേശം പകുതി അതായത് 400 ട്രക്കായി കുറയ്ക്കാൻ സാധിച്ചു. അതിനാവശ്യമായ കൃഷി കേരളത്തിൽ വർദ്ധിപ്പിക്കുകയുണ്ടായി. 42,477 ഹെക്ടർ സ്ഥലത്ത് 2012-13-ൽ പച്ചക്കറികൾ കൃഷി ചെയ്തിരുന്നത് കഴിഞ്ഞ ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ 90,533 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാനും കാർഷിക മേഖലയെ മുന്നോട്ടുകൊണ്ടുപോകാനും കഴിഞ്ഞു. ആ പാത പിന്തുടർന്നുകൊണ്ട് പുതിയ സ്ഥലങ്ങളിൽ കാർഷിക മേഖലയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ നേരത്തെ സൂചിപ്പിച്ച മറ്റൊരു കാര്യം, ആരോഗ്യമേഖല ഏറ്റവും വലിയ വെല്ലുവിളി നേരിട്ടു കൊണ്ടിരിക്കുന്നുവെന്നതാണ്. പ്രധാന പ്രശ്നം ജീവിതശൈലീ രോഗങ്ങളുണ്ടാകുന്നു, ക്യാൻസർ രോഗങ്ങളുൾപ്പെടെ മറ്റു രോഗങ്ങൾ പിടിപെടുന്നു. ഞാൻ കഴിഞ്ഞ പ്രാവശ്യം ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥരെ തമിഴ്നാട്ടിലേയ്ക്ക് അയച്ചപ്പോൾ അവിടെ കണ്ട കാഴ്ച ഭയാനകമായിരുന്നു. അവിടെ പച്ചക്കറിയുടെയും പഴവർഗ്ഗങ്ങളുടെയും ഗോഡൗണുകളിൽ കീടനാശിനികൾ അമിതമായി പ്രയോഗിക്കുന്നതിനുവേണ്ടി യാതൊരു സാങ്കേതിക പരിജ്ഞാനവുമില്ലാത്ത തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്. അവരുടെ സൗകര്യംപോലെ കീടനാശിനികൾ തളിച്ച് പച്ചക്കറികളും പഴവർഗ്ഗങ്ങളും ഇവിടേയ്ക്ക് അയയ്ക്കുകയാണ് ചെയ്യുന്നത്. കാർഷിക മേഖലയിൽ ജൈവ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം, ജൈവകൃഷിയിലേയ്ക്ക് പോകുമ്പോൾ രണ്ടുമൂന്ന് വർഷത്തോളം കൃഷിക്കാർക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിനും അവർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: ജൈവമൗലികവാദം പ്രശ്നമാണെന്ന് ശ്രീ. വി. ടി. ബൽറാം പറഞ്ഞു. അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. വി. എസ്. ശിവകുമാർ: സർ, അത് ശ്രീ. വി. ടി. ബൽറാമിന്റെ അഭിപ്രായമാണ്. ഇന്ത്യയിൽ ആരോഗ്യപരിപാലന രംഗത്ത് ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. അതിന് ഏറ്റവും വലിയ വെല്ലുവിളിയായി മാറിക്കൊണ്ടിരിക്കുന്ന ജീവിതശൈലീ രോഗങ്ങൾ മാറ്റുന്നതിനായി ജൈവകൃഷിയിലേയ്ക്ക് മടങ്ങണം. അതിന് ഘട്ടംഘട്ടമായുള്ള നടപടികൾ സ്വീകരിക്കണമെന്ന കാര്യത്തിൽ സംശയമില്ല. നെൽക്കൃഷിയെക്കുറിച്ചൊക്കെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ നെൽക്കൃഷി നഷ്ടപ്പെടാൻ കാരണമെന്താണ്? കേരളത്തിന്റെ നെല്ലറകളായിരുന്ന കുട്ടനാടിനെയും പാലക്കാടിനെയും കല്ലറകളാക്കി മാറ്റാൻ നടപടിയെടുത്തത് കേരളത്തിലെ എൽ.ഡി.എഫ്. ആണ്. അവർ ഇവിടെ കമ്പ്യൂട്ടറിനെയും മെതിയടി യന്ത്രത്തെയും എതിർത്തവരാണ്. ആധുനിക കാലഘട്ടത്തെ മുന്നിൽ കണ്ടുകൊണ്ട് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളെ കാലാകാലങ്ങളിൽ എതിർക്കുകയും തെറ്റുകൾ മനസ്സിലാക്കുമ്പോൾ അതിനെക്കുറിച്ച് ഒന്നുമറിയാതെ പ്രസംഗിക്കുന്ന തരത്തിലുള്ള പ്രവൃത്തികളുമായി മുന്നോട്ടുപോകുന്നതും ശരിയല്ല. ഈ കാര്യങ്ങളൊക്കെ മനസ്സിലാക്കിയുള്ള പ്രഖ്യാപനങ്ങൾ കൃഷി വകുപ്പുമന്ത്രി നടത്തുന്നുണ്ട്. ആ പ്രഖ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഇന്ന് മൂന്ന് ധനാഭ്യർത്ഥനകളാണുള്ളത്. കൃഷി, സഹകരണം, ടൂറിസം എന്നീ മൂന്ന് വകുപ്പുകളും വളരെ പ്രധാനപ്പെട്ടതാണ്. രാവിലെ മുതൽ സംസാരിക്കുന്ന പല അംഗങ്ങൾക്കും ഒരു വിഷയവും സംസാരിക്കാൻ കഴിയാത്ത സ്ഥിതിയായിരുന്നു. ഈ പ്രധാനപ്പെട്ട മൂന്ന് വകുപ്പുകൾ ഒരു ദിവസം ധനാഭ്യർത്ഥന ചർച്ചയ്ക്കായി വച്ചാൽ അത് പെരിഫറലായി മാത്രമുള്ള ചർച്ച നടക്കുന്ന സ്ഥിതിയിലേയ്ക്ക് പോകുന്നു. ഒരു വിഷയത്തെക്കുറിച്ചും നന്നായി സംസാരിക്കാനോ കാര്യങ്ങൾ ഉൾപ്പെടുത്താനോ കഴിയാത്ത അവസ്ഥയാണ്. ഇനിയെങ്കിലും ഇതുപോലെ പ്രധാനപ്പെട്ട മൂന്ന് വകുപ്പുകൾ ഒരു ദിവസം ധനാഭ്യർത്ഥന ചർച്ചയിൽ വരാതെ ശ്രദ്ധിക്കണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: അത് പരിശോധിക്കാം. ഏത് വിഷയമാണെങ്കിലും നമ്മുടെ ആളുകൾ പ്രഗത്ഭൻമാരായതുകൊണ്ട് വിശദമായി സംസാരിക്കും. ഇനി ഇങ്ങനെയുണ്ടാകാതെ ശ്രദ്ധിക്കാം.

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സഹകരണം, വിനോദസഞ്ചാരം എന്നീ വകുപ്പുകളെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥന ചർച്ചയിൽ പരിമിതമായ സമയത്തിനുള്ളിലാണെങ്കിലും ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ച ബഹുമാന്യരായ അംഗങ്ങൾക്ക് ആദ്യംതന്നെ നന്ദി രേഖപ്പെടുത്തുന്നു. കേരളീയ ജനജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന സഹകരണ മേഖലയെ കൂടുതൽ ശാക്തീകരിച്ച് സഹകരണ പ്രസ്ഥാനങ്ങളെയാകെ സംയോജിപ്പിച്ച് ജന നന്മയ്ക്കും നാടിന്റെ വികസനത്തിനുമുള്ള ശക്തിയാക്കി മാറ്റുക എന്ന ഒരു ബദൽ നിലപാടാണ് കേരളത്തിലെ ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ കർമ്മപരിപാടികൾ, ദുർബ്ബലമായ മേഖലകളിൽ ഇടപെടാനാവശ്യമായ പരിശ്രമങ്ങൾ ഈ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽത്തന്നെ ആരംഭിച്ചിട്ടുണ്ട്. ഹൗസിംഗ് ഫെഡറേഷന്റെ സ്ഥിതിയെക്കുറിച്ച് ഇവിടെ എല്ലാവരും ആക്ഷേപം ഉന്നയിച്ചിരുന്നു. ഹൗസിംഗ് ഫെഡറേഷനിൽനിന്നും ലോണെടുത്ത ആളുകൾക്ക് പ്രമാണം തിരികെ ലഭിക്കാത്തതുൾപ്പെടെയുള്ള വിഷയങ്ങളുണ്ട്. ഹൗസിംഗ് ഫെഡറേഷനെ സഹായിക്കാൻവേണ്ടി 4.10 കോടി രൂപ ഓഹരി പങ്കാളിത്തത്തിലേയ്ക്ക് അവർക്ക് കൊടുത്തിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ സംഘങ്ങൾ ദുർബ്ബലമായതിനാൽ അവർക്ക് സഹായം നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1.20 കോടി രൂപയുടെ സഹായം ഇവർക്ക് നൽകിയിട്ടുണ്ട്. എസ്.എച്ച്. ഗ്രൂപ്പുകളെ പ്രത്യേകം സഹായിക്കാനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു. അതുപോലെ ഫാർമേഴ്സ് സർവീസ് സെന്ററുകൾ ആരംഭിക്കുന്നതിന് സംഘങ്ങളെ സഹായിക്കുന്ന നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. നേരത്തെ ബഹുമാനപ്പെട്ട എസ്. ശർമ്മ സൂചിപ്പിച്ചതുപോലെ കൃഷിയും സഹകരണവും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന വകുപ്പുകൾ എന്ന നിലയ്ക്ക് യോജിച്ചുപ്രവർത്തിക്കാനുള്ള അന്തരീക്ഷം ആവശ്യമായതിനാൽ അതിനെ ശക്തിപ്പെടുത്താനായിട്ടുണ്ട്. മാർക്കറ്റിംഗ് സംഘങ്ങളുടെ പ്രവർത്തനത്തിൽ ഇടപെടാനുള്ള സഹായവും ഈ ദിവസത്തിനുള്ളിൽ നൽകിയിട്ടുണ്ട്. വളരെ മോശപ്പെട്ട സ്ഥിതിയിലായിരുന്ന എസ്.സി./എസ്.ടി. ഫെഡറേഷനെ സഹായിക്കാനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സംഘങ്ങളും സാമ്പത്തികമായി വളരെ പിന്നിലായതിനാൽ എൻ.സി.ഡി.സി.-യുടെ പദ്ധതിപ്രകാരം 292 ലക്ഷം രൂപ വിദ്യാഭ്യാസ സംഘങ്ങളെ സഹായിക്കാനായി അനുവദിച്ചിട്ടുണ്ട്. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് സംഘങ്ങൾക്ക് 332.35 ലക്ഷം രൂപയുടെ സഹായം നൽകിയിട്ടുണ്ട്. പ്രാഥമിക സംഘങ്ങളുൾപ്പെടെയുള്ള കോർ ബാങ്കിംഗ് സംവിധാനത്തിലും വകുപ്പിന്റെ

ഇടപെടലുണ്ടാവുകയാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനുവേണ്ടി ബജറ്റ് വിഹിതത്തിന്റെ പരിമിതികൾക്കകത്തുനിന്നുകൊണ്ട് 7 സംഘങ്ങളുടെ കോർ ബാങ്കിംഗ് സംവിധാനത്തെ സഹായിക്കാനായി 66 ലക്ഷം രൂപ നൽകാൻ വകുപ്പ് തയ്യാറായിട്ടുണ്ട്. വളരെ ദുർബ്ബലമായ പ്രാഥമിക സംഘങ്ങളെ സഹായിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷന് ഉത്സവകാലങ്ങളിൽ സബ്സിഡി നിരക്കിൽ സാധനം വിറ്റതിന്റെ വിഹിതത്തിലേയ്ക്ക് കൊടുക്കാനുണ്ടായിരുന്ന 10 കോടി രൂപ ഇതിനകം നൽകിയിട്ടുമുണ്ട്. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ചെയ്ത കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. മാതൃകാ സംഘങ്ങളെ സഹായിക്കാനുള്ള പദ്ധതിപ്രകാരം നാല് സംഘങ്ങളെ സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ കാർഷികരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കർഷകരെ സഹായിക്കുന്ന മണ്ണുപരിശോധനാ കേന്ദ്രം, ടിഷ്യു കൾച്ചർ ലാബ്, കാർഷിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സർട്ടിഫിക്കറ്റ് കോഴ്സ് തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾക്ക് സഹായം അനുവദിച്ചിട്ടുണ്ട്. സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങളേറ്റെടുക്കുന്ന സംഘങ്ങളെ സഹായിക്കുക എന്ന സഹകരണ ധർമ്മത്തിന്റെ ഭാഗമായി അത്തരം സംഘത്തെ സഹായിക്കാൻ സഹകരണ പ്രസ്ഥാനം തയ്യാറായിട്ടുണ്ട്. ഇവിടെ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട വിഷയമായ ജൈവ പച്ചക്കറി കൃഷി മേഖലയിൽ കൃഷി വകുപ്പ് നല്ല രീതിയിൽ പരിശ്രമം നടത്തുന്നുണ്ട്. സഹകരണ സംഘങ്ങൾതന്നെ നഴ്സറികളുണ്ടാക്കി തൈ വിതരണം ചെയ്ത് അവയുടെ പരിപാലനത്തിനാവശ്യമായ സൗകര്യമുണ്ടാക്കി, ജൈവ പച്ചക്കറി കൃഷിയുടെ ഉല്പാദനം കേരളത്തിന്റെ ഒരു വികാരമായി മാറുന്ന രീതിയിൽ ഇടപെടാൻ സഹകരണ പ്രസ്ഥാനത്തിനായിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കഴിഞ്ഞ ദിവസം കൃഷി വകുപ്പുമന്ത്രിയും തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയുമെല്ലാം ചേർന്ന് ജൈവ പച്ചക്കറി കൃഷിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യത്തിൽ ഗൗരവമായ ആലോചന നടത്തിയിട്ടുണ്ട്. കൃഷി ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റേയും ഫണ്ട് വിഹിതമുണ്ട്. അതുപോലെ ജലസേചനവുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇറിഗേഷൻ വകുപ്പിന് സഹായിക്കാൻ സാധിക്കും. ഈ വകുപ്പുകളുടെ സംയോജനം ജൈവകൃഷിയുടെ പ്രോത്സാഹനത്തിന് ഏറെ സഹായകമാകും എന്നാണ് മനസ്സിലാക്കുന്നത്. അങ്ങനെ ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ വിറ്റഴിക്കാൻ കഴിയുന്ന മാർക്കറ്റിംഗ് ശൃംഖല സഹകരണ പ്രസ്ഥാനത്തിലുണ്ട്. അത് പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ ആലോചനകൾ സർക്കാർ തലത്തിൽ നടന്നുകഴിഞ്ഞു. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ചെയ്ത കാര്യങ്ങൾ മാത്രമാണ് ഞാൻ

സൂചിപ്പിച്ചത്. സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങളിലുള്ള പ്രയാസങ്ങളെ സംബന്ധിച്ച് ചില ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽ സഹകരണ പ്രസ്ഥാനത്തിനുണ്ടായിരുന്ന ഇളവുകളും ആനുകൂല്യങ്ങളുമാണ് നിഷേധിക്കപ്പെട്ടത്. അത് പുതിയ കാലഘട്ടത്തിന്റെ നയത്തിന്റെ ഭാഗമായാണ്. നവ ലിബറൽ നയങ്ങൾ മറ്റെല്ലാ മേഖലയിലും കമ്പോളം തുറന്നിടുന്നതുപോലെ സഹകരണ മേഖലയ്ക്കുണ്ടായിരുന്ന പ്രത്യേക ഇളവുകളും ആനുകൂല്യങ്ങളും നിഷേധിക്കുന്ന നയങ്ങൾ നടപ്പിലാക്കിയതോടുകൂടിയാണ് ആ പ്രശ്നം ഉദയം ചെയ്തത്. എല്ലാ അംഗങ്ങളും ഇതിനോട് യോജിച്ചാണ് സംസാരിച്ചത്. കേന്ദ്ര നിയമത്തിൽ സംസ്ഥാനത്തിന് അനുയോജ്യമല്ലാത്ത രീതിയിൽ ഉണ്ടായ ചില നിബന്ധനകൾ, വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട്, ബാങ്കിംഗ് നിയന്ത്രണ ഭേദഗതി നിയമത്തിലുണ്ടായ പ്രശ്നം ഇതൊക്കെക്കൊണ്ട് സഹകരണ സ്ഥാപനങ്ങളിലാകെ കള്ളപ്പണമാണെന്ന് പ്രചരണം വരികയാണ്. സത്യസന്ധമായി ജനകീയ വിശ്വാസത്തോടെ പ്രവർത്തിക്കുന്ന ഗ്രാമീണ ജനവിഭാഗങ്ങൾക്ക് നിരന്തരം ബന്ധമുള്ള, ഏറ്റവും സുതാര്യമായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ പരിശോധന നടക്കുകയാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഇടപ്പള്ളി സർവ്വീസ് സഹകരണ ബാങ്കിൽനിന്നും സി.ബി.ഐ. കള്ളപ്പണം പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് വലിയ വാർത്തകൾ വന്നിരുന്നു. അതിനെപ്പറ്റി അന്വേഷിച്ചാൽ നന്നായിരുന്നു.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഏതെങ്കിലും ഒരു സംഭവത്തിന്റെ പേരിൽ സഹകരണ പ്രസ്ഥാനങ്ങൾ മൊത്തത്തിൽ ഇങ്ങനെയാണ് എന്നുപറയുന്ന ഒരു ആക്ഷേപമാണ് ഞാൻ പറഞ്ഞത്. കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ ജനപ്രതിനിധികൾ സഹകരണപ്രസ്ഥാനം കൈകാര്യം ചെയ്യുന്നവരാണ്. ഏതെങ്കിലും ഒരു സ്ഥലത്തുണ്ടെങ്കിൽ അതുമാത്രം പറയുന്നതിനുപകരം സർവ്വവ്യാപിയായി പറയുകയാണ്. അന്വേഷണത്തിൽ ഭയപ്പെടേണ്ട കാര്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷേ, ദൈനംദിനം ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് ഇവിടത്തെ ഫയലുകൾ എടുത്തുകൊണ്ടുപോകുന്ന അവസ്ഥയുണ്ട്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇക്കാര്യം കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചതാണ്. അദ്ദേഹം ഇക്കാര്യത്തിൽ വളരെ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കുകയും ഗുജറാത്തിലും മറ്റ് പല സംസ്ഥാനങ്ങളിലും ഇത്തരം

പരാതികൾ ഉള്ളതായി പറയുകയുമുണ്ടായി. സഭാസമ്മേളനം കഴിഞ്ഞ് ബഹുമാനപ്പെട്ട അങ്ങ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെക്കണ്ട് ഈ പ്രശ്നം ഉന്നയിച്ചാൽ പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. അതിന് അങ്ങ് മുൻകൈ എടുക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് ഇതിനകംതന്നെ ഈ വിഷയത്തിൽ നിവേദനം നൽകിയിരുന്നു. അദ്ദേഹത്തിന്റെ ഡേറ്റ് വാങ്ങിയതിനുശേഷം ഞാൻ ഡൽഹിയിൽ പോയിരുന്നെങ്കിലും അദ്ദേഹത്തെ കാണാൻ സാധിച്ചില്ല, വീണ്ടും ശ്രമിക്കാം. മുമ്പ് നടത്തിയ ശ്രമത്തിന് ഇപ്പോഴും മറുപടിയില്ലാത്ത അവസ്ഥയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് മുൻകൈ എടുക്കുമെന്നുതന്നെയാണ് പറയാനുള്ളത്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്നുണ്ടെന്നുള്ളത് ശരിയാണ്. അത് പരിഹരിക്കാൻ കഴിയുന്ന നടപടികളിലേയ്ക്ക് സഹകരണ മേഖലയിലുള്ള എല്ലാ സഹകാരികൾക്കുംകൂടി യോജിച്ച് പോകാൻ കഴിയും. സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തെക്കുറിച്ച് പുതിയ ബാങ്കിംഗ് സംവിധാനവുമായി ബന്ധപ്പെട്ട് വളരെ ഗൗരവപൂർവ്വമായ ചർച്ച ഇവിടെയുണ്ടായി. ശ്രീ. അബ്ദുൽ ഹമീദ് സൂചിപ്പിച്ചത്, സഹകരണ മേഖലയിൽ ഇടപാടുകാരായി വരുന്നവരുടെ പ്രായത്തെക്കുറിച്ചാണ്. അത് സത്യമാണ്. യുവതലമുറ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കപ്പെടുന്നില്ല 40 വയസ്സിനുമുകളിലുള്ളവരുടെ ഇടപാടുകേന്ദ്രമായി സഹകരണ ബാങ്കിംഗ് മേഖല മാറിയിട്ടുണ്ടെന്നുള്ളത് ഒരു പഠനത്തിന്റെ ഭാഗമായി അദ്ദേഹം സൂചിപ്പിച്ചത് ശരിയാണ്. പുതുതലമുറ ബാങ്കുകളുടെ സംവിധാനം ആ രീതിയിലാണ്. ഇ-ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് തുടങ്ങിയ ആധുനിക സംവിധാനങ്ങളോട് മത്സരിച്ചെത്താൻ സഹകരണ മേഖലയ്ക്ക് ആകുന്നില്ലെന്ന കുറവ് പരിഹരിക്കാനുള്ള ഇടപെടലുകളാണ് ഗവൺമെന്റ് ഇപ്പോൾ നടത്തുന്നത്. മാർച്ച് മാസത്തോടുകൂടി സഹകരണ വകുപ്പ് ഇ-ഓഫീസ് ആക്കാൻ സാധിക്കും. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ പരിശ്രമങ്ങൾ നടക്കുകയാണ്. എല്ലാവരുടെയും യോജിപ്പോടെ വളരെപ്പെട്ടെന്ന് ആ നേട്ടത്തിലേയ്ക്ക് എത്താൻ കഴിയും. അങ്ങനെയാകുമ്പോൾ സ്വാഭാവികമായും ഓഡിറ്റിന്റെ കാര്യത്തിൽ മാറ്റം വേണ്ടിവരും. അതിന് ഓഡിറ്റ് മാന്വൽ പരിഷ്കരണം, പുതിയ സോഫ്റ്റ്‌വെയർ തുടങ്ങിയ കാര്യങ്ങൾകൂടി നിർവ്വഹിക്കേണ്ടതുണ്ട്. പ്രൈമറിസംഘങ്ങൾ വരെ കോർ ബാങ്കിംഗ് സംവിധാനം നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകണം. അവരെ സഹായിക്കാൻ കഴിയുന്ന സ്ഥിതി ഉണ്ടാകണമെന്നുതന്നെയാണ് കാഴ്ചപ്പാട്. ജൈവപച്ചക്കറിയെ സംബന്ധിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

ജൈവപച്ചക്കറിയുടെ വിൽപ്പനയ്ക്കുള്ള സംവിധാനം ഒരുക്കുന്നതിനെക്കുറിച്ചുപറഞ്ഞു. ഗോഡൗണുകൾ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർമ്മിക്കാൻ കഴിയും. അതോടൊപ്പം എയർ കണ്ടീഷൻ ചെയ്ത ഡെലിവറി വാനുകൾ കൃഷിക്കാരെ സഹായിക്കാൻ കഴിയുന്ന രീതിയിൽ സഹകരണ പ്രസ്ഥാനത്തിന് നഷ്ടമില്ലാത്ത നിലയിൽ പൊതുനന്മകൂടി കണക്കിലെടുത്ത് ആ മേഖലയിലെ മാർക്കറ്റിംഗ് രംഗത്ത് ഇടപെടാൻ കഴിയുമെന്നാണ് ഞങ്ങൾ കരുതുന്നത്. സഹകരണ പ്രസ്ഥാനത്തിന്റെ ഈ മേഖലയിലുള്ള ഇടപെടലുകളുടെ ഭാഗമായി താലൂക്കിൽ ഒന്ന് എന്ന നിലയിൽ സുവർണ്ണ സ്റ്റോറുകൾ വഴി ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ സംഭരിക്കാനും വിൽപ്പന നടത്താനും കഴിയുന്ന സ്റ്റോറുകൾ ആരംഭിക്കാനും ആലോചിച്ചിട്ടുണ്ട്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് പൊതുമേഖലാ ബാങ്കുകളിലും കൊമേഴ്സ്യൽ ബാങ്കുകളിലും ട്രഷറികളിലും ഡെപ്പോസിറ്റ് ചെയ്യാറുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളും വളരെയടുത്ത ജനകീയ ബന്ധമുള്ള സ്ഥാപനങ്ങളാണ്. ഈ ഫണ്ട് പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലോ മറ്റ് സർവ്വീസ് സഹകരണ ബാങ്കുകളിലോ ഡെപ്പോസിറ്റ് ചെയ്യാനുള്ള വ്യവസ്ഥ ഇപ്പോഴില്ല. അതുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് സഹകരണ ബാങ്കുകളിൽകൂടി ഡെപ്പോസിറ്റ് ചെയ്യാനുള്ള വ്യവസ്ഥ ഉണ്ടാക്കാൻ കഴിയുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ആ നിർദ്ദേശം പരിശോധിക്കാം. ഒരു കാലത്ത് സഹകരണ പ്രസ്ഥാനം സാമൂഹിക പ്രതിബദ്ധതയുള്ള കാര്യങ്ങൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വികസനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്ന പരസ്പര സഹകരണത്തിന്റെ നിലപാടുണ്ടായിരുന്നു. അത്തരം ഒരവസ്ഥയിലേയ്ക്ക് വരുന്നത് കേരള വികസനത്തിനും സാമ്പത്തിക വികസനത്തിനും വികസന കാര്യങ്ങളുടെ നിർവ്വഹണത്തിനും വളരെ ഫലപ്രദമായിരിക്കുമെന്ന കാര്യത്തിൽ എനിക്ക് തർക്കമില്ല. അത്തരം കാര്യങ്ങളുടെ ആലോചനയിലേയ്ക്ക് പോകാവുന്നതാണ്. സഹകരണ മേഖലയിലുള്ള നിക്ഷേപം പ്രയോജനപ്പെടുത്തി പുതിയ തൊഴിലവസരങ്ങളുണ്ടാക്കണം. 15000-ത്തോളം സംഘങ്ങളുടെ കണക്ക് ഇവിടെപ്പറയുകയുണ്ടായി. അതിൽ 11000 സംഘങ്ങൾ പ്രവർത്തിക്കുന്നവയാണ്. അത്തരം സംഘങ്ങളിൽ നല്ല സാമ്പത്തികശേഷിയുള്ള സംഘങ്ങൾക്കെങ്കിലും നേരിട്ടോ, വായ്പ കൊടുത്തോ ഒരു സംരംഭം തുടങ്ങാൻ സാധിച്ചാൽ 5000 സംഘങ്ങളിൽ 10 പേർക്ക് വീതം തൊഴിൽ കൊടുക്കാൻ കഴിഞ്ഞാൽ ഏകദേശം

50000 പേർക്ക് തൊഴിൽ കൊടുക്കാൻ കഴിയും. സഹകരണ മേഖലയിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് അടുത്ത  അഞ്ച് വർഷംകൊണ്ട് ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകി തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

കൺസ്യൂമർ ഫെഡിനെക്കുറിച്ച് ഏറെ ചർച്ച ചെയ്തതാണ്. അതിന്റെ വിവാദത്തിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ, കേരളത്തിൽ വിലക്കയറ്റം തടയാൻ കഴിയുന്ന രീതിയിൽ ഫലപ്രദമായി ഇടപെട്ട മാതൃകാസ്ഥാപനമായിരുന്നു കൺസ്യൂമർ ഫെഡ്.  സഖാവ് പിണറായി വിജയൻ,  സഖാവ് എസ്. ശർമ്മ, സഖാവ് ജി. സുധാകരൻ എന്നിവർ ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്നപ്പോൾ ഈ സ്ഥാപനം കേരളത്തിന് ആശ്വാസമായിരുന്നു. അത്തരമൊരു സ്ഥാപനം ആയിരത്തിൽപ്പരം കോടി രൂപയുടെ കടബാധ്യതയിൽപ്പെട്ടു. കടബാധ്യതയിൽപ്പെടേണ്ട കാര്യമുണ്ടായിരുന്നില്ല. അതിൽ കെടുകാര്യസ്ഥതയും അഴിമതിയും ബാധിച്ചിട്ടുണ്ട്. അത്തരമൊരവസ്ഥയിൽ ചെന്നുപെട്ടിരിക്കുന്നു. നേരത്തെ ഇവിടെ കണക്ക് പറഞ്ഞല്ലോ, ഒരു സ്ഥാപനത്തിന് താങ്ങാവുന്നതിനേക്കാൾ കൂടുതൽ ഭാരം വലിക്കുകയാണ്. സാധനങ്ങൾ കൊടുക്കാൻ കഴിയുന്നില്ല.  ഇപ്പോൾ കച്ചവടക്കാർ എന്റെ പുറകെ നടക്കുകയാണ്. കഴിഞ്ഞ കാലത്ത് കൊടുക്കേണ്ടിയിരുന്ന 232 കോടി രൂപ ഇതുവരെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അത്തരമൊരവസ്ഥയിലുള്ള ഈ സ്ഥാപനത്തെ രക്ഷിക്കുന്നതിനായി ചില പുതിയ പദ്ധതികൾ ആലോചിച്ചിട്ടുണ്ട്.  ചെലവ് ചുരുക്കണം, അഴിമതി അവസാനിപ്പിക്കണം, അഴിമതിക്കാരോട് വിട്ടുവീഴ്ചയില്ലാത്ത സമീപനം സ്വീകരിക്കണമെന്ന് പറഞ്ഞാൽ അതിന്റെയർത്ഥം എല്ലാ കാര്യങ്ങളും നേരിട്ട് ചെയ്യണമെന്നല്ല. അന്വേഷണം നടക്കുന്നുണ്ട്; കുറ്റവാളികളായ ആളുകൾ മറുപടി പറയേണ്ടിവരുമെന്ന നിലപാടാണ് അക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. അതിൽ നിങ്ങൾക്കും എനിക്കും അറിയാവുന്നതുപോലെ, അഴിമതിക്കഥകൾ യു.ഡി.എഫ്.-ലെ എന്റെ സുഹൃത്തുകൾ സ്വകാര്യ സംഭാഷണത്തിൽ എന്നോട് സൂചിപ്പിച്ചിട്ടുണ്ട്. തീർച്ചയായും ഒരു നല്ല സ്ഥാപനത്തെ ഈ വിധത്തിലാക്കിയതിൽനിന്നും രക്ഷിച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ഞാൻ എല്ലാ ജില്ലാ സഹകരണ പ്രസിഡന്റുമാരെയും പ്രൈമറി സംഘങ്ങളുടെ പ്രസിഡന്റുമാരെയും വിളിച്ചു.  രാഷ്ട്രീയം നോക്കിയല്ല വിളിച്ചത്. 13 ജില്ലാ ബാങ്കുകൾ യു.ഡി.എഫ്.-ന്റെ നിയന്ത്രണത്തിലുള്ളതാണ്. വിശ്വസനീയമായി കൺസ്യൂമർ ഫെഡിനെ പുനരുദ്ധരിക്കാൻ കഴിയുന്ന ഒരു പാക്കേജ് അവരുടെ മുന്നിൽവച്ചു. അവരോട്

പൈസ നൽകണമെന്ന് പറഞ്ഞു, സർക്കാർ ഗ്യാരന്റി കൊടുത്തു, പ്രൈമറി ബാങ്കുകൾ ഓണക്കാലത്തും ബക്രീദ് കാലത്തും സാധനങ്ങൾ വാങ്ങണമെങ്കിൽ പൈസ കയ്യിൽ വച്ച് ചോദിച്ചാൽ കുറഞ്ഞ വിലയ്ക്ക് സാധനം ലഭിക്കും അല്ലെങ്കിൽ ഓപ്പൺ മാർക്കറ്റിലെ വിലയ്ക്കേ സാധനങ്ങൾ കിട്ടുകയുള്ളൂ. പണം, റെഡി ക്യാഷ് ആയതുകൊണ്ട് കൺസ്യൂമർ ഫെഡിൽ വിലകുറച്ച് ഓണക്കാലത്ത് സാധനങ്ങൾ ലഭിച്ചു. പ്രൈമറി സഹകരണ സംഘങ്ങൾ അതിനുസഹായിച്ചു. ഓണം കഴിഞ്ഞപ്പോൾ 5.45 ശതമാനം പലിശസഹിതം ആ തുക മടക്കി നൽകുകയും ചെയ്തു. തുക മടക്കി നൽകിയില്ലെന്ന് ഇവിടെ ആരോ പറയുകയുണ്ടായി. ജില്ലാ ബാങ്കുകൾക്ക് വിശ്വാസം വന്നിട്ടുണ്ട്. സഹകരണ സ്ഥാപനത്തെ സഹായിക്കാൻ കള്ളിതിരിഞ്ഞ് നിൽക്കലല്ല, പരസ്പരം സഹായിക്കുകയാണ് ചെയ്തത്. അത് എല്ലാ മേഖലകളിലും ചെയ്യാൻ കഴിയും. അത്തരം ഒരു സമീപനം ഇക്കാര്യത്തിലും ഉണ്ടായിട്ടുണ്ട്. കൺസ്യൂമർഫെഡിനെ ഒരു വർഷത്തിനുള്ളിൽ കേരളത്തിലെ മാർക്കറ്റിംഗ് രംഗത്ത് ഇടപെടാൻ ശേഷിയുള്ള സ്ഥാപനമാക്കി മാറ്റിയെടുക്കാൻ കഴിയുമെന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. അതിന് എല്ലാവരുടെ ഭാഗത്തുനിന്നുമുള്ള സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

അതുപോലെ പട്ടികജാതി ഫെഡറേഷന്റെ കീഴിൽ 'ആയുർധാര' എന്ന ഒരു സ്ഥാപനമുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളിൽനിന്ന് റാമെറ്റീരിയലുകളും വനത്തിൽനിന്ന് അവർ ശേഖരിക്കുന്ന സാധനങ്ങളും വാങ്ങി മരുന്നുണ്ടാക്കുന്ന ഏറ്റവും മാതൃകാപരമായ ഈ സ്ഥാപനത്തിൽ മരുന്നുകൾ കെട്ടിക്കിടക്കുകയാണ്. അവിടത്തെ ജീവനക്കാർക്ക് ജോലിയും ശമ്പളവുമില്ല എന്ന അവസ്ഥയിലേയ്ക്ക് എത്തിപ്പെട്ടിട്ടുണ്ട്. ആ സ്ഥാപനത്തെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ്. നാല്ല മരുന്നുകൾക്ക് അവർക്ക് പേറ്റന്റുണ്ട്. ആ മരുന്നുകൾ ഉൽപ്പാദിപ്പിക്കാനാകും. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യ വകുപ്പും ഉൾപ്പെടെ പരിശ്രമിച്ചാൽ, അവർ ഉല്പാദിപ്പിക്കുന്ന മരുന്ന് വാങ്ങി സഹായിച്ചാൽ ആ സ്ഥാപനത്തെ രക്ഷിച്ചെടുക്കാൻ കഴിയും. അതിനുവേണ്ടി പദ്ധതികൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

വനിതാ ഫെഡ് കേരളത്തിലെ വനിതാ സഹകരണ സംഘങ്ങൾ മാതൃകാപരമായി പ്രവർത്തിക്കുന്നവയാണെങ്കിലും അവയെ സഹായിക്കാൻ സാധിക്കുന്നില്ല. പെയ്ഡ് സെക്രട്ടറിപോലുമില്ലാതെ അഞ്ചുവർഷക്കാലമായി ഈ സ്ഥാപനം നിലനിൽക്കുകയാണ്. ഇപ്പോൾ അതിന് പെയ്ഡ് സെക്രട്ടറിയായി. അവരെ സഹായിക്കുന്നതിന് പദ്ധതിക്ക് രൂപംകൊടുത്തുകൊണ്ടിരിക്കുകയാണ്.

മാർക്കറ്റ് ഫെഡ് നേരത്തെ ഫലപ്രദമായി ഇടപെട്ടിരുന്നതാണ്. അതിന്റെ പ്രവർത്തനം ഇടക്കാലത്ത് വല്ലാത്ത പ്രതിസന്ധിയിലായിരുന്നു. അവരുടെ പുതിയ പ്രൊപ്പോസൽ വന്നിട്ടുണ്ട്. നമുക്ക് മാർക്കറ്റ് ഫെഡിനെ ശക്തിപ്പെടുത്താനാകും. നാളികേര സംഭരണവുമായി ബന്ധപ്പെട്ട് പറഞ്ഞാൽ കേരളത്തിൽ ഡ്രയറുകളില്ല, വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കാനുള്ള സൗകര്യമില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ പരസ്പര സഹകരണത്തിന്റെ കാര്യം ആലോചിച്ചിട്ടുണ്ട്. മാർക്കറ്റ് ഫെഡിനെ രക്ഷിക്കാനും സഹായിക്കാനും നമുക്കാകും. അതുപോലെ റബ്ബർ മാർക്ക് ഉൽപ്പാദിപ്പിക്കുന്ന 'റൂബക്' ബലൂൺ വലിയ മാർക്കറ്റുള്ളതും ലാഭകരവുമാണ്. അതിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് വന്നിട്ടുണ്ട്. അതുപോലെതന്നെ അവിടെ സർജിക്കൽ ഗ്ലൗസ് ഉൽപ്പാദിപ്പിക്കാൻ കഴിയും. മത്സരമുണ്ടാകുമെന്നുള്ളത് ശരിയാണെങ്കിലും കേരളത്തിലെ ധാരാളം സ്വകാര്യ ആശുപത്രികളിലും സർക്കാർ ആശുപത്രികളിലും വീട്ടാവശ്യങ്ങൾക്കും ഇവ ഉപയോഗിക്കാൻ കഴിയും. അസംസ്കൃത വസ്തുവായ റബ്ബറിന്റെ ചെറിയൊരു ഭാഗം നമുക്ക് ഈ കാര്യത്തിനുവേണ്ടി പ്രയോജനപ്പെടുത്താവുന്നതാണ്. അങ്ങനെ തീർച്ചയായും റബ്ബർ മാർക്കിനെയും സംരക്ഷിക്കാൻ നമുക്ക് കഴിയും. അതുപോലെ സ്കൂൾ/കോളേജ് സംഘങ്ങളെ നല്ലതുപോലെ മുന്നോട്ട് കൊണ്ടുപോകാനാവും. ഇന്ന് പേരിന് ഒരദ്ധ്യാപകനെ സെക്രട്ടറിയാക്കി അതിന്റെ പ്രവർത്തനം നടത്തിപ്പോകുന്ന സ്ഥിതിയാണ്. അതിന്റെ പ്രവർത്തനങ്ങൾക്കായി ലഘുനിക്ഷേപങ്ങൾ സ്വീകരിച്ച് വർഷത്തിലൊരിക്കൽ, അതായത് സ്കൂൾ തുറക്കുമ്പോൾ പഠനോപകരണങ്ങൾ നൽകുന്നതിനാവശ്യമായ സംവിധാനം സഹകരണ പ്രസ്ഥാനത്തിന്റെ കയ്യിൽത്തന്നെയുണ്ട്. സാധനങ്ങൾ മാർക്കറ്റ് വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് സ്കൂളിലെത്തിച്ചുകൊടുക്കാൻ കഴിയും. ഒരു സംഘത്തിന്റെ പ്രവർത്തനംപോലെതന്നെ സ്കൂൾ/കോളേജ് സംഘങ്ങളെ നമുക്ക് പ്രവർത്തിപ്പിക്കാനാകും. അതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

4.00 pm]

<u>മി. സ്പീക്കർ</u>: എല്ലാ മന്ത്രിമാർക്കുംകൂടി സംസാരിക്കാൻ അനുവദിച്ചിരിക്കുന്ന സമയം 30 മിനിട്ട് ആണ്.

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, രണ്ടുമൂന്ന് കാര്യങ്ങൾ പറഞ്ഞ് ഞാനവസാനിപ്പിക്കാം. എന്റെ ഒരു വകുപ്പുകൂടിയുണ്ട്. ഞാൻ വളരെ പരിമിതമായ സമയം എടുക്കുന്ന ഒരാളാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ശ്രീ. അബ്ദുൽ ഹമീദ്. പി. ഇവിടെ സംസാരിച്ചപ്പോൾ 85 കോടി രൂപയുടെ ഒരു സഹകരണ ആസ്ഥാനം തുടങ്ങിയെന്ന് പറഞ്ഞു. ആ ആസ്ഥാനം തുടങ്ങുന്നതിനുള്ള പണം എങ്ങനെയാണ് സ്വരൂപിച്ചത്; അതുകൊണ്ടുമാത്രം എത്ര സഹകരണ സംഘങ്ങൾക്ക് നഷ്ടം വന്നു; അതിന്റെ - പ്രവർത്തനത്തെക്കുറിച്ച് അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ കൂടാതെ, കൃഷിയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിന് കോ-ഓപ്പറേറ്റീവ് ഷുഗർ ഫാക്ടറിയുടെ രീതിയിൽ കൃഷി വകുപ്പുമന്ത്രിയും എക്സൈസ് വകുപ്പുമന്ത്രിയും ഉൾപ്പെടെ സിയാൽ മോഡലിൽ ഒരു വലിയ സംരംഭം തുടങ്ങാനുള്ള താൽപ്പര്യം കാണിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, നേരത്തെ ബഹുമാന്യനായ ഒരു മെമ്പർ സംസാരിച്ചപ്പോൾ സഹകരണ ഭവന്റെ പ്രവർത്തനം എന്തായെന്ന് ചോദിച്ചിരുന്നു. സഹകരണ ഭവന്റെ നിർമ്മാണം ഏകദേശം പൂർത്തിയാക്കിയിട്ടുണ്ട്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ സഹകരണ വകുപ്പിന്റെ മിക്കവാറും എല്ലാ സ്ഥാപനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നതാണ് സഹകരണ ഭവൻ കൊണ്ടുദ്ദേശിക്കുന്നത്. എല്ലാ സ്ഥാപനങ്ങൾക്കും സ്ഥലം അലോട്ട് ചെയ്തുകഴിഞ്ഞിട്ടുണ്ട്. പക്ഷേ ഉദ്ഘാടനം ചെയ്ത സമയത്ത് ഈ സൗകര്യമുണ്ടായിരുന്നില്ല എന്ന കാര്യം ആലോചിക്കണം. പണി ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. ഓഫീസുകൾക്ക് ആവശ്യമായ ഇലക്ട്രിഫിക്കേഷൻ, ക്യാബിൻ തിരിക്കുക തുടങ്ങിയ വർക്കുകൾ നടന്നുകൊണ്ടിരിക്കുകയാണ്. ആ സഹകരണ ആസ്ഥാനം ഇപ്പോഴുണ്ട് എന്നുള്ളിടത്ത് നമുക്ക് നിൽക്കാം. അതിലുള്ള പ്രശ്നമെന്താണെന്നുവച്ചാൽ അതിനുവേണ്ടിയുള്ള പണം സ്വരൂപിച്ചപ്പോൾ പ്രൈമറി സംഘങ്ങളോടും മറ്റ് സംഘങ്ങളോടും കൂടിയാലോചിച്ച് പുലർത്തേണ്ട ജനാധിപത്യ സ്വഭാവം പാലിച്ചില്ല എന്നതാണ്. ഇന്ന് ആ സ്ഥാപനം പൂർത്തീകരിച്ചിട്ടുണ്ട്. അതൊരു അഭിമാനകരമായ സംരംഭമായിട്ടാണ് ഞാൻ കാണുന്നത്. മറ്റ് വിഷയങ്ങളിലേയ്ക്ക് ഇപ്പോൾ പോകുന്നില്ല.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, സഹകരണ രജിസ്ട്രാർ ഓഫീസ് ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലവും അതിന്റെ സൗകര്യവുമൊക്കെ നമുക്കെല്ലാവർക്കുമറിയാം. പൊടിപിടിച്ചുകിടക്കുന്ന അന്തരീക്ഷമാണ് അവിടെയുള്ളത്. ഒരു ഉദ്യോഗസ്ഥനും നേരേചൊവ്വേ ഇരിക്കാനുള്ള സംവിധാനമില്ല. അടിയന്തരമായി ഈ രജിസ്ട്രാർ ഓഫീസെങ്കിലും അങ്ങോട്ട് മാറ്റാനുള്ള ഏർപ്പാട് ചെയ്തുകൂടേ എന്നാണ് ഞാൻ ചോദിക്കുന്നത്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, രജിസ്ട്രാർ ഓഫീസ് ഈ മാസംതന്നെ മാറാൻ സാധിക്കുന്ന രീതിയിൽ തയ്യാറെടുപ്പുകൾ നടന്നിട്ടുണ്ട്. അത് മാറ്റും. പിന്നെ ഇതുമായി ബന്ധപ്പെട്ട് വന്ന ചോദ്യങ്ങളിലൊന്ന്, നബാർഡിന്റെ കാർഷിക വായ്പയുടെ റീഫിനാൻസുമായി ബന്ധപ്പെട്ടതാണ്. സംസ്ഥാന സഹകരണ ബാങ്കുവഴിയാണ് നബാർഡ് പ്രാഥമിക സഹകരണ ബാങ്കുകൾക്ക് കാർഷിക വായ്പ നൽകുന്നതിനുള്ള റീഫിനാൻസ് നൽകുന്നത്. 2016-17-ൽ 1750 കോടി രൂപയുടെ റീഫിനാൻസിന് നമുക്ക് അർഹതയുണ്ട്. അതിനുള്ള ക്ലെയിം സഹകരണ ബാങ്ക് നബാർഡിന് നൽകിയിട്ടുണ്ട്. നേരത്തെ പറഞ്ഞത് ശരിയാണ്. 950 കോടി രൂപയുടെ പരിധിയാണ് അനുവദിച്ചിട്ടുള്ളത്. ഇത് നബാർഡ് ആൾ ഇൻഡ്യാ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് വിഭജിച്ചുനൽകുന്നതിന്റെ ഭാഗമായി വന്നിട്ടുള്ള കുറവാണ്. അതിന്റെ ഒരു ഭാഗം എന്നുള്ള നിലയ്ക്കാണ് നമുക്കിത് കിട്ടിയത്. അപ്പോൾ കൂടുതൽ റീഫിനാൻസ് കിട്ടാൻ ആവശ്യമായ നടപടികൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നുള്ളതാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഇവിടെ, വകുപ്പ് 7(1)(സി) ഏരിയ ഓഫ് ഓപ്പറേഷന്റെ പ്രശ്നവുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഈ വിധിക്കെതിരെ നിയമവിദഗ്ദ്ധരുമായിട്ടുള്ള കൂടിയാലോചന ഇപ്പോൾ നടന്നുകഴിഞ്ഞിട്ടുണ്ട്. ആവശ്യമായ നിയമ സംവിധാനത്തിലൂടെ കോടതി വഴി അതിനെ ചോദ്യം ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കും, ഇല്ലെങ്കിൽ നിയമഭേദഗതി വേണ്ടിവരുമെങ്കിൽ അക്കാര്യവും ഗവൺമെന്റ് ആലോചിച്ച് ചെയ്യുന്നതാണ്. സംസ്ഥാന സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് ചില ആശങ്കകൾ, അത് എങ്ങനെ ബാധിക്കുമെന്നുള്ളതിനെക്കുറിച്ചൊക്കെ ഇവിടെ ചോദിക്കുകയുണ്ടായി. കഴിഞ്ഞ ബജറ്റ് ചർച്ചയിൽ അതുസംബന്ധിച്ച് ഏറെ ചർച്ച ചെയ്തതാണ്. സംസ്ഥാനത്തെ പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയുമൊക്കെ താൽപ്പര്യങ്ങൾ ഇതിന്റെ ഭാഗമായി ഹനിക്കപ്പെടുമെന്ന് കാണേണ്ടതില്ല. എല്ലാ ഗ്രാമപ്രദേശങ്ങളിലും ശൃംഖലയുള്ള പ്രസ്ഥാനമാണ് സഹകരണ ബാങ്കുകൾ. ഇന്ന് നമുക്ക് സഹകരണ മേഖലയിൽ എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കാൻ കഴിയുന്ന ഒരു സാഹചര്യമില്ല. ആ നിക്ഷേപം ചുരുങ്ങിയ പലിശയുടേതാണ്. ആ നിക്ഷേപം കിട്ടിയാൽ നമുക്ക് കേരളത്തിന്റെ വികസനത്തിനുവേണ്ടി ചുരുങ്ങിയ പലിശയ്ക്ക് കാർഷിക മേഖലയ്ക്ക് വായ്പ കൊടുക്കാനാകും. രണ്ട് തട്ട് ഒഴിവാകുന്നതോടുകൂടി ഒരു തട്ടിലെ പലിശ ഒഴിവാകും. നമ്മുടെ സംസ്ഥാനത്തിന്റെ

വികസന താൽപ്പര്യങ്ങളും സാമ്പത്തിക താൽപ്പര്യങ്ങളും സംരക്ഷിക്കാൻ ഏറ്റവും ശക്തമായ ഒരു സ്ഥാപനം എന്നുള്ള നിലയ്ക്ക് സംസ്ഥാന സഹകരണ ബാങ്കിനെ മാറ്റിയെടുക്കാനാകും എന്നാണ് സർക്കാർ കരുതുന്നത്. ഇതിൽ ഒരു കമ്മിറ്റിയെവച്ചു എന്നുള്ളത് ശരിയാണ്. ആ കമ്മിറ്റിയുടെ ചെയർമാൻ ബാംഗ്ലൂരിലെ ഐ.എ.എം.-ലെ പ്രൊഫസറായ ശ്രീ. എം. എസ്. ശ്രീറാം ആണ്. നബാർഡിലെ റിട്ടയേർഡ് ജനറൽ മാനേജർ ശ്രീ. സി. പി. മോഹൻ, യൂണിയൻ ബാങ്കിന്റെ റിട്ടയേർഡ് ജനറൽ മാനേജർ ശ്രീ. ടി. പി. ബാലകൃഷ്ണൻ, സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളായ ശ്രീ. വി. എസ്. സെന്തിൽ, ഐ.എ.എസ്. അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് വകുപ്പ്, സഹകരണ വകുപ്പ് സെക്രട്ടറി ശ്രീ. വേണുഗോപാൽ എന്നിവരടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതിയാണിത്. ഈ സമിതിയുടെ terms of reference എല്ലാ സൈറ്റിലും നിങ്ങൾക്ക് കാണാൻ കഴിയും. അപ്പോൾ ഇതിനൊരു സ്വകാര്യതയുടെ പ്രശ്നമില്ല. മൂന്നുമാസത്തിനുള്ളിൽ അവർ റിപ്പോർട്ട് തരണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അതിന്റെ സാങ്കേതികവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങളും ജീവനക്കാരുടെ പ്രശ്നങ്ങളും റിസർവ് ബാങ്കുമായി ബന്ധപ്പെട്ട കാര്യങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയുടെ പ്രശ്നങ്ങളുമൊക്കെ വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതിൽ ആശങ്കയുടെ കാര്യമില്ല. സംസ്ഥാന സഹകരണ ബാങ്കിനെ ജനാധിപത്യപരമായ ഉള്ളടക്കത്തോടുകൂടി സമീപിക്കാനാകുമെന്ന് ഞാൻ ഉറപ്പു പറയുകയാണ്. മറ്റൊന്ന് പറയാനുള്ളത് നമ്മുടെ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തെക്കുറിച്ചാണ് . അതിന്റെ കാര്യങ്ങൾ നമ്മുടെ സഹകരണ മേഖലയുടെ ചർച്ചയുടെ ഒരുഘട്ടത്തിലും വരാറില്ല. ശ്രീ. ജി. സുധാകരൻ മന്ത്രിയായിരിക്കുന്ന സമയത്താണ് ആത്മഹത്യ ചെയ്യാൻ പോയ എഴുത്തുകാർക്കുൾപ്പെടെ റോയൽറ്റി തുക കൊടുക്കാൻ കഴിഞ്ഞത്. അത് മെച്ചപ്പെട്ട അവസ്ഥയിലായിരുന്നു. ഇപ്പോൾ അത് പ്രതിസന്ധിയിലായതുകാരണം അവരെ സഹായിക്കാനായി നാലുകോടി രൂപ മാർക്കറ്റിംഗിനും മറ്റുകാര്യങ്ങൾക്കുമായി കൊടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടുള്ള പുനരുദ്ധാരണ പാക്കേജുകളും ആരംഭിക്കുകയാണ്. അന്ന് ആരംഭിച്ച ലൈബ്രറികളെ ഫലപ്രദമാക്കാൻ കഴിയുന്ന രീതിയിലുള്ള ഇടപെടലുകൾ നടത്തുന്നുണ്ടെന്ന കാര്യവും സൂചിപ്പിക്കുകയാണ്. സഹകരണ മേഖലയിലെ പുതിയ നിക്ഷേപത്തെക്കുറിച്ചും കൂടുതൽ നിക്ഷേപം ഉണ്ടാക്കുന്നതുമായി ബന്ധപ്പെട്ട

നിരവധി പ്രശ്നങ്ങളെക്കുറിച്ചും ഉന്നയിക്കാനുണ്ടായിരുന്നു. ബഹുമാനപ്പെട്ട സ്പീക്കർ, ഇനിയൊരു വകുപ്പിനു കൂടി മറുപടി പറയേണ്ടതുണ്ട് എന്നുപറഞ്ഞുകൊണ്ട് നടപ്പാക്കാൻ പോകുന്ന മറ്റ് കാര്യങ്ങളെക്കുറിച്ച് ഇപ്പോൾ പറയുന്നില്ല.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഈ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനായി എക്സ് എം.എൽ.എ. ശ്രീ. കെ. ശിവദാസൻ നായർ ചെയർമാനായി ഒരു കമ്മിറ്റിയെ വച്ച കാര്യം ഞാൻ സൂചിപ്പിച്ചിരുന്നു. ആ റിപ്പോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച് അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, കെ. ശിവദാസൻ നായർ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുണ്ട്. ആ റിപ്പോർട്ടിൽ നമുക്ക് പൊതുവായി സ്വീകരിക്കാവുന്ന ചില നിർദ്ദേശങ്ങളുണ്ട്. ആ നിർദ്ദേശങ്ങളിലൊന്ന് നേരത്തെ പറഞ്ഞ ഇഫക്ടീവ് മെമ്പർഷിപ്പാണ്. അതിന്റെ ഭാഗമായി പത്തിരുപതിനായിരം മെമ്പർമാരുള്ള ഒരു സഹകരണ സംഘത്തിൽ മൂന്ന് പൊതുയോഗങ്ങളിൽ പങ്കെടുക്കണമെന്നുള്ള നിബന്ധനയുണ്ടാക്കുന്ന പ്രശ്നങ്ങളേയും വാർഡ് അടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളേയും സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും എന്നാണ് സൂചിപ്പിക്കാനുള്ളത്.

ടൂറിസം മേഖലയെ സംബന്ധിച്ച് നേരത്തെ ശ്രീ. പി.ജെ. ജോസഫ് ഉൾപ്പെടെയുള്ളവർ പറഞ്ഞ കണക്കുകൾ വസ്തുതാപരമാണ്. പക്ഷേ എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യം ടൂറിസം മേഖലയിലെ വരുമാനത്തിന്റെ കാര്യത്തിൽ നമ്മുടെ സാധ്യതയ്ക്കനുസരിച്ചുള്ള വളർച്ചാ നിരക്കിലേയ്ക്ക് എത്താൻ കഴിയുന്നില്ല എന്നതാണ്. ഇത് പരിഹരിക്കുന്നതിന് നമുക്ക് നല്ല പ്രകൃതി സമ്പത്തുണ്ട്. 600 കി. മീറ്ററോളം കടലും 600 കി. മീറ്ററോളം മലമ്പ്രദേശങ്ങളും വളരെ വിസ്തൃതമായ കായൽ ശൃംഖലയും ഉൾപ്പെടെ നമുക്ക് സാംസ്കാരിക പ്രത്യേകതകളും തനിമകളും പൗരാണിക പ്രതീകങ്ങളുമുണ്ട്. ഇതൊക്കെ നമ്മുടെ അമൂല്യ സമ്പത്താണ്. അതിനെ നമുക്ക് പ്രയോജനപ്പെടുത്താനാകണം. അതിന് കാലാനുസൃതമായ മാറ്റങ്ങൾ വേണമെന്നുള്ള നിർദ്ദേശങ്ങൾ ഇവിടെ വന്നു. സർക്കാർ ഉദ്ദേശിക്കുന്നതും അതാണ്. കാര്യക്ഷമതയുള്ള പ്രചരണ പരിപാടികളും നൂതനമായ വിപണന തന്ത്രങ്ങളും വേണം. അത്തരം ഒരാസൂത്രണത്തിന്റെ ഭാഗമായിട്ടുമാത്രമേ കേരളത്തെ വിനോദ സഞ്ചാര ഭൂപടത്തിൽ ലോകത്തിന്റെ മുന്നിൽ എത്തിക്കാനാകൂ. നേരത്തെ പലരും ഇവിടെ സൂചിപ്പിച്ചതുപോലെ വർദ്ധിച്ചുവരുന്ന മത്സരമുണ്ട്. കണക്ടിവിറ്റിയുടെ കാര്യത്തിൽ ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്.

ഉത്പന്നങ്ങളുടെ പുതുമ നഷ്ടപ്പെടുന്നുണ്ട്. പുതിയ മേഖലകളിൽ പുതിയ ഉത്പന്നങ്ങൾ ഉണ്ടാക്കാൻ നമുക്ക് കഴിയുന്നില്ല. ഇതൊക്കെ വെല്ലുവിളികളാണ്, ഇങ്ങനെയുള്ള സാഹചര്യങ്ങൾ നമുക്ക് പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. മറ്റുള്ളവരുടെ മത്സരത്തിനോടൊപ്പം ഓടി എത്തണമെങ്കിൽ ഈ കാര്യങ്ങളിൽ പരിഹാരമുണ്ടാകണം. അപ്പോൾ അതിന് പുതിയ ലക്ഷ്യങ്ങളും പുതിയ ഉത്പന്നങ്ങളും പ്രചരണ പദ്ധതികളും പുതിയ ദിശാബോധവുമുണ്ടാകണം. അത്തരം രീതിയിൽ കാര്യങ്ങൾ നിർവ്വഹിക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കേരള ടൂറിസം എന്ന ബ്രാൻഡ്, God's own Country എന്ന പേര് ലോകത്ത് ഇന്നും പ്രസക്തമാണ്. അത് മങ്ങിയെന്ന് ഞാൻ കരുതുന്നില്ല. യാത്രികർക്കെല്ലാം സ്വീകാര്യമായ രീതിയിൽ കേരളമാകെ അതിന്റെ ഡെസ്റ്റിനേഷനാക്കി മാറ്റി വിപുലപ്പെടുത്താനുള്ള പദ്ധതിയിലേയ്ക്ക് നമുക്ക് പോകണം. അതിനുള്ള പുതിയ ഉത്പന്നങ്ങളും പുതിയ വിപണികളും പുതിയ സന്ദർശകരും പുതിയ ലക്ഷ്യങ്ങളുമൊക്കെയാണ് ഇതിന്റെയൊരു തന്ത്രമെന്ന നിലയ്ക്ക് ഞങ്ങൾ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. തോമസ് ചാണ്ടി</u>: സർ, ചൈനീസ് പ്രധാനമന്ത്രിയും റഷ്യൻ പ്രധാനമന്ത്രിയും ഇൻഡ്യൻ പ്രധാനമന്ത്രിയുമെല്ലാം പങ്കെടുത്ത കോൺഫറൻസ് നടന്നത് ഗോവയിലാണ്. കേരളത്തിന്റെ എത്രയോ ഇരട്ടി ടൂറിസ്റ്റുകൾ വരുന്നയിടമാണ് ഗോവ. കേരളത്തിൽനിന്ന് ഒരു ഡയറക്ട് ഫ്ലൈറ്റ് ഗോവയിലേയ്ക്കില്ല. അവർ ബാംഗ്ലൂർ വഴി ട്രെയിനിലോ മറ്റോ കയറി വരേണ്ട അവസ്ഥയാണുള്ളത്. അതിനുവേണ്ടി എന്തെങ്കിലും ഈ ഗവൺമെന്റിന് ചെയ്യാൻ കഴിയുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഞാൻ പറഞ്ഞുവരുമ്പോൾ അതിനെക്കുറിച്ച് പറയാം. പരമ്പരാഗത വിപണികൾ ശക്തിപ്പെടുത്തുന്നതോടൊപ്പം പുതിയ വിപണി കണ്ടെത്തേണ്ട സ്ഥിതിയാണ്. ആഗോള ട്രാവൽ മാർട്ടുകളിലും ട്രേഡ് മേളകളിലുമൊക്കെ നമ്മുടെ സാന്നിധ്യം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ചൈന, മിഡിൽ ഈസ്റ്റ്, ജപ്പാൻ, ആസ്ട്രേലിയ തുടങ്ങിയ സ്ഥലങ്ങളിൽ അത്യാവശ്യം പ്രചരണ പരിപാടികൾ നടത്താൻ കഴിഞ്ഞതു കാരണം വിദേശ ടൂറിസ്റ്റുകളുടെ വരവ് തുടങ്ങിയിട്ടുണ്ട്. ബെയ്ജിംഗ് മേളയിൽ നമ്മൾ നല്ല പ്രദർശനം കാഴ്ചവച്ചതാണ്. അറബ് രാജ്യങ്ങളിൽ നല്ല രീതിയിൽ പ്രചരണം നടത്താൻ കഴിഞ്ഞു. അതിന്റെയൊക്കെ ഗുണഫലങ്ങൾ നേരത്തെ പലരും ഇവിടെ സൂചിപ്പിച്ചു. ഇവിടെ കേരള ട്രാവൽ മാർട്ടിനെക്കുറിച്ച് സൂചിപ്പിച്ചു. 57 രാജ്യങ്ങളിൽ ഇത്തവണ പത്തുരാജ്യങ്ങളാണ് പുതിയതായി കേരള ട്രാവൽ മാർട്ടിൽ വന്നത്. പുതിയ സംരംഭകരും 557 ടൂർ കമ്പനികളും വന്നു. കേരള ട്രാവൽ

മാർട്ട് മുമ്പും നല്ലതുപോലെ നടന്നിട്ടുണ്ട്. ഞാൻ അത് നിഷേധിക്കുന്നില്ല. കേരള ടൂറിസത്തെക്കുറിച്ചറിയാൻ ആളുകൾ എത്തുന്ന സാഹചര്യം കേരള ട്രാവൽ മാർട്ടിൽ കണ്ടു. അതിനുവേണ്ടിയുള്ള ശക്തമായ ഡിജിറ്റൽ പ്രചരണ രീതി തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. അതുപോലെ ശ്രീ. ബാബു പോൾ, ഐ.എ.എസ്. മുമ്പ് എന്നോട് പറഞ്ഞു, ചാർട്ടേർഡ് വിമാനങ്ങൾ ഒരുകാലത്ത് യു.കെ.-യിൽനിന്നും മറ്റുള്ള സ്ഥലങ്ങളിൽ വന്നിരുന്നു, അത് സാധാരണക്കാർക്കുകൂടി പ്രയോജനപ്പെടുത്തണമെന്ന്. അത് ആലോചിക്കാൻ കഴിയുന്ന ഒരു നിർദ്ദേശമാണ്. സർക്കാർ ആ രീതിയിൽ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ഗോവയിലെ കാര്യം വിമാനകമ്പനികളുമായി ബന്ധപ്പെട്ട് ഒരു ചർച്ചയ്ക്ക് മുൻകയ്യെടുക്കാമെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഗവർണർ ഉൾപ്പെടെ സമ്മതിച്ചിട്ടുണ്ട്. കേരളത്തിലെ എയർ കണക്ടിവിറ്റിയുടെ പ്രശ്നം വളരെ ഗൗരവമുള്ളതാണ്. അത് ഗവൺമെന്റ് മാത്രം വിചാരിച്ചാൽ നടക്കുന്ന കാര്യമല്ല. അതിന് നമുക്ക് കൂട്ടായി ശ്രമിക്കാം. അടുത്ത വർഷത്തോടുകൂടി കണ്ണൂർ വിമാനത്താവളം വരികയാണെങ്കിൽ ഉത്തര മലബാറിന്റെ ടൂറിസം മേഖലകളെ പുതിയ അന്തരീക്ഷത്തിലേയ്ക്ക് ഉയർത്താൻ കഴിയുന്ന സാഹചര്യമുണ്ടാകും. കണക്ടിവിറ്റിയുടെ പ്രശ്നവും പരിഹരിക്കാൻ കഴിയും. ബേക്കലും വയനാടും ഇടുക്കിയിലും മൂന്ന് എയർ സ്ട്രിപ്പുകൾ തുടങ്ങുന്നതിനായി സ്ഥലമെടുപ്പിനുള്ള പരിശോധന ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ബേക്കലിൽ സിയാലിനെത്തന്നെ ചുമതലപ്പെടുത്തി ആ കാര്യങ്ങൾ നിർവ്വഹിക്കാനാണ് തീരുമാനം. ചെറിയ എയർ സ്ട്രിപ്പുകൾ വരാനുള്ള സൗകര്യമാണ് ഒരുക്കുന്നത്. പുതിയ ലക്ഷ്യങ്ങൾ നേടാനും പുതിയ ഡെസ്റ്റിനേഷനുകളും ടൂറിസം സർക്യൂട്ടുകളും എല്ലാം പുതുമയോടുകൂടി മുന്നോട്ടുകൊണ്ടുപോകാനും കഴിയുമെന്നാണ് സർക്കാർ കരുതുന്നത്. ഇതിന്റെ ഭാഗമായി ഞങ്ങൾ ഒരു ടാർജറ്റ് വയ്ക്കുന്നു. അഞ്ചുകൊല്ലംകൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുകയും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 50 ശതമാനമെങ്കിലും വർദ്ധനവുണ്ടാക്കുകയും ചെയ്യുക അത് കേരളത്തിലൊരു വലിയ കുതിച്ചുചാട്ടമായിരിക്കും. ഇതിന്റെ ഭാഗമായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. ഏകദേശം നാല് ലക്ഷത്തോളം പുതിയ തൊഴിലവസരങ്ങൾ ടൂറിസം മേഖലയിൽ ഈ അഞ്ചുവർഷംകൊണ്ട് സൃഷ്ടിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടുതൽ പശ്ചാത്തല സൗകര്യമൊരുക്കി തൊഴിൽ നൽകാൻ കഴിയുന്ന സേവനദാതാക്കളെ സ്വകാര്യ പങ്കാളിത്തത്തിലൂടെ ഉറപ്പാക്കാൻ കഴിയണം. നമുക്ക് ഇനിയും ഹോട്ടലുകളുടെയും റിസോർട്ടുകളുടെയും ക്ലാസിഫൈഡ് മുറികളുടെയും എണ്ണം കൂട്ടാൻ കഴിയണം. ഏറ്റവും ആകർഷകമായ ഒന്നാണ് ഹോംസ്റ്റേകൾ. റെസ്പോൺസിബിൾ ടൂറിസത്തിന്റെ ഭാഗമായി ഹോംസ്റ്റേകളുടെ ക്ലാസിഫിക്കേഷൻ വന്നതോടുകൂടി ഹോംസ്റ്റേകൾ തുടങ്ങാൻ തയ്യാറായി ആളുകൾ വൻതോതിൽ വന്നിരുന്നതാണ്.

അതൊരു പ്രത്യേക മേഖലയിലായിരുന്നു. മലബാർ മേഖലയിൽക്കൂടി നമുക്കത് വ്യാപിപ്പിക്കാൻ കഴിയും. ഇനി ആലപ്പുഴയിൽ ഹൗസ് ബോട്ടുകൾ കൊണ്ടുവരാനുള്ള സാധ്യതയുണ്ടെന്ന് കരുതാനാവില്ല. അഷ്ടമുടി കായലിലും മലബാർ മേഖലകളിലെ കായലുകളിലും 500 ഹൗസ് ബോട്ടുകളെങ്കിലും പുതിയതായി കൊണ്ടുവരാനുള്ള സാധ്യതയുണ്ട്. അത് പ്രയോജനപ്പെടുത്തണം എന്നാണ് ഉദ്ദേശിക്കുന്നത്. ചുരുങ്ങിയ ചെലവിൽ വരുമാനമുള്ള ഹോംസ്റ്റേകൾ ആരംഭിച്ചാൽ കൂടുതൽ സന്ദർശകരെ ആകർഷിക്കാൻ കഴിയും. സംരംഭകർ അവരുടെ തന്നെ വസ്തുക്കൾ പ്രയോജനപ്പെടുത്തി ടൂറിസത്തിലേയ്ക്ക് വരുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതാണ്. അതുപോലെ കൂടുതൽ സാഹസികതയും മറ്റു വിനോദങ്ങളിലുമൊക്കെ ഏർപ്പെടാൻ കഴിയുന്ന പുതിയ തലമുറയെ ആകർഷിക്കുന്ന തരത്തിൽ അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തണം. പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ വനം, വൈദ്യുതി, ഇറിഗേഷൻ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് യുവതലമുറയെ ആകർഷിക്കാൻ കഴിയുന്ന തരത്തിൽ സാഹസിക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതാണ്. ടൂറിസ്റ്റുകളെ ആകർഷിക്കുന്ന രീതിയിൽ കൊച്ചി ബിനാലെ വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നതാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ടൂറിസം മന്ത്രിയായിരിക്കുന്ന സമയത്ത് കൊണ്ടുവന്ന റെസ്പോൺസിബിൾ ടൂറിസമെന്ന ആശയം കേരളത്തിൽ വളർന്നുവികസിച്ച്, തദ്ദേശവാസികൾക്കുൾപ്പെടെ പ്രയോജനം കിട്ടുന്ന ടൂറിസമായി മാറുകയും ഇന്ന് അത് ലോകം അംഗീകരിക്കുന്നുമുണ്ട്. സാമ്പത്തിക വികസനത്തിനും സാമൂഹ്യ വികസനത്തിനുമെല്ലാമുതകുന്ന ഒരു നയം കേരളത്തിൽ ലോകത്തിനുമുന്നിൽ അവതരിപ്പിച്ചത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. ഇന്ന് അത് ലോകം അംഗീകരിക്കുന്നുണ്ട്. മുസിരീസ് പൈതൃക പദ്ധതിയുടെ ഒന്നാംഘട്ടം പണി പൂർത്തീകരിച്ചിട്ടുണ്ട്, രണ്ടാം ഘട്ടം ആരംഭിക്കുന്നതാണ്. സുഗന്ധവ്യഞ്ജനപാതയെ സംബന്ധിച്ച്, കഴിഞ്ഞ ദിവസം ഡച്ച് അംബാസിഡർ വരികയും സുഗന്ധവ്യഞ്ജന റൂട്ടിലെ 31 രാജ്യങ്ങളുമായി ബന്ധപ്പെട്ട് കൂടിയാലോചനകൾക്ക് തയ്യാറാണെന്ന് പറഞ്ഞിട്ടുമുണ്ട്. യുനെസ്കോ അംഗീകരിച്ച ഒരു നല്ല പ്രോജക്ടായി; ഒരു പുതിയ ഉല്പന്നമായി വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന സ്ഥിതിയുണ്ട്. സർക്കാർ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. മലബാറിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി തലശ്ശേരി പൈതൃക പദ്ധതി ഉൾപ്പെടെ കൂടുതൽ പദ്ധതികൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായ കോട്ടക്കുന്നിൽ ബഹുമാനപ്പെട്ട മുൻമന്ത്രിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ അനുസരിച്ച് പുതിയ വികസന പദ്ധതികൾ ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഇത് കഴിഞ്ഞിട്ട് അതുസംബന്ധിച്ച് പറയാം. ഇതിൽ ഏറ്റവും വലിയ ഡ്രൈവ് ഇൻ ബീച്ചാണ് മുഴപ്പിലങ്ങാട് ഉൾപ്പെടെയുള്ള സ്ഥലം. അതുപോലെ ധർമ്മടം, തേജസ്വിനി പുഴ ഉൾപ്പെടെയുള്ള മേഖലകളിലെ സാധ്യതകൾ നല്ലതുപോലെ പ്രയോജനപ്പെടുത്തണമെന്ന രീതിയിലുള്ള പദ്ധതികൾക്ക് കിഫ്ബി വഴി ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് തന്നെയാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ഇത്ര വലിയ വികസന പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ സംസ്ഥാന ബജറ്റിനകത്ത് നിന്നുകൊണ്ടാകില്ല. മുമ്പും ഈ രീതി സ്വീകരിച്ചിട്ടുണ്ടെന്ന് കണ്ടതാണ്. അതിൽ ധർമ്മടം, മുഴപ്പിലങ്ങാട്, കണ്ണൂർ, വയനാട്, കക്കയം, പെരുവണ്ണാമൂഴി, കാപ്പാട്, ഇരിങ്ങൽ, വടകര, നിള, നെല്ലിയാമ്പതി, പീച്ചി, വാഴാനി, ചിമ്മിനി, കാലടി, മലയാറ്റൂർ, അതിരപ്പിള്ളി, പീരുമേട്, കുട്ടിക്കാനം, വാഗമൺ, ഇടുക്കി, അഷ്ടമുടി, കഠിനംകുളം, വർക്കല, കാപ്പിൽ, നെയ്യാർ, പേപ്പാറ, പൊന്മുടി തുടങ്ങിയ കേന്ദ്രങ്ങളിലുള്ള പദ്ധതികളുണ്ട്. ഓരോന്നിനും വിശദാംശങ്ങൾ വേണ്ടതാണ്, ഞാൻ അതിലേയ്ക്ക് പോകുന്നില്ല. പൊന്നാനിയിലെ ടയാംഗിൾ പദ്ധതി, അതും ഇതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. മലപ്പുറത്തെ കോട്ടക്കുന്നിൽ അഡ്വഞ്ചർ ടൂറിസത്തിന്റെ ഭാഗമായി ചില പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇപ്പോൾ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അത് പരിശോധിക്കുകയാണ്. അതുപോലെ ബേക്കൽ എയർസ്ട്രിപ്പിന്റെ കാര്യം നേരത്തെ പറഞ്ഞു. നിലവിലെ ടൂറിസം ഡെസ്റ്റിനേഷനുകളുടെ വൃത്തിയുമായി ബന്ധപ്പെട്ട കാര്യം ഇവിടെ പറഞ്ഞു. ഇപ്പോഴുള്ള ഗ്രീൻ കാർപ്പറ്റ് പദ്ധതി, എല്ലാവരെയും സഹകരിപ്പിച്ച് ജനങ്ങളുടെ ക്യാമ്പയിനായി ഏറ്റെടുത്തത് വിജയകരമാകുന്നുവെന്നാണ് അനുഭവം തെളിയിക്കുന്നത്. തീർച്ചയായും അത് നമുക്ക് ചെയ്യാം. നമ്മുടെ ഗസ്റ്റ് ഹൗസുകളുടെ സ്ഥിതി പരമ ദയനീയമാണ്. അവിടെ പുനരുദ്ധാരണം ചെയ്യേണ്ടതുണ്ട്. ഗുരുവായൂരും തിരുവനന്തപുരത്തെ തൈയ്ക്കാടുമുള്ള ഗസ്റ്റ് ഹൗസുകളിൽ പുതിയ രണ്ട് ബ്ലോക്കുകളുടെ നിർമ്മാണവും ഇതിന്റെ ഭാഗമായി ആലോചിക്കുന്നുണ്ട്, അതിന്റെ പണി നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ ഉന്നയിച്ച ഗൗരവമായ നിർദ്ദേശങ്ങളെല്ലാം നമ്മുടെ നാടിന്റെ വികസനത്തിനുവേണ്ടി വരുമാനമുണ്ടാക്കാൻ വേണ്ടിയുള്ള പ്രവർത്തനത്തിനുള്ള നിർദ്ദേശങ്ങളായി കാണുന്നതാണ്. ആ നിർദ്ദേശങ്ങളൊക്കെത്തന്നെ പരിശോധിക്കാൻ തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് ഈ രണ്ടു വകുപ്പുകളുടെ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, ഇന്നിവിടെ നടന്ന ധനാഭ്യർത്ഥനകളുടെ ചർച്ച കൃഷി, സഹകരണം, വിനോദസഞ്ചാരം എന്നീ

മേഖലകളെ സംബന്ധിച്ചാണ്. പ്രത്യേകിച്ച് കൃഷിയും സഹകരണവും വളരെ അടുത്ത് ഇടപഴകുന്ന രണ്ട് വകുപ്പുകളാണ്. കാർഷിക മേഖലയുടെ വളർച്ചയിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ഒരു വകുപ്പാണ് സഹകരണ വകുപ്പ്. അതുകൊണ്ട് ഒന്നിച്ച് ചർച്ച ചെയ്യുന്നത് വളരെ സൗകര്യമുള്ള കാര്യം കൂടിയാണ്. സമയക്രമീകരണത്തിന്റെ വിഷയത്തിൽ മാത്രമേ പ്രശ്നമുണ്ടാകുന്നുള്ളൂ. ഇന്ന് നടന്ന ചർച്ചയിൽ പൊതുവെ എല്ലാ അംഗങ്ങളും കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള അവരുടെ കമ്മിറ്റ്മെന്റ് പ്രകടിപ്പിക്കുന്ന രീതിയിൽ തന്നെയാണ് ഇവിടെ സംസാരിച്ചത്. അതുപോലെ പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വം എന്ന നിലയിലുള്ള പ്രതിപക്ഷാംഗങ്ങളുടെ വിമർശനങ്ങളെല്ലാം ഞാൻ ഉൾക്കൊള്ളുകയാണ്. തീർച്ചയായും ആ വിമർശനത്തിന്റെ അടിസ്ഥാനത്തിൽ തന്നെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. കൃഷി വകുപ്പ് ഏറ്റെടുക്കുമ്പോൾ വളരെ എളുപ്പത്തിൽ കാര്യങ്ങളൊക്കെ പരിഹരിക്കാൻ കഴിയുമെന്നുള്ള വിചാരമൊന്നും ഈ ഗവൺമെന്റിനില്ലായിരുന്നു. കഴിഞ്ഞ 25 വർഷത്തെ കണക്കെടുത്ത് പരിശോധിച്ചാൽ കാർഷികമേഖലയിൽ ആരോഗ്യകരമായ വളർച്ചാനിരക്ക് നമുക്കില്ലെന്നുള്ളത് വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കാർഷികമേഖലയുടെ വളർച്ചാനിരക്ക് താഴോട്ടാണ്. കഴിഞ്ഞ വർഷത്തെ സാമ്പത്തിക അവലോകന റിപ്പോർട്ടിന്റെ കണക്ക് പ്രകാരം കാർഷിക മേഖലയിലെ വളർച്ചാനിരക്ക് (-)4.67 ആണ്. കാർഷികമേഖലയിലും ഉല്പാദനരംഗത്തും വലിയ തകർച്ചയാണ് കഴിഞ്ഞകാലത്തുണ്ടായിട്ടുള്ളത്. നെല്ലുല്പാദനവും നാളികേരോല്പാദനവും മറ്റെല്ലാ വിളകളുടെ കാര്യത്തിലും വളരെ താഴേയ്ക്കാണ് പോയിരിക്കുന്നത്. റബ്ബറിന്റെ കാര്യത്തിൽ പോലും വളരെ അപകടകരമായ നിലയിലുള്ള തകർച്ച നമ്മുടെ നാട്ടിലുണ്ടായി. കേരളത്തിന്റെ ഏറ്റവും വലിയ പ്രത്യേകത കാർഷിക മേഖലയിലെ ജൈവവൈവിധ്യമാണ്. കിഴങ്ങ്, പയർ തുടങ്ങി ചെറുധാന്യങ്ങളുടെയൊക്കെ ഉല്പാദനമെടുത്ത് പരിശോധിച്ചാൽ കേരളത്തിൽ വലിയ തോതിലുള്ള തകർച്ചയുണ്ടായെന്നുള്ളത് സത്യമാണ്. കഴിഞ്ഞ അഞ്ച് കൊല്ലക്കാലത്തെ കണക്കെടുത്ത് പരിശോധിക്കുമ്പോൾ ശുഭോതർക്കമായ ഒരു കാര്യവും നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയില്ല. പച്ചക്കറി ഉത്പാദനരംഗത്ത് കുറച്ച് മെച്ചപ്പെട്ട സ്ഥിതിയുണ്ടായിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. എന്നാൽ അതിന് വേണ്ടത്ര പരിഗണന നൽകാൻ കഴിഞ്ഞിട്ടുണ്ടോയെന്നുള്ള കാര്യം വിലയിരുത്തേണ്ടതാണ്. നമ്മുടെ സംസ്ഥാനത്ത് എല്ലാവരും മൂന്നുനേരം അരിയാഹാരം കഴിക്കുന്ന ആളുകളാണ്. അരി ഉത്പാദന രംഗത്ത് നമുക്ക് സ്വയംപര്യാപ്തത കൈവരിക്കാൻ

കഴിഞ്ഞിട്ടില്ല. നമ്മുടെ സംസ്ഥാനത്ത് 13 ലക്ഷം ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന നെൽക്കൃഷി താഴേയ്ക്ക് വന്ന് 2015-16-ൽ 1,96,870 ഹെക്ടറായി കുറഞ്ഞിരിക്കുകയാണ്. നെല്ലുൽപ്പാദന രംഗത്ത് കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കെടുത്ത് പരിശോധിച്ചാൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 213187 ഹെക്ടർ ഉണ്ടായിരുന്ന സ്ഥാനത്ത് 196870 ഹെക്ടറായി കുറഞ്ഞുവെന്ന് പറഞ്ഞാൽ നെല്ലറകളെ കല്ലറകളായി തീർത്തത് ആരാണെന്ന് വളരെ വ്യക്തമാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും ആദ്യം സ്വയംപര്യാപ്തത കൈവരിക്കേണ്ടത് നമ്മുടെ അന്നമായിരിക്കുന്ന നെല്ലിന്റെ കാര്യത്തിലാണ്. ആ സ്വയംപര്യാപ്തതയിലേയ്ക്ക് വന്നില്ലെങ്കിലും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കാര്യത്തിൽ കുറച്ചെങ്കിലും നമുക്ക് മുന്നോട്ട് പോകാൻ കഴിയണ്ടേ. നെല്ലിന്റെ ഉത്പാദന കാര്യത്തിലും, വിസ്തൃതി കുറയുന്നത് നിയന്ത്രിക്കുന്ന കാര്യത്തിലും യാതൊരു താത്പര്യവും കഴിഞ്ഞ ഗവൺമെന്റ് കാണിച്ചില്ലായെന്നുള്ളത് വസ്തുതയാണ്. 2011-ൽ 1379 ഹെക്ടർ സ്ഥലത്തെ നിലം നികത്താനാണ് നിങ്ങൾ അനുമതി കൊടുത്തിരിക്കുന്നത്. അനുമതിയില്ലാതെ അഞ്ചിരട്ടിയിലധികം നിലം നികത്തിയിട്ടുണ്ടാകും. എന്നാൽ ഈ ഗവൺമെന്റ് ഇക്കാര്യത്തിൽ എടുത്തിരിക്കുന്ന സമീപനം തികച്ചും വ്യത്യസ്തമാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, 2009-ലെയും 2010-ലെയും ബജറ്റ് സ്പീച്ചിൽ നെൽവയൽ നികത്തിയ സ്ഥലങ്ങൾ ലീഗലൈസ് ചെയ്യുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ഉണ്ടാക്കുമെന്ന് പറഞ്ഞിരുന്നു. അത് നിങ്ങൾ ഉണ്ടാക്കിയ പദ്ധതിയാണ്. അങ്ങ് പിന്നെ എന്തിനാണ് എൽ.ഡി.എഫ്., യു.ഡി.എഫ്. തർക്കമാക്കി കൊണ്ടുപോകുന്നത്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങ് തർക്കമാക്കിയതാണ്. ഞാൻ വസ്തുത പറഞ്ഞപ്പോൾ രാഷ്ട്രീയം അതിനകത്ത് ഉൾപ്പെടുത്തിയതാണ് ഇപ്പോൾ തർക്കമായിട്ട് മാറിയിരിക്കുന്നത്. ഞാൻ ഒരിക്കലും തർക്കം ഉന്നയിച്ചതല്ല. ഞാൻ നിങ്ങളുടെ തന്നെ ഗവൺമെന്റിന്റെ കാലത്ത് കൊടുത്ത കണക്കുവച്ചാണ് പറയുന്നത്. ഇവിടെ കൃഷി വകുപ്പുമന്ത്രിക്ക് ഒരു കണക്ക് കൊണ്ടുവരാൻ കഴിയില്ലല്ലോ. ഞാൻ പറഞ്ഞത് നെല്ലിന്റെ ഉത്പാദന മേഖല തകർന്നുകൊണ്ടിരിക്കുകയാണെന്നാണ്. നമുക്കാവശ്യമായ 40 ലക്ഷം മെട്രിക് ടൺ നെല്ലുൽപ്പാദിപ്പിക്കാൻ നമുക്ക് സാധ്യമല്ല. എൽ.ഡി.എഫ്. ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത് 3 ലക്ഷം ഹെക്ടറിലേയ്ക്ക് നെല്ലുൽപ്പാദനത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കാനാണ്. ആ ലക്ഷ്യം വച്ചുകൊണ്ട് മുന്നോട്ടുപോകുമ്പോൾ ഇനി ഒരിഞ്ച് നെൽവയൽ പോലും കൃഷി ആവശ്യത്തിനല്ലാതെ ഉപയോഗിക്കാൻ പറ്റാത്ത

വിധത്തിൽ കർക്കശ നിലപാട് സ്വീകരിക്കും. അതിന്റെ ഭാഗമായി വരാൻ പോകുന്ന ഹരിത കേരളം പരിപാടിയിൽ ഈ വർഷം നെല്ലിന്റെ വർഷമായി ഗവൺമെന്റ് പ്രഖ്യാപിക്കുകയാണ്. 'നമ്മുടെ അന്നം നമ്മുടെ നെല്ല്' എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനുവേണ്ടി 100 ഇന പരിപാടികളോടുകൂടിയുള്ള ഉത്തരവ് ഇറങ്ങിക്കഴിഞ്ഞു. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇക്കാര്യത്തിൽ പ്രതിപക്ഷാംഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ പിന്തുണ ആവശ്യമാണ്. നെൽവയലുകൾ നികത്തുന്ന സന്ദർഭങ്ങളിൽ എം.എൽ.എ.-മാരും രാഷ്ട്രീയ നേതാക്കന്മാരും ഇനിയെങ്കിലും രാഷ്ട്രീയത്തിനതീതമായ നിലപാട് സ്വീകരിച്ചേ പറ്റൂ. നമ്മുടെ സംസ്ഥാനത്ത് ഇനി നികത്താൻ നിലമില്ല. ഇനിയും നമ്മൾ നിലം നികത്താനാണ് പോകുന്നതെങ്കിൽ കേരളത്തിന്റെ സ്ഥിതി പരമദയനീയമാകും. നെൽവയലുകൾ എന്ന് പറയുന്നത് നെല്ലുൽപ്പാദിപ്പിക്കാനുള്ള കേന്ദ്രം മാത്രമല്ല ഒരു സ്ഥലത്ത് നെല്ലുൽപ്പാദനം നടത്തുന്ന വയൽ നികത്തിക്കഴിഞ്ഞാൽ ആ വയൽ മാത്രമല്ല നികത്തപ്പെടുന്നത്. ആ വയൽ നികത്തപ്പെടുന്നതോടുകൂടി ആ വയലിലേയ്ക്കുള്ള ജലഗമനനിർഗ്ഗമന സംവിധാനങ്ങളും അതിനോടനുബന്ധമായിട്ടുള്ള ചിറകളും ജലസ്രോതസ്സുകളും അവസാനിക്കുകയാണ്. ഇതുണ്ടാക്കാൻ പോകുന്ന പ്രത്യാഘാതമാണ് കടുത്ത വരൾച്ചയിലേയ്ക്ക് സംസ്ഥാനത്തെ കൊണ്ടെത്തിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്ന നെൽവയലുകൾ നഷ്ടപ്പെട്ടതുമൂലം ഇടതുപക്ഷത്തിനോ അല്ലെങ്കിൽ യു.ഡി.എഫ്.-നോ നഷ്ടമുണ്ടായി എന്നതല്ല പ്രശ്നം. നമ്മുടെ സമൂഹത്തിന് നികത്താനാകാത്ത വലിയ നഷ്ടം സംഭവിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കൃഷി വകുപ്പ് ലക്ഷ്യം വയ്ക്കുന്നത് കേരളത്തിലെ കാർഷിക മേഖലയിൽ നെല്ലുൽപ്പാദനം നടത്തുന്ന കൃഷിയിടങ്ങൾ 3 ലക്ഷം ഹെക്ടറിലേയ്ക്ക് വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള കർമ്മ പരിപാടി ആവിഷ്കരിക്കുകയാണ്. അതിന്റെ ഭാഗമായി തരിശ് കിടക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ച് വ്യക്തമായ മാപ്പിംഗ് നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും മണ്ഡലങ്ങളിലും ബ്ലോക്കുകളിലും പഞ്ചായത്തുകളിലും ഏതൊക്കെ സ്ഥലങ്ങൾ തരിശ് കിടക്കുന്നുണ്ടെന്ന് കണ്ടെത്തി ആ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാൻ വേണ്ടിയുള്ള തടസ്സങ്ങൾ എന്താണെന്നതിന്റെ ആക്ഷൻ പ്ലാനുണ്ടാക്കി എം.എൽ.എ.-മാരുടെയും ജനപ്രതിനിധികളുടെയും ഉത്തരവാദിത്വത്തിൽ പലവിധത്തിലുള്ള ഫണ്ടുകൾ ഒരുമിച്ച് ചേർത്തുകൊണ്ട് ഈ മേഖലയെല്ലാം കൃഷിയോഗ്യമാക്കാനുള്ള ഫേയ്സ് ബൈ ഫേയ്സായിട്ടുള്ള പദ്ധതി തയ്യാറാക്കി അഞ്ച് കൊല്ലം ആകുമ്പോഴേയ്ക്കും മൂന്ന് ലക്ഷം ഹെക്ടറിലേയ്ക്ക് വരികയെന്നുള്ളതാണ് ലക്ഷ്യം. അതിന് പുറമേ പാഡി മാത്രമല്ല നമുക്ക് കരനെൽ കൃഷി ചെയ്യാനുള്ള സാധ്യത വർദ്ധിപ്പിക്കണം.

ഈ ഗവൺമെന്റ് വന്നതിനുശേഷം 2500 ഹെക്ടർ എന്ന ലക്ഷ്യംവച്ചുകൊണ്ട് ആരംഭിച്ചെങ്കിലും 2800 ഹെക്ടറിലേയ്ക്ക് കരനെൽ കൃഷി കൊണ്ടുവരാൻ നമുക്ക് സാധിച്ചു. ഈ വരുന്ന വർഷം 10000 ഹെക്ടറിലേയ്ക്ക് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. അതിനുപുറമേ ഇന്ന് ഒരുപൂ കൃഷി ചെയ്യുന്ന നെൽവയലുകളിൽ എവിടെയൊക്കെ ഇരുപൂ കൃഷി ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് മാപ്പിംഗ് നടത്തണം. അതിനായി എല്ലാ എം.എൽ.എ.-മാരുടെയും സഹായം ആവശ്യമാണ്. ആ സ്ഥലങ്ങളിൽ എവിടെയൊക്കെ ഇരുപൂ കൃഷി ചെയ്യാൻ കഴിയുമോ ആ സ്ഥലങ്ങളിലെല്ലാം ഘട്ടംഘട്ടമായി ഇരുപൂ കൃഷിയിലേയ്ക്ക് വരണം. ഈ വരുന്ന വർഷം 5000 ഹെക്ടറിലേയ്ക്കെങ്കിലും ഇരുപൂ കൃഷി ചെയ്യാൻ കഴിയുന്ന ഇടങ്ങൾ കണ്ടെത്താൻ സാധിക്കണം. ഈ രീതിയിൽ നെല്ലുൽപ്പാദന രംഗത്ത് വലിയ വർദ്ധനവുണ്ടാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം തരിശ് കിടന്ന 2375 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാക്കി അതിൽ 1054 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി ആരംഭിച്ചുകഴിഞ്ഞു. നവംബർ മാസം 20-ാം തീയതിക്ക് മുമ്പായി 1321 ഹെക്ടർ സ്ഥലത്തുകൂടി കൃഷി ചെയ്യുന്നതോടെ 2375 ഹെക്ടർ സ്ഥലത്ത് ഈ വർഷം തന്നെ കൃഷിക്ക് തുടക്കം കുറിക്കുകയാണ്. അതാണ് ഞാൻ പറഞ്ഞത് 1379 ഹെക്ടർ സ്ഥലം നികത്താൻ നേരത്തെ നിങ്ങൾ അനുമതി കൊടുത്തെങ്കിൽ ഞങ്ങൾ അവിടെ കൃഷി ചെയ്യാൻ ആഗ്രഹിക്കുകയാണെന്ന്. ഇതിൽ നമുക്കെല്ലാവർക്കും ഉത്തരവാദിത്വമുണ്ട്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നാം ഈ ഉദ്യമത്തിലേയ്ക്ക് വരേണ്ടതുണ്ട്. സമ്പൂർണ്ണമായി നെൽക്കൃഷി തിരിച്ചുകൊണ്ടുവരിക എന്നുപറയുമ്പോൾ, നമ്മുടെ ഭക്ഷ്യസുരക്ഷ പൂർത്തീകരിക്കപ്പെടണമെന്നുണ്ടെങ്കിൽ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുപുറമേ നമ്മുടെ പരമ്പരാഗതമായ നെല്ലിനങ്ങൾ തിരിച്ചു കൊണ്ടുവരേണ്ടതുണ്ട്. കൂടാതെ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, തിനയും റാഗിയും ഉൾപ്പെടെയുള്ള ധാന്യങ്ങളെല്ലാം ധാരാളമായി ഉത്പാദിപ്പിക്കുന്ന പഴയ ശീലം തിരിച്ചുകൊണ്ടുവരണം. മുതിര, എള്ള് ഉൾപ്പെടെയുള്ള നിരവധി വിഭവങ്ങൾ ഇവിടെ ഉത്പാദിപ്പിക്കപ്പെട്ടിരുന്നെങ്കിലും പല കാരണങ്ങളാൽ അതിൽ നിന്ന് നമ്മൾ താഴോട്ടുപോയി. അതുകൊണ്ട് സംസ്ഥാന കൃഷി വകുപ്പ് ഓരോ ക്രോപ്പിന്റെയും അടിസ്ഥാനത്തിൽ ടാർജറ്റ് കൊടുത്തുകൊണ്ട് അത് ഉത്പാദിപ്പിക്കാൻ കഴിയുന്ന കാലാവസ്ഥയും മണ്ണിന്റെ ഘടനയുമൊക്കെയുള്ള സ്ഥലങ്ങൾ കണ്ടെത്തി അവിടെയെല്ലാം ഇത് കൃഷി ചെയ്യാൻ വേണ്ടിയുള്ള ടാർജറ്റ് കൊടുക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ, സ്വയംപര്യാപ്തതയിലേയ്ക്ക് വരാനുള്ള പരിപാടികളാണ് ഗവൺമെന്റ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്. ഇവിടെ പച്ചക്കറിയെപ്പറ്റി പറഞ്ഞപ്പോൾ

ജൈവകൃഷിയെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. ഈ ഗവൺമെന്റ് ജൈവകൃഷിയെ മാത്രമല്ല പ്രകൃതി കൃഷിയെയും പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. അത് ജൈവ മൗലികവാദമെന്ന് വിളിച്ച് ആക്ഷേപിച്ചാൽ ആ ആക്ഷേപം കേൾക്കാൻ ഞാൻ തയ്യാറാണ്. ഡോ. സുഭാഷ് പലേക്കറെ ഗവൺമെന്റ് തന്നെ ഔപചാരികമായി, ഔദ്യോഗികമായി കേരളത്തിലേയ്ക്ക് ക്ഷണിക്കുകയാണ്. അത് ജൈവ-കാർഷിക നയം രൂപപ്പെടുത്തിയെടുക്കുന്നതിന്റെ ഭാഗമായാണ്.

ശ്രീ. വി. ടി. ബൽറാം: സർ, ജൈവകാർഷിക നയത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ സന്തോഷമേയുള്ളൂ. എന്നാൽ ഇത് മൗലികവാദപരമായ സമീപനമായി വരുമ്പോൾ അത് ശാസ്ത്ര വിരുദ്ധതയിലേയ്ക്ക് നയിക്കുന്നുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്തിയെന്നേയുള്ളൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കൃഷി വകുപ്പ് കീടനാശിനികളുടെ ഉപയോഗം കുറയ്ക്കാൻ വേണ്ടിയുള്ള ശക്തമായ നടപടി ആരംഭിച്ചപ്പോൾ അത് അശാസ്ത്രീയമാണ്, ഉത്പാദന തകർച്ചയുണ്ടാകും എന്നൊക്കെ പ്രചാരണമുണ്ടായിരുന്നു. 1968-ലെ നിയമപ്രകാരം ഓരോ കീടനാശിനി കണ്ടുപിടിക്കുമ്പോഴും അത് ഏത് ക്രോപ്പിന് ഉപയോഗിക്കണം, എത്രമാത്രം ഉപയോഗിക്കണം, എങ്ങനെ ഉപയോഗിക്കാൻ പാടില്ല എന്നതൊക്കെ സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങളും നിയമങ്ങളും ഇവിടെയുണ്ട്. ഇവിടത്തെ കൃഷി ഓഫീസർമാർ പെസ്റ്റിസൈഡ് ഇൻസ്പെക്ടർമാരാണ്. അവർ അവിടെ എല്ലാ രണ്ടാഴ്ച കൂടുമ്പോഴും വിസിറ്റ് ചെയ്യണം, സ്റ്റോക്ക് വെരിഫൈ ചെയ്യണം, ആർക്ക് കൊടുത്തുവെന്ന് അന്വേഷിക്കണം, കൃഷി ഓഫീസർമാരുടെയും വിദഗ്ദ്ധന്മാരുടെയും പ്രിസ്ക്രിപ്ഷൻ ഇല്ലാതെ കീടനാശിനി കൊടുക്കാൻ പാടില്ല. ഈ നിയമങ്ങൾ 1968 മുതൽ ഉണ്ടായിട്ടും വേണ്ടത്ര പരിഗണിക്കപ്പെടാതെ പോയതുകൊണ്ടാണ് കഴിഞ്ഞ വർഷം മാത്രം 1271 മെട്രിക് ടൺ കീടനാശിനി കേരളത്തിൽ പ്രയോഗിക്കപ്പെട്ടതെന്നുള്ള കാര്യം സഭ അറിയണം. അത്രമാത്രം കീടനാശിനി പ്രയോഗിക്കപ്പെടേണ്ട കാര്യം ഇവിടെയുണ്ടായിരുന്നോ! അത് നിയന്ത്രിക്കാൻ വേണ്ടി തീരുമാനമെടുക്കുമ്പോൾ അത് ഉത്പാദന തകർച്ചയിലേയ്ക്ക് പോകുമെന്ന് പ്രചരിപ്പിക്കുന്ന കൂട്ടത്തിൽ ആകരുതെന്ന് മാത്രമാണ് പറയാനുള്ളത്.

ശ്രീ. അനിൽ അക്കര: സർ, നമ്മുടെ നാട്ടിൽ അധികാര വികേന്ദ്രീകരണം നടപ്പിലായ സമയത്ത് ഏറ്റവും ആദ്യം അധികാരം കൈമാറിയ വകുപ്പാണ് കൃഷി വകുപ്പ്. കഴിഞ്ഞ വർഷം വലിയ വിമർശനമുണ്ടായത്, ഗ്രാമപഞ്ചായത്തുകൾ ചെലവഴിച്ച സംഖ്യയിൽ 40 ശതമാനമാണ് ഉല്പാദന മേഖലയിൽ ചെലവഴിച്ചതെന്നാണ്. കഴിഞ്ഞ തവണ അത് 20 ശതമാനമായി കുറഞ്ഞു.

ഇപ്പോൾ നമുക്ക് ചോദ്യത്തിന് മറുപടിയായി തന്നതിൽ, മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലില്ല എന്നാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നത് പഞ്ചായത്തുമായി ബന്ധപ്പെട്ടാണ്. ബയോ കൺട്രോൾ ലാബുകളിൽനിന്നും സ്യൂഡോമോണസും മിത്രകീടങ്ങളും ഉപയോഗിച്ചു കൊണ്ടാണ് ഇത് ചെയ്യുന്നത്. ഇത് ഇപ്പോൾ തന്നെ കിട്ടാനില്ല. പഞ്ചായത്തുകൾക്ക് തുക വയ്ക്കാൻ കഴിയുന്നില്ല. 20 ശതമാനം എന്നുള്ളത് ഒരു വലിയ പ്രഖ്യാപനമെന്ന നിലയിൽ ഗവൺമെന്റ് പറഞ്ഞതാണ്. അതിന് മാറ്റങ്ങൾ വന്നിട്ടില്ല.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇതിൽ ബഹുമാനപ്പെട്ട അംഗത്തിന് അറിയാത്ത ഒരു കാര്യമുണ്ടായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉല്പാദന മേഖലയിൽ 8 ശതമാനം പോലും തുക മാറ്റിവയ്ക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. ഈ ഗവൺമെന്റ് വന്നപ്പോൾ 20 ശതമാനം നിർബന്ധമായും ചെലവഴിക്കണമെന്ന് പറയുമ്പോൾ 12 ശതമാനം അധികം ചെലവഴിക്കാനുള്ള അനുമതി കൊടുക്കുകയാണ്. അത് 30 ശതമാനം വരെ കൊടുക്കാമെന്ന് പറയുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ വൻ തുക കൃഷിക്കുവേണ്ടി ചെലവഴിക്കപ്പെടും. സഭയെ തെറ്റിദ്ധരിപ്പിക്കരുത്.

ബഹുമാനപ്പെട്ട അങ്ങ് ഇത് പറഞ്ഞുകൊണ്ട് ഒരു കാര്യം കൂടി മനസ്സിലാക്കേണ്ടതുണ്ട്. കാർഷിക മേഖലയിലെ തകർച്ച (-)4.67 എന്നുപറയുമ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതി, Make in India എന്ന് കൊട്ടിഘോഷിക്കപ്പെടുന്ന പരിപാടി ശ്രീ. നരേന്ദ്ര മോദി നടപ്പാക്കി കൊണ്ടിരിക്കുകയാണ്. ആ പരിപാടിയിൽ കാർഷിക മേഖലയ്ക്കുവേണ്ടി ചെലവഴിക്കുന്ന തുക വളരെ ചെറുതാണ്. ശ്രീ. കെ. കൃഷ്ണൻകുട്ടി ഇവിടെ സൂചിപ്പിച്ചതാണിത്. ഇവിടെ വലിയ പദ്ധതികൾക്കുവേണ്ടിയും റോഡ് നിർമ്മാണത്തിനുവേണ്ടിയുമൊക്കെ കോടിക്കണക്കിന് രൂപ ചെലവഴിക്കുമ്പോൾ കാർഷിക മേഖലയ്ക്കുള്ള വിഹിതം വെട്ടിക്കുറച്ചതിന്റെ ഫലമായി RKVY, NFSM തുടങ്ങിയ പദ്ധതികൾക്ക് നൂറ് ശതമാനം കേന്ദ്രവിഹിതമുണ്ടായിരുന്നത് 2016-17-ൽ 60:40 ആയി കുറച്ചു. എൻ.എച്ച്.എം.-ന്റെ കാര്യത്തിൽ 2015 വരെ 85:15 ആയിരുന്നു. 15 ശതമാനമാണ് സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം. അത് 60:40 ആയി കുറച്ചിരിക്കുകയാണ്. അങ്ങനെവരുമ്പോൾ അമിതമായ ഭാരം കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്കുമേൽ അടിച്ചേല്പിക്കുകയാണ്. കാർഷിക മേഖലയ്ക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് ഗുരുതരമായ രീതിയിൽ നിലപാട് സ്വീകരിക്കുമ്പോഴാണ് സംസ്ഥാന ഗവൺമെന്റ് ഉല്പാദന മേഖലയിൽ

പഞ്ചായത്തുകൾക്ക് കൊടുക്കുന്ന വിഹിതം വർദ്ധിപ്പിച്ചുകൊണ്ട് നിങ്ങളുടെ ഗവൺമെന്റ് കൊടുത്തതിനേക്കാൾ കൂടുതൽ കൊടുക്കുന്നത്. കാർഷിക മേഖലയുടെ വികസനത്തിനുവേണ്ടി ഗവൺമെന്റ് ചെയ്യുന്ന വളരെ വ്യക്തമായ ഇടപെടലിന്റെ ഭാഗമായിട്ടാണിത്.

ഇവിടെ ചെറു ധാന്യങ്ങൾ ഉൾപ്പെടെയുള്ള ധാന്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയണം. അതോടൊപ്പം ഒരിക്കലും ഒരു വകുപ്പെന്ന നിലയിൽ കൃഷി വകുപ്പിന് മാത്രമായി കാർഷിക മേഖലയുടെ വളർച്ചയെ മുന്നോട്ടു കൊണ്ടുപോകാൻ സാധ്യമല്ല. അതിന് ഇറിഗേഷൻ, സഹകരണം, വനം, മൃഗസംരക്ഷണം, ഗ്രാമവികസനം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ കോ-ഓർഡിനേഷൻ ആവശ്യമാണ്. പ്രധാനമന്ത്രിയുടെ കൃഷി സിഞ്ചായി യോജനയുമായി ബന്ധപ്പെട്ടുള്ള ഇറിഗേഷൻ പ്രോജക്ടിന്റെ കാര്യത്തിൽ നിങ്ങളുടെ ഗവൺമെന്റ് കാണിച്ച വളരെ ഗുരുതരമായൊരു വീഴ്ച ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ ചർച്ച നടത്തിവേണം ഇറിഗേറ്റഡ്, നോൺ ഇറിഗേറ്റഡ് പ്രദേശങ്ങളുടെ പ്ലാനുണ്ടാക്കി പദ്ധതി തയ്യാറാക്കാൻ. പക്ഷേ 14 ജില്ലകളിലും യാതൊരു ശാസ്ത്രീയതയുമില്ലാതെ കേന്ദ്ര ഗവൺമെന്റിന്റെ കയ്യിൽ കിട്ടിയാൽ എടുത്ത് ദൂരെ കളയുന്ന രീതിയിലുള്ള റിപ്പോർട്ടുണ്ടാക്കി. ഈ ഗവൺമെന്റ് വന്നതിനുശേഷം കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടുകയും ഇത് വളരെ പ്രധാനപ്പെട്ട ഒരു ഉത്തരവാദിത്തമായി എടുത്തു കൊണ്ട് കേന്ദ്ര ഗവൺമെന്റിൽനിന്നും പദ്ധതി വിഹിതം നേടിയെടുക്കാൻ ആവശ്യമായ നിലയിൽ മാറ്റം വരുത്തുകയാണ്. ഈ രീതിയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഈ മേഖലയിൽ ഗവൺമെന്റ് കൊണ്ടുവരികയാണ്.

നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യം, ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ നെൽക്യഷിക്കാർക്ക് കൊടുക്കാനുള്ള കുടിശ്ശിക 339 കോടി രൂപയായിരുന്നു. 7 മാസത്തെ പെൻഷൻ കുടിശ്ശിക 225 കോടി രൂപയും നാളികേര കൃഷിക്കാർക്ക് കൊടുക്കാനുള്ളത് 80 കോടി രൂപയുമാണ്. പ്രകൃതി ദുരന്തംമൂലം 2012 മുതൽ ഒരു നയാപൈസ നിങ്ങൾ കൊടുത്തിട്ടില്ല. 2012-13-ൽ 10.14 കോടി രൂപയും 2013-14-ൽ 13.94 കോടി രൂപയും 2014-15-ൽ 32 കോടി രൂപയും 2015-16-ൽ 36.28 കോടി രൂപയും ഉൾപ്പെടെ 92 കോടി രൂപയാണ് ഈ പാവപ്പെട്ട കൃഷിക്കാർക്ക് നിങ്ങൾ കൊടുക്കാനുള്ളത്. ഒരു വാഴ പോയാൽ കൃഷിക്കാരന് കൊടുക്കുന്ന 100 രൂപ അടക്കമുള്ള തുക മൂന്നുനാല് കൊല്ലമായി നിങ്ങൾ കൊടുത്തിട്ടില്ല.

നിങ്ങൾ കർഷക പെൻഷൻ കുടിശ്ശികയെപ്പറ്റി പറഞ്ഞു. 5 ഏക്കർ ഭൂമിയുണ്ടാകണം, 60 വയസ്സ് കഴിയണം എന്നൊക്കെയാണ് നിങ്ങൾ പെൻഷന്റെ മാനദണ്ഡമുണ്ടാക്കിയത്. ഇപ്പോൾ ഒറ്റ മാനദണ്ഡമാണ്, ഒരു വരുമാന മാനദണ്ഡവുമില്ലാതെ ധാരാളം ആളുകൾക്ക് പെൻഷൻ കൊടുക്കാൻ കഴിയുമോ? വെൽഫെയർ ബോർഡില്ല. ഖജനാവിൽനിന്നും നേരിട്ട് പണം കൊടുക്കണം. കഴിഞ്ഞ വർഷം മാത്രം ഒരു ലക്ഷത്തി അമ്പത്തിയാറായിരം കൃഷിക്കാരുടെ എണ്ണമാണ് വർദ്ധിച്ചത്. മൂന്ന് ലക്ഷത്തി അമ്പത്തിയാറായിരം കൃഷിക്കാർക്കാണ് പെൻഷൻ കൊടുക്കേണ്ടത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ ഒരു മാനദണ്ഡവും നോക്കാതെ ഖജനാവിലുണ്ടായിരുന്ന 112 കോടി രൂപ അതുവരെയുള്ള ഏഴ് മാസത്തെ കുടിശ്ശിക കൊടുത്തുതീർത്തു. നിങ്ങൾ അത് പറയാത്തത് എന്താണ്? ഇവിടെ ഒരു പൈസ മാറ്റിവച്ചില്ല. ഇതിൽ അനധികൃതമായി ധാരാളം ആളുകളുണ്ടെന്നും അത് പരിശോധിക്കണമെന്നും ധനകാര്യ വകുപ്പ് ഞങ്ങളോട് പറഞ്ഞു. അത് പരിശോധിക്കേണ്ട എന്നാണോ നിങ്ങളുടെ അഭിപ്രായം? ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ കാർഷിക നയത്തിന്റെ ഭാഗമായി നിങ്ങൾ ആരംഭിക്കാൻ തീരുമാനിച്ച കർഷക ക്ഷേമ ബോർഡ് ഞങ്ങൾ തള്ളിക്കളയുകയല്ല. ആ കർഷക ക്ഷേമ ബോർഡ് കേരളത്തിൽ രൂപീകരിക്കാനും പെൻഷൻ പദ്ധതി ആ ബോർഡിനെ ഏൽപ്പിക്കാനും പോകുകയാണ്. അതിനുമുമ്പായി ഈ രംഗത്ത് നിലനിൽക്കുന്ന അവ്യക്തതകൾ മാറ്റാനും മാനദണ്ഡം പുതുക്കി നിശ്ചയിക്കാനും കൃഷി വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് നിശ്ചയിച്ചുകഴിഞ്ഞാൽ ഒരു താമസവുമില്ലാതെ എല്ലാവർക്കും പെൻഷൻ കൊടുക്കും. റബ്ബർ കൃഷിക്കാരെക്കുറിച്ച് ഇന്നലെ കെ. എം. മാണി സാർ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് ഞാൻ മറുപടി പറഞ്ഞതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് എനിക്ക് ചോദിക്കാനുള്ളത് വാസ്തവത്തിൽ ഇന്നലെ അങ്ങ് വാക്കൗട്ട് നടത്തിയത് ശ്രീ. പി. ചിദംബരത്തിന് എതിരെ ആയിരുന്നില്ലേ?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. പി. ചിദംബരം പോയിട്ട് എത്രയോ കാലമായി.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ശ്രീ. പി. ചിദംബരം പോയിട്ടും അദ്ദേഹത്തിന്റെ ദോഷം ഇപ്പോഴും നിലനില്ക്കുന്നുവെന്ന് പറഞ്ഞാൽ എത്രമാത്രം പ്രശ്നമാണ് അദ്ദേഹം ഉണ്ടാക്കിയതെന്ന് മനസ്സിലായില്ലേ? ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ചോദിക്കുന്നു, അന്ന് നിങ്ങൾ ആരംഭിച്ച നയമാണല്ലോ ഈ കാര്യങ്ങൾക്കെല്ലാം കാരണം. ശ്രീ. എസ്. ശർമ്മ ആസിയാൻ കരാറിനെപ്പറ്റി

ഇവിടെ നേരത്തെ സൂചിപ്പിച്ചു. റബ്ബർ കൃഷിക്കാർക്ക് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് 300 കോടി രൂപ മാറ്റിവച്ചു. പിന്നീട് അത് 500 കോടി രൂപയായി വർദ്ധിപ്പിച്ചുവെന്ന് ബഹുമാന്യനായ മുൻമുഖ്യമന്ത്രി പറഞ്ഞു. ഞാൻ വീണ്ടും കണക്ക് നോക്കി. 60 കോടി രൂപയിൽ താഴെയാണ് നിങ്ങൾ കൊടുത്തിരിക്കുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങ് ഇവിടെ അസത്യം പറയില്ലായെന്ന് ഞാൻ വിശ്വസിക്കുന്നു. ഇത് അങ്ങയെ തെറ്റിദ്ധരിപ്പിച്ചതാണ്. കഴിഞ്ഞ ബജറ്റിലെ 300 കോടി രൂപയും ചെലവഴിച്ചു. അങ്ങ് ഒരു കണക്ക് പറഞ്ഞു. അതുകൊണ്ടാണ് അങ്ങയെ തെറ്റിദ്ധരിപ്പിച്ചെന്ന് ഞാൻ പറഞ്ഞത്. ഈ വർഷത്തെ ബജറ്റിൽ 500 കോടി രൂപയുണ്ട്. ആ 500 കോടി രൂപയിൽ ആറുമാസമായി നിങ്ങൾ 254 കോടി രൂപ കൊടുത്തുവെന്ന് പറയുന്നത് ശരിയാണ്. അത് ഈ വർഷത്തേയ്ക്കുള്ളതാണ്. ഞാൻ ആധികാരികമായി പറയുകയാണ് ഞങ്ങൾ കഴിഞ്ഞ വർഷത്തെ 300 കോടി രൂപയും കൊടുത്തിട്ടുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ അങ്ങയോട് തർക്കിക്കാൻവേണ്ടി പറയുന്നതല്ല. അങ്ങയോട് ഒരു കാര്യം പറയാനുണ്ട്. പ്രധാനപ്പെട്ട കാര്യം വ്യക്തമാക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. 60 കോടി രൂപയിൽ താഴെയാണ് നിങ്ങൾ കൊടുത്തിരിക്കുന്നതെന്ന് പറഞ്ഞല്ലോ; ഈ ഗവൺമെന്റ് വന്നശേഷമാണ് ബാക്കി വരുന്ന 300 കോടി രൂപയിലെത്തിക്കുന്ന തുക പൂർണ്ണമായി കൊടുത്തത്. നിങ്ങളുടെ 300 കോടി രൂപ കൊടുക്കാൻ ഞങ്ങൾ വരേണ്ടിവന്നു എന്നേയുള്ളൂ. അതൊന്നും ആരും ഇതുവരെ പറഞ്ഞിട്ടില്ല. ഇനി 500 കോടി രൂപ മാറ്റിവച്ചത് ഞങ്ങൾ അടുത്തവർഷം തീർച്ചയായും കൊടുക്കും. രണ്ടാംഘട്ടം രജിസ്ട്രേഷന്റെ കാര്യത്തിലുള്ള അവ്യക്തത മാറ്റാൻവേണ്ടി അത് നീട്ടിക്കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഞാൻ അങ്ങയോട് തർക്കിക്കാനോ അങ്ങ് പറഞ്ഞ കാര്യങ്ങൾ ഇല്ലാതാക്കാൻവേണ്ടിയോ പറയുന്നതല്ല. വസ്തുത വസ്തുതയായി തന്നെ കാണണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങ് പറഞ്ഞപ്പോൾ ഞാൻ ആകെ പകച്ചുപോയി. കാരണം എന്റെ കയ്യിലുള്ള കണക്ക് വ്യത്യസ്തമാണ്. അതുകൊണ്ട് ഇന്നലെ ഞാൻ ഡിപ്പാർട്ട്മെന്റിൽനിന്ന് ചെക്ക് ചെയ്തു. അതനുസരിച്ചാണ് 300 കോടി രൂപ കൊടുത്തുകഴിഞ്ഞുവെന്ന് മനസ്സിലായത്. ഈ വർഷത്തെ 500 കോടി രൂപയിൽ നിന്ന് 254 കോടി രൂപ നിങ്ങൾ കൊടുത്തിട്ടുണ്ട്. അത് ഞാൻ സമ്മതിക്കുന്നു. അത് ഈ വർഷത്തെ ആറുമാസത്തേയ്ക്കുള്ളതാണ് കൊടുത്തിരിക്കുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങനെയല്ല. കഴിഞ്ഞവർഷത്തെ 300 കോടി രൂപയിൽ നിങ്ങൾ ഒന്നും കൊടുക്കാതിരുന്നതാണ്. ഇപ്പോൾ ഞാൻ കഴിഞ്ഞ ബജറ്റിൽ വച്ച 113 കോടി രൂപയാണ് കർഷക പെൻഷനുവേണ്ടി കൊടുത്തിരിക്കുന്നത്. വ്യക്തികൾ മാത്രമേ മാറുന്നുള്ളൂ; ഗവൺമെന്റ് മാറുന്നില്ല. അതിനകത്ത് കൊടുക്കാൻ തീരുമാനിക്കുന്ന ഒരു ഡിറ്റർമിനേഷനുണ്ട്; അവിടെയാണ് വ്യത്യാസം. നിങ്ങൾ 56 കോടി രൂപ കൊടുത്ത് അവസാനിപ്പിച്ചപ്പോൾ ഞങ്ങൾ അത് 300 കോടി രൂപയായി തികച്ച് കൊടുത്തു. അതല്ലാതെ ഞങ്ങൾ ഒന്നും ചെയ്തില്ല. As on date നോക്കിയാൽ മതി. ഞാൻ തർക്കിക്കാൻ പറയുന്നതല്ല. നാളികേര സംഭരണത്തിന്റെ കാര്യത്തിൽ ഒരുപാട് പ്രശ്നങ്ങൾ നിലനില്ക്കുന്നു. പ്രതിപക്ഷാംഗങ്ങൾ പറഞ്ഞ വിമർശനത്തെ ഞാൻ ഉൾക്കൊള്ളുകയാണ്. കേരഫെഡിന് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽനിന്ന് വിട്ടൊഴിയുമ്പോൾ 65 കോടി രൂപ ഫിക്സഡ് ഡെപ്പോസിറ്റുണ്ടായിരുന്നതാണ്. ആ കേരഫെഡാണ് ഇതിന്റെ സംഭരണം ഏറ്റെടുത്തിരിക്കുന്നത്. കേരഫെഡിന്റെ നാളികേര സംഭരണത്തെ സംബന്ധിച്ച് ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ റിപ്പോർട്ട് ഞങ്ങളാണ് പരിശോധിച്ചത്. ആ റിപ്പോർട്ടിൽ പറയുന്ന കാര്യം, നാളികേരം സംഭരിച്ച് കൊപ്രയാക്കി കൊടുക്കുന്നതുമായി ബന്ധപ്പെട്ട് സംഭരണ കാര്യത്തിൽ നടന്ന ഗുരുതരമായ അഴിമതിയാണ്. അത് ഒന്നോ രണ്ടോ കോടി രൂപയുടെ അഴിമതിയല്ല; നിരവധി കോടികളുടെ അഴിമതിയാണ്. ആ അഴിമതി കണ്ടുപിടിക്കുകയും വിജിലൻസിനെ കൊണ്ട് അന്വേഷിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഈ ഗവൺമെന്റ് വന്നശേഷം 57 കോടി രൂപ കുടിശ്ശിക കൊടുത്തു. കേരഫെഡിന്റെ ഉത്പാദനം തകർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഓണക്കാലത്ത് മാത്രം 2700 മെട്രിക് ടൺ വെളിച്ചെണ്ണ ഉത്പാദിപ്പിച്ചു. കേരഫെഡിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ഉത്പാദനമാണിത്. ഉത്പാദനം വർദ്ധിപ്പിക്കുകയും കേരഫെഡിനെ കുറച്ചുകൂടി സജീവമാക്കുകയും ചെയ്തു. കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട് നാലു കൊല്ലമായി നിങ്ങൾ നാഫെഡുമായി ഒരിടപാടും നടത്തിയില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയെ അങ്ങോട്ടയയ്ക്കുകയും ഇടപാട് നടത്തുകയും നാഫെഡുമായി കൊപ്ര സംഭരണത്തിന് ഒരു എഗ്രിമെന്റ് ഉണ്ടാക്കുകയും ചെയ്തു. ഞങ്ങൾ ഇവരെയെല്ലാം വിളിച്ചിരിക്കുകയാണ്. കുടിശ്ശിക വിതരണവുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്ന അഴിമതി ഗുരുതരമാണെന്ന് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കണ്ടുപിടിച്ചിരിക്കുന്ന സാഹചര്യത്തിൽ കഴിഞ്ഞ ഭരണസമിതിയുടെ കാലത്ത് നടന്നിരിക്കുന്ന കണക്കുകൾ കൃത്യമായി രേഖപ്പെടുത്തിത്തരാതെ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് പണം കൊടുക്കാൻ കഴിയില്ലെന്നുള്ള നിലപാട് സ്വീകരിച്ചിരിക്കുകയാണ്. അത്

ന്യായമായ ഇടപാടാണ്. തള്ളിക്കളയാൻ കഴിയുന്ന കാര്യമല്ല. അതുകൊണ്ട് ഗവൺമെന്റ് കൊടുക്കേണ്ട പണം കൊടുക്കാൻ ഒരു തടസ്സമുണ്ടായി. എന്നാൽ ഗവൺമെന്റ് വെറുതെയിരുന്നില്ല. ഗവൺമെന്റ് നാഫെഡിനെയും കേരഫെഡിനെയും മാർക്കറ്റ് ഫെഡിനെയും വിളിച്ച് നാളികേരം സംഭരിക്കാനുള്ള സംവിധാനമുണ്ടാക്കുന്നതിനെപ്പറ്റി ആലോചിച്ചു. അതിനുശേഷം ഫിനാൻസ് ഡിപ്പാർട്ടുമെന്റുമായി ചർച്ച നടത്തുകയും കേരഫെഡ് ലോൺ എടുത്താൽ ഗവൺമെന്റ് ഗ്യാരന്റി കൊടുക്കാമെന്ന ഒരു നിലപാട് ഇപ്പോൾ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് സ്വീകരിച്ചിരിക്കുകയാണ്. ആ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ കേരഫെഡ് സംസ്ഥാന സഹകരണ ബാങ്കിൽ നിന്നോ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോ ലോൺ എടുത്താൽ, കൃഷിക്കാർക്ക് കൊടുക്കാനുള്ള തുക മുഴുവൻ കൊടുക്കാൻ കഴിയുമെന്നുള്ള ഒരു തീരുമാനം ഗവൺമെന്റ് എടുത്തുകഴിഞ്ഞിട്ടുണ്ട്. അതുവരെ നിങ്ങൾ ക്ഷമിക്കണം. ഈ അഴിമതിയാണ് തുക കൊടുത്തുതീർക്കാൻ തടസ്സമായതെന്ന് ഞാൻ വളരെ വ്യക്തമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. പി. ജെ. ജോസഫ്:</u> സർ, പച്ചത്തേങ്ങ സംഭരിക്കുന്നത് നിർത്തിവയ്ക്കേണ്ട കാര്യമില്ല. അത് പാരലലായിട്ട് തുടരാമല്ലോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, സംഭരണം നിർത്തിയിട്ടില്ല. സംഭരണം തുടരുകയാണ്. എവിടെയെങ്കിലും സംഭരണം നിർത്തിയിട്ടുണ്ടെങ്കിൽ, അത് അവിടെനിന്ന് എടുക്കുന്നതിലുള്ള തടസ്സം മാറ്റി പത്തോ പതിനഞ്ചോ ദിവസം എടുത്താലും വീണ്ടും അവിടെ നിന്ന് എടുക്കുകയാണ്. ഒരു ഫാമിൽനിന്നും രണ്ടുമാസത്തിൽ 10 നട്ടുകൾ എന്ന നിലയിൽ, ഇത് നിങ്ങളുണ്ടാക്കിയ ഒരു മാനദണ്ഡമാണ്. ഞങ്ങൾ അത് മാറ്റിയിട്ടില്ല; മാറ്റാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ ഒരു ഫാമിൽ നിന്നും 15 നട്ടുകളെങ്കിലും എടുക്കാനും തുക ഇരുപത്തിയഞ്ചോ ഇരുപത്തിയേഴോ ആയി വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ പ്രശ്നം പരിഹരിച്ചുകഴിഞ്ഞാൽ മുൻകാലപ്രാബല്യത്തോടുകൂടി അതിനാവശ്യമായ നടപടികൾ എടുക്കും. അതിനുള്ള സാവകാശം വേണം. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾകൂടി അത് മനസ്സിലാക്കണം. ഗവൺമെന്റിന് ഇക്കാര്യത്തിൽ ഒന്നും മറച്ചുവയ്ക്കാനില്ല. വ്യക്തമായ രീതിയിൽതന്നെ മുന്നോട്ടുപോകും. ഒരു സ്ഥലത്തും നാളികേര സംഭരണം നിർത്തിവച്ചിട്ടില്ല; നാളികേരം നേരത്തെ എടുത്തുകൊണ്ടിരുന്നതു പോലെതന്നെ തുടരുകയാണ്. കൃഷിക്കാർതന്നെ പറയുന്ന ഒരു കാര്യം, പണം തന്നില്ലെങ്കിലും കുഴപ്പമില്ല, പിന്നീട് തന്നാൽ മതി നാളികേരം വാങ്ങണമെന്നാണ്. കാരണം നാളികേരം അവിടെ സൂക്ഷിക്കാൻ കഴിയില്ല. ഞങ്ങളുടെ രീതി നാളികേരം പൊതിച്ചു വാങ്ങുകയെന്നുള്ളതാണ്. ഇങ്ങനെ വാങ്ങുന്ന നാളികേരം സൂക്ഷിക്കാൻ കഴിയില്ല.

392 കൃഷിഭവനുകൾ വഴിയാണ് വാങ്ങിക്കൊണ്ടിരിക്കുന്നത്. നിങ്ങൾ വാങ്ങിക്കൊണ്ടിരുന്ന അതേ കൃഷിഭവനിൽ നിന്നുതന്നെയാണ് ഞങ്ങളും വാങ്ങുന്നത്. എന്നാൽ പുതിയ അപേക്ഷകൾ ക്ഷണിച്ച് 300 കൃഷിഭവനെന്നുള്ളത് 500 കൃഷിഭവനായി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിനായി 512 അപേക്ഷകൾ കിട്ടിയിട്ടുണ്ട്. ആ 512 അപേക്ഷകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കും.

ശ്രീ. ഇ. പി. ജയരാജൻ: സർ, നാളികേര വികസനത്തിനുവേണ്ടി കേന്ദ്രഗവൺമെന്റ് 50 കോടിയിൽപരം രൂപ നാളികേരവികസന ബോർഡിന് കൊടുത്തു. ആ പണം മുഴുവൻ ആഘോഷം നടത്തി, ഒരു നാളികേര കൃഷിക്കാരനുപോലും സബ്സിഡി ആനുകൂല്യം കൊടുത്തില്ല. ബഹുമാന്യനായ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് ചെയ്തിരിക്കുന്നത്, തമിഴ്നാട്ടിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് കിട്ടുന്ന നാളികേരം വാങ്ങിക്കൊണ്ടുവന്ന് ഇവിടത്തെ സംഭരണ തത്വത്തെയും കൃഷിക്കാരുടെ അനുകൂലമായ സാഹചര്യത്തെയും അപ്പാടെ തകർത്തുകളയുകയാണ്. അതുസംബന്ധിച്ച് ഗവൺമെന്റ് അന്വേഷണം നടത്തണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നാളികേര വികസന ബോർഡ് 29 കമ്പനികൾ രൂപീകരിച്ചു. അതിൽ മൂന്ന് കമ്പനികളൊഴിച്ച് ആർക്കുംതന്നെ പണം കിട്ടിയിട്ടില്ല. അതുസംബന്ധിച്ച് ഗുരുതരമായ അഴിമതി ആരോപണം ഉണ്ടായിട്ടുണ്ട്. ഇതുമാത്രമല്ല കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നടന്ന അഴിമതി ആരോപണത്തെപ്പറ്റിയും അഴിമതിയെപ്പറ്റിയും പറയുകയാണെങ്കിൽ അത് രാഷ്ട്രീയ ചർച്ചയായി മാറിപ്പോകുമല്ലോ എന്ന് വിചാരിച്ച് ഞാൻ പറയാത്തതാണ്. ഞാൻ വിട്ടുവീഴ്ച ചെയ്യുന്നില്ല. അങ്ങനെ ഒരു വിട്ടുവീഴ്ചയും പ്രതീക്ഷിക്കേണ്ട.

5.00 pm]

ശ്രീ. കെ. സി. ജോസഫ്: സർ, നാളികേര സംഭരണം നടക്കുന്നുവെന്ന് പറഞ്ഞു. ഞാൻ പറയുന്ന കണ്ണൂർ ജില്ലയിൽ കഴിഞ്ഞ ഒന്നര മാസക്കാലമായി നാളികേരം സംഭരിക്കുന്നില്ല. കാരണം യാർഡുകളിൽ കൊപ്ര നിറഞ്ഞുകഴിഞ്ഞു; സംഭരിക്കാൻ സാധിക്കുന്നില്ല. അങ്ങ് അത് അന്വേഷിക്കണം. ഈ സഭയിൽ പറയുമ്പോൾ അങ്ങയുടെ പ്രസ്താവന വസ്തുതാപരമായിരിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഏതെങ്കിലും സ്ഥലത്ത് കൊപ്ര യാർഡിൽ നിറയുകയോ സംഭരണം നടത്താൻ കഴിയാതെ വന്നാൽ, കൃഷിക്കാരിൽ നിന്നും തേങ്ങ പൊതിച്ചുവാങ്ങാൻ കഴിയാത്ത സ്ഥലത്ത് രണ്ടാഴ്ചയോ ഒരു മാസമോ ചിലപ്പോൾ നിന്നിട്ടുണ്ടായിരിക്കാം. അതിന്റെ അർത്ഥം നിർത്തിയെന്നല്ല.

കൃഷിക്കാരിൽ നിന്നും വാങ്ങിയത് കേടാകാതിരിക്കാൻ ചെയ്യുന്ന മെക്കാനിസമാണ്. അതിൽ എന്തെങ്കിലും ഉണ്ടെങ്കിൽ പരിശോധിക്കാം. യാതൊരു പ്രശ്നവുമില്ല. ഗവൺമെന്റ് സംഭരണം തുടരാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്. ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞതുപോലെ ഇക്കാര്യത്തിൽ വ്യക്തമായ അന്വേഷണം ഉണ്ടാകുമെന്നാണ് ഞാൻ പറഞ്ഞത്. ഇക്കാര്യത്തിൽ മാത്രമല്ല പല കാര്യങ്ങളിലും ഇതുപോലുള്ള ആരോപണം ഉണ്ടായിട്ടുണ്ട്. അതെല്ലാം അന്വേഷിക്കും. അതിനെക്കാൾ ഗുരുതരമായ വിഷയം നമ്മുടെ മുൻപിലുണ്ട്. ഇനി വലിയ വരൾച്ചയാണ് നമ്മൾ നേരിടാൻ പോകുന്നത്. ഞെട്ടിപ്പിക്കുന്ന വാർത്തകളാണ് ഇപ്പോൾ വയനാട്ടിൽ നിന്നും കേൾക്കുന്നത്. പാലക്കാട്, വയനാട് ജില്ലകളിൽ വെള്ളമില്ലാതെ കൃഷിക്കാർ വളരെ പ്രയാസപ്പെടുകയാണ്. മണ്ണ് ചുട്ടുപൊള്ളി മണ്ണിരകൾ ചാകുന്നു എന്ന പ്രധാനപ്പെട്ട വാർത്തയാണ് വയനാട്ടിൽ നിന്നും വന്നിരിക്കുന്നത്. ഒരുപാട് സ്ഥലങ്ങളിൽ മണ്ണിരകൾ പുറത്തേയ്ക്ക് വന്ന് കൂട്ടമായി ചത്തൊടുങ്ങുകയാണ്. അമ്പലവയൽ യൂണിവേഴ്സിറ്റിയോട് ഇതുസംബന്ധിച്ച് അന്വേഷണം നടത്താൻ പറഞ്ഞിരുന്നു. ഇത് രൂക്ഷമായ വരൾച്ചയുടെ ലക്ഷണമാണെന്നാണ് അവർ പറഞ്ഞിരിക്കുന്നത്. വരൾച്ചാ സമയത്ത് മണ്ണിനടിയിൽ താമസിക്കുന്ന തവളകൾ കൂട്ടത്തോടെ പലായനം ചെയ്യുകയും ചത്തൊടുങ്ങുകയും ചെയ്യുന്ന വാർത്തകളും ഉണ്ട്. സമീപകാലത്ത് ഉണ്ടാകാത്ത വിധത്തിലുള്ള വലിയ വരൾച്ച സംസ്ഥാനം നേരിടാൻ പോകുകയാണ്. ഹരിത കേരളം പരിപാടിയുടെ ഭാഗമായി കൃഷി വകുപ്പും ഹരിത മിഷനും ഒരുമിച്ച് ചേർന്നുള്ള പരിപാടികൾക്കാണ് സംസ്ഥാന ഗവൺമെന്റ് രൂപം നൽകുന്നത്. വരും വർഷങ്ങളിൽ കേരളത്തിൽ ഉണ്ടാകാൻ പോകുന്ന കൊടിയ വരൾച്ച മുന്നിൽക്കണ്ട് മണ്ണിന് ജലലഭ്യത ഉറപ്പാക്കാനും ഭൂഗർഭ ജല സമ്പത്ത് സംരക്ഷിക്കാനുമുള്ള ബൃഹത്തായ പരിപാടികൾ ഇപ്പോഴേ ആരംഭിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഒറ്റക്കെട്ടായ സമീപനം ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കർഷകർക്ക് പെണ്ണ് കിട്ടാൻ ബുദ്ധിമുട്ടുണ്ടെന്ന് ശ്രീ. കെ. രാജൻ പറയുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 65 കർഷകർ ആത്മഹത്യ ചെയ്തുവെന്നും ഒരു ദിവസം 2000 കൃഷിക്കാരാണ് കൃഷിയിൽ നിന്നും അന്യം നിന്നുപോകുന്നതെന്നും, ഓരോ അര മണിക്കൂറിൽ ഒരു കൃഷിക്കാരൻ ആത്മഹത്യ ചെയ്യുന്നുവെന്നും ഇവിടെ പറയുകയുണ്ടായി. ഈ ഗവൺമെന്റിന്റെ കാലത്ത് ഒരു കൃഷിക്കാരനും ആത്മഹത്യ ചെയ്യേണ്ടിവരില്ല, കൃഷിക്കാരെ സംരക്ഷിക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. ഒരു കൃഷിക്കാരന് ആത്മാഭിമാനത്തോടെ തല ഉയർത്തിപ്പിടിച്ച് ഞാനൊരു കൃഷിക്കാരനാണെന്ന് പറയാൻ സാധിക്കുന്ന സാഹചര്യമൊരുക്കുന്നതായിരിക്കും. കൃഷിക്കാർക്ക് പെണ്ണ്

കിട്ടും, ഒരു പ്രശ്നവും ഉണ്ടാകുകയില്ല. ഉൽപ്പാദന മേഖലയിൽ മാറ്റം ഉണ്ട്. മണ്ണിന്റെ ഘടന മുതൽ മാർക്കറ്റ് വരെയുള്ള കാര്യങ്ങളിൽ ഇടപെടണം. കഴിഞ്ഞ ഓണക്കാലത്ത് എല്ലാ വകുപ്പുകളും (സഹകരണ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും) ഒരുമിച്ച് ചേർന്നുകൊണ്ടാണ് ഓണ വിപണിയിൽ ഇടപെട്ടത്. ആയിരക്കണക്കിന് കുടുംബശ്രീ യൂണിറ്റുകളാണ് ഈ രംഗത്ത് വന്നിരിക്കുന്നത്. ഓണ സമൃദ്ധി എന്നൊരു പരിപാടി ആരംഭിച്ചു. കേരളത്തിൽ 1350 പച്ചക്കറി ഔട്ട് ലെറ്റുകൾ ഉണ്ടാക്കി 4800 മെട്രിക് ടൺ പച്ചക്കറി സംഭരിച്ചു. അതിൽ കേരളത്തിലെ കൃഷിക്കാരുടെ 3040 മെട്രിക് ടൺ പച്ചക്കറിയാണ് ഗവൺമെന്റ് സംഭരിച്ചത്. അതിനുമുൻപ് ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിൽ തമിഴ്നാട്ടിലെ കച്ചവടക്കാരന്റെ പച്ചക്കറി സംഭരിച്ച് ആറ് മാർക്കറ്റുകളിലൂടെ ഇവിടെ വിൽപ്പന നടത്തുന്ന സംവിധാനമാണ് നടന്നുകൊണ്ടിരുന്നത്. അതിന് മാറ്റം വരുത്തി. ഇതൊരു മാർക്കറ്റ് ഇന്റർവെൻഷനാണ്. ഈ മാർക്കറ്റ് ഇന്റർവെൻഷൻ ഓണക്കാലത്ത് നടത്തിയത് ഉപഭോക്താക്കളെക്കൂടി ലക്ഷ്യം വച്ചുകൊണ്ടാണ്. കേരളത്തിന്റെ ആവശ്യകത ഏതൊക്കെ മാർക്കറ്റിൽ ഏതൊക്കെ പച്ചക്കറികൾ വേണമെന്നും ഏതൊക്കെ സീസണിൽ ഏതൊക്കെ പച്ചക്കറി ആവശ്യമുണ്ട് എന്നതിനെപ്പറ്റിയും നമ്മളെക്കാൾ വ്യക്തമായി അറിയാവുന്നതും അതിന്റെ സ്ട്രാറ്റജിയുള്ളതും തമിഴ്നാട്ടിലെ അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റിനും അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിക്കുമാണ്. അവരുടെ മാർക്കറ്റിംഗ് സ്ട്രാറ്റജിയാണ് ഇവിടേയ്ക്ക് രണ്ടായിരം കോടിയുടെ പച്ചക്കറി കൊണ്ടുവരുക എന്നത്. അതാണ് വിഷമയമായ പച്ചക്കറി ഇവിടേക്ക് വരാൻ ഇട വരുത്തുന്നത്. ഈ ഓണവിപണിയുടെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ ഒരു മാർക്കറ്റിംഗ് സ്ട്രാറ്റജി ഉണ്ടാക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. 52 ആഴ്ചകൾ അടിസ്ഥാനപ്പെടുത്തി ഓരോ ആഴ്ചയിലും ഏതൊക്കെ വിളകൾ എവിടെയൊക്കെ കൃഷി ചെയ്ത് യീൽഡ് ഉണ്ടാക്കുന്നുവെന്നത് സംബന്ധിച്ച് വ്യക്തമായ ഒരു രൂപരേഖ ഉണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ കേളത്തിലെ ഹോർട്ടികോർപ്പിന് കൂടുതൽ ഔട്ട്ലെറ്റുകൾ ഉണ്ടാക്കാനും കൂടുതൽ ഇക്കോ ഷോപ്പുകളിലൂടെയും കൃഷി വകുപ്പ് ഇപ്പോൾ ആരംഭിച്ചിരിക്കുന്ന ക്ലസ്റ്ററുകളിലൂടെയും സ്വയംസഹായ സംഘങ്ങളുടെ ഔട്ട്ലെറ്റുകളിലൂടെയും സഹകരണ ബാങ്കുകൾ നടത്തുന്ന ഔട്ട്ലെറ്റുകളി ലൂടെയുമെല്ലാം കൃഷിക്കാരന്റെ ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വാങ്ങുമെന്ന് ഉറപ്പാക്കാനുള്ള സംവിധാനം ഗവൺമെന്റ് ഉണ്ടാക്കി. 52 ആഴ്ചകൾ കേന്ദ്രീകരിച്ചു കൊണ്ട് കൃഷിക്കാരന് നഷ്ടമുണ്ടാകാത്ത രീതിയിലുള്ള procurement system കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്.

ഡോ. എൻ. ജയരാജ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ അങ്ങ് വന്നപ്പോൾ കണ്ട കൃഷിക്കാർ തന്നെ തയ്യാറാക്കുന്ന, അവർതന്നെ നേതൃത്വം നൽകുന്ന ഗ്രീൻഷോർ എന്ന കാർഷിക മാർക്കറ്റ് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ കഴിഞ്ഞാൽ ആഭ്യന്തര ഉൽപ്പാദനം വളരെ കൃത്യമായി ഏറ്റവും ന്യായമായ വിലയ്ക്ക് കൃഷിക്കാർക്ക് നൽകാൻ കഴിയും. കഴിഞ്ഞ രണ്ടുവർഷക്കാലമായി കാഞ്ഞിരപ്പള്ളിയിൽ വളരെ നല്ല നിലയിൽ പ്രവർത്തനം നടക്കുന്നുണ്ട്. നമ്മുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ അത് സംസ്ഥാന വ്യാപകമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തീർച്ചയായിട്ടും. ഞാൻ അന്ന് അങ്ങയുടെ മണ്ഡലത്തിൽ വന്നപ്പോൾ പറഞ്ഞിരുന്ന കാര്യമാണ്. ഏറ്റവും മാതൃകാപരമായി നടക്കുന്ന കൃഷിക്കാരുടെ കൂട്ടായ്മയാണത്. ആ കൂട്ടായ്മയുടെ രീതിയിൽ ഇവിടെ 159 ബ്ലോക്കുകളിൽ 2 ക്ലസ്റ്ററുകൾ വീതം ആരംഭിക്കാനും ഈ രൂപത്തിലുള്ള കൃഷിക്കാരുടെ കൂട്ടായ്മ ഓരോ സ്ഥലത്തും ഉണ്ടാക്കാനും അവരുടെ മാർക്കറ്റുകൾ അവർ തന്നെ കണ്ടെത്താനും അവർക്ക് ആവശ്യമായ ഒരു ഇ-പ്ലാറ്റ്ഫോം ഗവൺമെന്റ് ഉണ്ടാക്കുകയാണ്. ഏത് കൃഷിക്കാരന്റെയും ഉൽപ്പന്നത്തെ സംബന്ധിച്ച് നമ്മുടെ ഏറ്റവും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയായ ഇൻഫർമേഷൻ ടെക്നോളജിയുമായി കൂട്ടിച്ചേർത്തുകൊണ്ട് ഒരു ഇ-പ്ലാറ്റ്ഫോം ഉണ്ടാക്കാൻ ഉദ്ദേശിക്കുകയാണ്. കാസർഗോഡ് ജില്ലയിൽ അമിത ഉൽപ്പാദനം ഉണ്ടെങ്കിൽ അത് ഇവിടേയ്ക്ക് ട്രാൻസ്പോർട്ട് ചെയ്യാനുള്ള സംവിധാനം ഉണ്ടാകും. കർഷകന് കൃത്യമായ വില കിട്ടാനാവശ്യമായ രീതിയിൽ ഒരു മാർക്കറ്റിംഗ് സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, കുറഞ്ഞ വിലയ്ക്ക് കാരറ്റ് വാങ്ങി ഒരു കിലോയ്ക്ക് 25 രൂപ വച്ച് കൂടിയ വിലയ്ക്ക് നിങ്ങൾ എറണാകുളത്ത് വിറ്റത് സംബന്ധിച്ച് ചാനലുകൾ എല്ലാം റിപ്പോർട്ട് ചെയ്തിരുന്നു. ഇതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, വട്ടവട-കാന്തല്ലൂർ പ്രദേശത്ത് നിങ്ങളുടെ ഗവൺമെന്റ് ഒരു കൊല്ലക്കാലം 400 ടൺ പച്ചക്കറിയാണ് എടുത്തതെങ്കിൽ ഈ ഗവൺമെന്റ് ഓണക്കാലത്ത് മാത്രം 661 മെട്രിക് ടൺ പച്ചക്കറി വാങ്ങി. കൃഷിക്കാരന്റെയും സഹകരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെയും ഒരു കമ്മിറ്റി ഉണ്ടാക്കി അവർ നിർദ്ദേശിച്ച വിലയ്ക്കാണ് വാങ്ങിയത്. വെറുതേ തെറ്റിദ്ധരിപ്പിക്കരുത്. ഇന്നുവരെ ഒരു കൃഷിക്കാരനും പറയാത്ത പരാതി 'ക്ഷീരമുള്ളൊരു അകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിനു

കൗതുകം' എന്ന് പറയരുത്. ഇവിടെ കൃഷി വകുപ്പ് ആത്മാർത്ഥമായി ഇടപെട്ടതാണ്. കൃഷി വകുപ്പ് ഇടപെട്ടതിൽ എന്തെങ്കിലും തെറ്റുണ്ടെന്ന് ഏതെങ്കിലും ഒരു കൃഷിക്കാരൻ നെഞ്ചത്ത് കൈവച്ച് പറയട്ടെ. നിങ്ങൾ പറഞ്ഞ കാര്യത്തിൽ സത്യമുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കും.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അപ്പുറത്തുള്ളവർ സത്യം പഠിച്ചിട്ട് പറയുന്നതായിരിക്കും നല്ലത്. കച്ചവടക്കാരാണ് കൃഷിക്കാരായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കച്ചവടം നടത്തിക്കൊണ്ടിരുന്നത്. ഇപ്പോൾ കൃഷിക്കാരനാണ് ഉൽപ്പന്നം കൊടുക്കാൻ തുടങ്ങിയിട്ടുള്ളത്. അതിന്റെ തുടക്കത്തിൽ ചില പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. അത് പരിഹരിക്കാൻ ഓരോ പഞ്ചായത്തിലും ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഇടപെട്ടിട്ടുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് വട്ടവട-കാന്തല്ലൂർ പ്രദേശത്തെ കൃഷിക്കാർക്ക് അവരുടെ ഉൽപ്പന്നങ്ങൾ ചമ്പ് വിലയ്ക്ക് വിൽക്കേണ്ടി വന്നു. ഒരു ഹോർട്ടികോർപ്പും അന്വേഷിച്ചുപോയില്ല. ഇപ്പോഴാണ് അവർക്ക് നാഥനുണ്ടെന്ന് മനസ്സിലായത്. അവിടെ ഒരു ദിവസം നമുക്ക് രണ്ടുപേർക്കും കൂടി പോകാം.

ശ്രീ. പി. ടി. തോമസ്: സർ, വട്ടവട-കാന്തല്ലൂർ പ്രദേശത്ത് കുറഞ്ഞ വിലയ്ക്ക് സാധനം വാങ്ങി കൂടിയ വിലയ്ക്കാണ് വിറ്റത്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ബഹുമാന്യനായ പി.ടി. തോമസ് പറഞ്ഞതിൽ എന്തെങ്കിലും വസ്തുതയുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കും. മാത്രമല്ല ബഹുമാന്യനായ പി.ടി തോമസ്, നമുക്ക് ഒരു ദിവസം അവിടെ പോകാം.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, ഒർക്കാടിയയിൽ ഒരു കൃഷി വിദ്യാലയ കേന്ദ്രമുണ്ട്. ഇപ്പോഴത് പാതി വഴിയിൽ ഉപേക്ഷിച്ചിരിക്കുകയാണ്. പത്തേക്കറോളം സ്ഥലമുണ്ട്. അത് പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അത് ശരിയാണ്. അങ്ങ് പറഞ്ഞ വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കാം. കാർഷിക മേഖലയിലെ ഉൽപ്പാദനത്തെക്കുറിച്ചും മാർക്കറ്റിംഗിനെക്കുറിച്ചും മാത്രം ചിന്തിച്ചിട്ട് കാര്യമില്ല. വാല്യൂ അഡീഷൻ സെക്ടറിനെ സംബന്ധിച്ചാണ് ഗവൺമെന്റ് ഏറ്റവും ഗൗരവമായി ആലോചിക്കുന്നത്. കേരളം ഇന്ത്യയിൽ ഏറ്റവും അധികം നാളികേരം ഉല്പാദിപ്പിക്കുന്ന സംസ്ഥാനമാണെങ്കിലും നാളികേരത്തിന്റെ ആറ് ശതമാനം

പോലും വാല്യൂ അഡീഷനുണ്ടാക്കുന്നില്ല. ഇതാണ് നമ്മുടെ ഏറ്റവും വലിയ പ്രശ്നം. ശ്രീലങ്ക, ഫിലിപ്പൈൻസ് ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ഇരുപത്തിനാലും ഇരുപത്തിയാറും തരത്തിലുള്ള വാല്യൂ അഡീഷൻ ഉല്പന്നങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലുണ്ടാക്കുമ്പോൾ കേരളത്തിൽ അതിന് കഴിയുന്നില്ല. 29 പ്രൊഡക്ഷൻ കമ്പനികളുടെ യോഗം ഞാൻ വിളിച്ചുകൂട്ടി. നീര ഉല്പാദിപ്പിക്കുന്ന കാര്യത്തിൽ ടെക്നോളജിക്കലി അവർ വളരെ പുറകിലാണ്. സ്റ്റാന്റേർഡ് വളരെ മോശമാണെന്ന് പറയുന്നു. അവർക്ക് പാക്കിംഗ് സിസ്റ്റമില്ല, വേണ്ടത്ര ടെക്നോളജി ഇല്ല. അതുകൊണ്ടാണ് ക്രോപ്പുകളെ അടിസ്ഥാനപ്പെടുത്തി 14 ജില്ലകളിലും അഗ്രോ പാർക്കുകൾ നിർമ്മിക്കാൻ 500 കോടി രൂപ ഈ ഗവൺമെന്റ് മാറ്റിവച്ചിരിക്കുന്നത്. ഓരോ പ്രദേശത്തുമുണ്ടാക്കുന്ന അഗ്രോ പാർക്കുകളിൽ എല്ലാ മേഖലയിലുമുള്ള സംരംഭകർക്കുവേണ്ടി ഉല്പന്നങ്ങൾ ഏതാണോ അതിനാവശ്യമായ ഏറ്റവും അന്താരാഷ്ട്ര നിലവാരമുള്ള ടെക്നോളജി അവിടെ പ്രൊവൈഡ് ചെയ്തുകൊടുക്കും. ഫെസിലിറ്റി സെന്റർ എന്ന നിലയിലാണ് അഗ്രോ പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ മുന്നോടിയായി കേരളത്തിൽ കൃഷിക്കാർക്ക് ലാഭവിഹിതമുണ്ടാകണമെന്നുള്ള ലക്ഷ്യത്തോടെ 2016 ഡിസംബർ മാസം 1-ാം തീയതി മുതൽ 5-ാം തീയതി വരെ അന്താരാഷ്ട്ര നിലവാരത്തിലുള്ള വാല്യൂ അഡീഷൻ പോളിസി വർക്ക്ഷോപ്പ് നടത്താൻ തീരുമാനിച്ചിരിക്കുന്നു. ആ പോളിസി വർക്ക്ഷോപ്പിൽ, കേരളത്തിൽ ഇപ്പോൾ കാർഷികാധിഷ്ഠിതമായി ആരംഭിച്ചിരിക്കുന്ന വാല്യൂ അഡീഷൻ ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളേയും പ്രവർത്തിക്കുന്ന ആളുകളേയും പുതിയതായി വരാനാഗ്രഹിക്കുന്ന ആളുകളെയുമെല്ലാം സെലക്ട് ചെയ്തു കൊണ്ടിരിക്കുകയാണ്. അവർക്കെല്ലാം വേണ്ടിയാണ് വാല്യൂ അഡീഷൻ പോളിസി വർക്ക്ഷോപ്പ് നടത്തുന്നത്. ഇവിടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുമ്പോൾ അതിലൊരു വിഹിതം കൃഷിക്കാരനുകൂടി ലഭ്യമാകുന്ന വിധത്തിലുള്ള ഒരു പോളിസിയുണ്ടാക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. റബ്ബറിന്റെ വില കുറയുമ്പോഴും ടയറിന്റെ വില മാറുന്നില്ല, ടയറിന്റെ വില കൂടിക്കൊണ്ടിരിക്കുകയാണ്. ഒരു ലിറ്റർ പാൽ 29 രൂപയ്ക്ക് കിട്ടുമ്പോൾ 190 രൂപയ്ക്കാണ് അത് വിൽക്കുന്നത്. 8 രൂപയ്ക്ക് കിട്ടുന്ന നാളികേരം മൂല്യവർദ്ധിത ഉല്പന്നമുണ്ടാക്കുമ്പോൾ നൂറോ നൂറ്റമ്പതോ രൂപ ആവുകയാണ്. ഒരു കിലോ ഉരുളക്കിഴങ്ങ് 80 രൂപയ്ക്ക് വാങ്ങുമ്പോൾ 690 രൂപയ്ക്ക് വിൽക്കുകയാണ് കൃഷിക്കാരന്

അതിൽ നിന്നൊന്നും ഗുണം കിട്ടുന്നില്ല. കൃഷിക്കാരനുകൂടി ലാഭവിഹിതം കിട്ടത്തക്കവിധത്തിൽ ഒരു പോളിസിയുണ്ടാക്കാൻ ഉദ്ദേശിച്ചുകൊണ്ടും കേരളത്തിന്റെ തനതായ കാർഷിക കാലാവസ്ഥയുള്ള ഫിലിപ്പൈൻസ്, ശ്രീലങ്ക ഉൾപ്പെടെയുള്ള മറ്റ് രാജ്യങ്ങളിലടക്കം, ഇപ്പോൾ നടക്കുന്ന വാല്യൂ അഡീഷൻ ഇൻഡസ്ട്രിയിലെ ടെക്നോളജി കൂടി കൊണ്ടുവന്ന് പരിചയപ്പെടുത്താൻ ഉതകുന്ന വിധത്തിലുള്ള അഞ്ച് ദിവസത്തെ വാല്യൂ അഡീഷൻ വർക്ക്ഷോപ്പ് ഗവൺമെന്റ് നടത്താൻ പോകുകയാണ്. ആ വർക്ക്ഷോപ്പോടുകൂടി കേരളത്തിൽ മൂല്യ വർദ്ധിത ഉല്പാദന രംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ കഴിയുമെന്നും സംസ്ഥാനത്തെ ചെറുപ്പക്കാരായ ആളുകളെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരാൻ കഴിയുമെന്നും ഗവൺമെന്റ് പ്രതീക്ഷിക്കുകയാണ്. ഈ വാല്യൂ അഡീഷൻ വർക്ക്ഷോപ്പിന്റെ ഭാഗമായി കർഷക യുവജനസംഗമം നടത്തുകയാണ്. ഇപ്പോൾ കാർഷിക മേഖലയിൽ താൽപ്പര്യത്തോടുകൂടി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ചെറുപ്പക്കാരേയും പുതിയ തലമുറയിൽപ്പെട്ട ആളുകളേയും ഐ.ടി. വിദഗ്ദ്ധരായ ചെറുപ്പക്കാരേയും അവിടെ വിളിച്ചുചേർത്തുകൊണ്ട് ഒരു പുതിയ തലമുറയെക്കൂടി കൃഷിയിലേയ്ക്ക് കൊണ്ടുവരാനുള്ള ഉദ്യമം ഗവൺമെന്റ് ആരംഭിക്കുകയാണ്. ഇതിന്റെ കൂടി ഭാഗമായി ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമായി ആലോചിച്ച് അടുത്ത അധ്യയനവർഷം മുതൽ ഒന്നാം ക്ലാസ്സുമുതലുള്ള പാഠ്യപദ്ധതിയിൽ കൃഷി ഒരു പാഠ്യവിഷയമാക്കി മാറ്റുന്നതാണ്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ഒരു കുട്ടി മലയാളം പഠിക്കാതെ പത്താം ക്ലാസ് പാസ്സാകും, എന്നാൽ അടുത്ത വർഷം മുതൽ കേരളത്തിൽ കൃഷി പഠിക്കാതെ ഒരു കുട്ടിക്കും പത്താം ക്ലാസ് പാസ്സാകാൻ സാധിക്കാത്ത വിധത്തിൽ, കുട്ടികളെ കൃഷി പഠിപ്പിക്കണം. ഇവിടെയിരിക്കുന്ന പലരും നല്ല കൃഷിക്കാരാണ്. എനിക്ക് ഉമ്മൻ ചാണ്ടി സാറിനോട് പറയാനുള്ളത്, ഞാൻ സാറിന്റെ പള്ളിയുടെ അടുത്ത് പോയിരുന്നു. പള്ളിയുടെ അടുത്ത് 57 ഏക്കർ തരിശ് സ്ഥലം കിടക്കുന്നുണ്ടെന്ന് മനസ്സിലായി. അങ്ങ് മുൻകൈ എടുത്ത് അവിടെ കൃഷി ചെയ്യാൻ തയ്യാറാകണം. നമ്മളെല്ലാവരും കൃഷിക്കാരാവണം. ഭക്ഷണം കഴിക്കുന്ന ആരാണെങ്കിലും അവർ കൃഷി ചെയ്യാൻ തയ്യാറാകണമെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നിർദ്ദേശം. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയുടെ വീട്ടിൽ കൃഷി ചെയ്യുന്നുണ്ടെന്ന് എനിക്കറിയാം. ആർക്കും കൃഷി ചെയ്യാം. പി. ജെ ജോസഫ് സാർ പ്രസിദ്ധനായ ഒരു കൃഷിക്കാരനാണ്. ഇവിടെ ഇരിക്കുന്ന പല ആളുകളും പ്രസിദ്ധരായ കൃഷിക്കാരാണ്. ശ്രീ. അനിൽ അക്കര ജൈവകൃഷിയുടെ

ചുമതലക്കാരനാണ്. എല്ലാവരും കൃഷിക്കാരാകണം, എല്ലാ സ്ഥലവും കൃഷിയിടമാക്കണം എന്ന മുദ്രാവാക്യം ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നമുക്ക് ഏറ്റുപിടിക്കണം. ഭക്ഷണം കഴിക്കുന്നുണ്ടെങ്കിൽ നമ്മൾ കൃഷി ചെയ്യണം. അതൊരു സംസ്കാരമാക്കി മാറ്റണം. ശ്രീ. കെ. കൃഷ്ണൻകുട്ടി അറിയപ്പെടുന്ന കൃഷിക്കാരനാണ്. കൃഷി വകുപ്പിന് ഇക്കാര്യത്തിൽ യാതൊരു സങ്കുചിത മനോഭാവവുമില്ല. ഓരോ മണ്ഡലത്തിലേയും എം.എൽ.എ.-മാർ മുൻകയ്യെടുത്ത് നടത്തുന്ന കൃഷിയുമായി ബന്ധപ്പെട്ട ഏത് പ്രോജക്ടുകൾക്കും ഈ ഗവൺമെന്റ് പരിമിതികൾക്കകത്തുനിന്ന് എന്തുചെയ്യാൻ കഴിയുമോ അത് ചെയ്യും. രാഷ്ട്രീയം നോക്കാതെ, ഏത് രീതിയിലും സഹായിക്കും അതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. പൂച്ച കറുത്തതാണോ വെളുത്തതാണോ എന്നത് പ്രശ്നമല്ല, അത് എലിയെ പിടിക്കുമോ എന്നുമാത്രമേ നോക്കുന്നുള്ളൂ.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, എല്ലാ ആളുകളും കൃഷിയിലേയ്ക്ക് പോകണമെന്ന് പറയുമ്പോൾ കൃഷികൊണ്ട് മാത്രം ഉപജീവനം നടത്തുന്ന ഒരു വലിയ വിഭാഗം ആളുകളുണ്ട്. അവർക്ക് കൃഷി ഒരിക്കലും ലാഭകരമല്ല. അങ്ങ് നേരത്തെ പറഞ്ഞു കൃഷിയുമായി ബന്ധപ്പെട്ട വിദ്യാഭ്യാസം നൽകുന്നുവെന്ന്, ഇവിടെ തെങ്ങ് കയറാൻ ആളെ കിട്ടുന്നില്ല. ഒരു തെങ്ങ് കയറാൻ 35 രൂപ കൊടുക്കേണ്ട സാഹചര്യമാണുള്ളത്. ആ രംഗത്ത് ആളില്ലാത്തതുകൊണ്ട് പിടിച്ചുപറിയാണ് നടക്കുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഇവിടെ 64 അഗ്രോ സർവ്വീസ് സെന്ററുകളും 200 തൊഴിൽ സേനകളും രൂപീകരിച്ചിട്ടുണ്ട്. അഗ്രോ സർവ്വീസ് സെന്റർ ഉൾപ്പെടെ എല്ലാത്തിനേയും ഏകോപിപ്പിച്ച് സംസ്ഥാനതലത്തിൽ അഗ്രോ സർവ്വീസ് സെന്ററിനെ അടിസ്ഥാനപ്പെടുത്തികൊണ്ടുള്ള തൊഴിൽ സേന രൂപീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. തെങ്ങിന്റെ തടമെടുക്കൽ മുതൽ കൊയ്ത്തുമെതിയന്ത്രം വരെ ഉപയോഗിക്കാൻ കഴിയുന്ന ടെക്നോളജി അറിയുന്ന, ഏറ്റവും ചുരുങ്ങിയത് 25 തൊഴിലാളികളടങ്ങുന്ന ഒരു സംഘമാണ് ഉണ്ടാക്കാൻ പോകുന്നത്. ആ സംഘം ഇന്ന് കൃഷിക്കാർക്കുണ്ടാകുന്ന ചെലവിനെ പകുതിയാക്കി കുറയ്ക്കുന്നവിധത്തിൽ ആവശ്യമായ സഹായം കൊടുത്തുകൊണ്ട് കൃഷിക്കാരുടെ ഉല്പാദനച്ചെലവ് കുറയ്ക്കാൻവേണ്ടിയുള്ള നടപടിയാണ് ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നത്. അങ്ങനെവന്നാൽ കൃഷി ലാഭകരമായി മുന്നോട്ടുകൊണ്ടു പോകാൻ കഴിയും.

ശ്രീ. കെ. വി. വിജയദാസ്: സർ, നെല്ലിന്റെ വില വർദ്ധിപ്പിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നെല്ലിന്റെ വില വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അത് ഗവൺമെന്റിനോട് ആലോചിച്ച് ചെയ്യുന്നതായിരിക്കും. 152 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് നേരത്തെ ഇവിടെ സൂചിപ്പിച്ചത് 200 ആയി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 30 കേര ഗ്രാമങ്ങളാണ് നിലവിലുള്ളത്. 20 കേര ഗ്രാമങ്ങൾ കൂടി തുടങ്ങാൻ ആലോചിക്കുകയാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ നല്ലമുറ കൃഷി വ്യാപകമാക്കുന്നതിനുള്ള തീരുമാനമാണ് എടുത്തിട്ടുള്ളത്. കേരളത്തെ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റാനുള്ള ഘട്ടംഘട്ടമായ നടപടികളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. ഓരോ മണ്ഡലത്തിലും പ്രത്യേകം പ്രത്യേകം പരിപാടികൾ ആവിഷ്കരിക്കുന്നുണ്ട്. തരിശ് നിലങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ കൃഷി ആരംഭിക്കുന്നതിനും അതുപോലെ തരിശുകിടക്കുന്ന പാഡി മാത്രമല്ല, മറ്റ് മേഖലകളിൽ കൂടി കൃഷി ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ഇതിനുപുറമെ ജൈവകൃഷിയുടെ ക്വാണ്ടിറ്റിയും ക്വാളിറ്റിയും ഡൈവേഴ്സിറ്റിയും ലക്ഷ്യം വച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിത്ത് ബാങ്ക് സംസ്ഥാനത്ത് ആരംഭിക്കുന്നതാണ്. ഡൈവേഴ്സിറ്റിയുടെ ഭാഗമായി കേരളത്തിന്റെ തനതായ നെൽവിത്തുകളടക്കമുള്ള പരമ്പരാഗത വിത്തുകളെ സംരക്ഷിക്കാൻ അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിത്ത് ബാങ്ക് കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുകൊണ്ട് തൃശ്ശൂരിലെ മണ്ണുത്തിയിലുള്ള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വിത്ത് ബാങ്ക് ഗവേഷണ കാര്യത്തിനുവേണ്ടി മാത്രമല്ല, മറിച്ച് ആ വിത്തുബാങ്കിൽ സംസ്ഥാനത്ത് തനതായിട്ടുള്ള എല്ലാ വിത്തുകളും കൃഷിക്കാരന്റെ കയ്യിലും മണ്ണിലും വളരാൻ ആവശ്യമായ രീതിയിൽ വ്യാപിപ്പിക്കാൻ കൂടി ഉദ്ദേശിച്ചുകൊണ്ടുള്ള വിത്ത് ബാങ്കാണ് സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ഓയിൽപാമുമായി ബന്ധപ്പെട്ട് ഒരു ഫാക്ടറി ആരംഭിക്കണമെന്ന് നിർദ്ദേശമുണ്ടായിരുന്നു. അത് അടുത്തവർഷം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും. കൃഷിയുടെ കാര്യത്തിൽ നമ്മളെല്ലാവരും ഒരുമിച്ച് നിന്നാൽ മാത്രമേ കാർഷികമേഖലയ്ക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. കേന്ദ്രഗവൺമെന്റ് നയത്തിനെതിരായി, ആർ.സി.ഇ.പി. കരാറടക്കമുള്ള കരാറുകൾക്കെതിരായി, കേരളത്തിലെ ഗവൺമെന്റും പ്രതിപക്ഷവും ജനങ്ങളും ഒറ്റക്കെട്ടായി നിന്നുകൊണ്ട് അതിനെ എതിർക്കാനാവശ്യമായ തീരുമാനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## XII അറിയിപ്പ്

സമയക്ലിപ്തത പാലിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: മഴയുടെ അമ്മയ്ക്ക് എന്നും കുറ്റമാണ് എന്ന് മലയാളത്തിൽ ഒരു പഴഞ്ചൊല്ലുണ്ട്. മഴ പെയ്താലും പെയ്തില്ലെങ്കിലും കുറ്റമാണ്. സ്പീക്കർ സഭ നിയന്ത്രിച്ചാലും നിയന്ത്രിച്ചില്ലെങ്കിലും പരാതിയാണ്. സഭയുടെ പുറത്തുനിന്നും ആരും വന്ന് സഭാനടപടികൾ നീട്ടിക്കൊണ്ടുപോകുന്നില്ല. നമ്മൾ മാത്രമേ ഇവിടെയുള്ളൂ. നമ്മൾ സ്വയം അച്ചടക്കം പാലിക്കാത്തതുകൊണ്ട് സംഭവിച്ചതാണ്. ഞാനൊരു കാര്യം വീണ്ടും ഓർമ്മപ്പെടുത്തുകയാണ്. കക്ഷിനേതാക്കളുടെ യോഗത്തിൽ എടുത്തിട്ടുള്ള തീരുമാനം 9.30 മുതൽ 10 മണിയോടുകൂടി അടിയന്തര പ്രമേയത്തിന്റെ ഘട്ടം അര മണിക്കൂറുകൊണ്ട് അവസാനിക്കണം. ബാക്കിയുള്ള ഒരു മണിക്കൂർ കൊണ്ട് ശ്രദ്ധ ക്ഷണിക്കലും സബ്മിഷനുകളും അവസാനിക്കണം. അങ്ങനെ 11 മണിയോടുകൂടി ചർച്ച ആരംഭിച്ചാൽ നമുക്ക് നിശ്ചിത സമയത്ത് സഭാനടപടികൾ അവസാനിപ്പിക്കാൻ സാധിക്കും. പക്ഷേ അത് നടപ്പാക്കുന്നതിൽ സഭാംഗങ്ങൾ എന്ത് അച്ചടക്കമാണ് പാലിക്കുന്നതെന്ന് സ്വയം ആലോചിക്കുന്നത് നല്ലതാണ്. അതുകൊണ്ട് അതിനുള്ള പരിശ്രമം വീണ്ടും ചെയറിന്റെ ഭാഗത്തുനിന്നും നാളെ മുതൽ ഉണ്ടാകും. ബഹുമാനപ്പെട്ട മന്ത്രിമാരും ഈ നിലപാട് മനസ്സിലാക്കി സമയം ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സർവ്വശ്രീ എ. പി. അനിൽകുമാർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. മുരളീധരൻ, കെ. സി. ജോസഫ്, പി. സി. ജോർജ്, മോൻസ് ജോസഫ്, കെ.എം. ഷാജി, പാറക്കൽ അബ്ദുല്ല, ടി. വി. ഇബ്രാഹിം, അബ്ദുൽ ഹമീദ്. പി., പി. ഉബൈദുള്ള, എൻ. ഷംസുദ്ദീൻ, എൻ.എ. നെല്ലിക്കുന്ന്, എം. ഉമ്മർ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ.കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. പി. വി. അൻവർ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു

22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എ. പ്രദീപ്കുമാർ
38. ശ്രീ. കെ. ഡി. പ്രസേനൻ
39. ശ്രീമതി യു. പ്രതിഭ ഹരി
40. ശ്രീ. പുരുഷൻ കടലുണ്ടി
41. ശ്രീ. പി. ടി. എ. റഹീം
42. ശ്രീ. എം. രാജഗോപാലൻ
43. ശ്രീ. കെ. രാജൻ
44. ശ്രീ. എസ്. രാജേന്ദ്രൻ

45. ശ്രീ. ആർ. രാജേഷ്
46. ശ്രീ. റ്റി. വി. രാജേഷ്
47. ശ്രീ. കെ. രാജു
48. ശ്രീ. രാജു എബ്രഹാം
49. ശ്രീ. ആർ. രാമചന്ദ്രൻ
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. എസ്. ശർമ്മ
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. സി. കെ. ശശീന്ദ്രൻ
58. ശ്രീ. പി. കെ. ശശി
59. ശ്രീ. ഐ. ബി. സതീഷ്
60. ശ്രീ. ബി. സത്യൻ
61. ശ്രീ. എ. എൻ. ഷംസീർ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. ജി. സുധാകരൻ
64. ശ്രീ. വി. ആർ. സുനിൽ കുമാർ
65. ശ്രീ. വി. എസ്. സുനിൽ കുമാർ
66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. പി. തിലോത്തമൻ

69. ശ്രീ. തോമസ് ചാണ്ടി
70. ശ്രീ. പി. ഉണ്ണി
71. ശ്രീമതി വീണാ ജോർജ്ജ്
72. ശ്രീ. കെ. വി. വിജയദാസ്
73. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്.പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം

18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. പി. ജെ. ജോസഫ്
21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മോൻസ് ജോസഫ്
23. ഡോ. എം. കെ. മുനീർ
24. ശ്രീ. കെ. മുരളീധരൻ
25. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
26. ശ്രീ. ഉമ്മൻ ചാണ്ടി
27. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
28. ശ്രീ. രമേശ് ചെന്നിത്തല
29. ശ്രീ. റോജി എം. ജോൺ
30. ശ്രീ. കെ. എസ്. ശബരീനാഥൻ
31. ശ്രീ. വി. പി. സജീന്ദ്രൻ
32. ശ്രീ. എൻ. ഷംസുദ്ദീൻ
33. ശ്രീ. വി. ഡി. സതീശൻ
34. ശ്രീ. സണ്ണി ജോസഫ്
35. ശ്രീ. വി. എസ്. ശിവകുമാർ
36. ശ്രീ. പി. ടി. തോമസ്
37. ശ്രീ. പി. ഉബൈദുള്ള
38. ശ്രീ. എം. ഉമ്മർ
39. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ - ഇല്ല.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 39

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ അനിൽ അക്കര, കെ. എം. ഷാജി, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, അബ്ദുൽ ഹമീദ്. പി., ടി. വി. ഇബ്രാഹിം, പാറക്കൽ അബ്ദുല്ല, വി. പി. സജീന്ദ്രൻ, എൽദോസ് കുന്നപ്പിള്ളി, അനൂപ് ജേക്കബ്, എം. ഉമ്മർ, മോൻസ് ജോസഫ്, പി. സി. ജോർജ്, ഐ. സി. ബാലകൃഷ്ണൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. ആന്റണി ജോൺ
6. പ്രൊഫ. കെ. യു. അരുണൻ

7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ശ്രീ. ജോർജ് എം. തോമസ്
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കെ. കൃഷ്ണൻ
29. ശ്രീ. കെ. കൃഷ്ണൻകുട്ടി

30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എ. പ്രദീപ്കുമാർ
38. ശ്രീ. കെ. ഡി. പ്രസേനൻ
39. ശ്രീമതി യു. പ്രതിഭ ഹരി
40. ശ്രീ. പുരുഷൻ കടലുണ്ടി
41. ശ്രീ. പി. ടി. എ. റഹീം
42. ശ്രീ. എം. രാജഗോപാലൻ
43. ശ്രീ. കെ. രാജൻ
44. ശ്രീ. എസ്. രാജേന്ദ്രൻ
45. ശ്രീ. ആർ. രാജേഷ്
46. ശ്രീ. റ്റി. വി. രാജേഷ്
47. ശ്രീ. കെ. രാജു
48. ശ്രീ. രാജു എബ്രഹാം
49. ശ്രീ. ആർ. രാമചന്ദ്രൻ
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. എസ്. ശർമ്മ

56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. സി. കെ. ശശീന്ദ്രൻ
58. ശ്രീ. ഐ. ബി. സതീഷ്
59. ശ്രീ. ബി. സത്യൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. എ. എൻ. ഷംസീർ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. ജി. സുധാകരൻ
64. ശ്രീ. വി. ആർ. സുനിൽ കു മാർ
65. ശ്രീ. വി. എസ്. സുനിൽ കുമാർ
66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. പി. തിലോത്തമൻ
69. ശ്രീ. തോമസ് ചാണ്ടി
70. ശ്രീ. പി. ഉണ്ണി
71. ശ്രീമതി വീണാ ജോർജ്ജ്
72. ശ്രീ. കെ. വി. വിജയദാസ്
73. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്.പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനിൽ അക്കര

9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ശ്രീ. എൽദോസ് കുന്നപ്പിള്ളി
17. ശ്രീ. ഹൈബി ഈഡൻ
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. പി. ജെ. ജോസഫ്
21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മോൻസ് ജോസഫ്
23. ഡോ. എം. കെ. മുനീർ
24. ശ്രീ. കെ. മുരളീധരൻ
25. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
26. ശ്രീ. ഉമ്മൻ ചാണ്ടി
27. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
28. ശ്രീ. രമേശ് ചെന്നിത്തല
29. ശ്രീ. റോജി. എം. ജോൺ
30. ശ്രീ. എൻ. ഷംസുദ്ദീൻ
31. ശ്രീ. വി. ഡി. സതീശൻ
32. ശ്രീ. കെ. എസ്. ശബരീനാഥൻ
33. ശ്രീ. വി. പി. സജീന്ദ്രൻ
34. ശ്രീ. സണ്ണി ജോസഫ്
35. ശ്രീ. വി. എസ്. ശിവകുമാർ

36. ശ്രീ. പി. ടി. തോമസ്

37. ശ്രീ. പി. ഉബൈദുള്ള

38. ശ്രീ. എം. ഉമ്മർ

39. ശ്രീ. എം. വിൻസെന്റ്

നിക്ഷ്പക്ഷത പാലിക്കുന്നവർ - ഇല്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 39

നിക്ഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ മോൻസ് ജോസഫ്, എം. വിൻസെന്റ്, അബ്ദുൽ ഹമീദ് പി., പി. ഉബൈദുള്ള, എൻ. ഷംസുദ്ദീൻ, പി. ടി. തോമസ്, എൻ. എ. നെല്ലിക്കുന്ന്, എം. ഉമ്മർ, അൻവർ സാദത്ത്, ടി. വി. ഇബ്രാഹിം, പാറക്കൽ അബ്ദുല്ല, കെ. എം. ഷാജി, വി. ഡി. സതീശൻ, പി. സി. ജോർജ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. ആന്റണി ജോൺ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ശ്രീ. ജോർജ് എം. തോമസ്
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു

26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കെ. കൃഷ്ണൻ
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എ. പ്രദീപ്കുമാർ
38. ശ്രീ. കെ. ഡി. പ്രസേനൻ
39. ശ്രീമതി യു. പ്രതിഭ ഹരി
40. ശ്രീ. പുരുഷൻ കടലുണ്ടി
41. ശ്രീ. പി. ടി. എ. റഹീം
42. ശ്രീ. എം. രാജഗോപാലൻ
43. ശ്രീ. കെ. രാജൻ
44. ശ്രീ. എസ്. രാജേന്ദ്രൻ
45. ശ്രീ. ആർ. രാജേഷ്
46. ശ്രീ. റ്റി. വി. രാജേഷ്
47. ശ്രീ. കെ. രാജു
48. ശ്രീ. രാജു എബ്രഹാം
49. ശ്രീ. ആർ. രാമചന്ദ്രൻ
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ

54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. എസ്. ശർമ്മ
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. സി. കെ. ശശീന്ദ്രൻ
58. ശ്രീ. ഐ. ബി. സതീഷ്
59. ശ്രീ. ബി. സത്യൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. എ. എൻ. ഷംസീർ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. ജി. സുധാകരൻ
64. ശ്രീ. വി. ആർ. സുനിൽ കുമാർ
65. ശ്രീ. വി. എസ്. സുനിൽ കുമാർ
66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. പി. തിലോത്തമൻ
69. ശ്രീ. തോമസ് ചാണ്ടി
70. ശ്രീ. പി. ഉണ്ണി
71. ശ്രീമതി വീണാ ജോർജ്ജ്
72. ശ്രീ. കെ. വി. വിജയദാസ്
73. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്.പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. എ. പി. അനിൽ കുമാർ

8. ശ്രീ. അനിൽ അക്കര
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ശ്രീ. എൽദോസ് കുന്നപ്പിള്ളി
17. ശ്രീ. ഹൈബി ഈഡൻ
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. പി. ജെ. ജോസഫ്
21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മോൻസ് ജോസഫ്
23. ഡോ. എം. കെ. മുനീർ
24. ശ്രീ. കെ. മുരളീധരൻ
25. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
26. ശ്രീ. ഉമ്മൻ ചാണ്ടി
27. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
28. ശ്രീ. രമേശ് ചെന്നിത്തല
29. ശ്രീ. റോജി. എം. ജോൺ
30. ശ്രീ. എൻ. ഷംസുദ്ദീൻ
31. ശ്രീ. വി. ഡി. സതീശൻ
32. ശ്രീ. കെ. എസ്. ശബരീനാഥൻ
33. ശ്രീ. വി. പി. സജീന്ദ്രൻ
34. ശ്രീ. സണ്ണി ജോസഫ്
35. ശ്രീ. വി. എസ്. ശിവകുമാർ

36. ശ്രീ. പി. ടി. തോമസ്

37. ശ്രീ. പി. ഉബൈദുള്ള

38. ശ്രീ. എം. ഉമ്മർ

39. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ - ഇല്ല.

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 39

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഒക്ടോബർ മാസം 20-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.28-ന് പിരിഞ്ഞു.)